
# ലെനിൻ



# സംസ്കാരവും സാംസ്കാരിക വിപ്ലവവും

032,6
K7

layalam

**amskaravum**

**.amskarikaviplavavum"**

**(n Culture and Cultural Revolution)**

**enin**

Translated by:

**P. Narayanan Nair**

1967 October

Copies: 1000

Price: Rs. 5-50

Published by:

Prabhatham Printing & Publishing Co.

(P) Ltd. Trivandrum

Printed at:

Prabhath Press Calicut-I

Cover by:

Gopal

MUL

345352

# സംസ്കാരവും സാംസ്കാരികവിപ്ലവവും

ലെനിൻ

# സംസ്കാരവും സാംസ്കാരികവിപ്ളവവും

## ലെനിൻ

പരിഭാഷ:

**പി. നാരായണൻനായർ**

പ്രസാധകർ:

**പ്രഭാത് ബുക്ക് ഹൌസ്**

H. O. തിരുവനന്തപുരം

ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ.

വില: 5—50

UNIVERSITY LIBRARY
MAD 2003
345352

## പ്രസാധകക്കുറിപ്പ്

മോസ്കോവിലെ പ്രോഗ്രസ്സ് പബ്ലിഷേഴ്സ് 40 വാല്യങ്ങളിലായി തയ്യാറാക്കിയ ലെനിൻെറ കളക്ടഡ് വക്ക്സിൻെറ ഇംഗ്ലീഷ് പതിപ്പിൽനിന്നാണ് ഇതിലെ തർജ്ജമകൾ എടുത്തിട്ടുള്ളതു്. അങ്ങനെയല്ലാത്തവ അവിടവിടെ പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്.

# വിഷയവിവരം

—'ഞങ്ങൾ തള്ളിപ്പറയുന്ന പൈതൃകത്തിൽ'നിന്നു് 9

—വേക്കിയെപ്പററി 18

—'ഒരു പ്രചരണസാഹിത്യകാരൻെറ കറിപ്പുകളിൽ'നിന്നു—
1. ഓഡ്സോവിസത്തിൻെറ അനുയായികളുടേയും സംരക്ഷകന്മാരുടേയും നയപരിപാടി 29

—'മറെറാരു ജനാധിപത്യവിരുദ്ധപ്രചാരണത്തിൽ'നിന്നു 37

—മാർക്സിസത്തിൻെറ മൂന്നുറവിടങ്ങളും മൂന്നു ഘടകങ്ങളും. 43

—'ദേശീയപ്രശ്നത്തെക്കുറിച്ചുള്ള വിമർശനപരമായ പരാമർശനങ്ങളിൽ'നിന്നു്. 54

—ഗ്രേററ് റഷ്യൻ ദേശീയാഭിമാനത്തെപ്പററി. 57

—1918 മാർച്ച് 8–ാംനു നടന്ന ആർ. സി. പി. (ബി) യുടെ ഏഴാം കോൺഗ്രസ്സിൽ സമർപ്പിച്ചതും പരിപാടിയെക്കുറിച്ചും പാർട്ടിയുടെ പേരുമാററത്തെക്കുറിച്ചുമുള്ള പുനരവലോകനറിപ്പോർട്ടിൽനിന്നു്. 65

—'സോവിയററ്ഗവമ്മെണ്ടിൻെറ അടിയന്തര കടമകൾ' എന്ന ലേഖനത്തിൻെറ ആദ്യരൂപത്തിൽനിന്നു്. അധ്യായം 5. 68

—1918 നവമ്പർ 27-ാംനു-ക്രൂടിയ മോസ്കോ പാർട്ടിപ്രവർത്തകരുടെ യോഗത്തിൽ പെററിബൂർഷ്വാജനാധിപത്യവാദികളോടുള്ള തൊഴിലാളിവർഗ്ഗത്തിൻെറ നിലപാടിനെക്കുറിച്ചു് സമർപ്പിച്ച റിപ്പോർട്ടിൽനിന്നു്. 71

—പെട്രോഗ്രാഡ് സോവിയററുയോഗത്തിൽ പീപ്പിൾസ് കമ്മീസ്സാറുകളുടെ കൌൺസിൽ ആഭ്യന്തര വിദേശനയങ്ങളെപ്പററി സമർപ്പിച്ച റിപ്പോർട്ടിൽനിന്നു—1919 മാർച്ച് 12ലെ സംക്ഷിപ്ത പത്രറിപ്പോർട്ടു്. 71

—സോവിയററുഗവർമ്മെണ്ടിൻെറ നേട്ടങ്ങളും വിഷമങ്ങളുമെന്ന ലേഖനത്തിൽനിന്നു്. 81

—1919 മാർച്ച് 19-ാംനു ആർ. സി. പി. (ബി) യുടെ എട്ടാം കോൺഗ്രസ്സിൽ പാർട്ടി പരിപാടിയെക്കുറിച്ചു് സമർപ്പിച്ച റിപ്പോർട്ടിൽനിന്നു്. 92

—1919 മെയ് 6-ാംനു വയോജനവിദ്യാഭ്യാസത്തെപ്പററി നടത്തിയ ഒന്നാം അഖില റഷ്യൻ കോൺഗ്രസ്സിൽചെയ്ത അഭിവാദനപ്രസംഗം. 100

—വലുതായൊരു തുടക്കം—പിന്നണിയിലുള്ള കമ്മ്യൂണിസ്റ്റു് സുബോട്ട്നിക്കുകളിലെ തൊഴിലാളികളുടെ വീരകൃത്യങ്ങൾ. 106

—ഗുബർണിയ വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിലെ വയോജനവിദ്യാഭ്യാസവകുപ്പ ഡയരക്ടർമാരുടെ 3-ാം അഖില റഷ്യൻ സമ്മേളനത്തിൽചെയ്ത 1925 ഫെബ്രുവരി 25ലെ പ്രസംഗത്തിൽനിന്നു്. 148

—ജലഗതാഗതതൊഴിലാളികളുടെ 3-ാം അഖിലറഷ്യൻ കോൺഗ്രസ്സിൽചെയ്ത 1920 മാർച്ച് 15ലെ പ്രസംഗത്തിൽ നിന്നും. 158

—യൂത്ത് ലീഗുകളുടെ കടമകൾ—റഷ്യൻ യങ്ങ് കമ്മ്യൂണിസ്റ്റു ലീഗുകളുടെ മൂന്നാം അഖില റഷ്യൻ കോൺഗ്രസ്സിൽ 1920 ഒക്ടോബർ 2-ാംനു ചെയ്ത പ്രസംഗം. 155

—തൊഴിലാളിവർഗ്ഗ സംസ്കാരത്തെപ്പററി കരടുപ്രമേയം. 184

—തൊഴിലാളിവർഗ്ഗ സംസ്കാരത്തെക്കുറിച്ചുള്ള കരടുപ്രമേയത്തിൻെറ ആദ്യരൂപം. 187

—ഗുബർണിയ്-യൂയസ്ഡ് വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടുകളിലെ രാഷ്ട്രീയവിദ്യാഭ്യാസപ്രവർത്തകരുടെ അഖില റഷ്യൻ സമ്മേളനങ്ങളിലൊന്നിൽ 1920 നവമ്പർ 3-ാംനു ചെയ്ത പ്രസംഗം. 189

—ഒക്ടോബർ വിപ്ലവത്തിൻെറ 4-ാം വാർഷികം. 206

—"പുതിയ സാമ്പത്തിക നയവും രാഷ്ട്രീയവിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടുകളുടെ കടമകളു"മെന്നതിൽനിന്നു്—രാഷ്ട്രീയവിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടുകളുടെ 2-ാം അഖില റഷ്യൻ കോൺഗ്രസ്സിന്നു സമർപ്പിച്ച 1921 ഒക്ടോബർ 17ലെ റിപ്പോർട്ട്. 222

—രാഷ്ട്രീയവിദ്യാഭ്യാസപ്രവർത്തകരുടെ രണ്ടാം അഖില റഷ്യൻ കോൺഗ്രസ്സിൽ സമർപ്പിക്കുന്ന റിപ്പോർട്ടിന്നുള്ള കുറിപ്പുകൾ—പുതിയ സാമ്പത്തികനയവും രാഷ്ട്രീയവിദ്യാഭ്യാസപ്രവർത്തകരുടെ കടമകളും. 225

—ഉശീരൻ ഭൌതികവാദത്തിന്റെ പ്രാധാന്യത്തെപ്പററി. 229

—എൻ. ഐ. ബുഖാറിന്നു്—1922 സപ്തംബർ 27. 247

—ഡയറിയിലെ ചില പേജുകൾ 248

—സഹകരണത്തെപ്പററി. 258

—നമ്മുടെ വിപ്ലവം (എൻ. സുഖാനോവിന്റെ കുറിപ്പുകളെ കുറിച്ചു്) 268

—"കൂടുതൽ നല്ലതു് കുറച്ചു്; എങ്കിലും കൂടുതൽ നല്ലതു്" എന്നതിൽനിന്നു്. 271

## അനുബന്ധം

—എൻ. കെ. ക്രുപ്സ്കായ—ഇല്ലിച്ചിന്റെ ഇഷ്ടപ്പെട്ട പുസ്തകങ്ങൾ. 276

—ക്ലാരസെട്കിൻ—ലെനിനെക്കുറിച്ച എന്റെ സ്മരണകൾ (ഉദ്ധൃതഭാഗം) 287

—എൻ. വി. ലൂനാച്ചാർസ്കി—ലെനിനും കലകളും. 300

—കുറിപ്പുകൾ. 329

---

## "ഞങ്ങൾ തള്ളിപ്പറയുന്ന പൈതൃക" ത്തിൽ നിന്നു്

സാമൂഹ്യവികാസത്തിന്റെ ഇന്നത്തെ ഗതിയിൽ പ്രബോധവാദികൾ (എൻലൈററ്നർ) വിശ്വാസമർപ്പിക്കുന്നു; കാരണം അതിൽ അന്തർല്ലീനമായ വൈരുദ്ധ്യങ്ങളെ അവർക്കു കാണാൻ കഴിയുന്നില്ല. നരോഡ്നിക്കുകൾ1 സാമൂഹ്യവികാസത്തിന്റെ ഇന്നത്തെ ഗതിയെ ഭയപ്പെടുന്നു; കാരണം ഈ വൈരുദ്ധ്യങ്ങൾ അവർ അറിഞ്ഞുകഴിഞ്ഞിരിക്കുന്നു. സാമൂഹ്യവികാസത്തിന്റെ ഇന്നത്തെ ഗതിയിൽ "ശിഷ്യന്മാർ"2 വിശ്വാസമർപ്പിക്കുന്നു; എന്തുകൊണ്ടെന്നാൽ കൂടുതൽ നല്ലൊരു ഭാവിയ്ക്കുള്ള ഒരേ ഒരു ഉറപ്പ് അവർ കാണുന്നതു് ഈ വൈരുധ്യങ്ങളുടെ പൂർണ്ണവളർച്ചയിലാണ്. അതുകൊണ്ടു ആദ്യത്തെയും ഒടുക്കത്തെയും കൂട്ടർ സാമൂഹ്യവികാസത്തിന്റെ ഇന്നത്തെ ഗതിയെ സഹായിക്കുകയും ത്വരിതപ്പെടുത്തുകയും സുഗമമാക്കുകയും ചെയ്യുന്നതിനുവേണ്ടി ആ ഗതിയെ പ്രതിരുധിക്കുകയും തടഞ്ഞുനിർത്തുകയും ചെയ്യുന്ന എല്ലാ പ്രതിബന്ധങ്ങളെയും തട്ടിനീക്കുന്നതിനുവേണ്ടി പ്രയത്നിക്കുന്നു. നേരെമറിച്ചു നരോഡിസമാകട്ടെ, ഈ വികാസഗതിയെ തടയാൻ പ്രവർത്തിയ്ക്കുന്നു, മുതലാളിത്തത്തിന്റെ വികസനമാർഗ്ഗത്തിലുള്ള ചില തടസ്സങ്ങളെ നീക്കുവാൻ അതിന്നു ഭയമാണ്. ആദ്യത്തെയും ഒടുക്കത്തെയും ചിന്താപ്രവണതകൾ ചരിത്രപരമായ

പ്രസാദാത്മകത്വമെന്നു വിളിക്കപ്പെടുന്ന മനോഭാവംകൊണ്ടു് മുദ്രിതങ്ങളാണു്: സംഭവങ്ങളുടെ ഇന്നത്തെ സ്ഥിതി എത്രയും വേഗം മുന്നോട്ടു കുതിക്കുന്നുവോ അത്രയും നല്ലതാണു്. നേരെ മറിച്ചു നരോഡിസമാകട്ടെ സ്വാഭാവികമായി ചരിത്രപരമായ അശുഭപ്രതീക്ഷയിലേക്കാണു് ചായുന്നതു്: കാര്യങ്ങൾ ഇന്നത്തെപ്പോലെ മുന്നോട്ടുപോകുന്തോറും സ്ഥിതി വഷളാവുന്നു. "പ്രബോധവാദികൾ" പരിഷ്കരണപ്രസ്ഥാനത്തിനു ശേഷമുള്ള സാമൂഹ്യവികാസത്തിന്റെ സ്വഭാവത്തെക്കുറിച്ചു ചോദ്യങ്ങൾ ഉന്നയിക്കുകയുണ്ടായില്ല. അവർ ചെയ്തതു് പരിഷ്കരണപ്രസ്ഥാനത്തിനു മുമ്പുള്ള വ്യവസ്ഥിതിയുടെ അവശിഷ്ടങ്ങൾക്കെതിരായി സമരം ചെയ്യുകമാത്രമാണു്; റഷ്യയിൽ യൂറോപ്യൻ സമ്പ്രദായത്തിലുള്ള സാമൂഹ്യവികസനത്തിനു വഴിയൊരുക്കിക്കൊടുക്കുക എന്ന കടമ നിർവ്വഹിക്കുക മാത്രമാണു്. നരോഡിസം റഷ്യയിൽ മുതലാളിത്തം വളർന്നുവരുന്നതിന്റെ പ്രശ്നം ഉന്നയിക്കുകയും മുതലാളിത്തം പിന്തിരിപ്പനാണെന്നും അതിനാൽ പ്രബോധവാദികളുടെ പൈതൃകം മുഴുക്കെ സ്വീകരിക്കാൻ കഴിഞ്ഞില്ലെന്നും മറുപടി പറയുകയും ചെയ്തു. "ഏകസംസ്കാര"ത്തിന്റെ നിലപാടിൽ നിന്നുകൊണ്ടു റഷ്യയെ യൂറോപ്പീകരിക്കാൻ ശ്രമിക്കുന്നവർക്കെതിരായി നരോഡ്നിക്കുകൾ എല്ലായ്പോഴും സമരം ചെയ്തുകൊണ്ടിരുന്നു. അങ്ങനെ ശ്രമിക്കുന്നവരുടെ ആദർശങ്ങൾക്കെതിരായി മാത്രമുള്ള ഒരു സമരമായിരുന്നില്ല അതു്. (അത്തരമൊരു സമരം ന്യായീകരിക്കപ്പെട്ടതെന്നു) മുതലാളിത്തസംസ്കാരം അത്രയും വളർന്നു മുന്നേറുന്നതു് നരോഡ്നിക്കുകൾ ഇഷ്ടപ്പെട്ടില്ലെന്നതു കൂടിയാണു് അവരുടെ സമരത്തിനു കാരണം. റഷ്യയിൽ മുതലാളിത്തം വളരുകയെന്ന പ്രശ്നത്തിനു "ശിഷ്യന്മാ"രുടെ മറുപടി ആ മുതലാളിത്തം പുരോഗമനപരമാണെന്നാണു്.

അതുകൊണ്ടു "ശിഷ്യ"ന്മാർക്കു പ്രബോധവാദികളുടെ പൈതൃകത്തെ മുഴുവൻ അംഗീകരിക്കാൻ കഴിയും, അംഗീകരിക്കുകയും

വേണം; എന്നാൽ ആ പൈതൃകത്തിന്നൊരനുബന്ധമെന്നോണം അവർ നിർദ്ധനരായ ഉല്പാദകരുടെ നിലപാടിൽ നിന്നുകൊണ്ടു് മുതലാളിത്തത്തിന്റെ വൈരുദ്ധ്യങ്ങളെ അപഗ്രഥിയ്ക്കുകകൂടി ചെയ്യുന്നു. ജനങ്ങളിൽ ഏതെങ്കിലുമൊരു വർഗ്ഗം പ്രബോധവാദികളുടെ പ്രത്യേകശ്രദ്ധക്കു വിഷയമാകുന്നില്ല: ജനങ്ങളെ മാത്രമല്ല, രാജ്യത്തെപ്പോലും പൊതുവെ, ഒന്നിച്ചേ കാണുന്നുള്ളു അവർ. നരോഡ്നിക്കുകൾ തൊഴിലാളിതാല്പര്യങ്ങളുടെ പ്രാതിനിധ്യം ആഗ്രഹിക്കുന്നുണ്ടു്, പക്ഷേ അവർ ഇന്നത്തെ സാമ്പത്തികവ്യവസ്ഥയിലെ വ്യക്തിത്വമുള്ള നിർവ്വചിക്കപ്പെടാവുന്ന ഏതെങ്കിലുമൊരു വർഗ്ഗത്തെ പ്രത്യേകമായി കാണുന്നില്ല; മുതലാളിത്തം ചരക്കുല്പാദകരാക്കി മാററുന്ന ചെറുകിട ഉല്പാദകരുടെ നിലപാടാണു് അവരെന്നും അംഗീകരിക്കുന്നതു്. "ശിഷ്യ"ന്മാർ അദ്ധ്വാനിക്കുന്നവരുടെ താല്പര്യങ്ങളെ മാനദണ്ഡമായി സ്വീകരിക്കുക മാത്രമല്ല ചെയ്യുന്നതു്; മുതലാളിത്തവ്യവസ്ഥയിലെ ഒരു സവിശേഷവർഗ്ഗത്തിന്റെ, നിർദ്ധനരായ തൊഴിലാളികളുടെ നേരെ ശ്രദ്ധതിരിക്കുകയും ചെയ്യുന്നു. മുകളിൽ പറഞ്ഞ ആദ്യത്തെയും അവസാനത്തെയും ചിന്താസരണികൾ അവയുടെ ഉദ്ദേശലക്ഷ്യങ്ങളുടെ സ്വഭാവംകൊണ്ടു്. മുതലാളിത്തം സൃഷ്ടിക്കുകയും വളർത്തിക്കൊണ്ടുവരികയും ചെയ്യുന്ന വർഗ്ഗങ്ങളുടെ താല്പര്യങ്ങൾക്കനുസൃതങ്ങളാണു്; നരോഡ്നിസം, ഇന്നത്തെ മുതലാളിസമുദായത്തിലെ വർഗ്ഗങ്ങളിൽ ഇടനിലക്കാരായ ചെറുകിട ഉല്പാദകരുടെ, പെററിബൂർഷ്വാസിയുടെ താല്പര്യങ്ങൾക്കു അനുസൃതമാണു്. അതുകൊണ്ടു് "പൈതൃകപ്രശ്ന"ത്തോടുള്ള നരോഡ്നിസത്തിന്റെ പരസ്പരവിരുദ്ധമായ നിലപാടു് യാദൃച്ഛികമല്ല, അവരുടെ അഭിപ്രായങ്ങളുടെ സ്വഭാവത്തിന്റെ അവശ്യഫലമാണു്. പ്രബോധവാദികളുടെ അഭിപ്രായങ്ങളുടെ സവിശേഷസ്വഭാവങ്ങളിലൊന്നു റഷ്യയെ യൂറോപ്പീകരിയ്ക്കാനുള്ള അടങ്ങാത്ത അഭിവാഞ്ഛയാണെന്നു്

നാം കണ്ടുകഴിഞ്ഞു. എന്നാൽ നരോഡ്നിക്കുകൾക്കു് ഈ അഭിവൃദ്ധിയിൽ തികച്ചും പങ്കുചേരാൻ സാധ്യമല്ല. അങ്ങനെ പങ്കുചേർന്നാൽ അവർ നരോഡ്നിക്കുകളല്ലാതാകും.

മുകളിൽ പ്രത്യേകസന്ദർഭങ്ങളിൽ ആവർത്തിച്ചാവർത്തിച്ചു സൂചിപ്പിച്ചതുപോലെ നാം അവസാനമെത്തിച്ചേരുന്ന നിഗമനം ഇതാണു്: "ശിഷ്യ"ന്മാർ പൈതൃകത്തിന്റെ സംരക്ഷകരാണു്. നരോഡ്നിക്കുകളേക്കാൾ കൂടുതൽ സ്ഥിരതയും കൂറുമുള്ള സംരക്ഷകർ. അവർ ആ പൈതൃകത്തെ തീരെ നിരസിക്കുന്നില്ല നേരെമറിച്ചു്, പ്രബോധവാദികളുടെ യൂറോപ്യൻ ആദർശങ്ങളെ പല പ്രധാനകാര്യങ്ങളിലും തള്ളിക്കളയുന്നതിന്നു് നരോഡ്നിക്കുകളെ പ്രേരിപ്പിക്കുന്ന പെററിബൂർഷ്വാ ഭയങ്ങളെ ഖണ്ഡിക്കുകയെന്നതു് തങ്ങളുടെ സുപ്രധാന കടമകളിലൊന്നായി അവർ കണക്കാക്കുന്നു. എന്നാൽ രേഖകൾ സൂക്ഷിക്കുന്നവൻ ഒരു പഴയ രേഖ സൂക്ഷിക്കുന്നതുപോലെയല്ല "ശിഷ്യ"ന്മാർ ഈ "പൈതൃക"ത്തെ കാത്തുസംരക്ഷിക്കുന്നതു്. "പൈതൃക"ത്തിന്റെ സംരക്ഷണമെന്നാൽ അതിൽ മാത്രം ഒതുങ്ങിനില്ക്കലല്ല. യൂറോപ്പീകരണത്തിന്റെ സാമാന്യാദർശങ്ങളെ സംരക്ഷിക്കുന്നതോടൊപ്പം ശിഷ്യന്മാർ മുതലാളിത്തവളർച്ചയിൽ ലയിച്ചുകിടക്കുന്ന വൈരുദ്ധ്യങ്ങളെ അപഗ്രഥിക്കുകയും മുകളിൽ പറഞ്ഞ പ്രത്യേക നിലപാടിൽ നിന്നുകൊണ്ടു് ആ വളർച്ചയെ വിലമതിക്കുകയും ചെയ്യുന്നു.

| | |
|---|---|
| 1897 അവസാനത്തിൽ രാജ്യഭ്രഷ്ടനായിരുന്ന കാലത്തു് എഴുതിയതു്. 1898ൽ മിസ്സലിനിയിൽ ആദ്യമായി പ്രസിദ്ധപ്പെടുത്തി. ''വ്ളാഡിമീർ ലെനിൻ —സാമ്പത്തികപഠനങ്ങളും പ്രബന്ധങ്ങളും— സെൻറ് പീറേറഴ്സ് ബർഗ്.'' | കളക്റ്റഡ് വർക്ക്സ് വാള്യം 2. പേജ് 525, 27 |

# വേക്കിᵌയെപ്പററി

കുറഞ്ഞ കാലംകൊണ്ടു് ഒട്ടേറെ പതിപ്പുകൾ വേണ്ടി വന്നതും പിന്തിരിപ്പൻ പത്രങ്ങൾ കൂട്ടത്തോടെ കുരവയിട്ടെതി രേററതും കോൺസ്റ്റിട്യൂഷണൽ ഡെമോക്രാററിക്കു് എഴുത്തു കാരിൽ ഏററവും സ്വാധീനമുള്ളവരുടെ കൃതികളിൽനിന്നു് തിരഞ്ഞെടുത്തതുമായ വേക്കി എന്ന പ്രബന്ധസമാഹാരം കാല ത്തിന്റെ ശരിയായ മുദ്രയാണു്. വേക്കിയിലെ അത്യന്തം മനംമടുപ്പിക്കുന്ന പ്രത്യേകഭാഗങ്ങളെ തിരുത്തിയെഴുതാൻ എത്രതന്നെ കിണഞ്ഞു ശ്രമിച്ചാലും, കോൺസ്റ്റിട്യൂഷണൽ ഡെമോക്രാററിക്കു് കക്ഷിയുടെ നയത്തെ പൊതുവെ സ്വാധീനിക്കു ന്നതിന്നുള്ള തീരെ കഴിവുകേടിനാലോ ആ നയത്തിന്റെ ആന്തരാർത്ഥത്തെക്കുറിച്ചു ജനങ്ങളെ കബളിപ്പിക്കുവാൻ വേണ്ടിയോ ചില കാഡററുകൾ വേക്കിയെ എത്രതന്നെ നിരാകരിച്ചാലും അനിഷേധ്യമായ ഒരു പരമാർത്ഥം അവശേഷിക്കുന്നു: വേക്കി യാതൊരു തെററിദ്ധാരണക്കും ഇടകൊടുക്കാത്തവണ്ണം ആധുനിക കാഡററിസത്തിന്റെ സാരാംശത്തെ പ്രകടിപ്പിച്ചിരിയ്ക്കുന്നു. കാഡററുകളുടെ പാർട്ടി വേക്കിയുടെ പാർട്ടിയാണു്.

വേക്കിയുടെ പ്രസിദ്ധീകരണംകൊണ്ടു്, കാഡററുകളുടെ രാഷ്ട്രീയചിന്താഗതിയുടെ ആന്തസ്സത്തയെ, അവരുടെ തത്വശാസ്ത്ര വിദഗ്ദ്ധന്മാർ തന്നെ ഏററവും നന്നായി തുറന്നുകാട്ടിയിരിക്കുന്നു.

ആ നിലയിൽ ബഹുജനങ്ങളുടെ രാഷ്ട്രീയവും വർഗ്ഗപരവുമായ ബോധത്തിൻെറ വളർച്ചയെ മറെറന്തിലുമേറെ വിലമതിക്കുന്ന തൊഴിലാളിവർഗ്ഗജനാധിപത്യവാദികൾ വേക്കിയെ സ്വാഗതം ചെയ്യേണ്ടതാണ്. ബർദയേവ്, ബുൾഗാക്കോവ്, ഹെർഷൻസോൻ, കിസ്‌ത്യാക്കോവ്സ്കി, സ്ട്രൂവ്, ഫ്രാങ്ക്, ഇസ്ഗോയേവ് എന്നീ മാന്യന്മാരാണ് വേക്കിയുടെ കർത്താക്കന്മാർ. കുറമാറിയ ഈ സുപ്രസിദ്ധ ഡെപ്യൂട്ടികളുടെ—കാഡററുകളുടെ—പേരുകൾതന്നെ വേണ്ടത്ര വാചാലങ്ങളാണ്. ഒരു പ്രത്യേക സാമൂഹ്യചിന്താഗതിയുടെയാകെ താത്വികനേതാക്കന്മാരായാണ് വേക്കിയുടെ കർത്താക്കൾ പ്രത്യക്ഷപ്പെടുന്നതും സംസാരിക്കുന്നതും. തത്വശാസ്ത്രം, മതം, രാഷ്ട്രീയവിജ്ഞാനം, പ്രചരണസാഹിത്യം, വിമോചനപ്രസ്ഥാനത്തിൻേറയും റഷ്യൻ ജനാധിപത്യചരിത്രത്തിൻേറയും ഒട്ടാകെയുള്ള മൂല്യനിരൂപണം എന്നിവയടങ്ങിയ സംക്ഷിപ്തമെങ്കിലും പൂർണ്ണമായ വിജ്ഞാനകോശമാണ് ഇവർ പ്രദാനം ചെയ്യുന്നതു്. "റഷ്യൻ ബുദ്ധിജീവിവർഗ്ഗത്തെ സംബന്ധിക്കുന്ന ലേഖനങ്ങളുടെ സമാഹാരം" എന്ന ഉപശീർഷകം വേക്കിയ്ക്കു നൽകുന്നതിലൂടെ തൽക്കർത്താക്കന്മാർ വാസ്തവത്തിൽ തങ്ങളുടെ പ്രസിദ്ധീകരണത്തിലെ പ്രതിപാദ്യത്തിൻെറ പ്രാധാന്യത്തെ കുറച്ചുകാണിച്ചിരിക്കുന്നു; എന്തെന്നാൽ, റഷ്യൻ ജനാധിപത്യത്തിൻേറയും വിമോചനപ്രസ്ഥാനത്തിൻേറയും മുഴുവൻ ആത്മീയനേതാവും ഉത്തേജകനും വക്താവുമായിട്ടാണ് അവരുടെ "ബുദ്ധിജീവിവർഗ്ഗം" യഥാർത്ഥത്തിൽ പ്രത്യക്ഷപ്പെടുന്നതു്. റഷ്യൻ കാഡററിസവും ലിബറലിസവും (മിതവാദിത്വം), പൊതുവെപ്പറഞ്ഞാൽ, റഷ്യൻ വിമോചനപ്രസ്ഥാനത്തിൽനിന്നും അതിൻെറ മൗലികലക്ഷ്യങ്ങൾ, അടിസ്ഥാനപാരമ്പര്യങ്ങൾ എന്നിവയിൽനിന്നും തികച്ചും തെററിപ്പിരിഞ്ഞുകൊണ്ടിരിക്കുകയാണ്. തെററിപ്പിരിയുന്നതിൻെറ ആ വഴിയിലെ ഏററവും പ്രാധാന്യമുള്ള നാഴികക്കല്ലുകളിലൊന്നാണ് വേക്കി.

# I

ലിബറലിസ്റ്റ് ചേരിമാററത്തിൻേറതായ ഈ വിജ്ഞാന കോശത്തിലെ പ്രധാനവിഷയങ്ങൾ മൂന്നാണ്: 1) റഷ്യൻ ജനാധിപത്യത്തിൻേറ (ലോകജനാധിപത്യത്തിൻേറയും) സാർവ്വ ലൌകികവീക്ഷണഗതിയുടെ തത്വങ്ങൾക്കാകെ എതിരായിട്ടുള്ള സമരം 2) അടുത്ത കാലത്തെ വിമോചനപ്രസ്ഥാനത്തിൻേറ നിരാകരണവും ദൂഷണവും 3) ഒക്ടോബറിസ്റ്റ് ബൂർഷ്വാസിയോടും പഴയ ഭരണത്തോടും പഴയ റഷ്യയോടാകെയും പൊതുവി ലുള്ള "അടിമ"ഭാവത്തിൻേറയും (അതനുസരിച്ച അടിമനയത്തി ൻേറയും) പരസ്യമായ പ്രഖ്യാപനം.

വേക്കിയുടെ കർത്താക്കന്മാർ "ബുദ്ധിജീവി" കളുടെ പ്രത്യേക ലോകവീക്ഷണത്തിൻേറ താത്വികാടിസ്ഥാനം തൊട്ടുതുടങ്ങുന്നു. ഭൗതികവാദത്തിനോടുള്ള കടുത്ത ശത്രുത പുസ്തകത്തിലുടനീളം —ആഴത്തിലും പരപ്പിലും—വ്യാപിച്ചിരിക്കുന്നു. വെറും വരട്ടു തത്വവാദം, ആധിഭൗതികവാദം, തത്വശാസ്ത്രത്തിൻേറ ഏററവും പ്രാഥമികവും പ്രാകൃതവുമായ രൂപം (പേജ് 4- ഉദ്ധാര ണങ്ങൾ വേക്കയുടെ ആദ്യപതിപ്പിൽ നിന്നാണ്) എന്നെല്ലാ മാണ് ഭൗതികവാദത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. പോസി ററിവിസത്തെ അധിക്ഷേപിച്ചു തള്ളിയിരിക്കുന്നു: കാരണം, "ഞങ്ങൾക്കു"(അതായതു് വേക്കി സംഹരിച്ചുകളയുന്ന "ബുദ്ധിജീ വിവർഗ്ഗ' ത്തിന്നു്) പോസിററിവിസവും ആധിഭൗതികവാദവും ഒന്നാവുകയോ" അഥവാ പോസിററിവിസം "ഭൗതികവാദത്തി ൻേറ മാത്രം വീര്യം ഉൾക്കൊള്ളുമാറു വ്യാഖ്യാനിക്കപ്പെടുകയോ" ചെയ്തിരിക്കുന്നു. (പേജ് 15). എന്നാൽ ഒരു "മിസ്റ്റിക്കിന്നു്, ഒരു വിശ്വാസിക്കു് ശാസ്ത്രീയ പോസിററിവിസത്തേയും ശാസ്ത്ര ത്തേയും നിഷേധിക്കാനാവില്ല" (11 പേജ്) ചിരിക്കരുതു്!

"ആശയവാദപരവും മതപരവുമായ മിസ്റ്റിക്ക് ചിന്താഗതികളോടുള്ള ശത്രുത' എന്ന ആരോപണം ചുമത്തിക്കൊണ്ടാണ് വേക്കി "ബുദ്ധിജീവിവർഗ്ഗ"ത്തെ ആക്രമിക്കുന്നതു്. 'യുർക്കേവിച്ച്', എങ്ങനെ നോക്കിയാലും, ചെർണിഷേവ്സ്കിയെ ആക്ഷേപിച്ച്, ഒരു യഥാർത്ഥ തത്വശാസ്ത്രജ്ഞനാണ്'(പേജ് 4).

ഈ വീക്ഷണഗതിയുമായി വേക്കി "ബുദ്ധിജീവിവർഗ്ഗ"ത്തിന്റെ നിരീശ്വരതത്വത്തിന്നെതിരെ നിരന്തരം ആക്രോശിക്കുകയും മതപരമായ ലോകവീക്ഷണം പുനസ്ഥാപിക്കുന്നതിന്നു് സർവ്വശക്തിയോടെ കിണഞ്ഞു പരിശ്രമിക്കുകയും ചെയ്യുന്നു. അതു് വളരെ സ്വാഭാവികവുമാണ്. തത്വശാസ്ത്രജ്ഞനെന്ന നിലക്ക് ചെർണിഷേവ്സ്കിക്കുള്ള പദവി തകർത്തതിന്നുശേഷം വേക്കി പ്രചാരണ സാഹിത്യകാരൻ എന്ന നിലയിൽ ബലിൻസ്കിയെ തകർക്കുന്നുവെന്നതു് തികച്ചും സ്വാഭാവികമാണ്. ബലിൻസ്കി, ഡോബ്രോലൂബോവ്, ചെർണിഷേവ്സ്കി എന്നിവർ ബുദ്ധിജീവികളുടെ നേതാക്കന്മാരായിരുന്നു. (പേ: 134 56, 32, 17 തുടങ്ങിയവ) ഖദയേവ്, വ്ളാഡിമീർ, സോളോവ്യോ, ഡൊസ്റ്റോയേവ്സ്കി എന്നിവർ "ബുദ്ധിജീവികളെ ആയിരുന്നില്ല." ആദ്യത്തെ കൂട്ടർ വേക്കി ജീവൻ കളഞ്ഞും പോരാടിക്കൊണ്ടിരുന്ന ചിന്താഗതിയുടെ നേതാക്കന്മാരാണ്. രണ്ടാമത്തെ കൂട്ടരാവട്ടെ, വേക്കി എന്തിന്നുവേണ്ടി നിലക്കൊള്ളുന്നുവോ "അതേ കാര്യങ്ങളെത്തന്നെ പിന്താങ്ങി നിലനിത്തിപ്പോന്നു". എന്നിട്ടും "ബുദ്ധിജീവികൾ അവരെ ശ്രദ്ധിക്കാതെ കടന്നുപോയ"ന്നു് വേക്കിയെഴുതിയ മുഖവുരയിൽ പ്രഖ്യാപിച്ചിരിക്കുന്നു.

"ബുദ്ധിജീവിവർഗ്ഗ"ത്തിന്നെതിരായുള്ളതല്ല വേക്കിയുടെ സമരം എന്നു് വായനക്കാർക്കു് ഇത്രയുംകൊണ്ടു മനസ്സിലാക്കാൻ കഴിഞ്ഞിരിയ്ക്കണം. കൃത്രിമവും വഴിതെററിക്കുന്നതുമായ ഒരു പദപ്രയോഗം മാത്രമാണിതു്. എതിർപ്പ് ഉടനീളം ജനാധിപത്യ

ത്തിനോടും ജനാധിപത്യപരമായ ലോകവീക്ഷണഗതിയോടു മാണ്. "ഭരണഘടനാവാദികളും" "ജനാധിപത്യവാദി"കളുമെന്ന് സ്വയം പരസ്യപ്പെടുത്തുന്ന ഒരു പാർട്ടിയുടെ താത്വിക നേതാക്കൾക്കു് വസ്തുതകളെ ശരിയായ പേരുപറഞ്ഞു കൈകാര്യം ചെയ്യുന്നതിന്ന് അസൗകര്യമുള്ളതിനാൽ അവർ മോസ്കോവിസ്കീ യെവെദോമോസ്തീ യിൽനിന്ന് പദപ്രയോഗങ്ങളെ കടംവാങ്ങിയിരിക്കുകയാണ്. ഞങ്ങൾ നിരസിക്കുന്നതു് ജനാധിപത്യത്തെയല്ല (എന്തൊരപവാദപ്രസ്താവം!) "ബുദ്ധിജീവിസ്വഭാവ"ത്തെ മാത്രമാണ്.

ഗോഗോളിന്നെഴുതിയ ബലിൻസ്കിയുടെ കത്ത് "ബുദ്ധിജീവി മനോഭാവത്തിന്റെ വിരസവും മാതൃകാപരവുമായ പ്രകടനമാണെന്ന്" വേക്കി പ്രഖ്യാപിക്കുന്നു. (പേജ് 56) "ബലിൻസ്കിക്കു ശേഷമുള്ള നമ്മുടെ പ്രചരണസാഹിത്യത്തിന്റെ ചരിത്രം, ജീവിതപഠനമെന്ന നിലയിൽ വെറുമൊരു പേടിസ്വപ്നമാണ്." (82)

ബലേ ഭേഷ്! അടിയാളുകൾക്ക് അടിയായ്മയോടുള്ള ശത്രുത ബുദ്ധിജീവിനാട്യത്തോടു ബന്ധപ്പെട്ട മനോവികാരമാണ്! റഷ്യൻജീവിതത്തിലുടനീളമുണ്ടായിരുന്ന ഫ്യൂഡൽ അവശിഷ്ടങ്ങൾക്കെതിരായി 1861മുതൽ 1905വരെ ഭൂരിഭാഗം ജനങ്ങൾ നടത്തിയ സമരത്തിന്റെയും പ്രതിഷേധത്തിന്റെയും ചരിത്രം, അതെ, "വെറുമൊരു പേടിസ്വപ്ന"മാണ്! അഥവാ ബുദ്ധിമാന്മാരും അഭ്യസ്തവിദ്യരുമായ വേക്കിയുടെ കർത്താക്കന്മാരുടെ അഭിപ്രായത്തിൽ ഗോഗോളിന്നുള്ള കത്തിൽ ബലിൻസ്കി പ്രകടിപ്പിച്ച വികാരങ്ങൾ അടിയാളരുടെ വികാരങ്ങളെ അനുസരിക്കുന്നില്ലേ? ഫ്യൂഡൽ മർദ്ദനത്തിന്റെ അവശിഷ്ടങ്ങൾക്കെതിരായ ബഹുജനകോപത്തെ നമ്മുടെ പ്രചരണസാഹിത്യത്തിന്റെ ചരിത്രം പ്രതിഫലിപ്പിക്കുന്നില്ലേ?

ഫ്യൂഡൽ സ്ഥാപനങ്ങൾ കയ്യേററംചെയ്യുന്ന ജനങ്ങളുടെ പ്രാഥമികാവകാശങ്ങൾക്കവേണ്ടിയുള്ള സമരത്തിൽ ഭൂരിപക്ഷം ജനങ്ങളുടെയും താല്പര്യങ്ങളെ ബലിൻസ്കിമുതൽക്കിങ്ങോട്ടെങ്കിലും റഷ്യൻജനാധിപത്യം ഒരു വിധത്തിലും പ്രകടിപ്പിക്കുന്നില്ലെന്നും "ബുദ്ധിജീവികളുടെ" വികാരങ്ങളെയാണ് പ്രകടിപ്പിക്കുന്നതെന്നും സ്ഥാപിക്കുന്നതിന്നാണ് മോസ്കോവിസ്കി യെവെദ്യോമോസ്റ്റി എല്ലായ്പോഴും ശ്രമിച്ചിട്ടുള്ളതു്.

തത്വശാസ്ത്രത്തിലും പ്രചരണകാര്യങ്ങളിലും വേക്കിക്കു് മോസ്കോവിസ്കി യെവെദോമോസ്റ്റിക്കുള്ള അതേ പരിപാടിയാണുള്ളതു്. എന്നാൽ തത്വശാസ്ത്രത്തെസംബന്ധിച്ചു് ഈ ലിബറൽ ചേരിമാററക്കാർ സത്യം തുറന്നുപറയാനും തങ്ങളുടെ പരിപാടി മുഴുവൻ (ഭൌതികവാദത്തിന്നും പോസിററിവിസത്തിന്റെ ഭൌതികവാദപരമായ വ്യാഖ്യാനത്തിന്നുമെതിരായ സമരവും മിസ്റ്റിസിസത്തിന്റെയും മിസ്റ്റിക്കു് ലോകവീക്ഷണത്തിന്റെയും പുനസ്ഥാപനവും) തുറന്നുകാണിക്കുവാനും തീരുമാനിച്ചു; പ്രചരണകാര്യങ്ങളെസ്സംബന്ധിച്ചേടത്തോളമാകട്ടെ, അവർ ഒളിച്ചുകളി നടത്തുകയാണ്. ജനാധിപത്യത്തിന്റെ ഏററവും മൌലികമായ ആശയങ്ങളുമായി, പ്രാഥമികമായ ജനാധിപത്യചിന്താഗതികളുമായി അവർ തെററിപ്പിരിഞ്ഞിരിക്കുന്നു; എന്നാൽ അവർ ഭാവിക്കുന്നതോ, "ബുദ്ധിജീവിവർഗ്ഗത്തിന്റെ മനോഭാവ"ത്തോടുമാത്രമാണു് തങ്ങളുടെ ശണ്ഠയെന്നാണ്. ലിബറൽ ബൂർഷ്വാസി ജനാവകാശങ്ങളുടെ സംരക്ഷണത്തിൽനിന്നു് ജനവിരുദ്ധസ്ഥാപനങ്ങളുടെ സംരക്ഷണത്തിലേക്കു് നിർണ്ണായകമാംവിധം ചുവടുമാറി നീങ്ങിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ ലിബറൽ രാഷ്ട്രീയപ്രവർത്തകർ "ജനാധിപത്യവാദികളെ"ന്ന തങ്ങളുടെ സ്ഥാനപ്പേർ നിലനിർത്തണമെന്നാഗ്രഹിക്കുന്നു.

ഗോഗോളിന്നുള്ള ബലിൻസ്കിയുടെ കത്തിന്റെയും റഷ്യൻ പ്രചരണസാഹിത്യത്തിന്റെ ചരിത്രത്തിന്റെയും കാര്യത്തിൽ

ചെയ്തുവെച്ച അതേ സൂത്രപ്പണി അടുത്തകാലത്തെ പ്രസ്ഥാനത്തിന്റെ ചരിത്രത്തെസംബന്ധിച്ചും പ്രയോഗിച്ചുകൊണ്ടിരിക്കുകയാണ്.

# II

ജനാധിപത്യപ്രസ്ഥാനത്തിന്റെ വക്താവായിരുന്ന ബുദ്ധിജീവികളെ മാത്രമാണ്, അവർ ആ പ്രസ്ഥാനത്തിലെ യഥാർത്ഥ പങ്കാളികളായിരുന്നതുകൊണ്ടു മാത്രമാണ് വേക്കി എതിർക്കുന്നതെന്നാണ് വാസ്തവം. ഈ "ഒളിവിൽക്കഴിയുന്ന ചെറുസംഘാതങ്ങളുടെ രഹസ്യസങ്കേതം വിട്ടു പട്ടാപ്പകൽ പുറത്തുവരികയും നിരവധി ശിഷ്യഗണങ്ങളെ നേടുകയും കുറച്ചുകാലത്തേക്ക് സിദ്ധാന്തപരമായ പ്രാമാണ്യമെന്നല്ല യഥാർത്ഥമായ അധികാരശക്തി കൂടി ആർജ്ജിക്കുകയുംചെയ്തു." (പേജ് 76). അതുകൊണ്ടാണ്, അതുകൊണ്ടുമാത്രമാണ് വേക്കി അവരെ—ബുദ്ധിജീവിവർഗ്ഗത്തെ—കടിച്ചുപിടിച്ച് എതിർക്കുന്നതു്. "ബുദ്ധിജീവിവർഗ്ഗം വെറും ചെറിയൊരു ഗൂഢസംഘം ആയിരുന്നേടത്തോളംകാലം, അവർ ശിഷ്യഗണങ്ങളെ നേടുകയും യഥാർത്ഥശക്തി കൈവരിക്കുകയും ചെയ്തതുവരെ ലിബറൽ പക്ഷക്കാർ അവരോടു അനുഭാവം കാണിക്കുകയും അനുകൂലിക്കുകയുംചെയ്തു; അതായതു് ബഹുജനങ്ങളെ ഇളക്കിത്തീർക്കാതിരുന്നേടത്തോളംകാലം ലിബറൽപക്ഷക്കാർ ജനാധിപത്യത്തിന്റെ അനുഭാവികളായിരുന്നു. കാരണം, ബഹുജനങ്ങളെ ഉൾക്കൊള്ളാതിരുന്നേടത്തോളംകാലം ജനാധിപത്യം ലിബറലിസത്തിന്റെ സ്വാർത്ഥോദ്ദേശങ്ങളെ സേവിക്കുക മാത്രമാണ്, ബൂർഷ്വാസിയുടെ തലപ്പത്തിക്കാരെ അധികാരത്തോടു കൂട്ടുതലടുക്കുവാൻ സഹായിക്കുകയാണ് ചെയ്തതു്. ജനാധിപത്യം ബഹുജനങ്ങളെ തന്നിലേക്കാകർഷിക്കുകയും അവർ സ്വന്തലക്ഷ്യങ്ങൾ നേടുവാനും സ്വതാല്പര്യങ്ങൾ ഉയർത്തിപ്പിടിക്കുവാനും തുടങ്ങുകയും

ചെയ്തതോടെ ലിബറൽ പക്ഷക്കാർ ആ ജനാധിപത്യത്തിൽ പിന്തിരിഞ്ഞുനില്ലായി. "ജനാധിപത്യ ബുദ്ധിജീവിവർഗ്ഗത്തി"നെതിരായ ആക്രോശകോലാഹലങ്ങളുടെ മറവിൽ കാഡറ്റുകൾ യഥാർത്ഥത്തിൽ ചെയ്യുന്നതു് ബഹുജനങ്ങളുടെ ജനാധിപത്യപ്രസ്ഥാനത്തിന്നെതിരായ സമരംചെയ്യുകയാണു്, പല സന്ദർഭങ്ങളിലായി വേക്കി ഇക്കാര്യം തുറന്നുപറഞ്ഞിട്ടുണ്ടു്. അത്തരത്തിലൊന്നാണു് വേക്കിയിലെ താഴെ പറയുന്ന പ്രഖ്യാപനം: "പതിനെട്ടാം നൂററാണ്ടിന്റെ അന്ത്യത്തിൽ ഫ്രാൻസിൽ നടന്ന സാമൂഹ്യപ്രസ്ഥാനം", സ്വകീയമായ ആത്മീയസാദ്ധ്യതകളെയെല്ലാം വെളിപ്പെടുത്തിക്കൊണ്ടുള്ള സുദീർഘമായ ബുദ്ധിജീവിവിപ്ലവത്തിന്റെ ഒരു മാതൃകയാണു്."

ശരി, അങ്ങനെയല്ലേ? പതിനെട്ടാം നൂററാണ്ടിന്റെ അന്ത്യത്തിൽ ഫ്രാൻസിൽ നടന്ന പ്രസ്ഥാനം—ശ്രദ്ധിച്ചുകേൾക്കണം—ആകാവുന്നതു ആഴവും പരപ്പുമുള്ള ബഹുജന ജനാധിപത്യപ്രസ്ഥാനത്തിന്റെയല്ല, പിന്നെയോ, ബുദ്ധിജീവിവിപ്ലവത്തിന്റെ ഒരു മാതൃകയാണുപോലും! വ്യത്യസ്തഘടകങ്ങളെ പൊതു രൂപത്തിൽ ഇണക്കിക്കൊണ്ടുള്ള പ്രസ്ഥാനമില്ലാതെ ലോകത്തിൽ ഒരിടത്തും ജനാധിപത്യലക്ഷ്യങ്ങൾ നേടിയിട്ടില്ല എന്ന കാര്യം ഓർക്കുമ്പോൾ, ലിബറലിസത്തിന്റെ താത്വിക നേതാക്കൾ ജനാധിപത്യവുമായി തെററിപ്പിരിയുകയാണെന്നു് തികച്ചും വ്യക്തമാകുന്നു.

വേക്കി അധിക്ഷേപിക്കുന്ന റഷ്യൻ ബുദ്ധിജീവിവർഗ്ഗം ഏതു ജനാധിപത്യപ്രസ്ഥാനത്തിന്റെയും അവശ്യാംഗവും പ്രകാശനരൂപവുമാണു്. "ബുദ്ധിജീവിവർഗ്ഗാശയങ്ങളുടെ രാഷ്ട്രീയതീവ്രത ബഹുജനവികാര*ങ്ങളുടെ സാമൂഹ്യതീവ്രതയുമായി അത്ഭുത

---

* അതേ പേജിൽ രണ്ടു വരികൾക്കുശേഷം "രക്തസാക്ഷികളാക്കപ്പെട്ട ബഹുജനങ്ങളുടെ" എന്ന പദപ്രയോഗമുണ്ടു്.

കരമായ വേഗതയോടെ കൂട്ടിയിണക്കപ്പെട്ട" (പേജ് 141). "രാഷ്ട്രീയമോ തന്ത്രപരമോ മാത്രമായ ഒരു തെററായിരുന്നില്ല ഇതു്. ധാർമ്മികവുമായ ഒരു തെററായിരുന്നു ഇതു്." ബഹുജനങ്ങൾ രക്തസാക്ഷികളാക്കപ്പെടാതെ ജനാധിപത്യപ്രസ്ഥാനം സാദ്ധ്യമല്ല. തീവ്രങ്ങളായ ചില രാഷ്ട്രീയാശയങ്ങളുടെ കൊടിക്കീഴിലാണു് എല്ലാ ജനാധിപത്യപ്രസ്ഥാനവും നടക്കുന്നതു്. അതിനെ വെറും "ലഹള"യിൽനിന്നു വേർതിരിക്കുന്ന പ്രത്യേകതയാണിതു്. ജനാധിപത്യപ്രസ്ഥാനങ്ങളും ജനാധിപത്യാശയങ്ങളും രാഷ്ട്രീയമായ തെററുകൾ മാത്രമല്ല, തന്ത്രപരമായി സ്ഥാനം തെററിയവ മാത്രമല്ല, പിന്നെയോ ധാർമ്മികമായി പാപങ്ങൾ കൂടിയാണു് —സാരാംശത്തിൽ ഇതാണു് വേക്കിയുടെ ശരിയായ അഭിപ്രായം. അതു് പൊബേഡോനോസ്റ്റോവിന്റെ ശരിയായ അഭിപ്രായങ്ങളിൽനിന്നു് തരിമ്പും വ്യത്യസ്തമല്ല, സ്ട്രൂവ്, ഇസ്ഗോയേവ്, ഫ്രാങ്കു് എന്നിവരും കൂട്ടകാരും പറയുന്നതിൽനിന്നു് കൂടുതൽ സത്യസന്ധതയോടും ആത്മാർത്ഥതയോടും പൊബേഡോനോസ്റ്റോവ് പറഞ്ഞുവെന്നുമാത്രം.

"ബുദ്ധിജീവികളു"ടെ വെറുക്കപ്പെട്ട ആശയങ്ങളുടെ സാരാംശത്തെ കൂടുതൽ കണിശമായി നിർവ്വചിക്കാനുള്ള ശ്രമത്തിൽ വേക്കി സ്വാഭാവികമായി "ഇടതുപക്ഷാ"ശയങ്ങളെപ്പററി പൊതുവിലും നരോഡ്നിക്കുകളുടേയും മാർക്സിസ്റ്റുകളുടേയും ആശയങ്ങളെപ്പററി പ്രത്യേകമായും സംസാരിക്കുന്നു. കർഷകരോടുള്ള "കപടസ്നേഹത്തിന്നു്" നരോഡ്നിക്കുകളേയും 'തൊഴിലാളിവർഗ്ഗത്തിനോടുള്ള' കപടസ്നേഹത്തിന്നു് മാർക്സിസ്റ്റുകാരേയും കററപ്പെടുത്തുന്നു (പേ: 9) 'ജനങ്ങളെ ദൈവമാക്കുന്ന"തിന്നു് രണ്ടുകൂട്ടരേയും പഴിച്ചിരുന്നു. (പേ 59, 99, 60) വെറുക്കപ്പെട്ട ബുദ്ധിജീവിയുടെ "എദൈവം ജനങ്ങളാണു്; അയാളുടെ ഏകലക്ഷ്യം ഭൂരിപക്ഷത്തിന്റെ സുഖമാണു" [പേ 159]. രണ്ടാം ഡൂമയിൽ ബൂൾഗാക്കോവ് എന്ന കാഡററിന്റെ സ്മരണയിൽ മായാതെ പ-

ഇരുപത്തിരണ്ടു്

തിഞ്ഞുകിടന്നതു പ്രത്യേകിച്ചും അദ്ദേഹത്തിന്റെ കോപം ആളിക്കത്തിച്ചതും "നിരീശ്വരവാദികളായ ഇടതുപക്ഷ ബ്ളോക്കിന്റെ കൊടുങ്കാററുപോലുള്ള വാഗ്ഘോടി"യാണു്. മററുള്ളവരേക്കാൾ കുറച്ചധികം വ്യക്തമായി ബുൾഗാക്കോവ് ഇവിടെ പ്രകടിപ്പിച്ചിട്ടുള്ളതു് കാഡററുകളുടെ പൊതുമനോഭാവമാണു്, കാഡററ് പാർട്ടിയുടെയാകെ പ്രിയപ്പെട്ട ചിന്തകളെയാണു്.

ലിബറലിനെ (മിതവാദി) സംബന്ധിച്ചേടത്തോളം നരോദിസത്തിന്നും മാർക്സിസത്തിന്നും തമ്മിൽ അന്തരമില്ലെന്നതു് യാദൃച്ഛികമല്ല, അനിവാര്യമാണു്. അതും ആ ലേഖകന്റെ "സ്വത്വപ്പണി"യൊന്നുമല്ല; (അയാൾക്കു് ആ അന്തരം നന്നായറിയാം) പിന്നെയോ, ലിബറലിസത്തിന്റെ ഇന്നത്തെ സ്വഭാവത്തിന്റെ യുക്തിയുക്തമായ ബഹിർപ്രകടനമാണു്. റഷ്യയിലെ ലിബറൽ ബൂർഷ്വാസി ഇന്നു് ഭയപ്പെടുന്നതും വെറുക്കുന്നതും റഷ്യയിലെ തൊഴിലാളിവർഗ്ഗത്തിന്റെ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തേക്കാളേറെ തൊഴിലാളികളുടേയും കർഷകരുടേയും കൂടിയുള്ള ജനാധിപത്യ പ്രസ്ഥാനത്തെയാണു്; അതായതു്, നരോദിസത്തിന്നും മാർക്സിസത്തിന്നും പൊതുവായുള്ളതിനെ, അവർ ഒത്തൊരുമിച്ചു് ബഹുജനപിൻബലത്തോടെ ജനാധിപത്യത്തിന്നുവേണ്ടി പൊരുതുന്നതിനെ ഈ ബൂർഷ്വാസി ഭയപ്പെടുകയും വെറുക്കുകയും ചെയ്യുന്നു. റഷ്യയിൽ ലിബറലിസം നിശ്ചയകമാംവിധം ജനാധിപത്യത്തിന്നെതിരായി തിരിഞ്ഞിരിക്കുന്നുവെന്നതു് ആധുനികകാലഘട്ടത്തിന്റെ പ്രത്യേകതയാണു്. ജനാധിപത്യം നേടിയതിന്നു ശേഷം ആവിഷ്കൃതമാകുന്ന പുതിയ ലക്ഷ്യങ്ങളേയും മാർഗ്ഗങ്ങളേയും വികസനസാദ്ധ്യതകളേയും സംബന്ധിച്ചോ, ജനാധിപത്യ പ്രസ്ഥാനത്തിനകത്തു് വളർന്നുവരുന്ന വ്യത്യാസങ്ങളെക്കുറിച്ചോ, ലിബറലിസത്തിന്നു് താല്പര്യമില്ലെന്നതു് തികച്ചും സ്വാഭാവികമാണു്.

വെക്കി "ജനങ്ങളെ ദൈവമാക്കുക" എന്നീ മുദ്രാവാക്യപ്രായങ്ങളായ ശൈലീപ്രയോഗങ്ങൾകൊണ്ടു് നിറഞ്ഞിരിക്കുന്നു. ഇതിലത്ഭുതപ്പെടാനില്ല; കാരണം, ജനങ്ങളെ പേടിച്ചുതുടങ്ങിയ ലിബറൽ ബൂർഷ്വാസിക്കു് ജനാധിപത്യവാദികൾ ജനങ്ങളെ ദൈവമാക്കുന്നു എന്നു് മുറവിളി കൂട്ടുകയല്ലാതെ ഗത്യന്തരമില്ല. മേളത്തിന്റെ സാധാരണയിൽ കവിഞ്ഞ ഘോഷത്തിൽ ഈ പിൻവാങ്ങൽ ആരും ശ്രദ്ധിക്കുകയില്ല. ഒന്നും രണ്ടും ഡൂമകളിൽ തൊഴിലാളികളുടേയും കർഷകരുടേയും ശരിയായ താല്പര്യങ്ങളും ആവശ്യങ്ങളും അഭിപ്രായങ്ങളും പ്രതിഫലിച്ചതു് കർഷക-തൊഴിലാളി ഡെപ്യൂട്ടികൾ വഴിക്കായിരുന്നുവെന്നതു് ആർക്കും അമ്പേ നിഷേധിക്കാനാവില്ല. എന്നിട്ടും ഇതേ "ബുദ്ധിജീവി"* ഡെപ്യൂട്ടികളാണു് കാഡററുകളുടെ ജനാധിപത്യത്തിൽനിന്നുള്ള പിൻവാങ്ങലുകളെ തുറന്നുകാട്ടുകയും തന്മൂലം കാഡററുകളെ—ഇടതുപക്ഷക്കാരെക്കുറിച്ച കടുത്ത വിദ്വേഷം അവർക്കുണ്ടായിട്ടും—സ്വാധീനിക്കുകയും ചെയ്തതു്. "നാലിന തിരഞ്ഞെടുപ്പു്" സമ്പ്രദായത്തിന്റെ ന്യായ്യതയെ അമ്പേ നിഷേധിക്കുവാനാർക്കും സാദ്ധ്യമല്ല; എന്നിട്ടും "നാലിനസമ്പ്രദായ"പ്രകാരമുള്ള തിരഞ്ഞെടുപ്പു്—ശരിക്കും ജനാധിപത്യപരമായ തിരഞ്ഞെടുപ്പു്—ഇന്നത്തെ റഷ്യയിൽ ട്രൂഡോവിക് ഡെപ്യൂട്ടികൾക്കും തൊഴിലാളി പാർട്ടിയുടെ ഡെപ്യൂട്ടികൾക്കുംകൂടി ബഹുഭൂരിപക്ഷം നൽകുമെന്ന കാര്യത്തിൽ ആത്മാർത്ഥതയുള്ള ഏതൊരു രാഷ്ട്രീയനേതാവിന്നും സംശയമില്ല.

'മോസ്കോവ്സ്കി യെവേദോമോസ്തി' 'നൊവോയെ പ്രേമ്യ' എന്നിവയിൽനിന്നെടുത്ത മുദ്രാവാക്യങ്ങളെക്കൊണ്ടു ജനാധിപ

---

* 'ബുദ്ധിജീവി' എന്ന പദത്തിന്റെ സാധാരണമായ അർത്ഥത്തെ വെക്കി വളച്ചൊടിച്ചിരിക്കുന്നതു് തികച്ചും പരിഹാസ്യമാണു്. ആദ്യത്തെ രണ്ടു ഡൂമകളിലെ ഡെപ്യൂട്ടികളുടെ ലിസ്റ്റിലൂടെ ഒന്നു കണ്ണോടിച്ചാൽ മതി, ട്രൂഡോവിക്കുകൾക്കിടയിൽ കർഷകർക്കുള്ള ബഹുഭൂരിപക്ഷവും സോഷ്യൽ ഡമോക്രാററുകൾക്കിടയിൽ തൊഴിലാളികൾക്കുള്ള ബഹുഭൂരിപക്ഷവും കാഡററുകളുടെ ഇടയിൽ ബുദ്ധിജീവികളുടെ കേന്ദ്രീകരണവും മനസ്സിലാക്കാൻ.

ത്വവുമായി തങ്ങൾ തെററിപ്പിരിഞ്ഞത് എന്നു മൂടിവെക്കുകയെന്നല്ലാതെ പിന്നോട്ടടിച്ചുകൊണ്ടിരിക്കുന്ന ലിബറൽ ബൂർഷ്വാസിക്ക് മറെറാന്നും ചെയ്യാനില്ല: വേക്കിയെന്ന സമാഹാരം മുഴുവൻ ഇത്തരം പദപ്രയോഗങ്ങൾകൊണ്ടു നിറഞ്ഞിരിക്കുന്നു.

ജനാധിപത്യത്തിൻെറ തലയിലേക്ക് കോരിച്ചൊരിയുന്ന പിന്തിരിപ്പൻ ചളിവെള്ളത്തിൻെറ പ്രവാഹമാണ് വേക്കി. തീർച്ചയായും നൊവോയെ വ്രേമ്യയിലെ എഴുത്തുകാരനായ റൊസാനോവ്, മെൻഷിക്കോവ്, എ. സ്റ്റോളിവിൻ എന്നിവർ ധൃതിയിൽ വേക്കിയെ ചെന്നു ഉമ്മവെച്ച് അഭിനന്ദിച്ചിരിക്കുന്നു. വൊളീനിയ ബിഷപ്പായ അന്തോണി ലിബറൽനേതാക്കന്മാരുടെ ഈ പ്രസിദ്ധീകരണത്തിൽ മതിമറന്നാഹ്ലാദിക്കുന്നു.

വേക്കി എഴുതുന്നു: "ജനങ്ങളോടുള്ള തൻെറ കടമയെക്കുറിച്ചു ചിന്തിക്കുന്ന ബുദ്ധിജീവി ഒരു കാര്യം ഓർക്കുന്നില്ല: കടമയെസ്സംബന്ധിച്ച തത്വത്തിൻെറ രൂപത്തിൽ പ്രകടമാവുന്ന വ്യക്തിപരമായ ഉത്തരവാദിത്വമെന്ന ആശയം ബുദ്ധിജീവിയായ തനിക്കു മാത്രമല്ല ജനങ്ങൾക്കും ബാധകമാണ് (പേജ് 139)." ഉയർന്ന വർഗ്ഗക്കാർക്ക് ജനങ്ങളോടുള്ള 'കടമയെ'സംബന്ധിക്കുന്ന ഭാഷ ഉപയോഗിച്ചുകൊണ്ട് ജനാധിപത്യവാദി ജനങ്ങളുടെ സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും കുറിച്ച് ചിന്തിക്കുന്നു. പരിഷ്കാരണത്തിനു മുമ്പുള്ള, ജൂൺ 3 ൻെറ ഭരണഘടനയോടുകൂടിയ ഒരു രാജ്യത്തും ഭരണവർഗ്ഗത്തിനോടുള്ള ജനങ്ങളുടെ കടമയെക്കുറിച്ചു പ്രശ്നത്തെപ്പററി ചിന്തിക്കാതെ കഴിയുകയില്ല. ചിന്തിക്കുകയില്ല. അങ്ങനെ ചിന്തിക്കണമെങ്കിൽ ആ ജനാധിപത്യവാദി അഥവാ ജനാധിപത്യനാട്യക്കാരൻ തികച്ചും ഒരു പ്രതിവിപ്ലവകാരിയായിമാറണം.

നാം വേക്കിയിൽ വായിക്കുന്നു: "അഹന്ത—താൻപ്രധാനിത്വം—വലിയൊരു ശക്തിയാണ്, ഇതാണ് പടിഞ്ഞാറൻ ബൂർ

ഷ്വാസിയെ ലോകത്തിൽ ദൈവേഛ നടത്താനുള്ള അബോധ പൂൎവ്വവും അതിഭീമവുമായ ഉപകരണമാക്കുന്നു" (പേ: 95) "സ്വയം സമ്പന്നരാവുക" എന്ന പ്രസിദ്ധ വാക്യത്തിൻെറയോ "നാം നമ്മുടെയെല്ലാം ശത്രുക്കന്മാരിലർപ്പിക്കുന്നു" എന്ന റഷ്യൻ പ്രമാണത്തിൻെറയോ രൂപാന്തരം മാത്രമാണിതു്—പൊട്ടപ്പൊതൊങ്ങലുംവെച്ചു കൂടുതൽ ആകർഷകമാക്കിയ ഒരു രൂപാന്തരം. സ്വാതന്ത്ര്യസമരത്തിൽ ജനങ്ങളെ സഹായിച്ചിരുന്ന കാലത്തു് ആ സമരം ഒരു ദേവകാൎയ്യമാണെന്നാണു് ബൂർഷ്വാസി പറഞ്ഞിരുന്നതു്. എന്നാൽ പിന്നീടു് ജനങ്ങളെ പേടിക്കുവാനും ജനങ്ങൾക്കെതിരായി എല്ലാത്തരം മധ്യകാലാവശിഷ്ടങ്ങളെയും പിന്തുണക്കുവാനും തുടങ്ങിയപ്പോൾ അതേ ബൂർഷ്വാസി "താൻപ്രധാനിത്ത"ത്തെയും സ്വയം സമ്പന്നനാകുന്നതിനേയും ദേശീയദുരഭിമാനത്തോടുകൂടിയ വിദേശനയത്തെയും മറ്റും ദേവകാൎയ്യങ്ങളായി പ്രഖ്യാപിക്കുകയുണ്ടായി. യൂറോപ്പിൽ മുഴുവൻ അതാണു് സംഭവിച്ചതു്. റഷ്യയിൽ അതു് ആവൎത്തിയ്ക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

"വിപ്ലവം കാൎയ്യത്തിലും നിയമത്തിലും ഒക്ടോബർ 17ലെ[13] വിളംബരത്തോടുകൂടി അവസാനിയ്ക്കേണ്ടതായിരുന്നു" (പേ:136) ഒക്ടോബറിസത്തിൻെറ അന്തായത്തു് എതിർ വിപ്ലവ ബൂർഷ്വാപരിപാടിയുടെ തുടക്കവും അവസാനവും ഇതാണു്. ഒക്ടോബറിസ്റ്റുകൾ[14] എല്ലായ്പോഴും ഇതു പറയുകയും അതിന്നനുസരിച്ചു് പരസ്യമായി പ്രവൎത്തിക്കുകയും ചെയ്തിട്ടുണ്ടു്. കാഡറ്റുകൾ പരോക്ഷമായി ഇതേ രീതിയിൽത്തന്നെ (ഒക്ടോബർ 17-ാംനു മുതൽ) പ്രവൎത്തിച്ചുപോന്നു. എന്നാൽ അതേസമയം അവൎക്കു ജനാധിപത്യവാദികളാണെന്ന നാട്യം വിടാതെ കഴിയ്ക്കണമെന്നുമുണ്ടു്. ജനാധിപത്യം വിജയം വരിയ്ക്കണമെങ്കിൽ ജനാധിപത്യവാദികളും ചേരിമാറി ഒളിച്ചോടിയവരും തമ്മിലുള്ള വിഭജനരേഖ പൂൎണ്ണവും വ്യക്തവും പരസ്യവുമാക്കേണ്ടതു് അത്യാവശ്യമാണു്. ഇതിന്നായി വേക്കിയെ ഉപയോഗിക്കണം. ചേരിമാറിയ ഇസം

ഗോയേവ് എഴുതുന്നു: "നമ്മുടെ സ്റ്റേററുഡ്യൂമകളിൽ മൂന്നോ നാലോ ഡസൻ കാഡററുകളും ഒക്ലാബറിസ്റ്റുകളും കഴിച്ചാൽ ബഹുഭൂരിപക്ഷം ഡെപ്യൂട്ടികളും റഷ്യയെ ഭരിക്കുന്നതിന്നും പരിഷ്കരിക്കുന്നതിന്നുമുള്ള വിജ്ഞാനം കാണിച്ചിട്ടില്ലെന്ന സത്യം തുറന്നു സമ്മതിക്കാൻ നമുക്കു ധൈര്യമുണ്ടാവേണ്ടിയിരിക്കുന്നു. (പേ: 208). ശരിയാണു്. നിലംപണിക്കാരായ ട്രൂഡോവിക്കു് ഡെപ്യൂട്ടികൾക്കും മററുതരത്തിൽപ്പെട്ട തൊഴിലാളികൾക്കും എങ്ങനെ ഈ പണി ഏറെറടുക്കുവാൻ കഴിയും? അതിന്നു് കാഡററുകളുടേയും ഒക്ലാബറിസ്റ്റുകളുടേയും ഭൂരിപക്ഷം വേണം, ആ ഭൂരിപക്ഷത്തിന്നു് ഒരു മൂന്നാംഡ്യൂമയും.

അതുകൊണ്ടു് ജനങ്ങളും അവരുടെ ആരാധകന്മാരും മൂന്നാം ഡ്യൂമയിലും മൂന്നാംഡ്യൂമയുടെ റഷ്യയിലും ഉള്ള മേലാളന്മാരോടു തങ്ങൾക്കുള്ള ഉത്തരവാദിത്വം മനസ്സിലാക്കണം. 'പശ്ചാത്താപം' (വെക്കി, പേ: 26), "വിനയം" (പേ: 49), "ബുദ്ധിജീവിയുടെ അഭിമാനത്തോടുള്ള എതിർപ്പു്. (പേ: 52), "അനുസരണം" (പേ: 55) "പഴയ മോസ്സസ്സിൻെറ പത്തു കല്പനകളാകുന്ന സാധാരണ പരുക്കൻ ഭക്ഷണം" (പേ: 51) "റഷ്യയുടെ ഭീമാകാരമായ ശരീരത്തെ ബാധിച്ചിട്ടുള്ള ചെകുത്താന്മാരുടെ കൂട്ടത്തിന്നെതിരായ സമരം" (പേ: 68) എന്നിവയെക്കുറിച്ചെല്ലാം വെളിപ്പെടുത്തിയ ബിഷപ്പായ അന്തോണിയുടെ സഹായത്തോടുകൂടി ജനങ്ങളെ പഠിപ്പിക്കണം. കൃഷിക്കാർ ട്രൂഡോവിക്കുകളെ തിരഞ്ഞെടുക്കുന്നുവെങ്കിൽ, തൊഴിലാളികൾ സോഷ്യൽ ഡെമോക്രാററുകളെ തിരഞ്ഞെടുക്കുന്നുവെങ്കിൽ തീർച്ചയായും അതു് ഈ ചെകുത്താന്മാരുടെ ബാധാകണ്ടാണു്; എന്തെന്നാൽ, കാടു്ക്കോവും പൊബഡോനോററു്സേവും പണ്ടു കണ്ടുപിടിച്ചതുപോലെ ജനങ്ങൾക്കു് സ്വഭാവേന "ബുദ്ധിജീവിവർഗ്ഗത്തോടു വെറുപ്പാണു്" (പേ: 87. ബുദ്ധിജീവിവർഗ്ഗമെന്നതിന്നുപകരം ജനാധിപത്യമെന്നു വായിക്കുക.)

അതുകൊണ്ടു്, വേക്കി നമ്മെ പഠിപ്പിക്കുകയാണു്: റഷ്യൻ പൌരന്മാർ "ഈ ഗവണ്മേണ്ടിനെ അനുഗ്രഹിക്കണം. കാരണം അതുമാത്രമാണു് തന്റെ ബയനററുകൾകൊണ്ടും ജയിലുകൾകൊണ്ടും നമ്മെ [ബുദ്ധിജീവികൾ] * ബഹുജനരോഷത്തിൽനിന്നു് ഇന്നും സംരക്ഷിച്ചുപോരുന്നതു്. (പേ: 88)

യാതൊരു കലവറയുമില്ലാത്തതാകകൊണ്ടു് ഈ അധിക്ഷേപം നല്ലതാണു്; അതു പ്രയോജനകരമാണു്; കാരണം, 1905-09 കാലഘട്ടത്തിൽ കോൺസ്റ്റിററ്യൂഷണൽ ഡെമോക്രാററിക്കു് കക്ഷി അനുവർത്തിച്ച നയത്തിന്റെ സത്തായ അംശത്തെ അതു തുറന്നുകാണിക്കുന്നു. ഈ അധിക്ഷേപം നന്നായിട്ടുണ്ടു്; കാരണം, വേക്കിയുടെ ഉദ്ദേശത്തെ മുഴുവൻ സംക്ഷിപ്തമായും വ്യക്തമായും കാണിച്ചുതരുന്നു. വേക്കിയുടെ പ്രസിദ്ധീകരണം സമീചീനമാണു്; കാരണം റഷ്യൻ മിതവാദികളുടേയും അവരിലുൾപ്പെട്ട റഷ്യൻ കാഡററുകളുടേയും യഥാർത്ഥനയത്തിന്റെ ഉദ്ദേശത്തെയാകെ അതു തുറന്നുകാണിക്കുന്നു. അതുകൊണ്ടാണു് കാഡററുകൾ വേക്കിയെ നിഷേധിക്കുന്നതും വേക്കിയുമായി നടത്തുന്ന വാഗ്വാദവും വെറും കാപട്യമാകുന്നതു്, വെറും ബഡായിയാകുന്നതു്; എന്തുകൊണ്ടെന്നാൽ കാഡററുകൾ പൊതുവെ ഒരു കക്ഷിയെന്ന നിലയിൽ, ഒരു സാമൂഹ്യശക്തിയെന്ന നിലയിൽ വേക്കിയുടെ നയമാണു്, മറെറാന്നുമല്ല, പിൻതുടർന്നിട്ടുള്ളതും പിന്തുടർന്നുകൊണ്ടിരിക്കുന്നതും. 1905 ആഗസ്റ്റിലും സപ്തംബറിലും ബുലിജിൻ ഡ്യൂമയിലേക്കു നടന്ന തിരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുവാനുള്ള ആഹ്വാനം, അതേ കൊല്ലത്തിന്റെ അവസാനത്തിൽ നടന്ന ജനാധിപത്യത്തിന്റെ വഞ്ചന, ജനങ്ങളെക്കുറിച്ചും ജന

---

* ലെനിൻ ഉദ്ധരിച്ചിട്ടുള്ള ഭാഗങ്ങൾക്കിടയിൽ ചതുരൻ ബ്രാക്കററുകളിൽ കൊടുത്തിട്ടുള്ള പ്രക്ഷിപ്തങ്ങൾ, മറിച്ചു കാണിക്കാത്തപക്ഷം, ലെനിൻ ചേർത്തവയാണു്.

കീയപ്രസ്ഥാനത്തെക്കുറിച്ചും അവരുടെ വിട്ടുമാറാത്ത ഭയം ആദ്യത്തെ രണ്ടു ഡ്യൂമകളിലെ തൊഴിലാളികർഷക ഡെപ്യൂട്ടികളോടു കാണിച്ച വിട്ടുവീഴ്ചയില്ലാത്ത എതിർപ്പ്, ബഡ്ജററു സംബന്ധിച്ച വോട്ടുചെയ്യൽ, മൂന്നാംഡ്യൂമയിൽ മതത്തെപ്പററി കറുലോവും കാർഷികപ്രശ്നത്തെപ്പററി ബറിസോവ്സ്കിയും ചെയ്ത പ്രസംഗങ്ങൾ, ലണ്ടൻ സന്ദർശനം 16—ഇവയെല്ലാം വേക്കിയിൽ സിദ്ധാന്തതലത്തിൽ പ്രഖ്യാപിതമായ അതേ നയത്തിൻെറ പ്രയോഗതലത്തിലുള്ള അനേകം നാഴികക്കല്ലുകളിൽ ചിലതാണ്.

ഈ നയത്തിൻെറ കാതലായ അംശത്തെയും വർഗ്ഗസ്വഭാവത്തെയും മനസ്സിലാക്കാതെ റഷ്യൻ ജനാധിപത്യത്തിന്ന് ഒരടി പോലും മുന്നോട്ടുവെക്കാവൻ സാദ്ധ്യമല്ല.

നോവിഡിയൽ നമ്പർ 15 )
ഡിസമ്പർ 13, 1909 )
വി. ഇളിൻ (ഒപ്പ്)

കളക്റ്റഡ് വർക്ക്സ്
വാല്യം 16. പേ: 123—31

# "ഒരു പ്രചരണസാഹിത്യകാരന്റെ കുറിപ്പുക"ളിൽനിന്നു്

## I

### ഒട്സോവിസത്തിന്റെ അനുയായികളുടേയും സംരക്ഷകരുടേയും പ്രവത്തനവേദി

രണ്ടു വിപ്ലവങ്ങൾക്കിടക്കുള്ള ഇന്നത്തെ കാലഘട്ടത്തെ യാദൃച്ഛികമെന്നു മാത്രം വിശേഷിപ്പിച്ചതുകൊണ്ടു് മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. സ്വേച്ഛാഭരണത്തിന്റെ വളർച്ചയുടെ, ബൂർഷ്വാരാജവാഴ്ചയുടെയും ബൂർഷ്വാബ്ലാക്ക്ഹണ്ട്റഡ്[18] പാർലിമെണ്ടു് സമ്പ്രദായത്തിന്റെയും സാറിസത്തിന്റെ നാട്ടിൻപുറത്തെ ബൂർഷ്വാനയത്തിന്റെയും വളർച്ചയുടെ സവിശേഷഘട്ടങ്ങളിലൊന്നിനെയാണു് നാം അഭിമുഖീകരിക്കുന്നതെന്ന കാര്യത്തിലും എതിർവിപ്ലവബൂർഷ്വാസി ഇവയെല്ലാം പിന്തുണ നൽകുന്നുണ്ടെന്ന കാര്യത്തിലും സംശയമില്ല. ഇന്നത്തെ കാലഘട്ടം തീർച്ചയായും "വിപ്ലവത്തിന്റെ രണ്ടലകൾക്കിട...

ക്കളുള്ള" പരിവർത്തനഘട്ടമാണ്. എന്നാൽ രണ്ടാംവിപ്ലവത്തിന്നു തയ്യാറെടുക്കുന്നതിന്നുവേണ്ടി നാം ഈ പരിവർത്തനദശയുടെ പ്രത്യേകതകളെ നിഷ്കൃഷ്ടമായി പഠിച്ചു സ്വായത്തമാക്കേണ്ടതുണ്ട്; "പ്രക്ഷോഭണപരിപാടി"യുടെ വികാസഗതിയാകെ നമ്മുടെ മേൽ വെച്ചുകെട്ടിയതും തീരെ പ്രസാദമില്ലാത്തതും ദുർഘടവും കഠോരവുമായ ഈ പരിവർത്തനത്തിന്നനുസരിച്ച് നമ്മുടെ തന്ത്രങ്ങളേയും സംഘടനയേയും രൂപപ്പെടുത്താൻ നമുക്ക കഴിയണം. ഡ്യൂമയുടെ വേദിയും അതുപോലെ നിയമപരമായ മററവസരങ്ങളും ഉപയോഗിക്കുകയെന്നതു് "കാണത്തക്ക വലിയ" ഫലമൊന്നും നല്കാത്തതും കൂടുതൽ ശാന്തവുമായ സമരമുറകളിലൊന്നാണ്. പരിവർത്തനദശയിലെ കടമയുടെ സവിശേഷത, സമരശക്തികളെ അണിചേർത്തു സജ്ജമാക്കുകയാണ്. അല്ലാതെ അവയെ നേരിട്ടു നിർണ്ണായകമായ സമരത്തിലേയ്ക്കിറക്കുകയല്ല. ഈ സവിശേഷതകൊണ്ടു തന്നെയാണ് ഇന്നത്തെ കാലഘട്ടത്തെ പരിവർത്തനപരമെന്നു വിളിക്കുന്നതു്. പുറമേക്ക് ആകർഷകമല്ലാത്ത ഈ പ്രവൃത്തി സംഘടിപ്പിക്കുക, അതിന്നുവേണ്ടി ബ്ലാക്ക്-ഹണ്ട്റഡ്-ഒക്ടോബറിസ്റ്റ് 19 ഡ്യൂമാകാലത്തിന്നു പ്രത്യേകമായുള്ള അർദ്ധനിയമാനുസൃതസ്ഥാപനങ്ങളെ ഉപയോഗിക്കുക, അതേസമയം ഇവയുടെ അടിസ്ഥാനത്തിൽ വിപ്ലവപരമായ സോഷ്യൽ ഡെമോക്രസിയുടെ എല്ലാ പാരമ്പര്യങ്ങളെയും അതിന്റെ വീരോജ്ജ്വലമായ ഇടക്കാലചരിത്രത്തിലെ മുദ്രാവാക്യങ്ങളേയും അതിന്റെ കർമ്മപരിപാടിയുടെ പിന്നിലുള്ള മനോഭാവമാകെയും അവസരവാദത്തിന്റേയും പരിഷ്ക്കരണവാദത്തിന്റേയും നേരെ അതു കാണിച്ച സന്ധിയില്ലായ്മയേയും ഉയർത്തിപ്പിടിക്കുക—ഇതെല്ലാമാണ് പാർട്ടിയുടെ ഇന്നത്തെ കടമ.

1908 ഡിസംബർ സമ്മേളനത്തിന്റെ പ്രമേയത്തിൽ ആവിഷ്ക്കരിച്ച തന്ത്രങ്ങളിൽനിന്ന് പുതിയ പ്രവർത്തനവേദിക്കുണ്ടായ

മപ്പതു്

ആദ്യത്തെ വ്യതിചലനത്തെ നാം പരിശോധിക്കുകയുണ്ടായി. ട്രോട്സ്കിസ്റ്റ് ആശയങ്ങളിലേയ്ക്കുള്ള, ആധുനിക കാലത്തെ സംബന്ധിച്ച മാർക്സിസ്റ്റ് വിശകലനമായോ സോഷ്യൽ ഡെമോക്രസിയുടെ പൊതുവിപ്ലവതന്ത്രങ്ങളുടെ അടിസ്ഥാനഘടകങ്ങളുമായോ യാതൊരു ബന്ധവുമില്ലാത്ത ആശയങ്ങളിലേയ്ക്കുള്ള വ്യതിയാനമാണിതെന്നും നാം കണ്ടുകഴിഞ്ഞു. ഇനി നമുക്ക് പുതുപ്രവർത്തനവേദിയുടെ രണ്ടാമത്തെ മൌലികസവിശേഷതയെ പരിശോധിച്ചുനോക്കാം.

ഈ സവിശേഷത പുതിയ കക്ഷി പ്രഖ്യാപിക്കുന്ന താഴെ പറയുന്ന ജോലിയാണ്: "തൊഴിലാളിവർഗ്ഗശാസ്ത്രം വളർത്തുക, തൊഴിലാളികൾക്കിടയിൽ യഥാർത്ഥ സുഹൃൽബന്ധം ശക്തിപ്പെടുത്തുക, തൊഴിലാളിവർഗ്ഗതത്വശാസ്ത്രം വളർത്തുക, തൊഴിലാളിവർഗ്ഗത്തിന്റെ ആശയാഭിലാഷങ്ങൾക്കും അനുഭവങ്ങൾക്കുമൊത്തവണ്ണം കലയെ രൂപപ്പെടുത്തുക" എന്നിവയുൾക്കൊള്ളുന്ന "പുതിയ തൊഴിലാളിവർഗ്ഗ"സംസ്കാരം സൃഷ്ടിക്കുകയും ബഹുജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുകയും ചെയ്യുക." (പേജ് 17)

കാര്യത്തിന്റെ യഥാർത്ഥമായ പൊരുളിനെ മറച്ചുപിടിക്കാൻ ഉതകുന്ന ബാലിശമായ തന്ത്രത്തിന്റെ ഒരു ഉദാഹരണമാണിതു്. "ശാസ്ത്ര"ത്തിനും "തത്വശാസ്ത്ര"ത്തിനും ഇടയിൽ "തൊഴിലാളികൾക്കിടയിൽ യഥാർത്ഥ സുഹൃൽബന്ധം ശക്തിപ്പെടുത്തുക" എന്ന വിഷയത്തെ കുത്തിത്തിരുകുന്നതു് യഥാർത്ഥത്തിൽ ബാലിശമല്ലേ? "യഥാർത്ഥ സുഹൃദ്ബന്ധങ്ങൾ അററുകളഞ്ഞു" വെന്നു് മററു ഗ്രൂപ്പുകൾക്കെതിരായി (പ്രാഥമികമായി അംഗീകൃത ബോൾഷേവിക്കുകൾക്കെതിരായി) പുതിയ ഗ്രൂപ്പിനുള്ള സങ്കല്പമാത്രങ്ങളായ ആവലാതികളും ആരോപണങ്ങളും അവരുടെ പ്രവർത്തനവേദിയിൽ ഉൾപ്പെടുത്തിയിരിക്കണം. ശരിയ്ക്കും അതാണു് മേൽപറഞ്ഞ രസകരമായ വകുപ്പിലെ യഥാർത്ഥമായ ആശയം.

മുപ്പത്തിരണ്ടു്

ഇവിടെ "തൊഴിലാളിവർഗ്ഗശാസ്ത്ര"ത്തിന്റെ കഥയും വളരെ സ്ഥാനംതെറ്റി പരുങ്ങലിലായി കാണുന്നു. ഒന്നാമതായി, ഒരേ ഒരു തൊഴിലാളിവർഗ്ഗശാസ്ത്രത്തെക്കുറിച്ചേ നമുക്കറിയൂ. അതു മാർക്സിസമാണ്. എന്തോ പ്രത്യേകകാരണത്താൽ, പ്രവർത്തനവേദി എഴുതിയുണ്ടാക്കിയവർ മാർക്സിസമെന്ന പദത്തെ —അതുമാത്രമാണ് ശരിയും കുറിക്കുകൊള്ളുന്നതുമായ പദം— കല്പിച്ചുകൂട്ടി വർജ്ജിക്കുകയും പകരം എല്ലായിടത്തും "ശാസ്ത്രീയ സോഷ്യലിസ"മെന്ന പദമുപയോഗിക്കുകയും ചെയ്യുന്നു (പേ: 13, 15, 16, 20 21) മാർക്സിസത്തെ തുറന്നെതിർക്കുന്നവർ പോലും ആ വാക്കാണുപയോഗിക്കുന്നതെന്ന് എല്ലാവർക്കുമറിയാം. രണ്ടാമതായി "തൊഴിലാളിവർഗ്ഗശാസ്ത്രത്തെ' വളർത്തുകയെന്നതു ഒരു കടമയായി പ്രവർത്തനവേദിയിൽ ഉൾപ്പെടുത്തുന്ന പക്ഷം ഏതൊരു സിദ്ധാന്തപരമായ, താത്വികമായ സമരമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നതെന്നും ആ സമരത്തിൽ പ്രവർത്തനവേദിയുടെ കർത്താക്കന്മാർ ആരുടെ ഭാഗത്താണെന്നും വ്യക്തമായി പ്രസ്താവിക്കേണ്ടതു് ആവശ്യമാണ്. ഇക്കാര്യത്തെസംബന്ധിച്ച മൌനം ബാലിശമായ ഒളിച്ചുകളിയാണ്, കാരണം 1908–09 കാലഘട്ടത്തിലെ സോഷ്യൽ ഡെമോക്രാറ്റിക്ക് സാഹിത്യവുമായി പരിചയമുള്ള എല്ലാവർക്കും കാര്യത്തിന്റെ പൊരുളെന്തെന്ന് വ്യക്തമായറിയാം. നമ്മുടെ ഈ കാലഘട്ടത്തിൽ മാർക്സിസ്റ്റുകാരും മാക്കിസ്റ്റുകാരും തമ്മിൽ സയൻസ്, പ്രത്യയശാസ്ത്രം, കല എന്നീ രംഗങ്ങളിൽ തുറന്ന സമരം നടന്നുകൊണ്ടിരിക്കുന്നുണ്ട്. പരക്കെ അറിയാവുന്ന ഈ വസ്തുതയുടെ നേർക്കു കണ്ണടയ്ക്കുന്നതു് കുറഞ്ഞതു പരിഹാസ്യമെങ്കിലുമാണ്. അഭിപ്രായവ്യത്യാസങ്ങൾ മൂടിവെയ്ക്കാനല്ല, വിശദീകരിയ്ക്കാനാണ് "പ്രവർത്തനവേദികൾ" എഴുതിയുണ്ടാക്കേണ്ടതു്.

പ്രവർത്തനവേദിയുടെ കർത്താക്കൾ മേലുദ്ധരിച്ച ഭാഗങ്ങളിലൂടെ നിഷ്പ്രയാസം തുറന്നു കാണിയ്ക്കപ്പെടുന്നു. "തൊഴിലാളിവർഗ്ഗ

തത്വശാസ്ത്ര"മെന്നതുകൊണ്ടു വാസ്തവത്തിൽ വിവക്ഷിതമായിട്ടുള്ളതു് മാക്കിസമാണെന്നു് എല്ലാവക്കുമറിയാം. ബുദ്ധിയുള്ള ഏതു സോഷ്യൽ ഡെമോക്രാറ്റും ഈ പുതിയ കള്ളപ്പേര് പെട്ടെന്നു കണ്ടുപിടിക്കും. ഇങ്ങനെ കള്ളപ്പേരു ചമച്ചതുകൊണ്ടോ അതിന്റെ പിന്നിൽ സ്വയം ഒളിക്കുന്നതുകൊണ്ടോ യാതൊരു കാര്യവുമില്ല. സത്യത്തിൽ ഈ പുതിയ ഗ്രൂപ്പിന്റെ ഏററവും സ്വാധീനമുള്ള സാഹിത്യപരമായ കേന്ദ്രശക്തി മാക്കിസമാണു്. മാക്കിസ്റ്റല്ലാത്ത പ്രത്യയശാസ്ത്രത്തെ അവർ "തൊഴിലാളിവർഗ്ഗ"തരമായി കണക്കാക്കുന്നു.

പ്രവർത്തനവേദിയിൽ ഇതിനെപ്പററി പറയണമെന്നുണ്ടായിരുന്നുവെങ്കിൽ അവർ പറയേണ്ടതിങ്ങനെയായിരുന്നു: പ്രത്യയശാസ്ത്രത്തിലും കലയിലും "തൊഴിലാളിവർഗ്ഗ"തരമായ അതായതു് മാക്കിസ്റ്റല്ലാത്ത തത്വങ്ങൾക്കെതിരായി സമരം ചെയ്യുന്ന എല്ലാവരേയും പുതിയ ഗ്രൂപ്പ് ഒരുമിച്ചു സംഘടിപ്പിക്കുന്നു. ആശയരംഗത്തു സുവിദിതമായിക്കഴിഞ്ഞ ഒരു പ്രവണതയെ സംബന്ധിച്ചു വളച്ചുകെട്ടില്ലാത്തതും സത്യസന്ധവുമായ പരസ്യപ്രഖ്യാപനവും മററു പ്രവണതകൾക്കെതിരായ തുറന്ന വെല്ലുവിളിയുമാകുമായിരുന്നു അത്തരമൊരു പ്രസ്താവന. സിദ്ധാന്തപരമായ സമരം പാർട്ടിയെസംബന്ധിച്ചിടത്തോളം അതിപ്രധാനമാണെന്നു സമ്മതിച്ചിരിക്കേ ഒളിച്ചിരിക്കുകയല്ല, തുറന്ന സമരപ്രഖ്യാപനവുമായി മുന്നോട്ടു വരികയാണു് ചെയ്യേണ്ടതു്.

പ്രത്യയശാസ്ത്രരംഗത്തു മാർക്സിസത്തിന്നെതിരായി പ്രവർത്തനവേദിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പരോക്ഷമായ സമരപ്രഖ്യാപനത്തിന്നു് വ്യക്തവും ഖണ്ഡിതവുമായ മറുപടി കൊടുക്കുവാൻ ഞങ്ങൾ എല്ലാവരോടും ആഹ്വാനം ചെയ്യും. വാസ്തവത്തിൽ "തൊഴിലാളിസംസ്കാരത്തെ"ക്കുറിച്ചുള്ള വാഗ്ജാലമെല്ലാം മാർക്സിസത്തിന്നെതിരായ സമരത്തെ മറച്ചുപിടിക്കാനുള്ള

വെറുമൊരു മറയാണ്. പ്രത്യയ ശാസ്ത്രത്തിൽ ഏതു പ്രവണതയ്ക്കു വേണ്ടിയാണു വാദിയ്ക്കുന്നതെന്നു തുറന്നു പ്രസ്താവിയ്ക്കാതെ തങ്ങളുടെ പാർട്ടി പ്രവർത്തനവേദിയിൽ പ്രത്യയശാസ്ത്രത്തെ ഉൾക്കൊള്ളിച്ചിരിക്കുന്നുവെന്നതാണ് ഈ പുതിയ ഗ്രൂപ്പിന്റെ "അനന്യസാധാരണ"മായ സ്വഭാവം.

പ്രവർത്തനവേദിയിൽനിന്നു് മുകളിലുദ്ധരിച്ച ഭാഗങ്ങളുടെ യഥാർത്ഥമായ ഉള്ളടക്കം പൂർണ്ണമായും നിഷേധാത്മകമാണെന്നു് പറയുന്നതു് തെററായിരിക്കുമെന്നു് പ്രാസംഗികമായി പ്രസ്താവിച്ചുകൊള്ളട്ടെ. അവക്കു് ഗുണാത്മകമായ, പ്രയോജനപ്രദമായ ഒരു ഉള്ളടക്കവുമുണ്ടു്. ഈ ഉള്ളടക്കം മാക്സിംഗോർക്കി എന്ന ഒരൊററ പേരിൽ അടങ്ങിയിരിക്കുന്നു.

ഗോർക്കി ഈ പുതിയ ഗ്രൂപ്പിന്റെ അനുയായികളിലൊരാളാണെന്ന വസ്തുത തീർച്ചയായും മറച്ചുവെക്കേണ്ടതില്ല. ഈ വസ്തുത (വളച്ചൊടിച്ചാണെങ്കിലും) ബൂർഷ്വാപത്രങ്ങൾ പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ടു്. ഗോർക്കി നിസ്സംശയമായും തൊഴിലാളി വർഗ്ഗകലയുടെ ഏററവും മഹാനായ പ്രതിനിധിയാണു്. ഈ കലക്കുവേണ്ടി വളരെയധികം അദ്ദേഹം ചെയ്തിട്ടുണ്ടു്, ഭാവിയിൽ ഇതിലുമേറെ ചെയ്യാനുള്ള കഴിവും അദ്ദേഹത്തിനുണ്ടു്. ഗോർക്കി ഒരു മെമ്പറാവുന്നതു് സോഷ്യൽ ഡെമോക്രാററിക്കു് പാർട്ടിയിലെ ഏതു ഗ്രൂപ്പിന്നും ന്യായമായും അഭിമാനാവഹമാണു്. എന്നാൽ അതിന്റെപേരിൽ പ്രവർത്തനവേദിയിൽ "തൊഴിലാളി വർഗ്ഗ"കലയെ ഉൾപ്പെടുത്തുന്നതിന്റെ ഫലം ആ പ്രവർത്തനവേദിയ്ക്കു് ദാരിദ്ര്യത്തിന്റെ സർട്ടിഫിക്കററു് നൽകുകയും അങ്ങനെ ചെയ്യുന്ന ഗ്രൂപ്പിനെ വെറുമൊരു സാഹിത്യഗ്രൂപ്പായി ചുരുക്കി തരം താഴ്ത്തുകയുമാണു്; മാത്രമല്ല അതവരുടെതന്നെ "പ്രാമാണ്യഭാവത്തെ" തുറന്നുകാണിക്കുന്നതിൽ ചെന്നവസാനിക്കുകയും ചെയ്യുന്നു. ....എന്തിനെപ്പററിയാണു് പറയുന്നതെന്നു് നേരിട്ടു വ്യക്തമാ

ക്കാതെ ഈ "പ്രവത്തനവേദി"യുടെ കത്താക്കന്മാർ ആരുടെയും ആധികാരികത്വവും പ്രാമാണ്യപദവിയും അംഗീകരിക്കുന്നതിനെതിരായി വളരെയധികം ഘോഷംകൂട്ടുന്നുണ്ട്. വാസ്തവമിതാണ്: പ്രത്യയശാസ്ത്രരംഗത്ത് ബോൾഷേവിക്കുകൾ ഭൌതികവാദത്തിന്നുവേണ്ടി വാദിക്കുകയും ഒാട്സോവിസത്തിന്നെതിരായി സമരം ചെയ്യുകയുംചെയ്യുന്നതിനെ "പ്രാമാണിക"രായ ചില വ്യക്തികളുടെ കൈവേലയായിട്ടാണ് അവർ കാണുന്നത്. (ഗൌരവപ്പെട്ട കാര്യത്തെക്കുറിച്ച് ചെറുതായൊരു സൂചന) ഈ പ്രാമാണികരെ മാക്ക്സത്തിന്റെ ശത്രുക്കൾ "അന്ധമായി വിശ്വസിക്കുന്നു"വെന്നും അവർ പറയുന്നു. ഇത്തരം വാശ്വാടി വെറും ബാലിശമാണെന്ന് എല്ലവക്കും വ്യക്തമാണ്. എന്നാൽ പ്രാമാണികരെ ദുരുപയോഗപ്പെടുത്തുന്നത് പെയ്യോഡിസ്റ്റുകളല്ലാതെ മററാരുമല്ല. തൊഴിലാളികളുടെ രംഗത്തിൽ ഗോക്കി ഒരു പ്രാമാണികനാണ്—അതിന്നു സംശയമില്ല. ഈ പ്രാമാണികത്വത്തെ മാക്കിസത്തേയും ഒട്സോവിസത്തേയും താങ്ങിനിത്തുവാൻ "ഉപയോഗിക്കുന്നതു്" (സിദ്ധാന്തപരമായ അത്ഥത്തിൽ) പ്രാമാണികത്വത്തെ എന്തിന്നുവേണ്ടി ഉപയോഗിക്കരുതു് എന്നു കാണിക്കുന്നതിന്നുള്ള നിഷേധപരമായ ഒരു ദൃഷ്ടാന്തമാണ്.

മാക്കിസത്തോടും ഒട്സോവിസത്തോടും അനുഭാവമുള്ളവനെങ്കിലും ഗോക്കി തൊഴിലാളിവഗ്ഗകലയുടെ രംഗത്തിൽ വമ്പിച്ച ഒരു മുതൽക്കൂട്ടാണ്. എന്നാൽ പാട്ടിക്കുള്ളിൽ മാക്കിസ്റ്റുകളുടെയും ഒട്സോവിസ്റ്റുകളുടെയും പ്രത്യേക ഗ്രൂപ്പുണ്ടാക്കുകയും തൊഴിലാളിവഗ്ഗകലയെന്നു പറയപ്പെടുന്ന ഒന്നിന്റെ വികസനത്തെ ആ ഗ്രൂപ്പിന്റെ പ്രത്യേകമായി മുന്നോട്ടുവെക്കുകയുംചെയ്യുന്ന ഈ പ്രവത്തനവേദി സോഷ്യൽ ഡെമോക്രസിയുടെ തൊഴിലാളിവഗ്ഗപ്രസ്ഥാനത്തിന്റെ വളച്ചയെ ബാധിക്കുന്ന ഒരു നിഷേധശക്തിയാണ്. എന്തുകൊണ്ടെന്നാൽ അതിപ്രാമാണികനായ

ഓറാം തൊഴിലാളിവർഗ്ഗത്തിന്നു നൽകുന്ന മഹത്തായ സേവനത്തിൻെറ ദുർബ്ബലവും നിഷേധപരവുമായ വശത്തെ കൂട്ടതൽ ഉറപ്പിക്കാനും ഉപയോഗിക്കാനുമാണു് ഈ പ്രവർത്തനവേദി ആഗ്രഹ ക്കുന്നതു്.

| | | |
|---|---|---|
| ഡിസ്കൂഷനി ലിസ്റ്റോക്കിൻെറ 1910 മാർച്ച് 6 (19), മാർച്ച് 29 (ജൂൺ 7) എന്നീ തിയ്യതികളിലെ ലക്കങ്ങളിൽ പ്രസിദ്ധപ്പെടുത്തിയതു്. | } | 16ാംവാള്യം |
| ലെനിൻ (ഒപ്പ്) | | കളക്റ്റഡ് വർക്സിലെ 204–67പേജുകൾ |

## "ഇനിയും മറെറാരു ജനാധിപത്യവിരുദ്ധ പ്രക്ഷോഭണം" എന്ന ലേഖനത്തിൽനിന്ന്

ചരിത്രമാററത്തിൻെറ പ്രവണതകൾ അടിമുടി വ്യാപിച്ചു കഴിഞ്ഞിട്ടുള്ള ലിബറൽ ബൂർഷ്വാസമുദായത്തിൽ വേക്കി എന്ന കുപ്രസിദ്ധമായ ആ പ്രസിദ്ധീകരണത്തിന്ന് വമ്പിച്ച പ്രചാരവും സ്വാഗതവും ലഭിക്കുകയുണ്ടായി. എന്നാൽ ജനാധിപത്യച്ചരിത്രയിൽ ആ പ്രസിദ്ധീകരണത്തെ ശരിയായ പ്രത്യാഖ്യാനംകൊണ്ടു നേരിടുകയോ നിഷ്കൃഷ്ടമായി വിലയിരുത്തുകയോ ചെയ്തിട്ടില്ല.

"നിയമവിധേയമായി" പത്രങ്ങൾ നടത്തുന്നതിനെ മിക്കവാറും പരിപൂർണ്ണമായി അടിച്ചമർത്തിക്കൊണ്ടിരുന്ന ഒരു കാലത്താണ് വേക്കിക്ക് വിജയം സിദ്ധിച്ചതു് എന്നതാണ് മേല്പറഞ്ഞതിന്ന് ഒരു കാരണം.

ഇപ്പോഴിതാ മി: ഷെപ്പിറേറവ് റുസ്ക്കയമിസിൽ22 എന്ന മാസികയിൽ [illegible]വേക്കി ആശയങ്ങളെ ഒന്നുകൂടി തുടച്ചുമിനുക്കി അവതരിപ്പിച്ചിരിക്കുന്നു. ചോദിമാററക്കാരുടെ നേതാവായ മി: പി. ബി. സ്ട്രൂവ് നടത്തുന്ന വേക്കി പ്രസിദ്ധീകരണത്തെസംബന്ധിച്ചേടത്തോളം ഇതു് തികച്ചും സ്വാഭാവികമാണ്. എന്നാൽ ജനാധിപത്യവാദികളെ—പ്രത്യകിച്ചു് തൊഴിലാളി ജനാധിപത്യവാദികളെ—സംബന്ധിച്ചേടത്തോളം അതുതന്നെ സ്വാഭാവികമാണു്, വേക്കിക്കൂട്ടരോട അവക്കുള്ള കടം കുറച്ചെങ്കിലും വീട്ടുകയെന്നതു്.

# I

പാരീസ്സിലെ റഷ്യക്കാരെപ്പററി "ഫ്രാൻസിൽനിന്നൊരു കത്തു്" എന്ന എളിയ രൂപത്തിലാണു് മി: ഷെപ്പിറേറാവ് എഴുതുന്നതു്. എന്നാൽ ഈ എളിയ രൂപത്തിന്റെ മറവിൽ യഥാർത്ഥത്തിലുള്ളതു് 1905ലെ റഷ്യൻവിപ്ലവത്തേയും റഷ്യൻ ജനാധിപത്യത്തേയുംകുറിച്ചു വ്യക്തമായി നടത്തിയിരിക്കുന്ന ഒരു ചർച്ചയാണു്.

"അസ്വാസ്ഥ്യജനകമായ (ഓ! കഷ്ടംതന്നെ, ആക്രാണസ്വാസ്ഥ്യം, ബഹുമാന്യനായ ലിബറലേ!) വിഷമംനിറഞ്ഞ, സർവ്വത്ര കുഴപ്പംപിടിച്ച ആ 1905 എല്ലാവരുടേയും സ്മരണയിൽ പച്ചവിടാതെ നില്ക്കുന്നു...."

"വിഷമംനിറഞ്ഞതും സർവ്വത്ര കുഴപ്പംപിടിച്ചതും!" ഇങ്ങനെ എഴുതാൻ കഴിയണമെങ്കിൽ ഒരാളുടെ ആത്മാവിൽ എത്ര ചളിയും ചവറും നിറഞ്ഞിരിക്കണം. 1848ലെ വിപ്ലവത്തെ എതിർത്തിരുന്ന ജർമ്മൻകാർ ആ കൊല്ലത്തെ "ഭ്രാന്തുപിടിച്ച" കൊല്ല

മെന്നു വിളിക്കുകയുണ്ടായി. അതേ ആശയമാണു്, അതേ മൂഢവും നീചവുമായ ഭീരുതയാണു് റുസ്കയാമിസിലിൽ എഴുതിക്കൊണ്ടു ഈ റഷ്യൻകാഡററും പ്രകടമാക്കുന്നതു്.

ഏററവും വസ്തുനിഷ്ഠവും "അകൃത്രിമലളിത"വുമായ ഏതാനും വസ്തുതകൾ നിരത്തിക്കൊണ്ടു നമുക്കിയാളെ നേരിടാം. അക്കാലത്തു (1905ൽ) മുമ്പുണ്ടാകാത്തവണ്ണം കൂലി വൎദ്ധിക്കുകയും വസ്തുക്കൾക്കുള്ള പാട്ടം താഴുകയും ചെയ്തിരുന്നു. വീട്ടുജോലിക്കാരുടേതുൾപ്പെടെ പലതരം തൊഴിലാളിസംഘങ്ങൾ അഭൂതപൂൎവ്വമാംവണ്ണം മുന്നേറിക്കൊണ്ടിരുന്നു. ജനങ്ങൾ, "താണപടി"യിലുള്ള ബഹുജനങ്ങൾ കൂട്ടംകൂട്ടമായി അതേവരെ റഷ്യയിൽ കാണാത്ത ആൎത്തിയോടുകൂടി രാഷ്ട്രീയവിഷയങ്ങളെക്കുറിച്ചു ലക്ഷക്കണക്കിലുള്ള വിലകുറഞ്ഞ പ്രസിദ്ധീകരണങ്ങൾ വായിച്ചുകൊണ്ടിരുന്നു.

വളരെ പണ്ടു് നക്രാസോവു് മതിമറന്നു പാടുകയുണ്ടായി:

"ജനങ്ങൾ ബ്ലൂച്ചറിന്റേയോ മററു നിസ്സാരനായ വല്ല പ്രഭുവിന്റേയോ പുസ്തകങ്ങൾ വാങ്ങാതിരിക്കുകയും ഗോഗോളിന്റേയും ബലിൻസ്കിയുടെയും കൃതികൾ മാക്കററ്സ്റ്റാളുകളിൽനിന്നു വാങ്ങിക്കൊണ്ടുവരികയുംചെയ്യുന്ന ഒരു കാലം എന്നെങ്കിലും ഉണ്ടാവില്ലേ? (ചിരപ്രതീക്ഷിതമായ ആ കാലമേ! വേഗം വന്നാലും വേഗംവന്നാലും) 23.

പഴയ റഷ്യൻജനാധിപത്യവാദികളിലൊരാൾ പ്രത്യാശാപൂൎവ്വം പേൎത്തുപേൎത്തു കാത്തിരുന്ന ആ "കാലം" സമാഗതമായിക്കഴിഞ്ഞു. കച്ചവടക്കാർ ഓട്സ് എന്ന ധാന്യത്തിന്റെ വില്പന നിൎത്തി വിലകുറഞ്ഞ ജനാധിപത്യലഘുലേഖകൾ വില്ക്കുകയെന്ന കൂടുതൽ ലാഭകരമായ വ്യാപാരത്തിലേൎപ്പെട്ടു. ജനാധിപത്യത്തെക്കുറിച്ച ഗ്രന്ഥങ്ങൾ മാക്കററിലെ ഉല്പന്നങ്ങളായി. ബലിൻസ്കിയു

ടെയും ഗോഗോളിൻെറയും ആശയങ്ങളും സിദ്ധാന്തങ്ങളും— ഈ ആശയങ്ങളാണ് അവയുടെ കർത്താക്കളെ റഷ്യയിലെ ഏതൊരു മാന്യനുമെന്നപോലെ നെക്രാസോവിന്നും പ്രിയങ്കരരാക്കിയതു് —ഈ പുതിയ സാഹിത്യമാർക്കറ്റിലുടനീളം അതിവേഗം പ്രചരിച്ചു.

അഭ്യസ്തവിദ്യനെന്ന നാട്യമുണ്ടെങ്കിലും വാസ്തവത്തിൽ സ്വയംതൃപ്തിയും ധന്യതയും നടിക്കുകയും ചെടിപ്പു തോന്നിക്കുകയും ചെയ്യുന്ന വൃത്തികെട്ട ഒരു പൊണ്ണത്തടിയനാണ് ലിബറൽ പന്നി. ജനങ്ങൾ മാർക്കറ്റിൽനിന്ന് ഗോഗോളിന്നുള്ള ബെലിൻസ്കിയുടെ കത്തു് വാങ്ങിക്കൊണ്ടുവരുന്നതു് കണ്ടപ്പോൾ ആ സത്വം മുക്രയിടുകയാണ്: ഹൌ എന്തൊരു "വിഷമം, ശല്യം!"

കൃത്യമായി പറഞ്ഞാൽ "ബുദ്ധിജീവി"യിൽനിന്നുള്ള വെറുമൊരു കത്താണതു്. നെവോയെപ്രേമ്യയിലെ റൊസാനോവിൽനിന്നും അന്തോണിയിൽനിന്നും വൊളീനിയയിലെ ബിഷപ്പിൽനിന്നും ഉച്ചത്തിലുള്ള കരഘോഷമുയർത്തിക്കൊണ്ടു് വെക്കി വിളംബരപ്പെടുത്തി.

ഏററവുംനല്ല നരോഡ്നിക്കുകളുടെ കൂട്ടത്തിലുള്ള ജനാധിപത്യവാദി പറയും: എന്തൊരു അപമാനകരമായ കാഴ്ച! ഞങ്ങൾ കൂട്ടിച്ചേർക്കും: എന്തൊരു വിജ്ഞാനപ്രദമായ കാഴ്ച! ജനാധിപത്യപ്രശ്നങ്ങളെക്കുറിച്ചു് അമിതമായ വികാരാവേശംകൊള്ളുന്നവരെ ഈ കാഴ്ച എത്രമേൽ സ്വസ്ഥരാക്കുന്നു! ഒബ്ലോമോവ് മനോഭാവക്കാരുടെ ചീഞ്ഞളിഞ്ഞ വ്യാമോഹങ്ങളെ നിർദ്ദയം തുടച്ചെറിഞ്ഞുകൊണ്ടു് ഉജ്ജീവത്തും സുശക്തവുമായ ജനാധിപത്യഘടകങ്ങളെ അതെത്രമേൽ ദൃഢീകരിക്കുന്നു!

നാല്പതു്

ലിബറൽ വാദത്തിന്റെ മോഹവലയത്തിൽച്ചെന്നു കടുങ്ങിയവർക്കു് അതിൽനിന്നു് പുറത്തുവരാൻ ഇടയാകുന്നതു് വളരെ നല്ലതാണു്. റഷ്യൻലിബറലിസത്തിന്റെ ആദ്യചരിത്രം ഓർമ്മിയ്ക്കുന്നവർ ജനാധിപത്യവാദിയായ ചെർണിഷേവ്സ്കിയോടുള്ള ലിബറൽ കവേലിന്റെ മനോഭാവത്തിൽ, റഷ്യൻ ബഹുജനങ്ങളുടെ ജനാധിപത്യപ്രസ്ഥാനത്തോടു ലിബറൽ ബൂർഷ്വാസിയുടെ കാഡററുപാർട്ടി കൈക്കൊണ്ട മനോഭാവത്തിന്റെ ശരിയായ മൂലരൂപം കണ്ടെത്തുമെന്നു് തീർച്ചയാണു്. റഷ്യയിലെ ലിബറൽ ബൂർഷ്വാസി "അവനവനെ" അല്ലെങ്കിൽ സ്വന്തം വാലിനെ കണ്ടെത്തിയിരിക്കുന്നു, റഷ്യൻ ജനാധിപത്യവാദികൾ അവരുടെ വാലിനെ കണ്ടെത്തേണ്ട സമയമായില്ലേ?

ഷെപ്പിദററവ്, സ്ട്രൂ., ഗ്രദസ്കൂൾ, ഇസ്ഗോയേവ് എന്നിവരും കാഡററു കൂട്ടുകെട്ടിലെ മററംഗങ്ങളും നെക്രാസോവു്, ഷെഡ്രിൻ മുതലായവരുടെ വാലിൽ തൂങ്ങുന്ന കാഴ്ച പ്രത്യേകിച്ചു സഹിക്കാനാവാത്തതാണു്. വ്യക്തിയെന്ന നിലയിൽ ദുർബ്ബലനായിരുന്ന നെക്രാസോവു് ചെർണിഷേവ്സ്കിക്കും ലിബറലുകൾക്കുമിടക്കു കിടന്നു് ചാഞ്ചാടിയിരുന്നു; എന്നിരിയ്ക്കിലും അദ്ദേഹത്തിന്നു് അനുഭാവം മുഴുവൻ ചെർണിഷേവ്സ്കിയോടായിരുന്നു. ലിബറൽ ദാസ്യഭാവത്തിന്റെ അപസ്വരം ചിലപ്പോൾ നെക്രാസോവിൽ നിന്നു കേട്ടുകൊണ്ടിരുന്നു; പക്ഷെ, അതിലദ്ദേഹം കഠിനമായി പരിതപിക്കുകയും പരസ്യമായി പശ്ചാത്തപിക്കുകയും ചെയ്തിരുന്നു.

"വിധിയുടെ ഇരിമ്പുമുഷ്ടിയിൽപ്പെട്ടു് ചിലപ്പോൾ എന്റെ ഗാനങ്ങളിൽ അപസ്വരം വന്നു പെട്ടിട്ടുണ്ടാമെങ്കിലും ഒരിയ്ക്കലും ഞാനെന്റെ വീണ വിററിട്ടില്ല"24.

താനിടയ്ക്കു ചെയ്തിരുന്ന കുററത്തെ—ലിബറൽ ദാസ്യഭാവത്തിന്റെ പ്രകടനത്തെ—"അപസ്വര"മെന്നാണു് നെക്രാസോവ്

3

നാല്പതിലന്നു്

ത്തന്നെ വിളിക്കുന്നത്. ഷെഡ്രിനാകട്ടെ, ലിബറലുകളെ നിർദ്ദയം അപഹസിക്കുകയാണ് ചെയ്തത്. "ഹീനമായ അടിമഭാവത്തിന്നു വഴങ്ങുന്നവരെ"25 ന്ന അധിക്ഷേപപദം കൊണ്ട് അദ്ദേഹം അവരുടെ മേൽ എന്നെന്നേയ്ക്കുമായി മുദ്രകുത്തി.

ഷെപ്പിറേറവിനേയും ഗ്രേഡ്സ്കൂളിനേയും മററു* വേക്കിജനങ്ങളേയും സംബന്ധിച്ചിടത്തോളം ഈ അധിക്ഷേപപദം പഴകി അപര്യാപ്തമായിക്കഴിഞ്ഞിരിക്കുന്നു. ഈ മാന്യന്മാർക്ക് അടിമമനോഭാവമുണ്ടോ എന്നതു് പ്രശ്നമേ അല്ലാതായിരിക്കുന്നു. പരിഷ്കരിച്ച കാന്റിയൻ മതത്തിൻേറയും26 ഫാഷനായിക്കഴിഞ്ഞിട്ടുള്ള മററു "യൂറോപ്യൻ" സിദ്ധാന്തങ്ങളുടേയും അടിസ്ഥാനത്തിൽ അവർ സ്വന്തമായി സ്വന്തം രീതിയിൽതന്നെ അടിമമനോഭാവത്തെക്കുറിച്ചൊരു സിദ്ധാന്തം ഉണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു.

| | | |
|---|---|---|
| 1912 സപ്പ: 2, 9 തിയതികളിലെ നെവ്സ്കയ സ്വെസ്ദയുടെ 24, 25 ലക്കങ്ങളിൽ ലെനിൻ ഒപ്പിട്ടതു്. | ) | കളക്ടഡ് വർക്ക്സ് വാള്യം 18, പേജ് 312—14 |

---

* ഗ്രേഡ്സ്കളും മിലൂക്കോവും കൂട്ടരും വേക്കിയുമായി വാഗ്വാദം നടത്തിയല്ലോ എന്നു ചോദിച്ചേക്കാം. ശരിയാണ്, അവരങ്ങനെ ചെയ്തു. പക്ഷെ എന്നിട്ടും അവർ വേക്കികളല്ലാതായില്ല. 85-ാം ലക്കം പ്രവദ നോക്കുക (കളക്ടഡ് വർക്ക്സ് വാള്യം 18, പേ: 254-55 പ്രസാധകൻ.)

## മാർക്സിസത്തിൻെറ മൂന്നുറവിടങ്ങളും മൂന്നു ഘടകങ്ങളും

ഔദ്യോഗികവും ലിബറലുമായ ബൂർഷ്വാശാസ്ത്രങ്ങളെല്ലാം മാർക്സിസത്തെ ഒരുതരം "വിനാശകാരിയായ ഷഡ്ഗ്രശകം"യായി കണക്കാക്കുന്നു. അതുകൊണ്ടുതന്നെ പരിഷ്കൃതലോകത്തിലുടനീളം മാർക്സിൻെറ പഠനങ്ങൾ അവയുടെ കടുത്ത വിദ്വേഷത്തിന്നും വെറുപ്പിന്നും വിഷയമാകുന്നു. മറെറാരു മനോഭാവം പ്രതീക്ഷിക്കേണ്ടതില്ല; കാരണം വർഗ്ഗസമരാധിഷ്ഠിതമായ സമുദായത്തിൽ "നിഷ്പക്ഷ"മായ സാമൂഹ്യശാസ്ത്രമെന്നൊന്നു് ഉണ്ടാകുവാൻ വയ്യ. ഔദ്യോഗികവും ലിബറൽ സ്വഭാവവുമുള്ള സാമൂഹ്യശാസ്ത്രങ്ങൾ ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ കൂലിയടിമത്തത്തെ ന്യായീകരിക്കുന്നു; മാർക്സിസമാകട്ടെ, ആ അടിമത്തത്തോടു വിട്ടുവീഴ്ചയില്ലാത്ത നിരന്തരസമരം പ്രഖ്യാപിച്ചിരിക്കുകയാണു്. കൂലിയടിമസമുദായത്തിൽ ശാസ്ത്രം നിഷ്പക്ഷമാക

മെന്നു പ്രതീക്ഷിക്കുന്നതും ലാഭം കുറച്ചുകൊണ്ടു തൊഴിലാളികളുടെ കൂലി കൂട്ടുക എന്ന പ്രശ്നത്തിൽ വ്യവസായോടമകൾ നിഷ്പക്ഷരായിരിക്കുമെന്നു പ്രതീക്ഷിയ്ക്കുന്നതുപോലെ വിഡ്ഢിത്തവും ബാലിശവുമാണു്.

എന്നാൽ മറെറാന്നുകൂടി ഇതോടൊപ്പം പറയേണ്ടതുണ്ടു്. വളരാൻ വയ്യാതെ കല്ലിച്ചുപോയതും ലോകസംസ്കൃതിയുടെ രാജവീഥിയിൽനിന്നു് അകന്നു രൂപമെടുത്തതുമായ തത്വസമുച്ചയമെന്നർത്ഥത്തിൽ മാർക്സിസം തീരെ "വിഭാഗീയ"മല്ല. തത്വശാസ്ത്രത്തിൻെറ ചരിത്രവും സാമൂഹ്യശാസ്ത്രത്തിൻെറ ചരിത്രവും ഇക്കാര്യം തികച്ചും വ്യക്തമാക്കുന്നുണ്ടു്. നേരെമറിച്ചു്, മനുഷ്യസമുദായത്തിലെ ഏററവും ഉന്നതരായ വ്യക്തികൾ ചോദിച്ചുകഴിഞ്ഞിരുന്ന ചോദ്യങ്ങൾക്കു് സമാധാനം കണ്ടെത്തിയെന്നതാണു് മാർക്സിൻെറ പ്രതിഭാവിലാസം. ഏററവും പ്രഗത്ഭരായ തത്വശാസ്ത്രകാരന്മാരുടേയും ധനശാസ്ത്രകാരന്മാരുടേയും സോഷ്യലിസ്റ്റു ചിന്തകരുടേയും സിദ്ധാന്തങ്ങളുടെ തുടർച്ചയായാണു് മാർക്സിൻെറ ആ സിദ്ധാന്തം ആവിഷ്ക്കരിക്കപ്പെട്ടതു്.

മാർക്സിസത്തിൻെറ ശക്തി അനന്തമാണു്; കാരണം, അതു സത്യമാണു്. ആ സിദ്ധാന്തം സമഗ്രവും സംഘടിതവുമാണു്; എല്ലാതരം അന്ധവിശ്വാസത്തോടും പിന്തിരിപ്പത്തത്തോടും ബൂർഷ്വാമർദ്ദനത്തിൻെറ സംരക്ഷണത്തോടും രാജിയാവാത്ത സുസംബന്ധമായ ലോകവീക്ഷണം നമുക്കു് അതുണ്ടാക്കിത്തരുന്നു. ജർമ്മൻ തത്വശാസ്ത്രവും ഇംഗ്ലീഷ് ധനശാസ്ത്രവും ഫ്രഞ്ച് സോഷ്യലിസവും 19-ാംനൂററാണ്ടിൽ മനുഷ്യൻ നേടിയ ഏററവും മുന്തിയ നേട്ടങ്ങളാണു്. ആ നേട്ടങ്ങളുടെ ശരിയായ അവകാശിയാണു് മാർക്സിസം.

മാർക്സിസത്തിൻെറ ഈ മൂന്നുവിടങ്ങളേയും ഘടകങ്ങളേയുമാണു് നാമിപ്പോൾ ചുരുക്കി വിവരിക്കുന്നതു്.

# I

മാർക്സിന്റെ തത്വശാസ്ത്രം ഭൗതികവാദപരമാണ്. ആധുനിക യൂറോപ്യൻ ചരിത്രത്തിലാകെ എല്ലാത്തരം മദ്ധ്യകാല ജീർണ്ണാവശിഷ്ടങ്ങൾക്കെതിരായും സ്ഥാപനങ്ങളിലും ആശയരംഗത്തും അഴകിപ്പിടിച്ചിരുന്ന അടിയായ്മക്കെതിരായും സുദൃഢമായ സമരം നടത്തിയിരുന്ന പതിനെട്ടാം നൂററാണ്ടിന്റെ അവസാനകാലത്ത് ഫ്രാൻസിൽ പ്രത്യേകിച്ചും പ്രകൃതിശാസ്ത്രസിദ്ധാന്തങ്ങൾക്കനുസൃതമായും അന്ധവിശ്വാസങ്ങൾക്കും കപടവാദങ്ങൾക്കും മററുമെതിരായും സുസ്ഥിരമായ നിലപാടെടുത്ത ഒരേ ഒരു തത്വശാസ്ത്രം ഭൗതികവാദം മാത്രമായിരുന്നു. അതുകൊണ്ടു ജനാധിപത്യശത്രുക്കൾ ഭൗതികവാദത്തെ "ഖണ്ഡിക്കാ"നും തുരങ്കംവെയ്ക്കുവാനും അപവാദപ്പെടുത്തുവാനും കിണഞ്ഞു പരിശ്രമിക്കുകയും നാനാതരം ആശയവാദപരമായ തത്വശാസ്ത്രങ്ങളുന്നയിക്കുകയും ചെയ്തു. ഈ തത്വശാസ്ത്രങ്ങളെല്ലാംതന്നെ ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ മതത്തെ അനുകൂലിക്കുന്നവയും ന്യായീകരിക്കുന്നവയുമായിരുന്നു.

മാർക്സും എംഗൽസും ഭൗതികവാദത്തിനുവേണ്ടി ഉറച്ചുനിന്നു വാദിക്കുകയും ഭൗതികവാദത്തിൽനിന്നുള്ള ഓരോ വ്യതിയാനവും എത്രയും അസാധുവാണെന്ന് തെളിയിക്കുകയും ചെയ്തു. എംഗൽസിന്റെ ആന്റി-ഡ്യൂറിങ്ങ്, ലുഡ്‌വിക് ഫ്യൂവർബാക്ക് എന്നീ ഗ്രന്ഥങ്ങൾ അവരുടെ വാദങ്ങളുടെ വ്യക്തവും സമഗ്രവുമായ പ്രപഞ്ചനങ്ങളാണ്. അവ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോപോലെ28 വർഗ്ഗബോധമുള്ള ഓരോ തൊഴിലാളിക്കും മാർഗ്ഗദർശകങ്ങളായ കൃതികളാണ്.

എന്നാൽ 18-ാം നൂററാണ്ടിലെ ഭൗതികവാദത്തിൽ മാർക്സ് തങ്ങിനിന്നില്ല: തത്വശാസ്ത്രത്തെ കൂടുതൽ ഉയർന്ന നില

യിലേക്കു് അദ്ദേഹം വളർത്തി. ജർമ്മൻ ക്ലാസിക്കൽ തത്വശാസ്ത്ര ത്തിൻെറ—പ്രത്യേകിച്ചു് ഹെഗലിൻെറ ചിന്താപദ്ധതിയുടെ—നേട്ടങ്ങളുപയോഗിച്ചു് അദ്ദേഹം തത്വശാസ്ത്രത്തെ സമ്പന്നമാക്കി. ഹെഗലിൻെറ സിദ്ധാന്തമാകട്ടെ, ഫ്യൂർബാക്കിൻെറ ഭൌതിക വാദത്തിലേക്കു് വഴികാണിക്കുകയും ചെയ്തു. ഇതിൽനിന്നെല്ലാമുണ്ടായ പ്രധാനനേട്ടം വൈരുദ്ധ്യവാദം—ഡയലററിക്സ്—ആയിരുന്നു. ഏററവും പൂർണ്ണവും അഗാധവും വ്യാപകവുമായ വികാസരൂപത്തെക്കുറിച്ചും അനന്തമായി വികസിച്ചുകൊണ്ടിരിക്കുന്ന ഭൌതികപദാർത്ഥത്തിൻെറ പ്രതിഫലനമെന്ന തത്വമാവിഷ്കരിക്കുന്ന മനുഷ്യജ്ഞാനത്തിൻെറ സാപേക്ഷകതയെക്കുറിച്ചുമുള്ള സിദ്ധാന്തമാണു് വൈരുദ്ധ്യവാദം. റേഡിയം, എലക്ട്രോൺ മൂലകങ്ങളുടെ രൂപസംക്രമണം തുടങ്ങി പ്രകൃതിശാസ്ത്രത്തിൽ അടുത്ത കാലത്തുണ്ടായകണ്ടുപിടുത്തങ്ങളുടെപേരിൽ ബൂർഷ്വാതത്വശാസ്ത്രകാരന്മാർ "പുതു"സിദ്ധാന്തങ്ങളുമായി പഴകിദ്രവിച്ച ആശയവാദത്തിലേക്കു് മടക്കയാത്ര നടത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ പ്രകൃതിശാസ്ത്രത്തിലെ ഈ കണ്ടുപിടുത്തങ്ങളെല്ലാംതന്നെ വൈരുദ്ധ്യാത്മകഭൌതികവാദത്തിൻെറ മികവുററ സ്ഥിരീകരണമാണു്.

മാർക്സ് ഭൌതികവാദത്തെ ആഴത്തിലും പരപ്പിലും പരമാവധി വികസിപ്പിക്കുകയും മനുഷ്യസമുദായത്തെക്കൂടി ഉൾപ്പെടുത്തുമാറു് പ്രകൃതിയെക്കുറിച്ചുള്ള ബോധനപ്രക്രിയയെ കൂടുതൽ വ്യാപകമാക്കുകയുംചെയ്തു. അദ്ദേഹത്തിൻെറ ചരിത്രപരമായ ഭൌതികവാദം ശാസ്ത്രീയചിന്തയുടെ മഹത്തായ നേട്ടമാണു്. ചരിത്രത്തിലും രാഷ്ട്രമീമാംസയിലും നടമാടിയിരുന്ന ആശയക്കുഴപ്പത്തിന്നും യുക്തിരാഹിത്യത്തിന്നും താന്തോന്നിത്തത്തിന്നും പകരമായി ഏററവും സമഗ്രവും സമഞ്ജസവുമായ ഒരു സിദ്ധാന്തം നിലവിൽവന്നു. ഉല്പാദനശക്തിയുടെ വികാസത്തിൻെറ ഫലമായി ഒരു സാമൂഹ്യവ്യവസ്ഥിതിയിൽനിന്നു കൂടുതലുയർന്ന മറെറാന്നു്

—ഉദാഹരണത്തിന്നു് നാടുവാഴിത്തത്തിൽനിന്നു മുതലാളിത്തം —വളർന്നുവരുന്നതെങ്ങനെയെന്നു് ഈ സിദ്ധാന്തം വ്യക്തമായി കാണിക്കുന്നു.

മനുഷ്യനിൽനിന്നു സ്വതന്ത്രമായി വർത്തിക്കുന്ന പ്രകൃതിയെ (വികസിച്ചുകൊണ്ടിരിക്കുന്ന ഭൌതികപദാർത്ഥത്തെ) അവന്റെ ജ്ഞാനപ്രക്രിയ പ്രതിഫലിപ്പിക്കുന്നതുപോലെത്തന്നെ അവന്റെ സാമൂഹ്യജ്ഞാനം (അതായതു് അവന്റെ തത്വശാസ്ത്രപരവും മതപരവും രാഷ്ട്രീയവും മററുമായ സിദ്ധാന്തങ്ങളും ധാരണകളും) സമുദായത്തിന്റെ സമ്പദ്‌വ്യവസ്ഥയെ പ്രതിഫലിപ്പിക്കുന്നു. രാഷ്ട്രീയ സ്ഥാപനങ്ങൾ സാമ്പത്തികാടിത്തറമേൽ കെട്ടിപ്പൊക്കിയ മേൽപ്പുരകളാണു്. ഉദാഹരണത്തിന്നു് ആധുനിക യൂറോപ്പിലെ വിവിധരൂപങ്ങളായ ഭരണകൂടങ്ങളെല്ലാംതന്നെ തൊഴിലാളിവർഗ്ഗത്തിന്റെമേൽ ബൂർഷ്വാസിക്കുള്ള ആധിപത്യത്തെ ശക്തിപ്പെടുത്താനാണുതകുന്നതു്.

മാർക്സിന്റെ തത്വശാസ്ത്രം ഏററവും ഉൽകൃഷ്ടമായ ഭൌതികവാദപരമായ തത്വശാസ്ത്രമാണു്. ജ്ഞാനസമ്പാദനത്തിന്നു് ഏററവും സമർത്ഥങ്ങളും കരുത്തേറിയതുമായ ഉപകരണങ്ങൾ അതു മനുഷ്യസമുദായത്തിന്നു, പ്രത്യേകിച്ചു് തൊഴിലാളിവർഗ്ഗത്തിന്നു നേടിക്കൊടുക്കുന്നു.

## II

രാഷ്ട്രീയമായ മേല്പ്പുര കെട്ടിപ്പൊക്കുന്നതിന്നുള്ള അടിത്തറ സാമ്പത്തികവ്യവസ്ഥയാണെന്നു് അംഗീകരിച്ചതിന്നുശേഷം മാർക്സു് തന്റെ ശ്രദ്ധ മുഴുവൻ ആ സാമ്പത്തികസ്ഥിതിയുടെ പഠനത്തിന്നായി വിനിയോഗിച്ചു. മാർക്സിന്റെ മുഖ്യഗ്രന്ഥമായ മൂലധനം ആധുനിക സാമൂഹ്യവ്യവസ്ഥയുടെ, അതായതു് മുതലാളിത്തത്തിന്റെ സമ്പദ്ഘടനയുടെ പഠനത്തിന്നായി വിനിയോഗിക്കപ്പെട്ടിരിക്കുന്നു.

മുതലാളിത്തരാജ്യങ്ങളിൽവെച്ച് ഏററവും വളൎച്ചപ്രാപിച്ച ഇംഗ്ലണ്ടിൽ മാർക്സിന്നുമുമ്പുണ്ടായിരുന്ന ക്ലാസിക്കൽ ധനശാസ്ത്രം രൂപംകൊണ്ടിരുന്ന ആഡംസ്മിത്തും ഡേവിഡ് റിക്കാർഡോവും സമ്പദ്ഘടനയെക്കുറിച്ചു ഗവേഷണം നടത്തുകയും തൽഫലമായി വിലയെസ്സംബന്ധിച്ച അധ്വാനസിദ്ധാന്തത്തിന്ന് അടിസ്ഥാനമിടുകയുംചെയ്തു. മാർക്സ് അവരുടെ ജോലി തുടൎന്നുപോകുകയും ആ സിദ്ധാന്തം തെളിയിച്ചു സ്ഥാപിക്കുകയും യുക്തിയുക്തമായി വികസിപ്പിക്കുകയുംചെയ്തു. ഏതു ചരക്കിന്റെയും വിലയെ നിൎണ്ണയിക്കുന്നതു് അതുണ്ടാക്കാൻ ചിലവഴിക്കുന്ന സാമൂഹ്യമായി ആവശ്യമായ അദ്ധ്വാനസമയമാണെന്നും അദ്ദേഹം തെളിയിച്ചു കാട്ടി.

ബൂർഷ്വാ ധനശാസ്ത്രകാരന്മാർ ചരക്കുവിനിമയത്തിൽ സാധനങ്ങളുടെ അന്യോന്യബന്ധമാണ് കണ്ടതു്; മാർക്സാകട്ടെ അതിലന്തർഭവിച്ച മനുഷ്യബന്ധത്തെ അനാവരണംചെയ്തു. കമ്പോളം വഴിക്ക് ഉല്പാദകർ തമ്മിലുണ്ടാകുന്ന ബന്ധത്തെ ചരക്കുവിനിമയം പ്രത്യക്ഷപ്പെടുത്തുന്നു. ഓരോ ഉല്പാദകരുടെയും സാമ്പത്തികജീവിതങ്ങളെയാകെ ഏകീകരിച്ചുകൊണ്ടു ഈ ബന്ധം അധികമധികം സുദൃഢമായിത്തീരുന്നുവെന്നു് പണത്തിന്റെ ആവിർഭാവം കാണിക്കുന്നു. മൂലധനമാകട്ടെ ഈ ബന്ധത്തിന്നു പിന്നെയുമുണ്ടാകുന്ന വളൎച്ചയെ കാണിക്കുന്നു: മനുഷ്യന്റെ അധ്വാനശക്തി ചരക്കായി മാറുന്നു. കൂലിവേലക്കാരൻ തന്റെ അധ്വാനശക്തിയെ നിലത്തിന്റെയും ഫാക്റ്ററികളുടെയും തൊഴിലുപകരണങ്ങളുടെയും ഉടമകൾക്കു വില്ക്കുന്നു. തൊഴിലാളി തൊഴിൽദിവസത്തിന്റെ ഒരു ഭാഗം തന്നെയും തന്റെ കുടുംബത്തെയും പോററുന്നതിന്നുള്ള ചിലവിലേയ്ക്കായി (കൂലി) വിനിയോഗിക്കുന്നു; ബാക്കി ഭാഗമാകട്ടെ പ്രതിഫലമില്ലാതെ ജോലിചെയ്യുന്നു. പ്രതിഫലമില്ലാത്ത ഈ ജോലിയാണ് ലാഭത്തിന്റേയും മുതലാളിവൎഗ്ഗത്തിന്റെ സമ്പത്തിന്റേയും ഉറവിടമായ മിച്ചവിലയെ സൃഷ്ടിക്കുന്നതു്.

മിച്ചവിലസിദ്ധാന്തം മാർക്സിന്റെ സാമ്പത്തികസിദ്ധാന്തത്തിന്റെ ആധാരശിലയാണു്.

തൊഴിലാളിയുടെ അദ്ധ്വാനത്തിൽനിന്നുണ്ടാകുന്ന മൂലധനം തൊഴിലാളിയെ പിഴിഞ്ഞെടുക്കുകയും ചെറുകിടക്കാരായ ഉടമകളെ നശിപ്പിച്ചു് തൊഴിലില്ലാത്തവരുടെ വലിയൊരു പടയെ സൃഷ്ടിക്കുകയും ചെയ്യുന്നു. വ്യവസായത്തിൽ വൻകിട ഉല്പാദനത്തിന്റെ വിജയം പ്രത്യക്ഷത്തിൽ നേരിട്ടു് അനുഭവപ്പെടുന്നു. എന്നാൽ കൃഷിയിലും അതു കാണാവുന്നതാണു്. വൻകിട മുതലാളിത്ത കൃഷിയുടെ മേന്മയും മേധാവിത്വവും വർദ്ധിക്കുകയും യന്ത്രോപയോഗം കൂടുകയും ചെറുകിടകാർഷിക സമ്പത്തു്വ്യവസ്ഥ പണമൂലധനത്തിന്റെ കുടുക്കിൽപെട്ടു് ക്ഷയിക്കുകയും പഴഞ്ചൻ ഉല്പാദനരീതിയുടെ ഭാരത്താൽ നാശത്തിലാണ്ടുപോവുകയും ചെയ്യുന്നു. കൃഷിയിൽ ചെറുകിട ഉല്പാദനത്തിന്റെ ക്ഷയം പല രൂപങ്ങളും കൈക്കൊള്ളുന്നു; എങ്കിലും ക്ഷയിക്കുന്നുവെന്ന വസ്തുത അവിതർക്കിതമാണു്.

ചെറുകിടഉല്പാദനത്തെ നശിപ്പിക്കുന്നതുകൊണ്ടു മൂലധനം ക്രമത്തിൽ അദ്ധ്വാനത്തിന്റെ ഉല്പാദനക്ഷമതയെ വർദ്ധിപ്പിക്കുകയും വൻകിട മുതലാളിമാരുടെ സംഘടനകൾക്കു് കുത്തകസ്ഥാനം നേടിക്കൊടുക്കുകയും ചെയ്യുന്നു. ഉല്പാദനം അധികമധികം സാമൂഹ്യമായിത്തീരുന്നു—ലക്ഷക്കണക്കിൽ തൊഴിലാളികൾ ജീവത്തായ ഒരു സമ്പദ്ഘടനയ്ക്കുള്ളിൽ അന്യോന്യം തളച്ചിടപ്പെടുന്നു; എന്നാൽ കൂട്ടായ ഈ അദ്ധ്വാനത്തിന്റെ ഫലം ഒരുപിടി മുതലാളിമാർ തട്ടിയെടുക്കുന്നു. ഉല്പാദനാരാജകത്വം, കുഴപ്പങ്ങൾ, കടുത്ത കമ്പോളഭ്രാന്തു്, ബഹുജനജീവിതത്തിലെ അരക്ഷിതത്വം—എന്നിവയെല്ലാം തീവ്രരൂപംപൂണ്ടു മൂർച്ഛിക്കുന്നു.

മൂലധനത്തിന്മേലുള്ള തൊഴിലാളികളുടെ ആശ്രിതത്വം വർദ്ധിപ്പിച്ചുകൊണ്ടു് മുതലാളിത്തം തൊഴിലാളികളുടെ വമ്പിച്ച സംഘടനാശക്തിക്കു് ജന്മമരുളുന്നു.

മൂലരൂപമായ ചരക്കുല്പാദനവ്യവസ്ഥയിൽനിന്നു്, ലളിതമായ വിനിമയത്തിൽനിന്നു് മുതലാളിത്തം അതിൻെറ ഏററവും ഉയൎന്ന രൂപമായ വൻകിടോല്പാദനത്തിലേക്കു് വളൎന്നതെങ്ങനെയെന്നു മാൎക്സ് വിവരിച്ചു.

മാൎക്സിസത്തിൻെറ ഈ സിദ്ധാന്തം സത്യമാണെന്നു് പഴയതും പുതിയതുമായ മുതലാളിത്തരാജ്യങ്ങളിലെ അനുഭവം വർഷംപ്രതി അധികമധികം തൊഴിലാളികൾക്കു് തെളിയിച്ചുകൊടുക്കുന്നു.

ലോകമൊട്ടാകെ മുതലാളിത്തം വിജയിച്ചിരിക്കുന്നു; എന്നാൽ ഈ വിജയം തൊഴിലാളി മൂലധനത്തെ ജയിക്കാനിരിക്കുന്നതിൻെറ നാന്ദി മാത്രമാണു്.

## III

നാടുവാഴിത്തത്തെ മറിച്ചിട്ട "സ്വതന്ത്രമായ" മുതലാളിത്തസമുദായം ലോകത്തിൽ പ്രത്യക്ഷപ്പെട്ട ഉടനെത്തന്നെ ഏറെക്കുറെ വ്യക്തമാവുകയുണ്ടായി, ഈ സ്വാതന്ത്ര്യമെന്നാൽ തൊഴിലാളികളെ മൎദ്ദിക്കുകയും ചൂഷണംചെയ്യുകയും ചെയ്യുന്ന പുതിയൊരു വ്യവസ്ഥിതിയാണെന്നു്. ഈ മൎദ്ദനത്തിൻെറ പ്രതിഫലനവും അതിനോടുള്ള പ്രതിഷേധവുമെന്ന നിലയിൽ പല സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങളും ഉടനെ പുറത്തുവരുവാൻ തുടങ്ങി. എന്നാൽ ആദ്യകാലത്തു് ഈ സോഷ്യലിസം സാങ്കല്പികസോഷ്യലിസമായിരുന്നു. അതു മുതലാളിത്തസമുദായത്തെ അധിക്ഷേപിക്കുകയും കുററവാളിയായി പ്രഖ്യാപിക്കുകയും അതിൻെറ നാശത്തെക്കുറിച്ചു സ്വപ്നം കാണുകയും ചെയ്തു. കൂടുതൽ നല്ലൊരു വ്യവസ്ഥിതിയെ കിനാവു കണ്ടുകൊണ്ടു് അതു്, ചൂഷണം പാപമാണെന്നു് പണക്കാരെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു.

എന്നാൽ സാങ്കല്പികസോഷ്യലിസത്തിന്നു് യഥാർത്ഥമായ ഒരു പോംവഴി നിർദ്ദേശിക്കാൻ കഴിഞ്ഞില്ല. എന്നാൽ മുതലാളിത്തവ്യവസ്ഥയിലുള്ള കൂലിയടിമത്തത്തിന്റെ യഥാർത്ഥസ്വരൂപത്തെ വ്യക്തമാക്കുന്നതിന്നോ മുതലാളിത്തവികാസത്തിന്റെ നിയമങ്ങൾ അനാവരണം ചെയ്യുന്നതിന്നോ പുതിയ സമുദായത്തിന്നു ജന്മമരുളാൻ കഴിയുന്ന സാമൂഹ്യശക്തിയേതെന്നു ചൂണ്ടിക്കാണിക്കുന്നതിന്നോ അതിന്നു സാധിച്ചില്ല.

ഇതിന്നിടയ്ക്കു്, നാടുവാഴിത്തത്തിന്റേയും അടിയായ്മയുടേയും പതനത്തോടൊപ്പം യൂറോപ്പിലാകെ, പ്രത്യേകിച്ചു് ഫ്രാൻസിൽ ആഞ്ഞടിച്ച വിപ്ലവക്കൊടുങ്കാററു്, വളച്ചയുടെ അടിസ്ഥാനവും പ്രേരകശക്തിയും വർഗ്ഗസമരമാണെന്നു് കൂടുതൽ കൂടുതൽ സ്പഷ്ടമാക്കിത്തന്നു.

നാടുവാഴിവർഗ്ഗത്തിൽനിന്നു രാഷ്ട്രീയസ്വാതന്ത്ര്യം പിടിച്ചു പററുന്നതിലുള്ള ഓരോ വിജയവും ഭ്രാന്തുപിടിച്ച ചെറുത്തുനില്പിനെ നേരിട്ടുകൊണ്ടേ സാധ്യമായുള്ളൂ. ഒരൊററ മുതലാളിത്ത രാജ്യത്തിന്നും വിവിധവർഗ്ഗങ്ങൾ തമ്മിലുള്ള ജീവന്മരണസമരത്തിലൂടെയല്ലാതെ ഏറെക്കുറെ സ്വതന്ത്രവും ജനാധിപത്യപരവുമായ അടിത്തറ പാകുവാൻ കഴിഞ്ഞില്ല.

ഇതിൽനിന്നെല്ലാം ലോകചരിത്രം പഠിപ്പിക്കുന്ന പാഠം ആദ്യമായി നിഗമിച്ചെടുത്തതും വിട്ടുവീഴ്ചയില്ലാതെ അതിനെ ഉപയോഗിച്ചതും മാർക്സാണു്. അതിലാണദ്ദേഹത്തിന്റെ പ്രതിഭ നാം കാണുന്നതു്. അദ്ദേഹത്തിന്റെ ഈ നിഗമനമാണു് വർഗ്ഗസമരസിദ്ധാന്തം.

രാഷ്ട്രമീമാംസയുടെ രംഗത്തിൽ ജനങ്ങൾ എന്നും പരിഹാസ്യമാംവണ്ണം വഞ്ചനയ്ക്കും ആത്മവഞ്ചനയ്ക്കും ഇരകളായി വർത്തിച്ചിട്ടേ ഉള്ളൂ. സദാചാരപരവും മതപരവും രാഷ്ട്രീയവും സാമൂഹ്യ-

വുമായ എല്ലാ വാഗ്ജാലങ്ങളുടേയും പ്രഖ്യാപനങ്ങളുടേയും വാഗ്ദാനങ്ങളുടേയും മറവിൽ ഏതെങ്കിലും വർഗ്ഗത്തിന്റെ താല്പര്യങ്ങളുള്ളതു് കണ്ടുപിടിയ്ക്കാൻ പഠിക്കുന്നതുവരെ ജനങ്ങൾ അങ്ങനെ വഞ്ചനയുടേയും ആത്മവഞ്ചനയുടേയും ഇരകളായി തുടരുകയും ചെയ്യും. ഏതു പഴയ സ്ഥാപനത്തെയും വ്യവസ്ഥയെയും അവ എത്രതന്നെ ജീർണ്ണവും അപരിഷ്കൃതവുമാണെന്നു തോന്നിയാലും ഭരണവർഗ്ഗങ്ങളുടെ ശക്തി നിലനിർത്തിക്കൊണ്ടുപോകുമെന്നു് സമുദായപരിഷ്കർത്താക്കൾ മനസ്സിലാക്കേണ്ടതുണ്ടു്. അങ്ങനെ ചെയ്യാത്തേടത്തോളം കാലം അവരെ പഴയ വ്യവസ്ഥിതിയുടെ സംരക്ഷകന്മാർ എളുപ്പത്തിൽ കബളിപ്പിച്ചുകളയും. ഈ ഭരണവർഗ്ഗങ്ങളുടെ ചെറുത്തുനില്പിനെ തകർക്കാൻ ഒരൊററവഴിയേ ഉള്ളു. അതിതാണു്: പഴയതിനെ തുടച്ചുമാററുകയും പുതിയതിനെ സൃഷ്ടിക്കുകയും ചെയ്യുവാൻ കഴിവുള്ളശക്തിയായി ഉയരാവുന്നവരും സമൂഹത്തിലുള്ള പ്രത്യേകസ്ഥാനത്താൽ അങ്ങനെ ഉയരേണ്ടവരുമായവർ സമുദായത്തിൽ നമ്മുടെ ചുററുമുണ്ടു്; അവരെ കണ്ടുപിടിച്ചു് ഉൽബുദ്ധരാക്കുകയും സമരത്തിന്നു സംഘടിപ്പിക്കുകയും ചെയ്യുക.

മർദ്ദിതവർഗ്ഗങ്ങൾ ഇതേവരെ ആണ്ടുകിടന്നിരുന്ന ആത്മീയമായ അടിമത്തത്തിൽനിന്നുള്ള മോചനമാർഗ്ഗം തൊഴിലാളിവർഗ്ഗത്തിന്നു് കാണിച്ചുകൊടുത്തതു് മാർക്സിന്റെ ഭൌതികവാദ തത്വശാസ്ത്രം മാത്രമാണു്. മുതലാളിത്തത്തിന്റെ പൊതുവ്യവസ്ഥിതിയിൽ തൊഴിലാളിവർഗ്ഗത്തിന്നുള്ള ശരിയായ സ്ഥാനം വ്യക്തമാക്കിയതു് മാർക്സിന്റെ സാമ്പത്തികസിദ്ധാന്തം മാത്രമാണു്.

അമേരിക്ക മുതൽ ജപ്പാൻവരേയും സ്വീഡൻ മുതൽ തെക്കെ ആഫ്രിക്കവരേയും തൊഴിലാളിവർഗ്ഗത്തിന്റെ സ്വതന്ത്രസംഘടനകൾ പെരുകിവരികയാണു്. വർഗ്ഗസമരത്തിലൂടെ അവർ പ്രബു

ഥരും അഭ്യസ്തവിദ്യരുമായിത്തീരുന്നു, ബൂർഷ്വാസമുദായത്തിൻെറ പക്ഷപാതങ്ങൾ അവർ ഉപേക്ഷിച്ചുകൊണ്ടിരിയ്ക്കുകയാണു്. അവർ തങ്ങളുടെ അണികളെ മുമ്പെന്നത്തേക്കാളുമേറെ യോജിപ്പിച്ചണിനിരത്തുകയും സ്വന്തം ജയാപജയങ്ങൾ അളന്നുതിട്ടപ്പെടുത്താൻ പഠിക്കുകയും ചെയ്തുവരികയാണു്: അവർ അണികളെ അയോദ്ധന്മാരാക്കി മുന്നേറിക്കൊണ്ടിരിക്കുന്നു. ആ മുന്നേററം അപ്രധൃഷ്യമാണു്.

പ്രോസ്‌വേഷ്ചനിയ നമ്പ്ര് 3 ) കൾ: വർക്സ്
മാർച്ച് 1913. ഒപ്പ് വി. ഐ. ലെനിൻ ) വാ: 19. പേ: 23 --23

## "ദേശീയപ്രശ്നത്തെ സംബന്ധിച്ച വിമർശനപരമായ പരാമർശങ്ങ"ളിൽനിന്നു്

ദേശീയസംസ്കാരമെന്ന മുദ്രാവാക്യം ബൂർഷ്വാവഞ്ചനയാണു്, (പലപ്പോഴും ബ്ലാക്ക് ഹൺഡ്രഡ്സിന്റെയും പുരോഹിതവർഗ്ഗത്തിന്റെയും ചുവയുള്ള വഞ്ചന). ഞങ്ങളുടെ മുദ്രാവാക്യം ഇതാണു്: ജനാധിപത്യത്തിന്റെയും തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിന്റെയും സാർവ്വദേശീയസംസ്കാരം.

ഇതു പറയുമ്പോഴെക്കും ബുണ്ടിസ്റ്റായ മിസ്റ്റർ ലീബ്മാൻ എന്റെ നേരെ കുരച്ചുചാടുകയും താഴെ പറയുന്ന അധിക്ഷേപശരംകൊണ്ടു എന്നെ തകർത്തു തരിപ്പണമാക്കുകയും ചെയ്യുന്നു:

"ദേശീയസംസ്കാരവുമായി കുറഞ്ഞ പരിചയമെങ്കിലും ഉള്ള ഏവക്കുമറിയാം സാർവ്വദേശീയസംസ്കാരമെന്നാൽ ദേശീയസംസ്കാരത്തിന്റെ അഭാവം അതായതു് അദേശീയസംസ്കാരം (ദേശീയരൂപത്തോടുകൂടാത്ത സംസ്കാരം) അല്ലെന്നു്; റഷ്യക്കാർ,

ജൂതന്മാർ, പോളണ്ടുകാർ എന്നിങ്ങനെ ഏതെങ്കിലും ജനതകളുടേതല്ലാത്ത പരിശുദ്ധമായ അദേശീയസംസ്കാരമെന്നതു് തനി അസംബന്ധമാണു്; താൻ സംസാരിക്കുന്ന ഭാഷയോടും ജീവിക്കുന്ന ദേശീയപരിതസ്ഥിതികളോടും കൂട്ടിയിണക്കപ്പെടാത്ത സാർവ്വദേശീയാശയങ്ങളിൽ തൊഴിലാളിക്കു താല്പര്യമുണ്ടാകാൻ വയ്യ. തൊഴിലാളിക്കു തന്റെ ദേശീയസംസ്കാരത്തിന്റെ സ്ഥിതിയുടെയും വളർച്ചയുടെയും നേരെ ഉദാസീനഭാവം കൈക്കൊള്ളാൻ നിവൃത്തിയില്ല; കാരണം ആ സംസ്കാരത്തിലൂടെ, അതിലൂടെ മാത്രമാണു് അയാൾക്കു "ജനാധിപത്യത്തിന്റെയും തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിന്റെയും സാർവ്വദേശീയസംസ്കാര"ത്തിൽ പങ്കുകൊള്ളുവാൻ കഴിയുന്നതു്. പരക്കെ അറിയാവുന്ന ഒരു കാര്യമാണിതു്. എന്നിട്ടും വി. ഐ. അതു ചെവിക്കൊള്ളുന്നില്ല...."

ഞാനുന്നയിച്ച മാർക്സിസ്റ്റു സിദ്ധാന്തത്തെ ഖണ്ഡിക്കുവാനുദ്ദേശിച്ചു് പാകപ്പെടുത്തിയ ബുണ്ടിസ്റ്റു വാദഗതിയുടെ ഈ ഉത്തമമാതൃകയെക്കുറിച്ചു ഒന്നാലോചിച്ചുനോക്കുക. "ദേശീയപ്രശ്നവുമായി അത്യന്തപരിചിത"നായ ഒരാളുടെ ആത്മവിശ്വാസത്തിനോടുകൂടി ഈ ബുണ്ടിസ്റ്റു് സാധാരണ ബൂർഷ്വാ അഭിപ്രായങ്ങളെ "സുവിദിത"പ്രമാണങ്ങളെന്ന നിലയിൽ തട്ടിമൂളിക്കുന്നു.

പ്രിയപ്പെട്ട ബുണ്ടിസ്റ്റേ, സാർവ്വദേശീയസംസ്കാരമെന്നതു് ദേശീയസംസ്കാരത്തിന്റെ അഭാവമോ നിഷേധമോ അല്ലെന്നതു് സത്യമാണു്. പോളിഷോ, ജൂതിഷോ, റഷ്യനോ ആയ "പരിശുദ്ധ" സംസ്കാരത്തെ ആരും വിളംബരപ്പെടുത്തിയിട്ടില്ല. വായനക്കാരന്റെ ശ്രദ്ധ തിരിച്ചുവിടുവാനും യഥാർത്ഥപ്രശ്നത്തെ മറക്കുവാനുമുള്ള ശ്രമമാണു് നിങ്ങളുടെ പൊള്ളയായ വാക്കുകളിലുള്ളതു്.

ഏതു ദേശീയസംസ്കാരത്തിലും മൂലരൂപത്തിലാണെങ്കിൽ പോലും ജനാധിപത്യ സോഷ്യലിസ്റ്റ് സംസ്കാരത്തിന്റെ ഘടകങ്ങൾ കാണാം. എന്തുകൊണ്ടെന്നാൽ, ഓരോ രാജ്യത്തിലും ചൂഷിതരും അധ്വാനിക്കുന്നവരുമായ ജനവിഭാഗമുണ്ടു്; അവ

ങ്ങടെ ജീവിത പരിസ്ഥിതികളിൽനിന്നു് അനിവാര്യമായി ജനാധിപത്യ സോഷ്യലിസ്റ്റാശയങ്ങൾ ക്രമപ്പെടുക്കുന്നു. അതേസമയം ഓരോ രാജ്യത്തും ബൂർഷ്വാ സംസ്കാരവുമുണ്ടു്. (മിക്ക രാജ്യങ്ങളിലും ഇതിന്നുപുറമെ പിന്തിരിപ്പൻ പുരോഹിതവൎഗ്ഗത്തിന്റേതുമായ സംസ്കാരവുമുണ്ടു്) എന്നാൽ ഈ ബൂർഷ്വാസംസ്കാരം ബീജരൂപത്തിലുള്ളതല്ല. അതു വളൎന്നു എല്ലാററിനേയും അടക്കിവാഴുന്ന സ്ഥിതിയിലെത്തിയിരിക്കുന്നു അതുകൊണ്ടു "ദേശീയസംസ്കാര"മെന്നു പറയുമ്പോൾ പൊതുവെ ഉദ്ദേശിക്കപ്പെടുന്നതു് ഭൂവുടമകളുടേയും പുരോഹിതവൎഗ്ഗത്തിന്റേയും ബൂർഷ്വാസിയുടെയും സംസ്കാരമാണു്. അടിസ്ഥാനവും മാർക്സിസ്റ്റുകാരെസ്സംബന്ധിച്ചേടത്തോളം പ്രാഥമികവുമായ ഈ സത്യത്തെ ബുണ്ടിസ്റ്റു് അപ്രധാനമാക്കി പിൻതള്ളുകയും വാഗ്ജാലംകൊണ്ടു മൂടിക്കളയുകയും ചെയ്യുന്നു. വൎഗ്ഗങ്ങൾ തമ്മിലുള്ള വിടവിനെ വായനക്കാരന്നു വിശദീകരിച്ചു വ്യക്തമാക്കുന്നതിന്നുപകരം മറച്ചുവെക്കുകയാണയാൾ ചെയ്യുന്നതു്. വൎഗ്ഗസ്വഭാവമില്ലാത്തതാണു് ദേശീയസംസ്കാരം എന്ന വിശ്വാസം പരത്തുന്നതിലാണു് ബൂർഷ്വാസയുടെ താല്പര്യം മുഴുവൻ. അതുതന്നെയാണു് ബുണ്ടിസ്റ്റു് ചെയ്തുകൊണ്ടിരിക്കുന്നതും.

ഓരോ ദേശീയസംസ്കാരത്തിൽനിന്നും ബൂർഷ്വാസംസ്കാരത്തിന്നും ബൂർഷ്വാദേശീയത്വത്തിന്നും കടകവിരുദ്ധമായുള്ള ജനാധിപത്യപരവും സോഷ്യലിസ്റ്റുമായുള്ള ഘടകങ്ങളെമാത്രം സ്വീകരിച്ചുകൊണ്ടാണു് ഞങ്ങൾ "ജനാധിപത്യത്തിന്റേയും തൊഴിലാളിവൎഗ്ഗപ്രസ്ഥാനത്തിന്റേയും സാൎവ്വദേശീയസംസ്കാരം" എന്ന മുദ്രാവാക്യം മുന്നോട്ടുവെക്കുന്നതു്.

1913ൽ ഒക്ടോ: ഡിസമ്പറിൽ എഴുതിയതു്: പ്രോസ്‌വേഷ് ചെനിയ എന്ന ജർണലിന്റെ 16, 11, 12 നമ്പറുകളിൽ 1913 നവ: ഡിസമ്പറിൽ പ്രസിദ്ധപ്പെട്ടതിയതു്.
ഒപ്പ്: വി. ഇലിൻ.

കള: വർക്സ്
വാ: 20
പേ: 23-24

## ഗ്രേററ് റഷ്യക്കാരുടെ ദേശാഭിമാനത്തെപ്പററി

നാടിനേയും പിതൃരാജ്യത്തേയുംകുറിച്ചു് എന്തെല്ലാം വാദകോലാഹലങ്ങളും ബഹളങ്ങളുമാണു് നടക്കുന്നതു്! ബ്രിട്ടനിലെ ലിബറലുകളും തീവ്രവാദികളുമായ മന്ത്രിമാർ, ഫ്രാൻസിലെ "പുരോവീക്ഷണ"മുള്ള ഒരുക്കൂട്ടം പത്രപ്രവർത്തകർ, (അവർക്കു് തങ്ങളുടെ പിന്തിരിപ്പൻ സഹപ്രവർത്തകരുമായി പൂർണ്ണയോജിപ്പുണ്ടെന്നു തെളിയിക്കപ്പെട്ടിട്ടുണ്ടു്), റഷ്യയിൽ (ഒട്ടേറെ നരോഡ്നിക്കുകളും "മാർക്സിസ്റ്റു്"കാരുമുൾപ്പെടെ) ഒരുപാററം ഔദ്യോഗിക കാഡററുകളും പുരോഗമനക്കാരുമായ എഴുത്തുകാർ—ഇവരെല്ലാം തന്നെ അവരവരുടെ രാജ്യങ്ങളുടെ സ്വാതന്ത്ര്യത്തെക്കുറിച്ചും ദേശീയസ്വാതന്ത്ര്യമെന്ന തത്വത്തിന്റെ മഹിമയെക്കുറിച്ചും പാടിപ്പുകഴ്ത്തുകയാണു്. കൊലയാളിയായ നിക്കോളാസ് റൊമാനോവിന്റെയും നീഗ്രോകളേയും ഇന്ത്യക്കാരേയും നിഷ്ഠൂരമായി

മർദ്ദിക്കുന്നവരുടേയും വാടകസ്തുതിപാഠകന്മാരും വങ്കത്തമോ നട്ടെല്ലില്ലായ്മയോകൊണ്ടു് അവരെ അനുകരിക്കുന്ന സാധാരണ ഫിലിസ്റ്റീനുകളും തമ്മിലുള്ള വിഭജനരേഖ ഇക്കാര്യത്തിൽ വ്യക്തമല്ല. ഇവർതമ്മിലുള്ള അന്തരം നമുക്കിവിടെ പ്രധാനമല്ല. നാമിവിടെ കാണുന്നതു് വ്യാപകവും അഗാധവുമായ ഒരു സിദ്ധാന്തപ്രവണതയാണു്. ഈ പ്രവണത ഉദയംകൊണ്ടതും രൂപപ്പെട്ടതും പ്രമാണിരാജ്യങ്ങളിലെ ഭൂവുടമകളുടെയും മുതലാളിമാരുടെയും താല്പര്യങ്ങളോടു് അഭേദ്യമായി ബന്ധപ്പെട്ടുകൊണ്ടാണു്. ഈ വർഗ്ഗങ്ങൾക്കു് അനുകൂലമായ ആശയങ്ങളുടെ പ്രചരണാർത്ഥം കോടിക്കണക്കിൽ പണം ചിലവഴിക്കപ്പെടുന്നു. ഈ വൻകിട പ്രചരണയന്ത്രത്തെ തിരിക്കുന്നതിന്നു് ആവശ്യമായ ജലധാര എല്ലാ ഉറവുകളിൽനിന്നും—വിശ്വാസംകൊണ്ടു ഒരു ഷാവനിസ്റ്റു് (സ്വരാജ്യഭ്രാന്തൻ) ആയ മെൻഷിക്കോവ്’മുതൽ അവസരവാദത്താലോ നട്ടെല്ലില്ലായ്മയാലോ ഷാവനിസ്റ്റ്’കളായിത്തീർന്ന പ്ലെഖനോവ്, മാസ്ലോ, റുബാനോവിച്ച്, സ്മിർണോ, ക്രോപോട്ക്കിൻ, ബുർട്സേവ് തുടങ്ങിയവർവരെയുള്ള എല്ലാവരിൽനിന്നും—ശേഖരിക്കുന്നു.

ഗ്രേററ്റഷ്യൻ സോഷ്യൽ ഡെമോക്രാററുകളായ ഞങ്ങളും ഈ സിദ്ധാന്തപ്രവണതയോടുള്ള ഞങ്ങളുടെ നിലപാടു് നിർവ്വചിക്കാൻ ശ്രമിക്കട്ടെ. അതിപൌരസ്ത്യയൂറോപ്പിലും ഏഷ്യയിലും മുതലാളിത്തവളർച്ചയുടെ ഫലമായി ചെറുതും വലുതുമായ ഒട്ടേറെ "പുതു"രാജ്യങ്ങൾക്കു് പ്രബുദ്ധതയും സ്വാവബോധവും കൈവന്നുകൊണ്ടിരിക്കുകയാണു്; ഏകീകൃത നാട്ടുവാഴിസഭാംയുടെയും ഗുച്ക്കോവ്, ക്രെസ്റ്റോനിക്കോവ്, ദോൾഗോറുക്കോവ്, കട്ലർ, റോഡിഷേവ് എന്നിവരുടേയും തത്തുല്യരുടേയും താല്പര്യങ്ങൾക്കനുസരിച്ചു് ഒട്ടേറെ ദേശീയപ്രശ്നങ്ങൾ "പരിഹരിക്കു"ന്നതിന്നു സാറിസ്റ്റ്ഭരണം ലക്ഷക്കണക്കിൽ ഗ്രേററ്റഷ്യക്കാരേയും റഷ്യക്കാരല്ലാത്തവരേയും ആഹ്വാനംചെയ്തിരിക്കു

കയാണ്: ഈ സന്ദർഭത്തിൽ പ്രത്യേകിച്ച് "ദേശീയ ജനവിഭാഗങ്ങളുടെ ജയിൽ" എന്നു ശരിയായി വിളിയ്ക്കപ്പെടുന്ന ഒരു രാജ്യത്തിന്റെ, അതിപൗരസ്ത്യയൂറോപ്പിലും ഏഷ്യയുടെ വലിയൊരു ഭാഗത്തും ആധിപത്യംവഹിക്കുന്ന ഒരു രാജ്യത്തിന്റെ, പ്രതിനിധികളായ ഞങ്ങൾ ദേശീയപ്രശ്നത്തിന്റെ വമ്പിച്ച പ്രാധാന്യത്തെ മറന്നുകളയുന്നതു് അനുചിതമായിരിക്കും.

വർഗ്ഗബോധമുള്ള ഗ്രേററ്റഷ്യൻ തൊഴിലാളിവർഗ്ഗത്തിന്നു് ദേശാഭിമാനം അന്യവും അപരിചിതവുമാണോ? തീർച്ചയായും അല്ല. ഞങ്ങൾ ഞങ്ങളുടെ ഭാഷയേയും രാജ്യത്തേയുംസ്നേഹിക്കുന്നു, ആ രാജ്യത്തിലെ അദ്ധ്വാനിക്കുന്ന ബഹുജനങ്ങളെ (ജനസംഖ്യയുടെ പത്തിലൊമ്പതും) ജനാധിപത്യ സോഷ്യലിസ്റ്റ്ബോധമുള്ളവരാക്കുവാൻ അങ്ങേയററം ശ്രമിക്കുകയും ചെയ്യുന്നു. സാറിന്റെ ആരാച്ചാരന്മാരിൽനിന്നും പ്രഭുക്കന്മാരിൽനിന്നും മുതലാളിമാരിൽനിന്നും ഞങ്ങളുടെ നല്ല നാടിന്നു് ഏല്ക്കേണ്ടിവരുന്ന അതിക്രമങ്ങളും മർദ്ദനവും അപമാനവും കാണുന്നതും അനുഭവിക്കുന്നതും ഞങ്ങൾക്കേററവും വേദനാജനകമാണു്. ഈ അതിക്രമങ്ങളെ ഞങ്ങൾ ഗ്രേററ് റഷ്യക്കാർ ചെറുത്തുനിന്നു. ഞങ്ങളിൽനിന്നു് റാഡിഷേവും ഡിസമ്പ്രിസ്റ്റ്കളും[31] കഴിഞ്ഞ നൂററാണ്ടിലെഴാംശതകത്തിലെ സാധാരണക്കാരായ വിപ്ലവകാരികളും ഉയർന്നുവന്നു; ഗ്രേററ്റഷ്യൻ തൊഴിലാളിവർഗ്ഗം 1905ൽ ബഹുജനങ്ങളുടെ മഹത്തായ ഒരു വിപ്ലവപ്പാർട്ടി സൃഷ്ടിച്ചു: ഗ്രേററ്റഷ്യൻ കർഷകവർഗ്ഗം ജനാധിപത്യത്തിലേക്കു് തിരിയുവാനും പുരോഹിതവർഗ്ഗത്തേയും ഭൂവുടമകളേയും മറിച്ചിടുവാനും തുടങ്ങി; വിപ്ലവകരമായ ഈ പ്രവൃത്തികളിലെല്ലാം ഞങ്ങൾ അഭിമാനംകൊള്ളുന്നു.

ജീവിതം വിപ്ലവത്തിന്നായി സമർപ്പിച്ച ഗ്രേററ്റഷ്യൻ ജനാധിപത്യവാദിയായ ചെർണിഷേവ്സ്കി അരനൂററാണ്ടുമുമ്പ

ഇപ്രകാരം പറഞ്ഞതായി ഞങ്ങൾ ഇന്നും ഓർക്കുന്നു: "അടിമുതൽ മുടിവരെ ഒരു തെണ്ടിരാജ്യം, അടിമകളുടെ നാട്—എങ്ങും എല്ലാവരും അടിമകൾ"33 പ്രത്യക്ഷരും പരോക്ഷരുമായ അടിമകൾ (സാറിസ്റ്റ് ഭരണത്തോടുള്ള അടിമത്തം) ഈ വാക്കുകൾ ഓർമ്മിക്കുവാൻ ഇഷ്ടപ്പെടുന്നില്ല. എങ്കിലും ഞങ്ങളുടെ അഭിപ്രായത്തിൽ യഥാർത്ഥ രാജ്യസ്നേഹത്തിന്റെ വാക്കുകളാണിവ. ഗ്രേററ്റഷ്യൻ ബഹുജനങ്ങളിൽ വിപ്ലവാവേശമുണരാത്തതുകൊണ്ടു മുറിപ്പെട്ടു വേദനിക്കുന്ന ഒരു സ്നേഹം. അന്ന് അങ്ങനെയൊരാവേശമേ ഉണ്ടായിരുന്നില്ല. ഇപ്പോഴും കുറച്ചേ ഉള്ളു, എങ്കിലും അതുണ്ടായിക്കഴിഞ്ഞു. രാജ്യത്തെക്കുറിച്ചു ഞങ്ങൾക്കു നിറഞ്ഞ അഭിമാനമുണ്ട്; കാരണം ഗ്രേററ് റഷ്യൻരാജ്യവും ഒരു വിപ്ലവവർഗ്ഗത്തെ സൃഷ്ടിച്ചു; വലിയ കൊള്ളയും കലാപവും അണിയണിയായി നില്ക്കുന്ന തൂക്കുമരങ്ങളും കൽത്തുറുങ്കുകളും കൊടും വറുതിയും കൂടാതെതന്നെ, പുരോഹിതർ, സാറുകൾ, ഭൂപ്രഭുക്കൾ, മുതലാളിമാർ എന്നിവരുടെ പാദസേവകൂടാതെതന്നെ സ്വാതന്ത്ര്യത്തിന്നും സോഷ്യലിസത്തിന്നുംവേണ്ടിയുള്ള സമരത്തിന്റെ ഉത്തമമാതൃകകൾ ലോകത്തിന്നു കാട്ടിക്കൊടുക്കുവാൻ കഴിയുമെന്നു ഗ്രേററ് റഷ്യൻരാഷ്ട്രം തെളിയിച്ചിരിക്കുന്നു.

ദേശാഭിമാനം ഞങ്ങൾക്കു തികച്ചുമുണ്ട്. അതേ കാരണത്താൽ പ്രത്യേകിച്ചും ഞങ്ങൾ കഴിഞ്ഞകാലത്തെ അടിമഭാവത്തെ (അന്നാണ് ഭൂപ്രഭുക്കൾ ഹങ്കറി, പോളണ്ട്, പേഴ്സ്യ, ചൈന എന്നിവയുടെ സ്വാതന്ത്ര്യത്തെ ഞെക്കിക്കൊല്ലുവാനുള്ള യുദ്ധത്തിലേക്കു കൃഷിക്കാരെ തള്ളിവിട്ടതു്) വെറുക്കുന്നു. പോളണ്ടിനേയും ഉക്രേയിനേയും ഞെക്കിക്കൊല്ലുവാനും പേഴ്സ്യയിലേയും ചൈനയിലേയും ജനാധിപത്യപ്രസ്ഥാനത്തെ ഞെരിച്ചുകളയുവാനും ഗ്രേററ്റഷ്യൻ ദേശീയാന്തസ്സിന്നു അപമാനമായ റൊമെനോവുകൾ, ബോബ്രിൻസ്കികൾ, പുരിഷ്കവിച്ചുകൾ എന്നിവരുടെ മുഠാളസംഘത്തെ ശക്തിപ്പെടുത്തുവാനുംവേണ്ടി മുതലാളിമാരുടെ

തുണയോടെ അതേ ഭൂപ്രഭുക്കന്മാർ ഞങ്ങളെ യുദ്ധത്തിലേക്ക വലിച്ചിഴച്ചുകൊണ്ടിരിക്കുന്ന അടിമഭാവം നിറഞ്ഞ വർത്തമാനകാലത്തെയും ഞങ്ങൾ വെറുക്കുന്നു. അടിമയായി പിറക്കുന്നതു് ആരുടേയും കുററമല്ല. എന്നാൽ സ്വാതന്ത്ര്യത്തിന്നായി ശ്രമിക്കുന്നില്ലെന്നു മാത്രമല്ല തൻെറ അടിമത്തത്തെ ന്യായീകരിക്കുകയും പാടിപ്പുകഴ്ത്തുകയുംകൂടി (ഉദാഹരണത്തിന്നു പോളണ്ടു്, ഉക്രേൻ എന്നിവയെ ഞെക്കിക്കൊല്ലുന്നതിനെ ഗ്രേററ്റഷ്യക്കാരുടെ "പിതൃരാജ്യത്തിൻെറ സംരക്ഷണം" എന്നു വിളിക്കുന്നു) ചെയ്യുന്ന അടിമയുണ്ടല്ലൊ, അയാൾ ഒരു ചെരുപ്പുനക്കിയാണു്, കാടനാണു്. ന്യായമായ അറപ്പും വെറുപ്പും രോഷവുമാണു് അയാൾ ഉണർത്തിവിടുന്നതു്.

"മററൊരു രാജ്യത്തെ മർദ്ദിക്കുന്ന ഒരു രാജ്യത്തിന്നും സ്വതന്ത്രമാകുവാൻ കഴിയില്ല" എന്നു് പത്തൊമ്പതാം നൂററാണ്ടിലെ പതറാത്ത ജനാധിപത്യത്തിൻെറ പ്രതിനിധികളും വിപ്ലവകാരിയായ തൊഴിലാളിവർഗ്ഗത്തിൻെറ ആചാര്യന്മാരുമായ മാർക്സും എംഗൽസും പറയുകയുണ്ടായി. തികഞ്ഞ ദേശാഭിമാനത്തോടെ ഗ്രേററ് റഷ്യൻ തൊഴിലാളികളായ ഞങ്ങൾ എന്തുവന്നാലും ആവശ്യപ്പെടുന്നതു് സ്വതന്ത്രവും അനന്യാശ്രയവും ജനാധിപത്യപരവും റിപ്പബ്ലിക്കനും ആത്മാഭിമാനമുററതുമായ ഒരു ഗ്രേററ് റഷ്യൻ രാജ്യമാണു്. അയൽരാജ്യങ്ങളുമായുള്ള ആ രാജ്യത്തിൻെറ ബന്ധങ്ങളുടെ അടിസ്ഥാനം സമത്വമെന്ന മാനുഷിക തത്വമായിരിക്കണം; അല്ലാതെ മഹത്തായൊരു രാജ്യത്തിന്നു് അപമാനകരമായ, പ്രത്യേകാവകാശങ്ങളെന്ന ഫ്യൂഡൽ തത്വമായിരിക്കരുതു്. ഞങ്ങൾക്കതാണു് ആവശ്യം. അതുകൊണ്ടു തന്നെ ഞങ്ങൾ പറയുകയും ചെയ്യുന്നു: സ്വന്തം "പിതൃരാജ്യ"ത്തിലെ രാജവാഴ്ചയേയും ഭൂപ്രഭുക്കളേയും മുതലാളിമാരേയും—അതായതു് ഞങ്ങളുടെ രാജ്യത്തിൻെറ ഏററവും കടുത്ത ശത്രുക്കളെ പ്രഹരിക്കുന്നതിന്നുള്ള എല്ലാ വിപ്ലവമാർഗ്ഗങ്ങളും ഉപയോ

ഗിക്കാതെ "പിതൃരാജ്യത്തെ രക്ഷിക്കാൻ" ഈ ഇരുപതാംനൂററാണ്ടിൽ, യൂറോപ്പിൽ (അതിപൌരസ്ത്യയൂറോപ്പിൽപോലും) ആർക്കും സാധ്യമല്ല. ഏതു യുദ്ധത്തിലും സാറിസത്തിൻെറ പരാജയം ആഗ്രഹിയ്ക്കാതെ ഗ്രേററ്റഷ്യക്കാർക്കു "പിതൃഭൂമിയെ സംരക്ഷിക്കുവാൻ" കഴികയില്ലെന്നു ഞങ്ങൾ പറയുന്നു. ആ പരാജയം ഗ്രേററ്റഷ്യക്കാരിൽ പത്തിൽ ഒമ്പതുപേരെയും സംബന്ധിച്ചേടത്തോളം താരതമ്യേന ചെറിയ തിന്മയാണ്. എന്തുകൊണ്ടെന്നാൽ സാറിസം ആ പത്തിലൊമ്പതുപേരെ സാമ്പത്തികവും രാഷ്ട്രീയവുമായി മർദ്ദിയ്ക്കുക മാത്രമല്ല ചെയ്യുന്നതു്; പിന്നേയോ മററു രാജ്യങ്ങളെ മർദ്ദിക്കുവാനും അതുകൊണ്ടുള്ള അപമാനത്തെ കപടവും ദേശാഭിമാനം തോന്നിക്കുന്നതുമായ പദജാലങ്ങളെക്കൊണ്ടു മൂടിവെയ്ക്കുവാനും പഠിപ്പിച്ചുകൊണ്ടു് അവരെ നിസ്തേജരാക്കുകയും അധഃപതിപ്പിക്കുകയും മാനംകെടുത്തുകയും വ്യഭിചരിക്കുകയും ചെയ്യുന്നു.

എന്നാൽ ഇവിടെ ഒരെതിർവാദമുണ്ടാകാം. വിസ്തൃതമായ ഭൂഭാഗങ്ങളെ സാമ്പത്തികമായി കേന്ദ്രീകരിച്ചു് കൂട്ടിയിണക്കുന്ന പുരോഗമനപ്രവൃത്തി ചെയ്തുപോരുന്ന മറെറാരു ശക്തി— ഗ്രേററ് റഷ്യൻ മുതലാളിത്തം—സാറിൻെറ കീഴിൽ ഉയർന്നു ശക്തിപ്പെട്ടിരിക്കുന്നു. എന്നാൽ സാറിസ്റ്റ്–പുരുഷ്കേവിച്ച്–സോഷ്യലിസ്റ്റുകാർ (മാർക്സ് ലസാലേയുടെ അനുയായികളെ രാജകീയപ്രഷ്യൻ സോഷ്യലിസ്റ്റുകാർ എന്നുവിളിച്ചപോലെ)[35] എന്നു വിളിയ്ക്കപ്പെടേണ്ടവരായ സോഷ്യലിസ്റ്റു–ഷോവനിസ്റ്റുകളെ ഈ എതിർവാദം കുററത്തിൽനിന്നു ഒഴിവാക്കുകയല്ല മറിച്ചു്, കൂടുതൽ കുററക്കാരാക്കുകയാണ് ചെയ്യുന്നതു്. ചരിത്രത്തിൻെറ വിധി ഗ്രേററ്റഷ്യൻ മുതലാളിത്തത്തിൻെറ മേൽക്കോയ്മക്കനുകൂലവും നൂറുകണക്കിലുള്ള ചെറുരാജ്യങ്ങൾക്കു പ്രതികൂലവും ആകുമെന്നുതന്നെ നമുക്കു സങ്കല്പിക്കുക. അതസാധ്യമല്ല. കാരണം, മൂലധനത്തിൻെറ ചരിത്രമാകെ അക്രമത്തിൻെറയും

കൊള്ളയുടേയും ചോരയുടേയും അഴിമതിയുടേയും ചരിത്രമാണു്. എന്തുവിലകൊടുത്തും ചെറുരാജ്യങ്ങളെ നിലനിത്തണമെന്നു് ഞങ്ങൾ വാദിക്കുന്നില്ല. അവസരങ്ങളും പരിതസ്ഥിതികളും തുല്യമാണെങ്കിൽ ഞങ്ങൾ തീച്ചയായും കേന്ദ്രീകരണത്തിന്നു് അനുകൂലരാണു്, ഫെഡറൽ ബന്ധമെന്ന പെററിബൂർഷ്വാ ആദശത്തിന്നെതിരുമാണു്. ഞങ്ങളുടെ സങ്കല്പം ശരിയാണെങ്കിൽപ്പോലും, ഉക്രേൻ മുതലായ രാജ്യങ്ങളെ നശിപ്പിക്കുന്നതിൽ റൊമാനോവു്-ബോറിൻസ്കി-പുരുഷ്ക്കേവിച്ചു് കൂട്ടരെ സഹായിക്കുകയെന്നതു് ഞങ്ങളുടേയോ ജനാധിപത്യവാദികളുടേയോ (സോഷ്യലിസ്റ്റുകാരുടെ പറയേണ്ടതില്ല) ജോലിയല്ല. തന്റേതായ ജങ്കർ[36] രീതിയിൽ ബിസ്മാക്ക് പുരോഗമനപരവും ചരിത്രപരവുമായ ഒരു കടമ നിവ്വഹിക്കുകയുണ്ടായി. എന്നാൽ അക്കാരണത്താൽ ബിസ്മാക്കിന്നു് സോഷ്യലിസ്റ്റാനുകൂല്യം നൽകണമെന്നു വിചാരിക്കുന്നവൻ തീച്ചയായും ഒരൊന്നാന്തരം "മാർക്സിസ്റ്റു"തന്നെ! മറെറാരു വ്യത്യാസവുമുണ്ടു്. ബിസ്മാക്ക് മററു രാജ്യക്കാരുടെ മർദ്ദനമേററു് ഭിന്നിച്ചുനില്ക്കുന്ന ജർമ്മൻകാരെ ഏകോപിപ്പിച്ചു് സാമ്പത്തികവികാസത്തെ സഹായിച്ചു എന്നാൽ ഗ്രേററ്റഷ്യയ്ക്കു് സാമ്പത്തികക്ഷേമവും ത്വരിതവികാസവും കൈവരണമെങ്കിൽ മററു രാജ്യങ്ങളെ മർദ്ദിക്കുന്ന ഗ്രേററ്റഷ്യനിൽനിന്നു രാജ്യത്തെയാകെ മോചിപ്പിക്കണം. ഭാവിബിസ്മാക്കുകളായ യഥാത്ഥറഷ്യക്കാരുടെ ആരാധകർ കാണാത്ത ഒരു വ്യത്യാസമാണിതു്.

രണ്ടാമതു്, ഗ്രേററ്റഷ്യൻ മുതലാളിത്തമേൽക്കോയ്മക്കനുകൂലമായി ചരിത്രം വിധിക്കുന്നുവെങ്കിൽ മുതലാളിത്തത്തിന്റെ ഫലമായുണ്ടാകുന്ന കമ്യൂണിസ്റ്റുവിപ്ലവത്തിന്റെ മുഖ്യപ്രേരകശക്തിയെന്ന നിലയിൽ ഗ്രേററ്റഷ്യൻ തൊഴിലാളിവഗ്ഗത്തിന്റെ സോഷ്യലിസ്റ്റുപങ്കു അത്രയും വദ്ധിക്കുന്നു. പൂണ്ണമായ ദേശീയ സമത്വത്തേയും സാഹോദയ്യത്തേയുംകുറിച്ചു് തൊഴിലാളികൾക്കു് സുദീർഘമായ വിദ്യാഭ്യാസം നൽകണമെന്നു് തൊഴിലാളിവഗ്ഗ-

വിപ്ലവം ആഹ്വാനം ചെയ്യുന്നു. അതുകൊണ്ടു് ഗ്രേററ്റഷ്യൻ തൊഴിലാളിവർഗ്ഗത്തിൻെറ താല്പര്യങ്ങൾ ആവശ്യപ്പെടുന്നതു്, ഗ്രേററ്റഷ്യക്കാരുടെ മർദ്ദനത്തിന്നു വിധേയരായ എല്ലാ രാജ്യങ്ങൾക്കും പരിപൂർണ്ണസമത്വവും സ്വയംനിർണ്ണയാവകാശവും നൽകണമെന്നു് ദൃഢമായും ധീരമായും വിപ്ലവകരമായും വിട്ടുവീഴ്ച കൂടാതെയും വാദിക്കുന്നതിന്നു് ബഹുജനങ്ങളെ ചിട്ടയായി പഠിപ്പിക്കണമെന്നാണു്. ഗ്രേററുറഷ്യക്കാരുടെ ദേശാഭിമാനത്തിന്റെ (അടിമമനോഭാവത്തിൻെറ രൂപത്തിലല്ല ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്) താല്പര്യങ്ങളും ഗ്രേററുറഷ്യയിലെ (മററെല്ലാ രാജ്യങ്ങളിലേയും) തൊഴിലാളിവർഗ്ഗത്തിൻെറ സോഷ്യലിസ്റ്റു് താല്പര്യങ്ങളും അന്യോന്യം പൊരുത്തപ്പെടുന്നു. പതിററാണ്ടുകാളോളം ബ്രിട്ടനിൽ താമസിച്ച പകുതി ഇംഗ്ലീഷുകാരനായിത്തീൻ മാർക്സു് ബ്രിട്ടീഷ് തൊഴിലാളികളുടെ സോഷ്യലിസ്റ്റുപ്രസ്ഥാനത്തിൻെറ ഗുണത്തിന്നുവേണ്ടി ഐർലണ്ടിന്നു് ദേശീയസ്വാതന്ത്ര്യം നൽകണമെന്നാവശ്യപ്പെട്ടു. അദ്ദേഹമാണു് ഞങ്ങൾക്കെന്നും മാതൃക.

രണ്ടാമതായി നാം സങ്കല്പിച്ച പക്ഷത്തിൽ പ്ലെഖനോവ് പ്രഭൃതികളായ നമ്മുടെ നാടൻ സോഷ്യലിസ്റ്റു്-ഷവനിസ്റ്റുകൾ തങ്ങളുടെ സ്വന്തം നാടിനെ—സ്വതന്ത്രവും ജനാധിപത്യപരവുമായ ഗ്രേററ്റഷ്യയെ—സംബന്ധിച്ച മാത്രമല്ല റഷ്യയിലെ എല്ലാ രാജ്യങ്ങൾ തമ്മിലുള്ള സാഹോദര്യത്തെ, അതായതു്, സോഷ്യലിസത്തെ സംബന്ധിച്ചുകൂടി രാജ്യദ്രോഹികളായിത്തീരും.

സോഷ്യൽ ഡെമോക്രാട്ടു ) കള: വർക്സു്
നമ്പർ 35, 1914 ഡിസമ്പർ 12 ) വാ: 21, പേ 102 06

## 1918 മാർച്ച് 8-ാംനു നടന്ന ആർ. സി. പി. (ബി) യുടെ ഏഴാംകോൺഗ്രസ്സിൽ സമർപ്പിച്ചതും പരിപാടിയെക്കുറിച്ചും പാർട്ടിയുടെ പേരുമാററത്തെക്കുറിച്ചുമുള്ള പുനരവലോകന റിപ്പോർട്ടിൽനിന്നു്

നമ്മുടെ വിപ്ലവത്തിന്റേയും സാർവ്വലൌകീക തൊഴിലാളി സേനയിലെ നമ്മുടെ വിഭാഗത്തിന്റെയും വിധി എന്തുതന്നെയായിക്കൊള്ളട്ടെ, വിപ്ലവത്തിന്നു് വരാനിരിക്കുന്ന സങ്കീർണ്ണതകൾ എന്തുമായിക്കൊള്ളട്ടെ, ഒരു കാര്യം തീർച്ചയാണു്: ഏററവും പുരോഗമിച്ച രാജ്യങ്ങളെപ്പോലും ക്ഷാമത്തിലേക്കും നാശത്തിലേക്കും കാടത്തത്തിലേക്കും പിടിച്ചുതള്ളിയ യുദ്ധത്തിന്റെ37 ചുഴിയിൽപെട്ട സാമ്രാജ്യരാജ്യങ്ങളുടെ വസ്തുനിഷ്ഠമായ സ്ഥിതി ആശയററതാണു്. യൂറോപ്പിൽ യുദ്ധംകൊണ്ടുണ്ടാകാവുന്ന ഭവിഷ്യത്തുക്കളെപ്പററി മുപ്പതുകൊല്ലം മുമ്പ്, 1887ൽ ഫ്രെഡറിക്ക്

എംഗൽസ് പറഞ്ഞതു് ഞാൻ ഇവിടെ ആവത്തിയ്ക്കട്ടെ. അദ്ദേഹം പറഞ്ഞു: യൂറോപ്പിൽ അങ്ങിങ്ങായി ഡസൻ കണക്കിൽ കിരീടങ്ങൾ ചിന്നിച്ചിതറിക്കിടക്കും, ആരും അവയെ പെറുക്കുവാൻ തയ്യാറുണ്ടാവില്ല: വിശ്വസിക്കാനാവാത്ത നാശം യൂറോപ്യൻ രാജ്യങ്ങൾക്ക വന്നുചേരും, യൂറോപ്യൻ യുദ്ധത്തിൻെറ ഭയാനതകൾക്കും ദുരിതങ്ങൾക്കമെല്ലാം ഒരേ ഒരു ഫലമാണുണ്ടാവുക:—അദ്ദേഹത്തിൻെറതന്നെ വാക്കുകളിൽ, "തൊഴിലാളിവർഗ്ഗത്തിൻെറ വിജയമോ അല്ലെങ്കിൽ ആ വിജയത്തെ സാധ്യവും അവശ്യവുമാക്കുന്ന പരിതസ്ഥിതികളുടെ സൃഷ്ടി"[34]. അനന്യസാധാരണമായ കണിശത്തോടും കരുതലോടുംകൂടിയാണു് എംഗൽസ് ഇക്കാര്യത്തെക്കുറിച്ചു പറഞ്ഞതു്. നാശത്തിൻെറയും തകർച്ചയുടേയും സ്ഥിതിയിൽ സോഷ്യലിസം അസാധ്യമാണെന്നു് പലരും അനവസരത്തിൽ തത്വശാസ്ത്രാഭാസം പ്രസംഗിക്കുന്നുണ്ടു്. അവരിൽനിന്നെല്ലാം വ്യത്യസ്തമായി എംഗൽസിന്നു നല്ലവണ്ണമറിയാമായിരുന്നു. പുരോഗതിപ്രാപിച്ച സമുദായത്തിൽപ്പോലും യുദ്ധം ബഹുജനങ്ങളെ ചോരയിൽ മുക്കുകയും നാശത്തിലേക്കും കാടത്തത്തിലേക്കും യാതനയിലേക്കും കഷ്ടപ്പാടുകളിലേക്കും തള്ളിവിടുകയും ചെയ്യുമെന്നും യുദ്ധം സോഷ്യലിസത്തിൻെറ വിജയം കൈവരുത്തുമെന്നതിന്നുറപ്പല്ലെന്നും, യുദ്ധത്തിൻെറ ഫലം "തൊഴിലാളിവർഗ്ഗത്തിൻെറ വിജയമോ ആ വിജയത്തെ അവശ്യവും സാധ്യവുമാക്കുന്ന പരിതസ്ഥിതികളുടെ സൃഷ്ടിയോ" ആയിരിക്കുമെന്നും സംസ്കാരത്തിൻെറയും ഉല്പാദനശക്തികളുടേയും വമ്പിച്ച നാശത്താൽ പുതിയ വ്യവസ്ഥയിലേക്കുള്ള പരിണാമം ബുദ്ധിമുട്ടു നിറഞ്ഞതാവാൻ വഴിയുണ്ടെന്നും അദ്ദേഹത്തിന്നറിയാമായിരുന്നു. എന്നാൽ യുദ്ധത്തിൻെറ ഫലം ബഹുജന മുന്നണിപ്പാർട്ടിയായ തൊഴിലാളിവർഗ്ഗത്തിൻെറ ഉയിർത്തെഴുന്നേല്പും സോഷ്യലിസ്റ്റ് സമുദായം നിർമ്മിക്കുന്നതിന്നുവേണ്ടി അധികാരം പിടിച്ചെടുക്കുന്നതിൻെറ തുടക്കവും മാത്രമായിരിക്കും ഇതിൻെറ ഒട്ടാകെ ഫലമെന്നുകൂടി അദ്ദേഹം പറഞ്ഞു. സംസ്കാരത്തെ

**എത്രതന്നെ നശിപ്പിച്ചാലും ചരിത്രത്തിൽനിന്നു് തുടച്ചുനീക്കാനാവില്ല; അതിനെ വീണ്ടെടുക്കാൻ പ്രയാസമുണ്ടാകും; എങ്കിലും ഏതു നാശത്തിനും അതിനെ നിശ്ശേഷം തുടച്ചുനീക്കാനാവില്ല. അതിന്റെ ചില അംശങ്ങൾ, ഭൌതികാവശിഷ്ടങ്ങൾ നശിപ്പിക്കാൻ പററാത്തവയാണു്. ബുദ്ധിമുട്ടു് അതിന്റെ പഴയ നിലയെ വീണ്ടെടുക്കുന്നതിൽ മാത്രമാണു്.**

| | |
|---|---|
| '1918 മാർച്ചു് 6 8 തിയ്യതികളിലെ റഷ്യൻ കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ ഏഴാംകോൺഗ്രസ്സിന്റെ പദാനുപദറിപ്പോർട്ടു്'' എന്നപേരിൽ 1923ൽ പ്രസിദ്ധപ്പെടുത്തിയ പുസ്തകത്തിൽനിന്നു് | ) കളക്ടഡ്‌വർക്സ് ) വാ: 27. പേജ് ) 128–29 |

## "സോവിയററ്ഗവമ്മേണ്ടിൻെറ അടിയന്തിര കടമകൾ" എന്ന ലേഖനത്തിൻെറ ആദ്യരൂപത്തിൽനിന്നു്

### അദ്ധ്യായം 5

സോവിയററുഗവമ്മേണ്ടിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ പരമപ്രധാനമായിത്തീൎന്നിട്ടുള്ള ഭരണവിഷയകമായ ജോലിക്കു് താഴെ പറയുന്ന സവിശേഷതകൂടിയുണ്ടു്: പരിഷ്കൃതസമുദായത്തിൻെറ ആധുനികചരിത്രത്തിൽ ഒരുപക്ഷെ ആദ്യമായി ഭരണപ്രശ്നത്തിൽ രാഷ്ട്രീയത്തിന്നല്ലാതെ സാമ്പത്തിക കായ്യങ്ങൾക്കു മുൻഗണന നൽകുന്ന ഒരു കാലഘട്ടം സമാഗതമായിരിക്കുന്നു.

പ്രാധാന്യേനയോ മുഴുവനുമോ രാഷ്ട്രീയമായ പ്രവത്തനങ്ങളുമായി ബന്ധിച്ചുകൊണ്ടാണു് "ഭരണനിവ്വഹണ"മെന്ന പദം ഉപ

യോഗിക്കപ്പെടുന്നതു്. എന്നാൽ സോവിയററുഭരണത്തിന്റെ അടിസ്ഥാനവും സാരാംശവു്, മുതലാളിത്തത്തിൽനിന്നു സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിന്റെ സാരാംശമെന്നപോലെ തന്നെ, രാഷ്ട്രീയപ്രവർത്തനങ്ങൾ സാമ്പത്തികപ്രവർത്തനങ്ങൾക്കു് വിധേയമാക്കപ്പെടുന്നുവെന്ന വസ്തുതയാണു്. ഇപ്പോൾ, പ്രത്യേകിച്ചു് നാലുമാസത്തെ സോവിയററു്ഭരണത്തിന്റെ അനുഭവങ്ങൾക്കുശേഷം, ഭരണനിർവ്വഹണത്തിന്റെ ഇന്നത്തെ ജോലി പ്രഥമവും പ്രധാനവുമായി കേവലസാമ്പത്തികരംഗത്തിലായി കേന്ദ്രീകരിയ്ക്കപ്പെട്ടിരിക്കുന്നുവെന്ന വസ്തുതയെപ്പററി നമുക്കു് യാതൊരു സംശയവും ഉണ്ടാകരുതു്. രാജ്യത്തിന്നേററ യുദ്ധവ്രണങ്ങളെ ഇല്ലാതാക്കുക, ഉല്പാദനശക്തികളെ വീണ്ടെടുക്കുക, ചരക്കുകളുടെ ഉല്പാദനവിതരണങ്ങളുടെ നിയന്ത്രണവും എക്കൌണ്ടിങ്ങു് സമ്പ്രദായവും നടപ്പാക്കുക, തൊഴിലിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നിവയെല്ലാമാണു് സാമ്പത്തികപുനഃസംവിധാനത്തിന്റേതായ മേൽപറഞ്ഞ ജോലി.

ഈ ജോലിയാകെ രണ്ടായി തിരിയ്ക്കാം: (1) ചരക്കുകളുടെ ഉല്പാദനവിതരണങ്ങളുടെ നിയന്ത്രണത്തിന്റേയും എക്കൌണ്ടിങ്ങു് വ്യവസ്ഥയുടേയും ഏററവും വ്യാപകവും സാർവ്വജനീനവുമായ രൂപങ്ങൾ ആവിഷ്ക്കരിച്ചു് നടപ്പാക്കുക (2) തൊഴിലിന്റെ ഉല്പാദനക്ഷമതയെ ഉയർത്തുക. സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവും രാഷ്ട്രീയവുമായ വേണ്ടത്ര മുന്നുപാധികൾ മുതലാളിത്തം മുമ്പേ സൃഷ്ടിച്ചുകഴിഞ്ഞിട്ടുള്ള ഒരു രാജ്യത്തെ സോഷ്യലിസത്തിലേക്കു സംക്രമിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിന്നോ രാഷ്ട്രത്തിന്നോ മാത്രമേ മേല്പറഞ്ഞ കടമകൾ നിർവ്വഹിക്കാനാവൂ. വൻകിടയന്ത്രനിർമ്മാണവും ഏറെക്കുറെ വളർന്നുവ്യാപിച്ച റയിൽവെയും കൂടാതെ, പോസ്റ്റൽ–ടെലിഗ്രാഫു് വാർത്താവിനിമയത്തിന്റെ വികാസവും ഏറെക്കുറെ വളർന്ന വിദ്യാഭ്യാസവ്യവസ്ഥയും കൂടാതെ ഈ രണ്ടു കടമയും രാജ്യത്തിലുടനീളം ചിട്ട

യായി ചെയ്യതീക്കാൻ കഴിയുകയില്ല പരിണാമദശയിൽ വേണ്ട തായ ഈ മുന്നുപാധികളിൽപലതും റഷ്യയിൽഇന്നുണ്ട്; പലതും ഇല്ലതാനം. എന്നാൽ കൂടുതൽ പുരോഗതി പ്രാപിച്ചവയും ചരിത്രത്താലും സാർവ്വദേശീയവേഴ്ചകളാലും ഏറെക്കാലമായി റഷ്യയോട്ടടുത്ത ബന്ധമുള്ളവരുമായ അയൽരാജ്യങ്ങളുടെ പ്രായോഗികാനുഭവത്തിൽനിന്നു് നമുക്കില്ലാത്തവയെ വലിയ പ്രയാസംകൂടാതെ കടം മേടിക്കാവുന്നതാണ്.

| | | |
|---|---|---|
| 1918 മാർച്ച് 23നും 28നും ഇടയ്ക്ക് പറഞ്ഞു കൊടുത്തെഴുതിച്ചതു്. 1962ൽ ആദ്യമായി കളക്ടഡ് വർക്ക്സിന്റെ അഞ്ചാം റഷ്യൻപതിപ്പിന്റെ 36 ാം വാല്യത്തിൽ പ്രസിദ്ധീകരിച്ചു. | ) | കളക്ടഡ് വർക്ക്സ് 5 ാം റഷ്യൻപതിപ്പ് 36 ാംവാല്യം പേജ് 130—31 |

## 1918 നവമ്പർ 27-ാംനു കൂടിയ മോസ്കോ പാർട്ടി പ്രവർത്തകരുടെ യോഗത്തിൽ പെററി ബൂർഷ്വാ ജനാധിപത്യവാദികളോടുള്ള തൊഴിലാളിവർഗ്ഗത്തിന്റെ നിലപാടിനെക്കുറിച്ചു സമർപ്പിച്ച റിപ്പോർട്ടിൽനിന്നു്

വിപുലമായ മുതലാളിത്തസംസ്കാരത്തിന്റെ ഘടകങ്ങളുപയോഗിച്ചേ സോഷ്യലിസം പടുത്തുയർത്തുവാൻ കഴിയുകയുള്ളുവെന്നും ബുദ്ധിജീവിവിഭാഗം ഈ ഘടകങ്ങളിലൊന്നാണെന്നും നമുക്കറിയാം. നമുക്കവരോടു കർശനമായി പെരുമാറേണ്ടി വന്നിട്ടുണ്ടു്. എന്നാൽ കമ്യൂണിസമല്ല അങ്ങനെചെയ്യാൻ നമ്മെ നിർബ്ബന്ധിച്ചതു്; എല്ലാ "ജനാധിപത്യവാദി"കളേയും നമ്മളിൽനിന്നകററിക്കളഞ്ഞ സംഭവങ്ങളായിരുന്നു. അന്നെല്ലാവരും ബൂർഷ്വാജനാധിപത്യത്തിൽ മതിമയങ്ങിയിരുന്നു. ഇപ്പോഴിതാ സോഷ്യലിസത്തിന്നുവേണ്ടി ബുദ്ധിജീവികളെ ഉപയോ

ഗ്യ്ക്കുവാനുള്ള അവസരം കിട്ടിയിരിക്കുന്നു. ഈ ബുദ്ധിജീവികൾ സോഷ്യലിസ്റ്റ്കാരല്ല. ഒരിക്കലും കമ്യൂണിസ്റ്റ്കാരാവുകയുമില്ല; എന്നാൽ നമ്മോടു നിഷ്പക്ഷവും നല്ല അയൽപക്കക്കാർക്കു യോജിച്ചതുമായ മനോഭാവം കൈക്കൊള്ളുന്നതിന്നു വസ്തുനിഷ്ഠമായ ബന്ധങ്ങളും സംഭവഗതികളും അവരെ ഇപ്പോൾ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. ബുദ്ധിജീവികളെ നാം ഒരിക്കലും ആശ്രയിക്കുകയില്ല; എല്ലാ തൊഴിലാളികളെയും ദരിദ്രകർഷകരെയും നയിക്കുന്ന തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിവിഭാഗത്തെ മാത്രമേ നാം ആശ്രയിക്കൂ. മറെറാരു പിൻബലത്തെയും കമ്യൂണിസ്റ്റ് പാർട്ടിക്കു് ആശ്രയിക്കാൻ വയ്യ. എന്നാൽ സർവ്വാധിപത്യം നടത്തുന്ന വർഗ്ഗത്തെ ആശ്രയിക്കുന്നതും മററുമാർഗ്ഗങ്ങളുടെമേൽ ആധിപത്യംചെലുത്തുന്നതും രണ്ടും രണ്ടാണു്.

കൂലിവേലയെടുപ്പിക്കുന്ന കർഷകരെക്കുറിച്ചുപോലും എംഗൽസ് പറഞ്ഞതു് നിങ്ങൾക്കു് ഓർമ്മയുണ്ടാകും: അധികപക്ഷവും നമുക്കു് അവരുടെ എല്ലാവരുടേയും സ്വത്തു് പിടിച്ചടക്കേണ്ടിവരില്ല [39] പൊതുനിയമമെന്ന നിലയിൽ നാം സ്വത്തു പിടിച്ചടക്കുന്നുണ്ടു്. സോവിയററുകളിൽ കുലാക്കുകളില്ല, നാം അവരെ അമർച്ചചെയ്യുകയാണു്. സോവിയററുകളിൽ സൂത്രത്തിൽ കടന്നുകൂടുകയും സാധുകൃഷിക്കാരെ ഞെക്കിക്കൊല്ലുകയും ചെയ്യുന്ന കുലാക്കുകാരെ നാം അടിച്ചമർത്തുന്നു. 'ഒരു വർഗ്ഗത്തിന്റെ ആധിപത്യം നടപ്പാക്കുന്നതു് എങ്ങനെയെന്നു് നിങ്ങൾക്കിതിൽ കാണാം. തൊഴിലാളിവർഗ്ഗം മാത്രമെ ആധിപത്യം വഹിയ്ക്കാവൂ എന്നാൽ ചെറുകിട കർഷകന്റെമേൽ ആധിപത്യംചെലുത്തുന്നതു് ഒരു തരത്തിലാണു്! ഇടത്തരം കർഷകന്റെമേൽ മറെറാരു തരത്തിലാണു്; ഭൂവുടമയുടെമേൽ മൂന്നാമതൊരു തരത്തിലാണു്; പെററിബൂർഷ്വാസിയുടെമേൽ നാലാമതൊരു തരത്തിലുമാണു്. സാർവ്വദേശീയ പരിതസ്ഥിതികളുടെ മാററംകൊണ്ടു നമ്മുടെ നിലപാടിലും മാററംവരുത്തണമെന്നും വിപ്ലവചരിത്രത്തിലെ കഴിഞ്ഞ

ആറുമാസം നമുക്കു് പരിചിതങ്ങളായ മുദ്രാവാക്യങ്ങൾ പെററിബൂർഷ്വാ ജനാധിപത്യവാദികളെസ്സംബന്ധിടത്തോളം ഭേദഗതി ചെയ്യേണ്ടതു് അനിവാര്യമാണെന്നും നാം മനസ്സിലാക്കണമെന്നതാണു് പ്രധാന കാര്യം, അതേ വർഗ്ഗത്തിന്നുവേണ്ടി നാം അധികാരം നീക്കിവെക്കുന്നുവെന്നു് നാം പറയണം. പെററിബൂർഷ്വാ ജനാധിപത്യവാദികളുടെ കാര്യത്തിൽ നമ്മുടെ മുദ്രാവാക്യം യോജിപ്പിന്റേതായിരുന്നു. എന്നാൽ ഭയപ്പെടുത്തി കീഴ്പ്പെടുത്തുക എന്ന നയം കൈക്കൊള്ളുവാൻ നാം നിർബ്ബന്ധരായി, സഹകാരികളും ബുദ്ധിജീവികളുമായ നിങ്ങൾ ഞങ്ങളുമായി നല്ല അയൽപക്കബന്ധത്തോടെ ഇണങ്ങിക്കഴിയുവാൻ തയ്യാറാണെങ്കിൽ കുറച്ചദ്ധ്വാനിക്കുക, ഞങ്ങൾ പറയുന്ന പണിചെയ്യുക. അതിന്നു തയ്യാറല്ലെങ്കിൽ നിങ്ങൾ നിയമലംഘകരും ഞങ്ങളുടെ ശത്രുക്കളുമാകും; നിങ്ങളുമായി പൊരുതുകയുംചെയ്യും. പക്ഷെ നിങ്ങൾ നല്ല അയൽപക്കബന്ധം പുലർത്തുകയും ഞങ്ങൾ തരുന്ന പ്രവൃത്തി ചെയ്യുകയുമാണെങ്കിൽ ഞങ്ങൾക്കു ധാരാളമാണു്. ഞങ്ങളുടെ സഹായം ഉറപ്പിക്കാം. നിങ്ങൾ ദുർബ്ബലരും എളുപ്പം വഴങ്ങിക്കൊടുക്കുന്നവരുമായിരുന്നുവെന്നു ഞങ്ങൾ എന്നും മനസ്സിലാക്കിയിട്ടുണ്ടു്. പക്ഷെ ഞങ്ങൾക്കു് നിങ്ങളെ ആവശ്യമുണ്ടെന്ന കാര്യം ഞങ്ങൾ നിഷേധിക്കുന്നില്ല; എന്തുകൊണ്ടെന്നാൽ നിങ്ങൾ മാത്രമാണു് വിദ്യാഭ്യാസം സിദ്ധിച്ചവർ.

മുതലാളിത്തം വിട്ടേച്ചുപോയവരെക്കൂടാതെ സോഷ്യലിസം പടുത്തുയർത്താമായിരുന്നുവെങ്കിൽ കാര്യങ്ങൾ ഇത്ര മോശമാകുമായിരുന്നില്ല. പക്ഷെ സോഷ്യലിസ്റ്റു് നിർമ്മാണത്തെസ്സംബന്ധിച്ചേടത്തോളമുള്ള കുഴപ്പം മുഴുവൻ അതാണു്— മുതലാളിത്തം അമ്പെ ദുഷിപ്പിച്ചുകളഞ്ഞ ആൾക്കാരെക്കൊണ്ടുവേണം നമുക്കു സോഷ്യലിസം പടുത്തുയർത്തുവാൻ. സോഷ്യലിസത്തിലേക്കുള്ള പരിണാമത്തിന്റെ മുഴുവൻ തകരാറതാണു്—തൊഴിലാളിവർഗ്ഗമെന്ന ഒരൊററ വർഗ്ഗത്തിന്നുമാത്രം നടപ്പാക്കാവുന്ന സർവ്വാധിപത്യത്തോടു

ബന്ധപ്പെട്ടതാണു് ഈ പരിണാമം. അതുകൊണ്ടാണു് നാം പറയുന്നതു്, ബൂർഷ്വാസിയെ തകർക്കുവാൻ കെല്പുണ്ടാകുമാറു് ഉയർത്തി രൂപപ്പെടുത്തിയിട്ടുള്ള സമരശക്തിയായ തൊഴിലാളിവർഗ്ഗം മുൻപത്തെ പരിണാമപ്രക്രിയക്കു് നേതൃത്വം നൽകുമെന്നു്. ബൂർഷ്വാസിക്കും തൊഴിലാളിവർഗ്ഗത്തിന്നുമിടയിൽ പരിണാമദശയിലുള്ള ഒട്ടേറെ ഗ്രൂപ്പുകളുണ്ടു്. അവരോടുള്ള നമ്മുടെ നയം സിദ്ധാന്തതലത്തിൽ നാം ആവിഷ്കരിച്ചുകഴിഞ്ഞിട്ടുള്ളതാണു്. അതിപ്പോൾ നടപ്പാക്കാനുള്ള അവസരമായിരിക്കുന്നു. ഒട്ടേറെ പ്രശ്നങ്ങൾ നമുക്കു തീരുമാനിക്കുവാനുണ്ടു്; ഒട്ടേറെ കരാറുകൾ ഉണ്ടാക്കുവാനും സാങ്കേതികപ്രവൃത്തികൾ അന്യരെക്കൊണ്ടു നടത്തിക്കാനുമുണ്ടു്. ഇതെല്ലാം എങ്ങനെ ചെയ്തുതീർക്കണമെന്നു് ഭരണം നടത്തുന്ന തൊഴിലാളിവർഗ്ഗമെന്ന നിലയിൽ നമുക്കറിയേണ്ടതാണു്. ഇടത്തരം കൃഷിക്കാരനു് ഒരു പ്രത്യേകം ജോലിയാണു്— ചരക്കുവിനിമയത്തിലും കവാടങ്ങളെ തുറന്നു കാട്ടുന്നതിലും സഹായിക്കൽ— കൊടുക്കേണ്ടതു്; സഹകാരികൾക്കു മറ്റൊന്നാണു്— വൻതോതിൽ ഉല്പന്നങ്ങൾ വിതരണംചെയ്യുന്നതിന്നുള്ള ഉപകരണവും സംഘടനയും അവർക്കുണ്ടു്. അതു നാം ഏറ്റെടുത്തു ഉപയോഗപ്പെടുത്തണം. തികച്ചും വ്യത്യസ്തമായ ചുമതലയാണു് ബുദ്ധിജീവികൾക്കു നൽകേണ്ടതു്. അവരുടെ അട്ടിമറി തുടർന്നു നടത്തുവാൻ അവർക്കു കഴിയുകയില്ല. ഇപ്പോഴവർ നമ്മളോടു നല്ല അയൽപക്കമനോഭാവത്തിലാണു്. ഈ ബുദ്ധിജീവികളെ നാം ഉപയോഗപ്പെടുത്തണം. അവർക്കു വ്യക്തമായ ജോലിനൽകുകയും അവരുടെ പ്രവർത്തനങ്ങളുടെ കണിശമായ മേൽനോട്ടം നിർവ്വഹിക്കുകയും വേണം. പാരീസ് കമ്യൂണിന്റെ കീഴിലുള്ള ആപ്പീസ്സുജോലിക്കാരെക്കുറിച്ചു് മാർക്സ് പറയുകയുണ്ടായി: "ഓരോ തൊഴിൽമൂപ്പനുമറിയാം തന്റെ വ്യാപാരത്തിന്നു് സഹായികളെയും കണക്കപ്പിള്ളമാരെയും തിരഞ്ഞെടുക്കേണ്ടതും അവർ വല്ല തെറ്റുംചെയ്താൽ അതു ഉടനെ ശരിയാക്കേണ്ടതും എങ്ങനെയെന്നു്. അവർ

ജോലിക്ക പററിയവരല്ലെന്നു് തെളിഞ്ഞാൽ അവരെ മാററി കാൎയ്യപ്രാപ്തി കൂടുതലുള്ള മററു സഹായികളേയും കണക്കപ്പിള്ളമാരേയും നിയമിക്കും."40 —ഇത്തരത്തിലായിരിക്കണം നാമും ബുദ്ധിജീവികളോടു പെരുമാറേണ്ടതു്.

മുതലാളിത്തം വിട്ടേച്ചുപോയ ഘടകങ്ങളെക്കൊണ്ടാണു് നാം രാഷ്ട്രത്തെ പടുത്തുയൎത്തുന്നതു്. ബുദ്ധിജീവികളെപ്പോലുള്ള മുതലാളിത്ത പൈതൃകത്തെ ഉപയോഗപ്പെടുത്താതെ നമുക്കു് രാഷ്ട്രം പടുത്തുയൎത്താൻ കഴിയുകയില്ല. പെററിബൂർഷ്വാസി രാഷ്ട്രത്തിന്റെ കൎന്നനിയന്ത്രണത്തിലാണിപ്പോൾ. അതുകൊണ്ടു് നല്ല അയൽപക്കക്കാരോടെന്നപോലെ നമുക്കവരോടു് പെരുമാറാം. ആധിപത്യത്തിന്റെ അൎത്ഥം എല്ലാ ജോലികളും ഏറെറടുത്തു തന്നത്താൻ ചെയ്യണമെന്നല്ല എന്നു് തൊഴിലാളിവൎഗ്ഗം മനസ്സിലാക്കണം. അങ്ങനെ വിചാരിക്കുന്നവൎക്കു് സോഷ്യലിസ്റ്റുനിൎമ്മാണകാൎയ്യത്തിൽ ഒരു ചുക്കും അറിയില്ല. വിപ്ലവത്തിന്റേയും സൎവ്വാധിപത്യത്തിന്റേയും ഒരു കൊല്ലത്തെ അനുഭവത്തിൽനിന്നു് അവരൊന്നും പഠിച്ചിട്ടുമില്ല. സ്കൂളിൽപോയി കാച്ചു പഠിച്ചുവരികയാണു് അവൎക്കു നല്ലതു്. എന്നാൽ ഈ കാലഘട്ടത്തിൽ എന്തെങ്കിലും പഠിച്ചവർ സ്വയം പറയും: "നിൎമ്മാണപ്രവൃത്തിയിൽ ഞാൻ ഉപയോഗപ്പെടുത്താൻ പോകുന്നതു് ഈ ബുദ്ധിജീവികളെയാണു്. അതിന്നെനിക്കു് കൃഷിക്കാരുടെ മതിയായ കനത്ത പിൻബലമുണ്ടു്" തൊഴിലാളിവൎഗ്ഗവും പെററിബൂർഷ്വാ ജനാധിപത്യവാദികളും തമ്മിൽ ഒട്ടേറെ കരാറുകളും പരീക്ഷണക്കരാറുകളും നടപ്പാക്കിക്കൊണ്ടുള്ള സമരത്തിലൂടെ മാത്രമേ സോഷ്യലിസത്തിന്നു വേണ്ടതായ നിൎമ്മാണത്തിന്റെ രൂപങ്ങൾ ആവിഷ്കരിക്കുവാൻ കഴിയുകയുള്ളുവെന്നു് നാം ഓൎത്തിരിക്കണം.

മാതൃകയുടെ പ്രേരണാശക്തിയെ ഉപയോഗപ്പെടുത്തി നാം പ്രവൎത്തിയ്ക്കണമെന്ന എംഗൽസിന്റെ വാക്കു് ഓൎമ്മിയ്ക്കുക 41

പരിപൂണ്ണ കമ്യൂണിസം നേടുന്നതുവരെ യാതൊരു രൂപവും അവസാനത്തേതല്ല. കൃത്യവും കണിശവുമായ മാറ്റ്മറിയാമെന്നു് നാം ഒരിയ്ക്കലും അവകാശപ്പെട്ടിട്ടില്ല. എങ്കിലും അനിവാര്യമായി കമ്യൂണിസത്തിലേക്കാണു് നാം നീങ്ങുന്നതു്. ഇതുപോലുള്ള കാലങ്ങളിൽ ഓരോ ആഴ്ചയും സമാധാനകാലത്തിൻെറ പതിററാണ്ടുകളെക്കാൾ വിലപ്പെട്ടതാണു്. ബ്രസ്റ്റ്ലിറോവ്സ്കു് സമാധാനസഖ്യത്തിന്നു ശേഷമുള്ള കഴിഞ്ഞ ആറു മാസങ്ങൾ നമുക്കനുകൂലമാണു്, നമ്മുടെ മാതൃകയെ പിന്തുടൻകൊണ്ടു പടിഞ്ഞാറൻ യൂറോപ്പിൽ നടന്നുകൊണ്ടിരിക്കുന്ന വിപ്ലവം നമുക്കു് കൂടുതൽ ശക്തിനൽകും. പരിതസ്ഥിതികളിലെ ഓരോ ഘടകത്തേയും മാററത്തേയും നാം കണക്കിലെടുക്കണം; യാതൊരു വ്യാമോഹവും നമുക്കുണ്ടായിക്കൂട; കാരണം, നമുക്കറിയാം, ലോകസോഷ്യലിസ്റ്റ് വിപ്ലവം പൂണ്ണമായി ജയിക്കുന്നതുവരെ ചാഞ്ചാട്ടക്കാർ ചാഞ്ചാട്ടക്കാരായിത്തന്നെ തുടരും. വിപ്ലവത്തിൻെറ ഈ വിശ്വവിജയം അത്രവേഗത്തിൽ സംഭവിച്ചേയ്ക്കുണമെന്നില്ല: എങ്കിലും പലരും വിചാരിച്ചതിലും വേഗത്തിലുണ്ടാവുമെന്നു് ആശിക്കാൻ ജമ്മൻവിപ്ലവത്തിൻെറ ഗതി വഴി നൽകുന്നു. ജമ്മൻ വിപ്ലവം നമ്മുടെ വഴിയ്ക്കുതന്നെയാണു് വളരുന്നതു്, എന്നാൽ കൂടുതൽ വേഗത്തിലാണു്. എങ്ങനെയായാലും നമ്മുടെ ഇപ്പോഴത്തെ കടമ ബ്രിട്ടീഷമേരിക്കൻ സാമ്രാജ്യത്തോടു കടുത്ത സമരം നടത്തുകയാണു്. ബോൾഷേവിസം ലോകശക്തിയായി വളന്നു കഴിഞ്ഞിരിക്കുന്നുവെന്നു ഈ സാമ്രാജ്യശക്തികൾക്കു് മനസ്സിലായിരിയ്ക്കുന്നു. അതുകൊണ്ടവർ കഴിയുന്ന വേഗത്തിൽ നമ്മെ നശിപ്പിച്ചുകളയാനാണു് ശ്രമിക്കുന്നതു്. റഷ്യൻ ബോൾഷേവിക്കുകാരെ ശരിപ്പെടുത്തിയശേഷം സ്വന്തം നാട്ടിലുള്ളവരുടെ നേരെ തിരിയാമെന്നാണു് അവരുടെ ആശ.

സാമ്രാജ്യത്വത്തിൻെറ അതിക്രമങ്ങൾ നമ്മുടെ ചേരിയിലേക്കു് ആട്ടിപ്പായിക്കുന്ന ചാഞ്ചാട്ടക്കാരെ നാം ഉപയോഗപ്പെ

ടുത്തണം. നാമതു ചെയ്യുകയും ചെയ്യും. നിങ്ങൾക്കു നന്നായറിയാമല്ലോ, യുദ്ധകാലത്തെ ഏതു സഹായവും പരോക്ഷമാണെങ്കിൽപ്പോലും, പുഛിച്ചു തള്ളാവുന്നതല്ല. ചാഞ്ചാടിക്കൊണ്ടിരിക്കുന്ന വർഗ്ഗങ്ങളുടെ സ്ഥിതിപോലും യുദ്ധകാലത്തു് അത്യന്തം പ്രധാനമാണു്. നമ്മുടെ അടുത്തേക്കുവരുന്ന ചാഞ്ചാട്ടക്കാരുടെ മേൽ സ്വാധീനം നേടുകയെന്നതു് യുദ്ധം മുറുകുന്തോറും കൂടുതൽ ആവശ്യമായിവരുന്നു. അതുകൊണ്ടു് പെററിബൂർഷ്വാ ജനാധിപത്യവാദികളിൽപ്പെട്ട വിവിധഗ്രൂപ്പുകളുടെ കാര്യത്തിൽ കഴിഞ്ഞ 6 മാസമായി നാം അനുവർത്തിച്ചുവന്നിരുന്ന തന്ത്രങ്ങൾ പുതിയ കടമകൾക്കനുസരിച്ചു ഭേദപ്പെടുത്തണം.

പാർട്ടിപ്രവർത്തകരുടെ ശ്രദ്ധ ഈ പ്രശ്നത്തിൽ തിരിച്ചുവിടുന്നതിനും ചിട്ടയായ പരീക്ഷണങ്ങൾകൊണ്ടു അതിനു പരിഹാരം നേടുവാൻ അവരെ പ്രേരിപ്പിക്കുന്നതിനും എനിക്കു കഴിഞ്ഞാൽ എന്റെ ജോലി പൂർത്തിയായതായി വിചാരിക്കാം.

1918 ഡിസമ്പർ 5, 6 തിയ്യതികളിലെ ) കള: വർക്സ്
പ്രവദയുടെ 264, 265 നമ്പറുകൾ. ) വാ: 28. പേ: 213 – 16

## പെട്രോഗ്രാഡ് സോവ്യററ്സമ്മേളനത്തിൽ ആഭ്യന്തരനയത്തെയും വിദേശനയത്തെയും സംബന്ധിച്ച് ജനകീയകമ്മിസാർമാരുടെ കൌൺസിൽ സമർപ്പിച്ച റിപ്പോർട്ടിൽനിന്ന്

1919 മാർച്ച് 12.

സംക്ഷിപ്തമായ ഒരു പത്രറിപ്പോർട്ട്

സാറിസ്റ്റ് ഗവമ്മെണ്ടിന്റെ കീഴിൽ സേവനത്തിലിരുന്ന ആഫീസർമാരും മററുള്ളവരും ചുകപ്പുസേനയുടെ നേതൃത്വത്തിലുള്ളതിൽ ചില സഖാക്കൾ രോഷം പ്രകടിപ്പിക്കുന്നുണ്ടെന്ന് ലെനിൻ പറഞ്ഞു. ചുകപ്പുസേനയെസംഘടിപ്പിക്കുന്നതിൽ ഈ പ്രശ്നത്തിന്നു സ്വാഭാവികമായും വലിയ പ്രാധാന്യമുണ്ട്; ശരിക്കും അതു മനസ്സിലാക്കി പ്രവർത്തിക്കുന്നതിലാണ് നമ്മുടെ വിജയം സ്ഥിതിചെയ്യുന്നതു്. വിദഗ്ദ്ധന്മാരുടെ ഈ പ്രശ്നത്തെപ്പററി സമഗ്രമായ ചർച്ചചെയ്യുന്നുണ്ട്. മുതലാളിവിദഗ്ദ്ധന്മാരുടെ ശാസ്ത്രീയ വൈദഗ്ദ്ധ്യവും പരിചയവും സിദ്ധിച്ചിട്ടില്ലാത്ത നമുക്ക് സ്വന്തമായി

കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ടുള്ള എല്ലാ രംഗങ്ങളിലും അവരുടെ സേവനമത്ത നാം ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. ഒരുതരം പുതിയ മനുഷ്യരാണ് റഷ്യയിൽ സോഷ്യലിസം കെട്ടിപ്പടുക്കേണ്ടതെന്ന് വിശ്വസിക്കുന്ന സങ്കല്പജീവികളല്ല നമ്മൾ. പഴയ മുതലാളിത്തലോകത്തിൽനിന്ന് ലഭിച്ച സാധനസാമഗ്രികൾ തന്നെ നമ്മൾ ഉപയോഗപ്പെടുത്തണം. പഴയ മനുഷ്യരെ പുതിയ സാഹചര്യങ്ങളിലാണ് നാം പ്രവർത്തിപ്പിക്കുന്നത്. തൊഴിലാളിവർഗ്ഗത്തിന്റെ ജാഗരൂകമായ മേൽനോട്ടത്തിൽ, തക്കതായ നിയന്ത്രണത്തിൽ, നമുക്കുവേണ്ടി അവരെക്കൊണ്ട് നാം സേവനമനുഷ്ഠിപ്പിക്കുന്നു. ഇങ്ങനെ മാത്രമെ നമുക്കു നിർമ്മാണപ്രവർത്തനം സാദ്ധ്യമാവൂ. മുതലാളിത്തലോകത്തിൽനിന്ന് പൈതൃകമായി ലഭിച്ച സാധനസാമഗ്രികൾ ഉപയോഗപ്പെടുത്തിക്കൊണ്ടല്ലാതെ സോഷ്യലിസം കെട്ടിപ്പടുക്കുക നമുക്കു സാദ്ധ്യമല്ല. അതു ചെയ്യാൻ നമുക്കു കഴിഞ്ഞില്ലെങ്കിൽ നാം കമ്മ്യൂണിസ്റ്റുകളാവില്ല, വെറും വായാടികളാവും. ശാസ്ത്രം, സാങ്കേതികപരിജ്ഞാനം എന്നല്ല മുതലാളിത്ത റഷ്യയിൽനിന്ന് നമുക്കു ലഭിച്ചിട്ടുള്ള സകലതും പൂർണ്ണമായി സോഷ്യലിസ്റ്റ് നിർമ്മാണത്തിനുവേണ്ടി നാം ഉപയോഗപ്പെടുത്തണം. ഇതിൽ പല ബുദ്ധിമുട്ടുകളും നമുക്കു നേരിടേണ്ടിവന്നേക്കും. അനിവാര്യമായും തെറ്റുകൾ പറ്റാം. കല്പിച്ചുകൂട്ടി അട്ടിമറി നടത്തുന്നവരെയും പ്രവർത്തനരംഗത്തുനിന്നു ഓടിപ്പോകുന്നവരെയും എവിടെയും കാണാം. അവർക്കെതിരായി ബലപ്രയോഗം മാത്രമെ മാർഗ്ഗമുള്ളു. പക്ഷെ അതിനപ്പുറത്തും തൊഴിലാളിവർഗ്ഗത്തിന്റെ സംഘടനാശക്തിയുടെയും അച്ചടക്കത്തിന്റെയും ധാർമ്മികബലം തന്നെ നാം ഉപയോഗപ്പെടുത്തണം. കൊള്ളാവുന്ന വിദഗ്ദ്ധന്മാരെ കയ്യൊഴിക്കേണ്ട യാതൊരാവശ്യവുമില്ല. തൊഴിലാളിവർഗ്ഗത്തിന്ന് നിയന്ത്രിക്കാൻകഴിയുന്ന വിധത്തിൽ അവരെ നിലക്കു നിർത്തണമെന്നുമാത്രം. നിശ്ചിതജോലികൾ അവരെ ഏല്പിച്ചുകൊടുക്കണം. അതേസമയം അവരുടെമേൽ എപ്പോഴും ഒരു കണ്ണുണ്ടായിരിക്കുകയു വേണം. അവർ ഉണ്ടാക്കിയേക്കാവുന്ന ഉപജാപങ്ങൾ

മണത്തറിഞ്ഞു് തടയുന്നതിന്നു് കമ്മീസർമാരെ നിശ്ചയിച്ചിരിക്കയുംവേണം. അതേഅവസരത്തിൽ അവരിൽനിന്നു പലതും നമുക്കു പഠിക്കാനുമുണ്ടു്. ഇങ്ങനെ നാം സേവനങ്ങളുപയോഗപ്പെടുത്തുന്ന ഈ മാന്യന്മാക്കു് ഒരിഷ്ടവും യാതൊരു രാഷ്ട്രീയാധികാരങ്ങളും അനുവദിച്ചുപോകരുതു്. ഒടുവിൽ ഇതു നടപ്പിൽവരുത്തുന്നതിന്നു് നമുക്കു കഴിഞ്ഞിട്ടുണ്ടു്. മുതലാളിമാരെ അമർത്തിക്കഴിഞ്ഞ നാം ഇനി അവരുടെ സേവനങ്ങളെ ഉപയോഗപ്പെടുത്താം എന്ന ഘട്ടത്തിലെത്തിയിരിക്കുന്നു. കഴിഞ്ഞകൊല്ലത്തിന്നുള്ളിൽ ആഭ്യന്തരംഗത്തു നമുക്കുണ്ടായിട്ടുള്ള വലിയ നേട്ടങ്ങളിൽ ഒന്നു് ഇതാണു്.

നാട്ടിൻപുറങ്ങളാണു് സാംസ്കാരികരംഗത്തു് നമ്മെ നേരിടുന്ന ഗൗരവമേറിയ പ്രശ്നം. സോവിയറ്റധികാരത്തിന്റെ അർത്ഥംതന്നെ അദ്ധ്വാനിക്കുന്ന ജനങ്ങളെ സകലവിധത്തിലും സഹായിക്കുക എന്നാണു്. ഗ്രാമപ്രദേശങ്ങളെസംബന്ധിച്ചുള്ള നമ്മുടെ നയത്തിന്റെ മുഴുവൻ പൊരുളും ഇതാണു്. നഗരങ്ങളിലെ തൊഴിലാളിവർഗ്ഗത്തെയും നാട്ടിൻപുറങ്ങളിലെ പട്ടിണിപ്പാവങ്ങളെയും തമ്മിൽ ബന്ധപ്പെടുത്തേണ്ടതു് ആവശ്യമായിരുന്നു. ഇതു നാം നിർവ്വഹിച്ചിട്ടുണ്ടു്. കണ്ണിൽപ്പെടാത്ത നൂറുനൂറുബന്ധങ്ങൾ അവക്കു തമ്മിൽ ഇന്നു ഉളവായിട്ടുണ്ടു്. മററു കാര്യങ്ങളിലെന്നപോലെ ഇക്കാര്യത്തിൽ പല വിഷമങ്ങളും നമ്മെ നേരിടുന്നുണ്ടു്. സ്വതന്ത്രരായ മുതലുടമകളാണു് തങ്ങളെന്ന ബോധമാണു് കൃഷിക്കാക്കുള്ളതു്. തങ്ങളുടെ ധാന്യം ഇഷ്ടംപോലെ വിററിട്ടുള്ള പാരമ്പര്യമാണവക്കുള്ളതു്. ഇതു് തങ്ങളുടെ ജന്മാവകാശമായി അവർ കരുതുന്നു. യുദ്ധംവരുത്തിത്തീർത്ത നാശനഷ്ടങ്ങളിൽനിന്നു് കരകേറുവാൻ കമ്യൂണിസ്റ്റു് രീതിയിൽ ഉല്പാദനം സംഘടിപ്പിക്കുക മാത്രമെ മാർഗ്ഗമുള്ളു എന്നു് അവരെ ബോദ്ധ്യപ്പെടുത്താൻ വളരെയേറെ പണിപ്പെടേണ്ടതുണ്ടു്. ദണ്ഡമല്ല, സാമമാണു് ഇതിന്നു പററിയ ആയുധം...."

സെവസ്റ്റോപോളിൽ... 

## സോവിയറ്റ് ഗവണ്മെണ്ടിന്റെ നേട്ടങ്ങളും പരാധീനതകളും എന്ന ലഘുലേഖയിൽനിന്ന്

ഒരുകൂട്ടം പുതിയ ആളുകളാണ് സോഷ്യലിസം സ്ഥാപിക്കുക, പരിശുദ്ധരും പരിശിക്ഷിതരും ആയ കുറെ ആളുകളെ പരിശീലിപ്പിച്ചെടുത്തു അവരായിരിക്കും പിന്നീട് സോഷ്യലിസം സ്ഥാപിക്കുന്നതു്, എന്നൊക്കെയാണ് പഴയ ഉട്ടോപ്യൻ സോഷ്യലിസ്റ്റുകാർ സങ്കല്പിച്ചിരുന്നതു്. ഇതുകേട്ട് നമ്മൾ ചിരിച്ചിട്ടുണ്ട്. ഗൌരവമായ രാജ്യകാര്യങ്ങൾ കൈകാര്യംചെയ്യുന്നതു് ഇങ്ങനെയല്ലെന്നും ഇതു് വെറും പാവകളിയാണെന്നും പെൺകിടാങ്ങളുടെ വിനോദം മാത്രമാണെന്നും നാം പറഞ്ഞിട്ടുണ്ട്.

മുതലാളിത്തത്തിന്റെകീഴിൽ വളൎന്നുവന്നവരും മുതലാളിത്തത്തിന്റെ ചപലതകൾ ദുഷിപ്പിച്ചിട്ടുള്ളവരും അതേയവസരത്തിൽ മുതലാളിത്തത്തിന്നെതിരായി സമരംചെയ്യാൻ മനക്കരുത്തു നേടിയിട്ടുള്ളവരും ആയ സ്ത്രീപുരുഷന്മാരെക്കൊണ്ട് സോഷ്യലിസം സ്ഥാപിക്കുന്നതിന്നാണ് നമ്മൾ ഉദ്ദേശിക്കുന്നതു്. ക്ലേശ

ങ്ങൾ സഹിക്കുന്നതിന്നു് സൈനികരെക്കാൾ കരുത്തു കൂടിയിട്ടുള്ള ആയിരമായിരം തൊഴിലാളികൾ എവിടെയുമുണ്ടു്. തൊഴിലാളികൾ ശരിയായ സമരതന്ത്രങ്ങൾ പ്രയോഗിക്കുകയാണെങ്കിൽ അവരുടെ സമരത്തിൽ അണിചേരുന്നതിന്നു് അജ്ഞരും അസംഘടിതരുമെങ്കിലും ഐക്യബോധമുള്ള ലക്ഷക്കണക്കിനു് കൃഷിക്കാരുണ്ടു്. മുതലാളിത്തത്തിന്റെ ലോകവീക്ഷണമുള്ള എത്രയോ ശാസ്ത്രവിദഗ്ദ്ധന്മാരുണ്ടു്; മുതലാളിത്തസാഹചര്യങ്ങളിൽ പരിശിക്ഷിതരായ സേനാനായകന്മാരുമുണ്ടു്. മുതലാളിത്തം മാത്രമാണെങ്കിൽ എത്രയോ ഭേദമായിരുന്നു. പക്ഷെ കൂട്ടത്തിൽ ഭൂവുടമവ്യവസ്ഥയും അടിയായ്മയും കടുത്ത മർദ്ദനമുറകളുമുണ്ടു്. സമ്പദ്വ്യവസ്ഥയെസ്സംബന്ധിച്ചേടത്തോളം കൃഷിവിദഗ്ദ്ധരും എഞ്ചിനീയർമാരും അദ്ധ്യാപകരും എല്ലാം സ്വത്തുടമവർഗ്ഗങ്ങളിൽനിന്നു വന്നവരാണു്; ആരും ആകാശത്തുനിന്നു പൊട്ടിവീണവരല്ല. സാർ നിക്കോലസ്സിന്റെ ഭരണത്തിലാകട്ടെ, പ്രസിഡണ്ടു് വിത്സന്റെ റിപ്പബ്ലിക്കൻ ഭരണത്തിലാവട്ടെ, ഫാക്ടറിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും വയലുകളിൽ ഉഴവുനടത്തുന്ന കൃഷിക്കാർക്കും സർവ്വകലാശാലാ വിദ്യാഭ്യാസമൊന്നും ലഭിച്ചിരുന്നില്ല. ശാസ്ത്രവും സാങ്കേതികപരിജ്ഞാനവും എല്ലാം സമ്പന്നർക്കു്, സ്വത്തുടമവർഗ്ഗങ്ങൾക്കു് ഉള്ളതാണു്. മുതലാളിത്തത്തിന്റെ സംസ്കാരം ന്യൂനപക്ഷത്തിന്നു മാത്രമുള്ളതാണു്. ഈ സംസ്കാരത്തിൽനിന്നുവേണം നമ്മൾ സോഷ്യലിസം സ്ഥാപിക്കുവാൻ. മററു നിർമ്മാണവസ്തുക്കളൊന്നും നമ്മുടെ കൈവശമില്ല. മുതലാളിത്തം വിട്ടുതന്നിട്ടുള്ള സാധനസാമഗ്രികൾ ഉപയോഗപ്പെടുത്തിക്കൊണ്ടു് ഉടൻതന്നെ, ഇന്നുതന്നെ, നാം സോഷ്യലിസം സ്ഥാപിച്ചുതുടങ്ങണം. ഉട്ടോപ്യൻ സോഷ്യലിസ്റ്റുകാരുടെ യക്ഷിക്കഥകൾ ഗൗരവമായെടുക്കുകയാണെങ്കിൽതന്നെ, കൃത്രിമമായി വാർത്തെടുത്ത പരിശുദ്ധരെക്കൊണ്ടു് സോഷ്യലിസം സ്ഥാപിക്കാനാവില്ല. മുതലാളിത്തം പരിശീലിപ്പിച്ച വിദഗ്ദ്ധന്മാരല്ലാതെ മററു വിദഗ്ദ്ധന്മാർ നമുക്കില്ല കെട്ടിപ്പ

ടുക്കുന്നതിന്നു മററു ഇഷ്ടികകളൊന്നും നമുക്കില്ല. സോഷ്യലിസം വിജയിക്കണം. ഈ ഇഷ്ടികകൾകൊണ്ടും, കൈവശമുള്ള സാധനസാമഗ്രികൾകൊണ്ടും, സോഷ്യലിസം സ്ഥാപിക്കാമെന്നു സോഷ്യലിസ്റ്റുകാരും കമ്യൂണിസ്റ്റുകാരും ആയ നമ്മൾ പ്രവൃത്തി കൊണ്ടു തെളിയിക്കണം. മുതലാളിത്തത്തിലെ വിദഗ്ദ്ധന്മാരുടെയും അത്രയൊന്നും സംസ്കാരമാർജ്ജിക്കാൻ അവസരം ലഭിച്ചിട്ടില്ലാത്ത തൊഴിലാളികളുടെയും സഹായത്തോടുകൂടി സോഷ്യലിസ്റ്റു സമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കാൻ സാധിക്കുമെന്നു നമ്മൾ തെളിയിക്കണം.

ഈ നിർമ്മാണവസ്തുക്കൾകൊണ്ടു സോഷ്യലിസം സ്ഥാപിക്കാൻ നിങ്ങൾക്കു കഴിയുകയില്ലെങ്കിൽ നിങ്ങൾ വെറും വായാടികളും ബഡായിക്കാരുമാണെന്നു സ്വയം പ്രഖ്യാപിക്കും.

ചരിത്രത്തിൽ ലോകമുതലാളിത്തം വിട്ടുതന്നിട്ടുള്ള പൈതൃകം സംഗതികൾ ഈ വിധത്തിലാണു അവതരിപ്പിക്കുന്നതു. സോവിയററു ഭരണകൂടം സ്ഥാപിയ്ക്കാൻ പുറപ്പെട്ട നമ്മെ ആദ്യം മുതല്ക്കേ സമൂർത്തമായി അഭിമുഖീകരിച്ച വിഷമം ഇതാണു.

ഇതു നമ്മുടെ ജോലിയുടെ പകുതി മാത്രമേയാകുന്നുള്ളു; പക്ഷെ വലിയ പകുതി ഇതാണു. മുതലാളിത്തത്തെ അമർച്ച ചെയ്യുന്നുള്ള കരുത്തു തങ്ങളുടെ ഐക്യംകൊണ്ടു അദ്ധ്വാനിയ്ക്കുന്ന ബഹുജനങ്ങൾ നേടിയിരിയ്ക്കുന്നു എന്നാണു സോവിയററു ഭരണകൂടം സ്ഥാപിച്ചിട്ടുള്ളതിൻെറ അർത്ഥം. ബഹുജനങ്ങൾ തന്നെയാണു ഇതു നിർവ്വഹിച്ചതു. എന്നാൽ മുതലാളിത്തത്തെ തകർത്തതുകൊണ്ടു മാത്രമായില്ല. മുതലാളിത്തം വിട്ടുതന്നിട്ടുള്ള മുഴുവൻ സംസ്കാരവും ഉപയോഗപ്പെടുത്തിക്കൊണ്ടു സോഷ്യലിസം നാം കെട്ടിപ്പടുക്കണം. മുതലാളിത്തത്തിൻെറ ശാസ്ത്രങ്ങളും സാങ്കേതികവിദ്യകളും കലകളും മററു സിദ്ധികളും എല്ലാം

നമ്മൾ ഉപയോഗപ്പെടുത്തണം ഇവയൊന്നുമില്ലാതെ കമ്മ്യൂണിസ്റ്റ് സമുദായം സൃഷ്ടിയ്ക്കുക നമുക്കു സാദ്ധ്യമല്ല എന്നാൽ വിദഗ്ദ്ധന്മാരുടെ കയ്യിലും മസ്തിഷ്കത്തിലും ആണ് ഈ ശാസ്ത്രവും സാങ്കേതികവിദ്യകളും കലകളുമെല്ലാം ഇന്നുള്ളതു്.

എല്ലാ രംഗങ്ങളിലും നമ്മെ നേരിടുന്ന പ്രശ്നമാണിതു്. മുതലാളിത്തത്തിൽ പൊതുവിൽ അന്തർഹിതങ്ങളായ വൈരുദ്ധ്യങ്ങളുടെ ഒരു ഭാഗമാണിതു്. വിഷമമേറിയ ഒരു പ്രശ്നമാണിതു്; പക്ഷെ പ്രായോഗികമായി പരിഹരിയ്ക്കാവുന്നതുമാണു്. പരിശുദ്ധരായ കമ്മ്യൂണിസ്റ്റ് വിദഗ്ദ്ധരെ പരിശീലിപ്പിച്ചെടുക്കാവരെ, മുതലാളിത്തത്തിന്റെ സ്പർശമേല്ക്കാത്ത കമ്മ്യൂണിസ്റ്റുകാരുടെ ഒരു പുതിയ തലമുറ ഉയർന്നുവരുന്നതുവരെ, ഇരുപതുകൊല്ലം കാത്തിരിയ്ക്കുക നമുക്കു സാദ്ധ്യമല്ല. നിങ്ങൾ ക്ഷമിയ്ക്കണം, നമുക്കതു് തീരെ സാദ്ധ്യമല്ല മുതലാളിമാരെ എതിർക്കാൻവേണ്ടി, ലോകമുതലാളിത്തത്തിന്റെ മുഴുവൻ ശാസ്ത്രങ്ങളേയും സാങ്കേതികവിദ്യകളേയും എതിർക്കുവാൻവേണ്ടി, ഇരുപതു് കൊല്ലത്തിനു ശേഷമല്ല, ഇപ്പോൾ, രണ്ടു മാസത്തിനുള്ളിൽ, നാം പ്രവൃത്തി തുടങ്ങണം. ഇതിൽ നാം വിജയം നേടണം. ബഹുജനങ്ങളുടെ സമ്മർദ്ദംകൊണ്ടു് വിദഗ്ദ്ധന്മാരെക്കൊണ്ടു് പണിയെടുപ്പിയ്ക്കുക എളുപ്പമായ കാര്യമല്ല. എന്നാൽ അതു് അസാദ്ധ്യമല്ല; അതു് സാധിപ്പിയ്ക്കുന്നതിലാണു് നമ്മോടു് വിജയം സ്ഥിതിചെയ്യുന്നതു്.

മുൻസൈന്യത്തിലെ ആഫീസർമാരും ആളുകളും പതിനായിരക്കണക്കിനു് നമ്മുടെ യുദ്ധവകുപ്പിൽ ഇപ്പോൾ പ്രവർത്തിയ്ക്കുന്നുണ്ടെന്നു് സഖാവു് ട്രോട്സ്കി ഈയിടെ എന്നോടു് പറഞ്ഞപ്പോഴാണു് ശത്രുക്കളെ അവക്കെതിരായി എങ്ങനെ ഉപയോഗപ്പെടുത്താം എന്നതിന്റെ രഹസ്യം എനിയ്ക്കു് വ്യക്തമായും മനസ്സിലായതു്. കമ്മ്യൂണിസത്തെ എതിർത്തവരെക്കൊണ്ടുതന്നെ എങ്ങനെ കമ്മ്യൂണിസത്തിനുവേണ്ടി പണിയെടുപ്പിയ്ക്കാം,

നമ്മെ എറിയാൻ മുതലാളിമാർ ഉപയോഗിച്ച അതേ ഇഷ്ടികകളെടുത്തു് എങ്ങനെ കമ്മ്യൂണിസം കെട്ടിപ്പൊക്കാം, എന്നു് എനിക്കു വ്യക്തമായി കാണാൻ കഴിഞ്ഞതു് അപ്പോഴാണു്. മററു ഇഷ്ടികകളൊന്നും നമ്മുടെ കൈവശമില്ല. അതുകൊണ്ടു് ഇതേ ഇഷ്ടികകൾ ഉപയോഗിച്ചു് നമുക്കുവേണ്ടി നിർമ്മാണം നടത്താൻ. തൊഴിലാളിവർഗ്ഗത്തിന്റെ നിയന്ത്രണത്തിൽ ബൂർഷ്വാ വിദഗ്ദ്ധന്മാരെ നമ്മൾ നിർബ്ബന്ധിക്കണം. ഇതു് പ്രയാസമുള്ള കാര്യമാണു്. പക്ഷെ വിജയത്തിന്നു് ഇതേ മാർഗ്ഗമുള്ളു

പുതിയതും ക്ലേശപൂരിതവും ആയ ഈ പന്ഥാവിൽ ചില വീഴ്ചകളെല്ലാം നമുക്കു പററിയിട്ടുണ്ടു്. ചില പിറകോട്ടടികളും വേണ്ടിവന്നിട്ടുണ്ടു്. ഈ വിദഗ്ദ്ധന്മാരിൽ ചിലർ കല്പിച്ചുകൂട്ടി നമ്മെ വഞ്ചിച്ചിട്ടുണ്ടെന്നു് എല്ലാവർക്കുമറിയാം. അദ്ധ്വാനത്തോടു നീരസമാണു്. കല്പിച്ചുകൂട്ടിയുള്ള അട്ടിമറിയാണു് ഫാക്ടറികളിലും വയലുകളിലും ഭരണരംഗത്തും ഉള്ള വിദഗ്ദ്ധന്മാർക്കിടയിൽ നാം കണ്ടുവരുന്നതു്.

ഇതെല്ലാം വളരെയധികം ക്ലേശംനിറഞ്ഞതാണെന്നും ബലപ്രയോഗംകൊണ്ടുമാത്രം വിജയം നേടാനാവില്ലെന്നും നമുക്കറിയാം. ബലപ്രയോഗത്തിനു്, ഹിംസയ്ക്കു്, നാം എതിരൊന്നുമല്ല. തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തെ എതിർക്കുന്നവരോടു് നമുക്കു പുച്ഛമേ തോന്നുന്നുള്ളു. ഒന്നുകിൽ തൊഴിലാളിവർഗ്ഗസർവ്വാധിപത്യം, അല്ലെങ്കിൽ മുതലാളിവർഗ്ഗസർവ്വാധിപത്യം— രണ്ടിലൊന്നല്ലാതെ പോംവഴിയില്ലെന്നു് മനസ്സിലാക്കാത്തവരെ വിഡ്ഢികളായി നാം എണ്ണുന്നു. അവർ മുഴുത്ത മഠയന്മാരോ, രാഷ്ട്രീയമായി ഒരു യോഗസ്ഥലത്തു് വരാൻപോലും അർഹതയില്ലാത്ത അജ്ഞന്മാരോ, ആണു്. ഒന്നുകിൽ തൊഴിലാളിവർഗ്ഗത്തിന്റെ ഉത്തമനേതാക്കളെ, ലീബ്നററിനേയും റോസാലക്സംബർഗ്ഗിനേയും പോലുള്ളവരെ കൊലപ്പെടുത്തുക; അല്ലെങ്കിൽ ചൂഷകവർഗ്ഗത്തെ ബലംപ്രയോഗിച്ചു് അമർച്ചചെയ്യുക—ഇതല്ലാതെ

മാർഗ്ഗമില്ല. നമുക്കു് മൂന്നാമതൊരു മാർഗ്ഗമുണ്ടെന്നു് സ്വപ്നം കാണുന്നവരാണു് നമുക്കു് ഏററവുമധികം ദ്രോഹം ചെയ്യുന്ന ശത്രുക്കൾ. ഇന്നത്തെ ചുററുപാടുകളിൽ യാഥാർത്ഥ്യം ഇതാണു്. മുതലാളിവർഗ്ഗത്തിൽനിന്നുള്ള വിദഗ്ദ്ധന്മാരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തണമെന്നു് നാം പറയുമ്പോൾ സോവിയററുനയങ്ങൾ ഇക്കഴിഞ്ഞ ഒരു കൊല്ലം പഠിപ്പിച്ചിട്ടുള്ള പാഠങ്ങൾ നാം മനസ്സിൽ വെയ്ക്കേണ്ടതാണു്. കഴിഞ്ഞ കൊല്ലത്തിൽ ചൂഷകവർഗ്ഗത്തെ നാം തോല്പിച്ചു തകർത്തിട്ടുണ്ടു്. മുതലാളിവർഗ്ഗത്തിലെ വിദഗ്ദ്ധന്മാരെ ഉപയോഗപ്പെടുത്തുന്ന പ്രശ്നമാണു് നമുക്കിനി പരിഹരിക്കാനുള്ളതു്. ബലപ്രയോഗം മാത്രം നമ്മെ ഒരിടത്തും എത്തിക്കുകയില്ലെന്നു് ഞാനിവിടെ ആവർത്തിച്ചു പറഞ്ഞുകൊള്ളട്ടെ. ചൂഷകവർഗ്ഗത്തെ ബലംപ്രയോഗിച്ചു് അമർത്തിക്കഴിഞ്ഞതിന്നുശേഷം നമുക്കിപ്പോൾ ആവശ്യമായിട്ടുള്ളതു് വിജയശ്രീലാളിതരായ തൊഴിലാളികളുടെ സംഘടനയും അച്ചടക്കവും ധാർമ്മികശക്തിയും ആണു്. ബൂർഷ്വാവിദഗ്ദ്ധന്മാരെ സ്വന്തം വരുതിയിൽ കൊണ്ടുവന്നു പ്രവർത്തിപ്പിക്കുന്നതിന്നു് ആവശ്യമായിട്ടുള്ളതു് അതാണു്.

ബലപ്രയോഗത്തിന്നുപകരം ധാർമ്മികോപദേശമാണു് ലെനിൻ നിർദ്ദേശിക്കുന്നതെന്നു് ചിലർ പറഞ്ഞേയ്ക്കാം. എന്നാൽ കമ്മ്യൂണിസ്റ്റ് സമുദായം കെട്ടിപ്പടുക്കുന്നതിന്നാവശ്യമായ ശാസ്ത്രവും സാങ്കേതികപരിജ്ഞാനവും ബലപ്രയോഗംകൊണ്ടു മാത്രം നേടാമെന്നു കരുതുന്നതു് മൗഢ്യമാണു്. തികച്ചും അസംബന്ധവുമാണു്. കഴിഞ്ഞ ഒരു കൊല്ലത്തെ സോവിയററു് പ്രവർത്തനങ്ങളുടെ പ്രായോഗികാനുഭവങ്ങൾ നേടിയിട്ടുള്ള നമുക്കു് ആ വിഡ്ഢിത്തം പറയിക്കൂടാ. മുതലാളിത്തസമുദായത്തിലെ നാനാ സ്ഥാപനങ്ങളെ ശരിയാംവിധം ഉപയോഗപ്പെടുത്തുന്നതിന്നു് ബലപ്രയോഗം മാത്രം പോരാ. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സഖ്യസംഘടനകളും അച്ചടക്കവും മററു ജനവിഭാഗങ്ങളുടെ മേൽ തൊഴിലാളിവർഗ്ഗത്തിന്റെ സ്വാധീനശക്തിയും പുതിയ സാമൂഹ്യ

പരിതസ്ഥിതികളും ആവശ്യമാണ്. പുതിയ സാഹചര്യങ്ങളിൽ തൊഴിലാളിവർഗ്ഗവുമായി ഒത്തുചേന്ന് പ്രവർത്തിയ്ക്കുകയല്ലാതെ പഴയ കാലത്തേയ്ക്കു മടങ്ങുവാനോ മുതലാളിത്തം പുനഃസ്ഥാപിയ്ക്കുവാനോ സാദ്ധ്യമല്ലെന്ന് മുതലാളിവിദഗ്ദ്ധന്മാർക്ക് ബോദ്ധ്യപ്പെടുന്നതാണു്. തൊഴിലാളിവർഗ്ഗം മററു ജനവിഭാഗങ്ങളുടെ നേതൃത്വം വഹിച്ചു് ആയിരമായിരം കൊല്ലങ്ങളിലെ നാഗരികതയുടെ ഫലങ്ങൾ ഒരു പിടി മുതലാളികൾമാത്രം അനുഭവിയ്ക്കുന്ന സ്ഥിതി മാററി ജനസാമാന്യത്തിന്നാകെ കാഗതമാക്കുന്നതിനു വേണ്ടി പരിശ്രമിക്കുന്നതു് ഈ വിദഗ്ദ്ധന്മാരെ ഒരളവിൽ സ്വാധീനിക്കേണ്ടതാണു്.

ക്ലേശപൂർണ്ണമായ ഈ ജോലി നിർവ്വഹിക്കുന്നതിന്റെ വിശദാംശങ്ങൾ പലതാണു്. പുതിയൊരു ശക്തി, സോവിയററു് അച്ചടക്കം, തൊഴിലാളിവർഗ്ഗത്തിന്റെ അച്ചടക്കം, നാം സംഘടിപ്പിച്ചു് ശക്തിപ്പെടുത്തേണ്ടതുണ്ടു്. പ്രതിവിപ്ലവകാരികളായ മുതലാളിമാരെ അമർച്ച ചെയ്യുന്നതിനു മാത്രമല്ല അവരുടെ വിദഗ്ദ്ധന്മാരെ വലയംചെയ്തു് നമ്മുടെ വരുതിയ്ക്കു് കീഴ്പ്പെടുത്തി അവരെക്കൊണ്ടു് പ്രവർത്തിപ്പിയ്ക്കുന്നതിന്നും ഈ പുതിയ ശക്തി ഉപകരിയ്ക്കും.

സൈന്യത്തെ സംഘടിപ്പിയ്ക്കുന്നതിലും സാമ്പത്തിക സംവിധാനത്തിലും ഫാക്ടറി കമ്മാറിയെ പ്രവർത്തിപ്പിക്കുന്നതിലും ദേശസാല്ക്കരിക്കപ്പെട്ട ഓരോ സ്ഥാപനവും നടത്തിയ്ക്കുന്നതിലും നിത്യേന അടിക്കടി ഈ പ്രശ്നം ഉയർന്നുവരുമെന്ന് ഞാനാവർത്തിക്കുകയാണു്. സോവിയററു് മന്ത്രിസഭ ഈ പ്രശ്നം ചർച്ച ചെയ്യാതെയും പരിഹാരം കാണാതെയും ഒരൊററയാഴ്ചപോലും കഴിഞ്ഞുകൊല്ലം മുഴുക്കെ ഉണ്ടായിട്ടില്ല. ഓരോ ഫാക്ടറികമ്മററിയ്ക്കും കാർഷിക കമ്മ്യൂണിന്നും സ്റ്റേററു് ഫാമിന്നും നിലപരിപോഷകഡിപ്പാർട്ടുമെന്റിന്നും നിരവധി തവണ ഈ പ്രശ്നത്തെ

കഴിഞ്ഞകൊല്ലം നേരിടേണ്ടിവന്നിട്ടുണ്ടെന്ന് എനിയ്ക്കു തീർച്ചയാണ്.

പ്രയാസം അനുഭവപ്പെടുന്നുണ്ടെങ്കിലും നേട്ടം മികച്ചതാണ്. തൊഴിലാളിവർഗ്ഗം കലാപം നടത്തി വിജയിച്ചിട്ടുള്ള ഈ സന്ദർഭത്തിൽ നാം ചെയ്യേണ്ടതും ഇതാണ്. അവരുടെ എതിർപ്പിനെ ബലംപ്രയോഗിച്ച് നമുക്ക് അമർത്തേണ്ടിവന്നു. പക്ഷെ അതുകൊണ്ടു മാത്രമായില്ല. പുതിയ സംഘടനയുടെ ബലംകൊണ്ട്, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സഖ്യസംഘടനകൊണ്ട്, നമുക്കുവേണ്ടി സേവനമനുഷ്ഠിക്കാൻ നാം അവരെ നിർബ്ബന്ധിക്കണം. പഴയ ശീലങ്ങളിൽനിന്ന്, ചൂഷണമുറകളിൽനിന്ന് നാം അവരെ പുനരുദ്ധരിക്കണം. നമ്മുടെ സൈന്യത്തിൽ കമാണ്ടർമാരായും ആഫീസർമാരായും നമ്മുടെ സ്ഥാപനങ്ങളിൽ എഞ്ചിനീയർമാരായും ശാസ്ത്രവിദഗ്ദ്ധന്മാരായും അവർ തുടരുന്നു; മെൻഷെവിക്കുകളെന്നും സോഷ്യൽ_റെവലൂഷനറികൾ എന്നും ആണ് ഈ മുതലാളിവിദഗ്ദ്ധന്മാർ സ്വയം വിളിക്കുന്നതു്.[43] അവർ എന്തു പേരിൽ അറിയപ്പെടുന്നു എന്നുള്ളതു് വലിയ കാര്യമല്ല. അടിമുടി, നഖശിഖാന്തം, ശീലങ്ങളിലും പ്രവർത്തനങ്ങളിലും അവർ മുതലാളിമാരാണ്.

അപ്പോൾ നാമെന്തുചെയ്യുന്നു; അവരെ പുറംതള്ളണമോ? ആയിരമായിരം പേരെ അങ്ങനെ പുറംതള്ളുക സാദ്ധ്യമല്ല. സാദ്ധ്യമാണെങ്കിൽതന്നെ അതു് ദ്രോഹമാണ് നമുക്കുണ്ടാക്കുക. മുതലാളിത്തം ഉണ്ടാക്കിത്തന്ന സാധനസാമഗ്രികളല്ലാതെ മറ്റൊന്നും കമ്മ്യൂണിസം പടുത്തുയർത്തുന്നതിന്ന് നമ്മുടെ കൈവശമില്ല. അതുകൊണ്ട് നാമവരെ പുറംതള്ളിക്കൂട. അവരുടെ എതിർപ്പിനെ നേരിട്ട് സദാ അവരെ നിയന്ത്രിച്ചുകൊണ്ടിരിക്കണം. നട്ടെല്ലില്ലാത്ത ചിലർ തിടുക്കപ്പെടുന്ന വിധത്തിൽ രാഷ്ട്രീയമായ യാതൊരു സൗജന്യവും അവർക്കനുവദിച്ചുകൂടാ.

ബൂർഷ്വാവ്യവസ്ഥയിലും ബൂർഷ്വാസാഹചര്യങ്ങളിലും വിദ്യാഭ്യാസം നേടിയിട്ടുള്ള അഭ്യസ്തവിദ്യരായുള്ളവർ ബൂർഷ്വാസ്വാധീനശക്തിക്കു കീഴ്പ്പെടുന്നതു സ്വാഭാവികമാണ്. അവർ സംശയിച്ചു അടിവെക്കുന്നതും പ്രതിവിപ്ലവകാരികൾക്കു വഴങ്ങിക്കൊടുക്കുന്നതും അതുകൊണ്ടാണ്.

തന്റെ കയ്യിൽ ചളിയാക്കുകയില്ല, പരിശുദ്ധമായ കമ്മ്യൂണിസ്റ്റ് ഹസ്തങ്ങൾകൊണ്ടു താൻ കമ്മ്യൂണിസ്റ്റ്സമുദായം കെട്ടിപ്പടുക്കും, വൃത്തികെട്ട ബൂർഷ്വാവിദഗ്ദ്ധന്മാരെ ഒരു കാലത്തും താൻ അടുപ്പിക്കുകയില്ല എന്നു ശഠിച്ചുനില്ക്കുന്ന കമ്മ്യൂണിസ്റ്റുകാരൻ വെറും വായാടി മാത്രമാണ്. ആ വിദഗ്ദ്ധന്മാരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുകയല്ലാതെ നമുക്കു മററു പോംവഴിയില്ല.

മുതലാളിത്തം പരിശീലിപ്പിച്ചുതന്നിട്ടുള്ള വിദഗ്ദ്ധന്മാരുടെ സേവനങ്ങൾ ഉപയോഗപ്പെടുത്തുക, അവരുടെ പ്രതിവിപ്ലവഗൂഢാലോചനകൾ അപ്പഴപ്പോൾ കണ്ടുപിടിച്ചു തടയുന്നതിനു തക്കവണ്ണം അവരുടെ മേൽനോട്ടക്കാരായി തൊഴിലാളി കമ്മീസ്സാർമാരെ നിയമിക്കുക ..... ഇതാണു നമ്മുടെ മുൻപിൽ ഇന്നുള്ള പ്രായോഗികകടമ. അതേസമയം പലതും അവരിൽനിന്നു നമുക്കു പഠിക്കാനുമുണ്ടു്.

നമുക്കു ഇപ്പോൾ സ്വായത്തമായിട്ടുള്ള ശാസ്ത്രം പ്രക്ഷോഭകാരിയുടെയും പ്രചാരകന്റെയും ശാസ്ത്രമാണ്. ഫാക്ടറികളിലും വയലുകളിലും നരകയാതനകളനുഭവിച്ചു സമരംചെയ്തു വിജയം നേടിയിട്ടുള്ളതിന്റെ ശാസ്ത്രമാണ്. ഈ ഘട്ടമെത്തുംവരേയ്ക്കും ആ ശാസ്ത്രം നമ്മെ സഹായിച്ചിട്ടുമുണ്ടു്. ഇതെല്ലാം ആവശ്യമാണ്. പക്ഷെ, ഇതെല്ലാംകൊണ്ടു മാത്രമായില്ല. വിജയത്തിലെത്താൻ ഇതുമാത്രം പോരാ. പരിപൂർണ്ണവും ആത്യന്തികവും ആയ വിജയ

ത്തിലെത്താൻ മുതലാളിത്തത്തിൻെറ വിലപ്പെട്ടതെല്ലാം—അതിൻെറ ശാസ്ത്രവും സംസ്കാരവും—നാം ഉപയോഗപ്പെടുത്തണം.

എങ്ങനെ നമുക്ക് അതു് ഉപയോഗപ്പെടുത്താം? അവരിൽനിന്നു്, നമ്മുടെ ആ ശത്രുക്കളിൽ നിന്നു് നമുക്ക പഠിക്കാനുണ്ടു്. വർഗ്ഗബോധമുള്ള നമ്മുടെ തൊഴിലാളികളും മുന്നണിയിലെ കൃഷിക്കാരും ഉദ്യോഗസ്ഥന്മാരും ബൂർഷ്വാ ശാസ്ത്രകാരന്മാരിൽ നിന്നും എഞ്ചിനിയർമാരിൽനിന്നും ഉദ്യോഗസ്ഥന്മാരിൽനിന്നും പഠിക്കേണ്ടതുണ്ടു്, അവരുടെ പരിചയസമ്പന്നത ആർജ്ജിക്കേണ്ടതുണ്ടു്.

ഈ വിഷയത്തിൽ നമ്മുടെ പാർട്ടിയിൽ കഴിഞ്ഞകാലത്തുണ്ടായ തീവ്രസമരം ഉപകാരപ്രദമായിരുന്നു. പല ഉഗ്രസംഘട്ടനങ്ങൾക്കു് ആ സമരം ഇടവരുത്തി; ഉഗ്രസംഘട്ടനങ്ങൾ കൂടാതെ സമരം നടത്തുക സാദ്ധ്യമല്ലല്ലോ. മുമ്പൊരിക്കലും നമ്മെ നേരിട്ടിട്ടില്ലാത്തതും ഇപ്പോൾ ഒഴിവാക്കാൻ വയ്യാത്തതും ആയ ഒരു പ്രശ്നം പരിഹരിക്കുന്നതിൽ പല പ്രായോഗികപാഠങ്ങളും ആ സമരത്തിൻെറ ഫലമായി നമുക്ക ലഭിച്ചിട്ടുണ്ടു്. തൊഴിലാളിവിപ്ലവത്തേയും ഇതുവരേയ്ക്കും ചുരുക്കം ചിലരുടെ മാത്രം കൈമുതലായിരുന്ന ബൂർഷ്വാശാസ്ത്രത്തേയും സംസ്കാരത്തേയും കൂട്ടിയിണക്കിക്കൊണ്ടു പോകുക എന്നതു് തുലോം പ്രയാസമേറിയ ഒരു ജോലിയാണെന്നു് ഞാൻ ആവത്തിച്ചു പറയുന്നു. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ മുന്നണിവിഭാഗങ്ങളുടെ സംഘടനയേയും അച്ചടക്കത്തേയും ആശ്രയിച്ചാണു് എല്ലാം ഇരിയ്ക്കുന്നതു്. അജ്ഞരും ചൂഷിതരും സ്വതന്ത്രവികസനത്തിനു് കെല്പില്ലാത്തവരും ആയി നൂററാണ്ടുകളായി കടുത്ത മർദ്ദനങ്ങൾക്കിരയായി കഴിയുന്ന റഷ്യയിലെ ലക്ഷോപലക്ഷം കൃഷിക്കാരെ നയിക്കുന്നതിനു്, ബൂർഷ്വാ സംസ്കാരം ഉപയോഗപ്പെടുത്തുന്നതു് സ്വന്തം മേൽഗതിക്കു്

അത്യന്താപേക്ഷിതമാണെന്നും അവരെ ബോദ്ധ്യപ്പെടുത്തുന്നതിന്നും അവരുടെ ഒപ്പംനിന്നു പ്രവർത്തിക്കുന്നവരും അവരുടെ വിശ്വാസം ആർജ്ജിച്ചിട്ടുള്ളവരും ആയ തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിവിഭാഗം സന്നദ്ധമായി സംഘടിതമായി മുന്നോട്ടു വരുന്നില്ലെങ്കിൽ, അത്തരമൊരു സംഘടന ഉടൻ രംഗത്തിറങ്ങി പ്രവർത്തിക്കുന്നില്ലെങ്കിൽ, റഷ്യയിൽ കമ്മ്യൂണിസം കെട്ടിപ്പടുക്കുന്ന കാര്യം മഹാകഷ്ടത്തിലാണ്.

പെട്രോഗ്രാഡ് സോവിയറ്റ് വർക്കേർസിന്റെയും റെഡ് ആർമി ഡപ്യൂട്ടികളുടേയും 1919ലെ ലഘുലേഖയിൽനിന്ന് } കലക്ടഡ് വർക്ക്സ് വോ: 29, പേ 69 75

MADRAS UNIVERSITY LIBRARY
CHENNAI-600 005
9 MAR 2003

## ആർ. സി. പി. (ബി)യുടെ എട്ടാം കോൺഗ്രസ്സിൽ പാർട്ടി പരിപാടിയെപ്പററി സമർപ്പിച്ച റിപ്പോർട്ടിൽനിന്ന്

1919 മാർച്ച് 19-ാംതിയതി

ബൂർഷ്വാ വിദഗ്ദ്ധന്മാരുടെ പ്രശ്നം വളരെയേറെ അഭിപ്രായവ്യത്യാസങ്ങൾക്കും ഉരസലുകൾക്കും കാരണമായിട്ടുണ്ട്. പെട്രോഗ്രാഡ് സോവിയററിൽ ഈയിടെ ഞാൻ സന്നിഹിതനായി സംസാരിച്ചപ്പോൾ മറുപടിക്കുവേണ്ടി എനിക്കു എഴുതിക്കിട്ടിയ ചോദ്യങ്ങൾ പലതും ശമ്പളത്തോതിനെസ്സംബന്ധിച്ചുള്ളതായിരുന്നു. സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിൽ 3000റൂബിൾസ് ശമ്പളം അനുവദനീയമാണോ എന്ന് എന്നോടു ചോദിക്കുകയുണ്ടായി. പരിപാടിയിൽ ഈ പ്രശ്നം നാം ഉൾപ്പെടുത്തിയിരിക്കയാണ്; കാരണം ഇക്കാര്യത്തിൽ വളരെയേറെ അസംതൃപ്തി ഉള്ളവായിക്കഴിഞ്ഞിരിക്കുന്നു. സൈന്യത്തിലും വ്യവസായത്തിലും കൂട്ടുകൃഷിസ്ഥാപനങ്ങളിലും ബൂർഷ്വാവിദഗ്ദ്ധന്മാ

ളുടെ ഈ പ്രശ്നം പൊന്തിവന്നിട്ടുണ്ടു്. മുതലാളിത്തത്തിൽ നിന്നു കമ്യൂണിസത്തിലേക്കുള്ള പരിവർത്തനഘട്ടത്തിലെ ഒരു പ്രധാന പ്രശ്നമാണിതു്. ബൂർഷ്വാശാസ്ത്രവും സാങ്കേതികപരിജ്ഞാനവും സജ്ജമാക്കിത്തന്നിട്ടുള്ള ഉപകരണങ്ങൾ കൂടുതൽകൂടുതൽ ജനസാമാന്യത്തിന്നു് സ്വായത്തമാക്കുന്നതുവഴിമാത്രമാണു് കമ്യൂണിസം കെട്ടിപ്പടുക്കാൻ നമുക്കു സാധിക്കുന്നതു്. കമ്യൂണിസ്റ്റുസമുദായം കെട്ടിപ്പടുക്കുന്നതിന്നു് മററു മാർഗ്ഗമൊന്നുമില്ല. അതു സാധിക്കണമെങ്കിൽ മുതലാളിവർഗ്ഗത്തിന്റെ ഈ ഉപകരണങ്ങളെല്ലാം നാം കൈപ്പററണം; അതിന്നായി ബൂർഷ്വാ വിദഗ്ദ്ധന്മാരെ ഉപയോഗപ്പെടുത്തുകയുംവേണം. ഇക്കാര്യത്തിൽ ധീരമായൊരു പരിഹാരം അത്യാവശ്യമാകയാൽ അതിനെപ്പററി സുദീർഘമായി പരിപാടിയിൽ വിശദീകരിച്ചിട്ടുണ്ടു്. സാംസ്കാരികമായി നമ്മുടെ പിന്നോക്കനില സോവിയററധികാരത്തെ ദോഷകരമായി എങ്ങനെ ബാധിക്കുന്നുവെന്നു നമുക്കു നല്ലപോലെ അറിയാവുന്നതാണു്. തത്വത്തിൽ ഏററവും ഉയന്ന തൊഴിലാളി ജനാധിപത്യമാണു്. ലോകത്തിനാകെത്തന്നെ ഒരു മാതൃകാജനാധിപത്യമാണു്, സോവിയററധികാരം നമുക്കു നൽകിയിട്ടുള്ളതു്. സാംസ്കാരികമായ പിന്നോക്കനില സോവിയററധികാരത്തെ ക്ഷീണിപ്പിക്കുകയും ഉദ്യോഗസ്ഥമേധാവിത്വത്തെ പുനരുജ്ജീവിപ്പിക്കുകയുംചെയ്യുന്നു. സോവിയററു് ഭരണകൂടം സകലക്കും സുഗമ്യമാണു് എന്നാണു് എഴുതിവെച്ചിട്ടുള്ളതു്; പക്ഷെ യഥാർത്ഥത്തിൽ ചുരുക്കംപേർക്കു മാത്രമെ അവിടെ പ്രവേശനമുള്ളു എന്നു് എല്ലാവക്കുമറിയാം. ബൂർഷ്വാ സംവിധാനത്തിലെന്നപോലെ നിയമമല്ല അതു് തടയുന്നതു്; നമ്മുടെ നിയമങ്ങൾ ഈ കാര്യത്തിൽ എത്രയോ അനുകൂലങ്ങളാണു്. വിദ്യാഭ്യാസപരമായും സാംസ്കാരികമായും സംഘടനാപരമായും വലിയൊരുജോലി നമ്മൾ ചെയ്യുതീർക്കേണ്ടതുണ്ടു്. നിയമനിർമ്മാണംവഴി അതിവേഗത്തിൽ എളുപ്പത്തിൽ അതു ചെയ്യുക സാദ്ധ്യമല്ല. നീണ്ടകാലത്തെ ക്ഷമയോടുകൂ

ടിയ പ്രവത്തനം അതിന്നാവശ്യമാണ്. ബൂർഷ്വാവിദഗ്ദ്ധന്മാരുടെ ഈ പ്രശ്നത്തിന്ന വ്യക്തമായൊരു പരിഹാരം ഈ കോൺഗ്രസ്സിൽ കണ്ടേ തീരൂ. ഇവിടത്തെ നടപടികൾ നല്ലപോലെ ശ്രദ്ധിക്കുന്ന സഖാക്കൾക്കു് എന്തെല്ലാം വിഷമങ്ങളാണു് നമുക്കു തരണംചെയ്യാനുള്ളതെന്നു് വേണ്ടവിധത്തിൽ മനസ്സിലാക്കാൻ കഴിയും; അവ തരണംചെയ്യാൻ ഈ കോൺഗ്രസ്സിന്റെ തീരുമാനങ്ങൾ അവരെ സഹായിക്കുകയുംചെയ്യും. ഇതേ ബുദ്ധിമുട്ടുകൾ നേരിടുന്ന മററു സഖാക്കൾക്കും പ്രചാരവേലയിൽ അവ സഹായകമായിരിക്കും.

വ്യാവസായികമായി മുന്നേറിയിട്ടുള്ള പശ്ചിമജർമ്മനിയിലെ തൊഴിലാളികൾക്കിടയിൽ സ്പാർട്ടസിസ്റ്റുകൾക്കു് വലിയ സ്വാധീനശക്തിയാണുള്ളതെന്നും, അവിടത്തെ എഞ്ചിനീയർമാരും മാനേജർമാരും ധാരാളംപേർ സ്പാർട്ടസിസ്റ്റുകളുമായി യോജിച്ചു പ്രവർത്തിക്കാൻ സന്നദ്ധരായിട്ടുണ്ടെന്നും, ഈ കോൺഗ്രസ്സിൽ സ്പാർട്ടസിസ്റ്റുകളെ പ്രതിനിധീകരിക്കുന്ന മോസ്ക്കോ സഖാക്കൾ പറയുന്നുണ്ടു്. എന്നാൽ ആ സ്ഥിതി നമ്മുടെ രാജ്യത്തില്ല. ജർമ്മൻ തൊഴിലാളികളുടെ ഉയർന്ന സാംസ്കാരികനിലവാരവും തങ്ങൾ തൊഴിലെടുക്കുന്നവരാണു് എന്ന അവിടത്തെ എഞ്ചിനീയർമാർക്കും മാനേജർമാർക്കും മററും പരക്കെയുള്ള ബോധവും നമുക്കറിയാൻപാടില്ലാത്ത മററു കാരണങ്ങളും നമ്മുടെ രാജ്യത്തേതിൽനിന്നു് കുറെയൊക്കെ വ്യത്യസ്തങ്ങളായ തൊഴിൽബന്ധങ്ങൾ ജർമ്മനിയിൽ നിലവിൽ കൊണ്ടുവന്നിരിക്കുന്നു.

ഏതുമട്ടിലും നമ്മുടെ രാജ്യത്തിൻെറ പുരോഗതിക്കു് ഇതു വലിയൊരു തടസ്സമാണു. മററുരാജ്യങ്ങളുടെ സഹായത്തിനൊന്നും കാത്തുനില്ക്കാതെ, ഉടനടി, ഈ കോൺഗ്രസ്സിൽവെച്ചുതന്നെ ഉല്പാദനശക്തികൾ വികസിപ്പിക്കുന്നതിന്നു വേണ്ട തീരുമാനങ്ങൾ നാം എടുക്കണം. ബൂർഷ്വാവിദഗ്ദ്ധന്മാരെ ഉപയോഗപ്പെടുത്താതെ നമുക്കതു സാദ്ധ്യമല്ല അവസാനതീരുമാനമായി നാം

അതു് അംഗീകരിക്കുകതന്നെ വേണം. ഈ വിദഗ്ധന്മാരിൽ മിക്ക പേരും ബൂർഷ്വാവീക്ഷണം ഉള്ളവരാണെന്നുള്ളതു ശരിയാണു്. കമ്യൂണിസ്റ്റുകാക്കിടയിൽ തൊഴിലാളി കമിസർമാരുടെ മേൽനോട്ടത്തിൽ സൗഹാർദ്ദസാഹചര്യങ്ങളിൽ അവക്കു പ്രവൃത്തി നൽകണം. എളുപ്പത്തിൽ വിട്ടുപോകുന്നതിന്നു് അവരെ അനുവദിച്ചുകൂടാ. മുതലാളിത്തം നൽകുന്നതിനെക്കാൾ ഉയന്ന തൊഴിൽ സാഹചര്യങ്ങൾ അവക്കുണ്ടാക്കിക്കൊടുക്കണം അങ്ങനെയൊക്കെ മാത്രമെ ഈ വിദഗ്ധന്മാരെക്കൊണ്ടു് പ്രവൃത്തിയെടുപ്പിക്കാനാവൂ. ജനസംഖ്യയിൽ വലിയൊരു വിഭാഗത്തെ നിർബ്ബന്ധിച്ചു പണിയെടുപ്പിക്കുക സാദ്ധ്യമല്ല. സ്വന്തം അനുഭവങ്ങളിൽനിന്നു് നാം അതു പഠിച്ചിട്ടുള്ളതാണു്. പ്രതിവിപ്ലവത്തിൽ പങ്കെടുക്കരുതെന്നു് നമുക്കു അവരെ നിർബ്ബന്ധിക്കാം; പ്രതിവിപ്ലവകാരികളുമായി കൂട്ടുചേരുന്നതു് ആപല്ക്കരമാണെന്നു് നമുക്കവരെ പേടിപ്പെടുത്താം. ഇക്കാര്യത്തിൽ ബോൾഷെവിക്കുകാർ സമത്ഥമായി പ്രവത്തിക്കുന്നവരാണു്. ഇതു നമുക്കു ചെയ്യാൻ കഴിയും; സാമാന്യം നന്നായി നാം അതു ചെയ്യുന്നുമുണ്ടു്. ഇതുചെയ്യാൻ നമ്മൾ പഠിച്ചിട്ടുമുണ്ടു്. എന്നാൽ ഈ വിധത്തിൽ ജനവിഭാഗത്തെ മുഴുവൻ ജോലിക്കു നിർബ്ബന്ധിക്കുക സാദ്ധ്യമല്ല മുതലാളിത്തത്തിന്റെ ചട്ടക്കൂട്ടിന്നുള്ളിൽ വമ്പിച്ച സാംസ്കാരികപ്രവത്തനങ്ങൾ ഈ വിദഗ്ധന്മാർ നടത്തുന്നുണ്ടു്. മുതലാളിമാക്കു വമ്പിച്ച ഭൌതികനേട്ടങ്ങൾ അവരുണ്ടാക്കിക്കൊടുക്കുന്നുണ്ടു്. അതിൽ എത്രയോ ചെറിയൊരംശം മാത്രമാണു് തൊഴിലാളിവഗ്ഗത്തിലേക്കു് പകരുന്നതു്. എന്നിരിക്കിലും പൊതുവിൽ സാംസ്കാരിക പുരോഗതി അവർ കൈവരുത്തിയിട്ടുണ്ടു്; അതാണവരുടെ ജോലി. സംഘടിതതൊഴിലാളിവഗ്ഗത്തിന്റെ മുന്നണിവിഭാഗം സംസ്കാരത്തെ വിലമതിക്കുകയും സാമാന്യജനങ്ങളിലേക്കു് അതെത്തിക്കുവാൻ പ്രയത്നിക്കുകയും ചെയ്യുന്നതു കാണുമ്പോൾ ഈ വിദഗ്ധന്മാരുടെ മനോഭാവത്തിൽ മാററംവരുന്നുണ്ടു്. പകച്ചവ്യാധികൾ തടയുന്നതിന്നു് ജനസാമാന്യത്തെ തൊഴിലാളിവഗ്ഗം സംഘടിപ്പിക്കു

ന്നതു് ഒരു ഡോക്ടർ കാണുമ്പോൾ അവരോടുള്ള അദ്ദേഹത്തിന്റെ മനോഭാവത്തിൽ മാററംവരുന്നു. അത്തരത്തിലുള്ള ഡോക്ടർമാരും എഞ്ചിനീയർമാരും കൃഷിശാസ്ത്രജ്ഞന്മാരും സഹകാരികളും ധാരാളംപേർ നമുക്കുണ്ടു്. ജനസാമാന്യത്തെ ഇത്തരം കാര്യങ്ങൾക്കായി തൊഴിലാളിവർഗ്ഗം സംഘടിപ്പിക്കുന്നതു് അവർ കാണുമ്പോൾ ധാർമ്മികമായി അവർ തൊഴിലാളിവർഗ്ഗത്തിന്നു വശപ്പെടുന്നു. രാഷ്ട്രീയമായി അവരെ മുതലാളിവർഗ്ഗത്തിൽനിന്നു അകററുവാൻ മാത്രമല്ല അതുപകരിക്കുന്നതു്. നമ്മുടെ ജോലി അപ്പോൾ എളുപ്പമായിത്തീരുന്നു. നമ്മുടെ ഭരണസംവിധാനത്തിലേക്കു് അവർ സ്വയം ആകൃഷ്ടരാകുന്നു; അതിന്റെ ഒരു ഭാഗമായിത്തീരുകയും ചെയ്യുന്നു ഇതു നേടുന്നതിന്നു പല ത്യാഗങ്ങളും ആവശ്യമാണു്. ഇതിന്നുവേണ്ടി കോടിക്കണക്കിന്നു ചിലവുചെയ്താലും അധികമല്ല. ഈ ചിലവു് ഭയപ്പെടുന്നതു് ബാലിശമാണു്! എത്ര വമ്പിച്ച കടമയാണു് നമ്മുടെ മുന്നിലുള്ളതെന്നു് നാം മനസ്സിലാക്കുന്നില്ല എന്നേ അതിന്നർത്ഥമുള്ളു.

നമ്മുടെ വ്യവസായത്തിലും ഗതാഗതമാർഗ്ഗങ്ങളിലും ഉള്ള കുഴപ്പങ്ങൾ സോവിയററു റിപ്പബ്ലിക്കിന്റെ നിലനില്പിന്നുതന്നെ തുരങ്കംവെയ്ക്കുന്നു. ത്രിവിധകരണങ്ങളും ഉപയോഗപ്പെടുത്തിക്കൊണ്ടു് ഇതിൽനിന്നു് കരകേറാൻ നാം പ്രയത്നിക്കണം. നിസ്സാര കാര്യങ്ങൾക്കുപോലും വിദഗ്ദ്ധന്മാരെ ശത്രുപ്പെടുത്തുന്ന ഒരു നയം നാം അംഗീകരിച്ചുകൂടാ. ഈ വിദഗ്ദ്ധന്മാർ മുതലാളിമാരുടെ വിടുപണിക്കാരല്ല; അവർ സാംസ്കാരികരംഗത്തിലെ പ്രവർത്തകരാണു്. മുതലാളിത്തവ്യവസ്ഥയിൽ അവർ മുതലാളിമാരെ സേവിക്കുന്നു; തൊഴിലാളിവർഗ്ഗം അധികാരത്തിലുള്ളപ്പോൾ ആ വർഗ്ഗത്തെയും അവർ സേവിക്കുമെന്നു് എല്ലാ രാജ്യങ്ങളിലെയും സോഷ്യലിസ്റ്റുകാർക്കു് അഭിപ്രായമുള്ളതാണു്. പരിവർത്തനഘട്ടത്തിൽ ഉത്തമജീവിതസാഹചര്യങ്ങൾ നാം അവർക്കു് ഉണ്ടാക്കിക്കൊടുക്കണം. ഏററവും നല്ല നയം അതായി

രിയ്ക്കും. ഒട്ടാകെയുള്ള ചിലവു് ചുരുക്കുന്നതിന്നുള്ള മാർഗ്ഗവും അതായിരിക്കും. അവരുടെ ശമ്പളത്തിൽ സ്വല്പം തുക ലാഭിയ്ക്കുന്നതുകൊണ്ടു് നികത്താനാവാത്ത നഷ്ടമാണു് മൊത്തത്തിൽ നമുക്കുണ്ടാവുക.

ശമ്പളത്തോതിനെപ്പററി തൊഴിലാളിവകുപ്പിന്റെ കമിസ്സാർ സ്സ്മിറനുമായി ഞങ്ങൾ സംസാരിച്ചപ്പോൾ അദ്ദേഹം ചില വസ്തുതകൾ വെളിപ്പെടുത്തുകയുണ്ടായി. കൂലിത്തോതും ശമ്പളത്തോതും സമീകരിയ്ക്കുന്ന കാര്യത്തിൽ യാതൊരു മുതലാളി ഗവമ്മെണ്ടും ചെയ്തിട്ടില്ലാത്തതും കൊല്ലങ്ങളോളത്തോളവും അവക്കു ചെയ്യാൻ സാധിക്കാത്തതുമായ സംഗതികളാണു് നമ്മൾ നിർവ്വഹിച്ചിട്ടുള്ളതെന്നു് അദ്ദേഹം പറഞ്ഞു. യുദ്ധത്തിന്നു മുമ്പുള്ള വേതനത്തോതു് എടുക്കുക. ഒരു തൊഴിലാളിക്കു് ദിവസത്തിൽ ഒരു റൂബിളും മാസത്തിൽ ഇരുപത്തഞ്ചു റൂബിളും കിട്ടിയിരുന്നപ്പോൾ ഒരു വിദഗ്ദ്ധന്നു് അഞ്ഞൂറു റൂബിളാണു് ശരാശരി കിട്ടിയിരുന്നതു്. ആയിരക്കണക്കിന്നു് ശമ്പളം പററിയിരുന്ന വിദഗ്ദ്ധന്മാരും ദുർല്ലഭമല്ലായിരുന്നു. എന്നുവെച്ചാൽ, അന്നു് ഒരു വിദഗ്ദ്ധന്നു് കിട്ടിയിരുന്നതു് ഒരു തൊഴിലാളിയ്ക്കു കിട്ടിയിരുന്നതിന്റെ ഇരുപതു് ഇരട്ടിയായിരുന്നു. നമ്മുടെ ഇപ്പോഴത്തെ ശമ്പളത്തോതു് മാസത്തിൽ അഞ്ഞൂറു റൂബിൾ മുതൽ മൂവായിരം റൂബിൾവരെയാണു്. അതായതു്, അഞ്ചിരട്ടിയുടെ വ്യത്യാസം മാത്രം. അപ്പോൾ ശമ്പളത്തോതു് സമീകരിയ്ക്കുന്നതിൽ വളരെയേറെ നാം വിജയിച്ചിട്ടുണ്ടു്. വിദഗ്ദ്ധന്മാക്കു് നാം കൂടുതൽ കൊടുക്കുന്നുണ്ടെന്നതു് ശരിയാണു്. എന്നാൽ അവരുടെ പരിജ്ഞാനം ഉപയോഗപ്പെടുത്തുന്നതിന്നുവേണ്ടി സ്വല്പം കൂടുതൽ അവക്കു കൊടുക്കുന്നതു് ആവശ്യമാണെന്നു മാത്രമല്ല താത്വികമായും പ്രായോഗികമായും ശരിയുമാണു്. എന്റെ അഭിപ്രായത്തിൽ ഈ പ്രശ്നത്തെപ്പററി പരിപാടിയിൽ വേണ്ടതുപോലെ

വിശദീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രാധാന്യത്തെപ്പററി പ്രത്യേകിച്ചും ഊന്നേണ്ടതുണ്ട്. ഈ കോൺഗ്രസ്സ് തത്വത്തിൽ ഇതംഗീകരിച്ചാൽ മാത്രം പോര. ഇതിൽ പങ്കെടുക്കുന്ന ഓരോ പ്രതിനിധിയും തിരിച്ചുപോയി സ്വന്തം സംഘടനക്ക് റിപ്പോർട്ടു ചെയ്യുമ്പോൾ ഇതു നടപ്പാക്കുമെന്ന് ഉറപ്പുവരുത്തുകയും വേണം.

സംശയാലുക്കളായ ബുദ്ധിജീവികളുടെ മനോഭാവത്തിൽ തികച്ചും മാററംവരുത്താൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. പെററി ബൂർഷ്വാപാർട്ടികൾക്ക് നിയമസാധുത നൽകുന്നതിനെപ്പററിയാണ് ഇന്നലെവരെ നാം ചർച്ച്ചെയ്തിരുന്നതു്. എന്നാൽ ഇന്നു് മെൻഷവിക്കുകളെയും സോഷ്യലിസ്റ്റ് റെവലൂഷനറികളേയും നാം അറസ്റ്റു ചെയ്യുന്നു. തിരിഞ്ഞും മറിഞ്ഞുമുള്ള ഈ നീക്കം വ്യക്തമായ ഒരേ നയത്തിന്റെ ഭാഗമാണ്. ഈ നയംമാററങ്ങളുടെയെല്ലാം പിന്നിൽ ദൃഢവും അനുസ്യൂതവും ആയ ഒരു ലക്ഷ്യമുണ്ടു്. പ്രതിവിപ്ലവകാരികളെ ഒററപ്പെടുത്തുക, മുതലാളിമാരുടെ സാംസ്കാരികോപാധികളെ ഉപയോഗപ്പെടുത്തുക—എന്നതാണ് ആ ലക്ഷ്യം. സോഷ്യലിസത്തിന്റെ ഏററവും കടുത്ത ശത്രുക്കൾ മെൻഷവിക്കുകളാണ്. അവർ തൊഴിലാളികളുടെ വേഷമണിയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ തൊഴിലാളിവർഗ്ഗത്തിൽ പെട്ടവരല്ല. മുകൾപരപ്പിൽ ചില തൊഴിലാളികളെ കണ്ടേയ്ക്കാം. പൊതുവിൽ ബുദ്ധിജീവികളുടെ ഒരു ഗ്രൂപ്പാണതു്. ഈ ഗ്രൂപ്പ് ആകെ നമ്മുടെ അടുത്തേയ്ക്കു് വന്നുകൊണ്ടിരിക്കുന്ന ഒരു ഗ്രൂപ്പായിത്തന്നെ അവരെ നമുക്ക് സ്വീകരിയ്ക്കാം. അവർ നമ്മോടടുക്കുന്ന ഓരോ സന്ദർഭത്തിലും നാം അവർക്ക് സ്വാഗതം നല്കുന്നു. ചാഞ്ചാട്ടങ്ങൾക്കിടയിൽ വിഭാഗം വിഭാഗമായി അവർ നമ്മളുമായി ചേർന്നുകൊണ്ടിരിയ്ക്കുന്നു. മെൻഷെവിക്കുകൾ, നോവായഷീസം45 ആൾക്കാർ, സോഷ്യലിസ്റ്റ് റെവലൂഷനറികൾ—ഇവരുടെയെല്ലാം കാര്യത്തിൽ ഇതാണ് സംഭവിച്ചിട്ടുള്ളതു്. സംശയാലുക്കളായ ബുദ്ധിജീവികളെസംബന്ധിച്ചും ഇതു

തന്നെ ആവത്തിയ്ക്കുകയും ചെയ്യും. അവർ തീരുമാനമില്ലാതെ സംശയിച്ചുനില്ക്കും: ഒരു ക്യാമ്പ് വിട്ട് മറേറ ക്യാമ്പിലേയ്ക്കു പോകും; ഗുണദോഷിച്ചിട്ടൊന്നും കാര്യമില്ല. എന്നാൽ സംസ്കാര സമ്പന്നരായവരെ ഈ ചാഞ്ചാട്ടങ്ങൾക്കെല്ലാമിടയിൽ സോവിയ ററണികളിലേയ്ക്കു് ആകർഷിയ്ക്കുന്നതിന്നു് കഴിവുള്ളതൊക്കെ നാം ചെയ്യും; പ്രതിവിപ്ലവകാരികൾക്കു് തുടർച്ചയായി കൂട്ടുനില്ക്കുന്നവരെ തകർക്കുകയും ചെയ്യും.

പ്രവദ, നമ്പർ 64, മാർച്ച് 22, 1919 ) കളക്റ്റഡ് വർക്സ്,
) വാ: 29 പേ: 178 – 82

## വയോജനവിദ്യാഭ്യാസംസംബന്ധിച്ച ആദ്യത്തെ അഖിലറഷ്യൻ കോൺഗ്രസ്സിൽ ചെയ്ത അഭിവാദനപ്രസംഗം

1919 മെയ് 6

സഖാക്കളെ, വയോജനവിദ്യാഭ്യാസം സംബന്ധിച്ച ഈ കോൺഗ്രസ്സിനെ അഭിവാദനം ചെയ്യുന്നതിൽ എനിക്കു സന്തോഷമുണ്ട്. എനിക്കുമുമ്പ് സംസാരിച്ച സഖാവ് ലൂനാചാർസ്കി ഈ വിഷയത്തെപ്പററി ഗാഢമായ പഠനം നടത്തിയിട്ടുള്ള ആളാണ്. അദ്ദേഹം ചെയ്തതുപോലെ അത്ര ഗഹനമായ ഒരു പ്രസംഗം എന്നിൽനിന്നു് നിങ്ങൾ തീച്ചയായും പ്രതീക്ഷിക്കുകയില്ല. ഏതാനും വാക്കുകളിൽ നിങ്ങൾക്ക് അഭിവാദനമപ്പിക്കാനും ജനകീയ കമ്മിസാർമാരുടെ കൗൺസിലിൽ നിങ്ങളുടെ ഈ പ്രശ്നം ചച്ചയ്ക്കുവന്നപ്പോൾ എനിക്കുതോന്നിയ ചില അഭിപ്രായങ്ങൾ ഇവിടെ പറയാനും മാത്രമാണ് ഞാനുദ്ദേശിക്കുന്നത്. വയോജനവിദ്യാഭ്യാസരംഗത്തുണ്ടായിട്ടുള്ള പുരോഗതി സോവി

ഷററു് യൂണിയനിൽ മററു യാതൊരു പ്രവർത്തനരംഗത്തിലും കഴിഞ്ഞ പതിനെട്ടുമാസക്കാലത്തു് ഉണ്ടായിട്ടുള്ളതായി എനിയ്ക്കു തോന്നുന്നില്ല. മററു രംഗങ്ങളിലേക്കാൾ എളുപ്പത്തിൽ ഈ രംഗത്തു പ്രവർത്തിയ്ക്കാൻ എനിയ്ക്കും നിങ്ങൾക്കും കഴിഞ്ഞിട്ടുണ്ടെന്നതു് തീർച്ചയാണു്. പഴയ തടസ്സങ്ങളും പരാധീനതകളും തട്ടിനീക്കേണ്ട ചുമതലയാണു് നമുക്കിവിടെ നിർവ്വഹിയ്ക്കാനുണ്ടായിരുന്നതു്. സാജന്യവിദ്യാഭ്യാസത്തിന്നും വിജ്ഞാനത്തിന്നും വികസനത്തിന്നുംവേണ്ടി അത്യധികം ദാഹിച്ചിരുന്ന തൊഴിലാളിലക്ഷങ്ങളെയും കർഷകലക്ഷങ്ങളെയും തൃപ്തിപ്പെടുത്തുന്നതിന്നു് ചിലതു് ചെയ്യുക നമുക്കു് എളുപ്പമായിരുന്നു. സാമ്രാജ്യയുദ്ധത്തോടു് നമ്മുടെ രാജ്യത്തെ വരിഞ്ഞുകെട്ടി നമ്മുടെ ജനങ്ങളെ യുദ്ധക്കെടുതികൾക്കു് ഇരയാക്കിക്കൊണ്ടിരുന്ന ബൂർഷ്വാ സ്ഥാപനങ്ങളെ തകർക്കുന്നതിനു് ബഹുജനസമ്മർദ്ദം നമുക്കു സഹായമായിരുന്നു. എന്നിരിയ്ക്കിലും പുനർവിദ്യാഭ്യാസം, അതിന്റെ സംഘടനയും സംയോജനവും, മുതലാളിത്തത്തിൽനിന്നു് പൈതൃകമായി ലഭിച്ച അജ്ഞതയും അടിമത്തങ്ങളും അന്ധവിശ്വാസങ്ങളും നിർമ്മാർജ്ജനംചെയ്യൽ, അതീവ ദുഷ്കരമായ ഒരു ജോലിയാണെന്നു് നാം മനസ്സിലാക്കിയിരുന്നു. തികച്ചും വ്യത്യസ്തങ്ങളായ സമരമാർഗ്ഗങ്ങളാണു് ഈ രംഗത്തു് നമുക്കു പ്രയോഗിയ്ക്കാനുണ്ടായിരുന്നതു്. മുന്നണി ജനവിഭാഗങ്ങളുടെ പ്രയത്നത്തിലും സ്ഥിരോത്സാഹത്തിലും സ്വാധീനശക്തിയിലും മററു സകലരേയും പങ്കുകൊള്ളിയ്ക്കുന്നതിന്നു് നമുക്കു സാധിച്ചു. പക്ഷേ ചെയ്യാമായിരുന്നതെല്ലാം ചെയ്തില്ലെന്ന അപരാധം നമുക്കുണ്ടു്. പഴയ പരിമിതികളും സമ്പ്രദായങ്ങളും അതിലംഘിച്ചു് വയോജനവിദ്യാഭ്യാസം പ്രചരിപ്പിയ്ക്കാൻ നാം മുന്നിട്ടിറങ്ങിയ ആദ്യഘട്ടത്തിൽ പ്രധാനമായ രണ്ടു തടസ്സങ്ങളാണു് നമുക്കു നേരിടാനുണ്ടായിരുന്നതു്. ഈ രണ്ടു തടസ്സങ്ങളും മുതലാളിത്തസമുദായത്തിൽനിന്നു് നമുക്കു ലഭിച്ച പൈതൃകങ്ങളാണു്. അവ ഇന്നും നമ്മെ പററിപ്പിടിച്ചു നില്ക്കുകയും അദൃശ്യങ്ങളായ നൂറുനൂറു ബന്ധങ്ങൾകൊണ്ടും പാശ

ങ്ങൾകൊണ്ടും നമ്മെ കീഴോട്ടു് വലിച്ചിഴച്ചുകൊണ്ടിരിയ്ക്കുയും ചെയ്യുന്നു.

തൊഴിലാളികളുടെയും കൃഷിക്കാരുടെയും പുതിയ വിദ്യാഭ്യാസസ്ഥാപനങ്ങളെ സ്വന്തംസിദ്ധാന്തങ്ങളും തത്വശാസ്ത്രവും സംസ്കാരവും പരീക്ഷിച്ചുനോക്കാനുള്ള കൌതുകരംഗങ്ങളായിമാത്രം കണക്കാക്കിയിരുന്ന ബുദ്ധിജീവിവൃന്ദത്തെയാണു് നമുക്കു് ആദ്യമായി നേരിടാനുണ്ടായിരുന്നതു്. ഇക്കൂട്ടർ തികച്ചും അസംബന്ധങ്ങളായ ആശയങ്ങൾക്കു് പുതുമ കല്പിച്ചു; പ്രാകൃതവും അസ്വാഭാവികവും ആയ പലതിനേയും തൊഴിലാളിവർഗ്ഗത്തിന്റെ പരിശുദ്ധകലയായും സംസ്കാരമായും പൊക്കിപ്പിടിച്ചു. (കരഘോഷം) 46 ആദ്യഘട്ടങ്ങളിൽ ഇതെല്ലാം ഏറെക്കുറെ ക്ഷന്തവ്യമായിക്കരുതാം; പ്രസ്ഥാനത്തെ പൊതുവിൽ അതിന്നു കുററപ്പെടുത്തിക്കൂടാ. കാലക്രമത്തിൽ ഇതെല്ലാം മാററി നമ്മൾ വിജയിയ്ക്കുമെന്നു് എനിയ്ക്കുറപ്പുണ്ടു്.

രണ്ടാമത്തെ തടസ്സവും മുതലാളിത്തസമുദായത്തിൽനിന്നു് തുടർന്നുവന്നതാണു്. വിദ്യാഭ്യാസത്തിന്നുള്ള ആർത്തിയിൽ ചെറുകിട മുതലാളിവിഭാഗങ്ങൾ പഴയ സ്ഥാപനങ്ങളെയെല്ലാം തകർത്തു; തൽസ്ഥാനത്തു് പുതിയതൊന്നു് സംഘടിപ്പിയ്ക്കാൻ അവക്കു കഴിഞ്ഞതുമില്ല. ഗ്രന്ഥാലയഡിപ്പാർട്ടുമെന്റിന്റെയും സാക്ഷരത്വപ്രസ്ഥാനത്തിന്റെയും കാര്യം ജനകീയകമ്മിസാർമാരുടെ കൗൺസിലിൽ ആലോചനയ്ക്കുവന്നപ്പോഴാണു് ഈ പ്രശ്നം എന്റെ ശ്രദ്ധയിൽപ്പെട്ടതു്; ഏററവും ഗൗരവമുള്ള ഒരു പ്രശ്നമാണു് അതെന്നു് എനിയ്ക്കു മനസ്സിലാക്കാൻ കഴിഞ്ഞു. ഒരു അഭിവാദനപ്രസംഗത്തിൽ വിമർശനപരമായി എന്തെങ്കിലും പറയുക സാധാരണ പതിവില്ല. കീഴ്‌ക്കട യോഗമര്യാദകളെ ഇക്കാര്യത്തിൽ നിങ്ങൾ ഗൗനിയ്ക്കുകയില്ലെന്നും ഖേദകരമായ ചിലതു പറയാൻ നിങ്ങളെന്നെ അനുവദിയ്ക്കുമെന്നും ഞാൻ കരുതുന്നു. നമ്മുടെ വിപ്ലവം വിജയിച്ചുവെങ്കിലും മുതലാളിത്ത

വിപ്ലവത്തിൻെറ നാലതിരുകൾക്കുള്ളിൽനിന്നു കരകേറാൻ നമുക്കു കഴിഞ്ഞിട്ടില്ല എന്ന വസ്തുതയാണു് സാക്ഷരതാപ്രചാരണത്തിന്നു് ആളുകളെ അണിനിരത്തുന്നതിനെപ്പററി ആലോചിച്ചപ്പോൾ പ്രധാനമായി പൊന്തിവന്നതു്. വികസനത്തിന്നുള്ള സൗകര്യങ്ങൾ ലഭിച്ചു; പക്ഷെ ചെറുകിട മുതലാളിവിഭാഗങ്ങൾക്കാണു് ആ സൗകര്യം ലഭിച്ചതു്. "അവനവൻെറ കാര്യം നോക്കുക, മറെറല്ലാം ദൈവം നോക്കും"—എന്ന മുതലാളിത്തത്തിൻെറ പഴയ മുദ്രാവാക്യം തന്നെയാണു് ഈ പെററിബൂർഷ്വാ വിഭാഗങ്ങൾക്കുണ്ടായിരുന്നതു്. ധനികകൃഷിക്കാരെയും മുതലാളിമാരെയും പുനരുജ്ജീവിപ്പിയ്ക്കാൻമാത്രം ഉതകുന്ന ഒരു മുദ്രാവാക്യമാണതു്. ഈ രംഗത്തു വളരെ കുറച്ചുമാത്രമെ നമുക്കു ചെയ്യാൻ കഴിഞ്ഞിട്ടുള്ളു എന്നാണു് സംഗതികൾ പുനരവലോകനം ചെയ്യുമ്പോൾ നമുക്കു മനസ്സിലാകുന്നതു്. തൊഴിലാളിവിഭാഗങ്ങളെ സംഘടിപ്പിയ്ക്കുന്നതും ഈ പ്രസ്ഥാനത്തിൽ ഉൾച്ചേർക്കുന്നതും നമ്മുടെ അടിയന്തിരകർത്തവ്യമാണു്. കടലാസ്സിൽ വലിയ വാചകങ്ങൾ എഴുതിവെയ്ക്കുന്നതുകൊണ്ടു കാര്യമില്ല. ജനങ്ങൾക്കു് അത്യാവശ്യമായ പരിപാടികൾ നടപ്പിൽവരുത്തേണ്ടതാണാവശ്യം. നിരക്ഷരരായ കുറെ പേരെയെങ്കിലും പഠിപ്പിയ്ക്കുന്നതിനു് എഴുതാനും വായിയ്ക്കാനും അറിയുന്ന ഓരോരുത്തനേയും നിർബ്ബന്ധിയ്ക്കേണ്ടതാണാവശ്യം. നമ്മൾ പാസ്സാക്കിയ നിയമം അനുശാസിയ്ക്കുന്നതിതാണു് 47 പക്ഷെ കാര്യമായ യാതൊന്നും ഇതിൽ ചെയ്യാൻ നമുക്കു കഴിഞ്ഞിട്ടില്ല.

ജനകീയ കമിസാർമാരുടെ കൌൺസിലിൽ ഗ്രന്ഥാലയങ്ങളുടെ കാര്യം ആലോചനയ്ക്കുവന്നപ്പോൾ വേണ്ടത്ര പുസ്തകങ്ങളില്ല. അച്ചടിയ്ക്കാൻ മാർഗ്ഗമില്ല, എന്നുള്ളതാണു് വ്യാവസായികമായി നമ്മുടെ പിന്നോക്കനിലയ്ക്കുള്ള ഒരു കാരണം എന്നു് പലരുടെയും പരാതികൾ ചർച്ചയ്ക്കു വരുകയുണ്ടായി. ഈ പരാതികൾക്കു് അടിസ്ഥാനമുണ്ടെന്നു് എനിയ്ക്കു ബോദ്ധ്യമായി. നമുക്കു് ഇന്ധന

മില്ല, നമ്മുടെ ഫാക്ടറികൾ പൂട്ടിക്കിടക്കുകയാണ്, കടലാസ്സിന്റെ ദൌർല്ലഭ്യംമൂലം പുസ്തകങ്ങളച്ചടിയ്ക്കുവാനസാദ്ധ്യമല്ല ഇതെല്ലാം ശരിയാണ്. അതേസമയം ഉള്ള പുസ്തകങ്ങൾ നമ്മുടെ ഉപയോഗത്തിന്ന് കിട്ടുന്നില്ലെന്നുളളും ശരിയാണ്. കൃഷിക്കാരുടെ സ്വഭാവവിശേഷം ഇതിന്നു തടസ്സമായി നില്ക്കുന്നു. ഭൂവുടമകളുടെ ഗ്രന്ഥാലയങ്ങൾ പിടിച്ചെടുക്കുന്ന കൃഷിക്കാർ അതിലുള്ള പുസ്തകങ്ങൾ മററാക്കും കൊടുക്കാതെ സ്വന്തമായി ഒളിപ്പിച്ചുവെയ്ക്കുകയാണ്. ആ പൊതുമുതൽ എല്ലാവരുടേയും ഉപയോഗത്തിന്നായി നീതിപൂർവ്വം വിതരണംചെയ്യാൻ കഴിയുമെന്ന് കൃഷിക്കാർക്ക് ബോധമില്ല നിരക്ഷരരായ കൃഷീവലന്മാർ ഇങ്ങനെ ചെയ്യുന്നതിനു അവരെ കുററപ്പെടുത്തിക്കൂടാ, നമ്മുടെ വിപ്ലവത്തിന്റെ ഈ ആദ്യഘട്ടത്തിൽ ഇങ്ങനെയൊക്കെ സംഭവിയ്ക്കുന്നതു് സ്വാഭാവികവും അനിവാര്യവുമാണ്. ഭൂവുടമകളിൽനിന്ന് പിടിച്ചെടുക്കുന്ന ലൈബ്രറികളെല്ലാം ഒന്നിച്ചുചേർത്ത് ഒരു മഹാപ്രസ്ഥാനമാക്കാൻ കഴിയുമെന്നും എഴുതാനും വായിയ്ക്കാനും കഴിവുള്ള എല്ലാവർക്കും ആ പുസ്തകങ്ങൾ ലഭ്യമാക്കാമെന്നും പാമരരായ കൃഷിക്കാർക്ക് അറിഞ്ഞുകൂടാ. ഇക്കാര്യത്തിലുള്ള അരാജകത്വവും കുഴപ്പവും ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ തമ്മിലുള്ള പിടിവാദങ്ങളും അവസാനിപ്പിയ്ക്കുകയാണ് ഉടനടി ചെയ്യേണ്ടതു്. നമ്മുടെ പ്രധാന കർത്തവ്യം അതായിരിയ്ക്കണം. നിരക്ഷരതയോടു സമരംചെയ്യാൻ വിദ്യാഭ്യാസമുള്ള സകലരേയും അണിനിരത്തുക എന്ന അടിയന്തിരകർത്തവ്യത്തിൽ നാം ശ്രദ്ധ കേന്ദ്രീകരിക്കണം. ഉള്ള പുസ്തകങ്ങൾ നാം പരമാവധി ഉപയോഗപ്പെടുത്തണം. ആവശ്യമുള്ളവർക്കെല്ലാം ലഭിക്കാവുന്ന തരത്തിൽ ഈ പുസ്തകങ്ങൾകൊണ്ടു് ചെറുചെറു ലൈബ്രറികൾ നാം നാട്ടാകെ സംഘടിപ്പിക്കണം. പ്ലാൻചെയ്തു് ഏകീകൃതമായ ഒരു ലൈബ്രറിപ്രസ്ഥാനമായി നാമതു് സംഘടിപ്പിയ്ക്കണം. പറയുമ്പോൾ നിസ്സാരമെങ്കിലും ഈ കാര്യം നമ്മുടെ വിപ്ലവത്തിൽ നാം നിർവ്വഹിയ്ക്കേണ്ട മൌലിക കട-

മകളിൽ ഒന്നാണു്. ഇതു നമ്മൾ ചെയ്യുന്നില്ലെങ്കിൽ, ഇപ്പോഴത്തെ കഴപ്പത്തിൽനിന്നും കഴിവുകേടിൽനിന്നും കരകേറി സുശക്തമായ ഒരു സംഘടന നാം കെട്ടിപ്പടുക്കുന്നില്ലെങ്കിൽ, നമ്മുടെ വിപ്ലവം വെറും മുതലാളിത്തവിപ്ലവമായി പരിണമിയ്ക്കും. കമ്മ്യൂണിസത്തിലെത്തിയ്ക്കുന്ന തൊഴിലാളിവിപ്ലവത്തിൻെറ കേന്ദ്രസവിശേഷത ഈ സംഘടനയാണു്. മുതലാളിമാർ ഈ വിപ്ലവം കൊണ്ടുദ്ദേശിക്കുന്നതു് കൃഷിക്കാരെ സ്വതന്ത്രരാക്കി അവക്കു് ഭൂമി നല്കുക മാത്രമാണു്. മററു വിപ്ലവങ്ങളിൽ സംഭവിച്ചതുപോലെ, മുതലാളിത്തം പുനഃസ്ഥാപിയ്ക്കാൻ മാത്രമെ അതു് ഉപകരിയ്ക്കുകയുള്ളു എന്നു നാം ഓർമ്മിയ്ക്കണം.

കമ്മ്യൂണിസ്റ്റുപാർട്ടി എന്ന നിലയ്ക്കു് നാം മനസ്സിലാക്കേണ്ട ഒരു പ്രധാന വസ്തുതയുണ്ടു്: പഴയ സ്ഥാപനങ്ങൾ തകർത്തും ബാഹ്യതടസ്സങ്ങൾ തട്ടിനീക്കിക്കഴിഞ്ഞ ഈയവസരത്തിൽ തൊഴിലാളിവിപ്ലവത്തിൻെറ സർവ്വപ്രധാനകടമകളാണു് ഇന്നു നമുക്കു നിർവ്വഹിയ്ക്കാനുള്ളതു്. ലക്ഷക്കണക്കിന്നു്, കോടിക്കണക്കിന്നു്, അദ്ധ്വാനിക്കുന്ന ജനങ്ങളെ സംഘടിപ്പിയ്ക്കേണ്ട കടമ നമ്മെ അഭിമുഖീകരിയ്ക്കുന്നു. കഴിഞ്ഞ പതിനെട്ടുമാസക്കാലത്തു് ഈ രംഗത്തു് പല അനുഭവപാഠങ്ങളും നമുക്കുണ്ടായിട്ടുണ്ടു്. നൂററാണ്ടുകളായി അപരിഷ്കൃതത്വത്തിലും സംസ്കാരശൂന്യതയിലും വീർപ്പുമുട്ടിക്കഴിഞ്ഞ സാമാന്യജനങ്ങളെ പുരോഗതിയുടേയും വിജയത്തിൻേറയും ശരിയായ പാതയിൽ എത്തിക്കുന്നതിന്നു് ഈ അനുഭവപാഠങ്ങൾ നമ്മെ സഹായിയ്ക്കണം. (നീണ്ടുനിന്ന കരഘോഷം)

പ്രവദ, നമ്പർ 96 ) കലക്ടഡ്‌വർക്ക്സ്,
മെയ് 7, 1919 ) വാ: 29, പേ: 335-38

## ഒരു വലിയ തുടക്കം

### പിന്നണിയിൽ തൊഴിലാളികളുടെ ധീരോദാത്തത—
### കമ്യൂണിസ്റ്റ് സുബോട്ടിനിക്കുകൾ

ചുകപ്പുസേനയിലെ ഭടന്മാരുടെ ധീരോദാത്തതയെക്കുറിച്ചു് പല റിപ്പോർട്ടുകളും പത്രങ്ങളിൽ വന്നുകൊണ്ടിരിക്കുന്നുണ്ടു്. കലാക്ക്ഡെനിക്കിൻെറയും മററു മുതലാളി-ഭൂവുടമ ശക്തികളുടെയും ആക്രമണങ്ങൾക്കെതിരായി സോഷ്യലിസ്റ്റു് വിപ്ലവത്തിൻെറ നേട്ടങ്ങൾ പരിരക്ഷിക്കുന്നതിന്നു് ചുകപ്പുസേനയിലെ ആൾക്കാർ അത്ഭുതാവഹമായ ധൈര്യവും സഹനശക്തിയുമാണു് പ്രദർശിപ്പിക്കുന്നതു്. ഗറില്ല മനോഭാവത്തോടും ആലസ്യത്തോടും അച്ചടക്കരാഹിത്യത്തോടും ഉള്ള സമരം മുറയ്ക്കു തുടർന്നു വരുന്നു; സാവധാനത്തിലെങ്കിലും ക്രമാനുഗതമായ പുരോഗതി ഈക്കാര്യത്തിൽ കൈവരുന്നുണ്ടു്. സോഷ്യലിസത്തിൻെറ വിജയത്തിനുവേണ്ടി എന്തു ത്യാഗവുംസഹിയ്ക്കാൻ അദ്ധ്വാനിക്കുന്ന ജനങ്ങൾക്കുള്ള സന്നദ്ധത— ചുകപ്പുസേനയിലെ സൗഭ്രാത്രപൂർണ്ണമായ പുതിയ അച്ചടക്കത്തിന്റെ

നിദാനം അതാണു്. ഈ അടിസ്ഥാനത്തിൽ ചുകപ്പുസേന ശക്തി പ്പെടുകയും വളരുകയും ഓജസ്സു നേടുകയുംചെയ്യുന്നു.

പിന്നണിയിൽ തൊഴിലാളികൾ പ്രദർശിപ്പിക്കുന്ന ധീരോദാത്തതയും നമ്മുടെ ശ്രദ്ധ അർഹിക്കുന്നുണ്ടു്. തൊഴിലാളികൾ മുൻകയ്യെടുത്തു് സംഘടിപ്പിച്ചിട്ടുള്ള കമ്യൂണിസ്റ്റു് സുബ്ബോട്ടുനിക്കുകൾക്കു് ഈ കാലഘട്ടത്തിൽ സർവ്വപ്രാധാന്യമാണുള്ളതു്. ഇതു് ഒരു തുടക്കം മാത്രമാണു്; പക്ഷെ അന്യാദൃശമായ പ്രാധാന്യം ഈ തുടക്കത്തിന്നുണ്ടു്. മുതലാളിത്തത്തെ മറിച്ചിട്ടതിനെക്കാൾ ക്ലേശകരവും വ്യാപകവും നിർണ്ണായകവും ആയ ഒരു വിപ്ലവത്തെ അതു് കുറിക്കുന്നു. മുതലാളിത്തവ്യവസ്ഥയിൽ നമ്മളിൽ കുടിപറ്റിയിട്ടുള്ള ദുശ്ശീലങ്ങൾക്കും ദുർവ്വാസനകൾക്കും എതിരായി നമ്മുടെ സ്വന്തം യാഥാസ്ഥിതികത്വത്തിന്നും അച്ചടക്കമില്ലായ്മക്കും പെററി ബൂർഷ്വാതലക്കനത്തിന്നും എതിരായി, സമരംചെയ്തു് വിജയിക്കാൻ നമ്മെ അതു് സഹായിക്കുന്നു. ഇതിൽ നമ്മുടെ വിജയത്തെ ആശ്രയിച്ചാണു് സോഷ്യലിസ്റ്റു് അച്ചടക്കം ശക്തിപ്പെടുന്നതു്. മുതലാളിത്തം പുനസ്ഥാപിക്കാൻ അസാദ്ധ്യമാകുന്നതും കമ്യൂണിസം അജയ്യമായിത്തീരുന്നതും അപ്പോൾ മാത്രമാണു്.

മെയ് 17-ാംനയിലെ ലക്കത്തിൽ "വിപ്ലവപരമായ പ്രവർത്തനരീതി: കമ്യൂണിസ്റ്റു് ശനിയാഴ്ച" എന്ന ശീർഷകത്തിൽ "പ്രവദ" ഒരു ലേഖനം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഈ ലേഖനം അത്യധികം പ്രധാനമായതുകൊണ്ടു് അതു മുഴുവൻ ചുവടെ ഉദ്ധരിക്കുന്നു:

## "വിപ്ലവപരമായ പ്രവർത്തനരീതി"

### "കമ്യൂണിസ്റ്റു് ശനിയാഴ്ച"

"വിപ്ലവപരമായ പ്രവർത്തനരീതി അംഗീകരിക്കണമെന്ന

റഷ്യൻകമ്യൂണിസ്റ്റ് പാർട്ടിയുടെ സെൻട്രൽകമ്മററിയുടെ ആഹ്വാനം കമ്യൂണിസ്റ്റ് സംഘടനകൾക്കും കമ്യൂണിസ്റ്റ്കാർക്കും വലിയ ആവേശവും ഉത്തേജനവുമാണ് നല്കിയിട്ടുള്ളത്. പുതിയ ആവേശത്തള്ളലിൽ നിരവധി റെയിൽവെ തൊഴിലാളികൾ മുന്നണിയിൽ ചുകപ്പുസേനയിൽ ചേർന്നു; പക്ഷെ ഭൂരിപക്ഷംപേർക്കും ഉത്തരവാദപ്പെട്ട റെയിൽവെസ്ഥാപനങ്ങൾ വിട്ടുപോകുന്നതിനോ പുതിയ പ്രവൎത്തനരീതി അംഗീകരിക്കുന്നതിനോ കഴിഞ്ഞില്ല. മോസ്കോ–കസാൻ റെയിൽവെ ജില്ലയിലെ പ്രവൎത്തനം വളരെ മന്ദഗതിയിലാണെന്നും അനാവശ്യമായ കാലതാമസം വരുന്നുണ്ടെന്നും ഉള്ള പരാതികൾ റെയിൽവെയിലെ പല കേന്ദ്രങ്ങളിൽനിന്നും കിട്ടിക്കൊണ്ടിരുന്നു. തൊഴിലാളികൾ കുറവായതുകൊണ്ടും ഉല്പാദനക്ഷമത അതിലും കുറവായതുകൊണ്ടും ഒട്ടേറെ എഞ്ചിനുകൾ റിപ്പയറിന്ന് സാധിക്കാതെ കെട്ടിക്കിടക്കുകയാണെന്നു മനസ്സിലായി. മോസ്കോ–കസാൻ റെയിൽവെ ജില്ലയിലെ കമ്യൂണിസ്റ്റ്കാരുടെയും അനുഭാവികളുടെയും ഒരു പൊതുയോഗം മെയ് 7–ാംതിയതി ചേൎന്നതിൽ "കലാക്കുകൾ"ക്കെതിരായി വിജയം നേടണമെങ്കിൽ പ്രസംഗംമാത്രം പോരാ പ്രവൃത്തിയും വേണമെന്നു നിശ്ചയിച്ചു. താഴെകൊടുക്കുന്ന പ്രമേയം അവതരിപ്പിക്കപ്പെട്ടു.

ആഭ്യന്തരവും വൈദേശികവുമായ ഇന്നത്തെ ഗൌരവഘട്ടത്തിൽ കമ്യൂണിസ്റ്റ്കാരും അനുഭാവികളും വൎഗ്ഗശത്രുവിന്റെമേൽ വിജയം സുനിശ്ചിതമാക്കുന്നതിന്നുവേണ്ടി കൂടുതൽ ഉത്സാഹത്തോടുകൂടി മുന്നോട്ടുവരികയും തങ്ങളുടെ വിശ്രമവേളയിൽ ഒരു മണിക്കൂർവീതം കുറച്ച് ആ സമയംകൂടി പ്രവൃത്തിയെടുക്കാൻ സന്നദ്ധനാവുകയും വേണ്ടതാണ്. ദിവസേന ഇങ്ങനെ ലാഭിക്കുന്ന ഓരോ മണിക്കൂർ കൂട്ടിച്ചേൎത്ത് ശനിയാഴ്ചതോറും ആറുമണിക്കൂർ ഒന്നായി പ്രവൎത്തിച്ച് കാൎയ്യമായ നേട്ടങ്ങൾ ഉണ്ടാക്കേണ്ടതാണ്. വിപ്ലവത്തിന്റെ നേട്ടങ്ങൾക്കായി ആരോഗ്യവും ജീവനും അൎപ്പിക്കുന്ന കമ്യൂണിസ്റ്റ്കാർ ഇങ്ങനെ ചെയ്യുന്ന കൂടുതൽജോലിക്ക് ശ

ബളമൊന്നും പാറിക്കൂടാ, ഈ വിധത്തിൽ കമ്യൂണിസ്റ്റ് ശനിയാഴ്ച ജില്ലയിലാകെ നടപ്പിലാക്കേണ്ടതും "കലാക്ക"കളെ അമ്പെ പരാജയപ്പെടുത്തുന്നവരെക്കും തുടരേണ്ടതുമാണ്.

സ്വല്പം ചില സംശയങ്ങൾക്കുശേഷം പ്രമേയം ഐകകണ്ഠ്യേന സ്വീകരിക്കപ്പെട്ടു.

മെയ് 10-ാംതിയതി ശനിയാഴ്ച വൈകുന്നേരം ആറുമണിക്കു കമ്യൂണിസ്റ്റുകാരും അനുഭാവികളും പട്ടാളച്ചിട്ടയിൽ ജോലിസ്ഥലത്ത് അണിനിരന്നു. ഫോർമാൻ നിശ്ചയിച്ച ജോലികളിൽ യാതൊരു തിക്കുംതിരക്കും കൂടാതെ അവർ പ്രവേശിച്ചു.

വിപ്ലവപരമായ പ്രവർത്തനരീതിയുടെ ഫലം അന്നുതന്നെ അനുഭവപ്പെട്ടു. ജോലിസ്ഥലത്തിൻെറയും ചെയ്ത ജോലിയുടെയും ഒരു പട്ടികയാണ് താഴെ കൊടുക്കുന്നതു്.

| ജോലിസ്ഥലം | ജോലിയുടെസ്വഭാവം | ജോലിക്കാരുടെഎണ്ണം | ജോലിചെയ്ത സമയം ആളൊന്നക്കു് | ജോലിചെയ്ത സമയം ആകെ | ചെയ്തുതീൎത്ത ജോലി |
|---|---|---|---|---|---|
| മോസ്കോ-ലോക്കോമോട്ടിവ് ഷോപ്പ് | പിറോവോ, മുറോം, അലാതിർ, സിസ്രാൻ | 48 | 5 | 240 | 7500 പൂഡ് സാമഗ്രികൾ കയററി. |
| | എന്നീ മുന്നണിസ്ഥാനങ്ങളിലേക്ക സാമഗ്രി | 21 | 3 | 63 | 1800 പൂഡ് ഇറക്കകയുംചെയ്തു |
| | കൾ കടത്തൽ | 5 | 4 | 20 | |
| മോസ്കോ പാസഞ്ചർഡിപ്പോ | എഞ്ചിനുകൾക്കു് അടിയന്തിര റിപ്പയർ | 26 | 5 | 130 | 1½ എഞ്ചിനുകളുടെ കേടുപാടുകൾ തീൎത്തു |
| മോസ്കോ ഷൺട്ടിങ്ങ്യാർഡ് | എഞ്ചിനുകൾക്കു് റിപ്പയർ | 24 | 6 | 144 | 2 എഞ്ചിന്റെ റിപ്പയർ മുഴമിച്ചു; നാലെണ്ണം റിപ്പയറിന്നായി അഴിച്ചിട്ടു |
| മോസ്കോ-കാരേജു് ഡിപ്പാർട്ടുമെൻറ് | പാസഞ്ചർ വണ്ടികൾക്കു് റിപ്പയർ | 12 | 6 | 72 | രണ്ടും മൂന്നാം ക്ലാസ്സു് കാരേജുകൾ |
| പിറോവോ മെയിൻ കാരേജുവക്കു് ഷോപ്പ് | ശനിയാഴ്ചയും, ഞായറാഴ്ചയും മൈനർ | 46 | 5 | 230 | 12 ബോക്സ് കാരേജുകളും രണ്ടു് ഫ്ളാററു് |
| | റിപ്പയറുകൾ | 23 | 5 | 115 | കാരേജുകളും |
| ആകെ | | 205 | — | 1,014 | 4 എഞ്ചിനുകളും 16 കാരേജുകളും നന്നാക്കി 9300 പൂഡ് ഏററിറക്കചെയ്തു |

ഇങ്ങനെ അവർ ചെയ്തുതീർത്തു് സാധാരണ കൂലിനിരക്കിൽ 50ലക്ഷം റൂബിളിന്റെ ജോലിയാണു്. ഓവർടൈം നിരക്കാണെങ്കിൽ 50ശതമാനം കൂടുതലാണു്.

സാധാരണ ജോലിക്കാർ ചെയ്യുന്നതിന്റെ 270ശതമാനം കൂടുതലാണു് അന്നു വാഗണുകളിൽ കേററാൻകഴിഞ്ഞതു്. മററിനങ്ങളിലും അദ്ധ്വാനക്ഷമതയിൽ ഇതേ വർദ്ധനവുണ്ടായിരുന്നു.

തൊഴിലാളികളുടെ കുറവുകൊണ്ടും ചുകപ്പുനാടയുടെ ഫലമായും ഏഴുദിവസംമുതൽ മൂന്നുമാസംവരെ കെട്ടിക്കിടന്നിരുന്ന അടിയന്തര റിപ്പയർജോലികൾ മുഴുവൻ അന്നു നിർവ്വഹിച്ചു.

ഉപകരണങ്ങളുടെ ചില്ലറ കേടുപാടുകൾ തീർക്കാൻ കുറെ സമയം എടുത്തുവെങ്കിലും ഏറെറടുത്ത ജോലി മുഴുമിപ്പിക്കുവാൻ അന്നുവർക്കു സാധിച്ചു.

ജോലി മുഴുമിക്കുന്തോറും പുതിയ ജോലികൾ ഈ സന്നദ്ധസേവകർക്കു് ഏല്പിച്ചുകൊടുക്കാൻ റെയിൽവെ അധികാരികൾ ക്ലേശിക്കേണ്ടിവന്നു. വർഗ്ഗബോധമില്ലാത്തവരും അലസരും ആയ സാധാരണ തൊഴിലാളികൾ ഒരാഴ്ചയെടുക്കുന്ന ജോലിയാണു് ഈ ശനിയാഴ്ച ഒരൊററദിവസംകൊണ്ടു് നിർവ്വഹിച്ചതു് എന്നു് പ്രായം ചെന്ന ഒരു ഫോർമാൻ പറയുകയുണ്ടായി. ഇതിൽ അല്പം അതിശയോക്തി ഉണ്ടായിരിയ്ക്കാം.

കമ്യൂണിസ്റ്റുകാരല്ലെങ്കിലും സോവിയററു് ഗവമ്മേണ്ടിനെ ആത്മാർത്ഥമായി പിന്താങ്ങുന്ന പല തൊഴിലാളികളും ഈ സന്നദ്ധസേവനത്തിൽ പങ്കുകൊണ്ടിട്ടുണ്ടു്. അടുത്ത ശനിയാഴ്ച കൂടുതൽ പേർ വരാമെന്നു് ഏററിരിക്കുന്നു. മോസ്കോ-കസാൻ റെയിൽവെ ജില്ലയുടെ ഈ മാതൃക അനുകരിക്കാൻ മററു റെയിൽവെ ജില്ലകളും ഡിപ്പാർട്ടുമെണ്ടുകളും ആഗ്രഹിക്കുന്നുണ്ടു്. അതുകൊണ്ടു്

പ്രാദേശിക കേന്ദ്രങ്ങളിൽനിന്നു് കിട്ടിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഈ ജോലി എങ്ങനെയാണു് സംഘടിപ്പിച്ചതെന്നു് ഞാൻ കുറച്ചുകൂടി വിവരിയ്ക്കാം.

ഈ ജോലിയിൽ പങ്കെടുക്കുന്നവരിൽ പത്തു ശതമാനത്തോളം അതതു പ്രദേശങ്ങളിൽ സ്ഥിരംജോലിയുള്ള കമ്യൂണിസ്റ്റു് കാരാണു്. റെയിൽവെ കമിസാർ മുതൽ അതതു സ്ഥാപനങ്ങളിലെ കമിസാർമാർവരെ ഉത്തരവാദപ്പെട്ടതും തിരഞ്ഞെടുക്കപ്പെട്ടതും ആയ സ്ഥാനങ്ങൾ വഹിക്കുന്നവർ, ട്രേഡു്യൂനിയൻ പ്രതിനിധികൾ, റെയിൽവെ കമ്മിസാറിയട്ടു് ഹേഡു്ആപ്പീസു് ജീവനക്കാർ മുതൽപേരാണു് മററുള്ളവർ.

ഈ ജോലിയിൽ പ്രദർശിപ്പിക്കപ്പെട്ട ഉത്സാഹത്തള്ളലും ഒത്തൊരുമയും അന്യാദൃശങ്ങളായിരുന്നു. തൊഴിലാളികളും ക്ലാർക്കുമാരും ഹേഡാപ്പീസു് ജീവനക്കാരും ഒത്തൊരുമിച്ചു് യാതൊരൊച്ചയും വിളിയുംകൂട്ടാതെ ഒരു പാസഞ്ചർ എഞ്ചിന്റെ നാല്പതു് പൂഡു് തൂക്കമുള്ള വീൽടയർ ആയത്തിൽ ഉരുട്ടി തക്കസ്ഥാനത്തു് ഉറപ്പിയ്ക്കുന്നതു കാണുമ്പോൾ ആരുടേയും ഹൃദയം ആഹ്ലാദംകൊണ്ടു് അഥവാ തുള്ളും; തൊഴിലാളിവർഗ്ഗത്തിന്റെ വിജയം സുനിശ്ചിതമാണെന്നു് ആരെയും ബോദ്ധ്യപ്പെടുത്തും. സാർവ്വദേശീയ കൊള്ളക്കാർക്കു് തൊഴിലാളികളെ അമർത്താനാവില്ല. രാജ്യത്തിനുള്ളിലെ അട്ടിമറിക്കാർക്കു "കുലാക്ക"വർഗ്ഗത്തിൽ ജീവിയ്ക്കാനുമൊക്കില്ല. ജോലി അവസാനിച്ചപ്പോൾ അത്ഭുതപൂർവ്വമായ ഒരു ദൃശ്യമാണു് ഇവിടെ ഉണ്ടായതു്. ക്ഷീണിതരെങ്കിലും സന്തോഷംകൊണ്ടു തിളങ്ങുന്ന കണ്ണുകളോടുകൂടി നൂറാളും കമ്യൂണിസ്റ്റു്കാർ ഈണത്തിൽ സാർവ്വദേശീയഗാനം ഏററുപാടി. ആ ഗാനനിർജ്ഝരി ചുററുമുള്ള ഭിത്തികൾ ഭേദിച്ചു് മോസ്കോവിലുള്ള മുഴുവൻ തൊഴിലാളികളിലേക്കും എത്തുമെന്നും, കുളത്തിൽ കല്ലിട്ടു് അലകൾ പായുന്നപോലെ, റഷ്യയിലെ മുഴുവൻ തൊഴിലാളികളിലേക്കും വ്യാപിക്കുമെന്നും സംശയിക്കാനില്ല.

"A. J."

ഈ പ്രവൎത്തനത്തെ വിലയിരുത്തിക്കൊണ്ടു് "അനുകരണീയമായ മാതൃക" എന്ന തലക്കെട്ടിൽ മെയ് 2-ാംതിയതിയിലെ 'പ്രവദ'യിൽ എൻ. ആർ. ഇങ്ങനെ എഴുതി:

കമ്യൂണിസ്റ്റുകാർ ഇമ്മാതിരി പണിയെടുക്കുന്നതു് അപൂൎവ്വമല്ല. ഒരു ഇലക്ട്രിക്കു് പവ്വർസ്റ്റേഷനിലും പല റെയിൽവെകളിലും ഇത്തരം പ്രവൎത്തനങ്ങൾ സംഘടിപ്പിച്ചതായി എനിയ്ക്കറിയാം. കുഴിയിൽവീണ ഒരു എഞ്ചിൻ പൊക്കിയെടുക്കുന്നതിന്നുവേണ്ടി "നിക്കൊലായെ വാസ്സ്കൊയ"യിലെ റെയിൽവെ തൊഴിലാളികൾ പല രാത്രികൾ ഓവർടൈം പണിയെടുക്കുകയുണ്ടായി. വടക്കൻ റെയിൽവെയിലെ കമ്യൂണിസ്റ്റുകാരും അനുഭാവികളും തണുപ്പുകാലം മുഴുവൻ റെയിൽപാതയിലെ ഹിമക്കട്ടകൾ നീക്കംചെയ്യുന്നതിന്നുവേണ്ടി ഞായറാഴ്ചതോറും പണിയെടുത്തു. മോഷണം തടയുന്നതിന്നുവേണ്ടി രാത്രികാലങ്ങളിൽ ഗുഡ്സ് സ്റ്റേഷനുകളിൽ കമ്യൂണിസ്റ്റുകാർ റോന്തുചുററി. എന്നാൽ ഇതെല്ലാം വലിയ ചിട്ടയൊന്നുമില്ലാതെ അപ്പപ്പോൾ ചെയ്യുന്ന പ്രവൃത്തികളായിരുന്നു. മോസ്കോ-കസാൻ റെയിൽവെ ജില്ലയിലെ തൊഴിലാളികൾ ഈ ജോലി ക്രമമായും സ്ഥിരമായും ഇപ്പോൾ തുടൎന്നുവരുന്നു. ഇതു് പുതിയൊരു സംഭവവികാസമാണു്. "കല്ചാക്കുകളെ അമ്പെ പരാജയപ്പെടുത്തുംവരെക്കും" ഇതു തുടരുമെന്നാണു് അവരുടെ പ്രമേയത്തിൽ പറയുന്നതു്. അതിന്റെ പ്രാധാന്യവും അതാണു്. യുദ്ധം തുടരുന്നടത്തോളംകാലം ദിവസേന ഓരോ മണിക്കൂർ കൂടുതൽസമയം പ്രവൎത്തിക്കുന്നതിന്നാണു് അവർ തീരുമാനിച്ചിട്ടുള്ളതു്. അവരുടെ അദ്ധ്വാനക്ഷമത മാതൃകാപരമായി വൎദ്ധിക്കുകയുംചെയ്തിരിക്കുന്നു.

ഈ മാതൃക മററുള്ളവർ അനുകരിച്ചുതുടങ്ങിയിരിക്കുന്നു; ഭാവിയിൽ കൂടുതൽകൂടുതൽ അനുകരിക്കുകയുംചെയ്യും. അലക്സാൻഡ്രോവ്സ്കയാ റെയിൽവെ തൊഴിലാളികൾ പൊതുയോഗംചേൎന്നു്

യുദ്ധസ്ഥിതിയെയും മോസ്കോ-കസാൻ റെയിൽവെ തൊഴിലാളികളുടെ പ്രമേയത്തെയുംപററി ചർച്ചചെയ്തശേഷം താഴെ പറയുന്ന തീരുമാനങ്ങളെടുത്തു: (1) അലക്സാൻഡ്രോവ്സ്കയാ റെയിൽവെയിൽ സുബോട്ട്നിക്ക് നടപ്പാക്കുകയും ആദ്യത്തെ സുബോട്ട്നിക്ക് മെയ് 17-ാംനു നടത്തുകയുംവേണം; (2) ഇന്നത്തെ ഗൌരവാവഹമായ ഭക്ഷ്യസ്ഥിതിയിൽ, ഉള്ള സാധനസാമഗ്രികൾ ഉപയോഗപ്പെടുത്തിക്കൊണ്ട്, എത്രയേറെ ചെയ്യാൻകഴിയുമെന്ന് മററുള്ളവരെ ബോധ്യപ്പെടുത്തുന്ന വിധത്തിൽ കമ്യൂണിസ്റ്റ്കാരും അനുഭാവികളും സംഘടിതപ്രവർത്തനങ്ങൾ നടത്തണം.

തങ്ങളുടെ പ്രവർത്തനം വലിയൊരഭിപ്രായം സൃഷ്ടിച്ചിട്ടുണ്ടെന്നും അടുത്ത ശനിയാഴ്ച പാർട്ടിയിൽപെടാത്ത പലരും ജോലിക്ക് വരുമെന്ന് തങ്ങൾ പ്രതീക്ഷിക്കുന്നുണ്ടെന്നും മോസ്കോ-കസാൻ റെയിൽവെ സഖാക്കൾ പറയുന്നു. ഇതെഴുതുന്ന സമയത്ത് അലക്സാൻഡ്രോവ്സ്കയാ റെയിൽവെ വർക്ക്ഷോപ്പിലെ കമ്യൂണിസ്റ്റ് തൊഴിലാളികൾ ഓവർടൈം പ്രവർത്തിച്ചുതുടങ്ങിയിട്ടില്ല. പക്ഷെ അവരങ്ങനെ ഉദ്ദേശിക്കുന്നുണ്ടെന്ന വാർത്ത അറിവായപ്പോൾതന്നെ വർക്ക്ഷോപ്പിലെ പാർട്ടിക്കാരല്ലാത്ത തൊഴിലാളികൾക്ക് വലിയ ഉത്സാഹമായിരിക്കുന്നു. "ഇന്നലെ ഞങ്ങൾ ഇതറിഞ്ഞിരുന്നില്ല; അറിഞ്ഞിരുന്നുവെങ്കിൽ ഞങ്ങളും ജോലിക്കു ചേരുമായിരുന്നു. അടുത്ത ശനിയാഴ്ച ഞാൻ തീർച്ചയായും വരും." എന്നു പലരും പറയുന്നു, ഈ ദേശപ്രവർത്തനങ്ങൾ വലിയൊരഭിപ്രായമാണ് സൃഷ്ടിച്ചിട്ടുള്ളത്. മോസ്കോ-കസാൻ സഖാക്കളുടെ ഈ മാതൃക മോസ്കോ ജംഗ്ഷനിലെ കമ്യൂണിസ്റ്റ്കാർ മാത്രമല്ല, റഷ്യയിലെ മുഴുവൻ കമ്യൂണിസ്റ്റ്കാരും അനുകരിക്കേണ്ടതാണ്. ഗ്രാമപ്രദേശങ്ങളിൽ കമ്യൂണിസ്റ്റ്കാർ ചുകപ്പുസേനയിലെ ഭടന്മാരുടെ വയലുകളിൽ പ്രവർത്തിച്ച് അവരുടെ കുടുംബങ്ങളെ സഹായിക്കണം.

മോസ്കോ- കസാൻ സഖാക്കൾ അവരുടെ ആദ്യത്തെ സുബോട്ട്നിക്ക് പര്യവസാനിപ്പിച്ചതു് സാർവ്വദേശീയഗാനം പാടിക്കൊണ്ടാണു്. റഷ്യയിലെ മററു കമ്യൂണിസ്റ്റ് സംഘടനകളും ഇതേ മാതൃക പിന്തുടരുകയാണെങ്കിൽ, സാർവ്വദേശീയ ഗാനത്തിന്റെ മാറെറാലിയിൽ, റഷ്യൻ- സോവിയററ്- റിപ്പബ്ലിക്കിന്നു് ദീർഘടംപിടിച്ച അടുത്ത മാസങ്ങൾ തരണംചെയ്യുന്നതിന്നു് തീർച്ചയായും സാധിക്കുന്നതാണു്.

കമ്യൂണിസ്റ്റ് സഖാക്കളെ, ജോലിയ്ക്കു മുന്നോട്ടു്! കമ്യൂണിസ്റ്റ് സഖാക്കളെ, ജോലിക്കു മുന്നോട്ടു്!!"

1919മെയ് 23ാംതീയതി "പ്രവദ"യിൽ ഇങ്ങിനെ ഒരു റിപ്പോർട്ട് വന്നു:

"അലക്സാൻഡ്രോസ്കയാ റെയിൽവെയിലെ ആദ്യത്തെ കമ്യൂണിസ്റ്റ് "സുബേട്ടനിക്ക്" മെയ് 17ാംനു നടന്നു. പൊതുയോഗത്തിന്റെ തീരുമാനമനുസരിച്ചു കമ്യൂണിസ്റ്റ്കാരും അനുഭാവികളുമായി 98പേരാണു് അതിൽ പങ്കുകൊണ്ടതു്. ഓവർടൈം വേതനം അവർ വാങ്ങിയില്ല, രണ്ടാമതൊരുതാഴവും കായികാദ്ധ്വാനക്കാരെന്ന നിലയിൽ അത്താഴത്തിന്റെകൂടെ ഒരു റാത്തൽ റൊട്ടിയും മാത്രം അവരാവശ്യപ്പെട്ടു "

പറയത്തക്ക മുന്നൊരുക്കങ്ങൾ ഒന്നുമില്ലായിരുന്നുവെങ്കിലും ഉല്പാദനക്ഷമത പതിവുള്ളതിലും രണ്ടുമൂന്നിരട്ടി വർദ്ധിച്ചു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു:

അഞ്ചു് ടർണർമാർകൂടി നാലു മണിക്കൂറിന്നുള്ളിൽ എൺപതു് സ്പിൻഡിൽസു് കറക്കി. സാധാരണത്തേതിനേക്കാൾ 213 ശതമാനം കൂടുതൽ ഉല്പാദനക്ഷമതയാണിതു്. ഇരുപതു് അവിദഗ്ദ്ധതൊഴിലാളികൾ നാലു മണിക്കൂറിന്നുള്ളിൽ 600 പുഡ്

സ്ക്രാപ്പ് സാമഗ്രികളും മൂന്നര പൂഡുവീതം തൂക്കമുള്ള 70 ലാമിനേററഡു് കാട്രേജ് സ്പ്രിങ്ങുകളും ചേൻറ് ആകെ 850 പൂഡു് സാമഗ്രികൾ സംഭരിച്ചു. ഇതിൻെറ ഉല്പാദനക്ഷമത പതിവിലത്തേതിനേക്കാൾ 300 ശതമാനം ജാസ്തിയായിരുന്നു.

"സാധാരണ മട്ടപ്പോടും അലസമായും ജോലിചെയ്തിരുന്ന തങ്ങൾ അന്നു് ഉത്സാഹത്തോടും മനസ്സലെലുത്തിയും ആണു് ജോലിചെയ്തതെന്നു് തൊഴിലാളികൾ വിശദീകരിച്ചു. നാണക്കേടു് ഭയന്നു് "സുബോട്ടനിക്കി"ന്നു ചെയ്തതീർത്ത ജോലിയെങ്കിലും സാധാരണ ദിവസങ്ങളിൽ ഇനി അവർ ചെയ്യാതിരിക്കുകയില്ല.

"സുബേട്ടനിക്ക്"ൽ തങ്ങളും പങ്കുകൊള്ളുമെന്നു് പാർട്ടിക്കാരല്ലാത്ത പല തൊഴിലാളികളും പറഞ്ഞുതുടങ്ങിയിട്ടുണ്ടു്. അടുത്ത "സുബേട്ടനിക്കി"ന്നു് ശ്മശാനസ്ഥലത്തുള്ള എഞ്ചിൻ കേടുപാടുകൾ തീർത്തു് നന്നാക്കുന്നതിന്നു് എഞ്ചിൻതൊഴിലാളികൾ സ്വയം മുന്നോട്ടുവന്നിരിയ്ക്കുന്നു.

"വിയാസ്മാ" റെയിൽവെയിൽ ഇത്തരം "സുബോട്ടനിക്കു"കൾക്കു് ഏർപ്പാടു ചെയ്തുവരുന്നതായറിയുന്നു.

ഈ കമ്മ്യൂണിസ്റ്റു് സുബോട്ടിനിക്കുകളിൽ എങ്ങനെയാണു് ജോലി നടക്കുന്നതെന്നു വിവരിച്ചുകൊണ്ടു് "ഒരു സുബോട്ടനിക്കു് തൊഴിലാളിയുടെ കുറിപ്പുകൾ" എന്ന ശീർഷകത്തിൽ സഖാവു് "ദിയാചെൻകോ" ജൂൺ 7-ാം തിയതിയിലെ "പ്രവദ"യിൽ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. പ്രസ്തുത ലേഖനത്തിൽ നിന്നു് പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു:

റെയിൽവെജില്ലയിലെ പാർട്ടിക്കമ്മിററിയുടെ തീരുമാനമനുസരിച്ചു് "സുബോട്ടനിക്കി"ൽ പങ്കുകൊള്ളുന്നതിനായി ഞാനും

ഒരു സ്നേഹിതനും വലിയ സന്തോഷത്തോടുകൂടി തിരിച്ചു. തെല്ലിട തലപുകയാതെ കഴിയ്ക്കാം! മാംസപേശികൾക്കു് സ്വല്പം വ്യായാമവും നല്ലാം—ഇതായിരുന്നു എന്റെ വിചാരം. കാർപ്പെന്ററി ഷോപ്പിലാണു് ഞങ്ങൾക്കു് ജോലി നിശ്ചയിച്ചതു്. അവിടെയെത്തി കൂട്ടുകാരുമായി കുശലംചെയ്തു് സ്വല്പം തമാശകൾ പറഞ്ഞു് ജോലിയാരംഭിച്ചു. മുപ്പതുപേരാണു് ഞങ്ങൾ അവിടെയുണ്ടായിരുന്നതു്... ....അറനൂറു്-എഴുനൂറു് പൗണ്ടു തൂക്കമുള്ള പെരുത്ത സ്റ്റീം ബോയിലർ മുൻവശത്തു കിടന്നിരുന്നതു് സ്വല്പദൂരം ഉരുട്ടി നീക്കിക്കൊണ്ടുപോയി സ്ഥാനത്തുറപ്പിയ്ക്കുന്നതായിരുന്നു ഞങ്ങളുടെ ജോലി. ഇതു സാധിയ്ക്കുമോ എന്നു് ഞങ്ങൾക്കു സംശയമായി........എങ്കിലും തുടങ്ങുകതന്നെ എന്നു ഞങ്ങൾ തീരുമാനിച്ചു. മരത്തിന്റെ ഉരുളകൾ ബോയിലറിന്നടിയിൽ ഘടിപ്പിച്ചു് കയറുകൾകെട്ടി ഞങ്ങൾ വലിക്കാൻ തുടങ്ങി........ആദ്യമാദ്യം അനങ്ങാൻ മടിച്ച ബോയിലർ ക്രമത്തിൽ നീങ്ങിത്തുടങ്ങി. ഞങ്ങൾക്കു് ആഹ്ലാദമായി. ചുരുക്കം പേർ മാത്രമാണല്ലോ ഞങ്ങളുണ്ടായിരുന്നതു്. ഞങ്ങളേക്കാൾ മുന്നിരട്ടിയാളുകൾ, കമ്യൂണിസ്റ്റുകാരല്ലാത്ത തൊഴിലാളികൾ, മൂന്നാഴ്ച തുടർച്ചയായി പണിപ്പെട്ടിട്ടും ആ ബോയിലർ അനങ്ങാൻ കൂട്ടാക്കിയിരുന്നില്ല. ഇപ്പോൾ ഞങ്ങൾക്കതു സാധിച്ചു ഒന്നു് രണ്ടു്, മൂന്നു് എന്നിങ്ങനെയുള്ള ഫോർമാന്റെ ആജ്ഞകൾക്കനുസരിച്ചു് ഈണത്തിൽ, ആയത്തിൽ, ഒരു മണിക്കൂർനേരം ഞങ്ങൾ വലിച്ചു. ബോയിലർ മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. പെട്ടെന്നൊരു ബഹളം; കുറെ തൊഴിലാളികളതാ കാലുതെററി മുന്നോട്ടാഞ്ഞു് നിലത്തുവീണു് മണ്ണുകപ്പുന്നു. വലിച്ചിരുന്ന കയർ പൊട്ടിപ്പോയതാണതിന്നു കാരണം. ഒരു നിമിഷത്തിന്നുള്ളൽ കൂടുതൽ കനത്ത ഒരു കയർ കൊണ്ടുവന്നു കെട്ടി വീണ്ടും വലിയ്ക്കാൻ തുടങ്ങി....സന്ധ്യയോടടുത്തു. ഇരുട്ടായിത്തുടങ്ങി. ഒരു ചെറിയ കേററംകൂടി കടന്നുകിട്ടിയാൽ ഞങ്ങളുടെ ജോലി മുഴമിയ്ക്കുക

യായി. കയ്യുകൾ കടയുന്നു, വിരലുകൾ എരിയുന്നു, വിയർത്തൊലിയ്ക്കുന്നു; എങ്കിലും ഉള്ള ഊക്കമുഴുവൻ ചെലുത്തി ഞങ്ങൾ വലിച്ചു. ബോയിലർ നീങ്ങിക്കൊണ്ടിരുന്നു. നോക്കിക്കൊണ്ടു് ചുററും നിന്നിരുന്ന മേലധികാരികൾ ഞങ്ങളുടെ വിജയത്തിൽ ലജ്ജാവിവശരായി കയറിന്റെ ഒരററം പിടിച്ചു് ഞങ്ങളെ സഹായിക്കാൻ തുടങ്ങി. സ്വല്പം മുമ്പുതന്നെ അവർക്കതു് ചെയ്യാമായിരുന്നു! ഇതെല്ലാം വീക്ഷിച്ചുകൊണ്ടു് ചുകപ്പുസേനയിലെ ഒരു ഭടൻ ഒരു "അക്കാർഡിയനും" (സംഗീതോപകരണവും) കയ്യിൽ പിടിച്ചുകൊണ്ടു് അവിടെ നിന്നിരുന്നു. ആരാണിക്കൂട്ടർ? ശനിയാഴ്ച എല്ലാവരും വിശ്രമിക്കുമ്പോൾ ഇവർമാത്രം എന്തിന്നു പണിയെടുക്കുന്നു? എന്നെല്ലാമായിരുന്നിരിക്കണം ആ സൈനികന്റെ ആലോചനകൾ. അയാളുടെ സംശയങ്ങൾ തീർക്കാനായി ഞാനിങ്ങനെ പറഞ്ഞു: "സഖാവേ, നല്ലൊരു പാട്ടു് ഞങ്ങൾക്കു പാടിത്തരും കാണുന്നില്ലേ, ഞങ്ങൾ സാധാരണ തൊഴിലാളികളല്ല; ഒന്നാന്തരം കമ്യൂണിസ്റ്റുകാരാണു്. യാതൊരു മടിയും കൂടാതെ ഉള്ള ഊക്കമുഴുവൻ ചെലുത്തി ഞങ്ങൾ വലിയ്ക്കുകയാണു്. ബോയിലർ ഞങ്ങളെ അനുസരിക്കുന്നു." സൈനികൻ ഇതെല്ലാം കേട്ടു് സന്തോഷിച്ചു് തന്റെ സംഗീതോപകരണം നിലത്തുവെച്ചു ഇരുന്നു തന്ത്രികൾമീട്ടി പാടാൻ തുടങ്ങി.

അതുകേട്ടപ്പോഴേയ്ക്കും സഖാവു് "യു" പെട്ടെന്നു് "ദുബിനുഷ്ക ആംഗ്ലി ചാനിയൻ......" എന്ന തൊഴിലാളിഗാനം മുക്തകണ്ഠം ആലാപനയായി. മററുള്ളവർ ഗാനലഹരിയിൽ ലയിച്ചു് പല്ലവികൾ ഏററുപാടി.

ഞങ്ങൾ പരിചയിക്കാത്ത ഒരു ജോലിയായിരുന്നു ഇതു്. വല്ലാത്ത തളർച്ച തോന്നി. കയ്യുവകയും, നട്ടെല്ലും കടഞ്ഞു. പക്ഷെ പിറേറന്നു്, ഞായറാഴ്ച, ഒഴിവുദിവസമാണു്. വേണ്ടത്ര വിശ്രമിയ്ക്കാം, മതിയാവോളം ഉറങ്ങാം, പണി മുഴമിക്കാൻ

കുറച്ചു ബാക്കിയുള്ളൂ. ഊക്കിൽ ഞങ്ങൾ വലിച്ചു. ബോയിലർ തറയോളമെത്തി. തറ ശരിപ്പെടുത്തി ബോയിലർ പൊക്കി യഥാസ്ഥാനത്തു് ശരിയായി സ്ഥാപിച്ചു. നീണ്ടകാലം ഉപയോഗശൂന്യമായിക്കിടന്ന ബോയിലർ പ്രവർത്തനക്ഷമമായി. ഞങ്ങൾ കൂട്ടത്തോടെ പ്രാദേശിക പാർട്ടിക്കമ്മറ്റിയുടെ "ക്ലബ്ബ്റൂമിലേ"യ്ക്കു് പോയി. മുറി വർണ്ണശബളമായിരുന്നു; ഭിത്തികൾ പോസ്റ്ററുകൾകൊണ്ടു് അലങ്കരിക്കപ്പെട്ടിരുന്നു. ചുററുപാടും മേശകൾ അടുക്കിവെച്ചിരിക്കുകയാണു്. എല്ലാവരും സാർവ്വദേശീയ ഗാനം പാടി. ഓരോ ഗ്ലാസ്സു് ചായയും "റമ്മും" കഴിച്ചു സ്വല്പം റൊട്ടിയും. കഠിനാദ്ധ്വാനത്തിന്നുശേഷം പ്രാദേശിക പാർട്ടിക്കമ്മറ്റിയുടെ ഈ സൽക്കാരം ഏററവും പ്രിയാകരമായി തോന്നി. കമ്മററിയുടെ സഖാക്കളോടു് വിടവാങ്ങി ഞങ്ങൾ അണിനിരന്നു യാത്രയായി. നിദ്ര പ്രാപിച്ചുകഴിഞ്ഞ തെരുവുകളിൽ രാത്രിയുടെ നിശ്ശബ്ദതയിൽ ഞങ്ങളുടെ വിപ്ലവഗാനങ്ങൾ പ്രതിദ്ധ്വനിച്ചു. താളത്തിന്നൊത്തു് ഞങ്ങളുടെ ചുവടുകൾ മുന്നോട്ടുനീങ്ങി. "ഉണരുവിൻ, എഴുന്നേല്പിൻ, പട്ടിണിത്തടവുകാരേ" തുടങ്ങിയ ഗാനശകലങ്ങളാണു് ഞങ്ങൾ പാടിക്കൊണ്ടിരുന്നതു്.

ഒരാഴ്ച കഴിഞ്ഞു. കടച്ചലും പുകച്ചലുമെല്ലാം തീർന്നു് ഞങ്ങളുടെ ആരോഗ്യം വീണ്ടുകിട്ടിയിരിയ്ക്കുന്നു. അടുത്ത "സുബോട്ടനിക്കു്" സ്വല്പം ദൂരത്താണു്; വാഗണുകൾ റിപ്പയർ ചെയ്യുന്നതാണു് ജോലി. പിരോവോയിലേയ്ക്കാണു് ഞങ്ങൾക്കു പോകേണ്ടിയിരുന്നതു്. ആ വഴിയ്ക്കുള്ള ഒരു അമേരിക്കൻ ബോക്സു് വാഗണിൽ ഞങ്ങളെല്ലാവരും ചാടിക്കേറി. സാർവ്വദേശീയഗാനം തിമർത്തു് പാടാൻ തുടങ്ങി. ആ വാഹനത്തിലുണ്ടായിരുന്ന യാത്രക്കാർ അത്ഭുതാവേശത്തോടുകൂടി ഞങ്ങളുടെ പാട്ടുകേട്ടു. ബദ്ധപ്പാടിൽ എല്ലാവർക്കും വണ്ടിക്കുള്ളിൽ കേറാൻ കഴിഞ്ഞില്ല. പലരും ചവിട്ടുപടികളിൽ "വരുന്നതുവരട്ടെ" എന്ന മട്ടിൽ പററിപ്പിടിച്ചുനിന്നു. വണ്ടി "പിരോവോ" സ്റ്റേഷനിലെത്തി. ഞങ്ങൾ

ഇറങ്ങി അങ്കണത്തിൽക്കൂടി മുന്നോട്ടു നടന്നു. കമിസാർ "ജി" ഞങ്ങളെ സ്വീകരിയ്ക്കാൻ അവിടെ സന്നിഹിതനായിരുന്നു.

ചെയ്തുതീർക്കാൻ ജോലി ജാസ്തിയുണ്ടു്; ചെയ്യാനുള്ള ആളുകൾ കുറച്ചും. ഞങ്ങൾ മുപ്പതുപേർ ആറുമണിക്കൂറിൽ ഡസൻകണക്കിന്നു് വാഗണുകളുടെ കേടുപാടുകൾ തീർക്കണം. ഇരുട്ടച്ചക്രങ്ങളെല്ലാം അടയാളപ്പെടുത്തിയിട്ടുണ്ടു്. പണിയെടുക്കാൻ മാത്രമല്ല, അത്യാവശ്യം ദാഹം ശമിപ്പിയ്ക്കാനുള്ള ഏർപ്പാടുകളും അവിടെ ഒരുക്കിയിട്ടുണ്ടു്. ഞങ്ങൾ ഉത്സാഹത്തോടുകൂടി ജോലിയിൽ മുഴുകി.

തിരുതകൃതിയിൽ ജോലിനടന്നു. ഞാനും അഞ്ചു സഖാക്കളും വീണ്ടായിട്ടുപൊാക്കുന്ന ജോലിയിലാണു് ഏൎപ്പെട്ടിരുന്നതു്. അറുപതുമുതൽ എഴുപതുവരെ പൂഡു് തൂക്കമുള്ള ആ ചക്രങ്ങളെ ഓരോന്നോരോന്നായി ഞങ്ങൾ ചുമലിലിട്ടു് വീണ്ടിപൊക്കി ഒരു ട്രാക്കിൽനിന്നു് മറെറാരു ട്രാക്കിലേയ്ക്കായി അതിവേഗം നീക്കിക്കൊടുത്തു. ജോടിയ്ക്കുപുറകെ ജോടി എന്നനിലയിൽ ഞങ്ങളതു് നിർവ്വഹിച്ചു. ചക്രങ്ങൾ മാററുന്ന ജോലി മുഴുമിപ്പിച്ചപ്പോൾ അവശേഷിച്ച മുണ്ടുമുറികളെല്ലാം ഷെഡ്ഡിൽ കൊണ്ടുപോയി കൂട്ടി. ഒന്നു്, രണ്ടു്, മൂന്നു്—ചിട്ടപ്പടി ഞങ്ങളുടെ ആ ജോലി ഞങ്ങൾ തീർത്തു. അങ്ങകലെ ഇരുട്ടിൽനിന്നു് കൂടങ്ങൾകൊണ്ടുള്ള മേട്ടാ കേൾക്കാനുണ്ടു്. മററു സഖാക്കൾ തിരക്കിട്ടു് വാഗണുകളുടെ കേടുപാടുകൾ തീർക്കുകയാണു്. ചിലർ ആശാരിപ്പണി നടത്തുന്നു; ചിലർ ചായംതേയ്ക്കുന്നു; മററുചിലർ മുകൾതട്ടു് ശരിപ്പെടുത്തിക്കൊണ്ടിരിയ്ക്കുന്നു. കമിസാക്കും ഞങ്ങൾക്കെല്ലാവക്കും ബഹുസന്തോഷമാണു്. ഇരുമ്പുപണിക്കാർ ഞങ്ങളുടെ സഹായത്തിന്നാവശ്യപ്പെട്ടു. കപ്ലിങ്ങ് ഹുക്കു് ഘടിപ്പിച്ചിട്ടുള്ള ഒരിരുമ്പുതണ്ടു് ഒരു പോർട്ടബിൾ ഉലയിൽ എരിഞ്ഞുതിളങ്ങുകയാണു്. ഷൺടിങ്ങിലെ അശ്രദ്ധകാരണം അതു് വളഞ്ഞുപോയിരിയ്ക്കുന്നു.

തീപ്പൊരി ചിതറുന്ന ആ തണ്ടു് കട്ടയിലേയ്ക്കു മാററപ്പെട്ടു. പരിചയസമ്പന്നനായ കൊല്ലൻെറ മേൽനോട്ടത്തിൽ ഞങ്ങൾ ക്രമം കൊണ്ടു് മേടി അതിൻെറ വളവു് ശരിപ്പെടുത്തി. അപ്പോഴും ചുട്ടും തീപ്പൊരി ചിതറിയുംകൊണ്ടിരുന്ന ആ തണ്ടു് എത്തേണ്ട ദിക്കിൽ ഉടൻ ഞങ്ങളെത്തിച്ചു. അവിടെ അതിൻെറ സോക്കററിൽ ചേർത്തു ഉറപ്പിച്ചു. വാഗണിൻെറ ചുവട്ടിലേയ്ക്കു് ഞങ്ങൾ ഇഴഞ്ഞു കടന്നു. കപ്ലിങ്ങു് ചെയ്യുന്നതു് അത്ര എളുപ്പമല്ല. റിവെററുകളും സ്പ്രിങ്ങുകളുമായി ഒരുപാടു് തുലാമാലകൾ അതിലുണ്ടു്.

പണി അങ്ങനെ തിരക്കിൽ നടന്നു. സന്ധ്യ മയങ്ങി. ടോർച്ചുകളുടെ പ്രകാശം വർദ്ധിച്ചു. പണി നിർത്താൻ ഇനി അധിക നേരമില്ല. ഏതാനും സഖാക്കൾ പിന്നോക്കംചാരി ചായകുടിച്ചു ക്ഷീണം തീർക്കുകയാണു്. മെയ്മാസത്തിലെ ആ രാത്രി തണുപ്പുള്ളതായിരുന്നു. മിന്നിത്തിളങ്ങുന്ന അരിവാൾപോലെ അമ്പിളി മാനത്തു തിളങ്ങി. ആളുകൾ നേരംപോക്കു പറഞ്ഞും ചിരിച്ചും കൊണ്ടിരിയ്ക്കുയാണു്. "ഇനി മതിയാക്കാം; മുപ്പതു് വാഗണുകൾ ശരിപ്പെടുത്തിക്കഴിഞ്ഞുവല്ലോ," കമ്മിസാർ ജിയോടു് ഞങ്ങൾ പറഞ്ഞു. പക്ഷേ സഖാവു് ജിയ്ക്കു് തൃപ്തിയായിത്തോന്നിയില്ല.

ചായകുടി അവസാനിപ്പിച്ചു് ഉല്ലാസഗാനങ്ങൾ പാടി ഞങ്ങൾ നടന്നു.

സുബോട്ടിനിക്കപ്രസ്ഥാനം മോസ്കോവിൽമാത്രമായിരുന്നില്ല. ജൂൺ 6–ാംനുയിലെ 'പ്രവദ'യിൽ ഇങ്ങനെ ഒരു റിപ്പോർട്ടുണ്ടായിരുന്നു:

"ട്വേർ" നഗരത്തിൽ ആദ്യത്തെ സുബോട്ടിനിക്കു് മെയ് 31–ാംതിയതി നടന്നു. അന്നു് നൂററിയിരുപത്തെട്ടു് കമ്മ്യൂണിസ്റ്റുകാർ റെയിൽവെയിൽ ജോലിയ്ക്കിറങ്ങി. മൂന്നരമണിക്കൂറിൽ



നൂററിഇരുപത്തിരണ്ടു്

അവർ പതിനാലു വാഗണുകളിൽ ലോഡ്ഡ് കേററുകയോ, ഇറക്കുകയോ ചെയ്തു; മൂന്ന് എഞ്ചിനുകളുടെ കേടുപാടുകൾ തീർത്തു; പത്തു സാഗൺ വിറക് വെട്ടുകയും മററു ജോലികൾ നിർവ്വഹിക്കുകയും ചെയ്തു. വിദഗ്ദ്ധരായ ഈ കമ്യൂണിസ്റ്റ് തൊഴിലാളികളുടെ ഉല്പാദനക്ഷമത സാധാരണത്തേതിനേക്കാൾ പതിമൂന്നിരട്ടി ജാസ്തിയായിരുന്നു.

സാട്ടോവിൽനിന്ന് ജൂലായ് 5-ാംതിയതി അയച്ച ഒരു റിപ്പോർട്ട് ജൂൺ 8-ാംതിയതിയിലെ "പ്രവദ"യിൽ പ്രസിദ്ധപ്പെടുത്തിയതാണിത്: മോസ്കോസഖാക്കളുടെ അഭ്യർത്ഥനയനുസരിച്ച് ഇവിടത്തെ റെയിൽവെതൊഴിലാളികൾ യോഗംചേർന്ന് അടുത്ത ശനിയാഴ്ച അഞ്ചരമണിക്കൂർ വേതനം വാങ്ങാതെ ഓവർടൈം ജോലിയെടുത്ത് ദേശീയ സമ്പദ്‌വ്യവസ്ഥയെ സഹായിക്കുന്നതിന്ന് തീരുമാനിച്ചിരിക്കുന്നു.

x x x x

സുബോട്ടിനിക്ക് പ്രസ്ഥാനത്തെപ്പററി കിട്ടാവുന്നേടത്തോളം വിവരങ്ങൾ മുഴവൻ ശേഖരിച്ച് ഞാൻ ഇവിടെ കൊടുത്തിരിക്കുയാണ്. കാരണം കമ്മ്യൂണിസ്റ്റ്നിർമ്മാണത്തിൻെറ അതിപ്രധാനമായൊരു വശത്തെയാണ് അതു ഉദാഹരിക്കുന്നത്. നമ്മുടെ പത്രങ്ങൾ വേണ്ടത്ര ഇതിൽ ശ്രദ്ധിച്ചിട്ടില്ല; നമ്മളാരും അതിൻെറ പ്രാധാന്യം വേണ്ടപോലെ മനസ്സിലാക്കിയിട്ടുമില്ല.

രാഷ്ട്രീയമായ അമിട്ടുവിദ്യകൾ ചുരുക്കി കമ്മ്യൂണിസ്റ്റ് നിർമ്മാണത്തിൻെറ ചെറുതെങ്കിലും ജീവിതം തെളിയിക്കുന്ന വിശദാംശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക—നമ്മളെല്ലാം എഴുത്തുകാരും പ്രക്ഷോഭകാരികളും, പ്രചാരകന്മാരും, സംഘാടകന്മാരും എല്ലാം, ആവർത്തിച്ചുറപ്പിച്ചു് ഉരുവിടേണ്ടതായ നടപ്പിൽ വരുത്തേണ്ട ഒരു മുദ്രാവാക്യമാണിത്.

തൊഴിലാളിവിപ്ലവത്തിന്റെ ആദ്യഘട്ടത്തിൽ മുതലാളിത്തഭരണം അവസാനിപ്പിക്കുക. ചൂഷകവർഗ്ഗത്തെ പിഴുതെറിയുക എന്ന പ്രധാനവും പ്രാഥമികവുമായ ജോലിയിൽ നമ്മൾ ശ്രദ്ധ കേന്ദ്രീകരിയ്ക്കേണ്ടതു് അത്യാവശ്യവും അനിവാര്യവുമായിരുന്നു. (കാഡററുകളും മെൻഷവിക്കുകളും സോഷ്യലിസ്റ്റ് റെവല്യൂഷനറികളും ഉൾപ്പെടെ എല്ലാ പ്രതിവിപ്ലവശക്തികളും ഒത്തുചേർന്ന് പെട്രോഗ്രാഡ് ഒററിക്കൊടുക്കാൻ ഗൂഢാലോചന ചെയ്ത കാലമായിരുന്നുവല്ലോ അതു്.48) ഈ കടമ നിർവ്വഹിക്കുന്നതോടൊപ്പം അത്രതന്നെ പ്രധാനവും അനിവാര്യവുമായ മറെറാരു കടമ ഇപ്പോൾ നമ്മെ അഭിമുഖീകരിയ്ക്കുന്നു. ക്രിയാത്മകമായി കമ്മ്യൂണിസം പടുത്തുയർത്തുക, പുതിയ സാമൂഹ്യവ്യവസ്ഥക്കു് ചേർന്നവിധത്തിൽ പുതിയ സാമൂഹ്യബന്ധങ്ങൾ സൃഷ്ടിക്കുക—ഇതാണീ പുതിയ കടമ.

മാർച്ച് 12-ാംതീയതി "പെട്രോഗ്രാഡ്"-സോവിയററ് സമ്മേളനത്തിൽ ഞാൻചെയ്ത പ്രസംഗത്തിലുൾപ്പെടെ പല സന്ദർഭങ്ങളിലും ഞാൻ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതുപോലെ, തൊഴിലാളിസർവ്വാധിപത്യം എന്നു വച്ചാൽ ചൂഷകവർഗ്ഗങ്ങൾക്കെതിരായി ബലപ്രയോഗം നടത്തൽ മാത്രമല്ല, പ്രധാനമായും ബലപ്രയോഗംതന്നെയല്ല. ബലപ്രയോഗം നടത്തുന്നതിന്നുള്ള സാമ്പത്തികമായ അടിസ്ഥാനം, അതിന്റെ വിജയത്തിന്നു നിദാനം, തൊഴിലാളിവർഗ്ഗം മുതലാളിത്തത്തെക്കാൾ മെച്ചപ്പെട്ട ഒരു സാമൂഹ്യഘടനയിൽ തൊഴിൽവ്യവസ്ഥയും കെട്ടിപ്പടുക്കുന്നു എന്നുള്ളതാണു്. അതാണു് പ്രധാനമായിട്ടുള്ളതു്. കമ്മ്യൂണിസത്തിന്റെ വിജയം സുനിശ്ചിതവും അനിവാര്യവുമാകുന്ന ശക്തിയും അതാണു്.

ഫ്യൂഡൽ വ്യവസ്ഥിതിയിൽ സാമൂഹ്യാദ്ധ്വാനത്തിന്നു് അടിസ്ഥാനം കടുത്ത മർദ്ദനമായിരുന്നു; ഒരു പിടി ഭൂവുടമകളുടെ

കൊള്ളകളാ ഭീകരവാഴ്ചക്കം വിധേയരായിരുന്ന ബഹുഭൂരിപക്ഷം ജനങ്ങൾ അജ്ഞരും അധഃസ്ഥിതരും ആയിരുന്നു. മുതലാളിത്ത വ്യവസ്ഥയിൽ സാമൂഹ്യാദ്ധ്വാനത്തിന്നടിസ്ഥാനം ബഹുഭൂരിപക്ഷം ജനങ്ങളുടെ വിശപ്പാണ്. സംസ്കാരവും ജനാധിപത്യവും വളരെയേറെ വികസിച്ചിട്ടുള്ള മുന്നണിമുതലാളിത്തരാജ്യങ്ങളിൽപോലും അദ്ധ്വാനിക്കുന്ന ബഹുഭൂരിപക്ഷം ജനങ്ങൾ ഒരു പിടി മുതലാളിമാരുടെ മർദ്ദനങ്ങൾക്കു വിധേയരായി വെറും കൂലിയടിമകളായും അവശകൃഷിക്കാരായും തുടരുന്നു. കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ—അതിലേക്കുള്ള ആദ്യത്തെ പടിയാണ് സോഷ്യലിസം—സാമൂഹ്യാദ്ധ്വാനത്തിന്നടിസ്ഥാനം മുതലാളിമാരുടേയും ഭൂവുടമകളുടെയും ആധിപത്യം പിഴുതെറിഞ്ഞിട്ടുള്ള തൊഴിലാളിവർഗ്ഗം ബോധപൂർവ്വം സ്വയം അംഗീകരിക്കുന്ന അച്ചടക്കമാണ്. കമ്മ്യൂണിസത്തിലേക്ക് മുന്നേറുംതോറും ഈ അടിസ്ഥാനത്തിന്ന് ഉറപ്പുകൂടുന്നു.

ഈ അച്ചടക്കം ആകാശത്തുനിന്ന് പൊട്ടിവീഴുന്നതല്ല, പാവനമായ അഭിലാഷങ്ങളിൽനിന്ന് ഉടലെടുക്കുന്നതുമല്ല; മുതലാളിത്തത്തിന്റെ ബൃഹത്തായ ഉല്പാദനം സൃഷ്ടിക്കുന്ന ഭൗതികസാഹചര്യങ്ങളിൽനിന്ന്, അവയിൽനിന്നു മാത്രം വളർന്നുവരുന്നതാണത്. പ്രസ്തുത ഭൗതികസാഹചര്യങ്ങളില്ലാതെ ഈ അച്ചടക്കം സാദ്ധ്യമല്ല. ഈ ഭൗതികസാഹചര്യങ്ങളുടെ സംവാഹകോപാധി ചരിത്രപരമായി വളർന്നുവന്നിട്ടുള്ള വ്യക്തമായ ഒരു വർഗ്ഗമാണ്; വൻകിട മുതലാളിത്തത്തിൽ ജന്മമെടുത്ത് വളർന്ന് സംഘടിച്ച് കരുത്തുനേടുന്ന ഒരു വർഗ്ഗമാണതു്. ഈ വർഗ്ഗമാണ് തൊഴിലാളിവർഗ്ഗം.

തൊഴിലാളിസർവ്വാധിപത്യം എന്ന ലാററിൻ പദത്തിന്റെ ശാസ്ത്രീയവും ചരിത്രപരവും ദാർശനികവും ആയ അർത്ഥം ലളിതഭാഷയിൽ പറഞ്ഞാൽ താഴെ പറയുന്നതാണ്:

വ്യക്തമായ ഒരു വർഗ്ഗത്തിന്ന മാത്രമാണ്, അതായത് നഗരങ്ങളിലെ ഫാക്ടറിതൊഴിലാളികൾക്കും പൊതുവിൽ വ്യവസായ തൊഴിലാളികൾക്കും മാത്രമാണ്, മർദ്ദിതരും ചൂഷിതരും ആയ എല്ലാ ജനവിഭാഗങ്ങളെയും മുതലാളിത്തം അവസാനിപ്പിക്കുന്നതിന്നും വിജയം ഉറപ്പിക്കുന്നതിന്നും പുതിയ സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന്നും വർഗ്ഗവൈജാത്യങ്ങൾ ഇല്ലാതാക്കുന്നതിന്നും വേണ്ടിയുള്ള സമരങ്ങൾ ഫലപ്രദമായി നയിക്കാൻ സാധിക്കുന്നത്. (സോഷ്യലിസവും, കമ്മ്യൂണിസവും തമ്മിലുള്ള ശാസ്ത്രീയമായ ഒരേ ഒരു വ്യത്യാസം മുതലാളിത്തത്തിൽനിന്ന് ഉടലെടുക്കുന്ന പുതിയ സാമൂഹ്യവ്യവസ്ഥിതിയുടെ ആദ്യഘട്ടത്തിന്ന് സോഷ്യലിസമെന്നും രണ്ടാമത്തേതും കൂടുതൽ ഉയർന്നതും ആയ ഘട്ടത്തിന്ന് കമ്മ്യൂണിസമെന്നും പറയുന്നു എന്നതാണെന്നും കൂട്ടത്തിൽ പറഞ്ഞുകൊള്ളട്ടെ.)

'ബേർൻസ്റ്റീ'യെപ്പോലെ ഇൻറർനാഷനലിൻെറ [49] നേതാക്കൾക്ക് പററുന്ന തെററ് അവർ വർഗ്ഗസമരത്തെയും തൊഴിലാളിവർഗ്ഗത്തിൻെറ മുന്നണിപങ്കിനേയും വാക്കിൽമാത്രം അംഗീകരിക്കുന്നു, യുക്തിസഹമായി അതിൻെറ അങ്ങേഅററംവരെ ചിന്തിക്കുന്നതിന്നും പ്രവർത്തിക്കുന്നതിന്നും അവർ ഭയപ്പെടുന്നു, എന്നുള്ളതാണ്. യുക്തിസഹമായ ആ പര്യവസാനത്തെ, മുതലാളിവർഗ്ഗത്തെ കിടിലംകൊള്ളിക്കുന്നതും ഒരിക്കലും അതംഗീകരിക്കാത്തതുമായ പര്യവസാനത്തെ അവർ ഭയപ്പെടുകയാണ്. തൊഴിലാളിവർഗ്ഗസർവ്വാധിപത്യം വർഗ്ഗസമരത്തിൻെറ ഒരു കാലഘട്ടമാണെന്ന് സമ്മതിക്കുന്നതിന്നുപോലും അവർ ഭയപ്പെടുന്നു. വർഗ്ഗങ്ങൾ നിലനില്ക്കുന്നേടത്തോളം കാലം വർഗ്ഗസമരങ്ങൾ അനിവാര്യമാണെന്നും അവയുടെ രൂപത്തിൽ മാത്രമാണ് വ്യത്യാസങ്ങൾ വരുന്നതെന്നും മുതലാളിത്തത്തെ പിഴുതെറിഞ്ഞയുടൻ വർഗ്ഗസമരം പ്രത്യേകരൂക്ഷത കൈക്കൊള്ളുമെന്നും അവർ സമ്മതിക്കുന്നില്ല. രാഷ്ട്രീയാധികാരം പിടിച്ചെടുത്തയുടൻ തൊഴിലാളിവർഗ്ഗം വർഗ്ഗ

സമരം അവസാനിപ്പിക്കുന്നില്ല. വർഗ്ഗങ്ങളെ അവസാനിപ്പിക്കുന്നതുവരേക്കും വ്യത്യസ്ത സാഹചര്യങ്ങളിൽ വിവിധ രൂപങ്ങളിലും വ്യത്യസ്തമാർഗ്ഗങ്ങളുപയോഗിച്ചും, വർഗ്ഗസമരം അവർ തുടരുന്നു.

വർഗ്ഗങ്ങളെ അവസാനിപ്പിയ്ക്കുക എന്നുവെച്ചാൽ എന്താണ്? സോഷ്യലിസ്റ്റുകാരെന്ന് അവകാശപ്പെടുന്ന സകലരും വർഗ്ഗങ്ങളെ അവസാനിപ്പിയ്ക്കുകയാണ് സോഷ്യലിസത്തിന്റെ പരമലക്ഷ്യമെന്ന് അംഗീകരിയ്ക്കുന്നുണ്ട്, എന്നാൽ അതിന്റെ അർത്ഥവ്യാപ്തിയെപ്പററി അവരധികവും ചിന്തിച്ചിട്ടുണ്ടെന്നു പറഞ്ഞുകൂടാ. ഒരു നിശ്ചിതചരിത്രഘട്ടത്തിലെ ഉല്പാദനവ്യവസ്ഥയിൽ ഒന്നിനൊന്നു വ്യത്യാസപ്പെട്ട സ്ഥാനങ്ങൾ വഹിയ്ക്കുന്ന വലിയ ജനവിഭാഗങ്ങൾക്കാണ് വർഗ്ഗങ്ങൾ എന്നു പറയുന്നതു്. ഉല്പാദനോപകരണങ്ങളുമായി ഈ ജനവിഭാഗങ്ങൾക്കുള്ള ബന്ധം (മിക്കപ്പോഴും ഇതു് നിയമാധിഷ്ഠിതമായിരിയ്ക്കും), സാമൂഹ്യാദ്ധ്വാനത്തിൽ അവക്കുള്ള പങ്ക്, സാമൂഹ്യസമ്പത്തിൽ അവക്കു ലഭിയ്ക്കുന്ന വിഹിതം, അതു നേടുന്ന മാർഗ്ഗങ്ങൾ—ഇതൊക്കെയാണ് വർഗ്ഗവിഭജനത്തിന്ന് അടിസ്ഥാനമായിട്ടുള്ളതു്. ഒരു നിശ്ചിത സമ്പദ്‌വ്യവസ്ഥയിൽ ഒരു വിഭാഗത്തിന്റെ അദ്ധ്വാനഫലങ്ങൾ മറെറാരു വിഭാഗത്തിന്ന് തട്ടിയെടുക്കാൻ തക്കവണ്ണം വ്യത്യസ്ത പദവികളിൽ നില്ക്കുന്ന ജനവിഭാഗങ്ങളാണ് വർഗ്ഗങ്ങൾ.

വർഗ്ഗങ്ങളെ പരിപൂർണ്ണമായി അവസാനിപ്പിക്കുന്നതിന്ന് ചൂഷകവർഗ്ഗങ്ങളെ, മുതലാളിമാരേയും ഭൂവുടമകളേയും അവസാനിപ്പിച്ചാൽമാത്രം പോരാ; അവരുടെ ഉടമാവകാശങ്ങൾ അവസാനിപ്പിച്ചാൽമാത്രംപോരാ, ഉല്പാദനോപകരണങ്ങളിലെ സ്വകാര്യ ഉടമയും, നഗരവും നാട്ടിൻപുറവുംതമ്മിലും കായികാദ്ധ്വാനവും മാനസികാദ്ധ്വാനവും തമ്മിലും ഉള്ള അന്തരവും, അവസാനിപ്പിക്കേണ്ടതാവശ്യമാണ്. നീണ്ട കാലംകൊണ്ടു് നിർവ്വഹി

ക്കേണ്ട ഒരു കായ്യമാണിതു്. അതു് വിജയിക്കണമെങ്കിൽ, ഉല്പാദനശക്തികൾ വികസിപ്പിക്കുന്നതിന്നു് കായ്യമായ നടപടികളെടുക്കണം. അവശേഷിക്കുന്ന നാനാതരം ചെറുകിടഉല്പാദകരുടെ എതിപ്പ്് (ഈ എതിപ്പ്് മിക്കപ്പോഴും പരോക്ഷമാകയാൽ അതു് നേരിടുന്നതു് കൂടുതൽ വിഷമകരമാണു്) അവസാനിപ്പിക്കേണ്ടതുണ്ടു്; ചെറുകിട ഉല്പാദനവുമായി ഒട്ടിപ്പിടിച്ചുനില്ക്കുന്ന നാനാതരം ശീലങ്ങളും വാസനകളും അവസാനിപ്പിക്കേണ്ടതുണ്ടു്.

"അദ്ധ്വാനിക്കുന്ന ജനങ്ങൾക്കു്" എല്ലാവക്കും ഇതിന്നുള്ള കഴിവുണ്ടെന്നു് വിചാരിക്കുന്നതു് മൌഢ്യമാണു്; മാർക്സിന്നു മുമ്പുള്ള പഴഞ്ചൻ സോഷ്യലിസ്റ്റ്കാരുടെ പറച്ചിൽ മാത്രമാണിതു്. ഈ കഴിവു് ചരിത്രപരമായി ലഭിക്കുന്നതാണു്; വൻകിട മുതലാളിത്തത്തിൻെറ ഭൗതികസാഹചയ്യങ്ങളിൽനിന്നു വളരുന്നതാണു്. മുതലാളിത്തത്തിൽനിന്നു് സോഷ്യലിസത്തിലേക്കുള്ള പരിവത്തനത്തിൻെറ ആദ്യഘട്ടത്തിൽ ഈ കഴിവുള്ളതു് തൊഴിലാളിവഗ്ഗത്തിന്നു മാത്രമാണു്. തങ്ങളെ അഭിമുഖീകരിക്കുന്ന വമ്പിച്ച കത്തവ്യങ്ങൾ നിറവേററുന്നതിന്നുള്ള കഴിവു് തൊഴിലാളിവഗ്ഗത്തിന്നുണ്ടു്. കാരണം ഒന്നാമതായി, നാഗരികസമുദായങ്ങളിൽ ഏററവും കരുത്താജ്ജിച്ചിട്ടുള്ളതും പുരോഗമിച്ചിട്ടുള്ളതും ആയ വഗ്ഗം അതാണു്. രണ്ടാമതായി മിക്ക വികസിതരാജ്യങ്ങളിലും ജനസംഖ്യയിൽ ബഹുഭൂരിഭാഗം ആ വഗ്ഗത്തിൽപെട്ടവരാണു്. മൂന്നാമതായി റഷ്യയെപ്പോലുള്ള പിന്നണിമുതലാളിത്തരാജ്യങ്ങളിൽപോലും ജനസംഖ്യയിൽ അധികഭാഗവും അദ്ധതൊഴിലാളികളാണു്; കൊല്ലത്തിൽ കുറെ കാലമെങ്കിലും അവർ തൊഴിലാളികളുടെ ജീവിതം നയിക്കുന്നു; തങ്ങളുടെ വരുമാനത്തിൽ ഒരു ഭാഗമെങ്കിലും അവർ സമ്പാദിക്കുന്നതു് മുതലാളിത്തസ്ഥാപനങ്ങളിൽ കൂലിവേല ചെയ്തിട്ടാണു്.

മുതലാളിത്തത്തിൽനിന്നു് സോഷ്യലിസത്തിലേക്കുള്ള പരിവത്തനകാലഘട്ടത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്നു് (കോ

ട്സ്കി, മാർട്ടോവ് തുടങ്ങി ബർന്നിയ ഇന്റർനാഷനൽ നേതാക്കൾ ചെയ്യുന്നതുപോലെ) സമത്വത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചും ജനാധിപത്യത്തെക്കുറിച്ചും തൊഴിലാളി ജനാധിപത്യത്തിന്റെ സിദ്ധികളെക്കുറിച്ചും പ്രസംഗിക്കുന്നവർ തങ്ങളുടെ പെററി-ബൂർഷ്വാ ഉപരിപ്ലവമനസ്ഥിതിയെ മാത്രമാണ് വെളിപ്പെടുത്തുന്നതു്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്ന് രാഷ്ട്രീയാധികാരം പിടിച്ചെടുത്ത തൊഴിലാളിവർഗ്ഗവും രാജ്യത്തുള്ള തൊഴിലാളികളല്ലാത്തവരും അർദ്ധതൊഴിലാളികളും ആയ മററു ജനവിഭാഗങ്ങളും തമ്മിലുള്ള പ്രത്യേകബന്ധങ്ങൾ സമൂർത്തമായി പഠിക്കേണ്ടതു് ആവശ്യമാണ്. ശാന്തവും സൗഹാർദ്ദപൂർണ്ണവും ആയ ഒരന്തരീക്ഷത്തിലല്ല, മുതലാളിമാർ നടത്തുന്ന ജീവന്മരണസമരത്തിന്റെ സാഹചര്യങ്ങളിലാണ് പ്രസ്തുത ബന്ധങ്ങൾ രൂപംകൊള്ളുന്നതു്. സന്ദർഭത്തിന്നും സാഹചര്യങ്ങൾക്കുമനുസരിച്ച് ഈ ബന്ധങ്ങൾ നാനാരൂപങ്ങൾ കൈക്കൊള്ളുന്നു.

റഷ്യയുൾപ്പെടെയുള്ള മുതലാളിത്തരാജ്യങ്ങളിലെ ബഹുഭൂരിപക്ഷം ജനങ്ങൾ, വിശേഷിച്ചും അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾ മൂലധനത്തിന്റെ കൊള്ളയും അതു നടത്തുന്ന ഭീകരവാഴ്ചയും നൂററാണ്ടുകളായി നേരിട്ടും ബന്ധുമിത്രാദികൾമുഖേനയും അനുഭവിച്ചറിഞ്ഞിട്ടുള്ളവരാണ്. ജനങ്ങളുടെ നരകയാതനകളെ സാമ്രാജ്യത്വയുദ്ധം പതിന്മടങ്ങ് മൂർച്ഛിപ്പിച്ചിരിക്കുന്നു. ലോകത്തെ കൊള്ളയടിക്കുന്നതു് ജർമ്മൻമൂലധനമായിരിക്കണമോ ബ്രിട്ടീഷ് മൂലധനമായിരിക്കണമോ എന്നു തീരുമാനിക്കുന്നതിന്നുവേണ്ടി കോടിക്കണക്കിനു ജനങ്ങളെ കൂട്ടക്കൊല നടത്തുന്നതിന്റെ അർത്ഥം ജനങ്ങൾക്കു മനസ്സിലായിത്തുടങ്ങിയിരിക്കുന്നു. അതുകൊണ്ടു് ബഹുഭൂരിപക്ഷം അദ്ധ്വാനിക്കുന്ന ജനങ്ങളുടെയും സഹഭാവം അനിവാര്യമായും തൊഴിലാളിവർഗ്ഗത്തോടാണ്. കാരണം അന്യാദൃശമായ ധീരോദാത്തതയും ത്യാഗവും പ്രദർശിപ്പിച്ച് മുതലാളിത്തത്തോടു സമരംചെയ്തു വിജയംനേടി ചൂഷകന്മാർക്കു സ്ഥാനമില്ലാത്ത

ഒരു പുതിയ സമുദായം കെട്ടിപ്പടുക്കുന്നതും തൊഴിലാളിവർഗ്ഗമാണെന്നു് അവർ കാണുന്നു.

പഴേ ചട്ടക്കൂട്ടങ്ങളും മുതലാളിത്തത്തിൻെറ (ക്രമസമാധാനങ്ങളിലേയ്ക്കു്) വഴുതിപ്പോകുന്നതിന്നും മുതലാളിത്തത്തിൻെറ (സംരക്ഷണം) തേടുന്നതിന്നും ഉള്ള ഉറച്ച വാസനകളും അവരിൽ കണ്ടേക്കാം. എന്നിരുന്നാലും തൊഴിലാളികളല്ലാത്തവരും അർദ്ധതൊഴിലാളികളും ആയ വിപ്ലവജനവിഭാഗങ്ങൾക്കു് തൊഴിലാളിവർഗ്ഗത്തിൻെറ രാഷ്ട്രീയവും ധാർമ്മികവും ആയ അധികാരം അംഗീകരിക്കാതെ നിവൃത്തിയില്ല. തൊഴിലാളിവർഗ്ഗം ചൂഷണവർഗ്ഗങ്ങളോടു സമരംചെയ്തു അവരെ നിശ്ശേഷം പരാജയപ്പെടുത്തുക മാത്രമല്ല, ചൂഷണമില്ലാത്ത പുതിയൊരു സമുദായവ്യവസ്ഥ കെട്ടിപ്പടുക്കുകയും ചെയ്യുന്നു. ഒരു പുതിയ അച്ചടക്കവും വർഗ്ഗബോധത്തിൽ അധിഷ്ഠിതമായ ധീരവും സുദൃഢവുമായ ഐക്യബന്ധങ്ങളുമാണു് ഈ സമുദായത്തിലുള്ളതു്. കരുത്തും സ്ഥിരതയും വിപ്ലവത്തോടു് പതർച്ചയില്ലാത്ത കൂറും ഉള്ള സ്വന്തം മുന്നണിവിഭാഗത്തെയല്ലാതെ മററു യാതൊരധികാരശക്തിയേയും ഈ പുതിയ സമുദായം അംഗീകരിക്കുന്നില്ല.

വിജയം ഉറപ്പിക്കുന്നതിന്നു്, സോഷ്യലിസം നിർമ്മിക്കുന്നതിന്നു്, രണ്ടു കടമകളാണു് തൊഴിലാളിവർഗ്ഗത്തിന്നു നിർവ്വഹിക്കാനുള്ളതു്. ആദ്യമായി മുതലാളിത്തത്തിന്നെതിരായുള്ള വിപ്ലവസമരത്തിൽ അന്യാദൃശമായ ധൈര്യം പ്രദർശിപ്പിച്ചുകൊണ്ടു് അദ്ധ്വാനിക്കുന്നവരും ചൂഷണത്തിന്നു വിധേയരും ആയ മുഴുവൻ ജനവിഭാഗങ്ങളെയും സ്വന്തംഭാഗത്തേക്കു് സ്വാധീനിക്കണം; മുതലാളിത്തത്തെ അമ്പെ പരാജയപ്പെടുത്തുന്നതിന്നും കഴിച്ചുമൂടുന്നതിന്നും ഉള്ള സമരത്തിൽ ഈ ജനവിഭാഗങ്ങളെ സംഘടിപ്പിച്ചു് സ്വന്തംഭാഗത്തു് അണിനിരത്തണം. രണ്ടാമതായി, എല്ലാ ചൂഷിതവിഭാഗങ്ങൾക്കും പെററി-ബൂർഷ്വാ ഗ്രൂപ്പ

കൾക്കം നേതൃത്വംനൽകി സാമ്പത്തികവികസനത്തിൻെറ പുതിയ പാതയിൽക്കൂടി അവരെ മുന്നോട്ടു നയിക്കണം; മുതലാളിമാരുടെ ശാസ്ത്രത്തെയും സാങ്കേതികപരിജ്ഞാനത്തെയും തൊഴിലാളികളുടെ വർഗ്ഗബോധത്തെയും അദ്ധ്വാനസന്നദ്ധതയെയും കൂട്ടിയിണക്കിക്കൊണ്ടു് വൻതോതിൽ സോഷ്യലിസ്റ്റ്വ്യവസായം കെട്ടിപ്പടുക്കുന്നതിന്നുവേണ്ടി പുതിയൊരു സാമൂഹ്യസംഘടന, തൊഴിലാളി അച്ചടക്കം, നിലവിൽ കൊണ്ടുവരണം.

ഇതിൽ, രണ്ടാമത്തെ കടമ ഒന്നാമത്തേതിനേക്കാൾ ദുഷ്കരമാണു്. ഒററപ്പെട്ട വ്യക്തികളുടെ ത്യാഗവും ധീരോദാത്തതയും മാത്രമല്ല, ലക്ഷക്കണക്കിന്നു് ജനങ്ങളുടെ സ്ഥിരമായും ദൃഢമായും ക്ഷമയോടുകൂടിയും ഉള്ള ദൈനംദിനപ്രവർത്തനങ്ങളും അതിന്നാവശ്യമാണു്. രണ്ടാമത്തെ കടമ ഒന്നാമത്തേതിനേക്കാൾ അത്യന്താപേക്ഷിതവുമാണു്. കാരണം, മുതലാളിത്തത്തിൻെറ മേൽ വിജയം നേടുന്നതിന്നും ആ വിജയം ഉറപ്പിയ്ക്കുന്നതിന്നും ഏകമാർഗ്ഗം കൂടുതൽ ഉയന്ന പുതിയൊരു സാമൂഹ്യോല്പാദനരീതി നിലവിൽ വരുത്തുകയാണു്; ബൂർഷ്വാ_പെററിബൂർഷ്വാ ഉല്പാദനത്തിൻെറ സ്ഥാനത്തു് വൻകിട സോഷ്യലിസ്റ്റ് ഉല്പാദനം നിലവിൽ വരുത്തുകയാണു്.

X X X

"കമ്മ്യൂണിസ്റ്റ് സുബോട്ട്നിക്കുകൾക്കു്" ചരിത്രപരമായി അങ്ങെയററത്തെ പ്രാധാന്യമാണുള്ളതു്. ഉല്പാദനക്ഷമത വർദ്ധിപ്പിയ്ക്കുന്നതിന്നും പുതിയൊരു തൊഴിലച്ചടക്കം നടപ്പിൽ വരുത്തുന്നതിന്നും സോഷ്യലിസ്റ്റ് സാഹചര്യങ്ങളും ജീവിതരീതികളും വികസിപ്പിയ്ക്കുന്നതിന്നും തൊഴിലാളികൾ സ്വയം മുൻകൈ എടുക്കുന്നതിൻെറ ഉദാഹരണങ്ങളാണവ. 1870-71ലെ കഴപ്പങ്ങൾക്കശേഷം ദേശീയസങ്കുചിതത്വത്തിലേയ്ക്കോ ബൂർഷ്വാലിബറലിസത്തിലേയ്ക്കോ വഴുതിപ്പോകാതെ സോഷ്യലിസത്തിൽ ഉറച്ചുനിന്ന അപൂർവ്വം ചില ജർമ്മൻ ബൂർഷ്വാജനാധിപത്യവാദി

കളിൽ പ്രഥമഗണനനീയനായ ജെ. ജേക്കോബി ഒരിയ്ക്കൽ പറയുകയുണ്ടായി, ഒരൊററ ട്രേഡ്യൂണിയൻ സംഘടിപ്പിയ്ക്കുന്നതിന്നു് ചരിത്രപരമായി സഡോവ 50 യുദ്ധത്തേക്കാൾ പ്രാധാന്യമുണ്ടെന്നു്. അതു തികച്ചും ശരിയാണു്. ജർമ്മനിയിൽ ഒരു മുതലാളിത്തഭരണകൂടം സ്ഥാപിയ്ക്കുന്നതു് "പ്രഷ്യൻ" രാജകുടുംബമായിരിയ്ക്കണമോ "ആസ്ട്രിയൻ" രാജകുടുംബമായിരിയ്ക്കണമോ എന്നു തീരുമാനിയ്ക്കുന്നതിനുവേണ്ടിയാണു് "സഡോവ" യുദ്ധം നടന്നതു്. ഒരു ട്രേഡ്യൂണിയൻ സ്ഥാപിച്ചതാണെങ്കിൽ, മുതലാളിത്തത്തിന്നെതിരായി തൊഴിലാളിവർഗ്ഗത്തിൻെറ ലോകവിജയത്തിൻെറ ആദ്യത്തെ കാൽവെപ്പായിരുന്നു. 1919 മെയ് 10–ാം തീയതി മോസ്കോ–കസാൻ റെയിൽവെ തൊഴിലാളികൾ മോസ്കോവിൽ സംഘടിപ്പിച്ച ആദ്യത്തെ "സുബോട്ടിനിക്കി"ന്നു് ചരിത്രപരമായി ഒന്നാം ലോകമഹായുദ്ധത്തിൻെറ ജർമ്മനിയിലേയോ, ഫ്രാൻസിലേയോ, ബ്രിട്ടണിലേയോ, പടനായകന്മാർക്കുണ്ടായ വിജയത്തേക്കാളേറെ പ്രാധാന്യമുണ്ടെന്നു് അതേപോലെ നമുക്കും പറയാവുന്നതാണു്. ലക്ഷക്കണക്കിന്നാളുകളെ കൂട്ടക്കൊലചെയ്തു് സാമ്രാജ്യവാദികൾ യുദ്ധത്തിൽ വിജയം നേടിയതു് ഇംഗ്ലണ്ടിലേയും അമേരിയ്ക്കയിലേയും ഫ്രാൻസിലേയും കോടീശ്വരന്മാരുടെ ആദായം നിലനിർത്തുന്നതിനുവേണ്ടിയാണു്. കൊഴുത്തു തടിച്ചു് അഴുകിയ മുതലാളിത്തം കാട്ടിയ കട്ടുകൈകളായിരുന്നു അവ. മോസ്കോ-കസാൻ റെയിൽവെ തൊഴിലാളികൾ സംഘടിപ്പിച്ച കമ്മ്യൂണിസ്റ്റു് സുബോട്ടിനിക്കു് പുതിയ സോഷ്യലിസ്റ്റു് സമുദായത്തിൻെറ ഒരു ഉള്ളറയാണു്. ഭൂമുഖത്തുള്ള എല്ലാ ജനങ്ങൾക്കും യുദ്ധത്തിൽനിന്നും മുതലാളിത്തത്തിൻെറ ആക്രമണങ്ങളിൽനിന്നും മോചനം നേടിക്കൊടുക്കുന്നതിൻെറ തുടക്കമാണതു്.

"പൊതുജനാഭിപ്രായ"ത്തിൻെറ പ്രതിനിധികളെന്നു് അവകാശപ്പെടുന്ന മുതലാളിമാന്യന്മാരും "മെൻഷവിക്കുകൾ" "സോഷ്യ

ലിസ്റ്റ്-റെവല്യൂഷനറികൾ" തുടങ്ങിയ അവരുടെ സിൽബന്ധികളും കമ്മ്യൂണിസ്റ്റ് പരിശ്രമങ്ങളെ പുച്ഛിച്ചുതള്ളുന്നുണ്ടു്. മോഷണത്തിന്റെയും ആലസ്യത്തിന്റെയും, അസംസ്കൃതവസ്തുക്കളും നിർമ്മിതസാമഗ്രികളും കേടുവരുത്തുന്നതിന്റെയും കണക്കു കൂട്ടുമ്പോൾ ഈ സുബ്ബോട്ടിനിക്കുകൾ എത്രയോ നിസ്സാരങ്ങളെന്നു് അവർ അപഹസിക്കുന്നുണ്ടു്. റഷ്യൻമുതലാളിമാരെയും വിദേശീയമുതലാളിമാരെയും സഹായിച്ചു് മുതലാളിത്തം പുനഃസ്ഥാപിക്കുവാൻ പരിശ്രമിക്കുന്നതിന്നുപകരം ഈ ബൂർഷ്വാ-ബുദ്ധിജീവികൾ തൊഴിലാളിവർഗ്ഗത്തെ സഹായിച്ചിരുന്നെങ്കിൽ തൊഴിലാളിവിപ്ലവം കൂടുതൽ വേഗത്തിലും സമാധാനപരമായും വിജയിക്കുമായിരുന്നു എന്നാണു് ഈ മാന്യന്മാരോടു് ഞങ്ങൾക്കു പറയാനുള്ള മറുപടി. പക്ഷെ ഇതു വെറും വ്യാമോഹം മാത്രമാണു്. സംഗതികൾ തീരുമാനിക്കപ്പെടുന്നതു് വർഗ്ഗസമരത്തിൽക്കൂടിയാണു്. വർഗ്ഗസമരത്തിൽ ബുദ്ധിജീവികൾ മുതലാളിമാരുടെ ഭാഗത്തേക്കു ആകർഷിക്കപ്പെടുന്നു. തൊഴിലാളിവർഗ്ഗം വിജയത്തിലേക്കു മുന്നേറുന്നതു് ബുദ്ധിജീവികളുടെ സഹായംകൊണ്ടല്ല, നേരെ മറിച്ചു്, അവരുടെ എതിർപ്പിനെ നേരിട്ടുകൊണ്ടാണു്. തനിമുതലാളിഭാഗക്കാരെ നീക്കം ചെയ്യും ആടിക്കളിക്കുന്നവരെ ഗുണദോഷിച്ചും പാകപ്പെടുത്തിയും വശത്താക്കിയും ബുദ്ധിജീവികളിൽ ഗണ്യമായൊരു ഭാഗത്തെ സ്വന്തം ഭാഗത്തേക്കു സ്വാധീനിക്കുന്നതിന്നാണു് തൊഴിലാളിവർഗ്ഗം പരിശ്രമിക്കുന്നതു്. വിപ്ലവത്തിന്റെ ബുദ്ധിമുട്ടുകളെയും വീഴ്ചകളെയും പെരുപ്പിച്ചുകാണിക്കുക, ആശയക്കുഴപ്പം സൃഷ്ടിക്കുക, പരിഭ്രാന്തി വളർത്തുക, മുതലാളിത്തത്തിലേക്കു് മടങ്ങുന്നതാണു് നല്ലതെന്നു് ഗുണദോഷിക്കുക— ഇതൊക്കെ വർഗ്ഗസമരത്തിൽ ബുദ്ധിജീവികൾ പ്രയോഗിക്കുന്ന അടവുകളും തന്ത്രങ്ങളുമാണു്. ഇതുകൊണ്ടൊന്നും തൊഴിലാളിവർഗ്ഗം വഞ്ചിക്കപ്പെടുന്നതല്ല. നമുക്കു് ഗൌരവമായി പരിശോധിക്കാം; ചരിത്രത്തിലെപ്പോഴെങ്കിലും പുതിയൊരുല്പാദനരീതി

യാതൊരു കഴപ്പവും പരാജയവും തിരിച്ചടിയും കൂടാതെ പെട്ടെന്നു വേരറച്ചു ശക്തിപ്പെട്ടകയുണ്ടായിട്ടുണ്ടോ? അടിയായ്മ അവസാനിപ്പിച്ചു് അമ്പതുകൊല്ലം കഴിഞ്ഞിട്ടും അടിയായ്മയുടെ അവശിഷ്ടങ്ങൾ റഷ്യയുടെ നാട്ടിൻപുറങ്ങളിൽ സുലഭമായിരുന്നു. അടിമത്തം അവസാനിപ്പിച്ചു് അര നൂററാണ്ടു കഴിഞ്ഞിട്ടും അമേരിക്കയിൽ നീഗ്രോകൾ അർദ്ധ അടിമകളായിത്തന്നെയാണു് കഴിഞ്ഞുകൂടിയിരുന്നതു്. "മെൻഷിവിക്കുകളും" "സോഷ്യലിസ്റ്റ് റെവല്യൂഷനറികളും" ഉൾപ്പെടെയുള്ള ബൂർഷ്വാ-ബുദ്ധിജീവികൾ ദുർവാദങ്ങളുന്നയിച്ചു് മുതലാളിത്തത്തെ സേവിക്കുകയാണു്. തൊഴിലാളിവിപ്ലവത്തിന്നു മുൻപു് അവർ ഞങ്ങളെ കേവലം സങ്കല്പവാദികളെന്നു് കുററപ്പെടുത്തി; വിപ്ലവത്തിന്നുശേഷം അവരാവശ്യപ്പെടുന്നതു് കഴിഞ്ഞ കാലത്തിന്റെ അവശിഷ്ടങ്ങൾ മുഴുവൻ മിന്നൽവേഗത്തിൽ ഞങ്ങൾ അവസാനിപ്പിക്കണമെന്നാണു്.

നാം സങ്കല്പവാദികളല്ല; ബൂർഷ്വാ"വാദങ്ങളുടെ" പൊരുൾ നല്ലപോലെ നമുക്കറിയുകയും ചെയ്യാം. വിപ്ലവത്തെത്തുടർന്നു് കുറെ കാലത്തേയ്ക്കു് പഴയ സദാചാരങ്ങളുടെ അവശിഷ്ടങ്ങൾ പുതിയതിന്നുപരി ആധിപത്യം വഹിക്കുമെന്നും ഞങ്ങൾക്കറിയാം. പുതിയതു് ജന്മമെടുത്തു വളരുന്നതിന്നിടയ്ക്കു് കുറെ കാലത്തേയ്ക്കു് കൂടുതൽ ശക്തി പഴയതിന്നുതന്നെയായിരിയ്ക്കും. പ്രകൃതിയിലും സാമൂഹ്യജീവിതത്തിലും എപ്പോഴും കാണുന്നതിതാണു്. പുതിയ നാമ്പുകൾക്കു് ശേഷികുറവാണെന്നു് അധിക്ഷേപിയ്ക്കുക, അവിശ്വാസം പ്രചരിപ്പിയ്ക്കുക ഇതൊക്കെ മുതലാളിമാരും ബുദ്ധിജീവികളും സോഷ്യലിസത്തിൽനിന്നു് മുതലാളിത്തത്തെ രക്ഷിയ്ക്കാൻ പ്രയോഗിയ്ക്കുന്ന ആയുധങ്ങളാണു്. ഈ പുതിയ നാമ്പുകളെ നാം പ്രത്യേകം പരിശോധിച്ചു പഠിയ്ക്കണം; വേഗത്തിലും ശക്തിയിലും അവ വളരുന്നതിന്നു് തക്ക സംരക്ഷണം നാം നല്കണം. ഈ നാമ്പുകളിൽ ചിലതു് അനിവാര്യമായും

നശിച്ചേയ്ക്കും. കമ്മ്യൂണിസ്റ്റു സുബ്ബോട്ടിനിക്കുകൾ സർവ്വ പ്രധാനമായ ഒരു പങ്കു വഹിയ്ക്കുമെന്നു് ഉറപ്പിച്ചു് നമുക്കു പറഞ്ഞുകൂടാ. പക്ഷെ സംഗതി അതല്ല. പുതിയ നാമ്പുകളെയെല്ലാം ശുശ്രൂഷിച്ചു് വളർത്തുകയാണു് നമ്മുടെ കടമ. കരുത്തുള്ളവ അതിജീവിയ്ക്കും. "സിഫിലിസ്സ്" രോഗത്തിൽനിന്നു് മനുഷ്യരാശിയെ രക്ഷിയ്ക്കാൻ ദീർഘകാല ഗവേഷണം നടത്തിയ ജപ്പാനീസ്സ് ശാസ്ത്രകാരനു് 604 ഔഷധങ്ങൾ പരിശോധിച്ചു് തള്ളിയതിന്നുശേഷമാണു് 605-ാമത്തേതു് ആവശ്യത്തിന്നു പററിയതായി കിട്ടിയതു്. മുതലാളിത്തത്തെ പരാജയപ്പെടുത്തുകയെന്ന കൂടുതൽ ക്ലേശകരമായ ഒരു പ്രശ്നമാണു് നമുക്കു പരിഹരിയ്ക്കാനുള്ളതു്. അതിന്നുപററിയ ആയുധങ്ങളും അടവുകളും തിരഞ്ഞെടുക്കുന്നതിന്നു മുൻപു് മററു് നൂറുനൂറു് ആയുധങ്ങളും അടവുകളും നമുക്കു് പരിശോധിച്ചു തള്ളേണ്ടതായിവരും.

സാധാരണനിലയിൽ അത്യധികം കഷ്ടപ്പെട്ടു ജീവിയ്ക്കുന്ന കുറെ വിദഗ്ദ്ധതൊഴിലാളികളും അതിലുമേറെ യാതൊരു വൈദഗ്ദ്ധ്യവുമില്ലാത്ത മററു തൊഴിലാളികളും മുൻകയ്യെടുത്തു നടപ്പിലാക്കിയിട്ടുള്ളതാണെന്ന വസ്തുത "കമ്മ്യൂണിസ്റ്റു് സുബ്ബോട്ടിനിക്കു"കളുടെ പ്രാധാന്യത്തെ വർദ്ധിപ്പിയ്ക്കുന്നു. റഷ്യയിൽ മാത്രമല്ല ലോകത്തിലൊട്ടുക്കു് ഉല്പാദനക്ഷമത കുറയുന്നതിന്നുള്ള പ്രധാന കാരണം നമുക്കെല്ലാവർക്കും അറിവുള്ളതാണു്. സാമ്രാജ്യത്തയുദ്ധം വരുത്തിവെച്ചിട്ടുള്ള നാശനഷ്ടങ്ങളും പട്ടിണിയും നൈരാശ്യവും, പൊതുവെയുള്ള ആഹാരക്കുറവും രോഗബാധയും—ഇതല്ലാതെ മറെറാരു കാരണവുമല്ല. ഏററവും പ്രധാനകാരണം പട്ടിണിതന്നെയാണു്. പട്ടിണിയ്ക്കു് അറുതിവരുത്തണമെങ്കിൽ കൃഷിയിലും ഗതാഗതത്തിലും വ്യവസായത്തിലും ഉല്പാദനക്ഷമത വർദ്ധിപ്പിച്ചേ തീരൂ. അങ്ങനെ നാം ആ ദോഷാവർത്തത്തിലാണു് അകപ്പെട്ടിട്ടുള്ളതു്: ഉല്പാദനക്ഷമത വർദ്ധിയ്ക്കണമെങ്കിൽ പട്ടിണിയ്ക്കു് അറുതിവരുത്തണം; പട്ടിണിയ്ക്കു് അറുതിവരണമെങ്കിൽ ഉല്പാദനക്ഷമത വർദ്ധിപ്പിയ്ക്കണം.

ഈ ദോഷാവത്തം ഭേദിച്ച കടക്കകയാണ് ഈ വൈരുദ്ധ്യം പരിഹരിയ്ക്കുന്നതിന്നുള്ള മാഗ്ഗം എന്നു നാം മനസ്സിലാക്കിയിട്ടുണ്ടു്. ജനങ്ങളുടെ മനോഭാവത്തിൽ വമ്പിച്ച മാററംവരുത്തുകയാണ് ഇതിന്നുള്ള വഴി. വ്യക്തികളുടേയും ഗ്രൂപ്പുകളുടേയും ധീരോദാത്തമായ പ്രവത്തനങ്ങൾ ഈ മാററം വരുത്തുന്നതിൽ നിണ്ണായകമായ പങ്കു വഹിയ്ക്കുന്നു. മോസ്കോവിലെ റെയിൽവെ തൊഴിലാളികളും മററു് അവിദഗ്ദ്ധതൊഴിലാളികളും (അവരിൽ ഭൂരിപക്ഷത്തെയാണ്, ഒരുപിടി കൊള്ളലാഭക്കാരെയും ഉദ്യോഗസ്ഥന്മാരെയും വൈററ്_ഗാർഡുകളെയും അല്ല, നമ്മൾ ഉദ്ദേശിയ്ക്കുന്നതു്.) ദുരിതപൂണ്ണമായ പരിതഃസ്ഥിതികളിലാണ് ജീവിതം നയിയ്ക്കുന്നതു്. സ്വതവേതന്നെ അവർ അദ്ധപട്ടിണിക്കാരാണ്; കൊയ്ത്തുകാലത്തിൻെറ മുൻപു് ഭക്ഷ്യസ്ഥിതി മൂർച്ഛിച്ചിട്ടുള്ള ഈ അവസരത്തിൽ അവർ മുഴപ്പട്ടിണിയിൽ കഴിഞ്ഞുകൂടുന്നു. മുതലാളിമാരും മെൻഷവിക്കുകളും സോഷ്യലിസ്റ്റ് റെവലൂഷനറികളും മററു പ്രതിവിപ്ലവകാരികളും വളഞ്ഞിട്ട പരിതസ്ഥിതിയിൽ ഈ തൊഴിലാളികൾ, പട്ടിണികൊണ്ടും യാതനകൾകൊണ്ടും തളൎന്നവരെങ്കിലും, കമ്മ്യൂണിസ്റ്റ് സുബോട്ടിനിക്കുകൾ സംഘടിപ്പിയ്ക്കുകയാണ്. യാതൊരു ശമ്പളവും പററാതെ ഓവർടൈം പ്രവത്തിച്ചു് ഉല്പാദനക്ഷമത ഗണ്യമായി വദ്ധിപ്പിച്ചുകൊണ്ടിരിയ്ക്കുകയാണ്. പരമമായ ധീരോദാത്തതയല്ലാതെ മറെറന്താണിതു്? സവ്വപ്രധാനമായ ഒരു മാററത്തിൻെറ തുടക്കത്തെയല്ലേ ഇതു കുറിയ്ക്കുന്നതു്?

അവസാനവിശകലനത്തിൽ പുതിയ സാമൂഹ്യവ്യവസ്ഥയുടെ വിജയത്തിന്നു് അത്യന്താപേക്ഷിതമായ സംഗതി ഉല്പാദനക്ഷമതയുടെ വദ്ധനവാണ്. അടിയായ്മവ്യവസ്ഥയിൽ വിചാരിയ്ക്കാൻപോലും കഴിയാതിരുന്ന ഉല്പാദനക്ഷമതയാണ് മുതലാളിത്തം സൃഷ്ടിച്ചുവിട്ടതു്. കൂടുതലുയൎന്ന ഉല്പാദനക്ഷമത സൃഷ്ടിച്ചുകൊണ്ടു് സോഷ്യലിസത്തിന്നു് മുതലാളിത്തത്തെ അമ്പേ പരം

ജയപ്പെടുത്താൻ കഴിയും; അമ്പെ പരാജയപ്പെടുത്തുകയും ചെയ്യും. പ്രയാസമേറിയ ഒരു കാര്യമാണത്. കാലതാമസം വരുകയും ചെയ്യും. പക്ഷെ തുടങ്ങിക്കഴിഞ്ഞു എന്നുള്ളതാണ് പ്രധാന സംഗതി. നാലുകൊല്ലക്കാലം സാമ്രാജ്യത്വയുദ്ധത്തിൻെറ നരകയാതനകൾകൊണ്ടും ഒന്നരകൊല്ലക്കാലം ആഭ്യന്തരയുദ്ധത്തിൻെറ നരകയാതനകൾകൊണ്ടും പൊറുതിമുട്ടി വലഞ്ഞ മോസ്കോവിലെ തൊഴിലാളികൾക്ക് 1919വേനലിൽ ഈ മഹത്തായ പ്രവർത്തനം ആരംഭിയ്ക്കാൻ കഴിഞ്ഞുവെങ്കിൽ, അടുത്ത ഭാവിയിൽ ആഭ്യന്തരയുദ്ധത്തിൻ വിജയംവരിച്ച് സമാധാനം നേടിക്കഴിഞ്ഞാൽ, ഈ രാജ്യത്ത് എന്തെന്തു മാററങ്ങൾ അവർക്ക് വരുത്തിക്കൂടാ?

വർഗ്ഗബോധമുള്ള തൊഴിലാളികൾ സ്വമേധയാ യോജിച്ച് ഉയർന്ന സാങ്കേതികവിദ്യകൾ വശപ്പെടുത്തി മുതലാളിത്തത്തിൽ ഉള്ളതിനേക്കാൾ കവിഞ്ഞ ഉല്പാദനക്ഷമത നേടുന്നതാണ് കമ്മ്യൂണിസം. കമ്മ്യൂണിസത്തിൻെറ തുടക്കം എന്ന നിലക്ക് സുബോട്ടിനിക്കുകൾക്ക് അനന്യാദൃശമായ പ്രാധാന്യമുണ്ട്. മുതലാളിത്തത്തിൽനിന്ന് കമ്മ്യൂണിസത്തിലേയ്ക്കുള്ള പരിവർത്തനത്തിൻെറ ഈ ആദ്യഘട്ടത്തിൽ (നമ്മുടെ പാർട്ടി പരിപാടി[51] നിഷ്കർഷിക്കുന്നതുപോലെ) പ്രാരംഭനടപടികൾ മാത്രം തുടങ്ങിയിട്ടുള്ള ഈ അവസരത്തിൽ ഇതു് അങ്ങേയററം വിലപ്പെട്ട ഒരു കാര്യമാണ്.

സാധാരണ തൊഴിലാളികൾ കായക്ലേശങ്ങളൊന്നും വകവെയ്ക്കാതെ ഉല്പാദനക്ഷമത പരമാവധി വർദ്ധിപ്പിയ്ക്കുന്നതിന്നും, തങ്ങളുടെ അടുത്ത ബന്ധുമിത്രാദികൾക്കൊന്നുമല്ലാതെ പൊതുവിൽ സമുദായത്തിൻെറ ഒട്ടാകെ ക്ഷേമത്തിന്നുവേണ്ടി, ആദ്യം ഒരു സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിലും പിന്നീട് അത്തരം സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളുടെ യൂണിയനിലും നിവസിയ്ക്കുന്ന കോടിക്കണക്കിന്ന് ജനങ്ങളുടെ ഉദ്ഗതിയ്ക്കുവേണ്ടി, കിട്ടാവുന്നേ

ടത്തോളം ധാന്യവും കൽക്കരിയും ഇരിമ്പും മററു വസ്തുക്കളും സംഭരിച്ചു് കരുതലോടുകൂടി ഉപയോഗപ്പെടുത്തുന്നതിന്നും ഒരുങ്ങി ബോധപൂർവ്വം മുന്നോട്ടുവരുമ്പോഴാണു് കമ്മ്യൂണിസം തുടങ്ങുന്നതു്.

ബൂർഷ്വാ ജനാധിപത്യത്തിൽ കൊട്ടിഘോഷിക്കുന്ന മനുഷ്യാവകാശപ്രഖ്യാപനങ്ങളേയും സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവയെക്കുറിച്ചുള്ള പ്രകീർത്തനങ്ങളേയും കാറൽമാർക്സ് "മൂലധനത്തിൽ" കണക്കിന്നു് കശക്കുന്നുണ്ടു്. ഈ പ്രഖ്യാപനങ്ങളും പ്രകീർത്തനങ്ങളും വൃത്തികെട്ട ബർനി ഇന്റർനാഷണലിന്റെ വൃത്തികെട്ട നേതാക്കളുൾപ്പെടെ എല്ലാ രാജ്യങ്ങളിലുമുള്ള പെററി–ബൂർഷ്വാ ബുദ്ധിജീവികളുടെ കണ്ണഞ്ചിയ്ക്കുന്നതിന്നു മാത്രമെ ഉതകിയിട്ടുള്ളു. മുതലാളിവർഗ്ഗത്തിന്റെ ഈ ആർഭാടപ്രഖ്യാപനങ്ങളെയും തൊഴിലാളിവർഗ്ഗം ലളിതമായി, മിതമായി, പ്രായോഗികമായി ഈ പ്രശ്നം കൈകാര്യം ചെയ്തിട്ടുള്ളതിനേയും മാർക്സ് വകതിരിച്ചു കാണിയ്ക്കുന്നുണ്ടു്. അദ്ധ്വാനസമയം ചുരുക്കിക്കൊണ്ടുള്ള നിയമനിർമ്മാണം ഇതിന്റെ ഒരൊന്നാന്തരം ഉദാഹരണമാണു്.[52] മാർക്സിന്റെ അഭിപ്രായങ്ങളുടെ ഔചിത്യവും ഗഹനതയും നമുക്കു് അധികമധികം വ്യക്തമാകുന്നതും മനസ്സിലാകുന്നതും തൊഴിലാളിവിപ്ലവത്തിന്റെ അനുഭവങ്ങളിൽക്കൂടിയാണു്. യഥാർത്ഥകമ്മ്യൂണിസത്തിന്റെ തത്വങ്ങൾ തൊഴിൽസാഹചര്യങ്ങളുമായി തികച്ചും ബന്ധപ്പെട്ടവയാണു്; ആ നിലയിൽ അവ കോടീശ്വരന്മാരുടെയും സ്തുതിപാഠകരുടെയും മെൻഷവിക്കുകളുടേയും സോഷ്യലിസ്റ്റു് റെവലൂഷനറികളുടെയും അവരുടെ ബർനി സഹോദരങ്ങളുടേയും വാചാലവും ദുർഗ്രാഹ്യവും ആയ ശൈലികളിൽനിന്നു് തികച്ചും വ്യത്യസ്തവുമാണു്. തൊഴിലാളി ജനാധിപത്യത്തെക്കുറിച്ചും സമത്വത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചും സാഹോദര്യത്തെക്കുറിച്ചും ജനങ്ങളുടെ ഭരണത്തെക്കുറിച്ചും ഉള്ള ബൂർഷ്വാപെരുമ്പറയടി ഇനി വില

പ്പോവുകയില്ല. ഇതെല്ലാം തങ്ങളെ കബളിപ്പിയ്ക്കുന്നതിന്നു് ബൂർഷ്വാ–ബുദ്ധിജീവികൾ കരുതിക്കൂട്ടി പ്രചരിപ്പിക്കുന്നതാണെന്നു് ഇന്നത്തെ വർഗ്ഗബോധമുള്ള തൊഴിലാളികളും കൃഷിക്കാരും മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. നെല്ലും പതിരും തിരിച്ചറിയാനുള്ള വിശേഷബുദ്ധി സാധാരണ ജനങ്ങൾക്കുണ്ടു്.

പ്രസംഗം കുറയ്ക്കുക; ദൈനംദിനപ്രവൎത്തനങ്ങളിൽ, ഓരോ പൂഡു് ധാന്യവും സംഭരിയ്ക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിയ്ക്കുക! ഇങ്ങനെ സംഭരിയ്ക്കുന്ന ഓരോ പൂഡു ധാന്യവും വിശന്നുവലയുന്ന നാട്ടുകാൎക്കു് എത്തിയ്ക്കേണ്ടതാണു് അടിയന്തിരാവശ്യം. മുതലാളിബുദ്ധിജീവികളുടെ വാചകമടിയല്ല, മോസ്കോ–കസാൻ റെയിൽവെയിലെ അവിദഗ്ദ്ധതൊഴിലാളികൾ ചെയ്യുതുപോലെ ധീരമായി, സമൎത്ഥമായി, ഉല്പാദനപ്രവൎത്തനങ്ങളെ സഹായിയ്ക്കേണ്ടതാണു് ഇന്നത്തെ ആവശ്യം.

പ്രശ്നങ്ങളോടു് ബൂർഷ്വാ–ബുദ്ധിജീവികളുടെ വാചാലമായ ഈ സമീപനം എല്ലായിടത്തും, എല്ലാ കാര്യങ്ങളിലും, നമ്മുടെ അണികളിൽപോലും ഉണ്ടെന്നു് നാം സമ്മതിയ്ക്കണം. നമ്മുടെ പത്രങ്ങൾ, ഉദാഹരണത്തിന്നു്, ഈ ബൂർഷ്വാ പാരമ്പര്യങ്ങളെ എതിൎത്തു തോല്പിയ്ക്കുന്നതിന്നു് വളരെ കുറച്ചുമാത്രമെ ചെയ്യുന്നുള്ളു; യഥാൎത്ഥ കമ്മ്യൂണിസത്തിൻെറ അങ്കുരങ്ങൾ നനച്ചു വളൎത്തുന്നതിൽ വേണ്ടത്ര ശ്രദ്ധ അവർ പതിപ്പിയ്ക്കുന്നില്ല.

സ്ത്രീജനങ്ങളുടെ കാൎയ്യം എടുക്കുക. അവൎക്കുവേണ്ടി നമ്മൾ അധികാരത്തിലെത്തി ഒരു കൊല്ലത്തിന്നുള്ളിൽ ചെയ്യിട്ടുള്ള കാൎയ്യങ്ങൾ ഏററവും പുരോഗമിച്ചിട്ടുള്ള മുതലാളിരാജ്യങ്ങളിൽപോലും ദശാബ്ദങ്ങൾകൊണ്ടു് അവൎക്കു ചെയ്യാൻ കഴിഞ്ഞിട്ടില്ല. സ്ത്രീജനങ്ങൾക്കു സമത്വവും സ്വാതന്ത്ര്യവും നിഷേധിയ്ക്കുന്ന നിയമങ്ങൾ സകലതും നാം പിച്ചിച്ചീന്തിക്കളഞ്ഞിരിയ്ക്കുന്നു. വിവാഹ

മോചനത്തിന്നു് നാനാതടസ്സങ്ങൾ വലിച്ചുവയ്ക്കുന്നതും വിവാഹമുറയിൽ ജനിയ്ക്കാത്ത സന്താനങ്ങൾക്കു് പതിത്വം കല്പിയ്ക്കുന്നതും ആയി പരിഷ്കൃതരാജ്യങ്ങളിൽ നിലവിലുള്ള നെറികെട്ട നിയമങ്ങളൊന്നും നമ്മുടെ രാജ്യത്തു് ഇന്നില്ല. ഈ രംഗത്തു് ചെയ്തതീക്കാൻ കഴിഞ്ഞിട്ടുള്ളതിൽ അങ്ങേയററം അഭിമാനിയ്ക്കാൻ നമുക്കു വകയുണ്ടു്. പഴയ മാമൂൽമാറാലകൾ തൂത്തുവാരി വൃത്തിയാക്കുംതോറും അടിത്തറ തെളിഞ്ഞു തെളിഞ്ഞു വരുന്നുണ്ടു്. പക്ഷെ അടിത്തറ മാത്രമെ ആയിട്ടുള്ളൂ: നിർമ്മാണം ഇനി ആരംഭിയ്ക്കേണ്ടിയിരിയ്ക്കുന്നു.

സ്ത്രീജനങ്ങളെ മോചിപ്പിയ്ക്കുന്ന നിയമങ്ങൾ പലതും നാം പാസ്സാക്കിയിട്ടുണ്ടെങ്കിലും വീട്ടടിമകളുടെ സ്ഥിതിതന്നെയാണു് നമ്മുടെ രാജ്യത്തു് ഇന്നും അവർക്കുള്ളതു്. ചെറുചെറു വീട്ടജോലികൾ അവരെ ഞെക്കിഞെരുക്കിക്കൊണ്ടിരിയ്ക്കുന്നു. അടുക്കളകളിലും ഈററില്ലങ്ങളിലുമായി അവർ ബന്ധിയ്ക്കപ്പെട്ടിരിയ്ക്കുന്നു; ഉല്പാദനക്ഷമമല്ലാത്ത മുഷിപ്പൻ പ്രവർത്തനങ്ങളിൽ അവരുടെ മുഴുവൻ സമയവും മിനക്കെട്ടുപോകുന്നു. സ്ത്രീജനങ്ങൾക്കു് യഥാർത്ഥസ്വാതന്ത്ര്യം, കമ്മ്യൂണിസം, പുലരണമെങ്കിൽ ഈ സ്ഥിതിമാററി (ഭരണത്തിലുള്ള തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വത്തിൻ) വ്യാപകമായ ഒരു സോഷ്യലിസ്റ്റു് സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുകതന്നെ വേണം.

തത്വത്തിൽ അവിതർക്കിതമെന്നു് എല്ലാ കമ്യൂണിസ്റ്റുകാരും അംഗീകരിയ്ക്കുന്ന ഇക്കാര്യത്തിൽ പ്രായോഗികമായി നാം വേണ്ടത്ര ശ്രദ്ധ പതിപ്പിയ്ക്കുന്നുണ്ടോ? തീർച്ചയായും ഇല്ല. കമ്യൂണിസ്റ്റു് അങ്കുരങ്ങൾ ഈ രംഗത്തു് പൊന്തിവന്നിട്ടുള്ളവ നാം വേണ്ടത്ര പരിപോഷിപ്പിയ്ക്കുന്നുണ്ടോ? നിഷേധത്തിൽ തന്നെയാണു് ഇതിന്നും മറുപടി. പൊതുഭോജനാലയങ്ങൾ, കിന്റർഗാർട്ടനുകൾ, ശിശുസംരക്ഷണകേന്ദ്രങ്ങൾ—ഇവയിലെല്ലാം കമ്യൂ

ണിസത്തിന്റെ പുതിയ അങ്കുരങ്ങൾ നാം കാണുന്നുണ്ടു്. യാതൊരു വമ്പും പ്രതാപവുമില്ലാതെ നിത്യജീവിതത്തിൽ സ്ത്രീജനങ്ങളെ മുഷിപ്പൻ വീട്ടുജോലികളിൽനിന്നു് വിമോചിപ്പിക്കുന്നതും സാമൂഹ്യാഹ്ലാദനത്തിലും പൊതുജീവിതത്തിലും പുരുഷന്മാരോടൊപ്പം അവക്കു് സ്ഥാനം നല്കുന്നതും ഈ മാറ്റങ്ങളിൽ കൂടിയാണു്. ഇവയൊന്നും പുതിയ മാറ്റങ്ങളല്ല; (സോഷ്യലിസത്തിലേയ്ക്കുള്ള മററു് മുന്നുപാധികൾ എന്നപോലെ) ഇവയും വൻകിട മുതലാളിത്തം സൃഷ്ടിച്ചിട്ടുള്ളവയാണു്. മുതലാളിത്തത്തിൻകീഴിൽ അവ ദുർലഭമായിരുന്നു. മാത്രമല്ല മററു് മുതലാളിത്തസ്ഥാപനങ്ങളെന്നപോലെ ഈ സ്ഥാപനങ്ങളും കൊള്ളലാഭമടിക്കുകയും സാധുജനങ്ങളെ വഞ്ചിക്കുകയുമാണു് ചെയ്തിരുന്നതു്. മുതലാളിമാരുടെ ഉദാരതയുടെ തെളിവുകളായി അവ വാഴ്ത്തപ്പെട്ടു. ആത്മാഭിമാനമുള്ള തൊഴിലാളികൾ സ്വാഭാവികമായും അവയെ വെറുത്തു.

ഇത്തരം സ്ഥാപനങ്ങളുടെ എണ്ണം നമ്മുടെ രാജ്യത്തു് വളരെയേറെ വധിച്ചിട്ടുണ്ടെന്നതു് ശരിയാണു്; നടത്തിപ്പിലും സ്വഭാവത്തിലും മാററം വന്നിട്ടുണ്ടെന്നതും ശരിയാണു്. അസാമാന്യമായ സംഘടനാവൈഭവവും പ്രതിഭയും ഉള്ള സ്ത്രീജനങ്ങൾ ധാരാളമായി നമ്മുടെ തൊഴിലാളികൾക്കും കൃഷിക്കാക്കമിടയിൽ ഉണ്ടെന്നതിന്നു് യാതൊരു സംശയവുമില്ല. പ്ലാനുകളെക്കുറിച്ചും പദ്ധതികളെക്കുറിച്ചും പ്രസംഗിച്ചും തക്കിച്ചും ഒച്ചപ്പാടുകൂട്ടിയും കൊണ്ടിരിക്കുന്ന ബുദ്ധിജീവികളിൽനിന്നും പണ്ഡിതമ്മന്യന്മാരായ കമ്മ്യൂണിസ്റ്റുകാരിൽനിന്നും വ്യത്യസ്തമായി അവർ ചിട്ടയോടും പ്രാപ്തിയോടും സംഘടനാപ്രവത്തനങ്ങൾ നടത്തുന്നു. എന്നാൽ ഈ അങ്കുരങ്ങളെ നാം വേണ്ടവിധത്തിൽ വേണ്ടത്ര പരിപോഷിപ്പിക്കുന്നില്ല.

മുതലാളിമാരെ നോക്കുക. തങ്ങൾക്കാവശ്യമുള്ളതു് പരസ്യം ചെയ്യുന്നതിൽ എത്ര സമത്ഥന്മാരാണവർ. ലക്ഷക്കണ

ക്കിന്നു് പ്രചാരമുള്ള മുതലാളിപത്രങ്ങൾ അവരുടെ 'മാതൃകാ' സ്ഥാപനങ്ങളെ എത്ര കേമമായിട്ടാണു് ദിനേന വാഴ്ത്തിക്കൊണ്ടിരിക്കുന്നതു്. ഈ ബൂർഷ്വാസ്ഥാപനങ്ങളെ ദേശാഭിമാനത്തിന്റെ പ്രതീകങ്ങളായി അവർ പാടിപ്പുകഴ്ത്തുന്നു. നമ്മുടെ പത്രങ്ങളാകട്ടെ, നമ്മുടെ പൊതുഭോജനശാലകളിലേയും ശിശുസംരക്ഷണാലയങ്ങളിലേയും നിത്യസംഭവങ്ങൾ ഉദാഹരിച്ചു് അവയിൽ ഏററവും നല്ലവയെയെങ്കിലും മാതൃകാസ്ഥാപനങ്ങളായി ഉയർത്തിക്കൊണ്ടുവരുന്നതിൽ കാര്യമായൊന്നും ചെയ്യുന്നില്ല. ഈ സ്ഥാപനങ്ങൾവഴി മനുഷ്യാദ്ധ്വാനം എത്ര ലാഭിക്കാൻ കഴിയുന്നുണ്ടു്, ഉല്പാദനച്ചിലവു് എത്ര കുറയ്ക്കാൻ സാധിക്കുന്നുണ്ടു്, സ്ത്രീജനങ്ങളെ ഗാർഹിക ശൃംഖലകളിൽനിന്നു് എത്ര വിമോചിപ്പിക്കാൻ കഴിയുന്നുണ്ടു്, കമ്യൂണിസ്റ്റുകാരുടെ മാതൃകാപരമായ പ്രവർത്തനംകൊണ്ടു് വൃത്തിയും വെടിപ്പും ദേശവ്യാപകമായി എത്ര ഉയർത്താൻ സാധിക്കുന്നുണ്ടു്—ഈ വക വിശദാംശങ്ങൾ ശേഖരിച്ചു് അവയ്ക്കു് വേണ്ടത്ര പ്രസിദ്ധീകരണം നല്കാൻ നമ്മുടെ പത്രങ്ങൾ മിനക്കെടുന്നില്ല. ഉല്പാദനത്തിൽ റിക്കാർഡു് സൃഷ്ടിക്കുന്നതാരു്, ഏററവും നന്നായി നടന്ന കമ്യൂണിസ്റ്റു് "സുബോട്ടിനി"ക്കു് ഏതു്, ധാന്യം സംഭരിക്കുന്നതിലും വിതരണം ചെയ്യുന്നതിലും ഏററവുമധികം ശുഷ്കാന്തിയും പ്രാപ്തിയും പ്രദർശിപ്പിച്ചതാരു്, ഏററവും നല്ല ഭോജനശാലയേതു്, ഏതു സ്ഥലത്തു് ഏതു സ്ഥാപനമാണു് വൃത്തിയിലും വെടിപ്പിലും മുന്നിട്ടു നില്ക്കുന്നതു്—ഈ വക കാര്യങ്ങൾക്കു് ഇന്നത്തെക്കാൾ പത്തിരട്ടി പ്രസിദ്ധീകരണം നമ്മുടെ പത്രങ്ങൾ നല്കേണ്ടതുണ്ടു്. കമ്യൂണിസത്തിന്റെ അങ്കുരങ്ങളാണു് ഇവയെല്ലാം; ഇവയെ പരിപോഷിപ്പിച്ചു് വളർത്തിയെടുക്കേണ്ടതു് നമ്മുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണു്. ഉല്പാദനത്തിലും ഭക്ഷ്യകാര്യത്തിലും നമ്മുടെ സ്ഥിതി ഇപ്പോഴും ഗൗരവാവഹമാണു്. എന്നിരിക്കിലും കഴിഞ്ഞ പതിനെട്ടു മാസക്കാ

ത്തററിനാല്പത്തിഒന്നു്

ഖത്തെ "ബോൾഷെവിക്ക്" ഭരണത്തിൽ സാർവ്വത്രികമായ പുരോഗതി നമ്മൾ നേടിയിട്ടുണ്ട്. ധാന്യസംഭരണം (1917 ആഗസ്റ്റ് 1-ാംതീയതി മുതൽ 1918 ആഗസ്റ്റ് 1-ാംതീയതിവരെ) 30 മില്ല്യൺ പൂഡിൽനിന്നു് (1918 ആഗസ്റ്റ് 1-ാംതീയതി മുതൽ 1919 മെയ് 1-ാംതീയതിവരെ) 100 മില്ല്യൺപൂഡ് ആയി വർദ്ധിച്ചിട്ടുണ്ട്. കൃഷിനിതോട്ടങ്ങൾ വർദ്ധിച്ചിട്ടുണ്ട്; കൂടുതൽ തരിശുഭൂമി കൃഷിചെയ്തിട്ടുണ്ട്; ഇന്ധനക്കുറവുണ്ടെങ്കിലും റെയിൽവേ ഗതാഗതം പൊതുവിൽ മെച്ചപ്പെട്ടിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ, തൊഴിലാളിവർഗ്ഗഭരണകൂടത്തിന്റെ സഹായമുള്ളപ്പോൾ, കമ്യൂണിസത്തിന്റെ ഈ അങ്കുരങ്ങൾ വാടിക്കൊഴിയുകയില്ല; അവ വളന്നു് പുഷ്പിക്കും, പരിപൂർണ്ണ കമ്യൂണിസമായി വികസിക്കും.

x x x

"കമ്മ്യൂണിസ്റ്റ് സുബോട്ടിനിക്കുകളുടെ" പ്രാധാന്യത്തെപ്പറ്റി ഗൗരവമായി നാം ചിന്തിക്കേണ്ടതുണ്ട്: ഈ മഹത്തായ തുടക്കത്തിൽനിന്നുള്ള പ്രായോഗികപാഠങ്ങൾ കാര്യമായി നാം പഠിക്കേണ്ടതുണ്ട്.

ഈ തുടക്കത്തെ എല്ലാവിധത്തിലും സഹായിച്ചു് മുന്നോട്ടു കൊണ്ടുപോകണം എന്നുള്ളതാണ് ആദ്യമായി നാം പഠിക്കേണ്ട പ്രധാനപാഠം. "കമ്മ്യൂണിസം" എന്ന പദം അവസരത്തിലും അനവസരത്തിലും ഇന്നു് നാം ഉപയോഗപ്പെടുത്തുന്നുണ്ട്. കമ്മ്യൂണിസ്റ്റുകാർ തുടങ്ങുന്നതോ അവക്കു് പങ്കുള്ളതോ ആയ ഏതു സ്ഥാപനത്തിന്നും "കമ്മ്യൂൺ" എന്നു പേരിടാൻ ഇന്നൊരു വെമ്പലാണ്. ആ പേരിന്നു അർഹതനേടാൻ ദീർഘകാലത്തെ തുടർച്ചയായ പ്രവർത്തനവും പ്രായോഗികനേട്ടവും യഥാർത്ഥ കമ്മ്യൂണിസ്റ്റ് വികസനവും ആവശ്യമാണെന്ന വസ്തുത മിക്കപ്പോഴും നാം വിസ്മരിച്ചുപോകുന്നു.

"ഉപഭോക്താക്കളുടെ കമ്മ്യൂണുകളെ"[53] സംബന്ധിച്ചു് ജനകീയ കമ്മീസാർമാരുടെ കൗൺസിൽ മുമ്പെടുത്തിരുന്ന തീരുമാനത്തെ റദ്ദുചെയ്യാൻ പാർട്ടിയുടെ സെൻട്രൽ എക്സിക്യൂട്ടീവു് കമ്മിററി ചെയ്തിട്ടുള്ള തീരുമാനം ആകയാൽ ശരിയാണു് എന്നാണെന്റെ പക്ഷം. കുറെക്കൂടി ലളിതമായ ഒരു പേരു് നാം ഉപയോഗപ്പെടുത്തണം. ആദ്യകാലത്തെ ഈ വിഷമതകൾക്കു് മുഴുവൻ കമ്മ്യൂണിസ്റ്റുകാർക്കും ഉത്തരവാദിത്വമുണ്ടെങ്കിലും അവ ചീത്ത കമ്മ്യൂണിസ്റ്റുകാരുടെ തകരാറുകൾകൊണ്ടു വന്നതാണെന്നു് തല്ക്കാലം പറഞ്ഞുനില്ക്കാം. "കമ്മ്യൂൺ" എന്ന പദപ്രയോഗം കഴിയുന്നത്ര ചുരുക്കേണ്ടതും ഏതു ചാക്കനും പോക്കനും അതുപയോഗിക്കുന്നതു തടയേണ്ടതുമാണു്. സ്വന്തം ജോലി കമ്മ്യൂണിസ്റ്റുരീതിയിൽ സംഘടിപ്പിക്കുന്നതിന്നു് കഴിവുള്ളവരെയും ആ കഴിവു് ബഹുജനസമക്ഷം തെളിയിച്ചിട്ടുള്ളവരെയും മാത്രമേ "കമ്മ്യൂൺ" എന്ന പദപ്രയോഗത്തിന്നു് അർഹരാക്കിക്കൂടു. യാതൊരു വേതനവും പററാതെ സമുദായത്തിന്നുവേണ്ടി, അദ്ധ്വാനിക്കുന്ന മുഴുവൻ ജനങ്ങൾക്കുംവേണ്ടി, പ്രവൃത്തിയെടുക്കാൻ നിങ്ങൾ സന്നദ്ധനാണെന്നു് ആദ്യമായി തെളിയിക്കുക. കമ്മ്യൂണിസ്റ്റുരീതിയിൽ ജോലിചെയ്യാൻ കഴിവുണ്ടെന്നും ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ മാതൃകാപരമായി പ്രവർത്തിക്കുമെന്നും ജനങ്ങൾക്കു കാണിച്ചുകൊടുക്കുക. "കമ്മ്യൂൺ" എന്ന ബഹുമാന്യപദവിക്കു് ആ അടിസ്ഥാനത്തിൽ ആവശ്യപ്പെടുക.

എന്നാൽ "കമ്മ്യൂണിസ്റ്റു് സുബോട്ടിനിക്കുകളെ" പ്രത്യേകമായി പരിഗണിക്കേണ്ടതുണ്ടു്. കാരണം മോസ്കോ–കസാൻ റെയിൽവെയിലെ അവിദഗ്ദ്ധതൊഴിലാളികൾ കമ്മ്യൂണിസ്റ്റു് രീതിയിൽ പ്രവർത്തിക്കാനുള്ള അവരുടെ കഴിവു് തെളിയിച്ചതിന്നുശേഷം മാത്രമാണു് തങ്ങളുടെ പ്രസ്ഥാനത്തിന്നു് "കമ്മ്യൂണിസ്റ്റു് സുബോട്ടിനിക്കുകൾ" എന്നു പേരിട്ടതു്. ഭാവിയിൽ

കഠിനമായ അദ്ധ്വാനംകൊണ്ടും പ്രായോഗിക വിജയംകൊണ്ടും കമ്മ്യൂണിസ്റ്റ് സംഘടനയുടെ മേന്മ തെളിയിച്ചവരല്ലാതെ തങ്ങളുടെ സ്ഥാപനങ്ങൾക്കും പ്രസ്ഥാനത്തിന്നും "കമ്മ്യൂൺ" എന്ന പേരു കൊടുക്കുന്നുണ്ടെങ്കിൽ അവരെ ശക്തിയായി അപഹസിയ്ക്കേണ്ടതും കളിയാക്കേണ്ടതുമാണ്.

പാർട്ടിയെ ശുദ്ധീകരിയ്ക്കുക എന്ന മറെറാരു ഉദ്ദേശത്തിന്നു കൂടി "കമ്മ്യൂണിസ്റ്റ് സുബോട്ടിനിക്കുകളു"ടെ മഹത്തായ തുടക്കം ഉപകരിയ്ക്കേണ്ടതാണ്. വിപ്ലവത്തെത്തുടർന്ന് ആദ്യഘട്ടത്തിൽ "ശുദ്ധരും" പാമരരുമായ ജനങ്ങൾ ഭയവിഹ്വലരായിരുന്നപ്പോൾ, ബുദ്ധിജീവികൾ മുതലാളിമാരുടെ വിടുപണിചെയ്ത് അട്ടിമറികൾ സംഘടിപ്പിച്ചപ്പോൾ, താന്താതരക്കാരും പാർട്ടിയ്ക്കുള്ളിൽ കടന്നുകൂടുക അനിവാര്യമായിരുന്നു. അത്തരത്തിൽ ചിലതു് സംഭവിക്കാതെ യാതൊരു വിപ്ലവവും ഉണ്ടായിട്ടില്ല, ഉണ്ടാകാനും വയ്യ, ഒരു മുന്നണിവിഭാഗത്തെ ഉറപ്പിച്ചുനിർത്തി സ്വന്തം അണികൾ ശുദ്ധീകരിയ്ക്കാൻ ഭരണകക്ഷി തയ്യാറാകണം എന്നതാണ് പ്രധാനസംഗതി.

മുമ്പുതന്നെ നാം ആരംഭിച്ചിട്ടുള്ള ഒരു ജോലിയാണിതു്. പതറിച്ചുകൂടാതെ, ഇടതടവില്ലാതെ, നാം അതു് തുടർന്നുകൊണ്ടിരിയ്ക്കണം. യുദ്ധത്തിന്നുവേണ്ടി കമ്മ്യൂണിസ്റ്റുകാരെ അണിനിരത്തുവാൻ നമ്മൾചെയ്ത പരിശ്രമം ഇക്കാര്യത്തിൽ നമ്മെ വളരെ സഹായിച്ചിട്ടുണ്ട്. ഭീരുക്കളും കപടജീവികളും പാർട്ടിവിട്ടോടിപ്പോയി. പോയതത്രയും നന്നായി! അംഗസംഖ്യ കുറഞ്ഞുവെങ്കിലും ഉള്ളതിന്നു് ഘനവും അന്തസ്സും കൂടി. ഈ ശുദ്ധീകരണപ്രക്രിയ നാം തുടരുകതന്നെ വേണം; "കമ്മ്യൂണിസ്റ്റു സുബോട്ടിനിക്കുകളെ" അതിന്നായി ഉപയോഗപ്പെടുത്തുകയും വേണം. കമ്മ്യൂണിസ്റ്റുരീതിയിൽ പ്രവർത്തിക്കുന്നതിൽ ആറുമാസത്തെ "പ്രൊബേഷൻ" കഴിച്ചവരെയല്ലാതെ മെമ്പർമാരായി അംഗീക

രിച്ചുകൂടാ. 1917 ഒക്ടോബർ 25-ാംതിയതിക്കുശേഷം പാർട്ടിയിൽ ചേൎന്നവരെയെല്ലാം ഇത്തരമൊരു പരിശോധനക്കു് വിധേയരാക്കണം. കൂറുള്ളവരും വിശ്വസിയ്ക്കാവുന്നവരും എന്നു് പ്രവൃത്തികൊണ്ടു് തെളിയിച്ചവരെ മാത്രമെ പാർട്ടിയിൽ നിൎത്തിക്കൂടൂ.

മെമ്പർമാരുടെ പ്രവൎത്തനം ഇങ്ങനെ നിഷ്കർഷിച്ചു് പരിശോധിക്കുന്നതു് ഭരണകൂടത്തെ പൊതുവിൽ ശക്തിപ്പെടുത്തും; കൃഷിക്കാരെ തൊഴിലാളിവൎഗ്ഗത്തോടു് അടുപ്പിക്കുന്നതിന്നു സഹായിക്കുകയും ചെയ്യും.

തൊഴിലാളിസൎവ്വാധിപത്യത്തിൽ ഭരണകൂടത്തിൻെറ വൎഗ്ഗസ്വഭാവത്തിലേക്കു് ഈ "കമ്മ്യൂണിസ്റ്റു് സുബോട്ടിനിക്കുകൾ" ധാരാളം വെളിച്ചംവീശിയിട്ടുമുണ്ടു്. "വിപ്ലവപരമായ പ്രവൎത്തന"രീതിയെക്കുറിച്ചു് പാർട്ടിയുടെ സെൻട്രൽകമ്മിററി ഒരു കത്തു് തെയ്യാറാക്കിയിട്ടുണ്ടു്. ഒരു ലക്ഷംമുതൽ രണ്ടു ലക്ഷംവരെ മെമ്പർമാരുള്ള ഒരു പാർട്ടിയെയാണു് സെൻട്രൽകമ്മിററി അതിൽ വിഭാവനം ചെയ്യുന്നതു്. (ഇതിലുമെത്രയോ അധികം മെമ്പർമാർ ഇന്നു് പാർട്ടിയിലുണ്ടു്; ശുദ്ധീകരണത്തോടുകൂടി എണ്ണം മേല്പറഞ്ഞവിധം ചുരുങ്ങുമെന്നാണു് ഞാൻ വിചാരിയ്ക്കുന്നതു്.)

ട്രേഡു്യൂണിയനുകളിൽ സംഘടിപ്പിയ്ക്കപ്പെട്ട തൊഴിലാളികൾ ഈ ആശയത്തെ അനുകൂലിക്കുന്നുണ്ടു്. റഷ്യയിലും, ഉക്രെയിനിലുംകൂടി ട്രേഡു്യൂണിയൻ മെമ്പർമാരുടെ എണ്ണം നാല്പതുലക്ഷത്തോളം വരും. ഇവരിൽ ബഹുഭൂരിപക്ഷംപേരും തൊഴിലാളിവൎഗ്ഗഭരണം ഇഷ്ടപ്പെടുന്നവരും തൊഴിലാളിസൎവ്വാധിപത്യത്തെ അനുകൂലിക്കുന്നവരുമാണു്. മുന്നണിയിൽ രണ്ടു ലക്ഷം കമ്മ്യൂണിസ്റ്റുകാർ, പിന്നണിയിൽ നാല്പതുലക്ഷം തൊഴിലാളികൾ: ശരിയായ ഒരനുപാതമാണു് ഇതെന്നു് എനിക്കു

തോന്നുന്നു. അതിലും പിന്നിലാണ് കോടിക്കണക്കിന്നു് കൃഷി ക്കാരുള്ളതു്. മൂന്നു പ്രധാനവിഭാഗങ്ങളായി അവരെ തരംതി രിയ്ക്കാം. എണ്ണത്തിൽ ജാസ്തിയുള്ളതും തൊഴിലാളിവർഗ്ഗത്തോടു് ഏററവും അടുത്തുനില്ക്കുന്നവരുമായ പാവപ്പെട്ട കൃഷിക്കാർ മിക്ക വാറും അദ്ധതൊഴിലാളികൾ തന്നെയാണു്. ഇടത്തരം കൃഷി ക്കാർ രണ്ടാമത്തെ വിഭാഗത്തിൽ പെടുന്നു. മൂന്നാമത്തെ വിഭാഗ ക്കാരാണു് എണ്ണത്തിൽ ചുരുക്കമുള്ള "കുലാക്കുകൾ" അഥവാ ധനികകൃഷിക്കാർ.

ധാന്യത്തിൽ കൊള്ളക്കൊടുക്ക നടത്തി ലാഭമുണ്ടാക്കാൻ സാധിക്കുന്നേടത്തോളം കാലം കൃഷിക്കാർ പൊതുവിൽ തൊഴി ലാളിമനസ്ഥിതിക്കാരും അതേയവസരത്തിൽ ലാഭക്കൊതിയരു മായി തുടരുന്നതാണു്. (തൊഴിലാളിസ്വ്വാധിപത്യത്തിൽ ഒരു ഘട്ടംവരെ ഇതു് അനിവാര്യവുമാണു്.) ലാഭക്കൊതിയ രെന്ന നിലയിൽ കൃഷിക്കാർ നമുക്കെതിരാണു്; തൊഴിലാളി വർഗ്ഗഭരണകൂടത്തിൻെറ ശത്രുക്കളുമാണു്. ധാന്യത്തിൽ സ്വതന്ത്ര വ്യാപാരം വേണമെന്നു് വാദിക്കുന്ന 'മെഷർ' (മെൻഷവിക്കു്) ബി. ചെർണൻകോവു് (സോഷ്യലിസ്റ്റു്-റെവലൂഷനറി) എന്നി വരുടെ പ്രചരണവലയത്തിൽ അവർ കടുങ്ങുന്നു. പക്ഷെ അദ്ധ്വാ നിക്കുന്നവരെന്ന നിലയിൽ കൃഷിക്കാർ നമ്മുടെ ബന്ധുക്കളാണു്, ഭൂവുടമകൾക്കും മുതലാളിമാർക്കും എതിരായുള്ള സമരത്തിൽ തൊഴിലാളിവർഗ്ഗത്തിൻെറ ഉററമിത്രങ്ങളാണു്. സംഘടിത തൊഴിലാളികളുടെ പിൻബലത്തോടുകൂടി കമ്മ്യൂണിസ്റ്റു് നേതൃ ത്വത്തിലുള്ള തൊഴിലാളിവർഗ്ഗഭരണകൂടത്തിന്നു് അദ്ധ്വാനിക്കുന്ന വരായ കോടിക്കണക്കിന്നു് കൃഷിക്കാർ പൊതുവിൽ അനുകൂലി കളാണു്.

യഥാർത്ഥത്തിൽ ഇത്രക്കും ജനാധിപത്യപരമായ ഒരു ഭരണ കൂടം, അദ്ധ്വാനിക്കുന്നവരും ചൂഷിതരുമായ ജനവിഭാഗങ്ങളോടു്

ഇത്രയും അട്ടപ്പമുള്ള ഒരു ഭരണക്രൂടം ഇതുവരേക്കും വേറെ നില വിൽ വന്നിട്ടില്ല.

കമ്യൂണിസ്റ്റ് സുബോട്ടിണിക്കുകളിൽ കാണുന്നപോലെയുള്ള യഥാർത്ഥ തൊഴിലാളിപ്രവർത്തനമാണ് തൊഴിലാളിവർഗ്ഗ ഭരണ ക്രൂടത്തിന്നു് കൃഷിക്കാരുടെ സ്നേഹാദരങ്ങൾ നേടിക്കൊടുക്കുന്നതു്. നമ്മളാണ് ശരി, കമ്യൂണിസമാണ് ശരി, എന്നു കൃഷിക്കാരെ ബോദ്ധ്യപ്പെടുത്തുന്നതും തൊഴിലാളിവർഗ്ഗത്തിൻെറ ഉത്തമബന്ധു ക്കളായി അവരെ സ്വാധീനിക്കുന്നതും അത്തരം പ്രവർത്തനങ്ങ ളാണ്, അത്തരം പ്രവർത്തനങ്ങൾ മാത്രമാണ്. ഭക്ഷ്യകാര്യത്തിൽ നമുക്കുള്ള വിഷമതകൾ തരണം ചെയ്യുന്നതിന്നും മുതലാളിത്ത ത്തിൻെറ മേൽ കമ്യൂണിസത്തിൻെറ വിജയം ഉറപ്പിക്കുന്നതിന്നും കമ്യൂണിസ്റ്റ് സാമൂഹ്യവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന്നും സഹാ യിക്കുന്നതും അത്തരം പ്രവർത്തനങ്ങളാണ്.

| | |
|---|---|
| 1919 ജൂലായിൽ സ്റ്റേററ് പബ്ലിഷിങ്ങ് ഹൌസ് പ്രസിദ്ധീകരിച്ച ഒരു പ്രത്യേക ലഘുലേഖ, ജൂൺ 28, 1919, എൻ. ലനിൻ (ഒപ്പ്) | കലക്ടഡ് വർക്സ് വോ 29, പേജ് 409-34 |

## ഗുബേർണിയ വിദ്യാഭ്യാസമേഖലയിലെ വയോജനവിദ്യാഭ്യാസ ഡയരക്ടർമാരുടെ മൂന്നാം അഖിലറഷ്യൻ സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽനിന്നു്

(1920 ഫെബ്രുവരി 25)

സോവിയററുഭരണത്തിൽ മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതികളിൽ ബഹുജനവിദ്യാഭ്യാസം, പരിശീലനം, പ്രചരണം എന്നീ അടിയന്തിരപ്രാധാന്യമുള്ള കാര്യങ്ങളിൽ നാം എന്തു ചെയ്യണം എന്നതിനെക്കുറിച്ചുള്ള എന്റെ അഭിപ്രായങ്ങളെ നിങ്ങളെ അറിയിക്കുന്നതിന്നു ആദ്യമായി ഞാൻ നമ്മുടെ അഖില-റഷ്യൻ സെൻട്രൽ എക്സിക്യൂട്ടീവ് കമ്മററി അതിന്റെ കഴിഞ്ഞ യോഗത്തിൽ വൈദ്യുതീകരണത്തെക്കുറിച്ചു കൈക്കൊണ്ടിട്ടുള്ള തീരുമാനത്തിലേക്കു് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണു്. ആ തീരുമാനമെന്തെന്നു് ഇതിനകം നിങ്ങൾ മന

സ്സിലാക്കിയിട്ടുണ്ടായിരിക്കും. നമ്മുടെ രാജ്യത്തെ വൈദ്യുതീകരിക്കുന്നതിന്നു് ചുരുങ്ങിയതു് രണ്ടുകൊല്ലത്തിന്നും കവിഞ്ഞതു് പത്തുകൊല്ലത്തിന്നുമുള്ളിൽ നമുക്കു് നടപ്പിൽ വരുത്താൻ കഴിയുന്ന ഒരു പദ്ധതിയുടെ വിശദാംശങ്ങൾ അടുത്ത രണ്ടു മാസത്തിനകം (അച്ചടിച്ച റിപ്പോർട്ടിൽ രണ്ടാഴ്ച എന്നു കാണുന്നതു് പിശകാണു്) തയ്യാറാകുന്നതാണെന്നു് ഏതാനും ദിവസങ്ങൾക്കുമുമ്പു് പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായല്ലോ. നമ്മുടെ പാർട്ടിപ്രചരണം, സ്കൂൾവിദ്യാഭ്യാസം, ബഹുജനവിദ്യാഭ്യാസം—ഇവയുടെയെല്ലാം സ്വഭാവത്തിൽ മാററങ്ങൾ വരുത്തേണ്ടതു് അത്യാവശ്യമായിരിക്കുന്നു, മൗലികമായ മാററങ്ങൾ വരുത്തണമെന്നല്ല, സമാധാനപരമായ പുനഃസംഘടനയിലേക്കു് നാം മുന്നോടിക്കൊണ്ടിരിക്കുന്ന ഈ പരിവർത്തനഘട്ടത്തിൽ വ്യവസായവൽക്കരണം അതിവേഗം സാധിക്കുന്നതിന്നു് ആവശ്യമായ മാററങ്ങൾ വരുത്തണം എന്നാണു് ഞാനർത്ഥമാക്കുന്നതു്. നമ്മുടെ രാജ്യത്തിലെ ചെറുകിട കാർഷികസമ്പദ്‌വ്യവസ്ഥയെ കണക്കിലെടുത്തുകൊണ്ടു് സാമ്പത്തികമായും വ്യാവസായികമായും സത്വരപുരോഗതി സാധിക്കുന്നതിന്നു തക്കവണ്ണം സാമ്പത്തികശക്തികളെ പുനഃസംഘടിപ്പിച്ചു് തൊഴിലാളിവിപ്ലവത്തെ മുന്നോട്ടു നയിക്കുന്നതിന്നു ഉതകുന്ന മാററങ്ങളാണു് അത്യാവശ്യമായിട്ടുള്ളതു്. തങ്ങൾ കൃഷിചെയ്തുണ്ടാക്കുന്ന ധാന്യങ്ങളെല്ലാം തൊഴിലാളിഗവമെണ്ടിനെ ഏല്പിക്കാൻ നമ്മുടെ കൃഷിക്കാർ ഇന്നു് നിർബ്ബന്ധിയ്ക്കപ്പെട്ടിരിയ്ക്കയാണു്. പകരം പണമെന്നനിലയിൽ അവക്കു ലഭിക്കുന്ന തുണ്ടുചിത്രക്കടലാസ്സുകൾ അവരെ തൃപ്തിപ്പെടുത്തുന്നില്ല. അസംതൃപ്തരായ കൃഷിക്കാർ ന്യായമായും ആവശ്യപ്പെടുന്നതു് തങ്ങളുടെ ധാന്യത്തിന്നുപകരം വ്യവസായസാധനങ്ങൾ തങ്ങൾക്കു ലഭിക്കണം എന്നാണു്. വ്യവസായപുനസ്സംഘടന സാധിച്ചാലല്ലാതെ ഇതു നൽകുവാൻ നമുക്കു സാദ്ധ്യവുമല്ല. പുനഃസംഘടനയാണു് അടിസ്ഥാനകർത്തവ്യം; എന്നാൽ സാമ്പത്തികവും സാങ്കേതികവും ആയ പഴയ അടിത്തറകളിന്മേൽ

പുനഃസംഘടിപ്പിയ്ക്കാനും സാദ്ധ്യമല്ല. പഴയ അടിത്തറകളിന്മേലുള്ള പുനഃസംവിധാനം അസംബന്ധമാണു്; പുതിയൊരടിത്തറ നാം ഉണ്ടാക്കിയേതീരൂ. നമ്മുടെ വൈദ്യുതീകരണപദ്ധതി നമുക്കു നൽകുന്നതു് ഈ പുതിയ അടിത്തറയാണു്.

സോവിയററു പുരോഗതി സാധിയ്ക്കണമെങ്കിൽ സാങ്കേതികമായും സാംസ്കാരികമായും കൂടുതൽ ഉയൎന്നൊരു നിലവാരം അത്യന്താപേക്ഷിതമാണെന്ന വസ്തുതയാണു് കൃഷിക്കാരെയും എല്ലാ പിന്നോക്കജനവിഭാഗങ്ങളെയും നമുക്കു ധരിപ്പിക്കുവാനുള്ളതു്. സാമ്പത്തികപുനഃസംഘടനയിൽ കൂടിയല്ലാതെ അതിന്നു മാർഗ്ഗമില്ല. യുദ്ധം നമ്മുടെ സമ്പദ്‌വ്യവസ്ഥയെ തകൎത്തിരിക്കുകയാണെന്നും അതു് പുനഃസംഘടിപ്പിച്ചല്ലാതെ ധാന്യത്തിന്നു പകരം വ്യവസായസാധനങ്ങൾ ലഭിക്കുക സാദ്ധ്യമല്ലെന്നും എത്ര വിവരംകുറഞ്ഞ കൃഷിക്കാൎക്കും മനസ്സിലാകുന്നതാണു്. കൃഷിക്കാരുടെ ഈ അടിയന്തിരാവശ്യവുമായി ബന്ധപ്പെടുത്തിക്കൊണ്ടു വേണം നമ്മുടെ പ്രചരണവും സ്കൂൾ വിദ്യാഭ്യാസവും ബഹുജന വിദ്യാഭ്യാസവും എല്ലാം നാം മുന്നോട്ടു കൊണ്ടുപോകുവാൻ. സാമ്പത്തികപുനഃസംഘടനയല്ലാതെ മററു പോംവഴിയില്ലെന്നു് കൃഷിക്കാൎക്കു മനസ്സിലാകുന്ന രീതിയിൽ അവരുടെ നിത്യജീവിതവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായ പ്രചരണത്തിലാണു് നാം ശ്രദ്ധിയ്ക്കേണ്ടതു്. ആധുനിക സാങ്കേതികശാസ്ത്രത്തിൻെറ അടത്തറമേലല്ലാതെ—എന്നുവച്ചാൽ, വൈദ്യുതീകരണത്തിൻെറയും പുതിയൊരു സംസ്കാരത്തിൻെറയും അടിത്തറമേലല്ലാതെ—പുനഃസംവിധാനം സാദ്ധ്യമല്ലെന്നു് നമുക്കു വ്യക്തമായിരിയ്ക്കണം. വൈദ്യുതീകരണത്തിന്നു ഏതാണ്ടു പത്തുകൊല്ലം വേണ്ടിവരും. രാഷ്ട്രീയവും സാംസ്കാരികവുമായി കൂടുതൽ ഉയൎന്നൊരു നിലവാരം ആ സംരംഭത്തിന്നു അത്യാവശ്യമാണു്.

വ്യക്തമായൊരു പ്രായോഗികലക്ഷ്യം കൃഷിക്കാരുടെ മനസ്സിൽ തറക്കുന്നതരത്തിൽ വിപുലമായൊരു പ്രവൎത്തനപരി

പാടി നാം ആവിഷ്ക്കരിക്കണം. ഏതാനും മാസങ്ങൾകൊണ്ടു നിർവ്വഹിക്കാവുന്ന ഒരു കാര്യമല്ല ഇതു്. ചുരുങ്ങിയ ഒരു പരിപാടി നടപ്പിൽ വരുത്താൻപോലും മൂന്നു കൊല്ലത്തിലേറെ താമസം പിടിക്കും. സങ്കല്പലോകത്തിലൊന്നും പ്രവേശിയ്ക്കാതെ നമ്മുടെ രാജ്യത്തുടനീളം വൈദ്യുതസ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്നും വിദ്യുച്ഛക്തി ഉപയോഗപ്പെടുത്തിക്കൊണ്ടു് ആധുനിക വ്യവസായങ്ങൾ വളൎത്തുന്നതിന്നും കാർഷികരീതി പുനഃസംഘടിപ്പിയ്ക്കുന്നതിന്നും ഏററവും ചുരുങ്ങിയതു് പത്തുകൊല്ലമെങ്കിലും വേണ്ടിവരുന്നതാണു്. പക്ഷെ കൂടുതൽ ഉയൎന്നൊരു വിദ്യാഭ്യാസവും സംസ്കാരവും അതിന്നു് അത്യന്താപേക്ഷിതമാണു്.

ഗതാഗതതടസ്സങ്ങൾ തീക്കുക, കഴിയുന്നവേഗം ധാന്യമെത്തിക്കുക—ഇതാണു് നമ്മുടെ അടിയന്തിരകത്തവ്യം. അതിൽ കവിഞ്ഞൊന്നും പെട്ടന്നു് സാദ്ധ്യമല്ല എന്ന പരമാൎത്ഥം നമ്മളിൽനിന്നു് നാം മറച്ചുവെയ്ക്കേണ്ടതില്ല. അതേസമയം സാമ്പത്തിക പുനഃസംവിധാനത്തിന്നു് അത്യാവശ്യമെന്ന നിലയിൽ വിദ്യാഭ്യാസത്തിൻെറയും സംസ്കാരത്തിൻെറയും നിലവാരം ഉയൎത്തേണ്ടതിൻെറ അടിയന്തിരപ്രാധാന്യം നമ്മുടെ പ്രചാരവേലയിൽനിന്നു ഒരു വിധത്തിലും ഒഴിവാക്കാൻ പാടുള്ളതല്ല. തനിപഴഞ്ചൻ മട്ടിലുള്ള പ്രചാരവേലകളിലാണു് നാം ഇതുവരേക്കും ഏൎപ്പെട്ടുപോന്നിട്ടുള്ളതു്. വൎഗ്ഗസമരത്തെക്കുറിച്ചുള്ള ചില പൊതു ശൈലികളും തൊഴിലാളിസംസ്കാരത്തെക്കുറിച്ചുള്ള കുറെ അസംബന്ധങ്ങളുംകൊണ്ടാണു് കൃഷിക്കാരെ നാം കഴിഞ്ഞകാലത്തു് സമീപിച്ചുപോന്നിട്ടുള്ളതു്.[54] ഈ കൗമാരവൈകൃതങ്ങളിൽനിന്നു നാം കരകേറേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. നമ്മുടെ പ്രചാരവേലയിലും പ്രക്ഷോഭത്തിലും, വിദ്യാഭ്യാസത്തിലും പരിശീലനത്തിലും, ഈ പ്രശ്നത്തെ കൂടുതൽ പകൎച്ചയോടും കാൎയ്യബോധത്തോടുംകൂടി—കഴിഞ്ഞ രണ്ടു കൊല്ലത്തിന്നുള്ളിൽ ഒട്ടുചില അനുഭവപാഠങ്ങൾ ഉൾക്കൊണ്ടിട്ടുള്ള സോവി

യററം ഭരണാധികാരികളെന്ന നിലയിൽ—നാം അവതരിപ്പിയ്ക്കേണ്ടതും അത്യാവശ്യമാണു്. വ്യക്തവും പ്രായോഗികവും കാര്യക്ഷമവുമായ ഒരു പരിപാടിയോടുകൂടി നാം കൃഷിക്കാരെ സമീപിയ്ക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസത്തിൻെറയും സംസ്കാരത്തിൻെറയും ഇന്നത്തെ നിലവാരം പുലർത്തിക്കൊണ്ടു് വ്യവസായപുനസ്സംഘടന സാദ്ധ്യമല്ലെന്നും ദാരിദ്ര്യത്തിൽനിന്നും പട്ടിണിയിൽനിന്നും രോഗത്തിൽനിന്നും കരകേറുവാൻ കഴിയുകയില്ലെന്നും കൃഷിക്കാരെ നമ്മൾ ബോദ്ധ്യപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ പ്രായോഗിക കടമ വിദ്യാഭ്യാസത്തിൻെറയും സംസ്കാരത്തിൻെറയും നിലവാരം ഉയർത്തുന്നതിനോടു് അവശ്യം ബന്ധപ്പെട്ടാണിരിക്കുന്നതു്. നമ്മുടെ പ്രചരണവും പ്രക്ഷോഭവും, സ്കൂൾ വിദ്യാഭ്യാസവും ബഹുജനവിദ്യാഭ്യാസവും, എല്ലാം ഈ കേന്ദ്രവസ്തുതയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടായിരിയ്ക്കണം. കർഷകജനതയുടെ അടിയന്തിരാവശ്യങ്ങളെക്കുറിച്ചും താല്പര്യങ്ങളെക്കുറിച്ചും ശരിയായി മനസ്സിലാക്കുന്നതിന്നു് അതു സഹായിക്കുന്നതാണു്. സാമ്പത്തിക ആവശ്യങ്ങളും വിദ്യാഭ്യാസത്തിൻെറയും സംസ്കാരത്തിൻെറയും ആവശ്യങ്ങളും തമ്മിലുള്ള അടുത്ത ബന്ധത്തെ അതു് തെളിയിച്ചുതരുന്നതാണു്. വിദ്യാഭ്യാസത്തിന്നു വേണ്ടിയുള്ള അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ദാഹത്തെ അതു നൂറുമടങ്ങു് വർദ്ധിപ്പിക്കുന്നതുമാണു്. യുദ്ധത്തിൻെറ പ്രയാസപ്പെട്ട പ്രശ്നങ്ങൾ രണ്ടുകൊല്ലത്തിന്നുള്ളിൽ പരിഹരിക്കാൻ കഴിഞ്ഞ നമ്മൾക്കു് കൂടുതൽ പ്രയാസപ്പെട്ട വിദ്യാഭ്യാസത്തിൻെറയും സംസ്കാരത്തിൻെറയും പ്രശ്നങ്ങൾ പത്തുകൊല്ലംകൊണ്ടു് പരിഹരിയ്ക്കാൻ കഴിയുമെന്ന കാര്യം തീർച്ചയാണു്.

ഈ ചില സംഗതികൾ നിങ്ങളോടു് പറയാൻ മാത്രമാണ ഞാൻ ഉദ്ദേശിച്ചിട്ടുള്ളതു്. (കരഘോഷം).

മുഴുവനായുള്ള ആദ്യപ്രസിദ്ധീകരണം, ) കലക്റ്റഡ് വർക്കു്;
പ്രവദ ന: 114, ഏപ്രിൽ 25, 1930 ) വോ: 30, പേ: 376–79

## ജലഗതാഗതത്തൊഴിലാളികളുടെ മൂന്നാം അഖില-റഷ്യൻ കോൺഗ്രസ്സിൽ ചെയ്ത പ്രസംഗത്തിൽനിന്നു

### മാർച്ച് 15, 1920

മുമ്പത്തെ വിപ്ലവങ്ങൾ പരാജയപ്പെട്ടതു് ഉറച്ച ഒരു സർവ്വാധിപത്യത്തിൽ സ്വന്തം അധികാരം നിലനിർത്താൻ തൊഴിലാളിവർഗ്ഗത്തിന്നു സാധിക്കാതെ പോയതുകൊണ്ടാണു്, ബലപ്രയോഗം കൊണ്ടും നിർബ്ബന്ധംകൊണ്ടും മാത്രം അധികാരം നിലനിർത്താൻ കഴിയുകയില്ലെന്നു അവർ മനസ്സിലാക്കിയിരുന്നില്ല. മുതലാളിത്തത്തിന്റെ സംസ്ക്കാരത്തേയും സാങ്കേതികവിജ്ഞാനത്തേയും അതിലെ വിദഗ്ദ്ധന്മാരുടെ സേവനങ്ങളേയും ഉപയോഗപ്പെടുത്തിക്കൊണ്ടുമാത്രമേ തൊഴിലാളിവർഗ്ഗത്തിന്നു് അധികാരത്തിൽ തുടരാൻ സാധിക്കുകയുള്ളു. വ്യവസായങ്ങളുടെ നടത്തിപ്പിൽ ആദ്യമായി ഏർപ്പെടുന്ന തൊഴിലാളികൾ ഈ വിദഗ്ദ്ധന്മാരോടു്—

മുതലാളിത്തവ്യവസ്ഥയിൽ ഡയറക്ടർമാരായും കോടിക്കണക്കിന്നു സ്വത്തിൻെറ അധിപന്മാരായും തൊഴിലാളികളെ മർദ്ദിച്ചിരുന്നവരോട്—സൗഹാർദ്ദപരമായ ഒരു സമീപനമല്ല കൈക്കൊള്ളുന്നതു്. ഈ തൊഴിലാളികൾ കമ്മ്യൂണിസത്തിലേക്കു് നീങ്ങാൻ തുടങ്ങിയിട്ടുമാത്രമെ ഉള്ളു എന്നാണു് അതു കാണുമ്പോൾ നമ്മൾ, നിങ്ങളിൽ ഭൂരിപക്ഷംപേരും, പറയുന്നതു്. ബൂർഷ്വാ ആശയങ്ങളും വീക്ഷണഗതിയും തീണ്ടാത്ത വിദഗ്ദ്ധന്മാരുടെ സഹായത്തോടുകൂടി കമ്മ്യൂണിസം പടുത്തുയർത്താൻ കഴിയുമെങ്കിൽ അതു നല്ലതുതന്നെ. പക്ഷെ അതു കേവലം മനോരാജ്യം മാത്രമാണിന്നു്. ആകാശത്തുനിന്നു പൊട്ടിവീണ യാതൊന്നും ലഭിക്കുകയില്ലെന്നു് നമുക്കറിയാം. കമ്മ്യൂണിസം മുതലാളിത്തത്തിൽനിന്നു വളരുന്നതും അതിൻെറ അവശിഷ്ടങ്ങൾകൊണ്ടു് പടുത്തുയർത്തേണ്ടതും ആണെന്നു് നാം മനസ്സിലാക്കിയിട്ടുണ്ടു്. ഈ അവശിഷ്ടങ്ങൾ കൊള്ളരുതാത്തവയെന്നതു ശരിതന്നെ; പക്ഷെ നമുക്കു മററു ഗതിയില്ല. മനോരാജ്യത്തിൽമാത്രം കമ്മ്യൂണിസം കെട്ടിപ്പടുക്കുന്നവരെ എല്ലാ കാര്യാലോചനാസമ്മേളനങ്ങളിൽനിന്നും നാം ആട്ടിപ്പുറത്താക്കണം. മുതലാളിത്തത്തിൻെറ അവശിഷ്ടങ്ങൾകൊണ്ടു് കാര്യങ്ങൾ നടത്താൻ കഴിവുള്ളവരെ മാത്രമേ അവിടെ ഇരുത്തിക്കൂടു. അതീവ ദുഷ്കരമെങ്കിലും ഫലപ്രദമായൊരു ജോലിയാണതു്. സംസ്കാരത്തിൻെറയും സാങ്കേതികവിജ്ഞാനത്തിൻെറയും സംവാഹകരെന്ന നിലയിൽ വിദഗ്ദ്ധന്മാരെ നാം സ്വീകരിയ്ക്കേണ്ടതും ആദരിയ്ക്കേണ്ടതും ഉണ്ടു്. അവരെക്കൂടാതെ യാതൊന്നും, യാതൊരു കമ്മ്യൂണിസവും സാദ്ധ്യമല്ലതന്നെ.

| | |
|---|---|
| പ്രവദ ന: 59, 60 മാർച്ച് 17, 18, 1920;<br>ഇസ്‌വെസ്റ്റിയ നവ: 59, 61, 62 മാർച്ച്<br>17, 20, 21, 1920. | കലക്റ്റഡ് വർക്സ്,<br>വോ: 30<br>പേ: 429, 30 |

## യുവജനസംഘടനകളുടെ കടമകൾ— ഗ്യം-കമ്മ്യൂണിസ്റ്റ് ലീഗിന്റെ മൂന്നാം അഖില-റഷ്യൻ കോൺഗ്രസ്സിൽ ചെയ്ത പ്രസംഗം

1920 ഒക്ടോബർ 2-ാംനു

**കോൺഗ്രസ്സ് ലെനിനെ വമ്പിച്ച കരഘോഷത്തോടുകൂടി അഭിവാദ്യംചെയ്യുന്നു.**

**സഖാക്കളേ, യംഗ് കമ്മ്യൂണിസ്റ്റ് ലീഗിന്റെ മൗലിക കടമകൾ എന്തെല്ലാമായിരിക്കണം, ഒരു സോഷ്യലിസ്റ്റ് റിപ്പബ്ലിക്കിൽ യുവജനസംഘടനകളുടെ കടമകൾ പൊതുവിൽ എന്തെല്ലാമായിരിക്കണം, എന്നതിനെക്കുറിച്ച് സംസാരിക്കാനാണ് ഞാനിന്ന് ഉദ്ദേശിക്കുന്നത്.**

ഈ പ്രശ്നത്തെക്കുറിച്ച് ഗാഢമായി ചിന്തിക്കേണ്ടതു് ഈ സന്ദർഭത്തിൽ അത്യാവശ്യമാണ്; കാരണം കമ്യൂണിസം കെട്ടിപ്പടുക്കേണ്ടതിന്റെ ഭാരം ഒരർത്ഥത്തിൽ യുവജനങ്ങളെയാണ് ഇന്നു് നേരിട്ടുകൊണ്ടിരിക്കുന്നതു്. മുതലാളിത്തത്തിൽ വളർന്നു വന്ന അദ്ധ്വാനിക്കുന്ന ജനതയുടെ ഇന്നത്തെ തലമുറക്കു് അങ്ങേയററം സാധിക്കുന്നതു് ചൂഷണത്തിൽ അധിഷ്ഠിതമായ ജീവിതരീതിയുടെ അടിത്തറ തകക്കുക മാത്രമാണ്. അങ്ങേയററം അതിന്നു് തൊഴിലാളിവർഗ്ഗത്തിന്റെ അധികാരം നിലനിർത്തുന്നതിന്നും പുതിയൊരു സാമൂഹ്യവ്യവസ്ഥക്കു് അടിത്തറ പാകുന്നതിന്നും കഴിയുമായിരിക്കും. ഈ അടിത്തറമേൽ കമ്യൂണിസം കെട്ടിപ്പടുക്കേണ്ട ചുമതല വന്നുചേരുന്നതു് പുതിയ തലമുറയിലാണ്; ചൂഷണസ്സമ്പർക്കമില്ലാത്ത പുതിയ സാഹചര്യങ്ങളിൽ പ്രവർത്തിച്ചുതുടങ്ങുന്ന പുതിയ തലമുറയിലാണ്.

ഈ നിലപാടിൽനിന്നു് ചിന്തിക്കുമ്പോൾ പൊതുവിൽ യുവജനങ്ങളുടെ, വിശേഷിച്ചും യംഗ് കമ്യൂണിസ്റ്റ് ലീഗിന്റേയും മററു യുവജനസംഘടനകളുടേയും കടമയായി ഒററ വാക്കിൽ എനിക്കു പറയുവാനുള്ളതു് "പഠിയ്ക്കുക" എന്നാണ്.

തീർച്ചയായും ഒററവാക്കു മാത്രമാണിതു്; എന്തു പഠിക്കണം, എങ്ങനെ പഠിക്കണം, എന്ന സർവ്വപ്രധാന പ്രശ്നങ്ങളെക്കുറിച്ചൊന്നും അതു സൂചിപ്പിക്കുന്നില്ല. ഇവിടെ ഏററവും പ്രധാനപ്പെട്ട സംഗതി മുതലാളിത്തത്തിൽനിന്നുള്ള ഈ പരിവർത്തനഘട്ടത്തിൽ കമ്യൂണിസം കെട്ടിപ്പടുക്കാൻ ചുമതലപ്പെട്ട പുതിയ തലമുറയെ വിദ്യയഭ്യസിപ്പിക്കുന്നതും പരിശീലിപ്പിക്കുന്നതും വളർത്തിക്കൊണ്ടുവരുന്നതും പഴയ സമ്പ്രദായങ്ങളിൽക്കൂടി പാടില്ല എന്നതാണ്. എന്നാൽ പുതിയ തലമുറയെ അഭ്യസിപ്പിക്കുന്നതിന്നും പരിശീലിപ്പിക്കുന്നതിന്നും പഴയ സാമൂഹ്യവ്യവസ്ഥയിൽ അവശേഷിച്ചിട്ടുള്ള സാധനസാമഗ്രികൾ മാത്രമേ നമ്മുടെ

കൈവശമുള്ളു. പഴയ സാമൂഹ്യവ്യവസ്ഥയുടെ അറിവും പരിജ്ഞാനവും സംഘടനകളും സ്ഥാപനങ്ങളും—അതു വളർത്തിക്കൊണ്ടു വന്ന സാമൂഹ്യോപാധികളുടെ ആകത്തുക—ഉപയോഗപ്പെടുത്തിയിട്ടു മാത്രമേ കമ്യൂണിസം കെട്ടിപ്പടുക്കാൻ നമുക്കാവുകയുള്ളു. പഴയതിൽനിന്നു് തികച്ചും വ്യത്യസ്തമായൊരു സാമൂഹ്യവ്യവസ്ഥ—കമ്യൂണിസം—കെട്ടിപ്പടുക്കുന്നതിന്നു് പുതിയ തലമുറ നടത്തുന്ന പരിശ്രമങ്ങൾ വിജയിക്കണമെങ്കിൽ അവരുടെ വിദ്യാഭ്യാസവും പരിശീലനവും പാടേ പുതിയ രീതികളിൽ പുനഃസംഘടിപ്പിച്ചേ പററു. അതുകൊണ്ടാണു് യുവജനങ്ങളെ എന്തു പഠിപ്പിക്കണം, അവരെന്തു പഠിക്കണം, എന്ന വിഷയത്തിൽ സവിശേഷമായ ശ്രദ്ധ ചെലുത്തേണ്ടതു് അത്യാവശ്യമായിരിക്കുന്നതു്. കമ്യൂണിസ്റ്റു്യുവാക്കൾ എന്ന പേരിന്നു് അർഹത നേടണമെങ്കിൽ, നാം തുടങ്ങിവെച്ച നിർമ്മാണം വിഘ്നംകൂടാതെ തുടരാൻ കഴിയണമെങ്കിൽ വിദ്യാഭ്യാസത്തിന്നും പരിശീലനത്തിന്നും വിശദമായ പുതിയൊരു പരിപാടി ആവിഷ്കരിച്ചേ പററൂ.

കമ്യൂണിസത്തിലേക്കു് മുന്നേറുവാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾ ആദ്യമായി കമ്യൂണിസത്തെക്കുറിച്ചു പഠിക്കണം എന്നാണു് ഞാൻ പറയുക.

എന്നാൽ "കമ്യൂണിസത്തെക്കുറിച്ചു പഠിക്കണം" എന്നതു് സാമാന്യമായ ഒരു പാച്ചിൽ മാത്രമേയാകുന്നുള്ളു. കമ്യൂണിസത്തെക്കുറിച്ചു പഠിക്കാൻ എന്തെല്ലാം നമുക്കാവശ്യമായിട്ടുണ്ടു്? പൊതു വിജ്ഞാനത്തിൽനിന്നു് ഏതെല്ലാം വേർപെടുത്തിയെടുത്താലാണു് കമ്യൂണിസത്തെക്കുറിച്ചു് സാമാന്യമായി ഗ്രഹിക്കാൻ കഴിയുക? തെററായോ ഭാഗികമായോ ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതു് പല ആപത്തുകളിലേക്കും എത്തിച്ചേക്കാം. കമ്യൂണിസ്റ്റു് സംഹിതകളിലും, ലഘുലേഖകളിലും പുസ്തകങ്ങളിലും

ഉള്ള അറിവുമുഴവൻ ആജ്ജിക്കുക എന്നാണ് ഇതിനെക്കുറിച്ച് ചിന്തിക്കുമ്പോഠം ആദ്യമായി നമ്മുടെ ഉള്ളിൽ തോന്നുന്നതു്. എന്നാൽ അത്തരമൊരു നിർവ്വചനം പ്രാകൃതമാണ്, ആവശ്യത്തിന്ന് മതിയാകാത്തതുമാണ്. കമ്യൂണിസത്തെക്കുറിച്ച് പഠിക്കുക എന്നുവച്ചാൽ കമ്യൂണിസ്റ്റ് ഗ്രന്ഥങ്ങഠം മനഃപാഠമാക്കുക എന്നു മാത്രമാണ് അത്ഥമെങ്കിൽ കുറെ പണ്ഡിതമ്മന്യന്മാരെയും ആത്മപ്രശംസക്കാരേയും എളുപ്പത്തിൽ നമുക്കു കിട്ടിയെന്നുവരും. അതു് ദോഷം മാത്രമാണ് വരുത്തിവെക്കുക. അത്തരം പുസ്തകപ്പുഴുക്കഠംക്കു് വിവിധവിജ്ഞാനശാഖകഠം തമ്മിൽ ഏകീകരിച്ച് മനസ്സിലാക്കുവാനോ, കമ്യൂണിസം ആവശ്യപ്പെടുന്ന രീതിയിൽ പ്രവത്തിക്കുവാനോ കഴിയുന്നതല്ല.

പുസ്തകത്തിലെഴുതിയതും പ്രയോഗത്തിൽ വരുത്തുന്നതും തമ്മിലുള്ള വമ്പിച്ച വിടവാണ് പഴയ മുതലാളിത്തവ്യവസ്ഥയിലെ ഏററവും ദൗർഭാഗ്യകരമായ സംഗതി. ഏററവും ഭംഗിയായ രീതിയിൽ കാര്യ്യങ്ങഠം വിവരിക്കുന്ന എത്രയോ ഗ്രന്ഥങ്ങഠം മുതലാളിത്തസമുദായത്തിൽ കാണാം; എന്നാൽ മുതലാളിത്തത്തെ കപടമായി ചിത്രീകരിക്കുകയും ആളുകളെ വഴിതെററിക്കുകയുമാണ് ഇതിൽ മിക്ക പുസ്തകങ്ങളും ചെയ്യുന്നതു്.

കമ്യൂണിസത്തെക്കുറിച്ച് ഗ്രന്ഥപരിചയം നേടിയതുകൊണ്ടു മാത്രമായില്ല എന്നു പറയുന്നതു് അതുകൊണ്ടാണ്. കമ്യൂണിസത്തെക്കുറിച്ച് പുസ്തകങ്ങളിൽ പറഞ്ഞിട്ടുള്ളതു് ആവത്തിക്കുക മാത്രമല്ല നമ്മുടെ പ്രസംഗങ്ങളിലും ലേഖനങ്ങളിലും നാമിന്നു് ചെയ്യുന്നതു്. നാനാമണ്ഡലങ്ങളിലും നമ്മുടെ നിത്യജീവിതവുമായി ബന്ധപ്പെട്ടുകൊണ്ടാണല്ലോ നമ്മഠം പ്രസംഗിക്കുന്നതും എഴുതുന്നതും. അദ്ധ്വാനിക്കാതെയും സമരം ചെയ്യാതെയും കമ്യൂണിസത്തെക്കുറിച്ചും പുസ്തകം നോക്കി പഠിച്ചതുകൊണ്ടു മാത്രം യാതൊരു പ്രയോജനവുമില്ല. കാരണം സിദ്ധാന്തവും പ്രയോഗവും

തമ്മിലുള്ള പഴയ വിടവു്, മുതലാളിത്തസമുദായത്തിലെ ഏററവും വലിയ ന്യൂനത, തുടരുന്നതായിരിക്കും അതിൻെറ ഫലം.

കമ്യൂണിസ്സു് മുദ്രാവാക്യങ്ങൾ മാത്രം ഗ്രഹിക്കുന്നതു് കൂടുതൽ ആപൽക്കരമായിരിക്കും. ഈ ആപത്തു് യഥാകാലം മനസ്സിലാക്കി വേണ്ട മുൻകരുതലുകൾ നമ്മൾ എടുത്തില്ലായിരുന്നുവെങ്കിൽ, കമ്യൂണിസ്റ്റുകാരെന്നു് ഇന്നറിയപ്പെടുന്ന അഞ്ചുലക്ഷത്തോളം സ്ത്രീപുരുഷന്മാർ കമ്യൂണിസത്തിന്നു് വലിയ ദ്രോഹം വരുത്തിവെച്ചേനെ.

അപ്പോൾ പ്രസക്തമായ ചോദ്യം: ഇതെല്ലാം കൂട്ടിയോജിപ്പിച്ചു കമ്യൂണിസത്തെക്കുറിച്ചു് എങ്ങനെ പഠിക്കാം, എന്നതാണു്. പഴയ സമ്പ്രദായങ്ങളിൽനിന്നു്, പഴയ ശാസ്ത്രങ്ങളിൽനിന്നു എന്തെല്ലാം നമുക്കു ഗ്രഹിക്കാനുണ്ടു്? പഴയ സ്കൂളുകളുടെ പ്രഖ്യാപിതലക്ഷ്യം സാമാന്യവിദ്യാഭ്യാസം നേടിയ കുറെ ആളുകളെ വാർത്തെടുക്കുക, ശാസ്ത്രങ്ങൾ പൊതുവിൽ പഠിക്കുക, എന്നതായിരുന്നു. ഇതു് മുഴുത്ത കാപട്യമായിരുന്നു എന്നു് നമുക്കറിയാം. കാരണം ചൂഷകരും ചൂഷിതരും എന്ന നിലയിൽ ജനങ്ങൾ വിരുദ്ധവർഗ്ഗങ്ങളായി ചേരിതിരിഞ്ഞു് ഒരു സമുദായമായിരുന്നു അതു്. വർഗ്ഗബോധത്തിൽ അധിഷ്ഠിതമായിരുന്ന ആ സമുദായത്തിൽ മുതലാളിമാരുടെ മക്കൾക്കു മാത്രമാണു് ശരിക്കു വിദ്യാഭ്യാസം ലഭിച്ചിരുന്നതു്. എഴുതിയിരുന്ന സകലതും മുതലാളിമാരുടെ താല്പര്യങ്ങൾക്കുവേണ്ടി ദുർവ്യാഖ്യാനിക്കപ്പെട്ടു. ആ പഴയ സ്കൂളുകളിൽ തൊഴിലാളികളുടെയും കൃഷിക്കാരുടെയും മക്കൾക്കു ലഭിച്ചിരുന്നതു് യഥാർത്ഥവിദ്യാഭ്യാസമല്ല. മുതലാളിമാർക്കു് വിടുപണിയെടുക്കാൻ വേണ്ട കവാത്തു മാത്രമാണു്. മുതലാളിമാർക്കുവേണ്ടി സേവനമനുഷ്ഠിക്കുക, യാതൊരലട്ടുമുണ്ടാക്കാതെ അവർക്കു് ആദായം നേടിക്കൊടുക്കുക—ഇതിന്നു വേണ്ട

പരിശീലനം മാത്രമാണ് പ്രസ്തുത സ്കൂളുകൾ തൊഴിലാളികളുടെയും കൃഷിക്കാരുടെയും കുട്ടികൾക്ക നല്കിയിരുന്നതു്. അതുകൊണ്ടാണ് പഴയ സ്കൂളുകൾ തള്ളുവാനും, അതിൽ കമ്യൂണിസ്റ്റ് വിദ്യാഭ്യാസത്തിന്നു് ആവശ്യമായതുമാത്രം കൊള്ളുവാനും, നമ്മൾ തീരുമാനിച്ചിട്ടുള്ളതു്.

ഈ സന്ദർഭത്തിൽ പഴയ സ്കൂളുകളെക്കുറിച്ചു് നാം പതിവായി കേട്ടുവരുന്ന ആക്ഷേപങ്ങളെക്കുറിച്ചും ആവലാതികളെക്കുറിച്ചും എനിക്ക ചിലതു് പറയാനുണ്ടു്. വേണ്ടവിധത്തിൽ മനസ്സിലാക്കുന്നില്ലെങ്കിൽ അവ നമ്മെ വഴിതെററിച്ചേക്കും. പഴയ സ്കൂളുകൾ പുസ്തകപരിചയം മാത്രമാണ് നൽകുന്നതു്, കവാത്തും വിടുപണിയും മാത്രമാണ് അവിടെ പഠിപ്പിക്കുന്നതു്. എന്നെല്ലാം പറയാറുണ്ടു്. അതിൽ കുറെ ശരിയുമുണ്ടു്. എന്നാൽ പഴയ സ്കൂളുകളിൽ ദോഷകരമായതെന്തു്, നമുക്ക പ്രയോജനപ്പെടുന്നതെന്തു്, എന്നു് തരംതിരിച്ചു മനസ്സിലാക്കി കമ്യൂണിസ്റ്റ് വിദ്യാഭ്യാസത്തിന്നു പ്രയോജനപ്പെടുന്നതു മുഴുവൻ സ്വീകരിക്കാൻ നമ്മൾ തയ്യാറാവണം.

പഴയ സ്കൂളുകൾ കുറെ പുസ്തകങ്ങൾ പഠിപ്പിച്ചു: ആവശ്യമുള്ളതും ഇല്ലാത്തതും ആയ വിവരങ്ങൾ പുതിയ തലമുറയിൽ കുത്തിക്കേററി അവരുടെ തലച്ചോറു് മരവിപ്പിച്ചു ഒരേ അച്ചിൽ പെട്ട കുറെ ഉദ്യോഗസ്ഥപ്രഭുക്കളെ അവരിൽനിന്നു വാർത്തെടുത്തു. മനുഷ്യരാശി ആർജ്ജിച്ചിട്ടുള്ള വിജ്ഞാനം യാതൊന്നും ഗ്രഹിക്കാതെ ഒരു നല്ല കമ്യൂണിസ്റ്റാകാൻ സാധിക്കുമെന്ന നിഗമനത്തിലാണ് ഇതിൽനിന്നു് നിങ്ങൾ എത്തുന്നതു് എങ്കിൽ അതു് വമ്പിച്ച ഒരു തെററായിരിക്കും. മാനവരാശിയുടെ വിജ്ഞാനഭണ്ഡാഗാരത്തിൽനിന്നു് ഉടലെടുത്തിട്ടുള്ളതാണ് കമ്യൂണിസം. ആ വിജ്ഞാനത്തെക്കുറിച്ചു് യാതൊന്നും ഗ്രഹിക്കാതെ കമ്യൂണിസ്റ്റ് മുദ്രാവാക്യങ്ങളും കമ്യൂണിസ്റ്റ് പുസ്തകങ്ങളും മാത്രം മന

സ്റ്റിലാക്കിയാൽമതി എന്നുള്ള ധാരണ തികച്ചും തെററാണു്. മാനവവിജ്ഞാനത്തിൽനിന്നു് കമ്യൂണിസം എങ്ങനെ രൂപം കൊണ്ടു എന്നതിന്നു് മാർക്സിസം ഉദാഹരണമാണു്.

മാർക്സ് വലിയൊരു പ്രതിഭാശാലിയായിരുന്നു; പത്തൊൻപതാം നൂററാണ്ടിൽ ജീവിച്ച അദ്ദേഹമാണു് കമ്യൂണിസ്റ്റു് സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചു് ശാസ്ത്രീയമായി അവയെ വളർത്തിയെടുത്തതു്. എന്നാൽ ഇന്നു കമ്യൂണിസ്റ്റുസിദ്ധാന്തങ്ങൾ യാതൊരു പ്രത്യേക വ്യക്തിയുടെയും സൃഷ്ടിയല്ലാതായിത്തീർന്നിരിക്കുന്നുവെന്നും നിത്യജീവിതത്തിൽ മുതലാളിത്തത്തിന്നെതിരായി സമരം നടത്തുന്ന കോടിക്കണക്കിന്നു് തൊഴിലാളികളുടെ പൊതുസ്വത്തായിത്തീർന്നിരിക്കുകയാണെന്നും നിങ്ങൾക്കു് അറിയാവുന്നതാണു്. വിപ്ലവകാരിവർഗ്ഗത്തിലെ കോടികോടിക്കണക്കിന്നാളുകളുടെ മനസ്സും ഹൃദയവും ഇത്രമേൽ സ്വാധീനിക്കുവാൻ മാർക്സിന്റെ നിദർശനങ്ങൾക്കു് എങ്ങനെ സാധിച്ചു എന്നു ചോദിച്ചാൽ ഒരേ ഒരു മറുപടിയാണു് നിങ്ങൾക്കു ലഭിക്കുക: മുതലാളിത്തത്തിൻകീഴിൽ മനുഷ്യരാശിയാർജ്ജിച്ച വിജ്ഞാനം മുഴുവൻ മാർക്സ് ആസ്പദമാക്കിയെടുത്തതുകൊണ്ടു്—എന്ന മറുപടിയാണതു്. മനുഷ്യസമുദായം വികാസം പ്രാപിച്ചതിന്റെ നിയമങ്ങൾ പഠിച്ചറിഞ്ഞ മാർക്സ് മുതലാളിത്തം അനിവാര്യമായും കമ്യൂണിസത്തിലേക്കു് നീങ്ങും എന്ന നിഗമനത്തിലെത്തി. മുതലാളിത്ത സാമൂഹ്യവ്യവസ്ഥയെക്കുറിച്ചു് സൂക്ഷ്മമായും വിശദമായും വിശകലനംചെയ്തു് പഠിച്ചതിന്നുശേഷമാണു്, അതുവരെയുള്ള ശാസ്ത്രങ്ങളെക്കുറിച്ചു് ഏതാണ്ടു് മുഴുവൻ ഗ്രഹിച്ചതിന്നുശേഷമാണു്, മാർക്സ് ഈ നിഗമനത്തിൽ എത്തിയതു് എന്നുള്ളതാണു് ഏററവും പ്രധാനപ്പെട്ട സംഗതി. യാതൊന്നും അവഗണിയ്ക്കാതെ മനുഷ്യസമുദായത്തിന്റെ സൃഷ്ടികളെ വിമർശനാത്മകമായി രൂപാന്തരപ്പെടുത്തുകയാണു് മാർക്സ് ചെയ്തതു്. തൊഴിലാളിപ്രസ്ഥാനത്തെ അദ്ദേഹം മനുഷ്യചിന്ത കണ്ടെത്തിയിട്ടുള്ള

എല്ലാ വിമർശനങ്ങൾക്കും പരിശോധനകൾക്കും പുനഃപരിശോധനകൾക്കും വിധേയമാക്കി, അതിന്നുശേഷം മാത്രമാണ് അദ്ദേഹം തൻെറ നിഗമനങ്ങളിൽ—ബൂർഷ്വാചട്ടക്കൂട്ടിലും പരിമിതികളിലും കുടുങ്ങിക്കഴിഞ്ഞവർക്ക് എത്താൻ കഴിയാതിരുന്ന നിഗമനങ്ങളിൽ—എത്തിച്ചേർന്നതു്.

തൊഴിലാളിസംസ്കാരത്തെക്കുറിച്ചു് പറയുമ്പോൾ, ഉദാഹരണത്തിന്നു് ഇതു നമ്മുടെ മനസ്സിൽ ഉണ്ടാകേണ്ടതാണ്. മാനവരാശിയുടെ മുഴുവൻ വിജ്ഞാനവും സംസ്കാരവും ശരിയ്ക്കും പഠിച്ചും യഥോചിതം മാററിയും അല്ലാതെ തൊഴിലാളിസംസ്കാരം വാൎത്തെടുക്കുക സാദ്ധ്യമല്ലെന്നു് നാം വ്യക്തമായും ധരിച്ചേ തീരൂ: തൊഴിലാളിസംസ്കാരം ആവിയിൽനിന്നു് രൂപംകൊള്ളുന്നതല്ല; തൊഴിലാളിസംസ്കാരത്തിൽ വൈദഗ്ദ്ധ്യം ചമയുന്നവരുടെ കണ്ടുപിടുത്തവുമല്ല അതു്. ആണെന്നു പറയുന്നതു് ശുദ്ധ അസംബന്ധമാണ്. ഫ്യൂഡലിസത്തിലെയും മുതലാളിത്തത്തിലെയും ഉദ്യോഗസ്ഥപ്രഭുത്വത്തിലെയും സമുദായങ്ങൾ ആൎജ്ജിച്ച ജ്ഞാനവിജ്ഞാനാദികളുടെ പരിണതപരിണാമമാണ് തൊഴിലാളിസംസ്കാരം. ഈ പാതകളെല്ലാം നയിക്കുന്നതും എത്തുന്നതും തൊഴിലാളിസംസ്കാരത്തിലാണ്. മനുഷ്യസമുദായം അനിവാൎയ്യമായും കമ്യൂണിസത്തിലെത്തുമെന്നും വൎഗ്ഗസമരവും തൊഴിലാളി വിപ്ലവവും അതിലേക്കുള്ള മാൎഗ്ഗങ്ങളാണെന്നും മാർക്സ് ആവിഷ്കരിച്ച അൎത്ഥശാസ്ത്രം നമുക്കു് ചൂണ്ടിക്കാണിച്ചു തന്നിട്ടുണ്ടല്ലോ.

പഴയ സ്കൂളുകൾ ചുമ്മാ കാണാപ്പാഠം പഠിപ്പിയ്ക്കുകയാണെന്നു് കുററപ്പെടുത്തുന്ന യുവജനപ്രതിനിധികളോടും പുത്തൻ സമ്പ്രദായങ്ങളുടെ ഉപജ്ഞാതാക്കളോടും നമ്മൾ പറയുന്നതു് ആ പഴയ സ്കൂളുകളുടെ നല്ല വശങ്ങൾ നമ്മൾ സ്വീകരിക്കണം എന്നാണ്. മുക്കാലേ അരയ്ക്കാൽ ഭാഗം പ്രയോജനശൂന്യവും അര

സ്കൂൾഭാഗം ആപല്ക്കരവും ആയ അനാവശ്യവിവരങ്ങൾ കട്ടികളുടെ തലയ്ക്കുള്ളിൽ കുത്തിക്കേററുന്ന രീതി നമ്മൾ സ്വീകരിയ്ക്കേണ്ടതില്ല. ഇതിൻെറ അർത്ഥം നാം കമ്യൂണിസ്റ്റ് തത്വങ്ങളും കമ്യൂണിസ്റ്റ് മുദ്രാവാക്യങ്ങളും മാത്രം പഠിച്ചാൽ മതി എന്നല്ല. അത്തരത്തിൽ കമ്യൂണിസം സൃഷ്ടിയ്ക്കുക സാദ്ധ്യമല്ല. കമ്യൂണിസ്റ്റ്കാരനാകണമെങ്കിൽ തൻെറ മനസ്സ് മാനവരാശിയുടെ വിജ്ഞാനഭണ്ഡാഗാരത്തിൽനിന്നു് സമ്പന്നമായിരിക്കണം.

കാണാപ്പാഠം പഠിയ്ക്കേണ്ട യാതൊരാവശ്യവും നമുക്കില്ല; പക്ഷേ മൗലികസംഗതികളെക്കുറിച്ചുള്ള അറിവും പരിജ്ഞാനവും എല്ലാ വിദ്യാർത്ഥികൾക്കും നമ്മൾ ഉണ്ടാക്കിക്കൊടുത്തേ പററൂ. വെറുതെ പഠിച്ചതുകൊണ്ടായില്ല; പഠിച്ചതിനെക്കുറിച്ച് ചിന്തിച്ച് ഇന്നത്തെ ഒരു വിദ്യാസമ്പന്നന് ഉണ്ടായിരിയ്ക്കേണ്ട അറിവ് സമ്പാദിയ്ക്കുകയാണാവശ്യം. പഠിച്ചതു ഉള്ളിൽക്കിടന്നു് നല്ലപോലെ ദഹിയ്ക്കുന്നില്ലെങ്കിൽ കമ്യൂണിസം വെറും പൊള്ളയായിരിക്കും, അത്താം കമ്യൂണിസ്റ്റുകാർ തനി പൊങ്ങച്ചക്കാരുമായിരിയ്ക്കും. പഠിച്ചതു് പ്രവൃത്തനത്തിൽ കൊണ്ടുവന്നു പരിശോധിക്കാതെയും അനുഭവപാഠങ്ങൾ ഉൾക്കൊള്ളാതെയും വെറും മുദ്രാവാക്യങ്ങൾ ഉരുവിട്ടു് വമ്പുപറഞ്ഞു് കഴിയുന്ന കമ്യൂണിസ്റ്റുകാർ തികച്ചും അനുകമ്പാർഹരാണു്. തൊലിപ്പുറമേയ്ക്കുള്ള ആ കമ്യൂണിസം ആപത്തിലാണെത്തിക്കുക. കുറച്ചറിവേ എനിയ്ക്കുള്ളു എന്നു ഞാൻ മനസ്സിലാക്കിയാൽ കൂടുതൽ പഠിയ്ക്കാനായി ഞാൻ ശ്രമിയ്ക്കും. കമ്യൂണിസ്റ്റ്കാരനെന്നു നടിച്ച് ഇനി യാതൊന്നും തനിക്കു പഠിയ്ക്കാനില്ലെന്നു പറയുന്ന ഒരാൾ ഒരിക്കലും കമ്യൂണിസ്റ്റുകാരനാവുകയില്ല.

മുതലാളിമാർക്കു് ആവശ്യമുള്ള സേവകരെയാണു് പഴയ സ്കൂളുകൾ സൃഷ്ടിച്ചുവിട്ടതു്. ശാസ്ത്രകാരന്മാരെ മുതലാളിമാർക്കു് ഇഷ്ടമുള്ളതു് പറയാനും എഴുതാനും ഉള്ള ആളുകളായി പഴയ

സ്കൂളുകൾ രൂപാന്തരപ്പെടുത്തി. അത്തരം പഴയ സ്കൂളുകൾ നാം അവസാനിപ്പിക്കുകതന്നെ വേണം. അവ അവസാനിപ്പിക്കണമെന്നു പറയുന്നതിന്റെ അർത്ഥം മനുഷ്യരാശി ആർജ്ജിച്ചിട്ടുള്ള അറിവെല്ലാം നാം ഉപേക്ഷിയ്ക്കണം എന്നാണോ? അതിന്റെ അർത്ഥം, മുതലാളിത്തത്തിന്നു് ആവശ്യമായതെന്തു്, കമ്യൂണിസത്തിന്നു് ആവശ്യമായതെന്തു്, എന്നു വേർതിരിച്ചറിയേണ്ട ആവശ്യമില്ലെന്നാണോ?

ബൂർഷ്വാവിദ്യാഭ്യാസത്തിലെ കവാത്തുസമ്പ്രദായം ഉപേക്ഷിച്ചു തൽസ്ഥാനത്തു് വർഗ്ഗബോധമുള്ള തൊഴിലാളികളുടേയും കൃഷിക്കാരുടേയും അച്ചടക്കം സ്ഥാപിയ്ക്കാനാണു് നമ്മൾ ഉദ്ദേശിയ്ക്കുന്നതു്. പഴയ സാമൂഹ്യവ്യവസ്ഥയെ എതിർക്കുന്ന ഈ തൊഴിലാളികളും കൃഷിക്കാരും അതിന്നെതിരായുള്ള സമരത്തിൽ എല്ലാ ശക്തികളേയും അണിനിരത്താൻ കഴിവും സന്നദ്ധതയും നിശ്ചയദാർഢ്യവും ഉള്ളവരാണു്. ഈ വലിയ രാജ്യത്തു് അങ്ങിങ്ങു് ചിന്നിച്ചിതറിക്കിടക്കുന്ന കോടിക്കണക്കിന്നു് ജനങ്ങളെ ഒരേ അണിയിൽ, ഒരേ ദൃഢനിശ്ചയത്തിൽ ഏകീകരിച്ചു കൊണ്ടു വരാൻ കഴിവുള്ളവരാണവർ. അങ്ങനെ അവർ ചെയ്യുന്നില്ലെങ്കിൽ പരാജയം അനിവാര്യമാണു്. ഈ സമരൈക്യമില്ലെങ്കിൽ, തൊഴിലാളികളുടേയും കൃഷിക്കാരുടേയും ബോധപൂർവ്വമുള്ള അച്ചടക്കമില്ലെങ്കിൽ കമ്യൂണിസത്തിന്നു രക്ഷയില്ല അതില്ലെങ്കിൽ ലോകത്തിലെ മുതലാളിമാരേയും ഭൂവുടമകളേയും തോല്പിക്കുക നമുക്കു സാദ്ധ്യമല്ല. കമ്യൂണിസം സ്ഥാപിക്കാനെന്നല്ല അതിന്നുള്ള അടിത്തറ പാകാൻപോലും അതില്ലാതെ നമുക്കു കഴിയുകയില്ല. പഴയ സ്കൂളുകളെ അധിക്ഷേപിക്കുന്നതും വെറുക്കുന്നതും അവയെ നശിപ്പിക്കാൻ സന്നദ്ധത പ്രദർശിപ്പിക്കുന്നതും ന്യായമാണു്. എന്നാൽ പഴയ പാഠ്യക്രമങ്ങളും അദ്ധ്യാപനമുറകളും ഉപേക്ഷിയ്ക്കുന്ന സ്ഥാനത്തു് പുതിയ പാഠ്യക്രമങ്ങളും അദ്ധ്യാപനമുറകളും ഏർപ്പെടുത്താനുള്ള കഴിവു് നാം സമ്പാദിക്കണം. മനു

ഷ്യരാശി ആർജ്ജിച്ചിട്ടുള്ള അറിവുമുഴുവൻ കമ്യൂണിസത്തിന്നു വേണ്ടി ഉപയോഗപ്പെടുത്തുന്നതിന്നുള്ള കഴിവായിരിക്കണം അതു്. കാണാപ്പാഠം പഠിക്കുന്നതിന്നുള്ള ഒരു പദ്ധതിയല്ല. സ്വന്തമായി ചിന്തിച്ചുണ്ടാക്കിയതും വിദ്യാഭ്യാസത്തിന്റെ ആധുനികാവശ്യങ്ങൾ നിറവേററാൻ തികച്ചും പര്യാപ്തമായതും ആയ ഒരു പാഠ്യപദ്ധതിയാണു് പുതുതായി നമ്മൾ ആവിഷ്കരിക്കേണ്ടതു്.

"കമ്യൂണിസത്തെക്കുറിച്ചു് പഠിയ്ക്കുക" എന്ന ലക്ഷ്യം വിശദീകരിക്കുമ്പോൾ ഈ എല്ലാ കാര്യങ്ങളേയും അതിൽ ഉൾപ്പെടുത്തേണ്ടതുണ്ടു്.

ഇതു് നിങ്ങൾക്കു വ്യക്തമാക്കിത്തരുവാനും എങ്ങനെ നിങ്ങൾ പഠിയ്ക്കണം എന്നു് ചൂണ്ടിക്കാണിച്ചുതരുവാനും പ്രായോഗികമായ ഒരു ഉദാഹരണം ഞാനെടുക്കാം. നമ്മുടെ രാജ്യത്തെ സൈനികാക്രമണങ്ങളിൽനിന്നു് രക്ഷിയ്ക്കേണ്ട പ്രശ്നം ഇപ്പോൾ ഇല്ലാതായിരിക്കുന്നുവെന്നും സാമ്പത്തിക കടമകളാണു് നമ്മെ ഇപ്പോൾ അടിമുഖീകരിയ്ക്കുന്നതെന്നും നിങ്ങൾക്കറിയാവുന്നതാണു്. കൃഷിയേയും വ്യവസായത്തേയും പുതിയ രീതിയിൽ പുനഃസംഘടിപ്പിച്ചല്ലാതെ നാം ഉദ്ദേശിയ്ക്കുന്ന രീതിയിൽ കമ്മ്യൂണിസം സ്ഥാപിക്കുക സാദ്ധ്യമേ അല്ല. ആധുനികമായ അടിത്തറയിൽ, തികച്ചും ശാസ്ത്രീയമായി, നാം അവയെ പുനഃസംഘടിപ്പിക്കണം. ആധുനികമായ ഈ അടിത്തറയാണു് വിദ്യുച്ഛക്തി. രാജ്യംമുഴുവൻ വൈദ്യുതീകരിച്ചല്ലാതെ, കൃഷിയുടേയും വ്യവസായത്തിന്റേയും എല്ലാ തുറകളിലും വിദ്യുച്ഛക്തി പ്രവേശിച്ചാലല്ലാതെ, കമ്മ്യൂണിസ്റ്റുസമുദായം കെട്ടിപ്പടുക്കുക സാദ്ധ്യമല്ല; പഴയ തലമുറയെക്കൊണ്ടു് അതു നിർവ്വഹിക്കാനും സാദ്ധ്യമല്ല. രാജ്യത്തെയാകെ സാമ്പത്തികമായി പുനരുദ്ധരിയ്ക്കുക— ആധുനികശാസ്ത്രത്തിന്റെ, വിദ്യുച്ഛക്തിയുടെ, അടിസ്ഥാനത്തിൽ

കൃഷിയേയും വ്യവസായത്തേയും അടിമുടി പുനഃസംഘടിപ്പിയ്ക്കുക —ഇതാണ് നിങ്ങളെ അഭിമുഖീകരിയ്ക്കുന്ന സവ്വപ്രധാനകത്തവ്യം. വൈദ്യുതീകരണത്തിൻെറ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ വിദ്യാഭ്യാസമില്ലാത്തവരെക്കൊണ്ടാവില്ല എന്നു് നിങ്ങൾക്കറിയാവുന്നതാണ്; കേവലം അക്ഷരജ്ഞാനമുണ്ടായാലും അതിന്നു് മതിയാകുന്നതല്ല. വിദ്യുച്ഛക്തി എന്താണെന്നു് മനസ്സിലാക്കിയാൽ മാത്രം പോരാ; കൃഷിയിലും വ്യവസായത്തിലും എല്ലാ ശാഖകളിലും പ്രായോഗികമായി വിദ്യുച്ഛക്തി ഉപയോഗപ്പെടുത്തുന്നതിന്നുള്ള പരിജ്ഞാനം നമുക്കുണ്ടായിരിയ്ക്കണം. ഓരോരുത്തരും സമ്പാദിക്കേണ്ട പരിജ്ഞാനമാണിതു്. പുതിയ തലമുറയെ മുഴവൻ അതു പഠിപ്പിയ്ക്കുവാനുള്ള ഏപ്പാടുകൾ ഉണ്ടാവുകയും വേണം. വഗ്ഗബോധമുള്ള എല്ലാ കമ്മ്യൂണിസ്റ്റുകാരേയും അഭിമുഖീകരിയ്ക്കുന്ന പ്രശ്നമാണിതു്. കമ്മ്യൂണിസം സ്ഥാപിയ്ക്കുവാൻ പാർട്ടിയേയും എല്ലാ യുവജനങ്ങളേയും സഹായിയ്ക്കുന്നതിന്നു് പ്രതിജ്ഞചെയ്തിട്ടാണ് യംഗ് കമ്മ്യൂണിസ്റ്റ് ലീഗിൽ തങ്ങൾ ചേൻ്റിട്ടുള്ളതെന്നു് ബോധമുള്ള സകലരേയും അഭിമുഖീകരിയ്ക്കുന്ന പ്രശ്നമാണിതു്. ആധുനികവിദ്യാഭ്യാസം നേടിക്കൊണ്ടല്ലാതെ കമ്മ്യൂണിസം സ്ഥാപിക്കുക സാദ്ധ്യമല്ലെന്നു് ഓരോ യുവാവും മനസ്സിലാക്കണം; ആ വിദ്യാഭ്യാസം നേടുന്നതിന്നു് ഓരോ യുവാവും അങ്ങേയററം പരിശ്രമിയ്ക്കുകയും വേണം.

മുതലാളിത്തഭരണം പിഴുതെറിയുന്നതു് മുത്ത തലമുറയുടെ കടമയായിരുന്നു. മുതലാളിത്തത്തെ വിമശിയ്ക്കുക, അതിനെപ്പററി ബഹുജനങ്ങൾക്കിടയിൽ വെറുപ്പുളവാക്കുക, അതിന്നെതിരായുള്ള സമരത്തിൽ എല്ലാ ശക്തികളെയും അണിനിരത്തുക— അതായിരുന്നു അന്നത്തെ മുഖ്യകടമ. കൂടുതൽ സങ്കീണ്ണമായ ഒരു കടമയാണ് പുതിയ തലമുറയെ അഭിമുഖീകരിയ്ക്കുന്നതു്. മുതലാളിമാരുടെ പ്രേരണയിൽ വിദേശീയസൈന്യങ്ങൾ നടത്തുന്ന ആക്രമണങ്ങളെ തുരത്തി രാജ്യത്തെ രക്ഷിച്ചു് തൊഴിലാളികളു

ടേയും കൃഷിക്കാരുടേയും ഗവമ്മേൻറിനെ നിലനിത്തുക മാത്രമല്ല നിങ്ങളുടെ കടമ. അതു് തീച്ചയായും നിങ്ങൾചെയ്യണം; അതിന്റെ പ്രാധാന്യം എല്ലാ കമ്മ്യൂണിസ്റ്റുകാരും മനസ്സിലാക്കുന്നുമുണ്ടു്. എന്നാൽ അതുകൊണ്ടു മാത്രമായില്ല. ഒരു കമ്മ്യൂണിസ്റ്റുസമുദായം കെട്ടിപ്പടുക്കുന്ന ചുമതലയാണു് നിങ്ങൾക്കുള്ളതു്. അതിന്റെ ജോലി ഏറ്റക്കുറെ പകുതി കഴിഞ്ഞിരിക്കുന്നു. പഴയ വ്യവസ്ഥ തകക്കപ്പെട്ടിരിയ്ക്കുന്നു; അവശിഷ്ടങ്ങളുടെ ഒരു കൂമ്പാരമായിക്കിടക്കുകയാണു് അതു ഇന്നു്. അതത്രയും നല്ലതുതന്നെ. തറ ശരിപ്പെട്ടിരിക്കുന്നു; തറയ്ക്കുമീതെ പുതിയ കമ്മ്യൂണിസ്റ്റു്വ്യവസ്ഥ കെട്ടിപ്പടുക്കുന്ന ഭാരമാണു് പുതിയ തലമുറക്കുള്ളതു്. നിമ്മാണമാണു് നിങ്ങൾക്കു നിവ്വഹിക്കാനുള്ളതു്; ആധുനികമായ അറിവു് നേടിക്കൊണ്ടുമാത്രമെ അതു നിവ്വഹിയ്ക്കാൻ നിങ്ങൾക്കു സാധിയ്ക്കുകയുള്ളു. നിജ്ജീവമായ തത്വങ്ങളിൽനിന്നും ഉപദേശങ്ങളിൽനിന്നും മുദ്രാവാക്യങ്ങളിൽനിന്നും ഒററമൂലികകളിൽനിന്നും കമ്മ്യൂണിസത്തെ ഉയത്തി ഓജസ്സുള്ള ഒരു ജീവച്ഛക്തിയായി അതിനെ രൂപാന്തരപ്പെടുത്തിയാൽ മാത്രമേ, ജീവിതസമരത്തിൽ കമ്മ്യൂണിസത്തെ ഒരു വഴികാട്ടിയായി നിങ്ങളംഗീകരിച്ചാൽ മാത്രമെ, നിമ്മാണം ഫലപ്രദമായി നിവ്വഹിയ്ക്കാൻ നിങ്ങൾക്കു കഴിയുകയുള്ളു. പുതിയ തലമുറയെ ഉണത്തുന്നതിലും പരിശീലിപ്പിക്കുന്നതിലും അവക്കു വിദ്യാഭ്യാസം നല്കുന്നതിലും നിങ്ങൾ ശ്രദ്ധിക്കുവാനുള്ളതതാണു്. രാജ്യത്തെ ഓരോ യുവാവും യുവതിയും കമ്മ്യൂണിസ്റ്റു് നിമ്മാണത്തിൽ വ്യാപൃതരായിരിയ്ക്കണം; കോടിക്കണക്കിലുള്ള അവരുടെ കൂട്ടത്തിൽ നിങ്ങളുടെ സ്ഥാനം മുൻപന്തിയിലായിരിക്കണം. തൊഴിലാളികളുടെയും കൃഷിക്കാരുടെയും ഇളംതലമുറക്കാരെ മുഴവൻ ഉൾച്ചേത്തുകൊണ്ടല്ലാതെ കമ്മ്യൂണിസം നിമ്മിയ്ക്കാൻ നിങ്ങൾക്കാവുകയില്ല.

എങ്ങനെയാണു് കമ്മ്യൂണിസം പഠിപ്പിക്കേണ്ടതു്, പാഠ്യക്രമത്തിലെ സവിശേഷതകൾ എന്തെല്ലാമായിരിയ്ക്കണം, എന്നതിനെപ്പററിയാണു് ഇനിയെനിക്കു പറയാനുള്ളതു്.

ആദ്യമായി കമ്മ്യൂണിസ്റ്റ് സദാചാരമുറകളെപ്പററി ഞാൻ പറയാം.

കമ്മ്യൂണിസ്റ്റുകാരാകുന്നതിന്നുള്ള പരിശീലനമാണ് നിങ്ങൾക്കു വേണ്ടതു്. പഠിച്ചും സംഘടിച്ചും യോജിച്ചും സമരംചെയ്തും തങ്ങൾക്കും നേതൃത്വത്തിന്നുവേണ്ടി തങ്ങളെ ഉററുനോക്കുന്ന മററു യുവജനങ്ങൾക്കും നല്ലകമ്മ്യൂണിസ്റ്റുകാരാകാൻ സഹായിക്കുന്ന വിധത്തിൽ തങ്ങളുടെ പ്രായോഗികപ്രവർത്തനങ്ങൾക്കു് രൂപം കൊടുക്കുകയാണ് യുവജനലീഗുകൾ ചെയ്യേണ്ടതു്. ഇന്നത്തെ ചെറുപ്പക്കാരെ പഠിപ്പിക്കുന്നതിൻെറയും പരിശീലിപ്പിക്കുന്നതിൻെറയും അവക്കു വിദ്യാഭ്യാസം നല്കുന്നതിൻെറയും എല്ലാം പരമമായ ഉദ്ദേശ്യം അവരെ കമ്മ്യൂണിസ്റ്റുസദാചാരമുറകളിൽ ബോധവാന്മാരാക്കുന്നതായിരിയ്ക്കണം.

പക്ഷെ, കമ്മ്യൂണിസ്റ്റു സദാചാരമുറകൾ—അങ്ങനെയൊന്നുണ്ടോ? കമ്മ്യൂണിസ്റ്റു സാന്മാർഗ്ഗികത—അങ്ങനെ വല്ലതുമുണ്ടോ? തീർച്ചയായും ഉണ്ടു്. കമ്മ്യൂണിസ്റ്റുകാക്കു് യാതൊരു സദാചാരനിഷ്ഠയുമില്ലെന്ന് പലപ്പോഴും പറഞ്ഞുകേൾക്കുന്നുണ്ടു്; സദാചാരം സകലതും കൈവെടിഞ്ഞിട്ടുള്ളവരാണ് കമ്മ്യൂണിസ്റ്റുകാർ എന്നു മുതലാളിമാർ കുററപ്പെടുത്തുന്നുമുണ്ടു്. തൊഴിലാളികളുടെയും കൃഷിക്കാരുടെയും കണ്ണിൽ പൊടിയിടുന്നതിന്നാണ്, അവരിൽ ആശയക്കുഴപ്പം ഉളവാക്കുന്നതിന്നാണ് അവരിങ്ങനെ പറഞ്ഞുപരത്തുന്നതു്.

സദാചാരനിഷ്ഠയും ധർമ്മബോധവും നമ്മൾ കൈവെടിയുന്നു എന്നു പറയുന്നതു് എന്തർത്ഥത്തിലാണ്?

മുതലാളിമാർ അതിന്നു നല്കുന്ന അർത്ഥം ദൈവകല്പനകളെ ആധാരമാക്കിക്കൊണ്ടുള്ള അവരുടെ സദാചാരമുറകളെ നമ്മൾ സ്വീകരിക്കുന്നില്ല എന്നാണ്. ദൈവത്തിൽ വിശ്വസിക്കുന്നി

ല്ലെന്നു് നമ്മൾ സമ്മതിക്കുന്നു; ചൂഷകരെന്ന നിലയിൽ സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന്നാണു് പുരോഹിതന്മാരും ഭൂവുടമകളും മുതലാളിമാരും ദൈവത്തിന്റെ നാമം കൈക്കൊള്ളുന്നതെന്നും പൂർണ്ണമായും നാം വിശ്വസിക്കുന്നു. ദൈവകല്പനകളിന്മേലല്ല, ആത്മാവബോധത്തിലാണു് മഹത്തായ ചില ആശയങ്ങളിന്മേലാണു്, തങ്ങളുടെ ധർമ്മസംഹിത അധിഷ്ഠിതമായിട്ടുള്ളതെന്നും ചില മുതലാളിവിഭാഗക്കാർ അവകാശപ്പെടുന്നുണ്ടു്. ദൈവകല്പനയും ഈ ആത്മാവബോധവും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല.

മനുഷ്യാതീതവും വർഗ്ഗാതീതവും ആയ സങ്കല്പങ്ങളെ ആധാരമാക്കിയുള്ള സകല സദാചാരമുറകളും നമ്മൾ തിരസ്കരിക്കുന്നു. അത്തരം സദാചാരമുറകളെല്ലാം തട്ടിപ്പാണു്, വഞ്ചനയാണു്, മുതലാളിമാരുടെയും ഭൂവുടമകളുടെയും താല്പര്യങ്ങൾ നിലനിർത്തുന്നതിന്നുള്ള ഉപായമാണു്, എന്നു് നാം വ്യക്തമാക്കുന്നു.

തൊഴിലാളിവർഗ്ഗതാല്പര്യങ്ങൾക്കു് അനുഗുണമായിട്ടുള്ള സദാചാരമുറകളാണു് നമ്മൾക്കുള്ളതു്. നമ്മുടെ ധർമ്മസംഹിത തൊഴിലാളികളുടെ താല്പര്യങ്ങളിൽനിന്നു്, വർഗ്ഗസമരങ്ങളിൽനിന്നു് മുളയ്ക്കുന്നതാണു്.

പഴയ സാമൂഹ്യവ്യവസ്ഥ മുതലാളിമാരും ഭൂവുടമയും ബഹുഭൂരിപക്ഷം തൊഴിലാളികളെയും കൃഷിക്കാരെയും മർദ്ദിച്ചൊതുക്കുന്ന അടിസ്ഥാനത്തിലായിരുന്നു. അതെല്ലാം നമുക്കു് അവസാനിപ്പിക്കാനുണ്ടു്; പക്ഷെ അവസാനിപ്പിയ്ക്കണമെങ്കിൽ ഐക്യം അത്യാവശ്യമായിരിക്കുന്നു. ദൈവത്തിന്നു് സൃഷ്ടിയ്ക്കാവുന്നതല്ല ഐക്യം.

ദീർഘനിദ്രയിൽനിന്നു് ഉയരത്തുഴന്നേററിട്ടുള്ള തൊഴിലാളിവർഗ്ഗത്തിന്നുമാത്രമെ, വ്യവസായശാഖകൾക്കുമാത്രമെ,

ഐക്യം ഊട്ടിയുറപ്പിക്കുവാൻ സാധിക്കുകയുള്ളു. തൊഴിലാളിവൎഗ്ഗത്തിൻെറ ഉദയത്തോടുകൂടി മാത്രമാണു് ബഹുജനപ്രസ്ഥാനം ഉണ്ടായിട്ടുള്ളതു്; ഏററവും ദുർബ്ബലമായിക്കിടന്നിരുന്ന നമ്മുടെ രാജ്യത്തും തൊഴിലാളിവിപ്ലവം വിജയിപ്പിക്കാനും ലോകത്തിലെ മുതലാളിത്തശക്തികളുടെ ആക്രമണങ്ങളെ മൂന്നു കൊല്ലക്കാലം തുടൎച്ചയായി എതിൎത്തുതോല്പിക്കുവാനും നമുക്കു കഴിഞ്ഞിട്ടുള്ളതു്. തൊഴിലാളിവിപ്ലവം ലോകത്തിലെങ്ങും എങ്ങനെ മുന്നേറിക്കൊണ്ടിരിക്കുന്നു എന്നു നാം കാണുന്നുണ്ടു്. ചൂഷകവൎഗ്ഗങ്ങളുടെ എല്ലാ എതിൎപ്പുകളെയും ചെറുത്തുതോല്പിക്കുന്നതും അങ്ങിങ്ങു് ചിതറിക്കിടക്കുന്ന കൃഷിക്കാരെ യോജിപ്പിച്ചു് അണിനിരത്തുന്നതും തൊഴിലാളിവൎഗ്ഗമാണെന്നു് അനുഭവത്തെ മുൻനിൎത്തി നമുക്കിപ്പോൾ പറയാൻ സാധിക്കും. അദ്ധ്വാനിക്കുന്ന ബഹുജനങ്ങളെ യോജിപ്പിക്കുന്നതിന്നും അണിനിരത്തുന്നതിന്നും കമ്മ്യൂണിസ്റ്റ് സമുദായം കെട്ടിപ്പടുക്കുന്നതിന്നും നിലനിൎത്തുന്നതിന്നും കഴിവുള്ളതു് തൊഴിലാളിവൎഗ്ഗത്തിന്നു മാത്രമാണു്.

മനുഷ്യസമുദായത്തിൽനിന്നു് വേറിട്ടുള്ളൊരു ധൎമ്മസംഹിതയെ നമ്മൾ സ്വീകരിക്കുന്നില്ല എന്നു പറയുന്നതു് അതുകൊണ്ടാണു്; അത്തരം ധൎമ്മസംഹിത കേവലം ഭോഷ്ക്കാണു്. തൊഴിലാളികളുടെ വൎഗ്ഗസമരത്തിന്നു് കീഴ്പ്പെട്ടുകൊണ്ടുള്ള ഒരു സദാചാരക്രമമാണു് നമ്മുടേതു്.

ആ വൎഗ്ഗസമരത്തിൽ എന്തെല്ലാമാണു് അടങ്ങിയിട്ടുള്ളതു്? സാർഭരണം അവസാനിപ്പിക്കുക, മുതലാളിത്തഭരണം അവസാനിപ്പിക്കുക, മുതലാളിത്തവൎഗ്ഗത്തെ അവസാനിപ്പിക്കുക— ഇതെല്ലാം അതിൻെറ ഭാഗങ്ങളാണു്.

വൎഗ്ഗങ്ങൾ എന്നാൽ പൊതുവിൽ എന്താണു്? സമുദായത്തിലെ ഒരു വിഭാഗത്തിൻെറ പ്രയത്നഫലത്തെ തട്ടിയെടുക്കാൻ

മററൊരു വിഭാഗത്തെ അനുവദിക്കുന്നതെന്തോ അതാണ് വർഗ്ഗ വ്യവസ്ഥ. നിലംമുഴുവൻ ഒരു വിഭാഗം കൈയ്യടക്കുമ്പോൾ ആ വിഭാഗം ഭൂവുടമവർഗ്ഗമായും മററുള്ളവർ കർഷകവർഗ്ഗമായും തിരിയുന്നു. എല്ലാ ഫാക്ടറികളും ഖാഹരികളും മൂലധനവും സമുദായത്തിലെ ഒരു വിഭാഗം കൈക്കലാക്കുക. മററു വിഭാഗങ്ങളെല്ലാം ഫാക്ടറികളിൽ പണിയെടുക്കുക—ഈ സാഹചര്യത്തിൽ മുതലാളിവർഗ്ഗം, തൊഴിലാളിവർഗ്ഗം ഇങ്ങനെ രണ്ടു വർഗ്ഗങ്ങളാണ് ഉണ്ടാകുന്നതു്.

സാർഭരണം അവസാനിപ്പിയ്ക്കാൻ പ്രയാസമുണ്ടായില്ല; ഏതാനും ദിവസങ്ങളേ നമുക്ക് അതിന്നു വേണ്ടിവന്നുള്ളു. ഭൂവുടമകളെ ആട്ടിയോടിക്കാനും വലിയ വിഷമമുണ്ടായില്ല: ഏതാനും മാസങ്ങൾക്കുള്ളിൽ നമ്മളതു സാധിച്ചു. മുതലാളിമാരെ ആട്ടിയോടിയ്ക്കാനും പറയത്തക്ക വിഷമമൊന്നുമുണ്ടായില്ല. എന്നാൽ വർഗ്ഗവ്യത്യാസങ്ങൾ ഇല്ലായ്മചെയ്യുന്നതു എത്രയോ ദുഷ്കരമായ ജോലിയാണ്. തൊഴിലാളികളെന്നും കൃഷിക്കാരെന്നും ഉള്ള വർഗ്ഗവിഭജനം നമ്മുടെയിടയിൽ തുടരുകയാണ്. നിലം കൈക്കലാക്കി കൃഷിചെയ്തു വിളവെടുക്കുന്ന കൃഷിക്കാരൻ സ്വന്തം കുടുംബത്തിൻെറയും കന്നുകാലികളുടേയും ആവശ്യങ്ങൾ കഴിച്ചുള്ള മിച്ചധാന്യം തന്നതായി സൂക്ഷിയ്ക്കുകയാണെങ്കിൽ, അതേസമയം മററു ജനവിഭാഗങ്ങൾ പട്ടിണികിടക്കേണ്ട സ്ഥിതിയിലാണെങ്കിൽ, പ്രസ്തുത കൃഷിക്കാരൻ ഒരു ചൂഷകനായിത്തീരുന്നു.

എത്രയധികം ധാന്യം അയാൾ സൂക്ഷിക്കുന്നുവോ അത്രയധികം ആയാൾക്ക് ലാഭമാണ്. മററുള്ളവർ പട്ടിണികിടന്നാൽ ആയാൾക്ക് അതൊരു പ്രശ്നമല്ല. "പട്ടിണി പെരുകുംതോറും എൻെറ ധാന്യത്തിന്നു വില കൂട്ടിക്കിട്ടും" എന്നാണയാളുടെ ചിന്താഗതി. ഒരേ പദ്ധതിയനുസരിച്ച് പൊതു നിലത്തിലും പൊതു ഫാക്ടറികളിലും തുല്യവ്യവസ്ഥകളിൽ എല്ലാവരും

അദ്ധ്വാനിക്കണം. അതു എളുപ്പത്തിൽ സാദ്ധ്യമാണോ? സാർചക്രവർത്തിയേയും ഭൂവുടമകളേയും മുതലാളിമാരേയും ആട്ടിയോടിക്കുന്നതു എളുപ്പമുള്ള ഒരു ജോലിയല്ല അതെന്നതു് വ്യക്തമാണു്. അത്യാവശ്യമായിട്ടുള്ളതു് കൃഷിക്കാരിൽ നല്ലൊരു വിഭാഗത്തെ തൊഴിലാളിവർഗ്ഗം പുനർവിദ്യാഭ്യാസം ചെയ്യിയ്ക്കണമെന്നതാണു്. ധനികരും മറ്റുള്ളവരുടെ പട്ടിണിയിൽ നിന്നും കഷ്ടപ്പാടിൽനിന്നും മുതലെടുക്കുന്നവരും ആയ കൃഷിക്കാരെ അമർച്ചചെയ്യുന്നതിന്നു് ഭൂരിപക്ഷം അദ്ധ്വാനിക്കുന്ന ചെറുകൃഷിക്കാരുടെ സഹായസഹകരണങ്ങൾ തൊഴിലാളിവർഗ്ഗം നേടേണ്ടതാണു്. സാറിനേയും ഭൂവുടമകളേയും മുതലാളിമാരേയും ആട്ടിയോടിച്ചതുകൊണ്ടു മാത്രം തൊഴിലാളിവിപ്ലവം പൂർത്തിയാകുന്നില്ല. തൊഴിലാളിവർഗ്ഗസ്വേച്ഛാധിപത്യം എന്നു നാം വിളിയ്ക്കുന്ന ഭരണകൂടത്തിൽക്കൂടി മാത്രമേ അതു പൂർത്തിയാക്കാൻ കഴിയുകയുള്ളൂ.

വർഗ്ഗസമരം തുടൻകൊണ്ടിരിക്കുന്നു; അതിന്റെ രൂപങ്ങൾ മാറിയിട്ടുണ്ടെന്നുമാത്രം. ചൂഷകവർഗ്ഗം ഭരണത്തിലേക്കു തിരിച്ചുവരുന്നതു് തടയുന്നതും അസംഘടിതരും അജ്ഞരും ആയ കൃഷിക്കാരെ ഒരേ സമരമുന്നണിയിൽ യോജിപ്പിയ്ക്കുന്നതും തൊഴിലാളികളുടെ വർഗ്ഗസമരമാണു്. തുടൻകൊണ്ടിരിക്കുന്ന ആ വർഗ്ഗസമരത്തിന്നു അനുകൂലമായിരിക്കണം നമ്മുടെ എല്ലാ പ്രവർത്തനങ്ങളും. നമ്മുടെ കമ്യൂണിസ്റ്റു് സദാചാരവും വർഗ്ഗസമരത്തിന്നു് കീഴ്പ്പെട്ടതാണു്. പഴയ ചൂഷണവ്യവസ്ഥയെ നശിപ്പിക്കുന്നതിന്നും പുതിയ കമ്യൂണിസ്റ്റ് സമുദായം കെട്ടിപ്പടുക്കുന്ന തൊഴിലാളിവർഗ്ഗത്തിന്നു കരുത്തും പിന്തുണയും നല്കുന്നതിന്നും സഹായിക്കുന്നതേതോ അതാണു് സദാചാരം എന്നു് നമ്മൾ വിശ്വസിക്കുന്നു.

കമ്യൂണിസ്റ്റു് സദാചാരം ചൂഷണത്തിന്നും സ്വകാര്യസ്വത്തിന്നുമെതിരായി അദ്ധ്വാനിക്കുന്ന ജനങ്ങൾ നടത്തുന്ന സമരത്തെ

സഹായിക്കുന്നു. സമുദായം കൂട്ടായി അദ്ധ്വാനിച്ചുണ്ടാക്കുന്നതിനെ ഒട്ടുചിലർ തട്ടിയെടുക്കുന്നതാണു് സ്വകാര്യസ്വത്തു്. നമ്മുടെ സോവിയററുനാട്ടിൽ നിലം പൊതുസ്വത്താണു്.

ഈ പൊതുസ്വത്തിലൊരുഭാഗം ഞാൻ കൈക്കലാക്കി എനിയ്ക്കു് ആവശ്യമുള്ളതിലും ഇരട്ടി ധാന്യം അതിൽ വിളയിച്ചു മിച്ചമുള്ളതു് വിററു ഞാൻ ലാഭമടിക്കുന്നു എന്നു വിചാരിക്കുക. എൻെറ ധാന്യത്തിന്നു വില കൂട്ടിക്കിട്ടുന്നതിന്നു് പട്ടിണിക്കാർ വർദ്ധിക്കണമെന്നു് ഞാൻ ആശിക്കുന്നതായും വിചാരിയ്ക്കുക. ഒരു കമ്യൂണിസ്റ്റിന്നു ചേന്ന പെരുമാററമായിരിക്കുമോ അതു്? തീച്ചയായും അല്ല. ഒരു ചൂഷകൻെറ, മുതലുടമയുടെ, പെരുമാററമായിരിക്കാം അതു്. അത്തരം പെരുമാററം അനുവദിച്ചുകൂടാ. അനുവദിച്ചാൽ മുതലാളിമാരുടെയും ഭൂവുടമകളുടേയും ഭരണം തിരിച്ചുവരുന്നതിന്നു അതു് വഴിതെളിയിയ്ക്കുന്നതാണു്. മുമ്പു് പല വിപ്ലവങ്ങളിലും അതു സംഭവിച്ചിട്ടുള്ളതാണു്. മുതലാളിമാരുടെ ഭരണം എന്നന്നേയ്ക്കുമായി തടയണമെങ്കിൽ ലാഭമടിക്കുന്ന ഈ സമ്പ്രദായത്തിനു്, മററുള്ളവരുടെ അദ്ധ്വാനഫലം തട്ടിയെടുത്തു് ചിലർ സമ്പന്നരാകുന്ന ഈ സമ്പ്രദായത്തിന്നു്, നാം അറുതിവരുത്തണം; തൊഴിലാളിവർഗ്ഗം അദ്ധ്വാനിക്കുന്ന എല്ലാ ജനങ്ങളെയും കൂട്ടിയോജിപ്പിച്ചു് കമ്യൂണിസ്റ്റു്സമുദായം സ്ഥാപിയ്ക്കണം. യങ്ങു് കമ്യൂണിസ്റ്റു് ലീഗിൻെറയും മററു യുവജനസംഘടനകളുടെയും മൗലിക കടമകളുടെ സവിശേഷതകൾ ഇതെല്ലാമായിരിക്കണം.

അപഹരിയ്ക്കുക അല്ലായ്കിൽ അപഹരിക്കപ്പെടുക, മററുള്ളവർക്കുവേണ്ടി പണിയെടുക്കുക അല്ലായ്കിൽ മററുള്ളവരെക്കൊണ്ടു് പണിയെടുപ്പിക്കുക, അടിമയാകുക അല്ലായ്കിൽ ഉടമയാകുക— ഈ അടിസ്ഥാനത്തിലുള്ളതായിരുന്നു പഴയ സാമൂഹ്യവ്യവസ്ഥ. ഒന്നുകിൽ നീയൊരു അടിമയാണു്, അല്ലെങ്കിൽ ഉടമയാണു്,

ചെറുകിട മുതലാളിയാണു്, ഉദ്യോഗസ്ഥനാണു്, ബുദ്ധിജീവിയാണു്, മററുള്ളവരുടെ ഭാഗധേയത്തിൽ യാതൊരു താല്പൎയ്യവുമില്ലാത്ത തനിസ്വാൎത്ഥിയാണു്—ഈ മനോവൃത്തിയും ശീലവുമാണു് പഴയ സമുദായത്തിൽ വളൎന്നുവന്നവർ മുലപ്പാലോടുകൂടി അകത്താക്കിയതു്.

എന്റെ നിലത്തിൽ ഞാൻ കൃഷിചെയ്യും, മററുള്ളവൎക്കു് എന്തും സംഭവിച്ചുകൊള്ളട്ടെ. പട്ടിണി പെരുത്താൽ അത്രയും നല്ലതു്, എന്റെ ധാന്യത്തിന്നു വില കൂട്ടിക്കിട്ടും. ഒരു ഡോക്ടറുടെയോ, എഞ്ചിനീയറുടെയോ, അദ്ധ്യാപകന്റേയോ, ഗൃഹസ്ഥന്റേയോ ജോലി എനിക്കു കിട്ടിയാൽമതി, മററുള്ളവരുടെ കാൎയ്യത്തെക്കുറിച്ചൊന്നും എനിയ്ക്കു ചിന്തയില്ല. സേവപിടിച്ചു് അധികാരസ്ഥന്മാരെ പ്രസാദിപ്പിച്ചാൽ എന്റെ ജോലിയിൽ എനിക്കു തുടരാൻ സാധിക്കും, ക്രമത്തിൽ ഒരു മുതലാളിയായി വളരാനുള്ള സാദ്ധ്യതകളുമുണ്ടു്. ഇത്തരം മനോവൃത്തിയും ആശയങ്ങളും ഒരു കമ്യൂണിസ്റ്റിന്നു വെച്ചുപുലൎത്താനാവില്ല. തൊഴിലാളികൾക്കും കൃഷിക്കാൎക്കും സ്വന്തം പ്രയത്നംകൊണ്ടു് സ്വയം രക്ഷിയ്ക്കാനും കമ്യൂണിസ്റ്റ്സമുദായം സ്ഥാപിയ്ക്കാനും സാധിയ്ക്കുമെന്നു തെളിയിച്ചതു് പുതിയ കമ്യൂണിസ്റ്റ്വിദ്യാഭ്യാസത്തിന്റെ തുടക്കമായിരുന്നു. ചൂഷകൎക്കെതിരായുള്ള സമരത്തിന്റെ വിദ്യാഭ്യാസമായിരുന്നു അതു്; തൊഴിലാളിവൎഗ്ഗവുമായി സഖ്യത്തിൽ മുതലുടമകൾക്കും സ്വാൎത്ഥമതികൾക്കും എതിരായുള്ള സമരത്തിന്റെ വിദ്യാഭ്യാസമായിരുന്നു അതു്; "എനിയ്ക്കെന്റെ ലാഭംവേണം, മററുള്ളതൊന്നും എനിക്കു കാൎയ്യമല്ല" എന്നുള്ള ചിന്താഗതിക്കു് എതിരായ വിദ്യാഭ്യാസമായിരുന്നു അതു്.

പുതിയ തലമുറയ്ക്കു് കമ്യൂണിസം എങ്ങനെ പഠിയ്ക്കാം എന്ന ചോദ്യത്തിന്റെ മറുപടി ഇതാണു്.

ചൂഷകരുടെ പഴയ സാമൂഹ്യവ്യവസ്ഥക്കെതിരായി തൊഴിലാളികളും കൃഷിക്കാരും നടത്തുന്ന സമരത്തോടു് അവശ്യം ബന്ധ

പ്പെട്ടുകൊണ്ടു മാത്രമാണ് പുതിയ തലമുറയ്ക്കു് തങ്ങളുടെ കമ്യൂണിസ്റ്റ് വിദ്യാഭ്യാസം തുടരാൻ കഴിയുന്നതു്. സദാചാരത്തെക്കുറിച്ചു് പ്രസംഗിയ്ക്കുന്നവരോടു നമ്മൾ പറയുന്നതു് ഒരു കമ്യൂണിസ്റ്റിന്റെ സദാചാരം ഈ യോജിച്ച അച്ചടക്കവും ചൂഷകന്മാക്കെതിരായി ബോധപൂർവ്വം നടത്തുന്ന സമരവും ആണെന്നാണ്. സനാതനമായ യാതൊരു ധർമ്മസംഹിതയിലും നമ്മൾ വിശ്വസിയ്ക്കുന്നില്ല; സദാചാരക്രമത്തെക്കുറിച്ചുള്ള പഴങ്കഥകളെല്ലാം നമ്മൾ തള്ളിക്കളയുന്നു. മനുഷ്യവംശത്തെ ഉന്നതനിലവാരത്തിലേക്കുയർത്തുന്നതിന്നും അദ്ധ്വാനഫലത്തെ ചൂഷണം ചെയ്യുന്ന സമ്പ്രദായം അവസാനിപ്പിയ്ക്കുന്നതിന്നും സഹായിയ്ക്കുന്നതെല്ലാം സദാചാരമാണ്.

മുതലാളിവർഗ്ഗത്തിന്നെതിരായി അച്ചടക്കത്തോടും വീറോടും കൂടി സമരം നടത്തി രാഷ്ട്രീയപക്വതയാർജ്ജിക്കുന്ന പുത്തൻതലമുറയാണ് ഈ പുതിയ സദാചാരത്തിന്റെ അധിനായകർ. ഈ സമരത്തിൽക്കൂടിയാണ് യഥാർത്ഥ കമ്മ്യൂണിസ്റ്റുകാർക്ക് പരിശീലനം സിദ്ധിയ്ക്കുന്നതു്. സ്വന്തം വിദ്യാഭ്യാസത്തിലും പരിശീലനത്തിലും ഓരോ കാൽവെയ്പ്പും ഈ സമരവുമായി പുതിയ തലമുറ ബന്ധപ്പെടുത്തിയിരിക്കണം. കമ്മ്യൂണിസ്റ്റ് യുവജനങ്ങളുടെ വിദ്യാഭ്യാസം സാരോപദേശങ്ങൾ നല്കുന്നതിലല്ല അടങ്ങിയിട്ടുള്ളതു്. യഥാർത്ഥവിദ്യാഭ്യാസം സാരോപദേശപ്രസംഗമൊന്നുമല്ല. സ്വന്തം മാതാപിതാക്കൾ മുതലാളിമാരുടേയും ഭൂവുടമകളുടേയും മർദ്ദനഭരണത്തിൽ എങ്ങനെ നരകിച്ചു ജീവിച്ചു എന്നു കണ്ടറിഞ്ഞിട്ടുള്ളവർ, ആ മർദ്ദനഭരണം അവസാനിപ്പിക്കുന്നതിന്നുവേണ്ടിയുള്ള തീവ്രസമരങ്ങളിൽ നേരിട്ടു് പങ്കുകൊണ്ടിട്ടുള്ളവർ, വിജയം കാത്തുരക്ഷിക്കുന്നതിൽ അങ്ങേയററത്തെ ത്യാഗമനുഭവിച്ചിട്ടുള്ളവർ, മുതലാളിമാരും ഭൂവുടമകളും എന്തു വിഷംകേറിയ ശത്രുക്കളാണെന്നു് നേരിട്ടു മനസ്സിലാക്കിയിട്ടുള്ളവർ—അവരാണ് കമ്മ്യൂണിസ്റ്റുകാരായിത്തീർന്നിട്ടുള്ളതു്; അത്തരം സഹചര്യങ്ങളി

ലാണ് അവർ കമ്മ്യൂണിസ്റ്റുകാരായതു്. കമ്മ്യൂണിസം നിർമ്മിക്കുന്നതിന്നും പൂർത്തിയാക്കുന്നതിന്നും ഉള്ള സമരത്തിലാണ് കമ്മ്യൂണിസ്റ്റ് സദാചാരം അധിഷ്ഠിതമായിട്ടുള്ളതു്. കമ്മ്യൂണിസ്റ്റ് വിദ്യാഭ്യാസത്തിന്റെയും പരിശീലനത്തിന്റെയും അദ്ധ്യാപനത്തിന്റെയും അധിഷ്ഠാനവും അതുതന്നെയാണ്. കമ്മ്യൂണിസം എങ്ങനെ പഠിക്കാം എന്നുള്ള ചോദ്യത്തിന്റെ മറുപടി ഇതാണ്.

ജീവിതധാരയിൽനിന്നു് വേറിട്ടു് ക്ലാസ്സുമുറികളിൽമാത്രം ഒതുങ്ങിനില്ക്കുന്ന ഒരു വിദ്യാഭ്യാസത്തിലും പരിശീലനത്തിലും നമ്മൾ വിശ്വസിക്കുന്നില്ല. തൊഴിലാളികളും കൃഷിക്കാരും മുതലാളിമാരുടെയും ഭൂവുടമകളുടെയും മർദ്ദനഭരണത്തിൽ തുടരുന്നേടത്തോളംകാലം, സ്കൂളുകളെല്ലാം മുതലാളിമാരുടെയും ഭൂവുടമകളുടെയും നിയന്ത്രണത്തിൽ ഇരിക്കുന്നേടത്തോളംകാലം, കൃഷിക്കാരുടെയും തൊഴിലാളികളുടെയും കുട്ടികൾ അന്ധരും അജ്ഞരും ആയിത്തന്നെ തുടർന്നുവരും. നമ്മുടെ സ്കൂളുകൾ യുവജനങ്ങൾക്കു് മൌലികമായ അറിവു്, കമ്മ്യൂണിസ്റ്റഭിപ്രായങ്ങൾ സ്വതന്ത്രമായി ആവിഷ്കരിക്കുന്നതിന്നുള്ള കഴിവു്, ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്; യുവജനങ്ങളെ അവ വിദ്യാസമ്പന്നരാക്കണം. ചൂഷകരിൽനിന്നു വിമോചനം നേടുന്നതിന്നുള്ള സമരത്തിൽ സ്കൂളിൽ പോകുന്ന കാലത്തുതന്നെ അവർ ഭാഗഭാക്കുകളാകണം. തങ്ങളുടെ പഠിപ്പിലും പരിശീലനത്തിലും ഓരോ ഘട്ടത്തിലും ചൂഷകർക്കെതിരായി അദ്ധ്വാനിക്കുന്ന ജനങ്ങൾ നടത്തുന്ന സമരത്തിൽ സജീവമായി പങ്കുകൊണ്ടുമാത്രമേ യംഗ് കമ്മ്യൂണിസ്റ്റ് ലീഗിന്നു കമ്മ്യൂണിസ്റ്റ് യുവാക്കളുടെ സംഘടന എന്ന പേരിന്നു് അർഹത നേടാൻ കഴിയുകയുള്ളു. സോവിയറ്റ് യൂനിയൻമാത്രം തൊഴിലാളിറിപ്പബ്ലിക്കും ലോകത്തിൽ മററുള്ളതെല്ലാം മുതലാളിത്തരാജ്യങ്ങളും ആയിരിക്കുന്നേടത്തോളംകാലം നമുക്കു ശക്തി കുറഞ്ഞിരിക്കുമെന്നും ആക്രമണഭീഷണി എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുമെന്നും നിങ്ങൾക്കറിയാവുന്നതാണ്. ഐക്യത്തിൽ

പൊരുതിക്കൊണ്ടുമാത്രമേ ഉറച്ചുനിന്നാൽ മാത്രമേ ഇനിയങ്ങോട്ടു് വിജയിക്കുവാനും അജയ്യരായിത്തീരുവാനും നമുക്കു കഴിയുകയുള്ളു. അപ്പോൾ ഒരു കമ്മ്യൂണിസ്റ്റാകുക എന്നതിന്റെ അർത്ഥം ഈ സമരത്തിൽ അദ്ധ്വാനിക്കുന്ന യുവതലമുറയെ മുഴുവൻ സംഘടിപ്പിച്ചു അണിനിരത്തുക, അച്ചടക്കത്തിലും പരിശീലനത്തിലും മററുള്ളവർക്കു് മാതൃക നല്കുക എന്നതാണു്. കമ്മ്യൂണിസം കെട്ടിപ്പടുക്കുന്നതിന്നും പൂർത്തിയാക്കുന്നതിന്നും അങ്ങനെയാണെങ്കിൽ നിങ്ങൾക്കു സാധിക്കുന്നതാണു്.

ഇതു കൂടുതൽ വ്യക്തമാക്കുന്നതിന്നായി ഞാനൊരു ഉദാഹരണം പറയാം: നമ്മളെല്ലാവരും കമ്മ്യൂണിസ്റ്റുകാരെന്നു് അഭിമാനിയ്ക്കുന്നു. കമ്മ്യൂണിസ്റ്റു് എന്നാൽ എന്താണു്? അതൊരു ലാററിൻ പദമാണു്, "കമ്മ്യൂണിസ്" എന്ന ലാററിൻ പദത്തിന്നു് 'പൊതുവായ' എന്നാണർത്ഥം. നിലവും ഫാക്ടറികളും എല്ലാം പൊതുസ്വത്തായും എല്ലാവരും പൊതുവിൽ അദ്ധ്വാനിയ്ക്കുന്നവരായും ഉള്ള ഒരു സമുദായത്തിന്നാണു് കമ്മ്യൂണിസ്റ്റു് സമുദായം എന്നു പറയുന്നതു്. അതാണു് കമ്മ്യൂണിസം.

ഓരോരുത്തരും സ്വന്തം കൃഷിയിടത്തിൽ വേറിട്ടു് പണിയെടുക്കുകയാണെങ്കിൽ പൊതുവായി പണിയെടുക്കുക സാദ്ധ്യമാകുമോ? പൊതുവായ അദ്ധ്വാനം ഒററയടിക്കു് പെട്ടെന്നു് നടപ്പിൽവരുത്തുവാൻ കഴിയുകയല്ല; അതു് അസാദ്ധ്യമാണു്. ആകാശത്തിൽനിന്നും പൊട്ടിവീണു് നമുക്കതു ലഭിയ്ക്കുകയില്ല. ക്ലേശങ്ങളിൽക്കൂടിയും തീവ്രയത്നങ്ങളിൽക്കൂടിയും മാത്രമേ അതു ലഭിയ്ക്കുകയുള്ളു; സമരത്തിൽക്കൂടി ഉരുപ്പെടുന്ന ഒന്നാണതു്. പഴയ പുസ്തകങ്ങൾകൊണ്ടു് ഇവിടെ പ്രയോജനമില്ല: ആരും അതു് വിശ്വസിയ്ക്കാൻ പോകുന്നുമില്ല. സ്വന്തം ജീവിതാനുഭവമാണു് ആവശ്യമായിട്ടുള്ളതു്. സൈബീരിയയിൽനിന്നും തെക്കുനിന്നും കോൾചാക്കിന്റേയും ഡെനിക്കിന്റേയും നേതൃത്വത്തിൽ പ്രതി

വിപ്ലവകാരികൾ കടന്നാക്രമിച്ചപ്പോൾ കൃഷിക്കാരെല്ലാം അവരുടെ ഭാഗത്തായിരുന്നു. ബോൾഷേവിസത്തെ അവരിഷ്ടപ്പെട്ടില്ല; കാരണം ബോൾഷെവിക്കുകാർ അവരുടെ ധാന്യം ഒരു നിശ്ചിത വിലക്കു് സംഭരിച്ചുകൊണ്ടിരുന്നു. എന്നാൽ സൈബീരിയയിലേയും ഉക്രേനിയയിലേയും കൃഷിക്കാർ കോൾചാക്കിൻെറയും ഡെനികിൻെറയും ഭരണം നേരിട്ടനുഭവിച്ചപ്പോൾ തങ്ങളുടെ മുമ്പിൽ രണ്ടു മാർഗ്ഗങ്ങളേയുള്ളു എന്നവർക്കു് ബോദ്ധ്യമായി: ഒന്നുകിൽ മുതലാളിമാരുടെ കൂടെ നില്ക്കുക, മുതലാളിമാരാണെങ്കിൽ തങ്ങളെ ഭൂവുടമകളുടെ കീഴിൽ അടിമകളായി തള്ളിവിടുമെന്നതു് തീർച്ച; അല്ലെങ്കിൽ തൊഴിലാളികളുടെ കൂടെ നില്ക്കണം, തൊഴിലാളികളാണെങ്കിൽ പാലും തേനും ഒഴുകുന്ന ഭൂമിയെക്കുറിച്ചൊന്നുമല്ല കടുത്ത അച്ചടക്കത്തെക്കുറിച്ചും തീവ്രസമരങ്ങളെക്കുറിച്ചുമാണു് പറയുന്നതു്, എങ്കിലും മുതലാളിമാരുടേയും ഭൂവുടമകളുടേയും അടിമത്തത്തിൽനിന്നു് തങ്ങളെ അവർ വിമോചിപ്പിയ്ക്കും എന്നതു് തീർച്ച. അജ്ഞരായ കൃഷിക്കാർ സ്വന്തം അനുഭവത്തിൽ കൂടി ഇതു പരമാർത്ഥം ഗ്രഹിച്ചപ്പോൾ അവർ ബോധപൂർവ്വം കമ്മ്യൂണിസ്റ്റു് അനുയായികളായിത്തീർന്നു ജീവിതവിദ്യാലയമാണു് അവരെ അവിടെ എത്തിച്ചതു്. യംഗ്കമ്മ്യൂണിസ്റ്റു് ലീഗിൻെറ പ്രവർത്തനങ്ങൾക്കെല്ലാം അടിസ്ഥാനം അത്തരത്തിലുള്ള ജീവിതാനുഭവങ്ങളായിരിയ്ക്കണം.

എന്താണു് നമ്മൾ പഠിയ്ക്കേണ്ടതു്, പഴയ സ്കൂളിൽനിന്നും പഴയ ശാസ്ത്രങ്ങളിൽനിന്നും എന്തെല്ലാമാണു് നാം ഗ്രഹിയ്ക്കേണ്ടതു്, എന്നതിനെക്കുറിച്ചെല്ലാം ഞാൻ പറഞ്ഞുകഴിഞ്ഞു. ഇതെല്ലാം എങ്ങനെ പഠിയ്ക്കണം എന്നതിനെക്കുറിച്ചാണു് ഇനി എനിയ്ക്കു പറയുവാനുള്ളതു്. പഠിപ്പിലും പരിശീലനത്തിലും വിദ്യാഭ്യാസത്തിലും ഉള്ള ഓരോ ഘട്ടവും ചൂഷകർക്കെതിരായി ബഹുജനങ്ങൾ നടത്തുന്ന സമരവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിയ്ക്കണം എന്നാണു് എനിക്കു് ആവർത്തിച്ചു പറയുവാനുള്ളതു്.

കമ്മ്യൂണിസ്റ്റ് വിദ്യാഭ്യാസം എങ്ങനെയിരിയ്ക്കണം എന്നു് ഉദാഹരിയ്ക്കുന്നതിന്നായി ചില യുവജനസംഘടനകളുടെ അനുഭവങ്ങൾ ഞാൻ ഇവിടെ എടുത്തുപറയാം. നിരക്ഷരത അവസാനിപ്പിക്കണമെന്നു് എല്ലാവരും പറയുന്നുണ്ടു്. അക്ഷരജ്ഞാനമില്ലാത്ത ഒരു രാജ്യത്തു് കമ്മ്യൂണിസം കെട്ടിപ്പടുക്കുക സാദ്ധ്യമല്ലെന്നു് നിങ്ങൾക്കറിയാം. ഇതുസംബന്ധിച്ചു് സോവ്യററു് ഗവമ്മേണ്ടു് ഒരു ഉത്തരവു് പുറപ്പെടുവിച്ചതുകൊണ്ടോ, പാൎട്ടി ഒരുമുദ്രാവാക്യം ഉന്നയിച്ചതുകൊണ്ടോ, ഏററവും നല്ല ഏതാനും പ്രവൎത്തകരെ ഈ ജോലിക്കായി പ്രത്യേകം നിശ്ചയിച്ചതുകൊണ്ടോ, മാത്രമായില്ല. പുതിയ തലമുറതന്നെ ഈ ജോലി സ്വയം ഏറെറടുത്തേപററു. യംഗ് കമ്മ്യൂണിസ്റ്റ്ലീഗിൽപ്പെട്ട ഓരോ യുവാവും യുവതിയും സ്വയം മുന്നോട്ടുവന്നു പറയണം: ഇതെൻെറ ജോലിയാണു്; ഞങ്ങൾ ഒത്തൊരുമിച്ചു് നാട്ടിൻപുറങ്ങളിൽപോയി സകല യുവജനങ്ങളേയും ഒന്നൊഴിയാതെ അക്ഷരവിദ്യ അഭ്യസിപ്പിയ്ക്കും. കമ്മ്യൂണിസം എന്നുവെച്ചാൽ അതാണു്. വളരുന്ന തലമുറയുടെ ശ്രദ്ധ ഇക്കാൎയ്യത്തിലേയ്ക്കു് തിരിയ്ക്കുവാനാണു് ഞങ്ങൾ പരിശ്രമിക്കുന്നതു്. അക്ഷരജ്ഞാനമില്ലാത്ത റഷ്യയെ പെട്ടെന്നു് അക്ഷരജ്ഞാനമുള്ള ഒരു രാജ്യമാക്കി മാററുക എളുപ്പമല്ല. എന്നാൽ നാലുലക്ഷത്തിലധികം അംഗസംഖ്യയുള്ള യംഗ് കമ്മ്യൂണിസ്റ്റ്ലീഗിലെ ഓരോ യുവാവും യുവതിയും ആത്മവിശ്വാസത്തോടുകൂടി ഈ ജോലിക്കിറങ്ങിയാൽ വിജയം നിശ്ചയമാണു്; യംഗ് കമ്മ്യൂണിസ്റ്റ്ലീഗ് എന്ന പേരിന്നു് യഥാൎത്ഥമായ അർഹത അങ്ങനെ അവൎക്കു് നേടാവുന്നതാണു്. സ്വന്തമായി അറിവുസമ്പാദിയ്ക്കുക മാത്രമല്ല യൂത്ത്ലീഗ് അംഗങ്ങളുടെ കടമ. സ്വന്തപരിശ്രമംകൊണ്ടു് അക്ഷരജ്ഞാനം നേടാൻ സാധിക്കാതെ വിഷമിയ്ക്കുന്ന യുവജനങ്ങളെ സഹായിക്കേണ്ടതും യൂത്തുലീഗ് അംഗങ്ങളുടെ കടമയാണു്. യൂത്തുലീഗിൽ അംഗമാകുക എന്നുവെച്ചാൽ സ്വന്തം പ്രയത്നവും കഴിവും എല്ലാം പൊതുക്ഷേമത്തിന്നായി അൎപ്പിക്കുക എന്നൎത്ഥമാണു്. കമ്മ്യൂണിസ്റ്റ് വിദ്യാ

ഭ്യാസത്തിന്റെ അർത്ഥവും അതാണ്. അത്തരം പ്രവർത്തനങ്ങളിൽക്കൂടി മാത്രമാണ് യുവാക്കളും യുവതികളും യഥാർത്ഥ കമ്മ്യൂണിസ്റ്റ്കാരായിത്തീരുന്നതു്. ഈ ജോലിയിൽ പ്രായോഗിക നേട്ടങ്ങൾ കൈവരുത്തിയാൽ മാത്രമേ അവർ കമ്മ്യൂണിസ്റ്റ്കാരാവുകയുള്ളു.

നഗരപ്രാന്തത്തിലെ കായ്കനിത്തോട്ടത്തിലെ ജോലി ഉദാഹരണമായെടുക്കുക. അത്യാവശ്യമായ നല്ലൊരു ജോലിയല്ലേ അതു്? യംഗ്കമ്മ്യൂണിസ്റ്റ്‌ലീഗ് അവശ്യം ആ ജോലി ഏറെറടുക്കണം. ജനങ്ങൾ പട്ടിണികിടക്കുകയാണ്; ഫാക്ടറിജോലിക്കാർ വിശന്നു പൊരിയുന്നു; പട്ടിണിയിൽനിന്നു പൊറുതിനേടാൻ കായ്കനിത്തോട്ടങ്ങൾ നട്ടുവളർത്തിയേ പററൂ. പക്ഷേ നമ്മുടെ കൃഷി ഇന്നും പഴയ മട്ടിൽത്തന്നെയാണ്. വർഗ്ഗബോധമുള്ളവർ കൂടുതലായി കൃഷിയിൽ ഏർപ്പെടണം. കായ്കനിത്തോട്ടങ്ങളുടെ എണ്ണവും വിസ്തൃതിയും വർദ്ധിയ്ക്കുന്നതു് അപ്പോൾ നമുക്കു കാണാം. ഈ ജോലിയിൽ യംഗ്കമ്മ്യൂണിസ്റ്റ്‌ലീഗ് സജീവമായി പങ്കുകൊള്ളണം. ലീഗിന്റെ ഓരോ ശാഖയും സ്വന്താം ചുമതലയായി ഈ ജോലി ഏറെറടുക്കണം.

യംഗ്കമ്മ്യൂണിസ്റ്റ്‌ലീഗ് എല്ലാററിലും ഒരു മുന്നണിപ്പടയായി പ്രവർത്തിയ്ക്കണം; ചൊടിയും ചുണയും മുൻകയ്യും പ്രദർശിപ്പിയ്ക്കുകയും വേണം. ലീഗിന്റെ ആദർശലക്ഷ്യങ്ങൾ ഒരു സാധാരണ തൊഴിലാളിയ്ക്കു പെട്ടെന്നു മനസ്സിലായില്ലെന്നുംവരാം; ഉടനടി അയാൾ ലീഗിൽ ചേരുന്നില്ലെന്നുംവരാം; എങ്കിലും തനിയ്ക്കു നേർവഴി കാട്ടുന്നതു് ലീഗ് അംഗങ്ങളാണെന്ന് ആ സാധാരണ തൊഴിലാളിക്കു ബോദ്ധ്യം വരത്തക്ക രീതിയിലായിരിക്കണം ലീഗ് അതിന്റെ പ്രായോഗികപ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കുന്നതു്.

എല്ലാ രംഗങ്ങളിലും ഈ വിധത്തിൽ പ്രവർത്തനം സംഘടിപ്പിക്കുന്നില്ലെങ്കിൽ അതിന്റെ അർത്ഥം ലീഗ് മുതലാളിത്ത

ത്തിന്റെ പാതയിലേക്ക വഴുതിപ്പോകുന്ന എന്നാണു്. ചൂഷകക്കെതിരായി അദ്ധ്വാനിയ്ക്കുന്ന ജനങ്ങൾ നടത്തുന്ന സമരം വിജയിപ്പിക്കുന്നതിന്നും കമ്മ്യൂണിസ്റ്റാദർശങ്ങൾ നടപ്പിൽ വരുത്തുന്നതിന്നും സഹായിക്കുന്ന വിധത്തിലായിരിക്കണം കമ്മ്യൂണിസ്റ്റ് വിദ്യാഭ്യാസം നാം സംഘടിപ്പിയ്ക്കുന്നതു്.

യൂത്തു്ലീഗിലെ അംഗങ്ങൾ ഒഴിവുള്ള ഓരോ മണിക്കൂറും പച്ചക്കറിത്തോട്ടങ്ങൾ നട്ടുപിടിപ്പിക്കുന്നതിന്നോ ഏതെങ്കിലും ഫാക്ടറിയിൽ തൊഴിലാളികളെ അക്ഷരാഭ്യാസം ചെയ്യിക്കുന്നതിന്നോ വിനിയോഗിക്കേണ്ടതാണു്. പട്ടിണിയും ദാരിദ്ര്യവും മുഴുത്തിട്ടുള്ള റഷ്യയെ ഒരു സമ്പന്നരാജ്യമാക്കി മാററുകയാണു് നമ്മുടെ ആവശ്യം. സ്കൂൾമുറികളിൽമാത്രം ഒതുങ്ങിനില്ക്കാതെ പുസ്തകങ്ങൾ വായിച്ചതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ കമ്മ്യൂണിസ്റ്റ്യുവാക്കൾ തൊഴിലാളികളായും കൃഷിക്കാരായും ഒത്തുചേന്നു് പ്രവൎത്തിക്കുന്നതിൽക്കൂടി മാത്രമേ ഒരു യഥാൎത്ഥ കമ്മ്യൂണിസ്റ്റാകാൻ സാധിയ്ക്കുകയുള്ളൂ. യൂത്ത്ലീഗ് അംഗങ്ങൾ എല്ലാവരും വിദ്യാഭ്യാസമുള്ളവർ ആയിരിക്കണമെന്നും സ്വന്തം ജോലി നിൎവ്വഹിയ്ക്കുന്നതിൽ ബദ്ധശ്രദ്ധരായിരിക്കണമെന്നും പറയേണ്ടതില്ല. പഴയ സ്കൂളുകളിലെ കവാത്തു വിദ്യാഭ്യാസമുറകൾ നമ്മൾ അവസാനിപ്പിച്ചിരിയ്ക്കുന്നു, തൽസ്ഥാനത്തു ബോധപൂൎവ്വമുള്ള അച്ചടക്കം നിലവിൽ കൊണ്ടുവന്നിരിയ്ക്കുന്നു. എല്ലാ യുവാക്കളും യുവതികളും സുബ്ബൊട്ടിനിക്കിൽ ഏൎപ്പെടുന്നു, നഗരത്തിന്നടുത്തുള്ള എല്ലാ കൃഷിസ്ഥലങ്ങളിലും തകൃതിയായി പണി നടക്കുന്നു—ഇതെല്ലാം ജനങ്ങൾ കാണുമ്പോൾ അദ്ധ്വാനത്തോടുള്ള അവരുടെ പഴയ മനോഭാവത്തിൽ മാററം വരും.

പൊതുശുചീകരണം, ഭക്ഷ്യവിതരണം തുടങ്ങി ചെറുതും വലുതുമായ എല്ലാ കാൎയ്യങ്ങളിലും സഹായിക്കാൻ മുന്നിട്ടെത്തുന്നതു് യൂത്തു്ലീഗ് അംഗങ്ങളുടെ കടമയാണു്. പഴയ മുതലാളിത്തസമുദായത്തിൽ ഇതെല്ലാം നിൎവ്വഹിച്ചിരുന്നതു് എങ്ങനെയാണു്? എല്ലാവരും അവനവന്റെ കാൎയ്യംനോക്കി;

വൃദ്ധജനങ്ങളേയും രോഗികളേയും ശ്രദ്ധിക്കാൻ ആരുമുണ്ടായിരുന്നില്ല; അടുക്കളപ്പണി സ്ത്രീകളുടെമാത്രം ജോലിയായിരുന്നു; ആകയാൽ അടിമത്തത്തിലും അപശതയിലും സ്ത്രീകൾക്ക കഴിയേണ്ടിവന്നു. ഈ സ്ഥിതിക്കെല്ലാം ഒരു മാററം വരുത്തേണ്ടതു് ആരുടെ ചുമതലയാണു്? തീച്ചയായും യൂത്തു്ലീഗ് അംഗങ്ങളുടെ ചുമതലയാണതു്. അവർ മുന്നാട്ടുവന്നു പറയണം; ഈ സ്ഥിതിയെല്ലാം ഞങ്ങൾ മാററും; പൊതു ശുചീകരണത്തിലും ഭക്ഷ്യവിതരണത്തിലും സഹായിയ്ക്കുന്നതിന്നും വീടുകൾതോറും സന്ദർശിക്കുന്നതിന്നും സന്നദ്ധസംഘങ്ങളെ ഞങ്ങൾ സംഘടിപ്പിക്കും. പൊതുവിൽ സമുദായത്തിന്നുവേണ്ടി പ്രവർത്തിയ്ക്കുന്നതിന്നു് അദ്ധ്വാനശക്തിയെ എങ്ങനെ സംഘടിപ്പിയ്ക്കുന്നമെന്നതിന്നു് ഞങ്ങൾ മാതൃക നല്കും.

ഇപ്പോൾ അമ്പതു വയസ്സിലെത്തിയ തലമുറയ്ക്കു് കമ്യൂണിസ്റ്റ് സമുദായത്തിൽ ജീവിയ്ക്കുമെന്നു് പ്രതീക്ഷിക്കുകവയ്യ. കമ്യൂണിസ്റ്റ്സമുദായം നിലവിൽ വരുമ്പോഴേക്കും ആ തലമുറയുടെ കാലം കഴിയും. എന്നാൽ പതിനഞ്ചുകാരുടെ തലമുറയ്ക്കു് കമ്യൂണിസ്റ്റ് സമുദായത്തിൽ ജീവിക്കാൻ കഴിയും; അതു കെട്ടിപ്പടുക്കേണ്ടതും അവരാണു്. കമ്യൂണിസ്റ്റ് സമുദായം പടുത്തുയർത്തുന്നതാണു് തങ്ങളുടെ ജീവിതലക്ഷ്യമെന്നു് ഈ തലമുറക്കാർ മനസ്സിലാക്കേണ്ടതാണു്. പഴയ സാമൂഹ്യവ്യവസ്ഥയിൽ ഓരോ കുടുംബവും വെവ്വേറെ ജോലിയെടുത്തു; ബഹുജനങ്ങളെ മർദ്ദിച്ചിരുന്ന മുതലാളിമാരും ഭൂവുടമകളും മാത്രമാണു് അദ്ധ്വാനത്തെ ഏതെങ്കിലും വിധത്തിൽ സംഘടിപ്പിച്ചിരുന്നതു്. എത്ര ക്ലേശകരവും ദുഷ്കരവും ആയ അദ്ധ്വാനത്തിന്നും നാം സംഘടിതരൂപം നല്കണം. അദ്ധ്വാനിക്കുന്ന സ്വതന്ത്രതൊഴിലാളിസൈന്യത്തിലെ ഒരംഗമാണു് താനെന്നും, മുതലാളിമാരേയും ഭൂവുടമകളേയും ആശ്രയിക്കാതെ സ്വന്തം ജീവിതം താൻ പടുത്തുയർത്തുമെന്നും, കമ്യൂണിസ്റ്റ് സമുദായം സ്ഥാപിക്കുന്നതിൽ എല്ലാ വിധത്തിലും താൻ സഹായിയ്ക്കുമെന്നും ഓരോ തൊഴിലാളിക്കും

കൃഷിക്കാരനും ഉറച്ചുനിന്നു് പറയാൻ കഴിയണം. കുട്ടിക്കാലം മുതല്ക്കുതന്നെ ബോധപൂർവ്വം അച്ചടക്കത്തോടുകൂടി സമുദായത്തിനു വേണ്ട ജോലിയിൽ ഏർപ്പെടുന്നതിന്നു് എല്ലാ യുവജനങ്ങളെയും യൂത്തു്ലീഗ് അഭ്യസിപ്പിയ്ക്കണം. ഇപ്പോൾ നമ്മെ അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും അങ്ങനെ പരിഹാരം കാണാമെന്നു് നമുക്കു പ്രത്യാശിക്കാം. രാജ്യത്തെ മുഴുവൻ വൈദ്യുതീകരിയ്ക്കുന്നതിന്നും ദാരിദ്ര്യത്തിൽ ആണ്ടുകിടക്കുന്ന നമ്മുടെ രാജ്യത്തിന്നു് ആധുനിക സാങ്കേതികവിജ്ഞാനം കൈവരുത്തുന്നതിന്നും ചുരുങ്ങിയതു് പത്തുകൊല്ലമെങ്കിലും വേണ്ടിവരും. അപ്പോൾ കമ്യൂണിസ്റ്റു്സമുദായത്തിൽ ജീവിക്കാൻ കഴിയുന്ന പതിനഞ്ചുകാരുടെ തലമുറയുടെ കർത്തവ്യം വ്യക്തമാണു്. എല്ലാ ദിവസവും എല്ലാ ഗ്രാമത്തിലും നഗരത്തിലും, എത്ര ചെറുതും നിസ്സാരവുമായാലും വേണ്ടതില്ല, പൊതുവായുള്ള അദ്ധ്വാനത്തിൽ പങ്കുചേർന്നു് തങ്ങളുടെ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന്നു് എല്ലാ യുവജനങ്ങളും തയ്യാറാകണം. ഓരോ ഗ്രാമത്തിലും ഇതു നടപ്പാകുമ്പോൾ, കമ്യൂണിസ്റ്റു് അനുകരണം സാർവ്വത്രികമാകുമ്പോൾ, അദ്ധ്വാനം ഏകോപിപ്പിയ്ക്കാനും സംഘടിപ്പിയ്ക്കാനും കഴിയുമെന്നു് യുവജനങ്ങൾ തെളിയിക്കുമ്പോൾ, കമ്യൂണിസത്തിന്റെ വിജയത്തെക്കുറിച്ചു് ആശങ്കപ്പെടാനില്ല. തന്റെ ഓരോ നടപടിയും കമ്യൂണിസ്റ്റു് നിർമ്മാണത്തിന്റെ വിജയത്തെ എത്രമേൽ സഹായിക്കുന്നു, അച്ചടക്കത്തോടും രാഷ്ട്രീയബോധത്തോടുംകൂടി അദ്ധ്വാനിക്കുന്ന ജനതയെ വളർത്തിക്കൊണ്ടു വരുന്നതിന്നു തന്നെക്കൊണ്ടാകുന്നതെല്ലാം താൻ ചെയ്തിട്ടുണ്ടോ, എന്നു് ഓരോ അംഗവും സ്വയം പരിശോധിച്ചുകൊണ്ടു മാത്രമേ യംഗ് കമ്യൂണിസ്റ്റു്ലീഗിന്നു് അതിന്റെ അഞ്ചുലക്ഷത്തോളം വരുന്ന അംഗങ്ങളെ ഏകോപിപ്പിച്ചു് സുശക്തമായ ഒരു തൊഴിൽസംഘടനയാക്കി വളർത്താനും ബഹുജനങ്ങളുടെ ആദരവു നേടാനും കഴിയുകയുള്ളൂ (നീണ്ടുനിന്ന കരഘോഷം)

പ്രവദ, നമ്പർ 221, 222, 223<br>ഒക്ടോബർ 5, 6, 7, 1920 } കലക്ടഡ്‌വർക്സ്<br>വോ. 31. പേജ് 283, 99

## തൊഴിലാളിവർഗ്ഗസംസ്കാരത്തെപ്പററി[55]

ഇന്നലെ പ്രോളിത്തു്-കൾട്ടു് (തൊഴിലാളിവർഗ്ഗസംസ്കാര) കോൺഗ്രസ്സിൽ സഖാവു് ലൂനാചാർസ്കി പറഞ്ഞ കാര്യങ്ങൾ ഞാനും അദ്ദേഹവുംകൂടി യോജിച്ചു് നിശ്ചയിച്ചതിന്നു് നേരെ വിപരീതമായിരുന്നു എന്നാണു് ഒക്ടോബർ 8-ാംതീയതിയിലെ "ഇസ്‌വെസ്റ്റിയ" റിപ്പോർട്ടിൽനിന്നു കാണുന്നതു്.

കോൺഗ്രസ്സിന്റെ ഈ സമ്മേളനത്തിൽ അവതരിപ്പിയ്ക്കത്തക്കവണ്ണം ഒരു കരടുപ്രമേയം തയ്യാറാക്കേണ്ടതും അതിന്നു് സെൻട്രൽ കമ്മററിയുടെ അംഗീകാരം നേടേണ്ടതും അടിയന്തിരാവശ്യമായിത്തീർന്നിരിക്കുന്നു. കോൺഗ്രസ്സ് സമ്മേളനം ഇന്നു് അവസാനിക്കുകയാണു്; ആകയാൽ അതിന്നുമുമ്പു് സെൻട്രൽ കമ്മിററിക്കുവേണ്ടി പ്രസ്തുത പ്രമേയം തയ്യാറാക്കേണ്ടതും ജനകീയ വിദ്യാഭ്യാസക്കമ്മിസാറിയററിന്റെ കൊളീജിയത്തിന്റേയും ഈ കോൺഗ്രസ്സിന്റേയും അംഗീകാരം നേടേണ്ടതും അത്യാവശ്യമാണു്.

1) തൊഴിലാളികളുടെയും കൃഷിക്കാരുടെയും സോവിയററ് റിപ്പബ്ലിക്ക് വിദ്യാഭ്യാസരംഗത്തു് പൊതുവിലും കലാരംഗത്തു് പ്രത്യേകിച്ചും നടത്തുന്ന എല്ലാ പ്രവത്തനങ്ങളും തൊഴിലാളിവഗ്ഗം അതിൻെറ സ്വാധിപത്യംവഴി മുതലാളിത്തം അവസാനിപ്പിക്കുന്നതിന്നും വഗ്ഗങ്ങൾ ഇല്ലാതാക്കുന്നതിന്നും മനുഷ്യൻെറ മേൽ മനുഷ്യൻ നടത്തുന്ന ചൂഷണത്തിന്നു് അറുതിവരുത്തുന്നതിന്നും വേണ്ടി നടത്തുന്ന വഗ്ഗസമരത്തിൻെറ വിജയത്തിന്നു് അനുഗുണമായിരിയ്ക്കണം.

2) അതുകൊണ്ടു് പൊതുവിദ്യാഭ്യാസത്തിൻെറ എല്ലാ രംഗങ്ങളിലും തൊഴിലാളിവഗ്ഗം അതിൻെറ മുന്നണിപ്പടയായ കമ്യൂണിസ്റ്റ്പാർട്ടി മുഖേനയും അതിൻെറ മററു നിരവധി സംഘടനകൾ മുഖേനയും നേതൃത്വം നല്കുകയും സജീവമായി പങ്കുകൊള്ളുകയും വേണ്ടതാണു്.

3) ആധുനിക ചരിത്രം, വിശേഷിച്ചും കമ്യൂണിസ്റ്റ് വിജ്ഞാപനത്തിൻെറ ആവിർഭാവത്തിന്നുശേഷം കഴിഞ്ഞ അമ്പതിലേറെ കൊല്ലമായി എല്ലാ രാജ്യങ്ങളിലുമുള്ള തൊഴിലാളികൾ നടത്തിയിട്ടുള്ള സമരങ്ങളുടെ അനുഭവങ്ങൾ, അസന്ദിഗ്ദ്ധമായി തെളിയിക്കുന്നതു്, മാർക്സിസ്റ്റ് ലോകവീക്ഷണം മാത്രമാണു് തൊഴിലാളിവഗ്ഗത്തിൻെറ താല്പര്യങ്ങളെയും അഭിപ്രായഗതിയെയും സംസ്കാരത്തെയും യഥാത്ഥത്തിൽ പ്രതിനിധാനം ചെയ്യുന്നതു് എന്നാണു്.

4) വിപ്ലവകാരി തൊഴിലാളിവഗ്ഗത്തിൻെറ പ്രത്യയശാസ്ത്രമെന്ന നിലയിൽ മാർക്സിസത്തിന്നു് ചരിത്രപ്രാധാന്യം ലഭിച്ചിട്ടുള്ളതു് അതു മുതലാളിത്തകാലഘട്ടത്തിലെ എണ്ണപ്പെട്ട നേട്ടങ്ങൾ യാതൊന്നും അവഗണിക്കാതെ രണ്ടായിരം കൊല്ലത്തെ മാനവചിന്തയേയും സംസ്കാരത്തേയും ഒട്ടാകെ പരിശോധിയ്ക്കുകയും വിലയിരുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്തു എന്നതു

കൊണ്ടാണു്. എല്ലാവിധത്തിലുമുള്ള ചൂഷണങ്ങൾക്കെതിരായി തൊഴിലാളിവർഗ്ഗസർവ്വാധിപത്യം നടത്തുന്ന സമരങ്ങളുടെ അനുഭൂതികൾ ഉൾക്കൊണ്ടുകൊണ്ടു് ഈ അടിസ്ഥാനത്തിലും ഈ വഴിയ്ക്കും തുടൎന്നു നടത്തുന്ന പ്രവർത്തനങ്ങളെ മാത്രമാണു് യഥാർത്ഥ തൊഴിലാളിസംസ്കാരത്തിന്റെ വികസനമായി കണക്കാക്കാവുന്നതു്.

5) ഈ തത്വത്തിൽ ഉറച്ചുനിന്നുകൊണ്ടു് ഈ പ്രോളിത്തു്-കൾട്ടു് കോൺഗ്രസ്സു് തത്വത്തിൽ അബദ്ധജടിലവും പ്രയോഗത്തിൽ ദോഷഭൂയിഷ്ഠവും എന്ന നിലയിൽ ഒററയ്ക്കു സ്വതന്ത്രമായി സംസ്കാരമുറകൾ കണ്ടുപഠിക്കുന്നതിന്നും, സ്വയംപൂർണ്ണസ്ഥാപനങ്ങൾ സൃഷ്ടിക്കുന്നതിന്നും, ജനകീയവിദ്യാഭ്യാസകമ്മിസാറിന്റെയും പ്രോളിത്തു്-കൾട്ടു് കോൺഗ്രസ്സിന്റെയും പ്രവർത്തനങ്ങൾ തമ്മിൽ വകതിരിക്കുന്നതിന്നും, വിദ്യാഭ്യാസകമ്മിസാറിയത്തിന്റെ സ്ഥാപനങ്ങൾക്കുള്ളിൽ പ്രോളിത്തു്-കൾട്ടു് കോൺഗ്രസ്സിന്റെ "സ്വയംഭരണം" ഏർപ്പെടുത്തുന്നതിന്നും ഉള്ള എല്ലാ പരിശ്രമങ്ങളെയും അസന്ദിഗ്ദ്ധമായി തള്ളിക്കളയുന്നു. നേരെമറിച്ചു് എല്ലാ പ്രോളിത്തു്-കൾട്ടു് സ്ഥാപനങ്ങളും ജനകീയവിദ്യാഭ്യാസകമ്മിസാറിയററിന്റെ ആഭിമുഖ്യത്തിൽ രാജ്യത്തുടനീളമുള്ള നിരവധി സംഘടനകളുടെ സഹായകഘടകങ്ങളായി വർത്തിയ്ക്കണമെന്നും, ജനകീയവിദ്യാഭ്യാസകമ്മിസാറിയററിന്റെയും കമ്മ്യൂണിസ്റ്റു് പാർട്ടിയുടെയും പൊതുനിയന്ത്രണത്തിൽ തങ്ങളുടെ ജോലികൾ നിർവ്വഹിക്കണമെന്നും, ഈ കോൺഗ്രസ്സു് അനുശാസിക്കുന്നു.

x x x

താൻ പറഞ്ഞതു വളച്ചൊടിച്ചിരിക്കുകയാണെന്നു് സഖാവു് ലൂനാചാർസ്കി പറയുന്നു. അങ്ങനെയാണെങ്കിൽ ഈ പ്രമേയത്തിന്റെ അടിയന്തിരാവശ്യം വർദ്ധിക്കുന്നതേയുള്ളൂ.

1920 ഒക്ടോബർ 8നു് എഴുതിയതു്.
പ്രഥമപ്രസിദ്ധീകരണം: 1926ൽ
കൊറസ്സായ മാസിക നവമ്പർ ന: 3

കലക്ടഡ് വർക്സ്,
വോ: 31, പേ: 316-17

## തൊഴിലാളിവർഗ്ഗസംസ്കാരത്തെപ്പററിയുള്ള പ്രമേയത്തിൻെറ ഒരു കരടു് പകപ്പു്

1) മാർക്സിസമാണാവശ്യം, പ്രത്യേക ആശയങ്ങളല്ല.

2) പുതിയൊരു തൊഴിലാളിസംസ്കാരം കണ്ടുപിടിക്കുകയല്ല, നിലവിലുള്ള സംസ്കാരത്തിൻെറ നേട്ടങ്ങളെയും ഉത്തമ പാരമ്പര്യങ്ങളെയും മാർക്സിസത്തിൻെറ ലോകവീക്ഷണത്തിൽ നിന്നു് പരിശോധിച്ച തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിന്റെ സാഹചര്യങ്ങൾക്കനുസാരമായി വളർത്തിയെടുക്കുകയാണു് വേണ്ടതു്.

3) ജനകീയ വിദ്യാഭ്യാസക്കമ്മിസാറിയററിൽനിന്നു് വേറിട്ടല്ല, അതിൻെറ ഭാഗമായിട്ടാണു് പ്രവർത്തിക്കേണ്ടതു്. റഷ്യൻ കമ്മ്യൂണിസ്റ്റ്പാർട്ടി + ജനകീയ വിദ്യാഭ്യാസ കമ്മിസാറിയററ്=തൊഴിലാളിവർഗ്ഗസംസ്കാരം.

4) ജനകീയ വിദ്യാഭ്യാസ കമ്മിസാറിയത്തിനോട് ബന്ധപ്പെട്ടും എന്നാൽ അതിന്നു കീഴ്പെട്ടും ആണ് പോളിറ്റ് കൾട്ട് സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കേണ്ടതു്.

5) യാതൊരു പ്രകാരത്തിലും....*

| | |
|---|---|
| എഴുതപ്പെട്ടതു്: ഒക്ടോ: 9, 1920<br>പ്രഥമ പ്രസിദ്ധീകരണം 1945ൽ<br>ലെനിൻ മിസ്സെല്ലിനി ന. 35 | കലക്റ്റഡ് വർക്ക്<br>5—ാം റഷ്യൻപതിപ്പ്<br>വോ: 41, പേ: 462 |

---

* കയ്യെഴുത്തുകോപ്പി ഇവിടെ മുറിഞ്ഞിരിയ്ക്കുന്നു—Ed

# ഗുബർണിയ ഉയെസ്ഡ് വിദ്യാഭ്യാസമേഖലകളിലെ രാഷ്ട്രീയാദ്ധ്യാപകരുടെ അഖില-റഷ്യൻ സമ്മേളനത്തിൽ ചെയ്ത പ്രസംഗത്തിൽനിന്നു്

1920 നവമ്പർ 8 [57]

സഖാക്കളെ, എനിയ്ക്കുള്ള ചില അഭിപ്രായങ്ങൾ ഞാൻ നിങ്ങളെ അറിയിച്ചുകൊള്ളട്ടെ. ഈ അഭിപ്രായങ്ങളിൽ ചിലതു് രാഷ്ട്രീയ വിദ്യാഭ്യാസത്തിന്നുവേണ്ടിയുള്ള മുഖ്യസമിതിയുടെ നിയമനംസംബന്ധിച്ചു് പാർട്ടിയുടെ സെൻട്രൽകമ്മിററിയും ജനകീയ കമ്മിസ്സാർമാരുടെ കൗൺസിലും പര്യാലോചിച്ചുകഴിഞ്ഞിട്ടുള്ളതാണു്; മററുചിലതു് ജനകീയകമ്മിസ്സാർമാരുടെ കൗൺസിലിലേയ്ക്കുള്ള കരടു തയ്യാറാക്കിയപ്പോൾ എനിക്കു് ഉണ്ടായവയുമാണു്. ഈ കരടു് ഒരു അടിസ്ഥാനമെന്ന നിലയിൽ ഇന്നലെ അംഗീകരിയ്ക്കപ്പെട്ടു: അതിന്റെ വിശദാംശങ്ങൾ ഇനിയും ചർച്ചചെയ്തു തീരുമാനിയ്ക്കാനുണ്ടു്.

നിങ്ങളുടെ സ്ഥാപനത്തിന്റെ പേരുമാററുന്നതു് എനി ക്കാദ്യം ഒട്ടുംതന്നെ രുചിച്ചിരുന്നില്ലെന്നു് ഞാൻ നിങ്ങളെ അറിയിക്കുന്നു. എന്റെ അഭിപ്രായത്തിൽ, ജനകീയ വിദ്യാഭ്യാസകമ്മിസാറിയററിന്റെ ചുമതല പഠിക്കാനും പഠിപ്പിക്കാനും ജനങ്ങളെ സഹായിക്കുക എന്നതാണു്. സ്ഥാനപ്പേരു് ഏതാണ്ടൊരു കുട്ടിക്കളി എന്നാണു് സോവിയററു് അനുഭവം എന്നെ പഠിപ്പിച്ചിട്ടുള്ളതു്; ഏതു സ്ഥാനപ്പേരിലും നേരമ്പോക്കിന്റെ ഒരംശമുണ്ടു്. നിങ്ങളുടെ സ്ഥാപനത്തിന്നു് രാഷ്ട്രീയവിദ്യാഭ്യാസത്തിന്നുവേണ്ടിയുള്ള മുഖ്യസമിതി എന്ന പുതിയ പേരാണു് ഇപ്പോൾ അംഗീകരിക്കപ്പെട്ടിട്ടുള്ളതു്.

അതു് തീരുമാനിച്ചുകഴിഞ്ഞ സ്ഥിതിക്കു് ഇതെന്റെ വ്യക്തിപരമായ അഭിപ്രായം എന്നുമാത്രം നിങ്ങൾ കണക്കാക്കിയാൽ മതി. എന്നാൽ പേരുമാററത്തിന്റെ ഒരു കാര്യം മാത്രമല്ല ഇതു്; ആ നിലയിൽ അതു് സ്വാഗതാർഹവുമാണു്.

വിദ്യാഭ്യാസപ്രവത്തനത്തിലേക്കും സാംസ്കാരികപ്രവത്തനത്തിലേക്കും കൂടുതൽ ആളുകളെ ആകർഷിക്കാൻ നമുക്കു സാധിച്ചാൽ അതു് വെറുമൊരു പേരുമാററം മാത്രമായിരിക്കുകയില്ലല്ലോ. ഓരോ പുതിയ സംരംഭത്തിന്നും ഓരോ പുതിയ സ്ഥാപനത്തിന്നും പുതിയൊരു ലേബൽ ഒട്ടിക്കുക എന്ന "സോവിയററു" ദൗർബ്ബല്യം അപ്പോൾ പൊറുക്കാവുന്നതേയുള്ളു. അതിൽ നമ്മൾ വിജയിച്ചാൽ മുമ്പത്തെക്കാളെല്ലാം വലിയൊരു നേട്ടമായിരിക്കും അതു്.

നമ്മുടെ വിദ്യാഭ്യാസ സാംസ്കാരികപ്രവത്തനങ്ങളിൽ ചേരാൻ ജനങ്ങൾക്കുള്ള മുഖ്യപ്രേരണ വിദ്യാഭ്യാസവും നമ്മുടെ നയവും തമ്മിലുള്ള ബന്ധമായിരിക്കണം. ആവശ്യമാണെങ്കിൽ പേരു് മാറേറണ്ടതാണു്. വിദ്യാഭ്യാസത്തിൽ രാഷ്ട്രീയം പാടില്ല എന്ന പഴയ നിലപാടു് നമ്മുടെ വിദ്യാഭ്യാസപ്രവത്ത

നത്തിലാകെ നാം ഉപേക്ഷിക്കേണ്ടിയിരിയ്ക്കുന്നു. രാഷ്ട്രീയത്തിൽ നിന്നു് വേർപെടുത്തിക്കൊണ്ടു് വിദ്യാഭ്യാസപ്രവർത്തനം നടത്തുക സാദ്ധ്യമല്ല.

രാഷ്ട്രീയം പാടില്ല എന്ന ആശയം ബൂർഷ്വാസമുദായത്തിൽ എപ്പോഴും ആധിപത്യം വഹിച്ചിട്ടുണ്ടു്. "രാഷ്ട്രീയമില്ലാത്ത വിദ്യാഭ്യാസം" മുതലാളിത്തത്തിന്റെ തനി കാപട്യമാണു്; പള്ളിയുടെയും സ്വകാര്യസ്വത്തിന്റെയും മററും ഭരണത്തിൽ അവമതിയിലും അധഃപതനത്തിലും കഴിയുന്ന 99 ശതമാനം ജനങ്ങളെ കബളിപ്പിക്കാനുള്ള വെറും തട്ടിപ്പാണു്. മററു രാജ്യങ്ങളിൽ അധികാരത്തിലിരിയ്ക്കുന്ന മുതലാളിമാർ ഇന്നും ബഹുജനങ്ങളെ വഞ്ചിയ്ക്കുന്നതു് അങ്ങനെയാണു്. ആ രാജ്യങ്ങളിൽ രാഷ്ട്രീയസ്ഥാപനങ്ങളുടെ പ്രാധാന്യം എത്രകണ്ടു് വർദ്ധിയ്ക്കുന്നുവോ അത്രകണ്ടു് മൂലധനവുമായി അവയ്ക്കുള്ള കെട്ടുപാടും വർദ്ധിയ്ക്കുന്നു.

എല്ലാ മുതലാളിത്തരാജ്യങ്ങളിലും കരുത്തേറിയ ബന്ധമാണു് രാഷ്ട്രീയസ്ഥാപനങ്ങൾക്കും വിദ്യാഭ്യാസത്തിന്നും തമ്മിലുള്ളതു്. അതു് തുറന്നു സമ്മതിയ്ക്കാൻ ബൂർഷ്വാസമുദായത്തിന്നു് വയ്യെന്നുമാത്രം. മതത്തിൽക്കൂടിയും സ്വകാര്യ സ്വത്തുടമയിൽക്കൂടിയും സ്വന്തം അഭിപ്രായഗതികൾ ബഹുജനങ്ങളിൽ കുത്തിക്കേററുകയാണു് ബൂർഷ്വാസമുദായം ചെയ്യുന്നതു്.

നമ്മുടെ "സത്യത്തെ" ബൂർഷ്വാ "സത്യത്ത"ന്നെതിരായി ഉയർത്തിപ്പിടിച്ചു് അതിന്നു് അംഗീകാരം നേടേണ്ടതു് നമ്മുടെ മൗലികകർത്തവ്യങ്ങളിൽ ഒന്നാണു്.

ബൂർഷ്വാ ചിന്താഗതിയിൽനിന്നു് തൊഴിലാളിവർഗ്ഗചിന്താഗതിയിലേയ്ക്കുള്ള പരിവർത്തനം ഒട്ടും എളുപ്പമല്ല. മുതലാളിമാർ അവരുടെ പ്രക്ഷോഭപ്രചരണോപാധികൾ മുഴുവൻ ഉപയോഗിച്ചു് നമ്മെ അപഹസിച്ചുകൊണ്ടിരിയ്ക്കുമ്പോൾ അതു് വിശേഷിച്ചും

ദൃഷ്ടാന്തമാണ്. തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിന്റെ വിദ്യാഭ്യാസനയങ്ങളെ മുതലാളിമാർ പ്രത്യേകിച്ചും ശരവ്യമാക്കിയിരിയ്ക്കുന്നു. തൊഴിലാളികൾ ജനസംഖ്യയിൽ ഒരു ന്യൂനപക്ഷം മാത്രമായിട്ടുള്ള റഷ്യയിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു പറയേണ്ടതില്ലല്ലോ. റഷ്യയിൽ മുൻഗണന വിദ്യാഭ്യാസത്തിന്നുതന്നെയായിരിയ്ക്കണം; കാരണം സോഷ്യലിസ്റ്റ് നിർമ്മാണത്തിന്ന് ജനങ്ങളെ ഒരുക്കേണ്ടതുണ്ട്. മുതലാളിമാർക്കെതിരായുള്ള സമരത്തിൽ തീക്ഷ്ണമായ വർഗ്ഗബോധവും കട്ടത്ത അച്ചടക്കവും പതറിച്ചയില്ലായ്മയും തൊഴിലാളിവർഗ്ഗം പ്രദർശിപ്പിച്ചിരുന്നില്ലെങ്കിൽ തൊഴിലാളിവർഗ്ഗസർവ്വാധിപത്യം ഉണ്ടാകമായിരുന്നില്ല.

അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾ സോഷ്യലിസത്തിന്ന് തയ്യാറായിക്കഴിഞ്ഞിരിക്കുന്നു എന്നൊന്നും നാം മനപ്പായസം കുടിയ്ക്കുന്നില്ല. ബഹുജനങ്ങളെ സോഷ്യലിസത്തിന്നുവേണ്ടി ഒരുക്കേണ്ടതുണ്ട് എന്നാണ് ഇതഃപര്യന്തമുള്ള തൊഴിലാളിവർഗ്ഗസമരങ്ങളുടെ ചരിത്രം തെളിയിയ്ക്കുന്നതും. അങ്ങനെ ഒരുക്കുന്നതു് വൻകിടവ്യവസായങ്ങൾ, പണിമുടക്കസമരങ്ങൾ, രാഷ്ട്രീയസംഘടന എന്നിവ വഴിയുമാണ്. യോജിച്ചു് സമരംനടത്തി ചൂഷകവർഗ്ഗത്തെ പരാജയപ്പെടുത്താനുള്ള കഴിവു് തൊഴിലാളിവർഗ്ഗത്തിന്നുണ്ടെങ്കിൽ മാത്രമേ സോഷ്യലിസ്റ്റ്‌വിപ്ലവം നടത്താനും വിജയിയ്ക്കാനും അതിന്നു സാധിയ്ക്കുകയുള്ളൂ. ഈ ഗുണങ്ങളെല്ലാം റഷ്യയിലെ തൊഴിലാളിവർഗ്ഗത്തിന്നു് ഉണ്ടായിരുന്നുവെന്നും അവ പ്രവൃത്തിയിൽ കൊണ്ടുവന്നിട്ടാണ് അധികാരത്തിലെത്താൻ അവർക്കു കഴിഞ്ഞിട്ടുള്ളതെന്നും നാം കാണുന്നു.

പഴയ സാമൂഹ്യവ്യവസ്ഥയിൽനിന്നു പാറിക്കൂടിയിട്ടുള്ള ചിന്താഗതികളും വാസനകളും ശീലങ്ങളും കൈവെടിയുന്നതിന്നു് അദ്ധ്വാനിയ്ക്കുന്ന ബഹുജനങ്ങളെ ഗുണദോഷിക്കേണ്ടതും പ്രേരിപ്പി

ക്കേണ്ടതും വിദ്യാഭ്യാസപ്രവർത്തകന്മാരുടേയും, വിശിഷ്യ കമ്മ്യൂണിസ്റ്റ്പാർട്ടിയുടേയും മൗലിക കടമയാണു്. സ്വകാര്യസ്വത്തിനോടുള്ള മമത ബഹുജനങ്ങളിൽ രൂഢമൂലമായിരിയ്ക്കുകയാണു്. ഏതു പ്രത്യേകസംഗതിയിലും പാർട്ടിയുടെ സെൻട്രൽകമ്മിററിയും ജനകീയ കമ്മിസാർമാരുടെ കൌൺസിലും ശ്രദ്ധ കേന്ദ്രീകരിക്കുമ്പോഴ് സോഷ്യലിസ്റ്റ്‌വിപ്ലവത്തിന്റെ ഈ മൗലികഭാവം ഒരിക്കലും വിസ്മരിച്ചുകൂടാ. രാഷ്ട്രീയവിദ്യാഭ്യാസത്തിന്നു വേണ്ടിയുള്ള മുഖ്യസമിതിയുടെ ഘടന എന്തായിരിക്കണം? മററു സ്ഥാപനങ്ങളുമായി അതിനെ ബന്ധപ്പെടുത്തേണ്ടതു് എങ്ങനെയാണു്? കേന്ദ്രവുമായി മാത്രമല്ല പ്രാദേശികഘടകങ്ങളുമായും അതിന്റെ ബന്ധം എന്തായിരിക്കണം? ഈ വക കാര്യങ്ങളെക്കുറിച്ചു് പ്രത്യേകം പഠിച്ചിട്ടുള്ളവരും അനുഭവം ഉൾക്കൊണ്ടിട്ടുള്ളവരും പ്രാപ്തരും ആയ സഖാക്കൾ ഇവിടെ സംസാരിയ്ക്കുന്നതാണു്. ചില പ്രധാന തത്വങ്ങളിൽ ഊന്നുന്നതിന്നുമാത്രമെ ഞാൻ ഉദ്ദേശിയ്ക്കുന്നുള്ളു. സംഗതികൾ ജനങ്ങളോടു് തുറന്നുപറയുകതന്നെ വേണം. പണ്ടു് പരത്തിയ നുണകൾ എന്തുതന്നെയായിരുന്നാലും വിദ്യാഭ്യാസത്തെ രാഷ്ട്രീയത്തിൽനിന്നു് അകററിനിർത്താൻ വയ്യെന്നു് നമ്മൾ തുറന്നു പ്രഖ്യാപിക്കുകതന്നെ വേണം.

നമ്മളെക്കാൾ കൂടുതൽശക്തിയുള്ള ലോകമുതലാളിത്തത്തിന്നു് എതിരായുള്ള സമരത്തിന്റെ ചരിത്രകാലഘട്ടത്തിലാണു് നമ്മൾ ജീവിയ്ക്കുന്നതു്. ഈ ഘട്ടത്തിൽ വിപ്ലവത്തെ മുതലാളിമാരുടെ ആക്രമങ്ങളിൽനിന്നു് സൈനികമായി രക്ഷിച്ചാൽ മാത്രംപോരാ അതിനേക്കാളുപരി പ്രത്യയശാസ്ത്രപരമായി മുതലാളിമാരെ നമ്മൾ എതിർക്കേണ്ടതുണ്ടു്. രാഷ്ട്രീയസ്വാതന്ത്ര്യത്തിന്നുവേണ്ടി ദശാബ്ദങ്ങളായി നടത്തിക്കൊണ്ടിരിയ്ക്കുന്ന സമരത്തിൽ തൊഴിലാളിവർഗ്ഗം ആർജ്ജിച്ചിട്ടുള്ള കഴിവുകളും അനുഭവങ്ങളും അഭിപ്രായഗതികളും—അവയുടെ ആകത്തുക—അദ്ധ്വാനിയ്ക്കുന്ന ബഹുജനങ്ങളുടെ പുനർവിദ്യാഭ്യാസത്തിന്നുള്ള ഉപാധികളായി ഉപകരിയ്ക്കു

ങ്ങതാണ്. ബഹുജനങ്ങളെ എങ്ങനെ അഭ്യസിപ്പിയ്ക്കണം എന്നു തീരുമാനിക്കേണ്ടതും തൊഴിലാളിവർഗ്ഗമാണ്. എല്ലാ മുതലാളിത്തരാജ്യങ്ങളിലേയ്ക്കും വ്യാപിച്ചുകൊണ്ടിരിയ്ക്കുന്ന വർഗ്ഗസമരങ്ങളിൽനിന്നും ലോകരാഷ്ട്രീയത്തിൽനിന്നും ഒഴിഞ്ഞുനില്ക്കുക അസാദ്ധ്യവും അക്ഷന്തവ്യവും ആണെന്നുള്ള ബോധം അദ്ധ്വാനിക്കുന്ന എല്ലാ ജനവിഭാഗങ്ങളിലും നാം ഉളവാക്കണം. സോവിയററ് യൂണിയനെതിരായി ലോകത്തിലെ കരുത്തുററ മുതലാളിത്തരാഷ്ട്രങ്ങൾ ഒരു സഖ്യത്തിൽ ഏർപ്പെട്ടിരിയ്ക്കുകയാണ്—ഇന്നത്തെ ലോകരാഷ്ട്രീയത്തിന്റെ പൊരുൾ അതാണ്. ഈ ലോകരാഷ്ട്രീയത്തിന്റെ ഗതിയെ ആശ്രയിച്ചാണ് മുതലാളിത്തരാജ്യങ്ങളിലെ കോടിക്കണക്കിന്നു് ജനങ്ങളുടെ ഭാവി സ്ഥിതി ചെയ്യുന്നതെന്ന് നാം വ്യക്തമായും മനസ്സിലാക്കണം. ഒരുപിടി മുതലാളിത്തരാഷ്ട്രങ്ങൾ അടക്കി ഭരിക്കാത്ത പ്രദേശമൊന്നും ഇന്നു ഭൂമുഖത്തില്ലെന്നു നിങ്ങൾക്കറിയാവുന്നതാണ്. ഈ ലോകപരിതസ്ഥിതിയിൽ അദ്ധ്വാനിയ്ക്കുന്ന ജനങ്ങളുടെ മുമ്പിൽ രണ്ടു മാർഗ്ഗങ്ങളേ ഉള്ളു: ഒന്നുകിൽ യാതൊരു രാഷ്ട്രീയബോധവുമില്ലാതെ നിസ്സഹായരായി ഈ സമരങ്ങളിൽനിന്നെല്ലാം അകന്ന് മുതലാളിത്തം ബഹുജനങ്ങളെ കഷ്ടപ്പെടുത്തുന്നതും വഞ്ചിയ്ക്കുന്നതും കണ്ടുകൊണ്ട് നില്ക്കുക; അല്ലെങ്കിൽ മുതലാളിത്തത്തിന്നെതിരായി തൊഴിലാളിവർഗ്ഗം നടത്തുന്ന സമരത്തിൽ സജീവമായി പങ്കെടുക്കുക.

തൊഴിലാളിവർഗ്ഗത്തിന്റെ ഈ സമരത്തെക്കുറിച്ച് ഞങ്ങൾ വെട്ടിത്തുറന്നു പറയുകയാണ്. ഞങ്ങളുടെ ഭാഗത്തു ചേരണമോ മറുഭാഗത്തു ചേരണമോ എന്ന് ഓരോരുത്തരും അസന്ദിഗ്ദ്ധമായി തീരുമാനിക്കണം. ഈ സമരത്തിൽ ഭാഗം പിടിക്കാതിരിക്കാനുള്ള പരിശ്രമങ്ങളെല്ലാം കുഴപ്പത്തിലേ കലാശിയ്ക്കുകയുള്ളു. കെറൻസ്കിക്കൂട്ടാളികളുടേയും സോഷ്യലിസ്റ്റ്. റെവലൂഷനറികളുടേയും സോഷ്യൽ-ഡെമോക്രാററുകളുടേയും അനുയായികൾ—യൂഡെ

നിച്ചു്, കോൾചാക്കു്, പെററ്ലൂറയു്, മെഖണോ, കൂട്ടരും—റഷ്യയുടെ നാനാഭാഗങ്ങളിലും പ്രതിവിപ്ലവം കത്തിയിളക്കിക്കൊണ്ടിരിയ്ക്കുകയാണു്. അവർക്കെതിരായുള്ള സമരത്തിൽ മററാക്കുമില്ലാത്ത വീറും നിശ്ചയദാർഢ്യവും നമ്മൾ ആർജ്ജിച്ചിരിക്കുന്നുവെന്നു് ന്യായമായും നമുക്കഭിമാനിക്കാവുന്നതാണു്. പശ്ചിമയുറോപ്പിലേക്കു് നോക്കിയാൽ ഇതേ സംഭവങ്ങളാണു്, നമ്മുടെ ഇതേ ചരിത്രമാണു് അവിടേയും ആവർത്തിയ്ക്കുന്നതെന്നു് ആക്കും മനസ്സിലാകും. മിക്കവാറും എല്ലായിടങ്ങളിലും കെറൻസ്കി കൂട്ടാളികളെപ്പോലുള്ളവർ മുതലാളിമാരുടെ ഭാഗത്തു ചേർന്നതായി നമുക്കു കാണാൻ കഴിയും. പല രാജ്യങ്ങളിലും, വിശേഷിച്ചും ജർമ്മനിയിൽ, ആധിപത്യം വഹിയ്ക്കുന്നതു് അവരാണു്. ഈ സ്ഥിതിയിൽ ഒരിടത്തും ഒരു നിഷ്പക്ഷനില കൈക്കൊള്ളുക സാദ്ധ്യമല്ല. ഒന്നുകിൽ വൈററു്-ഗാർഡു് സർവ്വാധിപത്യം (നമുക്കെതിരായി ആയുധമെടുത്തു് ലോകമുതലാളിത്തം അതിന്നു് ശ്രമിച്ചുകൊണ്ടിരിയ്ക്കുകയാണു്), അല്ലെങ്കിൽ തൊഴിലാളിവർഗ്ഗസർവ്വാധിപത്യം—രണ്ടിലൊന്നേ ഗതിയുള്ളു. ഇതെല്ലാം നേരിട്ടു് അറിഞ്ഞും അനുഭവിച്ചും ഉള്ള നിങ്ങളോടു് റഷ്യൻ കമ്മ്യൂണിസ്റ്റുകാരെപ്പററി കൂടുതൽ പറയേണ്ടതില്ല. രാഷ്ട്രീയവിദ്യാഭ്യാസത്തിന്നുവേണ്ടിയുള്ള മുഖ്യസമിതിയെപ്പററിയുള്ള എല്ലാ വാദങ്ങളും സിദ്ധാന്തങ്ങളും കേട്ടുകഴിഞ്ഞാൽ അവയെല്ലാം നിദാനമായി ഒരേ ഒരു നിഗമനത്തിൽ മാത്രമേ നമുക്കെത്താൻ കഴിയുകയുള്ളു; അതായതു് പ്രസ്തുത സമിതിയുടെ എല്ലാ പ്രവർത്തനങ്ങളിലും കമ്മ്യൂണിസ്റ്റു്പാർട്ടിയുടെ നയങ്ങൾക്കു് പ്രാമുഖ്യം ഉണ്ടായിരിക്കണം എന്ന വസ്തുത കലവറകൂടാതെ അംഗീകരിക്കണം. മററു രൂപത്തിലുള്ള യാതൊരു നിയന്ത്രണത്തെക്കുറിച്ചും നമുക്കറിഞ്ഞുകൂടാ; മററു് രാജ്യങ്ങളിൽ അങ്ങനെയുള്ളതായി കേട്ടിട്ടുപോലുമില്ല. സ്വന്തം വർഗ്ഗതാല്പര്യങ്ങൾ ഏറിയോ കുറഞ്ഞോ പാർട്ടികൾ പ്രതിനിധാനം ചെയ്യുന്നു. അതിൽ മാററങ്ങളും വ്യത്യാസങ്ങളും വന്നേക്കാം. പക്ഷെ വർഗ്ഗതാല്പര്യങ്ങൾ സംരക്ഷിക്കുന്ന

തിന്നു് മററു മാർഗ്ഗങ്ങൾ ഉള്ളതായി അറിവില്ല. സാമ്രാജ്യശക്തികളുടെ ആക്രമണത്തെ മൂന്നു കൊല്ലക്കാലം ധീരമായി ചെറുത്തു് നിശ്ശേഷം പരാജയപ്പെടുത്തിയിട്ടുള്ള സോവിയററുയൂനിയൻെറ ഇതഃപര്യന്തമുള്ള ചരിത്രം ഒരു വസ്തുതയാണു് അസന്ദിഗ്ദ്ധമായി തെളിയിക്കുന്നതു്. മുതലാളിത്തത്തിന്നെതിരായുള്ള സമരത്തിൽ ബഹുജനങ്ങളുടെ അദ്ധ്യാപകനും, സംഘടകനും, നേതാവും എന്ന നിലയിൽ പ്രവർത്തിക്കാൻ തൊഴിലാളിവർഗ്ഗത്തെ പാർട്ടി ബോധപൂർവ്വം സഹായിച്ചിട്ടുണ്ടു് എന്നുള്ളതാണു് ആ വസ്തുത. മുതലാളിത്തത്തെ തകർക്കുവാൻ അതില്ലെങ്കിൽ സാധിക്കുമായിരുന്നില്ല. അദ്ധ്വാനിക്കുന്ന ജനങ്ങൾ, തൊഴിലാളികളും കൃഷിക്കാരും, തങ്ങളുടെ പഴയ ബുദ്ധിജീവിശീലങ്ങൾ കൈവെടിഞ്ഞു് കമ്മ്യൂണിസ്റ്റു് നിർമ്മാണത്തിന്നാവശ്യമായ വിധത്തിൽ പുനർവിദ്യാഭ്യാസത്തിന്നു് തയ്യാറാകണം. അങ്ങനെയല്ലാതെ കമ്മ്യൂണിസ്റ്റു് നിർമ്മാണം സാദ്ധ്യമല്ല. വളരെ ഗൌരവമുള്ള ഒരു കാര്യമാണിതെന്നാണു് അനുഭവം നമ്മെ പഠിപ്പിക്കുന്നതു്. പാർട്ടിയുടെ പ്രാമുഖ്യം നാം എപ്പോഴും മനസ്സിൽവെക്കണം; പ്രവർത്തനങ്ങളെക്കുറിച്ചും സംഘടനയെക്കുറിച്ചും ഉള്ള ചർച്ചകളിൽ ഒരു നിമിഷത്തേക്കുപോലും അതു് വിസ്മരിച്ചുകൂടാ. ഇതെങ്ങനെ ചെയ്യാൻ കഴിയും എന്നതിനെപ്പററി ഗാഢമായും ദീർഘമായും ചിന്തിക്കേണ്ടതുണ്ടു്. പാർട്ടിയുടെ സെൻട്രൽകമ്മിററിയും ജനകീയ കമ്മിസാർമാരുടെ കൌൺസിലും അതേപ്പററി ചർച്ചചെയ്തു് തീരുമാനിക്കേണ്ടതുണ്ടു്. ഇന്നലെ അംഗീകരിച്ച തീരുമാനം രാഷ്ട്രീയ വിദ്യാഭ്യാസത്തിന്നു് വേണ്ടിയുള്ള മുഖ്യ സമിതിയുടെ മൌലിക കടമകളെ നിർവ്വചിക്കുന്നുണ്ടു്. എന്നാൽ വിശദാംശങ്ങൾ ജനകീയകമ്മിസാർമാരുടെ കൌൺസിൽ ഇനിയും തീരുമാനിക്കാനാണു് ഇരിക്കുന്നതു്. ഏതാനും ദിവസങ്ങൾക്കുള്ളിൽ അതു് പ്രസിദ്ധപ്പെടുത്തും. എന്നാൽ അവസാന രൂപത്തിലും പാർട്ടിയുമായുള്ള ബന്ധത്തെക്കുറിച്ചു് നേരിട്ട പ്രസ്താവനകളൊന്നും അതിൽ നിങ്ങൾ കാണുകയില്ല.

എന്നിരിയ്ക്കിലും നിയമത്തിലും പ്രവത്തനത്തിലും സോവിയററ് ഭരണഘടനയ്ക്കു് അധിഷ്ഠാനമായിട്ടുള്ള തത്വം എപ്പോഴും നാം ഓത്തിരിയ്ക്കേണ്ടതാണു്. നിശ്ചയിയ്ക്കുന്നതും നിമ്മിക്കുന്നതും തിരുത്തുന്നതും പാട്ടിയാണു്—തൊഴിലാളിവഗ്ഗവുമായി ബന്ധപ്പെട്ടു് പ്രവത്തിച്ചു് അവരുടെ വിശ്വാസം നേടാനും അവരിൽ കമ്മ്യൂണിസ്റ്റുബോധം വളത്താനും മുതലാളിത്തത്തിൻെറ വഞ്ചനയെപ്പററി അവരെ ധരിപ്പിയ്ക്കാനും പാട്ടിക്കുകഴിയണം—എന്നുള്ള തത്വമാണതു്. ജനകീയ വിദ്യാഭ്യാസത്തിനായുള്ള കമ്മിസാരിയററിന്നു തീവ്രസമരങ്ങൾ നടത്തേണ്ടിവന്നിട്ടുണ്ടു്. അദ്ധ്യാപകന്മാർ പരക്കെ ദീർഘകാലം സോഷ്യലിസ്റ്റു് വിപ്ലവത്തെ എതിത്തുകൊണ്ടിരിയ്ക്കുകയായിരുന്നു. ബൂർഷ്വാചിന്താഗതികൾ അദ്ധ്യാപകന്മാരിൽ രൂഢമൂലമാണു്. അട്ടിമറിയ്ക്കാനും ബൂർഷ്വാ മുരടിത്തങ്ങളിൽ പിടിച്ചുനില്ക്കാനും ഉള്ള വാസന അവരിൽ തുടൎന്നുവരികയാണു്. സാവധാനത്തിൽ, പടിപടിയായി, കമ്മ്യൂണിസ്റ്റു് നിലപാടു് അവരെക്കൊണ്ടു് അംഗീകരിപ്പിയ്ക്കാൻ നാം പരിശ്രമിക്കണം. രാഷ്ട്രീയവിദ്യാഭ്യാസത്തിനുവേണ്ടിയുള്ള മുഖ്യസമിതി സ്കൂളുകൾക്കു് പുറത്തു് ബഹുജനങ്ങൾക്കു് വിദ്യാഭ്യാസം നൽകുന്നതിനാണു് പ്രധാനമായും ചുമതലപ്പെട്ടിട്ടുള്ളതു്. ഈ ചുമതല നിവ്വഹിയ്ക്കുന്നതിൽ സമിതിയുടെ അടിയന്തിരകടമ പാർട്ടിനേതൃത്വവുമായി ബന്ധപ്പെട്ടു് അഞ്ചുലക്ഷത്തോളം വരുന്ന ഈ അദ്ധ്യാപകസേനയെ സ്വാധീനിയ്ക്കുകയും ഉത്തേജിപ്പിയ്ക്കുകയും ബോധവാന്മാരാക്കുകയും തൊഴിലാളിവഗ്ഗത്തിൻെറ സേവനത്തിൽ ആ വിപുലസേനയെ തല്പരരാക്കുകയും ആണു്. അദ്ധ്യാപകന്മാൎക്കു് തൊഴിലാളിവഗ്ഗവുമായി പറയത്തക്ക യാതൊരു ബന്ധവും ഉണ്ടായിട്ടില്ല. ബൂർഷ്വാ ചിന്താഗതികളിലും തൊഴിലാളിവഗ്ഗത്തോടുള്ള വിരോധത്തിലും വളൎന്നുവന്നവരാണു് അവർ. ആകയാൽ അദ്ധ്യാപകന്മാരുടെ പുതിയൊരു തലമുറയെ നാം പരിശീലിപ്പിച്ചെ

ടുക്കേണ്ടിയിരിക്കുന്നു. പാർട്ടിയോടടുത്തും പാർട്ടിയുടെ ആശയങ്ങളുംകൊണ്ടും ബഹുജനങ്ങളെ പഠിപ്പിക്കുന്നതിലും അവരിൽ കമ്മ്യൂണിസ്റ്റുബോധം ഉളവാക്കുന്നതിലും തല്പരരായ ഈ പുതിയ തലമുറയെ നാം വളർത്തിക്കൊണ്ടുവരണം.

പഴയ ആചാരങ്ങളും ശീലങ്ങളും ആശയങ്ങളും ഉപേക്ഷിക്കേണ്ടതുകൊണ്ടു് രാഷ്ട്രീയവിദ്യാഭ്യാസത്തിനുള്ള മുഖ്യ സമിതിയും അതിൻെറ പ്രവർത്തകന്മാരും അവരുടെ കർത്തവ്യം എപ്പോഴും മനസ്സിൽ വെയ്ക്കേണ്ടതാണു്. വലിയൊരു ദുർഘടസ്ഥിതിയാണു് അവക്കു നേരിടുവാനുള്ളതു്. പഴയ ചിന്താഗതിക്കാരായ അദ്ധ്യാപകന്മാരേയും പാർട്ടി മെമ്പർമാരേയും (അതായതു്, കമ്മ്യൂണിസ്റ്റുകാരേയും) തമ്മിലെങ്ങനെ ബന്ധപ്പെടുത്താം? ഗാഢമായി ചിന്തിക്കേണ്ട വിഷമം പിടിച്ച ഒരു പ്രശ്നമാണിതു്.

ഇത്രമേൽ അന്തരമുള്ള വിഭാഗങ്ങൾതമ്മിൽ സംഘടനാബന്ധം സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി നമുക്കാലോചിക്കാം. തത്വത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രാമുഖ്യത്തെപ്പററി തരിമ്പും നാം സംശയിച്ചുകൂടാ. രാഷ്ട്രീയസംസ്കാരത്തിന്റേയും രാഷ്ട്രീയവിദ്യാഭ്യാസത്തിന്റേയും ഉദ്ദേശ്യം യഥാർത്ഥകമ്മ്യൂണിസ്റ്റുകാരെ പരിശീലിപ്പിക്കുകയാണു്. അസത്യങ്ങൾക്കും ദുർബോധനകൾക്കും അറുതിവരുത്തുവാനും പഴയതിനെ പരാജയപ്പെടുത്തി മുതലാളിമാരും ഭൂവുടമകളും ചൂഷകരുമില്ലാത്ത പുതിയൊരു ഭരണക്രമം സ്ഥാപിക്കുന്നതിന്നു് അദ്ധ്വാനിക്കുന്ന ജനങ്ങളെ സഹായിക്കാനും കമ്മ്യൂണിസ്റ്റുകാർക്കു കെല്പുണ്ടായിരിക്കണം. അതെങ്ങനെ സാധിക്കാം? അദ്ധ്യാപകന്മാർ മുതലാളിത്തസമുദായത്തിൽനിന്നാർജ്ജിച്ച മുഴുവൻ വിജ്ഞാനവും ഉപയോഗപ്പെടുത്തിക്കൊണ്ടുമാത്രമേ അതു സാധിക്കുകയുള്ളൂ. അതില്ലാതെ കമ്മ്യൂണിസത്തിൻെറ സാങ്കേതികനേട്ടങ്ങളൊന്നും സാ

ധ്യമല്ല; സാധ്യമാകുമെന്ന വിശ്വസിക്കുന്നതു് ദിവാസ്വപ്നമാണ്. അപ്പോൾ ചോദ്യം ഇതാണ്: രാഷ്ട്രീയത്തിൽ വിശേഷിച്ചും നമുക്കനുകൂലമായ കമ്മ്യൂണിസ്റ്റ് രാഷ്ട്രീയത്തിൽ, പരിചയമില്ലാത്ത ഈ അദ്ധ്യാപകന്മാരെ സംഘടിപ്പിയ്ക്കുവാനുള്ള മാർഗ്ഗമെന്തു്? ഞാൻ മുമ്പു പ്രസ്താവിച്ചപോലെ അതു് വിഷമമേറിയ ഒരു പ്രശ്നമാണ്, സെൻട്രൽ കമ്മിററിയിൽ ഇതിനെക്കുറിച്ചു് ഞങ്ങൾ ആലോചിക്കുകയുണ്ടായി. അനുഭവപാഠങ്ങൾ തികച്ചും കണക്കിലെടുത്തുകൊണ്ടുള്ള ചർച്ചകളാണ് നടന്നതു്. ഇക്കാര്യത്തിൽ ഇന്നിവിടെ കൂടുന്നതുപോലെയുള്ള നിങ്ങളുടെ സമ്മേളനങ്ങൾ വളരെയധികം സഹായകമാകുമെന്നു് ഞങ്ങൾ കരുതുന്നു. ഇതുവരേക്കു ഒരു നിശ്ചിതവൃത്തത്തിലും സംഘടനയിലും ഒതുങ്ങിക്കഴിഞ്ഞ പ്രചാരകന്മാരെ പാർട്ടി കമ്മിററികൾ ഒരു പുതിയ നിലപാടിൽനിന്നു ഇപ്പോൾ വീക്ഷിക്കേണ്ടതുണ്ടു്. ഈ പ്രചാരകർ ഓരോരുത്തരും രാഷ്ട്രത്തേയും ലോക മുതലാളിത്തത്തിന്നെതിരായുള്ള സോവിയററു് സമരത്തേയും നിയന്ത്രിക്കുന്ന ഭരണകക്ഷിയിലെ അംഗങ്ങളാണ്. വമ്പിച്ചൊരു ഭരണസംവിധാനം കൊണ്ടുനടത്തുന്ന, കൊണ്ടുനടത്തേണ്ട, ഒരു കക്ഷിയുടേയും വർഗ്ഗത്തിന്റേയും പ്രതിനിധികളാണവർ. ഒളിജീവിതത്തിൽക്കൂടിയും നിയമവിരുദ്ധപ്രവർത്തനങ്ങളിൽക്കൂടിയും കടന്നുപോന്നു് അനുഭവസമ്പന്നരും ദൃഢചിത്തരുമായിത്തീർന്നിട്ടുള്ള പല കമ്മ്യൂണിസ്റ്റുകാർക്കും പ്രചാരകനിൽ വന്നിട്ടുള്ള ഈ മാററം—വലിയൊരു ഭരണസംവിധാനത്തിൽ പ്രചാരകന്മാരുടെ നേതാവായി ആയാൾക്കു വന്നിട്ടുള്ള പരിവർത്തനം—മനസ്സിലാക്കാൻ കഴിയുന്നില്ല, അഥവാ മനസ്സിലാക്കാൻ അവർ തയ്യാറില്ല. പൊതുസ്കൂളുകളുടെ സൂപ്രണ്ടു് എന്ന പുതിയ സ്ഥാനപ്പേരു് സ്വല്പം 'വല്ലായ്മ' ജനിപ്പിയ്ക്കുമെന്നതു് അത്ര സാരമാക്കാനില്ല; അദ്ധ്യാപകലോകത്തെ നയിയ്ക്കാനും നിയന്ത്രിയ്ക്കാനുമുള്ള കഴിവു് ആയാൾക്കുണ്ടായിരിയ്ക്കണമെന്നതാണ് പ്രധാനസംഗതി.

ലക്ഷക്കണക്കിനുവരുന്ന ഈ അദ്ധ്യാപകന്മാരെ ഒരേകീകൃത സംഘത്തിലെ അംഗങ്ങളായി പ്രവർത്തനരംഗത്തിറക്കണം, ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കണം, ബഹുജനങ്ങളിൽ ഇന്നും നിലനിന്നുവരുന്ന അന്ധവിശ്വാസങ്ങളെയും ദുർബോധനകളെയും അകററാൻ ഉപയോഗപ്പെടുത്തണം. മുതലാളിത്തസംസ്കാരത്തിൽ വളർന്നുവന്നു് അതിൻെറ ദൂഷ്യഫലങ്ങൾ ഉൾക്കൊണ്ടിട്ടുള്ള ഈ അദ്ധ്യാപകന്മാർ കമ്യൂണിസ്റ്റുകാരാകാൻ മടിക്കുന്നു എന്ന വസ്തുത വിദ്യാഭ്യാസപ്രവർത്തനത്തിലേക്കു് അവരെ കൊണ്ടുവരുന്നതിന്നു തടസ്സമായിക്കൂടാ കാരണം നമ്മുടെ ലക്ഷ്യപ്രാപ്തിക്കു് ആവശ്യമായിട്ടുള്ള അറിവു് ഈ അദ്ധ്യാപകന്മാർക്കാണുള്ളതു്.

കമ്യൂണിസ്റ്റു് വിദ്യാഭ്യാസത്തിൽ സഹായിക്കാൻ കഴിയുന്ന ആയിരമായിരം അദ്ധ്യാപകന്മാരുടെ സേവനങ്ങൾ നാം ഉപയോഗപ്പെടുത്തണം. യുദ്ധരംഗത്തു് നമ്മുടെ ചുകപ്പുസേന ഇതേ കടമ നിർവ്വഹിച്ചിട്ടുണ്ടു്; പഴയ സൈന്യത്തിലെ ആയിരക്കണക്കിനാളുകളെ തങ്ങളുടെ കൂട്ടത്തിൽ അവർ ചേർത്തു. തുടർച്ചയായ പുനർവിദ്യാഭാസത്തിൽകൂടി അവർ ചുകപ്പുസേനയുടെ ഭാഗമായിത്തീൎന്നു; ചുകപ്പുസേനയുടെ വിജയങ്ങൾ അതിൻെറ തെളിവാണല്ലൊ നല്കുന്നതു്. ചുകപ്പുസേനയുടെ ഈ മാതൃക നമ്മുടെ സാംസ്കാരിക പ്രവർത്തനങ്ങളിലും വിദ്യാഭ്യാസപ്രവർത്തനങ്ങളിലും നമ്മൾ പിന്തുടരേണ്ടതാണു്. കാഴ്ചപ്പുറത്തുള്ള ഒരാർഭാടപ്രവൃത്തിയല്ല അതു്; എന്നാൽ അതിൻെറ പ്രാധാന്യം കൂടുതലാണു്. ഓരോ പ്രചാരകന്റേയും പ്രക്ഷോഭകാരിയുടെയും സേവനം നമുക്കത്യാവശ്യമാണു്. പാർട്ടിബോധത്തോടുകൂടി അയാൾ പ്രവർത്തിക്കണം, പക്ഷെ പാർട്ടിപ്രവർത്തനം മാത്രം നടത്തിയാൽ പോരാ: ലക്ഷക്കണക്കിനു അദ്ധ്യാപകന്മാരെ നയിക്കേണ്ടതു്, നമ്മുടെ പ്രവർത്തനങ്ങളിൽ അവൎക്കു താല്പര്യം ജനിപ്പിക്കേണ്ടതു്, ആ പ്രവർത്തനങ്ങളുടെ വൈപുല്യത്തെ അവൎക്കു മനസ്സിലാക്കിക്കൊടുക്കേണ്ടതും തന്റെ ചുമതലയാണെന്ന ഓർമ്മ ആയാൾക്കെപ്പോഴും ഉണ്ടായിരിക്കണം.

മുതലാളിത്തം കബളിപ്പിച്ചു നമ്മളിൽനിന്നും അകററിയ ഈ ജനസംഖ്യയത്തെ നേർവഴിക്കു നമ്മുടെ ഭാഗത്തേയ്ക്കു കൊണ്ടുവരുന്നതിന്നും അതേ മാർഗ്ഗമുള്ളു

ബഹുജനവിദ്യാഭ്യാസരംഗത്തു പ്രവൎത്തിക്കുന്ന എല്ലാ പ്രചാരകന്മാരും പ്രക്ഷോഭകാരികളും ശ്രദ്ധിക്കേണ്ടതും ഓൎമ്മിക്കേണ്ടതുമായ ലക്ഷ്യങ്ങൾ ഇവയാണു്. പ്രായോഗിക വിഷമതകൾ നിരവധി നമുക്കു നേരിടാനുണ്ടാകും. ചുരുങ്ങിയ പാർട്ടിപരിധിയിൽ മാത്രമല്ല, തൊഴിലാളികൾക്കു സ്വായത്തമായിട്ടുള്ള വിപുലമായ ഭരണസംവിധാനത്തിന്റെ മുഴുവൻ പ്രതിനിധിയായും നേതാവായും ഉയൎന്നു കമ്യൂണിസ്സം നിൎമ്മാണത്തെ സഹായിക്കാൻ നിങ്ങൾക്കു സാധിയ്ക്കണം.

സൈനികരംഗത്തും രാഷ്ട്രീയരംഗത്തും മാത്രമല്ല മുതലാളിത്തത്തെ നമുക്കു പരാജയപ്പെടുത്താനുള്ളതു്. പ്രത്യയശാസ്ത്രപരമായിട്ടുള്ള അവരുടെ എതിൎപ്പു ശക്തിയേറിയതും ദൃഢമൂലവുമാണു്. അതിനെയും നാം പരാജയപ്പെടുത്തിയേ തീരൂ ബഹുജനങ്ങളുടെ പുനർവിദ്യാഭ്യാസമാണു് നമ്മുടെ വിദ്യാഭ്യാസപ്രവൎത്തകന്മാൎക്കു അടിയന്തിരമായി സാധിക്കാനുള്ളതു്. കമ്യൂണിസത്തെക്കുറിച്ചു പഠിയ്ക്കാനും അറിയാനും ബഹുജനങ്ങളിൽ കാണുന്ന വ്യഗ്രത ഈ രംഗത്തും നമ്മുടെ വിജയത്തിന്നു ഉറപ്പുനൽകുന്നുണ്ടു്. സൈനികരംഗത്തെന്നപോലെ അത്ര വേഗത്തിൽ നാം വിജയിച്ചില്ലെന്നുവരാം; വിഷമതകളും ഇടക്കിടെ തിരിച്ചടികളും അനുഭവപ്പെട്ടു എന്നുവരാം. അവസാനമായി നമ്മൾ വിജയിക്കും, തീൎച്ച.

അവസാനമായി ഒരു സംഗതിയെക്കുറിച്ചുകൂടി പറയാൻ ഞാനാഗ്രഹിയ്ക്കുന്നു. രാഷ്ട്രീയ വിദ്യാഭ്യാസത്തിന്നുവേണ്ടിയുള്ള മുഖ്യസമിതി എന്ന പേരു ശരിയായ വിധത്തിലല്ല പലരും മനസ്സിലാക്കിയിട്ടുള്ളതെന്നു തോന്നുന്നു. രാഷ്ട്രീയമെന്നു പ്ര



ഇരുന്നൂററിരന്നു്

ത്യേകം എടുത്തുപറഞ്ഞിട്ടുള്ളതിനാൽ രാഷ്ട്രീയത്തിന്നു പ്രാധാന്യം കല്പിച്ചിട്ടുണ്ട്.

എന്നാൽ രാഷ്ട്രീയത്തെപ്പററി മനസ്സിലാക്കേണ്ടതു് എങ്ങനെയാണ്? പഴയ അർത്ഥത്തിലാണ് രാഷ്ട്രീയത്തെ മനസ്സിലാക്കുന്നതെങ്കിൽ, വലിയ പിശകുപററും. രാഷ്ട്രീയമെന്നാൽ വർഗ്ഗങ്ങൾ തമ്മിലുള്ള സമരമാണ്. ലോകമുതലാളിത്തത്തിൽനിന്നു മോചനം നേടുന്നതിനുള്ള സമരത്തിൽ തൊഴിലാളിവർഗ്ഗത്തിനുള്ള ബന്ധങ്ങളാണ്. നമ്മുടെ ഈ സമരത്തിന്നു് പ്രധാനമായ രണ്ടു വശങ്ങളുണ്ടു്: അതിലൊരു വശം മുതലാളിത്തവ്യവസ്ഥയുടെ പൈതൃകപാരമ്പര്യങ്ങൾ തുടച്ചുനീക്കുക, സോവിയററ് അധികാരം തകർക്കുന്നതിന്നു് ലോകമുതലാളിത്തം ആവർത്തിച്ചു നടത്തുന്ന പരിശ്രമങ്ങളെ തോല്പിക്കുക, എന്നതാണ്. ഇതുവരേയ്ക്കും നമ്മുടെ ശ്രദ്ധ അധികവും കേന്ദ്രീകരിച്ചിട്ടുള്ളതു് ഇക്കാര്യത്തിലാണ്. നിർമ്മാണം എന്ന രണ്ടാമത്തെ വശത്തിലേക്കു് കടക്കുവാൻ നമുക്കു കഴിഞ്ഞിട്ടില്ല. ബൂർഷ്വാ ലോകവീക്ഷണത്തിൽ രാഷ്ട്രീയവും സാമ്പത്തികവും തമ്മിൽ ബന്ധപ്പെട്ടതല്ല. "കൃഷിക്കാരേ, ജീവിതവൃത്തിക്കായി നിങ്ങൾ പണിയെടുക്കണം. തൊഴിലാളികളെ, അദ്ധ്വാനത്തിൽ മത്സരിച്ചു് നിങ്ങൾ നിങ്ങളുടെ ജീവിതവൃത്തി നേടണം. സാമ്പത്തികനയങ്ങളെസ്സംബന്ധിച്ചാണെങ്കിൽ അതു് നിങ്ങളുടെ യജമാനന്മാർ നോക്കിക്കൊള്ളും," എന്നാണ് മുതലാളി ഭരണാധികാരികൾ പറഞ്ഞിരുന്നതു്. അങ്ങനെ അനുവദിച്ചുകൂടാ. രാഷ്ട്രീയം ജനങ്ങളുടെ കാര്യമാകണം. തൊഴിലാളിവർഗ്ഗത്തിന്റെ കാര്യമാകണം. നമ്മുടെ കഴിവിലും സമയത്തിലും മുക്കാലേ അരയ്ക്കാൽഭാഗവും മുതലാളിത്തത്തിന്നെതിരായുള്ള സമരത്തിലാണ് വിനിയോഗിക്കപ്പെടുന്നതെന്ന വസ്തുത ഇവിടെ പ്രത്യേകം ഊന്നേണ്ടതായിട്ടുണ്ട്. യുദ്ധരംഗത്തു് റാങ്കലിനെ നമ്മൾ തോല്പിച്ച വാർത്ത ഇന്നലത്തെ പത്രത്തിൽ നിങ്ങൾ വായിച്ചു: ഇന്നത്തെയും നാളത്തെയും പത്രങ്ങളിൽ നിങ്ങൾക്കതു തു

ടൻ വായിക്കുകയുംചെയ്യാം. പല പാശ്ചാത്യരാജ്യങ്ങളുമായി സ
മാധാനക്കരാറിൽ നാം ഒപ്പുവെച്ചിട്ടുമുണ്ട്. യുദ്ധരംഗത്തെ ഓരോ
വിജയവും ആഭ്യന്തരകാര്യങ്ങളിൽ, ഭരണസംവിധാനത്തിൽ, ശ്ര
ദ്ധിക്കുന്നതിനു കൂടുതൽ സമയവും സൗകര്യവും നമുക്കു നേടിത്ത
രുന്നു. വൈററ്-ഗാർഡ് പ്രതിവിപ്ലവകാരികളുടെമേൽ നമുക്ക്
ലഭിക്കുന്ന ഓരോ വിജയവും സാമ്പത്തികനയങ്ങളിൽ കൂടുതൽ
ശ്രദ്ധിക്കുന്നതിന്നു് നമുക്കു അവസരം തരുന്നു. പഴയകാലത്തെ
പ്രചാരവേല കമ്യൂണിസം എന്തെന്നു വിവരിക്കുന്നതിന്നും ചിത്രീ
കരിക്കുന്നതിന്നും ഉദ്ദേശിച്ചുള്ളതായിരുന്നു. അത്തരത്തിലുള്ള പ്ര
ചാരവേല ഈ ഘട്ടത്തിൽ പ്രയോജനശൂന്യമാണ്. സോഷ്യ
ലിസം എങ്ങനെ കെട്ടിപ്പടുക്കാമെന്നു് പ്രായോഗികമായി കാ
ണിച്ചുകൊടുക്കുകയാണ് ഇന്നത്തെ ആവശ്യം. ഇന്നത്തെ എല്ലാ
പ്രചാരവേലയും സാമ്പത്തികവികസനത്തിൽ നമ്മുടെ രാഷ്ട്രീയ
അനുഭവങ്ങളെ അടിസ്ഥാനമാക്കിയായിരിക്കണം. നമ്മുടെ മുഖ്യ
കടമ ഇന്നു അതാണ്. ഈ കടമയെ പഴയരൂപത്തിൽ വ്യാഖ്യാ
നിക്കുന്നവർ പ്രതിലോമകാരികളാണ്. കൃഷിക്കാരുടെയും തൊ
ഴിലാളികളുടെയും ഇടയിൽ പ്രചരണംനടത്താൻ കഴിവില്ലാത്ത
വരുമാണ്. രാഷ്ട്രത്തെ സാമ്പത്തികമായി ശക്തിപ്പെടുത്തി കൂടു
തൽ ധാന്യവും കൂടുതൽ കല്ക്കരിയും ഉല്പാദിപ്പിക്കുന്നതാണ് ന
മ്മുടെ ഇന്നത്തെ ലക്ഷ്യം. ഈ ധാന്യവും കല്ക്കരിയും വേണ്ടവിധ
ത്തിൽ എങ്ങനെ ഉപയോഗപ്പെടുത്താം, പട്ടിണിയിൽനിന്നു
എങ്ങനെ കരകയറാം—ഇതാണ് നമ്മുടെ പ്രധാന നോട്ടം. ഈ
ലക്ഷ്യത്തെ മുൻനിർത്തിയായിരിക്കണം നമ്മുടെ പ്രക്ഷോഭവും പ്ര
ചാരവേലയുമെല്ലാം. ചാതുര്യമുള്ള വാക്കുകൾ കുറെ കാണ്ണാം. ചാ
തുര്യമുള്ള വാക്കുകൾകൊണ്ടു് ജനങ്ങളെ തൃപ്തിപ്പെടുത്തുവാൻ നി
ങ്ങൾക്കു കഴിയുകയില്ല. മുതലാളിമാർക്കും വൈററ്ഗാർഡുകൾക്കും
രംഗലിന്നും എതിരായുള്ള യുദ്ധങ്ങളിൽ വിജയിച്ച് സ്വല്പം സാ
വകാശം ലഭിക്കുമ്പോൾ സാമ്പത്തികനയങ്ങളിൽ ശ്രദ്ധ കേന്ദ്രീക
രിക്കാൻ നമുക്കു സാധിക്കുന്നതാണ്. പ്രചരണത്തിന്റേയും പ്ര

ക്ഷോഭത്തിൻെറയും പ്രാധാന്യം അപ്പോൾ പതിന്മടങ്ങ് വ ൎദ്ധിക്കും.

ഓരോ പ്രചാരകനും ഒരു സ്റ്റോറ്നേതാവ് ആയിരിക്കണം, സാമ്പത്തിക വികസനപ്രവൎത്തനങ്ങളിൽ തൊഴിലാളികളുടെയും കൃഷിക്കാരുടെയും നേതാവായിരിക്കണം. ഒരു കമ്യൂണിസ്റ്റാകുന്ന തിന്നു എന്തെല്ലാം അറിയണം, ഏതെല്ലാം പുസ്തകങ്ങളും ലഘു ലേഖകളും വായിയ്ക്കണം, എന്നെല്ലാം ആയാൾ അവൎക്ക് പറഞ്ഞു കൊടുക്കണം.

നമ്മുടെ സാമ്പത്തികജീവിതം മെച്ചപ്പെടുത്തുന്നതിന്നും അ തിന്ന് അടിയുറപ്പുണ്ടാക്കുന്നതിന്നും അതാണ് മാൎഗ്ഗം. ഉല്പാ ദനം വൎദ്ധിപ്പിയ്ക്കുക, ഭക്ഷ്യവിതരണം ക്രമപ്പെടുത്തുക, മുതലാളി മാരോ മുതലാളിത്തസമ്പ്രദായങ്ങളോ ഇല്ലാത്ത വ്യവസായം പുനഃസ്ഥാപിയ്ക്കുക—ഇതിന്നെല്ലാമുള്ള മാൎഗ്ഗം അതാണ്.

കമ്മ്യൂണിസത്തിൽ എന്തെല്ലാമാണ് അടങ്ങിയിട്ടുള്ളതു? രാഷ്ട്രപുനരുദ്ധാരണത്തിന്ന് പ്രായോഗികനേതൃത്വം കൊടുക്കുന്ന വിധത്തിൽ ആയിരിയ്ക്കണം കമ്മ്യൂണിസത്തിന്നുവേണ്ടിയുള്ള എല്ലാ പ്രചാരവേലയും നടത്തുന്നതു്. കമ്മ്യൂണിസം സ്വന്തം കാൎയ്യ മാണെന്ന് സാധാരണ തൊഴിലാളികൾക്ക് ബോദ്ധ്യം വരത്തക്ക വണ്ണം സംഗതികൾ അവൎക്ക് മനസ്സിലാക്കിക്കൊടുക്കണം. ഇന്ന് ആ കടമ വളരെ മോശപ്പെട്ടനിലയിലാണ് നിൎവ്വഹിയ്ക്കുന്നതു്. ആയിരക്കണക്കിന്ന് തെററുകൾ പററുന്നുണ്ടു്. അതു നമ്മൾ മൂടി വെയ്ക്കേണ്ട ആവശ്യമില്ല. നമ്മൾ നല്കുന്ന സഹായം തുലോം അപ ൎയ്യാപ്തമാണെന്നിരിയ്ക്കിലും അതുപയോഗപ്പെടുത്തി നമ്മുടെ പ്രച രണോപാധികൾ മെച്ചപ്പെടുത്താൻ തൊഴിലാളി-കർഷക ജന തയ്ക്കു കഴിയണം. കേവലം ഒരു തത്വമോ കാലക്രമത്തിൽ നട പ്പിൽ വരുത്തേണ്ടതോ അല്ല അടിയന്തിരമായി പ്രായോഗിക-

മായി ചെയ്യുതീർക്കേണ്ട ഒരു കാര്യമാണിതു്. യുദ്ധത്തിൽ ഭയങ്കര മായ തിരിച്ചടികൾ ഉണ്ടായി എങ്കിലും അവയിൽനിന്നെല്ലാം നാം പാഠങ്ങൾ പഠിച്ചു; അവസാനവിജയം നേടുകയുംചെയ്തു. ഇപ്പോഴും പരാജയത്തിൽനിന്നുള്ള പാഠങ്ങൾ നാം പഠിയ്ക്കണം; ചെയ്യേടത്തോളം ജോലി അടിസ്ഥാനമായെടുത്തു് തൊഴിലാളി കളുടെയും കൃഷിക്കാരുടെയും പുനർവിദ്യാഭ്യാസം തുടർന്നുകൊ ണ്ടിരിയ്ക്കണം. തെററുകൾ ചൂണ്ടിക്കാണിച്ചു് മേലിൽ ആവർത്തി യ്ക്കാതെ കഴിയ്ക്കണം.

നിർമ്മാണപ്രവർത്തനത്തിലേർപ്പെട്ടു് അതിൽതന്നെ മനസ്സു് ചെലുത്തി തുടരുന്നതായാൽ അപ്രാപ്തരായ കമ്മ്യൂണിസ്റ്റു് മാനേ ജർമാരെപോലും സാമ്പത്തികജീവിതത്തിൻെറ നിർമ്മാതാക്ക ളായും യഥാർത്ഥകമ്മ്യൂണിസ്റ്റുകാരായും നമുക്ക മാററാൻ കഴിയും. പഴയ സാമൂഹ്യവ്യവസ്ഥ വരുത്തിവച്ചിട്ടുള്ള തടസ്സങ്ങൾ തട്ടിനീ ക്കാനും നമ്മുടെ ലക്ഷ്യം പ്രാപിയ്ക്കാനും ഒററയടിയ്ക്കല്ലെങ്കിലും ക്രമത്തിൽ നമുക്ക സാധിക്കും. ബഹുജനങ്ങളെ നാം പുനർ വിദ്യാ ഭ്യാസം ചെയ്യിയ്ക്കണം; പ്രചരണത്തിൽക്കൂടിയും പ്രക്ഷോഭത്തിൽ ക്കൂടിയും അല്ലാതെ അതു് സാദ്ധ്യമല്ല. സാമ്പത്തികജീവിത മാകെ പുനഃസംഘടിപ്പിയ്ക്കുന്ന പ്രവർത്തനങ്ങളിലേയ്ക്കാണു് ബഹു ജനങ്ങളെ ആദ്യമായി ആകർഷിയ്ക്കാനുള്ളതു്. ഓരോ പ്രചാര കൻെറയും പ്രക്ഷോഭകാരിയുടെയും അടിസ്ഥാനലക്ഷ്യം അതായി രിയ്ക്കണം; അതു് മനസ്സിലാക്കി പ്രവർത്തിച്ചാൽ അയാൾക്കു് വി ജയം നിശ്ചയമാണു്. (ഉച്ചത്തിലുള്ള കരഘോഷം)

| | | |
|---|---|---|
| അഖില റഷ്യൻ രാഷ്ട്രീയവിദ്യാഭ്യാസ പ്രവർത്തകരുടെ സമ്മേളനബുള്ളററിൻ (നവ: 1-8, 1920) മോസ്ക്കോ | } | കലക്ടഡ് വർക്സ് വോ: 31, പേ: 363-73 |

ഇരുന്തൂററിഅഞ്ചു്

# ഒക്ടോബർവിപ്ലവത്തിന്റെ നാലാം വാർഷികം

ഒക്ടോബർ 25ന്റെ (നവമ്പർ 7ന്റെ) നാലാം വാർഷികം അടുത്തുവരികയാണ്.

ആ മഹാദിനം അകലുന്തോറും കൂടുതൽ വ്യക്തമായി റഷ്യയിലെ തൊഴിലാളിവർഗ്ഗവിപ്ലവത്തിന്റെ പ്രാധാന്യം നമ്മുടെ മനസ്സിൽ പതിയുകയും നമ്മുടെ പ്രവൃത്തിയുടെ ആകെയുള്ള പ്രായോഗികാനുഭവത്തെക്കുറിച്ച് കൂടുതൽ ആഴത്തിൽ നാം ചിന്തിക്കുകയും ചെയ്യുന്നു.

ഈ പ്രാധാന്യത്തേയും അനുഭവത്തേയും താഴെ പറയും പ്രകാരം വളരെ അപൂർണ്ണവും സംക്ഷിപ്തവുമായ രൂപത്തിൽ സംഗ്രഹിയ്ക്കാം:

ഇരുന്നൂററിആറ്

റഷ്യയിലെ വിപ്ലവത്തിൻെറ തൊട്ടടുത്ത, സാക്ഷാത്തായ ലക്ഷ്യം ബൂർഷ്വാജനാധിപത്യപരമായിരുന്നു; അതായത് മദ്ധ്യകാലാവശിഷ്ടങ്ങളെ പാടെ തുടച്ചുനീക്കൽ, ആ കാടത്തവും അപമാനവും കളഞ്ഞു റഷ്യയെ ശുദ്ധീകരിക്കുക, നമ്മുടെ രാജ്യത്തിൻെറ സംസ്കാരത്തിന്നും പുരോഗതിക്കും മുമ്പിലുള്ള ക്രൂരൻ വിലങ്ങുതടിയെ തള്ളിനീക്കുക എന്നിവയാണു്.

നൂററമ്പതു കൊല്ലങ്ങളിലേറെ മുമ്പു നടന്ന മഹത്തായ ഫ്രഞ്ചു വിപ്ലവത്തിൽ കണ്ടതിനേക്കാൾ കൂടുതൽ ദൃഢതയോടും വേഗതയോടും, സുധീരമായും വിജയകരമായും ആ ശുദ്ധീകരണം നടത്തിയെന്നതിൽ നമുക്കു് അഭിമാനിക്കാം. മാത്രമല്ല ബഹുജനങ്ങളെസ്സംബന്ധിച്ചേടത്തോളം ഈ ശുദ്ധീകരണകർമ്മത്തിന്റെ പ്രത്യാഘാതം കൂടുതൽ വ്യാപകവും അഗാധവുമായിരുന്നു.

അരാജകവാദികളും പെററിബൂർഷ്വാ ജനാധിപത്യവാദികളും (അതായതു് ഇൻററർ നാഷണൽ സോഷ്യൽ ഡെമോക്രസിയുടെ റഷ്യൻ പതിപ്പായ മെൻഷെവിക്കുകാരും സോഷ്യലിസ്റ്റു്-റവലൂഷനറികളും) ബൂർഷ്വാ ജനാധിപത്യ വിപ്ലവവും സോഷ്യലിസ്റ്റു് (അതായതു് തൊഴിലാളിവർഗ്ഗ) വിപ്ലവവും തമ്മിലുള്ള ബന്ധത്തെപ്പററി വിശ്വസിക്കാനാകാത്തത്രയേറെ അസംബന്ധം പറഞ്ഞു പരത്തിയിട്ടുണ്ടു്, പരത്തുന്നുമുണ്ടു്.

ഈ വിഷയത്തെക്കുറിച്ചു നമ്മുടെ മാർക്സിസ്റ്റു വ്യാഖ്യാനവും മുൻവിപ്ലവങ്ങളുടെ അനുഭവങ്ങളെക്കുറിച്ചു് നാം ചെയ്ത മൂല്യനിർണ്ണയവും ശരിയായിരുന്നുവെന്നു കഴിഞ്ഞ നാലുകൊല്ലം നിസ്സംശയം തെളിയിച്ചുകഴിഞ്ഞിട്ടുണ്ടു്. മുമ്പാരും ചെയ്യാത്തത്ര സമഗ്രമായും പൂർണ്ണമായും നാം ബൂർഷ്വാ ജനാധിപത്യ വിപ്ലവത്തെ സാധിച്ചുകഴിഞ്ഞിരിക്കുന്നു. പൂർണ്ണമായ ബോധത്തോടും മനോദാർഢ്യത്തോടുംകൂടി തെല്ലും കാലിടറാതെ നാം സോഷ്യ

ലിസ്റ്റുവിപ്ലവത്തിലേക്കു് മുന്നേറുകയാണു്. ഈ യാത്രയിൽ നമുക്കു നന്നായറിയാം, സോഷ്യലിസ്റ്റുവിപ്ലവം ബൂർഷ്വാവിപ്ലവത്തിൽനിന്നു്, ചൈനീസ് മതിൽകൊണ്ടെന്നവിധം അത്രയേറെ വേർതിരിക്കപ്പെട്ടിട്ടില്ലെന്നു്. നമുക്കു് എത്രകണ്ടു മുന്നേറാൻ കഴിയുമെന്നും ഉന്നതവും ബൃഹത്തുമായ ഈ കർത്തവ്യം എത്രത്തോളം നിറവേററാൻ കഴിയുമെന്നും കിട്ടിക്കഴിഞ്ഞ വിജയങ്ങളെ എത്രത്തോളം ഉറപ്പിച്ചു സുരക്ഷിതമാക്കാൻ കഴിയുമെന്നുമുള്ള കാര്യങ്ങൾ (അവസാനവിശകലനത്തിൽ) ആശ്രയിച്ചിരിക്കുന്നതു് സമരത്തെ മാത്രമാണെന്നും നമുക്കു് നന്നായറിയാം. ഇതെല്ലാം കാലം കാണിച്ചുതരും. എന്നാൽ സമുദായത്തിന്റെ സോഷ്യലിസ്റ്റു പരിണാമത്തിനുതകുന്ന മഹത്തും ബൃഹത്തുമായ പലതും—തകരുകയും തളരുകയും ചെയ്ത ഈ പിൻനില രാജ്യത്തെ അപേക്ഷിച്ചു് അവ മഹത്തും ബൃഹത്തും ആയവ തന്നെ—ഇതിനകം ചെയ്തുകഴിഞ്ഞിരിക്കുന്നു.

ആട്ടെ, നമുക്കാദ്യം നമ്മുടെ വിപ്ലവത്തിന്റെ ബൂർഷ്വാ-ജനാധിപത്യപരമായ ഉള്ളടക്കത്തിന്റെ കാര്യം പറഞ്ഞു മുഴമിപ്പിക്കുക. ഈ ഉള്ളടക്കമെന്തെന്നു് മാർക്സിസ്റ്റുകാർ മനസ്സിലാക്കണം. ഉള്ളൽതട്ടുന്ന ഏതാനും ഉദാഹരണങ്ങളെക്കൊണ്ടു നമുക്കതു വിശദീകരിയ്ക്കാം.

അടിയായ്മയും നാടുവാഴിത്തവും മററു മദ്ധ്യകാലോചിത സമ്പ്രദായങ്ങളും പിഴുതുകളഞ്ഞു രാജ്യത്തിന്റെ സാമൂഹ്യബന്ധങ്ങളെ (സ്ഥാപനങ്ങൾ, വ്യവസ്ഥാപിതഘടകങ്ങൾ) ശുദ്ധീകരിയ്ക്കുക എന്നതാണു് ബൂർഷ്വാജനാധിപത്യ വിപ്ലവത്തിന്റെ ഉള്ളടക്കമെന്നതുകൊണ്ടു അർത്ഥമാക്കുന്നതു്.

1917 വരെ റഷ്യയിൽ നിലനിന്നിരുന്ന അടിയായ്മയുടെ (സെർഫ്ഡം) അവശിഷ്ടങ്ങളും പ്രത്യക്ഷഭാവങ്ങളും എന്തായി

രുന്നു? രാജവാഴ്ച, സാമൂഹ്യോച്ചനീചത്വം, ഭൂപ്രഭുത്വം, കുടിയായ്മ, സ്ത്രീകളുടെ സ്ഥിതി, മതം, ദേശീയമർദ്ദനം എന്നിവയാണവ. ചപ്പുചവറു നിറഞ്ഞ കുപ്പയായിരുന്നു ഇവയോരോന്നും. പ്രാസംഗികമായി പറയട്ടെ, കൂടുതൽ പുരോഗമിച്ച രാജ്യങ്ങൾ നൂററിരുപത്തഞ്ചും ഇരുനൂററമ്പതും അതിൽകൂടുതലും (ഇംഗ്ലണ്ടിൽ 1649ൽ) കൊല്ലങ്ങൾമുമ്പ് അവരുടെ ബൂർഷ്വാ ജനാധിപത്യവിപ്ലവങ്ങൾ നടത്തിയപ്പോൾ ഈ ചപ്പുചവറുകളെല്ലാം മിക്കവാറും അങ്ങനെതന്നെ നിലനിർത്തുകയാണുണ്ടായതു്. എന്നാൽ നമ്മളോ? ഈ മാലിന്യങ്ങളെല്ലാം അമ്പേ തുടച്ചുകളഞ്ഞു സാമൂഹ്യബന്ധങ്ങളെ ശുദ്ധീകരിച്ചു. ബൂർഷ്വാജനാധിപത്യവാദികളും ലിബറലുകളും (കാഡെറുകൾ) പെററിബൂർഷ്വാ ജനാധിപത്യവാദികളും (മെൻഷെവിക്കുകളും സോഷ്യലിസ്റ്റ് റവലൂഷനറികളും) തങ്ങളുടെ എട്ടു മാസത്തെ ഭരണകാലത്തു ചെയ്തതിന്റെ ആയിരം മടങ്ങു വെറും പത്താഴ്ചകൊണ്ടു് 1918 ഒക്ടോബർ 25 (നവമ്പർ 7) മുതൽ കോൺസ്റ്റിററുവെൻറ് അസംബ്ലി പിരിച്ചുവിട്ട ജനവരി 5 വരെയുള്ള കാലത്തു്, നാം ഇക്കാര്യത്തിൽ ചെയ്തിരിയ്ക്കുന്നു.

ഭീരുക്കളും വായാടികളുമായ അവർ, ആ മേനിക്കാരുപ്പന്മാരായ നാർസിസ്സുകളും നിസ്സാരന്മാരായ ഹാംലററുകളും തങ്ങളുടെ പൊളിഞ്ഞ മരവാളുകളെടുത്തു ചുഴററുകയുണ്ടായി; പക്ഷേ രാജവാഴ്ചയെ നശിപ്പിക്കാൻപോലും അവർക്കു കഴിഞ്ഞില്ല. മുമ്പാരും ചെയ്യാത്തവിധം നാം രാജവാഴ്ചയോടു ബന്ധപ്പെട്ട എല്ലാ ചേറും ചളിയും കഴുകി വൃത്തിയാക്കി. പഴയ ആ നാലുകെട്ടിൻെറ സാമൂഹ്യോച്ചനീചത്വാപുലത്തുന്ന വ്യവസ്ഥയുടെ ഒരു കല്ലുപോലും നാം ബാക്കിവെച്ചില്ല (ഏററവും പുരോഗമിച്ച രാജ്യങ്ങളായ ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി എന്നിവപോലും ആ വ്യവസ്ഥയുടെ അവശിഷ്ടങ്ങളെ ഇനിയും പൂർണ്ണമായി നീക്കംചെയ്തിട്ടില്ല) ആ വ്യവസ്ഥയുടെ അടിവേരുകൾകൂടി—ഭൂവുടമസമ്പ്രദായ

ത്തിലെ നാട്ടുവാഴി_അടിയായ്മാവശിഷ്ടങ്ങളെ—നാം ഒരൊററ എണ്ണം ബാക്കിവെയ്ക്കാതെ പിഴുതെടുത്തു നശിപ്പിച്ചു. മഹത്തായ ഒക്ടോബർവിപ്ളവം നടപ്പാക്കിയ ഭൂവുടമപരിഷ്കാരത്തിൻെറ "വിദൂരഫല"ങ്ങളെക്കുറിച്ചു "വാദപ്രതിവാദം" നടത്താം. (അങ്ങനെ വാദപ്രതിവാദം നടത്തുന്ന വാടക എഴുത്തുകാരും കാഡററുകളും മെൻഷേവിക്കുകളും സോഷ്യലിസ്റ്റ് റവല്യൂഷനറികളും റഷ്യക്കു പുറത്ത് ഒട്ടേറെയുണ്ട്) അത്തരം വാദപ്രതിവാദങ്ങളിൽ കുടുങ്ങി സമയം പാഴാക്കാൻ നമുക്കിപ്പോൾ ആഗ്രഹമില്ല; കാരണം ഇതിന്നും ഇതിനോടനുബന്ധിച്ച ഒട്ടേറെ വാദവിഷയങ്ങൾക്കും നാം സമരംകൊണ്ടു പരിഹാരം കണ്ടുവരികയാണ്. എന്നാൽ നിഷേധിയ്ക്കാനാവാത്ത ഒരു സത്യമുണ്ട്. പെററിബൂർഷ്വാജനാധിപത്യവാദികൾ ഭൂവുടമകളും അടിയായ്മ പാരമ്പര്യത്തിൻെറ സംരക്ഷകരുമായി എട്ടു മാസവും "സന്ധി"ചെയ്തുകൊണ്ടു കഴിഞ്ഞുകൂടിയപ്പോൾ നാം ഏതാനും ആഴ്ചകളിൽ ഭൂവുടമകളേയും അവരുടെ പാരമ്പര്യങ്ങളേയും റഷ്യൻമണ്ണിൽനിന്നു പാടേ തുടച്ചുമാററി.

മതത്തിൻെറയോ, സ്ത്രീകളുടെ അവകാശങ്ങൾ നിഷേധിക്കുന്നതിൻെറയോ റഷ്യേതരരായ ജനതകൾക്ക് സമത്വം നിഷേധിക്കുന്നതിൻെറയോ കാര്യമെടുക്കുക. ബൂർഷ്വാ ജനാധിപത്യവിപ്ലവത്തിൻെറ പ്രശ്നങ്ങളാണിവയെല്ലാം. പെററി ബൂർഷ്വാ ജനാധിപത്യവാദികൾ എട്ടുമാസത്തോളം ഇവയെപ്പററി പ്രസംഗിച്ചു. മുന്നണിരാജ്യങ്ങളിൽ ഒന്നിൽപോലും ഈ പ്രശ്നങ്ങൾ ബൂർഷ്വാ ജനാധിപത്യരീതിയിൽ പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടില്ല. നമ്മുടെ രാജ്യത്താകട്ടെ ഒക്ടോബർവിപ്ലവത്തെത്തുടർന്നുണ്ടാക്കിയ നിയമങ്ങൾ ഈ പ്രശ്നങ്ങളെ പൂർണ്ണമായി പരിഹരിച്ചിരിക്കുന്നു. മതത്തിന്നെതിരായി നാം ആത്മാർത്ഥമായി സമരംചെയ്തു; സമരം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു, റഷ്യേതര ജനതകൾക്കെല്ലാം സ്വന്തമായ റിപ്പബ്ലിക്കുകളോ അട്ടോണമസ് ഭരണങ്ങളോ നാം

നൽകി. നാടുവാഴിത്തത്തിന്റെയും മധ്യകാലത്തിന്റെയും അവശിഷ്ടങ്ങളിലൊന്നാണ് അറപ്പുണ്ടാക്കുന്ന, നീചവും അപമാനകരവുമായ ലൈംഗികാസമത്വം, അതായത് സ്ത്രീകൾക്ക് എല്ലാ അവകാശങ്ങളും നിഷേധിക്കൽ. ലോകത്തിലെ മറെറല്ലാരാജ്യത്തിലും പണക്കൊതിമൂത്ത ബൂർഷ്വാസിയും 'ഭയപ്പാടിന്റെ ബാധ'യാൽ ബുദ്ധിമാന്ദ്യം വന്ന പെററി ബൂർഷ്വാസിയും ഈ അസമത്വത്തിന്ന് പുതുജീവൻ നൽകുകയാണ് ചെയ്യുന്നത്. എന്നാൽ റഷ്യയിൽ നാമതിന്നു വിരാമമിട്ടിരിക്കുന്നു.

മാത്രമല്ല റഷ്യൻജനതയ്ക്കു് കൈവന്ന ബൂർഷ്വാജനാധിപത്യവിപ്ലവത്തിന്റെ നേട്ടങ്ങളെ ഉറപ്പിച്ചു നിർത്തുന്നതിന്നുവേണ്ടി നമ്മുടെ മുന്നേററം തുടരുവാൻ നാം നിർബ്ബദ്ധരായി; നാം അങ്ങനെ ചെയ്യുകയുംചെയ്തു. നമ്മുടെ മുഖ്യ പ്രവൎത്തനപരിപാടി യഥാൎത്ഥ തൊഴിലാളിവൎഗ്ഗവിപ്ലവത്തിന്നും സോഷ്യലിസത്തിന്നും വേണ്ടിയുള്ളതാണ്. ഈ പ്രവൎത്തനപരിപാടിയുടെ "ഉപോല്പന്ന"മെന്നനിലയിൽ ബൂർഷ്വാജനാധിപത്യവിപ്ലവപ്രശ്നങ്ങളെ നാം പരിഹരിക്കുകയാണുണ്ടായത്. വിപ്ലവപരമായ വൎഗ്ഗസമരത്തിന്റെ "ഉപോല്പന്ന"മാണ് പരിഷ്കരണങ്ങളെന്നു് നാം എപ്പോഴും പറഞ്ഞിട്ടുണ്ട്. തൊഴിലാളിവൎഗ്ഗത്തിന്റെ അതായത് സോഷ്യലിസ്റ്റ് സ്വഭാവമുള്ള വിപ്ലവത്തിന്റെ ഉപോല്പന്നമാണ് ബൂർഷ്വാ ജനാധിപത്യ പരിഷ്കാരങ്ങളെന്നു് നാം പറഞ്ഞു; പ്രവൃത്തികൊണ്ടു തെളിയിക്കുകയുംചെയ്തു. പ്രാസംഗികമായി പറയട്ടെ, കാട്സ്കി, ഹിൽഫർഡിങ്ങ്, മാർട്ടോവ്, ചെർനോവ്, ഹിൽകിററ്, ലോങ്ഗെററ്, മക്ഡൊണാൾഡ്, ടുറാട്ടി എന്നിവൎക്കും അവരെപ്പോലുള്ളവൎക്കും "രണ്ടാ"മത്തേതിന്റെ മററു നേതാക്കന്മാർക്കും ബൂർഷ്വാ ജനാധിപത്യവിപ്ലവവും തൊഴിലാളിവൎഗ്ഗസോഷ്യലിസ്റ്റ്വിപ്ലവവുംതമ്മിലുള്ള ഈ വ്യത്യാസത്തെ മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. ആദ്യത്തേതു് രണ്ടാമത്തേതായി വളരുന്നു; രണ്ടാമത്തേതു് ആദ്യത്തേതിന്റെ പ്രശ്ന-

ങ്ങളെ പരിഹരിക്കുന്നു. രണ്ടാമത്തേതു് ആദ്യത്തേതിൻെറ രംഗത്തിൽ ചെയ്തുകഴിഞ്ഞ പ്രവൃത്തികളെ ഒന്നുകൂടി ഉറപ്പിക്കുന്നു. ബൂർഷ്വാജനാധിപത്യവിപ്ലവത്തിലൊതുങ്ങി നില്ക്കാതെ അതിനെ അതിക്രമിച്ചു മുന്നോട്ടു വളരുന്നതിൽ സോഷ്യലിസ്റ്റുവിപ്ലവത്തിന്നുണ്ടാകുന്ന വിജയം സമരത്തെ—സമരത്തെമാത്രം—ആണു് ആശ്രയിച്ചിരിക്കുന്നതു്.

ഒരു വിപ്ലവം മറെറാന്നായി വളൎന്നുവരുന്നതിൻെറ ഏററവും വ്യക്തമായ മാതൃകകളിലൊന്നാണു് സോവിയററു സമ്പ്രദായം. ആ സമ്പ്രദായം തൊഴിലാളികൾക്കും കൃഷിക്കാൎക്കും ഏററവും അധികം ജനാധിപത്യമനുവദിക്കുന്നു: അതേ സമയം ബൂർഷ്വാജനാധിപത്യത്തിൽനിന്നു വ്യത്യസ്തമായ ഒരവസ്ഥയേയും യുഗപ്രാധാന്യമുള്ള പുതിയൊരു ജനാധിപത്യരീതിയുടെ, തൊഴിലാളിവർഗ്ഗജനാധിപത്യത്തിൻെറ, തൊഴിലാളിവൎഗ്ഗ മേധാവിത്വത്തിൻെറ, ഉദയത്തേയും ഈ സോവിയററുസമ്പ്രദായം കുറിക്കുന്നു.

സോവിയററുവ്യവസ്ഥ കെട്ടിപ്പൊക്കുന്നതിൽ നമുക്കു് തെററുകളും തിരിച്ചടികളും പററിപ്പോയിട്ടുണ്ടു്. അതുകണ്ടു് ക്ഷയോന്മുഖമായ ബൂർഷ്വാസിയിലും പെററിബൂർഷ്വാ ജനാധിപത്യവാദികളിലുംപെട്ട നായ്ക്കളും പന്നികളും നമ്മുടെമേൽ ശാപങ്ങളും അധിക്ഷേപങ്ങളും പരിഹാസങ്ങളും ചൊരിഞ്ഞുകൊള്ളട്ടെ. നമുക്കു പലേ തെററുകളും തിരിച്ചടികളും പിണഞ്ഞിട്ടുണ്ടെന്നും പിണഞ്ഞുകൊണ്ടിരിക്കുന്നുവെന്നുമുള്ള കാൎയ്യം ഒരു നിമിഷത്തേക്കെങ്കിലും നാം വിസ്മരിക്കുന്നില്ല. ലോകചരിത്രത്തിൽ അപൂൎവ്വമാംവിധം അത്രയും പുതിയ ഒരുതരം രാഷ്ട്രമാണു് നാം കെട്ടിപ്പടുക്കുന്നതു്. അതിൽ തെററുകളും തിരിച്ചടികളും എങ്ങനെ പററാതിരിക്കും? ഈ തെററുകൾ തിരുത്തുന്നതിന്നും സോവിയററു് തത്വങ്ങളും പ്രമാണങ്ങളും—അവ ഇപ്പോഴും വളരെ അപൂൎണ്ണങ്ങളായിത്തന്നെ വൎത്തിക്കുന്നു—കൂടുതൽ നന്നായി നടപ്പാ

ക്കന്നതിന്നും നാം സ്ഥിരതയോടും ദൃഢതയോടും കൂടി പ്രവത്തിക്കും. എന്നാൽ സോവിയററ് രാഷ്ട്രത്തിന്റെ നിർമ്മാണം തുടങ്ങിവെയ്ക്കുവാനും തദ്വാരാ ലോകചരിത്രത്തിൽ പുതിയൊരു യുഗം ഉൽഘാടനംചെയ്യുവാനുമുള്ള ഭാഗ്യം ഞങ്ങൾക്കാണുണ്ടായതെന്നതിൽ ഞങ്ങൾ ന്യായമായും അഭിമാനംകൊള്ളുന്നു. മുതലാളിത്തരാജ്യങ്ങളിൽ മർദ്ദിക്കപ്പെട്ടുകിടക്കുന്നതാണെങ്കിലും ആവർഗ്ഗം എങ്ങും ബൂർഷ്വാസിയെ ജയിച്ചു പുതിയൊരു ജീവിതത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയാണ്; തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിലേക്കും മൂലധനത്തിന്റെ നുകത്തിൽനിന്നും സാമ്രാജ്യയുദ്ധങ്ങളിൽനിന്നും മനുഷ്യവംശത്തിന്നു മോചനം ലഭിക്കുന്ന അവസ്ഥയിലേക്കും അവർ മുന്നേറിക്കൊണ്ടിരിക്കുകയാണ്.

ലോകമാകെ അടക്കിവാഴുന്ന ഫൈനാൻസ് ക്യാപിററലിന്റെ സാർവ്വദേശീയനയം പുതിയ സാമ്രാജ്യയുദ്ധങ്ങൾ അഴിച്ചുവിടുന്നതിന്നും ദേശീയമർദ്ദനവും വെട്ടിപ്പിടുത്തവും കൊള്ളയും അങ്ങേയററം കൊടുമ്പിരിക്കൊള്ളുന്നത് നം ഒരു പിടി "മുന്നണി" രാജ്യങ്ങൾ പിന്നണിയിലുള്ള അവശരായ ഒട്ടേറെ ചെറു ജനതകളെ ഞെക്കിക്കൊല്ലുന്നതിന്നും അനിവാര്യമായി വഴി തെളിയിക്കുന്നു. ഫൈനാൻസ് ക്യാപിററലിന്റെ ഈ സാർവ്വദേശീയനയത്തെ സംബന്ധിച്ചും സാമ്രാജ്യയുദ്ധങ്ങളെ സംബന്ധിച്ചുമുള്ള പ്രശ്നം 1914 മുതൽ ലോകത്തിലെ എല്ലാ രാജ്യങ്ങളുടേയും നയത്തിന്റെ കാതലായി ഉയൻവന്നിട്ടുണ്ട്. ലക്ഷക്കണത്തിൽ ജനങ്ങളുടെ ജീവന്മരണപ്രശ്നമായിട്ടുണ്ട് ഇതു്. അടുത്ത സാമ്രാജ്യയുദ്ധത്തിന്നു ബൂർഷ്വാസി വട്ടംകൂട്ടുന്നതും മുതലാളിത്തത്തിൽനിന്നു് അതു വളൻ രൂപംകൊള്ളുന്നതും നാം നമ്മുടെ കണ്മുന്നിൽ കണ്ടുകൊണ്ടിരിക്കുന്നു. ആ യുദ്ധത്തിൽ രണ്ടുലക്ഷം പേരെ (1914–18-ലെ യുദ്ധത്തിലും ഇപ്പോഴും തുടൻകൊണ്ടിരിക്കുന്ന "ചെറു" യുദ്ധങ്ങളിലുംകൂടി ഒരു ലക്ഷംപേർ കൊല്ലപ്പെട്ടിട്ടുണ്ട്.)

ഇരുന്നൂററിപതിമൂന്നു്

കൊലയ്ക്കു കൊടുക്കണമോ എന്നതാണ് പ്രശ്നം. അനിവാര്യമായ മുതലാളിത്തം തുടർന്നുപോവുകയാണെങ്കിൽ, ആ ഭാവിയുദ്ധത്തിൽ 6 ലക്ഷം പേക്ക് (1914–18ൽ 3 ലക്ഷമായിരുന്നു) അംഗഭംഗം വരുത്താൻ ഇടയാക്കണമോ എന്നതാണ് പ്രശ്നം. ഈ പ്രശ്നത്തിനുള്ള സമാധാനത്തെക്കുറിച്ചും ഞങ്ങളുടെ ഒക്ടോബർ വിപ്ലവം ലോകചരിത്രത്തിൽ പുതിയൊരു യുഗത്തിന്റെ നാന്ദിയാണെന്ന് കുറിച്ചതും. ബൂർഷ്വാസിയുടെ ലോകത്തിലാകെയുള്ള എല്ലാ എറാൻമൂളികളും—സോഷ്യലിസ്റ്റു റവലൂഷനറികൾ, മെൻഷേവിക്കുകൾ, "സോഷ്യലിസ്റ്റ്"ന്നു പറയപ്പെടുന്ന പെററി ബൂർഷ്വാജനാധിപത്യ വാദികൾ എന്നിവരെല്ലാം—"സാമ്രാജ്യയുദ്ധത്തെ അഭ്യന്തരയുദ്ധമാക്കി മാററുക" എന്ന ഞങ്ങളുടെ മുദ്രാവാക്യത്തെ പുഛിച്ചു. എന്നാൽ ആ മുദ്രാവാക്യമാണ്, ജിംഗോയിസ്റ്റുകളുടെയും ശമവാദികളുടെയും നുണകൾക്കെതിരെ, സത്യമാണെന്ന് തെളിഞ്ഞതു്—സന്തോഷകരമല്ലാത്ത നിഷ്ഠുരവും നഗ്നവുമായ ഒരു ഒരു സത്യം. മുൻപറഞ്ഞ നുണകളെല്ലാം പൊളിഞ്ഞു പരസ്യമായിക്കൊണ്ടിരിക്കുകയാണ്. ബ്രസ്റ്റ്–ലിറേറാവ്സ്കിലെ സമാധാനം തുറന്നുകാട്ടപ്പെട്ടിരിക്കുന്നു. ആ സമാധാനത്തേക്കാൾ വഷളായ വേഴ്സെയിൽ സമാധാനസഖ്യത്തിന്റെ ശരിയായ അർത്ഥവും ഭവിഷ്യത്തും ദിവസം ചെല്ലുന്തോറും കൂടുതൽ കൂടുതൽ ക്രൂരമായി വെളിവാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ബോൾഷേവിക്കു് സമരംകൊണ്ടും ബോൾഷേവിക്കു് വിപ്ലവംകൊണ്ടുമല്ലാതെ മറെറാരു വഴിക്കും സാമ്രാജ്യയുദ്ധത്തിൽ നിന്നും വീണ്ടും അനിവാര്യമായി ആ യുദ്ധത്തിലേക്കു വഴിതെളിയിക്കുന്ന സാമ്രാജ്യസമാധാനത്തിൽനിന്നും (പഴയ ലേഖനരീതി ഇപ്പോഴും നടപ്പിലുണ്ടായിരുന്നുവെങ്കിൽ "മീർ" എന്ന വാക്കു്, അതിന്റെ രണ്ടർത്ഥവും കാണിക്കാൻവേണ്ടി, രണ്ടുതരത്തിൽ എഴുതുമായിരുന്നു) * രക്ഷനേടുവാൻ, ആ നരകക്കുണ്ടിൽനിന്നു

---

* റഷ്യൻഭാഷയിൽ 'മീർ' എന്ന വാക്കിന്നു് ലോകമെന്നും സമാധാനമെന്നും അർത്ഥമുണ്ടു്. എന്നാൽ പഴയ ലേഖനരീതിയനുസരിച്ചു് ആ വാക്കു് രണ്ടുതരത്തിലാണു് എഴുതിയിരുന്നതും—ഇംഗ്ലീഷ് തർജ്ജമക്കാരൻ.

കരകയറുവാൻ സാദ്ധ്യമല്ല. ഇയ്യിടെയത്തെ യുദ്ധത്തിന്റെയും വരാനിരിക്കുന്ന യുദ്ധത്തിന്റെയും കാരണങ്ങളെപ്പററി ആലോചിക്കുന്ന ലക്ഷക്കണക്കിലാളുകൾ ഭീകരവും അപ്രധൃഷ്യവുമായ ഈ സത്യം കൂടുതൽ കൂടുതൽ വ്യക്തമായി മനസ്സിലാക്കിവരികയാണു്.

ബൂർഷ്വാസിയും ശമവാദികളും പട്ടാളമേധാവികളും പെററി ബൂർഷ്വാസിയും മുതലാളികളും ഫിലിസ്റ്റൈനുകളും മതബോധമുള്ള ക്രിസ്ത്യാനികളും രണ്ടാം ഇൻറർനാഷണലിന്റെയും 6। രണ്ടര ഇൻറർനാഷണലിന്റെയും നേതൃവീരന്മാരും—എല്ലാവരും ആ വിപ്ലവത്തിന്നെതിരായി തങ്ങൾക്കുള്ള എല്ലാ ഈററയും പകയും വമിച്ചുകൊള്ളട്ടെ. "കൊള്ളമുതൽ പങ്കിടുന്നതിന്നു വേണ്ടി അടിമയുടമകൾ അന്യോന്യം നടത്തുന്ന ഈ യുദ്ധത്തെ അവക്കെല്ലാമെതിരായി എല്ലാ രാജ്യങ്ങളിലെയും അടിമകൾ നടത്തുന്ന യുദ്ധമായി മാററുക" എന്ന മുദ്രാവാക്യം തുറന്നു പ്രഖ്യാപിച്ചുകൊണ്ടു് ആയിരമായിരം കൊല്ലങ്ങൾക്കുള്ളിലാദ്യമായി അടിമകൾ അടിമയുടമകളന്യോന്യം നടത്തുന്ന യുദ്ധത്തിന്നു് മറുപടി പറഞ്ഞിരിക്കുന്നു. ഈ ചരിത്രപ്രധാനമായ വസ്തുതയെ എത്രതന്നെ ശകാരങ്ങളും അപവാദങ്ങളും നുണകളും കോരിച്ചൊരിഞ്ഞാലും അവക്കു് മറയ്ക്കുവാനാവില്ല.

ആയിരമായിരം കൊല്ലങ്ങളായി ഈ മുദ്രാവാക്യം വ്യക്തമായ രൂപംകൊള്ളാൻ നിസ്സഹായനായി കാത്തുകിടക്കുകയായിരുന്നു. എന്നാൽ ഇന്നിതാ ആദ്യമായി ആ മുദ്രാവാക്യം വ്യക്തവും പരിനിഷ്ഠിതവുമായ രാഷ്ട്രീയ പ്രവത്തനപരിപാടിയായി. തൊഴിലാളിവൎഗ്ഗ നേതൃത്വത്തിൽ കോടിക്കണക്കിലുള്ള മദ്ദിതജനങ്ങളുടെ ഫലപ്രദമായ സമരമായി വളൎന്നു രൂപംകൊണ്ടിരിക്കുന്നു. തൊഴിലാളിവൎഗ്ഗത്തിന്റെ ആദ്യത്തെ വിജയമായി, യുദ്ധം തുലത്തെറിയുന്നതിന്നും വിവിധ രാജ്യങ്ങളിലെ ബൂൎഷ്വാസിയുടെ ഏകീകൃതശക്തിയ്ക്കും മൂലധനത്തിന്റെ അടിമകൾ, കൃഷിവേല

ഇരുനൂററിപതിനഞ്ചു്

ക്കാർ, കൃഷിക്കാർ, മററദ്ധ്വാനിക്കുന്ന ജനങ്ങൾ എന്നിവരുടെ ചിലവിൽ യുദ്ധവും സമാധാനവും പടച്ചുണ്ടാക്കുന്ന ബൂർഷ്വാസിക്കും എതിരായി എല്ലാ രാജ്യങ്ങളിലെ തൊഴിലാളികളേയും യോജിപ്പിച്ചണിനിരത്തുന്നതിന്നും വേണ്ടിയുള്ള സമരത്തിലെ ആദ്യവിജയമായി ആ മുദ്രാവാക്യം വളൎന്നിരിക്കുന്നു.

ഈ ആദ്യവിജയം ഇനിയും അവസാനവിജയമായിക്കഴിഞ്ഞിട്ടില്ല. ഒക്ടോബർവിപ്ലവം ഈ വിജയം നേടിയതു്, വിശ്വസിക്കാനാവാത്ത ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും സഹിച്ചുകൊണ്ടാണു്; നമ്മുടെ പക്കൽ ഒട്ടേറെ കനത്ത തിരിച്ചടികൾക്കും തെററുകൾക്കും അഭൂതപൂൎവ്വമായ യാതനകൾക്കും ഇടവരുത്തിക്കൊണ്ടാണു് ഈ വിജയം സാധിച്ചതു്. യാതൊരു തെററും തിരിച്ചടിയും പററാതെ പിന്നണിയിലുള്ള ഒരു ജനതക്കു്, ഒററക്കു നിന്നുകൊണ്ടു, ഏററവും മൂപ്പെത്തിയ പ്രബലരാജ്യങ്ങളുഴിച്ചുവിട്ട സാമ്രാജ്യയുദ്ധങ്ങളെ എതിൎത്തു പിന്തിരിപ്പിയ്ക്കാനാവുമെന്നു് എങ്ങനെ പ്രതീക്ഷിയ്ക്കാം! തെററുകൾ സമ്മതിക്കുന്നതിൽ ഞങ്ങൾക്കു ഭയമില്ല; എന്നല്ല അവ തിരുത്തുന്നതിന്നു് ഞങ്ങൾ അവയെ നിസ്സംഗതയോടെ വസ്തുനിഷ്ഠമായി പരിശോധിക്കുകയും ചെയ്യും. എന്നാൽ എല്ലാററിന്നുമുപരി ഒരു സത്യം അവശേഷിക്കുന്നു: അടിമയുടമകൾ തമ്മിലുള്ള യുദ്ധത്തിന്നു് എല്ലാ അടിമയുടമകൾക്കുമെതിരായ വിപ്ലവംകൊണ്ടു "മറുപടി" പറയാമെന്നുള്ള വാഗ്ദാനം തികച്ചും നിറവേററപ്പെട്ടിരിക്കുന്നു—എല്ലാ ബുദ്ധിമുട്ടുകളേയും സഹിച്ചുകൊണ്ടു നിറവേററപ്പെട്ടുകൊണ്ടിരിക്കുകയാണു്.

നാം തുടങ്ങിക്കഴിഞ്ഞു. എന്നു്, എപ്പോൾ, ഏതു രാജ്യത്തെ തൊഴിലാളിവൎഗ്ഗം ഈ പ്രക്രിയ പൂൎത്തിയാക്കുമെന്ന കാൎയ്യം പ്രധാനമല്ല. പ്രധാനകാൎയ്യം ഹിമക്കട്ട പൊട്ടിച്ചുവെന്നതാണു്, വഴി കാണിക്കുകയും തുറക്കുകയും ചെയ്തുവെന്നതാണു്.

എല്ലാ രാജ്യങ്ങളിലുമുള്ള മുതലാളിമാരായ മാന്യന്മാരെ! അമേരിക്കയ്ക്കെതിരായി ജപ്പാന്റെ പിതൃരാജ്യം, ജപ്പാനെതി

രായി അമേരിക്കയുടേതും, ബ്രിട്ടനെതിരായി ഫ്രാൻസിൻേറതും, ഫ്രാൻസിന്നെതിരായി ബ്രിട്ടൻേറതും—അങ്ങനെ അങ്ങനെ "പിതൃരാജ്യത്തെ രക്ഷിക്കുക" എന്ന നിങ്ങളുടെ കപടനാട്യം വിടാതെ നടിച്ചുകൊണ്ടിരിക്കുക. രണ്ടും രണ്ടരയുമായ ഇൻറർനാഷണലുകളുടെ നേതൃവീരന്മാരും ശമവാദികളും പെററിബൂർഷ്വകളും ഫിലിസ്റ്റൈനുകളുമായ മാന്യന്മാരെ! ഇനിയും "ബാസൽ മാനിഫെസ്റ്റോകളിറക്കി (1912ലെ ബാസൽ മാനിഫെസ്റ്റോ മാതൃകയിൽ) സാമ്രാജ്യയുദ്ധത്തെ തടയേണ്ടതെങ്ങനെയെന്ന പ്രശ്നത്തിൽനിന്നും "ഒഴിഞ്ഞുമാറുന്ന" അടവു തുടൻ നടത്തുക. ആദ്യത്തെ ബോൾഷെവിക് വിപ്ലവം ലോകത്തിൽ ആദ്യത്തെ പത്തുകോടി ജനങ്ങളെ സാമ്രാജ്യയുദ്ധത്തിൻേറയും സാമ്രാജ്യലോകത്തിൻേറയും മുഷ്ടിയിൽനിന്നു വിടുവിക്കഴിഞ്ഞു. തുടൻ വരുന്ന വിപ്ലവങ്ങൾ മനുഷ്യസമുദായത്തിലെ ബാക്കി ജനങ്ങളേയും അത്തരം യുദ്ധങ്ങളിൽനിന്നും അത്തരം ലോകത്തിൽനിന്നും മോചിപ്പിച്ചുകൊള്ളും.

നമ്മുടെ അവസാനത്തെ, എന്നാൽ ഏററവും പ്രധാനവും പ്രയാസമേറിയതും ഏററവും കുറച്ചുമാത്രം നമ്മുടെ ശ്രദ്ധപതിഞ്ഞിട്ടുള്ളതുമായ കടമ സാമ്പത്തികവികസനമാണ്. പൊളിച്ചുമാററിയ ഫ്യൂഡൽ മാളികയുടേയും പകുതിമാത്രം പൊളിച്ചുകഴിഞ്ഞ മുതലാളിത്തമാളികയുടേയും സ്ഥാനത്ത് സോഷ്യലിസത്തിൻെറ പുതുമാളികക്കുള്ള തറകല്ലിടുകയാണ്. ഏററവും പ്രധാനമായ, ഏററവും ക്ലേശകരമായ ഈ പ്രവൃത്തിയിലാണ് നമുക്ക് ഏററവുമേറെ തെററുകളും തിരിച്ചടികളും പററിയിട്ടുള്ളതു്. യാതൊരു തെററും തിരിച്ചടിയുംകൂടാതെ ലോകത്തിന്നുമുഴുവൻ അത്രയും പുതുമയായ ഈ പ്രവൃത്തി ചെയ്യുകളയാമെന്ന് ആരാണ് പ്രതീക്ഷിക്കുക! എന്നാൽ നാമതു തുടങ്ങിവെച്ചു; നാമതു തുടൻനടത്തുകയും ചെയ്യും. നാമിപ്പോൾ നമ്മുടെ "പുതു സാമ്പത്തികനയം" 62 നടപ്പാക്കിക്കൊണ്ട് നമ്മുടെ പല തെററുകളും തിരു-

ത്തിക്കൊണ്ടുവരികയാണു്. അത്തരം തെററുകളാവർത്തിക്കാതെ സോഷ്യലിസത്തിന്റെ മാളിക പടുത്തുയർത്തുകയെന്ന പണി എങ്ങനെ തുടർന്നു നടത്താമെന്നു നാം പഠിച്ചുവരികയാണു്.

ബുദ്ധിമുട്ടുകൾ അസംഖ്യമാണു്. എന്നാൽ വമ്പിച്ച ബുദ്ധിമുട്ടുകളുമായി മല്ലിട്ട പരിചയം നമുക്കുണ്ടു്. വെറുതെയല്ല നമ്മുടെ ശത്രുക്കൾ നമ്മെ "കല്ലുപോലെ കഠിന"രെന്നും "നയദാർഢ്യ"ത്തിന്റെ വക്താക്കളെന്നും വിളിക്കുന്നതു്. എന്നാൽ വിപ്ളവത്തിന്നു അത്യാവശ്യമായ മറെറാരു കല കുറച്ചെങ്കിലും നാം പഠിച്ചിട്ടുണ്ടു്. അതിതാണു്: അയവു്, അതായതു് വസ്തുനിഷ്ഠമായ സ്ഥിതിഗതികൾക്കനുസരിച്ചും പെട്ടെന്നും വേഗത്തിലും തന്ത്രം മാററാനും, ലക്ഷ്യം നേടുന്നതിന്നു പഴയമാർഗ്ഗം അപ്രായോഗികമോ അസാധ്യമോ ആണെന്നു തെളിഞ്ഞാൽ പുതിയ മാർഗ്ഗം സ്വീകരിക്കുവാനുമുള്ള കഴിവു്.

ഉത്സാഹാവേശങ്ങളുടെ തിരതള്ളലിൽ, ആദ്യം രാഷ്ട്രീയാവേശവും പിന്നീടു് സൈനികാവേശവും ജനങ്ങളിൽ ഉണർത്തിക്കൊണ്ടു സാമ്പത്തിക കടമകളെ നിർവ്വഹിക്കാമെന്നു് നാം വിചാരിച്ചു. ഈ സാമ്പത്തികകടമകളാകട്ടെ, ജനാവേശത്തെ നേരിട്ടുപയോഗിച്ചുകൊണ്ടു നാം ചെയ്തുതീർത്ത രാഷ്ട്രീയ-സൈനിക കടമകളോളംതന്നെ ഭാരിച്ചവയാണു്. തൊഴിലാളിഭരണകൂടം ആവശ്യപ്പെട്ട അതേവിധത്തിൽ ചെറുകിട കാർഷികവ്യവസ്ഥ നിലനില്ക്കുന്ന ഒരു രാജ്യത്തു് കമ്മ്യൂണിസ്റ്റു്സമ്പ്രദായത്തിൽ ഉല്പന്നങ്ങളുടെ ഉല്പാദനവിതരണങ്ങൾ സ്റ്റേററുടമയിൽ സംഘടിപ്പിക്കാമെന്നു് നാം പ്രതീക്ഷിച്ചു; കാര്യങ്ങൾ വേണ്ടതു പരിഗണിക്കാതെ അങ്ങനെ ചെയ്യാമെന്നു നാം മുൻകൂട്ടി ധരിച്ചുവെച്ചു എന്നു പറയുന്നതായിരിക്കും ഒരു പക്ഷേ കൂടുതൽ ശരിയാവുക. ഇതിൽ നമുക്കു തെററുപററിയെന്നു അനുഭവം തെളിയിച്ചിരിക്കുന്നു. കമ്മ്യൂണിസത്തിലേക്കുള്ള പരിവർത്തനത്തിന്നു തയ്യാറെടു

ക്കുന്നതിന്നു്—ആ തയ്യാറെടുപ്പു് വളരെ കൊല്ലത്തെ പ്രവൃത്തി കൊണ്ടുണ്ടാവേണ്ടതാണു്—സ്റ്റേററു്മുതലാളിത്തം, സോഷ്യലിസം മുതലായ ഒട്ടേറെ ഇടക്കാല പരിണാമഘട്ടങ്ങൾ തരണംചെയ്യേണ്ടതുണ്ടു്. ആവേശത്തെമാത്രം ആശ്രയിക്കാതെ, വിപ്ലവം ഉണർത്തിയ ആവേശത്തിന്റെ സഹായത്തോടുകൂടി വ്യക്തിതാല്പര്യത്തിന്റേയും പ്രചോദനത്തിന്റേയും വ്യാപാരതത്വങ്ങളുടേയും അടിസ്ഥാനത്തിലും സ്റ്റേറ്റുമുതലാളിത്തം നടപ്പാക്കിക്കൊണ്ടാവണം ഒരു ചെറുകിട കർഷകരാജ്യത്തു നാം സോഷ്യലിസത്തിലേക്കുള്ള പതറാത്ത മാർഗ്ഗം വെട്ടിത്തുടങ്ങുവാൻ. മറിച്ചായാൽ നാം ഒരിക്കലും കമ്യൂണിസത്തിലെത്തുകയില്ല. ലക്ഷക്കണക്കിനാളുകളെ കമ്മ്യൂണിസത്തിലേക്കു നയിക്കാൻ ഒരിക്കലും കഴിയുകയില്ല. ഇതാണു് അനുഭവം, വിപ്ലവത്തിന്റെ വസ്തുനിഷ്ഠമായ വികസനമാർഗ്ഗം നമ്മെ പഠിപ്പിച്ചതു്.

(അങ്ങനെ ചെയ്യേണ്ടിടത്തു്) പെട്ടെന്നു് നമ്മുടെ നയരംഗം മാററുവാൻ നാം കഴിഞ്ഞ മൂന്നുനാലു കൊല്ലങ്ങളിൽ കുറച്ചൊക്കെ പഠിച്ചു. ആ നാമിന്നു് ശ്രദ്ധയോടും ആവേശത്തോടും സ്ഥിരോത്സാഹത്തോടുംകൂടി (വേണ്ടത്ര ശ്രദ്ധയും ആവേശവും സ്ഥിരോത്സാഹവും ഇനിയും ആയിട്ടില്ല) പുതു സാമ്പത്തിക നയമെന്ന പുതിയൊരു നയരംഗം ആവിഷ്കരിക്കുവാൻ പഠിച്ചുകൊണ്ടിരിക്കുകയാണു്. തൊഴിലാളിവർഗ്ഗ ഭരണകൂടം നല്ല കരുതലും സ്ഥിരതയും കച്ചവടക്കണ്ണുമുള്ള "ബിസിനസ്സുകാര"നാവണം—എല്ലാ വിശദാംശങ്ങളിലും കണ്ണെത്തുന്ന മൊത്തവ്യാപാരിയാകണം. മറിച്ചു് ഒരിയ്ക്കലും അതിന്നു ഈ ചെറുകിട കർഷകരാജ്യത്തിന്റെ സാമ്പത്തികാടിത്തറ ഭദ്രമാക്കാൻ കഴിയുകയില്ല പാശ്ചാത്യമുതലാളിത്തലോകവുമായി (ഈ മുതലാളിത്തം താല്ക്കാലികമാണു്) ഉരുമ്മിക്കഴിയേണ്ടുന്ന ഇന്നത്തെ സാഹചര്യത്തിൽ മറെറാരു വിധത്തിലും നമുക്കു് കമ്യൂണിസത്തിലേക്കു് പുരോഗമിക്കുവാൻ സാദ്ധ്യമല്ല. സ്വർഗ്ഗത്തിൽനിന്നു ഭൂമിയെന്നപോലെ കമ്യൂ

ണിസത്തിൽനിന്നു അത്രയും അകന്നുവർത്തിക്കുന്ന ഒരു സാമ്പത്തിക വർഗ്ഗമാണു് മൊത്തവ്യാപാരിയെന്നതു് ശരിയാണു്. പക്ഷെ ചെറുകിടകാർഷികവ്യവസ്ഥയെ സ്റ്റേററ്മുതലാളിത്തംവഴി കമ്യൂണിസത്തിലേക്കു നയിക്കുന്നതും യഥാർത്ഥജീവിതത്തിൽ കാണുന്നതുമായ വൈരുദ്ധ്യങ്ങളിലൊന്നു മാത്രമാണിതു്. വ്യക്തിപരമായ പ്രചോദനം ഉല്പാദനത്തെ വർദ്ധിപ്പിക്കും; എന്തു വില കൊടുത്തും ഉല്പാദനം വർദ്ധിപ്പിക്കുകയെന്നതാവണം നമ്മുടെ പ്രഥമവും പ്രധാനവുമായ ജോലി. മൊത്തവ്യാപാരം സാമ്പത്തിക തലത്തിൽ ലക്ഷക്കണക്കിലുള്ള ചെറുകർഷകരെ യോജിപ്പിക്കുന്നു. അവർക്കു വ്യക്തിപരമായ പ്രചോദനമരുളുന്നു; അവരെ കൂട്ടിയിണക്കുകയും അടുത്ത പടിയിലേക്കു്, അതായതു് ഉല്പാദനപ്രക്രിയക്കിടയിൽ പലതരത്തിലുണ്ടാകുന്ന സംഘടനാരൂപങ്ങളിലേക്കു് നയിക്കുകയും ചെയ്യുന്നു. സാമ്പത്തികനയത്തിൽ ആവശ്യമായ മാററങ്ങൾ വരുത്തുവാൻ നാം തുടങ്ങിക്കഴിഞ്ഞു; ചില വിജയങ്ങൾ നമുക്കുണ്ടാവുകയും ചെയ്തുകഴിഞ്ഞു. ശരിയാണു്; അവ ചെറുതാണു്, ഭാഗികമാണു്; എങ്കിലും വിജയങ്ങൾതന്നെയാണു്. "ശിക്ഷണ" ത്തിന്റേതായ ഈ പുതിയ രംഗത്തു് നാം പ്രാഥമികപാഠങ്ങൾ മിക്കവാറും പഠിച്ചുകഴിഞ്ഞു. സ്ഥിരോത്സാഹത്തോടും ചിട്ടയോടും കൂടി നടത്തുന്ന പഠനംകൊണ്ടും മുന്നോട്ടുള്ള ഓരോ കാൽവെപ്പിന്റെയും സാധുതയുടെ അളവുകോലായി പ്രായോഗികാനുഭവത്തെ സ്വീകരിച്ചുകൊണ്ടും തുടങ്ങിക്കഴിഞ്ഞതിനെ വേണ്ടിവന്നാൽ വീണ്ടുംവീണ്ടും മാററുന്നതിൽ ഭയപ്പെട്ടു ചൂളാതെകണ്ടും തെററുകൾ തിരുത്തിക്കൊണ്ടും അവയുടെ പ്രാധാന്യത്തെ സശ്രദ്ധം വിശകലനംചെയ്തുകൊണ്ടും നാം ഉപരിപാഠങ്ങളിലേക്കു് വിജയകരമായി നീങ്ങും. ഇന്നത്തെ ലോകസാമ്പത്തിക രാഷ്ട്രീയസ്ഥിതിഗതികൾ നമ്മുടെ ശിക്ഷണകാലത്തെ നമുക്കിഷ്ടപ്പെടാത്തവിധം ദീർഘിപ്പിക്കുകയും ക്ലേശകരമാക്കുകയുംചെയ്തിട്ടുണ്ടു്. എങ്കിലും ആ ശിക്ഷണകാലം നാം പൂർത്തിയാക്കും. എന്തുവിലകൊടുക്കേണ്ടി

വന്നാലും പരിണാമഘട്ടത്തിലെ ദുരിതങ്ങൾ എത്രതന്നെ കഠിനങ്ങളായാലും, ക്ഷാമവും നാശവും മററു വിപത്തുകളുമെല്ലാം ഉണ്ടായാലും നാം ചൂളുകയില്ല; ലക്ഷ്യത്തിലേക്ക വിജയകരമായി മുന്നേറും.

ഒക്ടോബർ 14, 1921
പ്രവദ നമ്പർ 234
ഒക്ടോ: 18, 1921
ഒപ്പ്: എൻ ലെനിൻ

കളക്ടഡ് വർക്സ്
വാ: 33, പേ: 51—59

## "പുത്തു സാമ്പത്തികനയവും രാഷ്ട്രീയ വിദ്യാഭ്യാസ വകുപ്പിന്റെ കടമകളു"മെന്നതിൽനിന്നു്

### രാഷ്ട്രീയ വിദ്യാഭ്യാസവകുപ്പുകളുടെ രണ്ടാം അഖില റഷ്യൻകോൺഗ്രസ്സിലേക്കുള്ള റിപ്പോർട്ടു്

### ഒക്ടോബർ 17, 1921

ഒരു പുതിയ നയത്തെക്കുറിച്ചുള്ള സംസാരം എന്തിനാണു്? നിരക്ഷരത്വം തുടച്ചുനീക്കാൻ അസാധാരണ നടപടികൾ വേണമെന്നാണെങ്കിൽ ആ പഴയ നയത്തിൽതന്നെ പററിപ്പിടിച്ചുനില്ക്കാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. അതു വ്യക്തമാണു്. എന്നാൽ അതിലേറെ വ്യക്തമാണു് സൈനികവും മററുമായ രംഗങ്ങളിൽ നാം അത്ഭുതങ്ങൾ സൃഷ്ടിച്ചുവെന്നതു്. നിരക്ഷരതാ നിർമ്മാർജ്ജനക്കമ്മീഷനെ അമ്പെ പിരിച്ചുവിടുകയും വിദ്യാഭ്യാസ ജനകീയക്കമ്മീസ്സാറിയററിൽനിന്നു് അതിനെ വേർതിരിക്കാനുള്ള

നിർദ്ദേശങ്ങൾ, ഇവിടെ കണ്ടതുപോലെ, ഉന്നയിക്കപ്പെട്ടുകയും ചെയ്യുകയാണെങ്കിൽ അതായിരിക്കും എന്റെ പക്ഷത്തിൽ ഏററവും വലിയ അത്ഭുതം. ഇതു ശരിയാണെങ്കിൽ, കുറച്ചുനേരം നിങ്ങളതിനെപ്പററി ഒന്നാലോചിച്ചാൽ മതി. ഈ ചീത്ത നിർദ്ദേശങ്ങളെ തള്ളിക്കളയുന്നതിന്നുമാത്രം ഒരു അസാധാരണക്കമീഷനെ നിയമിക്കണമെന്ന കാര്യത്തിൽ നിങ്ങളെന്നോടു യോജിക്കും.

അത്രയുമല്ല—അനക്ഷരത്വം മാററിയതുകൊണ്ടുമാത്രമായില്ല. സോവിയററ് സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുക കൂടി വേണം; അതിന്നാകട്ടെ സാക്ഷരത്വംമാത്രം പോരാ. സംസ്കാരത്തെ കൂടുതൽ ഉയർന്ന നിലവാരത്തിലേക്ക് നാമുയർത്തണം. എഴുതാനും വായിക്കാനുമുള്ള കഴിവ് ഒരാൾക്ക് ഉപയോഗിക്കാറാകണം. അയാൾക്കു വായിക്കുവാനെന്തെങ്കിലും വേണം. പത്രങ്ങളും പ്രചരണലഘുലേഖകളും വേണം; അവ വേണ്ടമാതിരി വിതരണംചെയ്യുകയും ജനങ്ങൾക്കെത്തിച്ചുകൊടുക്കുകയും വേണം. എന്നാൽ ഇന്ന് അവയിൽ പകുതിയിലധികവും വഴിയ്ക്ക് നഷ്ടപ്പെട്ടു വായിക്കപ്പെടാതെ പോവുകയാണ്. ബാക്കിയുള്ളവയാകട്ടെ ആപ്പീസുകളിൽ ഓരോ കാര്യങ്ങൾക്കായി ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു. ഒരുപക്ഷെ നാലിലൊന്നുപോലും ജനങ്ങളുടെ കയ്യിലെത്തുന്നില്ല നമുക്കുള്ള പരിമിതവിഭവങ്ങളെ മുഴുവൻ ഉപയോഗപ്പെടുത്താൻ നാം പഠിയ്ക്കണം.

സംസ്കാരത്തിൻെറ നിലവാരം എന്തുചെയ്തും ഉയർത്തണമെന്നാണ് രാഷ്ട്രീയവിദ്യാഭ്യാസം അനുശാസിക്കുന്നത് എന്ന ആശയം പുതു സാമ്പത്തികനയത്തോടൊപ്പം നിരന്തരം പ്രചരിപ്പിക്കണമെന്ന് പറയുന്നതു് മേൽപറഞ്ഞതിൻെറ അടിസ്ഥാനത്തിലാണ്. എഴുതാനും വായിക്കാനുമുള്ള കഴിവ് സാംസ്കാരികനിലവാരം ഉയർത്തുന്നതിന്നുവേണ്ടി ഉപയോഗിയ്ക്കണം. തങ്ങളുടെ കൃഷിയിടങ്ങളെയും ഭരണക്രമത്തെയും നന്നാക്കുവാനും ശക്തിപ്പെടു

ത്തുവാനാവേണ്ടി എഴുത്തും വായനയും ഉപയോഗിക്കാൻ കൃഷി ക്കാ:ക്ക് കഴിയുമാറാകണം.

രാഷ്ട്രീയ വിദ്യാഭ്യാസവകപ്പിൻെറ രണ്ടാം അഖിലറഷ്യൻ കോൺഗ്ര സ്സിൻെറ രണ്ടാംനമ്പ്ര് ബുള്ളററിൻ ഒക്ടോബർ 19, 1921

കള: വർക്സ്
വാ: 33,
പേ: 74, 75

## രാഷ്ട്രീയ വിദ്യാഭ്യാസപ്രവത്തകരുടെ 2-ാം അഖിലരഷ്യൻ കോൺഗ്രസ്സിൻെറ റിപ്പോർട്ടിന്നുള്ള കുറിപ്പുകൾ

### പുതു സാമ്പത്തികനയവും രാഷ്ട്രീയവിദ്യാഭ്യാസ പ്രവത്തകരുടെ കടമകളും

1. നേരിട്ട് ഊന്ന അടിമുഖീകരണമെന്ന കമ്യൂണിസ്റ്റ് രീതിക്ക പകരം "പാർപത്ത"ലൂടെ വലയംചെയ്ത മുന്നേറുകയെന്ന പ്രത്യേക സമീപനം."

2. തോല്പിച്ച പിന്മാറുക—പുതിയൊരു മുന്നേററത്തിന്ന വേണ്ടി.

3. പരിതസ്ഥിതികളെ അനുകൂലമായി ഉപയോഗപ്പെടുത്താൻ ആൎക്കാണ കഴിയുക — മുതലാളിമാൎക്കോ നമുക്കോ?

ഇരുനൂററി ഇരുപത്തിഅഞ്ച്"

4. "വ്യക്തിപരമായ പ്രചോദനം".... കൃഷിക്കാക്കും തൊഴിലാളികൾക്കും വിദഗ്ദ്ധന്മാക്കും........ഒടുവിൽ പറഞ്ഞവരോടുള്ള നമ്മുടെ നിലപാടു വിസ്തൃതമയമാണു്.

5. മുതലാളിമാരിൽനിന്നും പാട്ടക്കാരിൽനിന്നും പഠിക്കുക—ഗുരുതരവും ക്ലേശപൂർണ്ണവുമായ ഒരു പാഠമാണതു്.

6. എന്തു ചെയ്തും ഉല്പാദനം വർദ്ധിപ്പിക്കുക.

നിങ്ങൾ സ്ഥാപനത്തിനു് പുറ
ത്തെന്നോ? സ്ഥാപനത്തിനു പുറത്തു
നില്ക്കുകയാണു് കൂടുതൽ നല്ലതു്.

7. സാക്ഷരത്വം—നിരക്ഷരത്വനിർമ്മാജ്ജനമാണു് വേണ്ടതു്; അല്ലാതെ ആകാശത്തിരുന്നു് നിരക്ഷരത്വനിർമ്മാജ്ജന കമ്മീഷനെ പിരിച്ചുവിടുകയല്ല വേണ്ടതു്. 1920 ജൂലായ് 19.

സാക്ഷരത്വത്തിൽ ഇപ്പോഴും പിന്നണിയിൽ വർത്തിക്കുന്ന ഒട്ടേറെ ഗുബർണിയകളുടേയും ഉയേസ്ദുകളുടേയും അപമാനകരമായ പട്ടിക.

8. സാംസ്കാരികനിലവാരമുയർത്തൽ.

(ഓരോ വമ്പിച്ച രാഷ്ട്രീയപ്രക്ഷോഭത്തിനും ശേഷം "ദഹന"ത്തിനും, "സ്വാംശീകരണ"ത്തിനും ആദ്യത്തെ പതുക്കൻ പണിയെ ചാന്തിട്ടു മിനുക്കുന്നതിനുമായി വളരെക്കാലം പിടിക്കുന്നു.)

9. നിയമവാഴ്ചയെ വളർത്തൽ........നിയമവാഴ്ചക്കുവേണ്ടി അന്തസ്സോടുകൂടി സമരം നടത്താൻ ജനങ്ങളെ പഠിപ്പിക്കുക.

ഇരുന്നൂററിഇരുപത്തിആറു്

അതേസമയം വിപ്ലവത്തിൽ നിയമവാഴ്ചയുടെ പരിമിതികളെപ്പററി തീരെ മറക്കാതിരിക്കുക. അതല്ല ഇപ്പോഴത്തെ ദോഷം. പല തരത്തിലുമുള്ള നിയമവിരുദ്ധപ്രവർത്തനങ്ങളാണ്.

10. പ്രത്യേകിച്ച് കോഴയുടെ കാര്യം. അതിനെ എതിർത്തു നശിപ്പിക്കാൻ ആർ എന്തുചെയ്യു?

ഉദ്യോഗസ്ഥമേധാവിത്വവും ചുകപ്പുനാടയും.

11. കൃഷിക്കാർക്ക് ഈ അവസരത്തിൽതന്നെ സാമ്പത്തിക വിജയം നേടാൻ സാദ്ധ്യമാണെന്ന വസ്തുതയെ ഊന്നിക്കൊണ്ടുള്ള ഉല്പാദനപ്രചാരണം. ഈ വിജയത്തെ പൊക്കിക്കാട്ടുവാനും പ്രചരണത്തിന്നുപയോഗിക്കാനുമുള്ള കഴിവു്. വിജയത്തെ തുടർന്ന് ചെയ്യേണ്ടതു് ചെയ്തുകൊണ്ടിരിക്കുക.

12. സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിലെ പ്രായോഗികവിജയങ്ങളാണ് പ്രധാനം. എല്ലാതിന്റേയും ഉരകല്ല്.

13 മൂന്നു ശത്രുക്കളും നാലു കല്പനകളും.

ശത്രുക്കൾ: കമ്യൂണിസ്റ്റ ഹംഭാവം—ഏററവും വലിയ ശത്രു.

1. രോമം കീറി വാദിക്കാതിരിക്കുക. നിങ്ങളുടെ കമ്യൂണിസത്തിൽ വലിയ ധാടിയും നാട്യവും കാണിക്കാതിരിക്കുക. മന്ദതയും മടിയും ഉദാസീനതയും അജ്ഞതയും മറച്ചുവെക്കുവാൻ വലിയ വാക്കുകൾ ഉപയോഗിക്കാതിരിക്കുക.

| | |
|---|---|
| നിരക്ഷരത്വം | 2. നിരക്ഷരത്വം തുടച്ചു മാററുക. |
| കോഴ | 3. കോഴയെ എതിർത്തു നശിപ്പിക്കുക. |
| | 4. സാമ്പത്തിക നിർമ്മാണത്തിൽ പ്രായോഗിക വിജയങ്ങളെ അടിസ്ഥാനമാക്കി നിങ്ങളുടെ പ്രവൃത്തിയെ ചെക്കുചെയ്യുക. അങ്ങനെ വാക്കുകൾ വാക്കായി ശേഷിക്കാതിരിക്കട്ടെ. |

1921, ഒക്ടോ: 17നു മുമ്പെഴുതിയതു്. മൊളോഡയ ഗ്വാർഡിയ എന്ന മാസികയുടെ 2,3 നമ്പ്രുകളിൽ ആദ്യമായി 1924ൽ പ്രസിദ്ധപ്പെടുത്തി. — കലക്ടഡ് വർക്സ് വോ: 36, പേ 549, 550

# ഉശിരൻ ഭൗതികവാദത്തിന്റെ പ്രാധാന്യത്തെപ്പററി

പോഡ്സ്നാമേനം മാർക്സീമ[63] യുടെ ഒന്നും രണ്ടും ലക്കങ്ങളിലായി ആ പ്രസിദ്ധീകരണത്തിന്റെ സാമാന്യോദ്ദേശങ്ങളെക്കുറിച്ചു് സഖാവു് ട്രോട്സ്കി പറയേണ്ടതെല്ലാം പറഞ്ഞു കഴിഞ്ഞു; അതു ഭംഗിയായിട്ടുമുണ്ടു്. ഈ ലക്കത്തിലെ ആമുഖത്തിൽ പത്രാധിപന്മാർ പത്രത്തിന്റെ കടമയെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ടു്. ആ കടമയേയും അതിന്റെ ഉള്ളടക്കത്തേയും കൂടുതൽ വ്യക്തമാക്കാനുപകരിക്കുന്ന ചില കാര്യങ്ങളെക്കുറിച്ചു പറയുവാൻ ഞാനാഗ്രഹിക്കുന്നു.

പോദ്സ്നാമേനം മാർക്സീമയുടെ ചുററും കൂടിയിട്ടുള്ളവർ എല്ലാം കമ്മ്യൂണിസ്റ്റുകാരല്ലെന്നും എന്നാൽ വിട്ടുവീഴ്ചയില്ലാത്ത ഭൗതികവാദികളാണെന്നും ഈ പ്രസ്താവനയിൽ പറയുന്നു. കമ്മ്യൂണിസ്റ്റുകാരും അല്ലാത്തവരും തമ്മിലുള്ള ഈ സഖ്യം ഏററവും അത്യാവശ്യമാണെന്നും അതാണു് ഈ പ്രസിദ്ധീകര

ണത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളെ കൂടുതൽ കൃത്യമായി നിർവ്വഹിക്കുന്നതെന്നും ഞാൻ വിചാരിക്കുന്നു. കമ്മ്യൂണിസ്റ്റ്കാർക്കും (പൊതുവിൽ വലിയ വിപ്ലവം വിജയകരമായി ഉൽഘാടനം ചെയ്ത എല്ലാ വിപ്ലവകാരികൾക്കും) പററിയിട്ടുള്ള ഏററവും വലുതും ആപല്ക്കരവുമായ തെററ് വിപ്ലവകാരികളെക്കൊണ്ടു മാത്രം വിപ്ലവമുണ്ടാക്കാമെന്ന ധാരണ വെച്ചുപുലർത്തലാണ്. നേരെമറിച്ച്, വിപ്ലവകാരികൾ ഏററവും ഉണർവുള്ള, പുരോഗമിച്ച വർഗ്ഗത്തിന്റെ മുന്നണിപ്പടയുടെ പങ്കു വഹിക്കുന്നുള്ളു. ഈ വസ്തുതയെ നന്നായി മനസ്സിലാക്കുകയും പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയുംചെയ്യേണ്ടതു് ഗൗരവപ്പെട്ട എല്ലാ വിപ്ലവപ്രവർത്തനങ്ങളുടേയും വിജയത്തിന്നു് ആവശ്യമാണ്. ബഹുജനങ്ങളിൽനിന്നു സ്വയം ഒററപ്പെടാതെകഴിയ്ക്കാനും അവരെ മുന്നോട്ടു നയിക്കാനും കഴിയുമ്പോൾ മാത്രമേ ഒരു മുന്നണിപ്പട മുന്നണിപ്പടയുടെ ജോലി നിർവ്വഹിക്കുന്നുള്ളു. ഏററവും വ്യത്യസ്തങ്ങളായ എല്ലാ പ്രവർത്തനരംഗങ്ങളിലും കമ്മ്യൂണിസ്റ്റിതരരുമായി സഖ്യമുണ്ടാക്കാതെ വിജയകരമായ കമ്മ്യൂണിസ്ററുനിർമ്മാണം സാധ്യമേയല്ല.

പോദ്സ്നാമേനം മാർക്സിസ ഏറെറടുത്തിട്ടുള്ള. ഭൗതികവാദത്തേയും മാർക്സിസത്തെയും കാത്തുരക്ഷിക്കുക എന്ന പ്രശ്നത്തിന്നും ഇതു ബാധകമാണ്. ഭാഗ്യവശാൽ റഷ്യയിലെ പുരോഗമനപരമായ സാമൂഹ്യചിന്താരംഗത്തിലെ മുഖ്യ പ്രവണതകൾക്കു് ഭൗതികവാദത്തിന്റേതായ ഉറച്ച ഒരു പാരമ്പര്യമുണ്ട്. ജി. പി. പ്ലെഖനോവിന്റെകാര്യം ഇരിയ്ക്കട്ടെ, ചെർണിഷേവ്സ്കിയെമാത്രം സ്മരിച്ചാൽമതിയാകും, യൂറോപ്യൻശാസ്ത്രത്തിലെ അവസാനവാക്കെന്ന പുച്ഛകണ്ടു ഭ്രമിക്കുകയും ബൂർഷ്വാസിയോടും അതിന്റെ മുൻവിധികളോടും പിന്തിരിപ്പത്തത്തോടും എന്തെങ്കിലും ഒരുതരം ദാസ്യഭാവം ആ പുച്ഛിന്നുപിറകിൽ ഒളിഞ്ഞിരിപ്പുണ്ടെന്നു കണ്ടെത്താൻ കഴിയാതിരിക്കുകയുംചെയ്ത

ആധുനിക നരോഡ്നിക്കകൾ (പോപ്പുലർ സോഷ്യലിസ്റ്റുകൾ, സോഷ്യൽ റവലൂഷനറികൾ മുതൽപേർ) ഫാഫനായിക്കഴിഞ്ഞിരുന്ന പിന്തിരിപ്പൻ തത്വശാസ്ത്രങ്ങളെത്തേടി പലപ്പോഴും ചെർണിഷേവിസ്കിയിൽനിന്ന പിന്തിരിഞ്ഞുപോന്നിട്ടുണ്ടു്.

എന്തുതന്നെയായാലും റഷ്യയിലിപ്പോഴും കമ്മ്യൂണിസ്റ്റിതര പാളയത്തിൽ ഒട്ടേറെ ഭൌതികവാദികളുണ്ടു്. ഭാവിയിലും വളരെക്കാലം അതുതന്നെയായിരിക്കും സ്ഥിതി എന്നതിൽ സംശയമില്ല. പിന്തിരിപ്പൻ തത്വശാസ്ത്രത്തിന്നും അഭ്യസ്തവിദ്യരെന്നു പറയപ്പെടുന്നവരുടെ തത്വശാസ്ത്രപക്ഷപാതങ്ങൾക്കും എതിരായുള്ള കൂട്ടായ സമരത്തിൽ വിട്ടുവീഴ്ചയില്ലാത്ത ഉശിരൻ ഭൌതികവാദത്തിന്റെ എല്ലാ അനുയായികളേയും പങ്കെടുപ്പിക്കേണ്ടതു് നമ്മുടെ കേവലകർത്തവ്യമാണു്. ദീസ്ജൻസീനിയർ—എഴുത്തുകാരനും വലിയ നാട്യക്കാരനും അത്രതന്നെ പരിചയശീലനുമായ മകന്റെ പേരുമായി കൂട്ടിക്കുഴക്കരുതു്—ഒരിക്കൽ പറയുകയുണ്ടായി, ആധുനിക സമുദായത്തിലെ തത്വശാസ്ത്ര പ്രഫസർമാരിൽ ബഹുഭൂരിപക്ഷവും ഫലത്തിൽ "മതത്തിന്റെ ബിരുദധാരികളായ പിണിയാളുകൾ" മാത്രമാണെന്നു്. മുതലാളിത്തരാജ്യങ്ങളിൽ പ്രചാരത്തിലുള്ളതും ശാസ്ത്രജ്ഞന്മാരുടെയും എഴുത്തുകാരുടെയും ആദരവിന്നു് പാത്രീഭവിച്ചിട്ടുള്ളതുമായ തത്വശാസ്ത്രപ്രവണതകളുടെനേക്കുള്ള മാർക്സിസ്റ്റ് മനോഭാവത്തെ ദീസ്ജന്റെ ഈ പ്രസ്താവം കൃത്യമായും വ്യക്തമായും ഉചിതമായും പ്രകടിപ്പിക്കുന്നു.

മററു രാജ്യങ്ങളിലെ തങ്ങളുടെ സഹോദരന്മാരെപ്പോലെ റഷ്യൻ ബുദ്ധിജീവികളും തങ്ങൾ വളരെ പുരോഗമിച്ചവരാണെന്നു കരുതുന്ന ദീസ്ജന്റെ വാക്കുകളിൽ പ്രകടമാകുന്ന മനോഭാവം അവക്കു പിടിക്കുകയില്ല; കാരണം സത്യത്തിന്റെ മുഖത്തു നോക്കാൻ അവരെക്കൊണ്ടാവില്ല. ഭരണപരവും സാമൂഹ്യവു

സാമ്പത്തികവുമായും മററു പലതരത്തിലും എത്രമാത്രം ഇന്നത്തെ അഭ്യസ്തവിദ്യൎക്കു് ഭരിക്കുന്ന ബൂർഷ്വാസിയെ ആശ്രയിക്കേണ്ടി വരുന്നുവെന്ന കാര്യത്തെപ്പററി കുറഞ്ഞൊന്നാലോചിച്ചാൽമതി, ദീസ്ജന്റെ കടുത്ത വിവരണം എത്രയും സത്യമാണെന്നു് മനസ്സിലാക്കുവാൻ. യൂറോപ്യൻരാജ്യങ്ങളിൽ പലപ്പോഴുമായി പല തത്വശാസ്ത്രപ്രവണതകൾ ഉയൎന്നുവരികയും ഫാഷനായിത്തീരുകയും ചെയ്യുകയുണ്ടായി. റേഡിയത്തിന്റെ കണ്ടുപിടുത്തത്തോടു ബന്ധപ്പെട്ടുകൊണ്ടു ആവിർഭവിച്ചവ മുതൽക്കിങ്ങോട്ടു ഐൻസ്റ്റീന്റെ വസ്ത്രാഞ്ചലം പിടിച്ചുതൂങ്ങിക്കൊണ്ടിരിക്കുന്ന ഇന്നത്തെ തത്വശാസ്ത്ര പ്രവണവകൾവരെ അവയുടെ പട്ടിക നീണ്ടുകിടക്കുന്നു. ആ പട്ടിക ഒന്നു പരിശോധിച്ചാൽ ഒരു വശത്തു് അവയുടെ സിദ്ധാന്തപരമായ ഉള്ളടക്കവും മറുവശത്തു് ബൂർഷ്വാവൎഗ്ഗതാല്പര്യങ്ങളും നിലപാടും എല്ലാ മതങ്ങൾക്കും അവരിൽനിന്നു ലഭിക്കുന്ന പിൻബലവും തമ്മിലുള്ള ബന്ധം മനസ്സിലാകുന്നതാണു്.

ഭൗതികവാദത്തിന്റെ വക്കാവാകാൻ ഒരുങ്ങിപ്പുറപ്പെടുന്ന ഒരു പ്രസിദ്ധീകരണം ആദ്യമായി വേണ്ടതു് ഉശിരും ചുണയുമുള്ള ഭൗതികവാദത്തിന്റെ യഥാർത്ഥ വക്കാവാവുകയാണെന്നു് മേൽ പറഞ്ഞതിൽനിന്നു തെളിയുന്നു. അതായതു് അത്തരമൊരു പ്രസിദ്ധീകരണം "മതത്തിന്റെ ബിരുദധാരികളായ പിണിയാളുകൾ"ളെ ചുളുവില്ലാതെ തുറന്നുകാട്ടുകയും അധിക്ഷേപിക്കുകയും ചെയ്യണം; അവരിൽ ചിലർ ഔദ്യോഗികശാസ്ത്രത്തിന്റെ പ്രതിനിധികളായി ഭാവിക്കുന്നു, മററുചിലർ തങ്ങൾ "ജനാധിപത്യഇടതുപക്ഷക്കാരും സിദ്ധാന്തപരമായി സോഷ്യലിസ്റ്റുകാരു"മായ എഴുത്തുകാരെന്നു സ്വയം വിളിച്ച സ്വതന്ത്രന്മാരെന്നു നടിക്കുന്നു. എന്നാൽ ഈ വ്യത്യാസങ്ങളൊന്നും തന്നെ അവരെ തുറന്നു കാട്ടുന്നതിൽ പ്രധാനങ്ങളല്ല.

രണ്ടാമതായി, ഇത്തരമൊരു പ്രസിദ്ധീകരണം ഉശിരൻ

നിരീശ്വരവാദത്തിന്റെ പ്രചാരകനാവണം. ഈ കാര്യം നോക്കുന്ന വകുപ്പുകളും സ്റ്റേററുസ്ഥാപനങ്ങളും നമുക്കുണ്ട്. എന്നാൽ ഏററവും ഉദാസീനവും അതൃപ്തികരവുമായ വിധമാണ് അവിടെ ആ ജോലി നടത്തിക്കൊണ്ടിരിക്കുന്നത്; പോരാത്തതിന്നു് യഥാർത്ഥ റഷ്യൻ (സോവിയററായാൽ പോലും) ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ സാഹചര്യമുണ്ടെന്നു തോന്നുന്നു. അതുകൊണ്ടു ഈ സ്റ്റേററുസ്ഥാപനങ്ങളിലെ ജോലിയെ ഉത്തേജിപ്പിച്ചു നന്നാക്കുന്ന വിധം ആ സ്ഥാപനങ്ങൾക്കു് പുറത്തുള്ളതും ഭൗതികവാദം പ്രചരിപ്പിക്കുന്നതുമായ പ്രസിദ്ധീകരണം നിരീശ്വരവാദത്തെ അക്ഷീണം പ്രചരിപ്പിക്കുകയും അതിന്നുവേണ്ടി സമരം നടത്തുകയും ചെയ്യേണ്ടതു് അത്യാവശ്യമാണ്. ഈ വിഷയം സംബന്ധിച്ചു് മററു ഭാഷകളിൽ എഴുതപ്പെടുന്നതു് എന്തെല്ലാമെന്നു് അപ്പപ്പോൾ ശ്രദ്ധിക്കണം, അവയിൽ വിലപ്പെട്ടവയെല്ലാം തർജ്ജമ ചെയ്യണം, അല്ലെങ്കിൽ നിരൂപണവിഷയമാക്കുകയെങ്കിലും വേണം.

പതിനെട്ടാം നൂററാണ്ടിന്റെ64 അവസാനത്തിലുണ്ടായ ഉശിരൻ നിരീശ്വരസാഹിത്യം തർജ്ജമചെയ്തു ബഹുജനങ്ങൾക്കിടയിൽ വിതരണം ചെയ്യണമെന്നു് എംഗൽസ് അന്നത്തെ തൊഴിലാളിനേതാക്കന്മാരോടു അന്നു ഉപദേശിക്കുകയുണ്ടായി. ഇതേവരെ നാമിതു് ചെയ്തിട്ടില്ലെന്നു ലജ്ജയോടുകൂടി തുറന്നുപറയേണ്ടിയിരിക്കുന്നു. (വിപ്ലവ കാലഘട്ടത്തിൽ ഭരണക്രമം പിടിച്ചെടുക്കുന്നതു് ആ ഭരണകൂടത്തെ വേണ്ടതുപോലെ ഉപയോഗിക്കാൻ പഠിക്കുന്നതിനേക്കാൾ തുലോം എളുപ്പമാണെന്നതിന്നു് ഇതു അനവധി തെളിവുകളിലൊന്നാണ്) നമ്മുടെ ഔദാസീന്യവും നിഷ്ക്രിയത്വവും കഴിവില്ലായ്മയും ചിലപ്പോൾ "ഉന്നതങ്ങ"ളായ ഒഴികഴിവുകൾകൊണ്ടു് ന്യായീകരിക്കപ്പെടാറുണ്ട്. പതിനെട്ടാം നൂററാണ്ടിലെ പഴയ നിരീശ്വരസാഹിത്യം പഴഞ്ചനായിപ്പോയെന്നും അവ അശാസ്ത്രീയവും മൂഢവുമാണെന്നും

മററുമുള്ള വാദം അത്തരം ഒഴികഴിവുകൾക്കുദാഹരണമാണ്. ഇത്തരം ശാസ്ത്രാഭാസപരമായ വാദത്തേക്കാൾ വഷളായി മറെറാന്നില്ല; പണ്ഡിതമ്മന്യതയേയോ മാർക്സിസത്തെക്കുറിച്ചു തികഞ്ഞ അജ്ഞതയേയോ മറച്ചുപിടിയ്ക്കാനേ അതുപകരിയ്ക്കുകയുള്ളു. തീർച്ചയായും പതിനെട്ടാം നൂററാണ്ടിലെ വിപ്ലവകാരികളുടെ കൃതികളിൽ പലതും അശാസ്ത്രീയവും മുഢവുമാണ്. എന്നാൽ ആ കൃതികളെ സംക്ഷേപിക്കുക, അവയുടെ അനുബന്ധമെന്നോണം 18-ാം നൂററാണ്ടിന്നുശേഷം ശാസ്ത്രീയ മതവിമർശനത്തിലുണ്ടായിട്ടുള്ള പുരോഗതിയെ ചൂണ്ടിക്കാണിച്ചുകൊണ്ടും തദ്വിഷയകമായി ഏററവും ഒടുവിലുണ്ടായ കൃതികളെ സ്പർശിച്ചുകൊണ്ടും കുറിപ്പുകളെഴുതിച്ചേർക്കുക—എന്നീ പ്രവൃത്തികൾ പ്രസാധകന്മാർക്കു ചെയ്യാവുന്നതേയുള്ളു. അതിൽനിന്നവരെ ആരും വിലക്കുന്നില്ല. ആധുനികസമുദായം കോടിക്കണക്കിലാളുകളെ (പ്രത്യേകിച്ചു് കൃഷിക്കാരേയും കൈത്തൊഴിൽക്കാരേയും) അന്ധകാരത്തിലും അജ്ഞതയിലും അന്ധവിശ്വാസങ്ങളിലുമായി ജീവിതമൊടുക്കുവാൻ വിധിച്ചിരിക്കുകയാണ്. പരിശുദ്ധമായ മാർക്സ്സിസ്റ്റ് വിദ്യാഭ്യാസത്തിൻെറ വളവില്ലാത്ത മാർഗ്ഗത്തിലൂടെ മാത്രമേ അവർക്ക് ആ അന്ധകാരത്തിൽനിന്നു കരകയറുവാൻ കഴിയൂ എന്നു വിചാരിക്കുന്നതു് ഒരു മാർക്സിസ്റ്റിന്നു പിണയാവുന്ന ഏററവും ദാരുണമായ, വമ്പിച്ച തെററായിരിക്കും. ഏററവും വൈവിധ്യമുള്ള നിരീശ്വരവാദസാഹിത്യങ്ങൾ ഈ ബഹുജനങ്ങൾക്കു് നൽകണം; ജീവിതത്തിൻെറ ഏററവും വ്യത്യസ്തങ്ങളായ തലങ്ങളിൽനിന്നെടുത്ത വസ്തുതകളുമായി അവരെ പരിചയപ്പെടുത്തണം; സാധ്യമായ മാർഗ്ഗങ്ങളിലൂടെയെല്ലാം സമീപിച്ചും നാനാരീതികളുപയോഗിച്ചും അവരെ ഉത്തേജിപ്പിക്കുകയും മതത്തിൻെറ മയക്കത്തിൽനിന്നുണർത്തുകയും പല നിലകളിലും നിന്നുകൊണ്ടിളക്കിത്തീർക്കുകയും മററും ചെയ്യണം.

പതിനെട്ടാം നൂററാണ്ടിലെ പഴയ നിരീശ്വരവാദികൾ പ്രസാദപൂർണ്ണവും ഉത്തേജകവും സർഗ്ഗാത്മകവുമായ തങ്ങളുടെ കൃഷികളിലൂടെ സരസമായും പരസ്യമായും അന്നത്തെ മതവാദങ്ങളെ എതിർത്തു. വിരസവും ശുഷ്കവും സമർത്ഥമായ ഉദാഹരണങ്ങളുടെ അഭാവത്താൽ അവ്യക്തപ്രായങ്ങളുമായ മാർക്സിസത്തിൻെറ പരാവർത്തനങ്ങളാണ് നമ്മുടെ സാഹിത്യത്തിലധികവും. അവ (ഇക്കാര്യം ഒളിച്ചുവെക്കേണ്ടതില്ല) പലപ്പോഴും മാർക്സിസത്തെ വികൃതപ്പെടുത്തുകയുംചെയ്യുന്നു. മതത്തിൻെറ മയക്കത്തിൽനിന്നു ജനങ്ങളെ വിളിച്ചുണർത്താൻ മേല്പറഞ്ഞ പഴയ കൃതികൾക്ക് മാർക്സിസത്തിൻെറ ഇത്തരം പുനരാഖ്യാനങ്ങളെക്കാൾ ആയിരമിരട്ടി കെല്പുണ്ട്. പഴയ നിരീശ്വരവാദവും ഭൗതികവാദവും മാർക്സിൻേറയും എംഗൽസിൻേറയും തിരുത്തലുകൾക്കു വിധേയമാകാതെ അപൂർണ്ണങ്ങളായിത്തന്നെ നിലനില്ക്കുമെന്നു ഭയപ്പെടാൻ യാതൊരു കാരണവുമില്ല. മതകാര്യങ്ങളിൽ ബുദ്ധിപൂർവ്വമായ നിലപാടും അവയെക്കുറിച്ചു വിമർശനബുദ്ധിയും ബഹുജനങ്ങളിൽ ഉണർത്തിവിടുന്നതെങ്ങനെയെന്നു മനസ്സിലാക്കുകയാണ് ഏററവും പ്രധാനമായ കാര്യം. മാർക്സിസ്റ്റുകാരാണെന്നു പറയപ്പെടുകയും എന്നാൽ സത്യത്തിൽ മാർക്സിസത്തെ അംഗഭംഗപ്പെടുത്തുകയും ചെയ്യുന്ന നമ്മുടെ കമ്യൂണിസ്റ്റുകാർ ഈ പ്രധാനകാര്യത്തെത്തന്നെയാണ് പലപ്പോഴും കാണാതിരിക്കുന്നതും.

മറുവശത്ത് ആധുനികശാസ്ത്രകാരന്മാരുടെ മതവിമർശനം നോക്കുക. അഭ്യസ്തവിദ്യരായ ഈ ബൂർഷ്വാലേഖകന്മാർ മതപരമായ അന്ധവിശ്വാസങ്ങളെ സ്വന്തമായി ഖണ്ഡിക്കുകയും ആ ഖണ്ഡനത്തിനുപോൽബലകമായ മററു വാദമുഖങ്ങൾ ഉന്നയിക്കുകയുംചെയ്യുന്നു. പക്ഷെ ആ വാദങ്ങളുടനെതന്നെ തിരിഞ്ഞുനിന്നു അവരുടെ കള്ളിവെളിച്ചത്താക്കുന്നു; ബൂർഷ്വാസിയുടെ സിദ്ധാന്തതലത്തിലെ അടിമകൾ എന്ന നിലയിൽ "മതത്തിൻെറ ബിരുദ്ധ

ധാരികളായ പിണിയാളുകൾ" എന്ന നിലയിൽ അവരുടമനെ തുറന്നുകാണിക്കപ്പെടുന്നു.

രണ്ടുദാഹരണം കാണിക്കാം: പ്രൊഫസർ ആർ. വൈ. വിപ്പർ 1918ൽ "വോസ്നിക്നോവെനി ക്രിസ്ത്യൻസ്റ്റവ" (ക്രിസ്തുമതത്തിന്റെ ഉത്ഭവം—പാറോസ് പ്രസിദ്ധീകരണശാല, മോസ്കോ) എന്ന ചെറിയൊരു പുസ്തകം പ്രസിദ്ധപ്പെടുത്തി. ആധുനികശാസ്ത്രത്തിന്റെ മുഖ്യഫലങ്ങളെക്കുറിച്ചുള്ള വിവരണത്തിൽ അദ്ദേഹം രാഷ്ട്രീയസംഘടനയെന്ന നിലയിൽ പള്ളി എടുത്തുപയോഗിക്കുന്ന ആയുധങ്ങളായ അന്ധവിശ്വാസങ്ങളെയും വഞ്ചനയെയും എതിർക്കുന്നതേയില്ല. അത്തരം വിഷയങ്ങളിൽനിന്നെല്ലാം അദ്ദേഹം ഒഴിഞ്ഞുമാറുന്നു. എന്നാൽ അതു മാത്രമല്ല അദ്ദേഹംചെയ്യുന്നതു്. പിന്നേയോ? താൻ രണ്ടററങ്ങൾക്കും—ആത്മീയവാദത്തിനും ഭൗതികവാദത്തിന്നും—അതീതനാണെന്ന കേവലം പരിഹാസ്യവും അത്യന്തം പ്രതിലോമകരവുമായ അവകാശവാദം ഉന്നയിക്കുകയും ചെയ്യുന്നു. അധ്വാനിക്കുന്നവരിൽനിന്നു പിഴിഞ്ഞെടുത്ത ലാഭത്തിൽനിന്നു ലക്ഷക്കണക്കിൽ റൂബിളുകൾ മതത്തെ കെട്ടിപ്പൊക്കിനിർത്താൻവേണ്ടി ചിലവിടുന്ന ബൂർഷ്വാസിയുടെ പാദസേവ ചെയ്യലാണിതു്.

സുപ്രസിദ്ധ ജർമ്മൻശാസ്ത്രകാരനായ ആർതർ ഡ്രൂസ് "ദിയെ ക്രിസ്തുസ്മിതെ" (ക്രിസ്തുവിനെ സംബന്ധിച്ച കെട്ടുകഥ) എന്നൊരു പുസ്തകമെഴുതിയിട്ടുണ്ടു്. മതപരമായ അന്ധവിശ്വാസങ്ങളേയും കെട്ടുകഥകളേയും അദ്ദേഹം അതിൽ ഖണ്ഡിക്കുകയും ക്രിസ്തു ഉണ്ടായിട്ടേ ഇല്ലെന്നു സമർത്ഥിക്കുകയും ചെയ്തു. എന്നാൽ എല്ലാം കഴിഞ്ഞു് പുസ്തകത്തിന്റെ ഒടുവിൽ അദ്ദേഹം മതത്തിനോടു—പുതുക്കിയതും പരിശുദ്ധമാക്കിയതും "നിത്യേനയെന്നോണം വളർന്നുകൊണ്ടിരിക്കുന്ന പ്രകൃതി ശാസ്ത്രത്തിന്റെ പ്രവാഹത്തെ" തടഞ്ഞുനിർത്താൻ കെല്പുള്ളതും സൂക്ഷ്മതരവുമാണു് അദ്ദേഹത്തിന്റെ ആ മത

മെന്നിരിയ്ക്കിലും—തനിയ്ക്കുള്ള ആനകൂല്യം പ്രഖ്യാപിക്കുന്നു. (നാലാം ജർമ്മൻപതിപ്പ്. 1910, പേ: 238) ജീർണ്ണിച്ചു കഴിഞ്ഞ പഴയ മതാന്ധവിശ്വാസങ്ങളുടെ സ്ഥാനത്ത് കൂടുതൽ വെറുപ്പുള വാക്കുന്ന കടിലമായ പുത്തൻ അന്ധവിശ്വാസങ്ങളെ പ്രതിഷ്ഠി ക്കാൻ ചൂഷകരെ പരസ്യമായി സഹായിക്കുന്നു. ബോധപൂർവ്വം ഇറന്നടിക്കുന്ന ഒരു പ്രതിലോമകാരിയെയാണ് നാമിവിടെ കാണുന്നതു്.

ഡ്രൂസിന്റെ കൃതികൾ തർജ്ജമചെയ്യരുതെന്നു് ഇതിന്നർത്ഥ മില്ല. ബൂർഷ്വാസിയുടെ പുരോഗമനവിഭാഗത്തോടു ഒരളവിൽ സന്ധിചെയ്യുന്നതോടൊപ്പം കമ്യൂണിസ്റ്റുകാരും വിട്ടുവീഴ്ചയില്ലാത്ത ഭൌതികവാദികളും ആ ബൂർഷ്വാ വിഭാഗത്തെ അവർ പിന്തി രിപ്പൻ സ്വഭാവം കാണിക്കുമ്പോൾ, പതറാതെതന്നെ തുറന്നു കാണിയ്ക്കണമെന്നാണ് ഇതിന്നർത്ഥം. പതിനെട്ടാം നൂറ്റാണ്ടിലെ അതായതു് ബൂർഷ്വാസി വിപ്ലവകാരിയായിരുന്ന കാലത്തെ, ബൂർഷ്വാസിയുടെ പ്രതിനിധികളുമായുള്ള സഖ്യത്തെ നിരസിക്കു ന്നതു് മാർക്സിസത്തേയും ഭൌതികവാദത്തേയും വഞ്ചിക്കുകയാ ണെന്നാണ് ഇതിന്നർത്ഥം. എന്തുകൊണ്ടെന്നാൽ ഡ്രൂസുകളുമായി ഏതെങ്കിലും തരത്തിലും അളവിലും "സഖ്യ"മുണ്ടാക്കുകയെന്നതു് ഏറാവും സ്വാധീനശക്തിയുണ്ടായിരുന്ന മതാന്ധവിശ്വാസത്തി ന്നെതിരായി നമ്മുടെ സമരത്തിന്നു് അത്യന്തം ആവശ്യമാണ്.

ഉശിരൻ ഭൌതികവാദത്തിൻെറ വക്താവകണമെന്ന ലക്ഷ്യ മുള്ള പോദ്സ്നാമേനം മാർക്സിസ്റ്റ് നിരീശ്വരവാദപ്രചരണ ത്തിന്നും അതു സംബന്ധിച്ച സാഹിത്യങ്ങളുടെ നിരൂപണത്തിന്നും ഈ വിഷയത്തിൽ നമ്മുടെ ഗവർമ്മേണ്ടു നടത്തുന്ന പ്രവർത്തനങ്ങ ളുടെ തെററുകൾ തിരുത്തുന്നതിന്നുംവേണ്ടി അതിൻെറ നല്ലൊരു ഭാഗം ഉപയോഗിയ്ക്കണം. പുസ്തകങ്ങളും ലഘുലേഖകളും ഉപ യോഗപ്പെടുത്തുകയെന്നതു് പ്രത്യേകിച്ചും പ്രധാനമായ ഒന്നാണ്.

ആധുനിക ബൂർഷ്വാസിയുടെ താല്പര്യങ്ങളും വർഗ്ഗസംഘടനകളും മതസ്ഥാപനങ്ങളും മതപ്രചരണസംഘടനകളുമായി എങ്ങനെ ബന്ധപ്പെടുന്നുവെന്നു കാണിക്കുന്ന ഒട്ടേറെ വസ്തുതകളും താരതമ്യ പഠനങ്ങളും ആ പുസ്തകങ്ങളിലും ലഘുലേഖകളിലുമുണ്ട്.

മതവും മൂലധനവും തമ്മിലുള്ള ഔദ്യോഗികമായ, സ്റ്റേറ്റു തലത്തിലുള്ള ബന്ധം അത്രതന്നെ പ്രകടമല്ലാത്ത അമേരിക്കയെ (യുണൈറ്റഡ് സ്റ്റേറ്റ്സ) സംബന്ധിക്കുന്ന രേഖകൾ അത്യന്തം പ്രധാനമാണ്. എന്നാൽ ആധുനിക ജനാധിപത്യമെന്ന് കൊട്ടിഘോഷിക്കപ്പെടുന്ന ആ ഭരണവ്യവസ്ഥ (മെൻഷിവിക്കുകളും സോഷ്യൽ റവലൂഷണറികളും ഭാഗികമായി അരാജകവാദികളും യുക്തിരഹിതമാം വണ്ണം അത്രയും അന്ധമായി അതിനെ ആരാധിച്ചുവരുന്നു) ബൂർഷ്വാസിക്ക് ഗുണതരമായതെന്തും പ്രചരിപ്പിക്കാൻ, അതായത്, ഏററവും പിന്തിരിപ്പനായ ആശയങ്ങളെയും മതത്തെയും അന്ധവിശ്വാസങ്ങളെയും ചൂഷകസംരക്ഷണത്തെയും പ്രചരിപ്പിക്കുവാൻ ഉള്ള സ്വാതന്ത്ര്യം മാത്രമാണെന്ന് വളരെ വ്യക്തമായിക്കൊണ്ടിരിക്കുന്നുണ്ട്.

ഉശിരൻ ഭൌതികവാദത്തിന്റെ വക്താവായ ഈ പ്രസിദ്ധീകരണം വായനക്കാർക്കു നിരീശ്വരവാദസാഹിത്യത്തിന്റെ നിരൂപണങ്ങൾ നല്കുമെന്നും ഏതു തരം വായനക്കാരനു ഏതുതരം പുസ്തകമാണ് ഉപയോഗയോഗ്യമാവുകയെന്നും അതെന്തുകൊണ്ടെന്നും ചൂണ്ടിക്കാണിക്കുമെന്നും നമ്മുടെ രാജ്യത്ത് എന്തു സാഹിത്യമാണു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും (നല്ല തർജ്ജമകളേ—അവ അധികമില്ല—ശ്രദ്ധാവിഷയമാക്കേണ്ടു) ഇനി പ്രസിദ്ധപ്പെടുത്താനുള്ളതുമെന്നും നിർദ്ദേശിക്കുകയും ചെയ്യുമെന്നു നമുക്കാശിക്കാം.

കമ്മ്യൂണിസ്റ്റുപാർട്ടിയിൽ ചേരാത്ത വിട്ടുവീഴ്ചയില്ലാത്ത ഭൌതികവാദികളുമായുള്ള സഖ്യത്തിനുപുറമെ ഉശിരൻ ഭൌതിക

വാദത്തിൻെറ ജോലിയെ സംബന്ധിച്ചിടത്തോളം മേൽപറഞ്ഞതിനേക്കാൾ ഒരു പക്ഷെ കൂടുതൽ പ്രാധാന്യമുള്ള മറെറാരു സഖ്യമുണ്ടു്. ഭൗതികവാദത്തിലേക്കു ചായ്വുള്ളവരും അഭ്യസ്തവിദ്യരെന്നു വിളിക്കപ്പെടുന്നവരുടെ ഇടയിൽ ഫാഷനായിട്ടുള്ള ആത്മീയവാദത്തിലും സെപ്ടിസിസത്തിലും കിടന്നു ചാറുന്നതിന്നെതിരായി വാദിയ്ക്കാൻ ഭയമില്ലാത്തവരുമായ ആധുനിക പ്രകൃതിശാസ്ത്രജ്ഞരുമായുള്ളതാണു് ആ സഖ്യം.

പോഡ്സ്നാമേനം മാർക്സിസ്മയുടെ ഒന്നും രണ്ടും ലക്കങ്ങളിൽ പ്രസിദ്ധപ്പെടുത്തിയതും ഐൻസ്റ്റീൻെറ സാപേക്ഷതാ സിദ്ധാന്തത്തെ സംബന്ധിക്കുന്നതുമായ എ. ടിമിര്യാസേവിൻെറ ലേഖനം ഈ മാസിക മേൽപറഞ്ഞ രണ്ടാമത്തെ സഖ്യവും നടപ്പാക്കുമെന്ന ആശങ്ക വഴി നല്കുന്നു. കൂടുതൽ ശ്രദ്ധാർഹമായ ഒന്നാണിതു്. ആധുനിക പ്രകൃതിശാസ്ത്രത്തിൽ വന്നുകൊണ്ടിരിക്കുന്ന വിപ്ലവകരങ്ങളായ മാററങ്ങൾ പലപ്പോഴും പിന്തിരിപ്പൻ ദാർശനിക ചിന്താഗതികൾക്കും പ്രവണതകൾക്കും കാരണമായിത്തീരുന്നു. അതുകൊണ്ടു പ്രകൃതിശാസ്ത്രത്തിൽ വന്നുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെ ശ്രദ്ധിച്ചു മനസ്സിലാക്കുകയും പ്രകൃതിശാസ്ത്രജ്ഞരെ ഒരു ദാർശനികമാസികയുടെ പ്രവർത്തനത്തിൽ പങ്കുകൊള്ളിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഉശിരൻ ഭൗതികവാദത്തിൽ ഉശിരോ ഭൗതികവാദമോ അവശേഷിയ്ക്കുകയില്ല. ഭൗതികവാദത്തിൻെറ അടിത്തറയെ എയ്ൻസ്റ്റീൻ ചോദ്യം ചെയ്യുന്നില്ലെങ്കിലും എയ്ൻസ്റ്റീൻെറ സിദ്ധാന്തങ്ങളെ പല രാജ്യങ്ങളിലുമുള്ള ബൂർഷ്വാ ബുദ്ധിജീവികൾ കേറിപ്പിടിച്ചിട്ടുള്ളതിനെ തിമിര്യാസേവ് പ്രസ്തുത മാസികയുടെ ആദ്യലക്കത്തിൽ എഴുതിയിട്ടുള്ള ഒരു ലേഖനത്തിൽ പരാമർശിക്കുന്നുണ്ടു്. എയ്ൻസ്റ്റീൻെറ കാര്യത്തിൽ മാത്രമല്ല. പത്തൊമ്പതാം നൂററാണ്ടിന്നുശേഷം ജീവിച്ചിട്ടുള്ള പ്രഗത്ഭരായ എല്ലാ പ്രകൃതിശാസ്ത്രജ്ഞന്മാരെസംബന്ധിച്ചും ഇതു സംഭവിച്ചിട്ടുണ്ടെന്നു് ഓർമ്മിയ്ക്കേണ്ടതായുണ്ടു്.

ഈ പ്രതിഭ സമ്പത്ത് തികഞ്ഞ രാഷ്ട്രീയബോധത്തോടുകൂടി നാം സമീപിയ്ക്കണം; ദാർശ്ശനികമായി ഉറച്ച ഒരു അടിത്തറയിൽ നിന്നുകൊണ്ടല്ലാതെ ഭൗതികവാദത്തിന്നോ പ്രകൃതിശാസ്ത്രത്തിന്നോ ബൂർഷ്വാ ആശയങ്ങളുടേയും ബൂർഷ്വാ ലോകവീക്ഷണത്തിൻെറയും ആക്രമണങ്ങളെ ചെറുത്തുനില്ക്കുക സാദ്ധ്യമല്ലെന്നു് വ്യക്തമായും നാം മനസ്സിലാക്കണം. ഈ ആക്രമണങ്ങളെ ഫലപ്രദമായി ചെറുത്തു വിജയം കൈവരിക്കണമെങ്കിൽ, പ്രകൃതിശാസ്ത്രജ്ഞൻ ആധുനികഭൗതികവാദം അംഗീകരിച്ചേ പററൂ— മാർക്സിയൻ ഭൗതികവാദം, അതായതു് വൈരുദ്ധ്യാത്മക ഭൗതികവാദം, ബോധപൂർവ്വം സ്വീകരിച്ചേ പററൂ. ഈ ഉദ്ദേശ്യം നിറവേററുന്നതിന്നു് "പോഡ് സ്നാമേനം മാർക്സിസ്മ"യുടെ ലേഖകന്മാർ ഹെഗലിൻെറ വൈരുദ്ധ്യശാസ്ത്രതത്വങ്ങളെ ഭൗതികവാദത്തിൻ്റെ നിലപാടിൽനിന്നു് നിഷ്കർഷിച്ചു പഠിയ്ക്കുവാൻ വേണ്ട ഏർപ്പാടുകൾ ഉണ്ടാക്കണം. ഹെഗലിൻെറ പ്രസ്തുത തത്വങ്ങളെയാണു് മാർക്സു് "ക്യാപ്പിററൽ" ഉൾപ്പെടെ രാഷ്ട്രീയവും ചരിത്രപരവും ആയ തൻെറ എല്ലാ ഗ്രന്ഥങ്ങളിലും പ്രായോഗികമാക്കിയിട്ടുള്ളതു്. ഇതിൽ മാർക്സു് പൂർണ്ണമായും വിജയിച്ചിരിയ്ക്കുന്നു എന്നുള്ളതിന്നു ജപ്പാൻ, ഇന്ത്യ, ചീന എന്നീ പൗരസ്ത്യരാജ്യങ്ങളിലെ ജനങ്ങളുടെ ഉയിർത്തെഴുന്നേല്പും കർമ്മസംരംഭങ്ങളും തെളിവു നല്കുന്നു. ലോകത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗം വരുന്ന ഈ ജനകോടികളുടെ ചരിത്രപരമായ നിദ്രയും ആലസ്യവുമാണു് പല മുന്നണി പാശ്ചാത്യരാജ്യങ്ങളെയും സ്തംഭനത്തിൽനിന്നും നാശത്തിൽനിന്നും രക്ഷിച്ചിരുന്നതു്. പുതിയ വർഗ്ഗങ്ങളും പുതിയ ജനതകളും ഉണർന്നു് കർമ്മരംഗത്തിറങ്ങുന്നതു് മാർക്സിസത്തിൻെറ വിജയത്തെ ഉദ്ഘോഷിയ്ക്കുന്നു.

ഹെഗലിൻെറ വൈരുദ്ധ്യശാസ്ത്രതത്വങ്ങളെ പഠിയ്ക്കുന്നതും വ്യാഖ്യാനിക്കുന്നതും പ്രചരിപ്പിക്കുന്നതും പ്രയാസമേറിയ ഒരു ജോലിയാണു്; ആദ്യഘട്ടത്തിൽ തീർച്ചയായും പല തെററുകളും

പററാവുന്നതുമാണു്. പക്ഷെ തെററുപററാത്തതു് ഒന്നും ചെയ്യാത്തവനു മാത്രമാണല്ലോ. മാർക്സിന്റെ അതേ മാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ടു് ഹെഗലിയൻ വൈരുദ്ധ്യതത്വങ്ങളുടെ ഭൗതികസ്വഭാവത്തെ എല്ലാ പ്രകാരത്തിലും നാം വികസിപ്പിക്കണം. മാസികയിൽ ഹെഗലിന്റെ ഗ്രന്ഥങ്ങളിൽനിന്നു് ധാരാളം ഉദ്ധരിച്ചു ചേർക്കുകയും അവയെപ്പററി വ്യാഖ്യാനിയ്ക്കുകയും വേണം. മാർക്സു് കൊടുത്ത രീതിയിലുള്ള ഉദാഹരണങ്ങൾ മാത്രമല്ല, സമകാല സാമ്പത്തിക-രാഷ്ട്രീയബന്ധങ്ങളിൽനിന്നുള്ള ധാരാളം ഉദാഹരണങ്ങളും നമുക്കു് കൊടുക്കാൻ കഴിയണം. ആധുനിക ലോകചരിത്രത്തിൽ—വിശേഷിച്ചും ലോകമഹായുദ്ധത്തിലും തുടർന്നുണ്ടായിട്ടുള്ള വിപ്ലവങ്ങളിലും—അത്തരം ഉദാഹരണങ്ങൾക്കു് യാതൊരു ക്ഷാമവുമില്ല. "പോദ് സ്നാമേനം മാർക്സിസ്സ"യുടെ പത്രാധിപന്മാരും ലേഖകന്മാരും, എന്റെ അഭിപ്രായത്തിൽ, "ഭൗതികവാദികളുടെ—ഹെഗലിയൻ വൈരുദ്ധ്യശാസ്ത്രത്തിന്റെ സുഹൃത്തുക്കളുടെ—ഒരു സൊസൈററി" ആയിരിക്കണം. ഭൗതികവാദത്തിന്റെ അടിസ്ഥാനത്തിൽ ഹെഗലിന്റെ വൈരുദ്ധ്യശാസ്ത്രത്തെ മനസ്സിലാക്കുവാൻ ആധുനിക പ്രകൃതിശാസ്ത്രജ്ഞന്മാർ ശ്രദ്ധിയ്ക്കുന്നപക്ഷം, അക്കാര്യത്തിൽ നാം അവരെ സഹായിക്കുന്നപക്ഷം, പ്രകൃതിശാസ്ത്രത്തിലെ വിപ്ലവം മുന്നോട്ടു കൊണ്ടുവന്നിട്ടുള്ള പല ദാർശനിക പൂർവ്വപക്ഷങ്ങൾക്കും സമാധാനം ലഭിക്കുന്നതാണു്; ബൂർഷ്വാ ബുദ്ധിജീവികളുടെ പ്രതിലോമനിഗമനങ്ങൾക്കു് മറുപടിപറയാൻ സാധിക്കുന്നതാണു്.

ഈ കർത്തവ്യം മനസ്സിലാക്കാതെയും നിർവ്വഹിക്കാതെയുമിരുന്നാൽ ഭൗതികവാദത്തിന്നു് അതിന്റെ ഉശിരൻ ഭാവമുണ്ടാകയില്ല. ഷെഡ്രിന്റെ ഭാഷയിൽ പറയുകയാണെങ്കിൽ, സമരം നടത്തുവാനല്ല, സമരത്തിനു് നിന്നുകൊടുക്കുവാൻ മാത്രമെ അതു് ഉപകരിക്കുകയുള്ളു. ഈ കർത്തവ്യം നിർവ്വഹിക്കാത്തപക്ഷം പ്രശസ്തരായ പ്രകൃതിശാസ്ത്രജ്ഞന്മാർപോലും ഇതുവരെയെന്നപോലെ ഇ

നിയും ശരിയായ താത്വികനിഗമനങ്ങളിലും സാമാന്യവല്കരണങ്ങളിലും എത്തിച്ചേരാൻ കഴിയുകയില്ല ദാൎശനികമായി ഉറച്ച അടിത്തറയിന്മേലല്ലാതെ നിലനില്ക്കാൻ സാധിക്കാത്തനിലയിൽ അത്യവേഗത്തിലും വിപ്ലവപരമായും ആണു് പ്രകൃതിശാസ്ത്രം പുരോഗമിച്ചുകൊണ്ടിരിക്കുന്നതു്.

അവസാനമായി ഞാൻ ഒരു ഉദാഹരണം പറയാം: തത്വശാസ്ത്രത്തെയല്ല, സാമൂഹ്യപ്രശ്നങ്ങളെസംബന്ധിക്കുന്ന ഇക്കാൎയ്യത്തിൽ പോദ്സ്സാമേനം മാൎക്സിസ്റ്റാ" കൂടുതൽ ശ്രദ്ധിക്കേണ്ടതായിട്ടുണ്ടു്.

ഏററവും നെറികെട്ട പിന്തിരിപ്പൻ ചിന്താഗതികൾ പ്രചരിപ്പിക്കുന്നതിന്നു് ആധുനികശാസ്ത്രത്തെ എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നുള്ളതിന്റെ ഒരു ഉദാഹരണമാണതു്.

റഷ്യൻ ടെക്കനിക്കൽ സൊസൈററിയുടെ പതിനൊന്നാം ഡിപ്പാൎട്ടുമെണ്ടു് പ്രസിദ്ധപ്പെടുത്തുന്ന "ഇക്കണോമിസ്റ്റ്" 65 മാസികയുടെ ഒരു ലക്കം (1922_ലെ ഒന്നാംലക്കം) ഈയിടെ എനിക്കു അയച്ചുകിട്ടുകയുണ്ടായി. എനിയ്ക്കതു് അയച്ചുതന്ന യുവകമ്യൂണിസ്റ്റു് സ്നേഹിതന്നു് അതു് മുഴുവൻ വായിക്കാൻ, ഒരു പക്ഷെ, സമയം കിട്ടിയിരിക്കുകയില്ല; എങ്കിലും അതിൽ പറഞ്ഞിട്ടുള്ളതിനോടു യോജിയ്ക്കുവാൻ അയാൾ ബദ്ധപ്പാടു് കാണിച്ചിരിക്കുകയാണു്. എത്രകണ്ടു് മനഃപൂൎവ്വമാണു് എന്നു എനിയ്ക്കു അറിഞ്ഞുകൂടാ; പക്ഷെ ആ മാസിക യഥാൎത്ഥത്തിൽ ആധുനികഫ്യൂഡൽ ചിന്താഗതികളാണു് പ്രചരിപ്പിക്കുന്നതു്. ശാസ്ത്രത്തിന്റെയും ജനാധിപത്യത്തിന്റെയും മററും ആവരണം അണിഞ്ഞിട്ടുണ്ടെന്നു മാത്രം.

യുദ്ധത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ചു് സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ "ഒരന്വേഷണം" എന്ന ശീൎഷക

ത്തിൽ ദീർഘമേറിയ ഒരു ഉപന്യാസം പ്രസ്തുത മാസികയിൽ ഒരു പി. എസ്സ്. സൊറോകിൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. പാണ്ഡിത്യം തുളുമ്പുന്ന ഈ ലേഖനത്തിൽ പണ്ഡിതനായ ലേഖകന്റെയും അദ്ദേഹത്തിന്റെ നിരവധി ഗുരുനാഥന്മാരുടെയും സുഹൃത്തുക്കളുടെയും ഗ്രന്ഥങ്ങളിൽനിന്നു് ധാരാളം ഉദ്ധരണങ്ങൾ ഉണ്ടു്. ലേഖകന്റെ പാണ്ഡിത്യത്തിന്റെ ഒരുദാഹരണം പറയാം.

83–ാം പേജിൽ ഇങ്ങനെ കാണുന്നു:

“പെട്രോഗ്രാഡിൽ നടക്കുന്ന വിവാഹങ്ങളിൽ ഓരോ 10,000ത്തിൽ 92.2 എണ്ണവും വിവാഹമോചനത്തിലാണു് കലാശിക്കുന്നതു്. അമ്പരപ്പിക്കുന്ന ഒരു സ്ഥിതിയാണിതു്. ദുർബ്ബലപ്പെട്ട വിവാഹങ്ങളിൽ ഒരുനൂറിൽ 51.1 എണ്ണം ഒരു കൊല്ലത്തിൽ താഴെയും, 11 എണ്ണം ഒരു മാസത്തിൽ താഴെയും 22 എണ്ണം രണ്ടു മാസത്തിൽ താഴെയും, 41എണ്ണം ആറുമാസത്തിൽതാഴെയും മാത്രമാണു് നിലനിന്നിട്ടുള്ളതു്. 26എണ്ണം മാത്രം ആറുമാസത്തിലധികം നീണ്ടുനിന്നു. ആധുനിക വിവാഹങ്ങൾ അവിഹിതലൈംഗികബന്ധങ്ങൾക്കുള്ള ഒരു നിയമോപാധിമാത്രമാണു, കാമപൂരണത്തിനുള്ള ഒരു ഉപായം മാത്രമാണു്, എന്നത്രേ ഈ കണക്കുകൾ തെളിയിക്കുന്നതു്.” (ഇക്കണോമിസ്റ്റ്, നമ്പർ 1. പേജ് 83)

ഇതെഴുതിയിട്ടുള്ള മാന്യനും ഇത്തരത്തിലുള്ളതിനെല്ലാം പ്രസിദ്ധീകരണാനല്ലണ (ഷ്പൻ ടെക്കനിക്കൽ സൊസൈറ്റിയും ജനാധിപത്യവാദികളെന്നു് സ്വയം അഭിമാനിക്കുന്നുണ്ടാകാം. അവർ യഥാർത്ഥത്തിൽ ഫ്യൂഡൽ ചിന്താഗതിക്കാരും പിന്തിരിപ്പൻമാരും “പൌരോഹിത്യത്തിന്റെ ബിരുദധാരികളായ വൈതാളികന്മാരും” ആണെന്നു പറഞ്ഞാൽ തീർച്ചയായും അവർ ചൊടിച്ചേക്കാം.

സ്ത്രീകളോടും വിവാഹത്തിൽ പിറക്കാത്ത അവരുടെ സന്താനങ്ങളോടും യാതൊരു ദയാദാക്ഷിണ്യവുമില്ലാത്ത തനി ഫ്യൂഡൽ മനോഭാവമാണ്. എല്ലാ ബൂർഷ്വാജനാധിപത്യ രാജ്യങ്ങളിലുമുള്ളതെന്ന് ആ രാജ്യങ്ങളിലെ വിവാഹം, വിവാഹമോചനം എന്നീ കാര്യങ്ങളെസ്സംബന്ധിച്ചുള്ള നിയമങ്ങളും ആചാരങ്ങളും അറിയാവുന്ന സകലക്കും ബോധ്യമുള്ള സംഗതിയാണ്.

ഈ പരമാർത്ഥം മെൻഷെവിക്കുകളും സോഷ്യലിസ്റ്റ് റവലൂഷനറികളും അരാജകവാദികളും ബൂർഷ്വാരാജ്യങ്ങളിലുള്ള അവരുടെ കൂട്ടാളികളും മറച്ചുവയ്ക്കുകയാണ്; ജനാധിപത്യത്തെക്കുറിച്ച് ആണയിടുന്നതിനും ബോൾഷെവിക്കുകാർ ജനാധിപത്യത്തെധ്വംസിക്കുന്നു എന്ന് ആക്രോശിക്കുന്നതിനും അവർക്ക് യാതൊരു ലജ്ജയുമില്ല. വിവാഹം, വിവാഹമോചനം, വിവാഹത്തിൽ പിറക്കാത്ത സന്താനങ്ങൾ എന്നീ സംഗതികളെസംബന്ധിച്ചേടത്തോളം ഏററവും ജനാധിപത്യപരമായ ഒരു നിലപാട് തുടർച്ചയായി അംഗീകരിച്ചിട്ടുള്ളതു് ബോൾഷെവിക്ക് വിപ്ലവംമാത്രമാണെന്നതു് നിരാക്ഷേപമായ ഒരു വസ്തുതയാണ്. ഏതുരാജ്യത്തും ജനസംഖ്യയിൽ പകുതിയിലധികംഭാഗത്തെ നേരിട്ടു ബാധിക്കുന്ന ഒരു സംഗതിയുമാണിതു് ബോൾഷെവിക്ക് വിപ്ലവത്തിനുമുമ്പ് പല ബൂർഷ്വാവിപ്ലവങ്ങളും ഉണ്ടായിട്ടുണ്ട്; ജനാധിപത്യത്തിന്റെ അവകാശവാദങ്ങൾ അവ മുഴക്കിയിട്ടുമുണ്ട്. എന്നാൽ ബോൾഷെവിക്ക് വിപ്ലവംമാത്രമാണ് ഫ്യൂഡൽചിന്താഗതികൾക്കും സ്വത്തുടമവർഗ്ഗങ്ങളുടെ കപടവാദങ്ങൾക്കുമെതിരായി സ്ത്രീകളുടെയും കുട്ടികളുടെയും താല്പര്യങ്ങൾക്കുവേണ്ടി തുടർച്ചയായി ദൃഢമായി പോരാടിയിട്ടുള്ളതു്.

പതിനായിരം വിവാഹങ്ങളിൽ 92 എണ്ണം വിവാഹമോചനത്തിൽ കലാശിക്കുന്നു എന്ന വസ്തുത സൊറോക്കിനെ അമ്പരപ്പിക്കുന്നതായി പറയുന്നു. ഒന്നുകിൽ ബാഹ്യജീവിതവുമായി

യാതൊരു ബന്ധവുമില്ലാത്ത ഒററപ്പെട്ട ഏതോ സന്യാസിമഠത്തിലായിരിക്കണം സൊറോക്കിൻ ജീവിക്കുന്നതു്. അല്ലെങ്കിൽ സത്യത്തെ മനഃപൂർവ്വം അയാൾ വളച്ചൊടിക്കുന്നതായിരിക്കണം. ബൂർഷ്വാരാജ്യങ്ങളിൽ വിവാഹമോചനങ്ങളുടെ യഥാർത്ഥത്തിലുള്ള എണ്ണം ഇതിലുമെത്രയോ ജാസ്തിയാണെന്നു് ആ രാജ്യങ്ങളുമായി നേരിയപരിചയം ഉള്ളവർക്കുപോലും അറിയാവുന്നതാണു്. പള്ളിയും നിയമക്കോടതികളും അതു അംഗീകരിക്കുന്നില്ലെന്നതു് മറെറാരുകാര്യം. ഇക്കാര്യത്തിൽ റഷ്യയും മററു ബൂർഷ്വാരാജ്യങ്ങളും തമ്മിൽ ഒരു പ്രധാനവ്യത്യാസമുള്ളതു് റഷ്യയിലെ നിയമങ്ങൾ കാപട്യത്തിന്നും സ്ത്രീകളുടെയും കുട്ടികളുടേയും പാതിത്യത്തിന്നും മറപിടിച്ചുകൊടുക്കുന്നില്ല എന്നുള്ളതാണു്; എല്ലാ കാപട്യങ്ങൾക്കും പാതിത്യങ്ങൾക്കും എതിരായി സോവിയററുനിയമങ്ങളും ഗവമ്മേണ്ടും ഉറച്ചുനിന്നു പോരടുന്നു എന്നുള്ളതാണു്.

"വിദ്യാസമ്പന്നരായ" ഈ ആധുനിക ഫ്യൂഡൽചിന്താഗതിക്കാർക്കെതിരായും നമ്മുടെ മാസിക ശക്തിയായ സമരം നടത്തേണ്ടതുണ്ടു്. ഇവരിൽ പലരും ഗവമ്മേണ്ടിൽനിന്നു ശമ്പളംപററി നമ്മുടെ ഇളംതലമുറകളെ പഠിപ്പിക്കുന്ന ജോലിയിൽ ഏപ്പെട്ടിട്ടുള്ളവരായിരിയ്ക്കും. ഒരുപ്രകാരത്തിലും അതിന്നവർ യോഗ്യരല്ല.

റഷ്യയിലെ തൊഴിലാളിവർഗ്ഗം അധികാരം പിടിച്ചെടുക്കുന്നതിൽ വിജയിച്ചിട്ടുണ്ടു്. എന്നാൽ ആ അധികാരം ഉപയോഗപ്പെടുത്തുന്നതിൽ അവർ വിജയിച്ചിട്ടില്ല. കാരണം അതിലവർ വിജയിച്ചിരുന്നുവെങ്കിൽ പണ്ഡിതന്മാരായ ഈ "ഫ്യൂഡൽ" മാന്യന്മാരെ ഇതിന്നെത്രയോ മുമ്പുതന്നെ അവർ ബൂർഷ്വാരാജ്യങ്ങളിലേക്കു പറഞ്ഞയക്കുമായിരുന്നു. ഈ ഫ്യൂഡൽചിന്താഗതിക്കാർക്കു് ഏററവും ചേർന്നതു് ആ ബൂർഷ്വാരാജ്യങ്ങളാണു്.

ഇരുന്നൂററിനാല്പത്തിഅഞ്ചു്

പക്ഷേ റഷ്യയിലെ തൊഴിലാളിവർഗ്ഗത്തിന്നു് വേണമെന്നുണ്ടെങ്കിൽ അതിലും വിജയിക്കുവാൻ കഴിയും.

മാർച്ച് 12, 1922
പോഡ്സ്സാമേനം മാർക്സിസ്മ നമ്പർ 3,
മാർച്ച് 1922
ഒപ്പ്: എൻ. ലെനിൻ.

കലക്ടഡ് വർക്സ്,
വോള്യം 33
പേ: 227–36.

## എൻ. ഐ. ബുക്കാറിന്നു്

സഖാവു് ബുക്കാറിൻ,

ഇന്നത്തെ 'പ്രവദ' അങ്ങോട്ടയയ്ക്കുന്നു. പ്ലെത്‌നിയോവിന്റെ പാണ്ഡിത്യക്കെട്ടഗർവ്വ് തുളുമ്പിയ്ക്കുന്ന ലേഖനത്തെപ്പോലെ ഇത്തരം അസംബന്ധങ്ങൾ നമ്മൾ എന്തിന്നു് അച്ചടിക്കണം? ഇതിൽ രണ്ടു അസംബന്ധങ്ങൾ ഞാൻ അടയാളപ്പെടുത്തിയിട്ടുണ്ടു്; ചില ചോദ്യചിഹ്നങ്ങളും കൊടുത്തിട്ടുണ്ടു്. തൊഴിലാളിശാസ്ത്രത്തിന്റെ കാര്യം ഇരിക്കട്ടെ, എല്ലാം ലേഖകൻ പഠിക്കേണ്ടതായിട്ടാണിരിയ്ക്കുന്നതു്. 'പ്രവദ'യുടെ പത്രാധിപസമിതി ലേഖകന്നു് പററിയ തെററുകൾ അയാൾക്കു് ചൂണ്ടിക്കാണിച്ചു കൊടുക്കുകയില്ലെന്നുണ്ടോ? തീർച്ചയായും ആയാൾ ചരിത്രപരമായ ഭൗതികവാദത്തെപ്പററി തെററിദ്ധാരണകൾ പരത്തുകയാണു്: ചരിത്രപരമായ ഭൗതികവാദത്തെക്കൊണ്ടു് കുട്ടിക്കളി നടത്തുകയാണു്.

എന്നു്
നിങ്ങളുടെ ലെനിൻ

എഴുതിയതു് സപ്റ്റ: 27, 1922
പ്രഥമ പ്രസിദ്ധീകരണം 1950ൽ
കലക്ടഡ്‌വർക്സ് വോ: 35
നാലാം (റഷ്യൻ) പതിപ്പ്

കലക്ടഡ്‌വർക്സ്
വോ. 35; പേ: 554

# ഒരു ഡയറിയിൽനിന്നുള്ള ഏടുകൾ

1920-ലെ കാനേഷുമാരിയുടെ അടിസ്ഥാനത്തിൽ റഷ്യയിലെ ജനങ്ങളുടെ ഇടയിലുള്ള സാക്ഷരത്വത്തെപ്പററിയുള്ള ഒരു റിപ്പോർട്ട് (റഷ്യയിലെ സാക്ഷരത്വം, സെൻടൽ സ്റ്റാററിസ്റ്റിക്കൽ ബോർഡ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്, പബ്ലിക്ക് എഡ്യൂക്കേഷൻ സെക്ഷൻ, മോസ്കോ, 1922) ഈയിടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് ഒരു പ്രധാനപ്പെട്ട സംഭവമാണ്.

1897-ലും 1920-ലും റഷ്യയിലെ ജനങ്ങളുടെ സാക്ഷരത്വനിലയെ സംബന്ധിച്ച ഒരു പട്ടിക പ്രസ്തുത റിപ്പോർട്ടിൽ നിന്നെടുത്ത് ഞാൻ താഴെ ഉദ്ധരിക്കുന്നു:

| | ആയിരം പുരുഷന്മാരിൽ അക്ഷരജ്ഞാനമുള്ളവർ | | ആയിരം സ്ത്രീകളിൽ അക്ഷരജ്ഞാനമുള്ളവർ | | ആയിരംസ്ത്രീപുരുഷന്മാരിൽ അക്ഷരജ്ഞാനമുള്ളവർ | |
|---|---|---|---|---|---|---|
| | 1897 | 1920 | 1897 | 1920 | 1897 | 1920 |
| 1) യൂറോപ്യൻ റഷ്യ | 326 | 422 | 136 | 225 | 229 | 330 |
| 2) ഉത്തര കോക്കസസ്സ് | 241 | 357 | 56 | 215 | 150 | 281 |
| 3) പടിഞ്ഞാറൻ സൈബീരിയ | 170 | 307 | 46 | 134 | 108 | 218 |
| കലമേനിയ്ക്കും ഒട്ടാകെ | 318 | 409 | 131 | 244 | 223 | 319 |

തൊഴിലാളിസംസ്കാരത്തെക്കുറിച്ചും ബൂർഷ്വാസംസ്കാരവുമായി അതിന്നുള്ള താരതമ്യത്തെക്കുറിച്ചും വാദകോലാഹലം മുഴക്കിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ സ്ഥിതി, ബൂർഷ്വാസംസ്കാരത്തെ അപേക്ഷിച്ചുപോലും, നന്നെ മോശമാണെന്നാണ് കണക്കുകളും വസ്തുതകളും തെളിയിക്കുന്നതു്. പലരും വിചാരിച്ചിരുന്നതുപോലെ, നമ്മുടെ രാജ്യം ഇന്നും സാർവ്വത്രികമായ സാക്ഷരതത്വത്തിൽനിന്നു ബഹുദൂരം പിന്നിലാണ്; സാറിസ്റ്റ് കാലഘട്ടമായ 1897-നോടു് താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ പുരോഗതി തുലോം സാവധാനത്തിലാണെന്നും കാണാവുന്നതാണ്. ഈ വസ്തുത "തൊഴിലാളിസംസ്കാര"ത്തിന്റെ വിയന്മണ്ഡലത്തിൽ വിഹരിച്ചുകൊണ്ടിരിയ്ക്കുന്നവക്ക് ഗൗരവമായ ഒരു താക്കീതും മുന്നറിയിപ്പും നല്കേണ്ടതാണ്. പശ്ചിമയൂറോ

പ്പിലെ ഒരു നാഗരികരാജ്യത്തിന്റെ നിലവാരത്തിലെത്തുന്നതിന്നു് എന്തുമാത്രം പ്രാരംഭപ്രവൎത്തനങ്ങൾ അടിയന്തിരമായി നമുക്കു് ചെയ്തുതീൎക്കാനുണ്ടെന്നു് അതു വിളിച്ചുപറയുന്നു. തൊഴിലാളിവൎഗ്ഗം കൈവരിച്ചിട്ടുള്ള നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ ശരിയായൊരു സാംസ്കാരിക നിലവാരത്തിലെത്തുന്നതിന്നു് എത്രമാത്രം ഇനിയും പരിശ്രമിയ്ക്കാനുണ്ടെന്നും അതു കാണിയ്ക്കുന്നു.

അനിഷേധ്യമെന്നിരിയ്ക്കിലും തുലോം സിദ്ധാന്തപരമായ ഈ നിലപാടിൽ മാത്രം നാം ഒതുങ്ങിനിന്നുകൂടാ. അടുത്ത മൂന്നുമാസത്തെ ബഡ്ജററു് തയ്യാറാക്കുന്ന അവസരത്തിൽ ഇതിനെപ്പററി പ്രായോഗികമായി നാം പരിഗണിയ്ക്കണം. ജനകീയ വിദ്യാഭ്യാസ കമ്മിസാറിയാററു് ഒഴിച്ചു് മറെറല്ലാ ഗവൎമ്മെണ്ടു് ഡിപ്പാർട്ടുമെണ്ടുകളുടെയും ചിലവു് ആദ്യമായി നമുക്കു് കറയ്ക്കേണ്ടതായി വരും. അങ്ങനെ മിച്ചപ്പെടുന്ന പണം വിദ്യാഭ്യാസ കമ്മിസാറിയററിന്നു് അനുവദിയ്ക്കേണ്ടതായും വരും. ഭക്ഷ്യസ്ഥിതി താരതമ്യേന ഭേദപ്പെട്ടിട്ടുള്ള ഇക്കൊല്ലം സ്കൂൾ അദ്ധ്യാപകരുടെ റേഷൻ വൎദ്ധിപ്പിക്കുന്നതിന്നു് നാം മടിച്ചുകൂടാ.

പൊതു വിദ്യാഭ്യാസരംഗത്തെ പ്രവൎത്തനം വളരെ സങ്കുചിതമായിട്ടാണു് നമ്മളിപ്പോൾ നടത്തുന്നതെന്നു് സാമാന്യമായി പറഞ്ഞുകൂടാ. പഴയ അദ്ധ്യാപകന്മാരെ പാരമ്പൎയ്യമുറകളിൽനിന്നു് ഉയൎത്തുന്നതിന്നും പുതിയ പ്രശ്നങ്ങളിലേക്കു് അവരെ ആകർഷിയ്ക്കുന്നതിന്നും പുതിയ അദ്ധ്യാപനസമ്പ്രദായം, മതം എന്നീ കാൎയ്യങ്ങളിൽ അവൎക്കു താല്പൎയ്യമുളവാക്കുന്നതിന്നും വളരെയൊക്കെ ചെയ്തുവരുന്നുണ്ടു്.

എന്നാൽ ഏററവും പ്രധാനപ്പെട്ട കാൎയ്യം നാം ചെയ്യുന്നില്ല. തൊഴിലാളിസംസ്കാരമാകട്ടെ, ബൂർഷ്വാസംസ്കാരമാകട്ടെ, ഏഴു

സംസ്കാരത്തിലെത്തുന്നതിന്നും അദ്ധ്യാപകന്മാക്ക് അത്യാവശ്യമായ ഒരു ജീവിതനിലവാരം ഉണ്ടായിരിയ്ക്കണം. ആ നിലവാരത്തിൽ അവരെ എത്തിയ്ക്കുന്നതിന്ന് നാം ഒന്നും ചെയ്തിട്ടില്ല, എത്ര മട്ടിലും വേണ്ടത്ര ചെയ്തിട്ടില്ല. അർദ്ധ_ഏഷ്യൻ അജ്ഞതയിൽനിന്നു കരകേറുവാൻ ഇനിയും നമുക്കു കഴിഞ്ഞിട്ടില്ലെന്നും അതിൽനിന്ന കരകേറാൻ വളരെയേറെ ക്ലേശിയ്ക്കേണ്ടതുണ്ടെന്നും ഒരിയ്ക്കലും നമ്മൾ വിസ്മരിച്ചുകൂടാ. പക്ഷെ അതിന്നുള്ള എല്ലാ സൗകര്യങ്ങളും നമ്മുടെ മുമ്പിൽ ഉണ്ടു്. കാരണം യഥാർത്ഥ സംസ്കാരത്തിൽ ഇത്രയധികം താല്പര്യമുള്ള ഒരു ജനത നമ്മുടെ രാജ്യത്തുള്ളതുപോലെ മററൊരു രാജ്യത്തും ഇല്ല; യഥാർത്ഥ സംസ്കാരത്തിൻെറ പ്രശ്നങ്ങൾ പൂർണ്ണമായും അനുക്രമമായും നമ്മുടെ രാജ്യത്തു് പരിഹരിക്കപ്പെടുന്നതുപോലെ മററൊരു രാജ്യത്തും പരിഹരിക്കപ്പെടുന്നില്ല; സംസ്കാരത്തിലെന്നല്ല, അക്ഷരാഭ്യാസത്തിൽതന്നെയുള്ള കാവു് നല്ലപോലെ മനസ്സിലാക്കിയിട്ടുള്ള തൊഴിലാളിവർഗ്ഗം അധികാരത്തിലുള്ള മററൊരു രാജ്യവും ഇന്നു ലോകത്തിലില്ല; ഇക്കാര്യത്തിൽ സ്വന്തം നില മെച്ചപ്പെടുത്തുന്നതിന്ന് എത്ര ത്യാഗം സഹിക്കുന്നതും എന്തു ത്യാഗത്തിന്നും തയ്യാറുള്ളതും ആയ ഒരു തൊഴിലാളിവർഗ്ഗവും നമ്മുടെ രാജ്യത്തുള്ളതുപോലെ മററൊരു രാജ്യത്തും ഇല്ല.

പ്രാഥമിക പൊതുവിദ്യാഭ്യാസത്തിൻെറ ആവശ്യങ്ങൾ നിറവേററുന്നതിന്ന തക്കവണ്ണം അത്യാവശ്യ നീക്കുപോക്കുകൾ നമ്മുടെ ബഡ്ജററിൽ വരുത്തുവാൻ ആദ്യനടപടികൾപോലും എടുക്കുന്നതിന്നു നമുക്കു കഴിഞ്ഞിട്ടില്ല. അഥവാ നന്ന കുറച്ചു മാത്രമെ ഇക്കാര്യത്തിൽ നമുക്ക് ചെയ്യാൻ കഴിഞ്ഞിട്ടുള്ളു. ജനകീയ വിദ്യാഭ്യാസ കമ്മിസാറിയററിൻെറ ആഭിമുഖ്യത്തിലുള്ള പ്രസിദ്ധീകരണ ഡിപ്പാർട്ടുമെണ്ടുകളിൽപോലും ഒരു വിധത്തിലും നിരാകരിക്കാൻ വയ്യാത്തത്ര ജാസ്തി ജീവനക്കാരെ നിയ

മിയ്ക്കുന്നതായി നാം കാണുന്നുണ്ടു്. ഇതു തികച്ചും തെററാണു് സ്റ്റേററിന്റെ പ്രഥമബാദ്ധ്യത പ്രസിദ്ധീകരണശാലകൾ വർദ്ധിപ്പിക്കലല്ല, നേരെമറിച്ചു്, ആളുകളെ എഴുതാനും വായിക്കാനും പഠിപ്പിക്കലാണു്, വായിക്കാനറിയുന്നവരുടെ എണ്ണം വർദ്ധിപ്പിക്കലാണു്. എന്ന നമ്മുടെ ധാരണയ്ക്കു് ഇതു് തികച്ചും വിരുദ്ധമാണു് അവരുടെ എണ്ണം വർദ്ധിക്കുന്നതിൽകൂടി മാത്രമെ ഭാവിറഷ്യയിൽ പ്രസിദ്ധീകരണശാലകൾക്കു് സാദ്ധ്യതകൾ കൈവരു. പഴയ (ദുഷിച്ച) ശീലങ്ങൾ ഹേതുവായി നാം ഇന്നും കൂടുതൽ ശ്രദ്ധയും സമയവും കേന്ദ്രീകരിയ്ക്കുന്നതു് പുസ്തകപ്രസിദ്ധീകരണം തുടങ്ങിയ സാങ്കേതിക കാര്യങ്ങളിലാണു്, ജനങ്ങളുടെ സാക്ഷരതാം വർദ്ധിപ്പിക്കുക എന്ന സജീവരാഷ്ട്രീയകർത്തവ്യത്തിലല്ല.

കേന്ദ്ര തൊഴിൽ വിദ്യാഭ്യാസബോർഡിന്റെ കാര്യമെടുക്കുന്നതായാൽ അവിടെയും ആവശ്യത്തിലധികം, പൊതുവിദ്യാഭ്യാസത്തിന്റെ താല്പര്യങ്ങൾക്കു് വേണ്ടതിലുമധികം, ജീവനക്കാരെ ഡിപ്പാർട്ടുമെണ്ടു് മേധാവികൾ നിശ്ചയിച്ചിട്ടുള്ളതായി കാണാം. ചെറുപ്പക്കാരായ ഫാക്ടറി തൊഴിലാളികൾക്കു് നല്കുന്ന വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന്റെയും അവക്കു് പ്രായോഗികപരിശീലനം നല്കുന്നതിന്റെയുംപേരിൽ നീതീകരിക്കാൻ വയ്യാത്ത പലതും കേന്ദ്ര തൊഴിൽവിദ്യാഭ്യാസബോർഡിന്റെ സംവിധാനത്തിൽ കടന്നുകൂടിയിട്ടുണ്ടു്. ബോർഡിലെ ജീവനക്കാരുടെ തസ്തികകൾ പരിശോധിക്കുന്നപക്ഷം പലതും ആവശ്യമില്ലാത്തതും കടലാസ്സിൽ മാത്രമുള്ളതും ആകയാൽ വേണ്ടെന്നുവെയ്ക്കാവുന്നതും ആണെന്നു ബോദ്ധ്യപ്പെടുന്നതാണു്. തൊഴിലാളികളുടെയും കൃഷിക്കാരുടെയും ഭരണസംവിധാനത്തിൽ പലയിനങ്ങളിലും ചിലവു ചുരുക്കി ആ പണംകൊണ്ടു ജനങ്ങളുടെ സാക്ഷരതാം വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതകളുണ്ടു്. ആഭിജാത്യത്തിന്റെ കളിത്തൊട്ടിലുകളായ പല സ്ഥാപനങ്ങളും അടച്ചുപൂട്ടാവുന്നതാണു്. നമ്മുടെ നാട്ടിലെ അനക്ഷരതയുടെ വൈപുല്യത്തെക്കു

റിച്ച് ഒടുക്കുമ്പോൾ അത്തരം ആഭിജാത്യസ്ഥാപനങ്ങൾ വളരെ കാലത്തേയ്ക്കു വേണ്ടെന്നുവെയ്ക്കാൻ നമ്മൾ നിർബ്ബന്ധരാണ്.

ബൂർഷ്വാസമുദായത്തിൽ എത്തിയിട്ടില്ലാത്തതും എത്തിച്ചേരാൻ സാധിക്കാത്തതും ആയ ഒരു നിലവാരത്തിലേക്കു് നമ്മുടെ സ്കൂൾ അദ്ധ്യാപകന്മാരെ നാം ഉയർത്തിക്കൊണ്ടുവരണം. സുവിശദമായ ഈ പരമാർത്ഥത്തിന്നും തെളിവുകളൊന്നും ആവശ്യമില്ല. അദ്ധ്യാപകന്മാരെ കൂടുതൽ ഉയർന്നതു സാംസ്കാരികനിലവാരത്തിലേക്ക് കൊണ്ടുവരുന്നതിന്നും മഹത്തായ അവരുടെ തൊഴിലിന്നു അവരെപരിശീലിപ്പിക്കുന്നതിന്നും പ്രധാനമായി—എല്ലാറ്റിന്നുമുപരിയായി—അവരുടെ ഭൌതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്നും ക്രമമായും ചിട്ടയായും തുടർച്ചയായും നമ്മൾ പരിശ്രമിക്കേണ്ടതുണ്ടു്.

ഒന്നൊഴിയാതെ എല്ലാ മുതലാളിത്തരാജ്യങ്ങളിലും ബൂർഷ്വാസാവിധാനത്തിൻെറ നെടുംതൂണുകളായി വർത്തിക്കുന്ന അദ്ധ്യാപകന്മാരെ നമ്മുടെ രാജ്യത്തു് സോവിയററ് സംവിധാനത്തിൻെറ നെടുംതൂണുകളായി രൂപാന്തരപ്പെടുത്തുന്നതിന്നു തക്കവണ്ണം സംഘടിപ്പിക്കുന്നതിന്നുള്ള യത്നങ്ങൾ നാം ഊർജ്ജിതപ്പെടുത്തേണ്ടതാണ്. അങ്ങനെ അദ്ധ്യാപകന്മാർമുഖേന കൃഷിക്കാരെ മുതലാളിമാരുമായുള്ള സഖ്യത്തിൽനിന്നു വേർപെടുത്തി തൊഴിലാളികളുമായുള്ള സഖ്യത്തിലേക്കു് കൊണ്ടുവരാൻ നമുക്കു സാധിക്കണം.

പതിവായി ഗ്രാമങ്ങൾ സന്ദർശിക്കേണ്ടതിൻെറ പ്രത്യേക പ്രാധാന്യത്തെപ്പററി ഇവിടെ ചുരുക്കമായിട്ടെങ്കിലും ഊന്നിപ്പറയുന്നതിന്നു് ഞാനാഗ്രഹിക്കുന്നു. അത്തരം സന്ദർശനങ്ങൾ ഇപ്പോൾ തുടങ്ങിയിട്ടുണ്ടെന്നതു് ശരിയാണ്; പക്ഷെ അവയെ അനുക്രമം വ്യാപിപ്പിക്കേണ്ടതുണ്ടു്. പഴയ ചരിത്രകാലഘട്ടത്തിന്റെ തുടർച്ചയായി സർക്കാർ സംവിധാനത്തിന്നു് പണം വാരി

ക്കോരി ചിലവഴിക്കുന്ന നാം ഗ്രാമസന്ദർശനങ്ങൾപോലുള്ള നല്ല കാര്യങ്ങൾക്കു് തെല്ലും പ് ശ്രദ്ധകാണിക്കേണ്ടതില്ല.

നഗരത്തിലെ തൊഴിലാളികൾക്കു് ഗ്രാമീണരുടെമേലുള്ള സ്വാധീനത്തെക്കുറിച്ചു് ചില സ്ഥിതിവിവരക്കണക്കുകൾ 1922 ഡിസമ്പറിൽചേർന്ന സോവിയറ്റുകളുടെ കോൺഗ്രസ്സിൽ ചെയ്യാനുദ്ദേശിച്ച ഒരു പ്രസംഗത്തിന്നുവേണ്ടി ഞാൻ ശേഖരിക്കുകയുണ്ടായി. ഈ കണക്കുകളിൽ പലതും എനിയ്ക്കു ശേഖരിച്ചുതന്നതു് സഃ കോദോറോവ്സ്കിയാണു്. കോൺഗ്രസ്സിൽ അവ ഉപയോഗപ്പെടുത്താനോ അവയ്ക്കു് പ്രസിദ്ധീകരണം നൽകാനോ എനിയ്ക്കു കഴിഞ്ഞില്ല; ഇപ്പോൾ നിങ്ങളുടെ ചർച്ചക്കായി ഞാനവ ഇവിടെ സമർപ്പിക്കുകയാണു്.

നമ്മുടെ വിപ്ലവത്തിലാകെ നിർണ്ണായകപ്രാധാന്യം വഹിയ്ക്കുന്ന ഒരു മൌലികരാഷ്ട്രീയപ്രശ്നമാണു്—നഗരവും നാട്ടിൻപുറവുംതമ്മിലുള്ള ബന്ധത്തിന്റെ കാര്യമാണു്—നമുക്കിവിടെ കൈകാര്യംചെയ്യാനുള്ളതു്. നഗരത്തിലെ തൊഴിലാളികളെ സ്വന്തം ഭാഗത്തേക്കു് വശപ്പെടുത്തുന്നതിന്നും മയക്കുന്നതിന്നുംവേണ്ടിയാണു് ബൂർഷ്വാസക്കാർ അതിന്റെ എല്ലാ പ്രചരണസാഹിത്യങ്ങളും, സാറിസ്റ്റു് റഷ്യയിലെ എല്ലാ പാർട്ടികളുടെയും പ്രചരണത്തിന്നായി സാഹിത്യങ്ങളും, ഉപയോഗപ്പെടുത്തി പരിശ്രമിച്ചുപോന്നിട്ടുള്ളതു്. നമ്മുടെ രാഷ്ട്രീയാധികാരം നമുക്കു ഉപയോഗിക്കാവുന്നതും നാം ഉപയോഗിക്കേണ്ടതും നഗരത്തിലെ തൊഴിലാളികളെ ഗ്രാമീണജനതയ്ക്കു് കമ്യൂണിസ്റ്റു് ആശയങ്ങൾ എത്തിയ്ക്കുന്ന സംവാഹകരാക്കുന്നതിന്നുവേണ്ടിയാണു്. "കമ്യൂണിസ്റ്റു്" ആശയങ്ങൾ എന്നാണു് നാം പറഞ്ഞതു്; എന്നാൽ തെറ്റിദ്ധാരണ ഒഴിവാക്കുന്നതിന്നും വാക്യാർത്ഥത്തിൽ എന്നെ മനസ്സിലാക്കാതിരിക്കുന്നതിന്നും ഒരു ചെറിയ മുന്നറിയിപ്പു ഞാൻ തന്നുകൊള്ളട്ടെ. ശുദ്ധ കമ്യൂണിസ്റ്റാശയങ്ങൾ ഉടനടി നാട്ടിൻപുറങ്ങ

ളിൽ പ്രചരിപ്പിക്കണമെന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥമെന്ന് ഒരു പ്രകാരത്തിലും ധരിച്ചുപോകരുത്. കമ്യൂണിസത്തിന്നാവശ്യമായ ഭൗതികമായ അടിത്തറ നാട്ടിൻപുറങ്ങളിൽ ഉണ്ടാകാത്തേടത്തോളംകാലം അങ്ങനെ പ്രചരിപ്പിക്കുന്നതു് കമ്യൂണിസത്തിന്നു് ദ്രോഹകരവും അപായകരംപോലും ആയിരിക്കുമെന്നു ഞാനോർമ്മിപ്പിക്കുന്നു.

വസ്തുത അതാണു്. നാട്ടിൻപുറങ്ങളിൽ കമ്യൂണിസം നട്ടുപിടിപ്പിക്കാമെന്ന യാതൊരു മുൻവിധികളുംകൂടാതെ നാട്ടിൻപുറങ്ങളുമായി സമ്പർക്കം സ്ഥാപിക്കുന്നതിനാണു് നാമാദ്യമായി ശ്രമിക്കേണ്ടതു്. നിലവിലുള്ള സാഹചര്യങ്ങളിൽ ഗ്രാമങ്ങളിൽ കമ്യൂണിസം സ്ഥാപിക്കുക സാദ്ധ്യമല്ല; അതിന്നുവേണ്ടി ഇപ്പോൾ തുനിയുന്നതു് അനവസരത്തിലാകുമെന്നു മാത്രമല്ല, ദ്രോഹകരംകൂടിയായിരിക്കും.

എന്നാൽ നഗരത്തിലെ തൊഴിലാളികളും നാട്ടിൻപുറങ്ങളിലെ അദ്ധ്വാനിക്കുന്ന ജനങ്ങളുംതമ്മിൽ സമ്പർക്കംപുലർത്തേണ്ടതു് നമ്മുടെ ചുമതലയാണു്; അവർതമ്മിൽ ഒരുതരത്തിലുള്ള സഖ്യം വളരെ പ്രയാസംകൂടാതെ നമുക്കു് സ്ഥാപിക്കാം. അധികാരത്തിലുള്ള തൊഴിലാളിവർഗ്ഗത്തിന്റെ മൗലികകർത്തവ്യങ്ങളിൽ ഒന്നാണിതു്. ഈ ഉദ്ദേശ്യം നിറവേററുന്നതിന്നായി പാർട്ടി, ട്രേഡ് യൂനിയൻ, സേവനസമിതികൾ തുടങ്ങി ഫാക്ടറിതൊഴിലാളികളുടെ നാനാ സംഘടനകളും നമ്മൾ ഉണ്ടാക്കണം. ഈ സംഘടനകൾ ഗ്രാമീണരുടെ സാംസ്കാരികപുരോഗതിക്കു് എല്ലാവിധത്തിലും സഹായിച്ചുകൊണ്ടിരിക്കണം.

നഗരങ്ങളിലെ എല്ലാ ഗ്രൂപ്പുകളുമായും ഗ്രാമങ്ങളിലെ എല്ലാ ഗ്രൂപ്പുകളുമായും ബന്ധപ്പെടുത്തുന്നതിന്നും അങ്ങനെ ഓരോ നഗരഗ്രൂപ്പിന്നും അതുമായി ബന്ധപ്പെടുന്ന വില്ലേജ് ഗ്രൂപ്പിന്റെ സാംസ്കാരിക ആവശ്യങ്ങളെ സഹായിക്കു

ന്നതിന്നും സാദ്ധ്യമാകുകയില്ലേ? അതല്ല മററുരൂപങ്ങളിൽ സമ്പക്കം സ്ഥാപിക്കുന്നതിന്നാണോ കൂടുതൽ സാദ്ധ്യത? ഈ പ്രശ്നം മൊത്തത്തിൽ അവതരിപ്പിച്ച് നിങ്ങളുടെ ശ്രദ്ധ അതിലേക്കു ക്ഷണിക്കുന്നതിന്നു മാത്രമാണു് ഞാനിവിടെ ഉദ്ദേശിക്കുന്നതു്. ഇക്കാൎയ്യത്തിൽ പശ്ചിമസൈബീരിയക്കണ്ടായിട്ടുള്ള അനുഭവങ്ങൾ സഖാവു് കൊദരോവു്സ്കി എനിക്കു ചൂണ്ടിക്കാണിച്ചുതന്നിട്ടുള്ളതു് നിങ്ങളുടെ മുമ്പിൽവെയ്ക്കാനും പ്രശ്നത്തിന്റെ ബൃഹത്തായ ചരിത്രപ്രാധാന്യത്തിൽ ഒന്നുകൂടി ഊന്നുവാനുംമാത്രം ഞാനാഗ്രഹിക്കുന്നു. ഔദ്യോഗിക ബഡ്ജററിൽനിന്നും ഔദ്യോഗിക മണ്ഡലങ്ങളിൽനിന്നും വേറിട്ടു് കാൎയ്യമായ യാതൊന്നുംതന്നെ നാട്ടിൻപുറങ്ങൾക്കുവേണ്ടി നാം ചെയ്യുന്നില്ല. നഗരവും നാട്ടിൻപുറങ്ങളുംതമ്മിലുള്ള സാംസ്കാരികബന്ധങ്ങൾ അനുക്രമമായും അനിവാൎയ്യമായും നമ്മുടെരാജ്യത്തു് മാറിക്കൊണ്ടിരിക്കുന്നു എന്നതു് ശരിയാണു്. മുതലാളിത്തവ്യവസ്ഥയിൽ നഗരങ്ങളിൽനിന്നാണു് നാട്ടിൻപുറങ്ങളിലേക്കു് രാഷ്ട്രീയമായും സാമ്പത്തികമായും ധാൎമ്മികമായും ശാരീരികമായും ഉള്ള ദുഷ്യനടപടികൾ എത്തിക്കൊണ്ടിരിക്കുന്നതു്. നമ്മുടെരാജ്യത്തിലാണെങ്കിൽ, നേരെമറിച്ചുള്ള സ്വാധീനമാണു് നഗരങ്ങൾ നാട്ടിൻപുറങ്ങളുടെമേൽ ചെലുത്തിക്കൊണ്ടിരിക്കുന്നതു്. എന്നാൽ ഗതാനുഗതികത്വത്തിലും യാതൊരു തെയ്യാറെടുപ്പുംകൂടാതെയും ആണു് ഇതെല്ലാം നടക്കുന്നതെന്നു ഞാൻ ആവൎത്തിച്ചുകൊള്ളട്ടെ. ബോധപൂൎവ്വം മുന്നൊരുക്കങ്ങളോടുകൂടി ചിട്ടയായി പ്രവൎത്തിക്കുന്നതായാൽ ഫലം നൂറുമടങ്ങു് വൎദ്ധിക്കുമെന്നുള്ളതിന്നു യാതൊരു സംശയവുമില്ല.

പ്രശ്നത്തിന്റെ നാനാവശങ്ങളെക്കുറിച്ചും നന്നായി പഠിക്കുക, തൊഴിലാളികളുടെ നാനാസംഘടനകൾ സ്ഥാപിക്കുക, ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിൽ കുടുങ്ങാതെ കാൎയ്യങ്ങൾ വേണ്ടപോലെ ചൎച്ചചെയ്തു തീരുമാനങ്ങളെടുത്തു നടപ്പാക്കുക. ഇതെല്ലാം

ചെയ്താൽമാത്രമേ നമുക്കു മുന്നേറുവാൻ സാധിക്കുകയുള്ളു: ഇതെല്ലാം ചെയ്താലോ, ഇന്നത്തെക്കാൾ നൂറുമടങ്ങു് വേഗത്തിൽ മുന്നേറുവാനും സാധിക്കും.

ജനവരി 2, 1923
പ്രവദ നമ്പ്ര് 2,
ജനവരി 4, 1923
ഒപ്പ്: എൻ. ലെനിൻ

കലക്റ്റഡ് വർക്ക്സ്,
വോ: 33, പേ: 462 66

# സഹകരണത്തെക്കുറിച്ച് എന്ന ലേഖനത്തിൽനിന്നു്

## II

പുതിയ സാമ്പത്തികനയത്തെക്കുറിച്ചു ഞാൻ എഴുതിയിട്ടുള്ളതിലൊക്കെ സ്റ്റേററ്മുതലാളിത്തത്തെപ്പററി[67] 1918ൽ ഞാനെഴുതിയ ഒരു ലേഖനത്തിൽനിന്നു് ധാരാളം ഉദ്ധരിച്ചു ചേർത്തിയിട്ടുണ്ടു്. ചെറുപ്പക്കാരായ പല സഖാക്കളുടെയും മനസ്സിൽ ഇതു് പല സംശയങ്ങൾക്കും കാരണമായിട്ടുണ്ടു്. അവരുടെ സംശയങ്ങളധികവും കേവലരാഷ്ട്രീയസിദ്ധാന്തങ്ങളെക്കുറിച്ചുള്ളവയാണു്.

ഉല്പാദനോപകരണങ്ങൾ രാഷ്ട്രീയധികാരംവഹിക്കുന്ന തൊഴിലാളിവർഗ്ഗത്തിന്റെ ഉടമസ്ഥതയിലാകുമ്പോൾ ആ വ്യവ-

സ്ഥയെ "സ്റ്റേററ് മുതലാളിത്തം" എന്ന പദംകൊണ്ടു് വിശേഷിപ്പിച്ചുകൂടാ എന്നവൎക്ക തോന്നുന്നു. എന്നാൽ സ്റ്റേററ് മുതലാളിത്തം എന്ന പദം ഞാൻ ഉപയോഗിച്ചിട്ടുള്ളതു് ഒന്നാമതായി നമ്മുടെ ഇന്നത്തെ നിലയും ഇടതുകമ്യൂണിസ്റ്റ്കാരുമായുള്ള വിവാദത്തിൽ അന്നു ഞാൻ അംഗീകരിച്ച നിലയേയുംതമ്മിൽ ചാരിത്രപരമായി ബന്ധിപ്പിക്കുന്നതിന്നാണെന്നു് അവർ കാണുന്നില്ല. മാത്രമല്ല, നിലവിലുള്ള നമ്മുടെ സമ്പദ്‌വ്യവസ്ഥയെക്കാൾ മെച്ചപ്പെട്ടതാണു് സ്റ്റേററ് മുതലാളിത്തം എന്നും ഞാൻ അന്നു് വാദിക്കുകയുണ്ടായി. പുതിയ സാമ്പത്തികനയം വായനക്കാൎക്കു് വിവരിച്ചുകൊടുക്കുമ്പോൾ ഞാൻ സൂചിപ്പിച്ചിട്ടുള്ള അസാധാരണമായ, തികച്ചും അസാധാരണമായ, സ്റ്റേററ് മുതലാളിത്തത്തിന്നും സാധാരണ സ്റ്റേററ് മുതലാളിത്തത്തിന്നും തമ്മിൽ ഇളപ്പും ബന്ധവുമുണ്ടെന്നു് വ്യക്തമാക്കേണ്ടതു് പ്രധാനപ്പെട്ട ഒരു സംഗതിയാണു്. രണ്ടാമതായി, പ്രായോഗികലക്ഷ്യത്തിന്നു് ഞാൻ എപ്പോഴും വലിയ പ്രാധാന്യം കല്പിക്കുന്നുമുണ്ടു്. നമ്മുടെ പുതിയ സാമ്പത്തികനയത്തിൻെറ പ്രായോഗികലക്ഷ്യം ചില വ്യവസായങ്ങൾ വീട്ടുവീഴ്ചകളുടെ അടിസ്ഥാനത്തിൽ പാട്ടത്തിന്നേല്പിച്ചുകൊടുക്കുക എന്നതാണു്. നമ്മുടെ രാജ്യത്തു് നിലവിലുള്ള സാഹചര്യങ്ങളിൽ പാട്ടവ്യവസ്ഥ സ്റ്റേററ് മുതലാളിത്തത്തിൻെറ സ്വച്ഛരൂപമാകുമായിരുന്നു. സ്റ്റേററ് മുതലാളിത്തത്തെപ്പററി ഞാൻ വാദിച്ചുവന്നതു് അങ്ങനെയാണു്.

എന്നാൽ സ്റ്റേററ് മുതലാളിത്തത്തിൻെറ, അതിനോടുള്ള ഒരു താരതമ്യത്തിൻെറയെങ്കിലും, ആവശ്യം നേരിടുന്ന മററൊരുവശം ഈ പ്രശ്നത്തിന്നുണ്ടു്. സഹകരണസംഘങ്ങളുടെ കാൎയ്യമാണതു്.

മുതലാളിത്തരാജ്യങ്ങളിൽ സഹകരണസംഘങ്ങൾ കൂട്ടായ മുതലാളിത്ത സ്ഥാപനങ്ങളാണെന്നതിന്നു് സംശയമില്ല എന്നാൽ

നമ്മുടെ രാജ്യത്തു് ഇന്നത്തെ സാമ്പത്തികസാഹചര്യങ്ങളിൽ (നിലം പൊതുസ്വത്താക്കിയും തൊഴിലാളിവർഗ്ഗത്തിലും മാത്രം അനുവദിക്കുന്ന) സ്വകാര്യസ്ഥാപനങ്ങളെയും (ഉല്പാദനോപകരണങ്ങളും നിലവും സ്ഥാപനമാകെയും പൊതുസ്വത്തായിട്ടുള്ള) സോഷ്യലിസ്റ്റ്സ്ഥാപനങ്ങളെയും കൂട്ടിയിണക്കിക്കൊണ്ടു പോകുമ്പോൾ മൂന്നാമതൊരുതരം സ്ഥാപനങ്ങളുടെ—സഹകരണസംഘങ്ങളുടെ—പ്രശ്നം അവശ്യം ഉത്ഭവിക്കുന്നുണ്ടെന്നതിന്നും സംശയമില്ല. സഹകരണസ്ഥാപനങ്ങളെ മററു സ്ഥാപനങ്ങളിൽനിന്നു മൗലികമായും വ്യത്യാസപ്പെട്ട ഒരു പ്രത്യേകതരമായി മുമ്പ് കണക്കാക്കിയിട്ടില്ല. സ്വകാര്യമുതലാളിത്തത്തിൻകീഴിൽ സഹകരണസ്ഥാപനങ്ങൾക്കും മുതലാളിത്തസ്ഥാപനങ്ങൾക്കും തമ്മിലുള്ള വ്യത്യാസം കൂട്ടുടമയിലുള്ള സ്ഥാപനങ്ങൾക്കും സ്വകാര്യ ഉടമയിലുള്ള സ്ഥാപനങ്ങൾക്കും തമ്മിലുള്ള വ്യത്യാസമാണ്. സ്റ്റേററ് മുതലാളിത്തത്തിൻകീഴിൽ സഹകരണസ്ഥാപനങ്ങൾ സ്റ്റേററ് മുതലാളിത്തസ്ഥാപനങ്ങളിൽനിന്നു് രണ്ടുവിധത്തിൽ വ്യത്യാസപ്പെട്ടവയാണ്: ഒന്നാമതായി അവ സ്വകാര്യസ്ഥാപനങ്ങളാണ്; രണ്ടാമതായി അവ കൂട്ടുടമസ്ഥാപനങ്ങളുമാണ്. നമ്മുടെ രാജ്യത്തു നിലവിലുള്ള വ്യവസ്ഥയിൽ സഹകരണസ്ഥാപനങ്ങൾ കൂട്ടുടമസ്ഥാപനങ്ങളാകയാൽ അവ സ്വകാര്യമുതലാളിത്തസ്ഥാപനങ്ങളിൽനിന്നും വ്യത്യാസപ്പെട്ടയാണ്. അവ നില്ക്കുന്ന ഭൂമിയും അവയിലെ ഉല്പാദനോപകരണങ്ങളും പൊതുസ്വത്തു് (തൊഴിലാളിവർഗ്ഗത്തിൻെറസ്വത്തു്) ആണെങ്കിൽ സോഷ്യലിസ്റ്റ് സ്ഥാപനങ്ങളുമായി അവയ്ക്കു യാതൊരു വ്യത്യാസവുമില്ല.

സഹകരണസ്ഥാപനങ്ങളെപ്പററിയുള്ള ചർച്ചകളിൽ ഈ വസ്തുത വേണ്ടപോലെ പരിഗണിക്കപ്പെടുന്നില്ല. നമ്മുടെ രാഷ്ട്രീയ വ്യവസ്ഥയുടെ സവിശേഷതകളുടെഫലമായി നമ്മുടെ സഹകരണസ്ഥാപനങ്ങൾക്കും ചില സവിശേഷതകൾ കൈവരുന്നുണ്ടെന്ന വസ്തുത വിസ്മരിയ്ക്കപ്പെട്ടുപോകുന്നു. പാട്ടവ്യവസ്ഥ വ്യാപകമായ

തോതിൽ അതിനിയും നമ്മുടെ രാജ്യത്തു് വന്നുകഴിഞ്ഞിട്ടില്ല) ഒഴിവാക്കിയാൽ, സഹകരണസ്ഥാപനങ്ങൾക്കും സോഷ്യലിസ്റ്റ് സ്ഥാപനങ്ങൾക്കുംതമ്മിൽ പറയത്തക്ക വ്യത്യാസങ്ങളുള്ളതായി കരുതിക്കൂടാ.

ഞാൻ ഉദ്ദേശിക്കുന്നതു് സ്വല്പംകൂടി വിവരിക്കാം. റോബർട്ട് ഓവൻ തുടങ്ങിയ പഴയ സഹകാരികളുടെ പദ്ധതികൾ സങ്കല്പനിഷ്ഠങ്ങളും അപ്രായോഗികങ്ങളും ആയിത്തീർന്നതെന്തുകൊണ്ടാണു്? കാരണം വർഗ്ഗസമരം, തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയാധികാരം, ചൂഷകവർഗ്ഗങ്ങളുടെ ഭരണത്തിന്റെ ഉന്മൂലനം എന്നീ മൗലികപ്രശ്നങ്ങളൊന്നും കണക്കിലെടുക്കാതെ സമകാലസാമൂഹ്യവ്യവസ്ഥയെ സമാധാനപരമായി സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥയായി രൂപാന്തരപ്പെടുത്താമെന്നു് സ്വപ്നംകാണുകയാണു് അവർ ചെയ്തതു്. സഹകരണസോഷ്യലിസത്തെ കേവലം സങ്കല്പനിഷ്ഠമെന്നു് നാം തള്ളിക്കളഞ്ഞതു് തികച്ചും ശരിയാണു്. ജനങ്ങളെ സഹകരണസംഘങ്ങളിൽ സംഘടിപ്പിക്കുന്നതുവഴി സോഷ്യലിസം സ്ഥാപിക്കാമെന്നും, വർഗ്ഗസമരത്തെ വർഗ്ഗസഹകരണമായും വർഗ്ഗശത്രുക്കളെ വർഗ്ഗബന്ധുക്കളായും മാററാമെന്നും, സ്വപ്നംകാണുന്നതു് ഭാവനാവിലാസം മാത്രമാണെന്നും തികഞ്ഞ ആപത്താണെന്നും നാം പറഞ്ഞതു് അതുകൊണ്ടാണു്.

വർഗ്ഗസമരത്തിൽക്കൂടി രാഷ്ട്രീയാധികാരം നേടിക്കൊണ്ടല്ലാതെ സോഷ്യലിസം സ്ഥാപിക്കുക സാദ്ധ്യമല്ല. ആ മൌലികകർത്തവ്യത്തെ മുൻനിർത്തി നാം പറഞ്ഞിട്ടുള്ളതെല്ലാം തികച്ചും ശരിയാണു്.

എന്നാൽ തൊഴിലാളിവർഗ്ഗം അധികാരത്തിൽ വരുകയും ചൂഷകവർഗ്ഗങ്ങളുടെ ഭരണം അവസാനിക്കുകയും (നിർമ്മിതവ്യവസ്ഥകളിൽ നിശ്ചിതകാലത്തേക്കു് മുതലാളിമാരെ പാട്ടത്തിന്നേല്പിച്ചിട്ടുള്ളതൊഴിച്ചു്) എല്ലാ ഉല്പാദനോപകരണങ്ങളും പൊതുസ്വത്താകുകയും ചെയ്തിട്ടുള്ള ഇന്നത്തെ അവസ്ഥയിൽ സംഗതികൾ ആകെ മാറിയിട്ടുണ്ടെന്നു നാം കാണണം.

മുൻപറഞ്ഞ പാട്ടവ്യവസ്ഥ ഒഴിവാക്കിയാൽ സഹകരണത്തിൻെറ വളർച്ചയേയും സോഷ്യലിസത്തിൻെറ വളർച്ചയേയും യാതൊരു വ്യത്യാസവുമില്ലാതെ തുല്യമായി കണക്കാക്കാവുന്ന ഒരു നിലയിലാണ് നാം ഇന്നുള്ളത്. അതേസമയം സോഷ്യലിസത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടിൽ സാരമായ മാററംവന്നിട്ടുണ്ടെന്ന് നാം അംഗീകരിക്കുകയുംവേണം. സാരമായ മാററം ഇതാണ്: മുമ്പുകാലത്ത് നാം പ്രധാനമായി ഉന്നയിച്ചിരുന്നതും ഊന്നേണ്ടിയിരുന്നതും വിപ്ലവത്തിലും തൊഴിലാളിവർഗ്ഗം രാഷ്ട്രീയാധികാരം പിടിച്ചെടുക്കുന്നതിലും മററുമാണ്. ഇന്നു നാം പ്രധാനമായി ഊന്നുന്നതും ഊന്നേണ്ടതും സമാധാനപരമായി നടത്തുന്ന സംഘടനാപരവും സാംസ്കാരികവും ആയ പ്രവർത്തനങ്ങളിലാണ്. സാർവ്വദേശീയ ബന്ധങ്ങൾ ഇന്നത്തെ നിലയിലല്ലായിരുന്നുവെങ്കിൽ, ലോകരംഗത്ത് സ്വന്തം നിലനില്പിന്നു നമുക്കു പോരാടേണ്ടതില്ലായിരുന്നുവെങ്കിൽ, നമ്മുടെ ശ്രദ്ധ മുഴുവൻ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ ആയിരിക്കണമെന്ന് ഞാൻ തീർത്തു പറയുമായിരുന്നു. സാർവ്വദേശീയബന്ധങ്ങൾ മാററിവെച്ചാൽ, ആഭ്യന്തരകാര്യങ്ങളെക്കുറിച്ചു മാത്രം പരിഗണിക്കുന്നതായാൽ, നമ്മുടെ പ്രധാനകർത്തവ്യം തീർച്ചയായും വിദ്യാഭ്യാസരംഗത്തേക്ക് മാറിയിരിക്കയാണ്.

ഇന്നത്തെ കാലഘട്ടത്തിൽ പ്രധാനമായി രണ്ടു കർത്തവ്യങ്ങളാണ് നമ്മെ അഭിമുഖീകരിക്കുന്നത്. കഴിഞ്ഞ കാലഘട്ടത്തിൽ നിന്നു അതേപടി നമുക്കു കിട്ടിയിട്ടുള്ളതും ഇപ്പോൾ തികച്ചും ഉപയോഗശൂന്യമായിത്തീർന്നിട്ടുള്ളതും ആയ ഭരണസംവിധാനത്തെ പുനഃസംഘടിപ്പിക്കുക എന്നതാണ് ഒന്നാമത്തെ കർത്തവ്യം. കഴിഞ്ഞ അഞ്ചുകൊല്ലത്തെ തീവ്രസമരങ്ങൾക്കിടയിൽ അതിനെ കാര്യമായി പുനഃസ്സംഘടിപ്പിക്കാൻ നമുക്കു സാധിച്ചില്ല. കൃഷിക്കാരുടെ ഇടയിലുള്ള വിദ്യാഭ്യാസപ്രവർത്തനമാണ് നമ്മുടെ രണ്ടാമത്തെ പ്രധാനകർത്തവ്യം. കൃഷിക്കാർക്കിടയിലുള്ള ഈ വിദ്യാഭ്യാസപ്രവ

ത്തനത്തിന്റെ സാമ്പത്തികലക്ഷ്യം സഹകരണസംഘങ്ങളിൽ കൃഷിക്കാരെ സംഘടിപ്പിക്കുക എന്നുള്ളതുമാണ്. മുഴവൻ കൃഷിക്കാരെയും സഹകരണസംഘങ്ങളിൽ സംഘടിപ്പിക്കുവാൻ സാധിച്ചിരുന്നുവെങ്കിൽ സോഷ്യലിസത്തിന്റെ മണ്ണിൽ കാലുറപ്പിച്ചുനില്ക്കുവാൻ ഇതിനകം നമുക്കു കഴിയുമായിരുന്നു. എന്നാൽ കർഷകജനത മുഴവൻ ഒരു സാംസ്കാരികനിലവാരത്തിൽ എത്തണമെന്നതു് സഹകരണസംഘങ്ങളിൽ അവരെ സംഘടിപ്പിക്കുന്നതിന്റെ മുന്നുപാധിയാണ്; (കൃഷിക്കാരുടെ സംഖ്യാബലം നോക്കുമ്പോൾ) ഒരു സാംസ്കാരികവിപ്ലവം കൂടാതെ അതു് സാദ്ധ്യവുമല്ല.

സാംസ്കാരികമായി വേണ്ടത്ര ഉയർന്നിട്ടില്ലാത്ത ഒരു രാജ്യത്തു സോഷ്യലിസം നട്ടുവളർത്താൻ ശ്രമിക്കുന്നതു് അവിവേകമാണ് എന്നു് എതിരാളികൾ നമ്മെ ആവർത്തിച്ചു് ഓർമ്മപ്പെടുത്തിയിട്ടുണ്ടു. പണ്ഡിതമ്മന്യന്മാരുടെ സിദ്ധാന്തങ്ങൾക്കു വിപരീതമായി മറേറ അറേറത്തുനിന്നു് നാം തുടങ്ങിയതുകണ്ടു് അവർ തെററിദ്ധരിച്ചതാണ്. നമ്മുടെരാജ്യത്തു് സാംസ്കാരികവിപ്ലവത്തിനുമുമ്പു നടന്നതു് രാഷ്ട്രീയവും സാമൂഹ്യവും ആയ വിപ്ലവമാണ്. അതേ സാംസ്കാരികവിപ്ലവമാണ് ഇന്നു നമ്മെ അഭിമുഖീകരിക്കുന്നതും.

നമ്മുടെ രാജ്യത്തെ പൂർണ്ണമായും ഒരു സോഷ്യലിസ്റ്റ്‌രാജ്യമാക്കുവാൻ ഇനി ഈ സാംസ്കാരികവിപ്ലവം മാത്ര മതി. എന്നാൽ ഇക്കാര്യത്തിൽ വമ്പിച്ച വിഷമതകൾ സാംസ്കാരികമായും (നാം അനക്ഷരരാണ്) ഭൗതികമായും (സാംസ്കാരികമായ വളർച്ചയ്ക്കു് ഉല്പാദനശക്തികൾ ഒരതിരുവരെ വളരേണ്ടതും ഭൗതികമായ ഒാടിത്തറ നിലവിൽവരേണ്ടതും അത്യാവശ്യമാണ്) നമ്മെ നേരിടുന്നു.

ജനവരി 6, 1963<br>
പ്രഥമപ്രസിദ്ധീകരണം<br>
പ്രവദ നമ്പ്ര് 115, 116<br>
മേയ് 26, 27, 1923<br>
ഒപ്പ്: എൻ. ലെനിൻ

കലക്ടഡ് വർക്സ്<br>
വോ: 33, പേ: 472 475

## നമ്മുടെ വിപ്ലവം

### (എൻ. സുഖാനോവിന്റെ കുറിപ്പുകളെ അധികരിച്ചെഴുതിയതു്)

### I

വിപ്ലവത്തെക്കുറിച്ചു് സുഖാനോവു് എഴുതിയിട്ടുള്ള കുറിപ്പുകളിൽക്കൂടി ഞാനീയിടെ കണ്ണോടിക്കുകയുണ്ടായി. പെററി-ബൂർഷ്വാ ജനാധിപത്യവാദികളും രണ്ടാം ഇന്റർനാഷനലിന്റെ നായകന്മാരും എഴുതിയിട്ടുള്ള എന്തിലും മുഴച്ചുനില്ക്കുന്നതു് അവരുടെ പാണ്ഡിത്യപ്രകടനവും വചോവിലാസവും ആണു്; അവരെല്ലാവരും ഒരേപോലെ ദുർബ്ബലഹൃദയരാണു്; ജർമ്മൻ മാതൃകയിൽനിന്നു് തെല്ലെങ്കിലും ഒന്നു് വ്യതിചലിച്ചുകണ്ടാൽ അവരിൽ മുമ്പന്മാർക്കുപോലും പരുങ്ങലായി, വിസമ്മതങ്ങളായി. എല്ലാ പെററിബൂർഷ്വാ ജനാധിപത്യവാദികൾക്കും പൊതുവാ

യിട്ടുള്ള ഈ സ്വഭാവവിശേഷം വിപ്ലവകാലഘട്ടത്തിൽ വേണ്ട തിലേറെ പ്രകടമായിരുന്നു. എന്നാൽ ഇതിനേക്കാളെല്ലാമു പരി അവരുടെ പ്രത്യേകത പഴയകാലത്തെ അന്ധമായി അനു കരിയ്ക്കുന്നതിന്നുള്ള അവരുടെ വാസനയാണു്.

മാർക്സിസ്റ്റുകളെന്നു് അവർ സ്വയം അവകാശപ്പെടുന്നുണ്ടു്; പക്ഷെ മാർക്സിസത്തെക്കുറിച്ചു് പാണ്ഡിത്യക്കെട്ടഗർവ്വിന്റെ പിഴച്ച ധാരണയാണു് അവക്കുള്ളതു്. മാർക്സിസത്തിൽ നിഷ്ഠായ കമായിട്ടുള്ളതു്—അതായതു് അതിന്റെ വിപ്ലവപരമായ വൈ രുദ്ധ്യാത്മകത—മനസ്സിലാക്കുന്നതിൽ അവർ പൂർണ്ണമായും പരാ ജയപ്പെട്ടിരിയ്ക്കുന്നു. വിപ്ലവകാലഘട്ടങ്ങളിൽ അടവുകൾ അയ വേറിയവ ആയിരിയ്ക്കണം[69] എന്നും മററുമുള്ള മാർക്സിന്റെ ലളി തമായ പ്രസ്താവനകൾപോലും മനസ്സിലാക്കുവാൻ അവക്കു കഴി ഞ്ഞിട്ടില്ല. ഉദാഹരണത്തിന്നു്, ജർമ്മനിയിൽ വിപ്ലവപരിത സ്ഥിതിയുളവാക്കിയ കർഷക കലാപത്തെ തൊഴിലാളിപ്രസ്ഥാ നവുമായി കൂട്ടിയിണക്കണമെന്നു[70]—1856ൽ ആണെന്നുതോന്നുന്നു —തന്റെ കത്തുകളിൽ മാർക്സു് ചെയ്തിട്ടുള്ള പ്രസ്താവനകളെ അവർ കണ്ടതായിപോലും തോന്നുന്നില്ല. ഈ പ്രസ്താവനകളിൽ നിന്നെല്ലാം ഒഴിഞ്ഞുമാറി അവർ—ചൂടുള്ള പായസപ്പാത്രത്തിനു ചുററും പൂച്ചയെന്നപോലെ—വട്ടംവെച്ചുകളിക്കുകയാണു്;

മുതലാളിമാരുമായി തെററുന്നതുപോകട്ടെ, അവരിൽനിന്നു അകലുന്നതിന്നുപോലും ഭയപ്പെടുന്ന ഭീരുക്കളായ പരിഷ്കരണ വാദികളാണു് തങ്ങളെന്നു് ഈ ജനാധിപത്യവാദികളുടെ നട പടികൾ വിളംബരംചെയ്യുന്നു. ഭീരുത്വത്തെ വമ്പിലും പ്രതാ പത്തിലും അവർ മൂടിവയ്ക്കുന്നു എന്നുമാത്രം. മാർക്സിസ്റ്റുനിഗമ നങ്ങളെ സിദ്ധാന്തപരമായിപ്പോലും മനസ്സിലാക്കുന്നതിന്നു് അവക്കു സാധിയ്ക്കുന്നില്ല എന്നതാണു് ശ്രദ്ധാർഹമായ സംഗതി. ഇതുവരെയ്ക്കും പശ്ചിമയൂറോപ്പിൽ മുതലാളിത്തവും ബൂർഷ്വാ

ജനാധിപത്യവും പിൻപററിപ്പോന്നിട്ടുള്ള വ്യക്തമായ വികസന പന്ഥാവ് അവർ കണ്ടിട്ടുണ്ടു്. എന്നാൽ ഈ പന്ഥാവ് അപ്പാടെ യഥാർത്ഥമായിട്ടല്ല, അത്യാവശ്യഭേദഗതികളോടുകൂടി (ചരിത്രപുരോഗതിയെ മുൻനിർത്തി നോക്കുമ്പോൾ ഈ ഭേദഗതികൾ നിസ്സാരങ്ങളാവാം) മാത്രമേ ഒരു മാതൃകയെന്നനിലയിൽ അംഗീകരിയ്ക്കാൻപാടൂ എന്നു മനസ്സിലാക്കുവാൻ അവർക്കു സാധിക്കുന്നില്ല.

ആദ്യമായി—ഒന്നാം സാമ്രാജ്യത്വലോകമഹായുദ്ധവുമായി ബന്ധപ്പെട്ട വിപ്ലവം, തികച്ചും പുതിയ സവിശേഷതകളും ഭിന്നതകളും അവശ്യം പുറത്തുകൊണ്ടുവന്ന ഒരു വിപ്ലവമായിരുന്നു അതു്. കാരണം അത്തരമൊരു യുദ്ധവും അത്തരമൊരു സ്ഥിതിവിശേഷവും അതിന്നു മുമ്പൊരിക്കലും ലോകം കാണുകയുണ്ടായിട്ടില്ല. യുദ്ധത്തെത്തുടർന്നു് സമ്പന്നരാജ്യങ്ങളിൽപ്പോലും "സാധാരണ" ബൂർഷ്വാബന്ധങ്ങൾ പുനഃസ്ഥാപിക്കാൻ മുതലാളിമാർക്കു് സാധിച്ചിട്ടില്ലെന്നാണു് നാം കാണുന്നതു്. വിപ്ലവപ്പട്ടാ കെട്ടുന്നതും പരിഷ്കരണവാദികൾ വിശ്വസിച്ചിരുന്നതും വിശ്വസിക്കുന്നതും സാധാരണ ബൂർഷ്വാബന്ധങ്ങളാണു് പുരോഗതിയുടെ അതിർവരമ്പു് എന്നാണു്. (പോകാവുന്നതു് ഇതുവരെക്കുമാത്രം. അപ്പുറം പോയിക്കൂടാ). "സാധാരണ"യെക്കുറിച്ചു് ഏററവും ഇടുങ്ങിയതും അച്ചിലിട്ട വാർത്തതുമായ ധാരണയാണു് അവർക്കുള്ളതു്.

രണ്ടാമതായി, ഈ പരിഷ്കരണവാദികൾക്കു് തീരെ മനസ്സിലാക്കാൻസാധിക്കാത്ത മറെറാരു സംഗതിയുണ്ടു്. ലോകചരിത്രം പുരോഗമിക്കുന്നതു് ചില പൊതുനിയമങ്ങളെ അടിസ്ഥാനമാക്കിയിട്ടാണെങ്കിലും ചില പ്രത്യേകഘട്ടങ്ങളിൽ ആ പുരോഗതി പുതിയ രൂപങ്ങളും ഗതിക്രമങ്ങളും കൈക്കൊണ്ടേയ്ക്കാം എന്നുള്ളതാണു് ആ സംഗതി. ഉദാഹരണത്തിന്നു്, റഷ്യ നി

ല്ലുന്നതും പരിഷ്കൃതരാജ്യങ്ങളുടേയും പരിഷ്ക്കാരത്തിന്റെ സീമയിലേക്കു് ഈ യുദ്ധം ആദ്യമായിക്കൊണ്ടുവരുന്ന (യൂറോപ്പിന്നു പുറത്തുള്ള) പൗരസ്ത്യരാജ്യങ്ങളുടേയും നടക്കാണു് എന്നും—ആ സ്ഥിതിയ്ക്കു് പല സവിശേഷതകളും പ്രത്യേകതകളും പുറത്തുകൊണ്ടുവരുവാനുള്ള കഴിവും സാദ്ധ്യതയും റഷ്യക്കുണ്ടായിരുന്നു എന്നും—ചിന്തിയ്ക്കുവാൻപോലും അക്കൂട്ടർക്കു കഴിയുന്നില്ല. ഈ സവിശേഷതകളും പ്രത്യേകതകളും ചരിത്രപുരോഗതിയുടെ പൊതുനിയമങ്ങൾക്കു് വിപരീതങ്ങളല്ല. എന്നിരിയ്ക്കിലും റഷ്യൻവിപ്ലവത്തിന്നു് പശ്ചിമയൂറോപ്പിലെ മററു വിപ്ലവങ്ങളിൽനിന്നും വ്യത്യാസപ്പെട്ട പല സവിശേഷതകളും ഉണ്ടായിട്ടുണ്ടു്; വിപ്ലവം കിഴക്കോട്ടു നീങ്ങുന്തോറും പുതിയപുതിയ സവിശേഷതകൾ ഉണ്ടായിക്കൊണ്ടുമിരിയ്ക്കുന്നു.

പശ്ചിമയൂറോപ്പിൽ സോഷ്യൽ ഡെമോക്രസിയുടെ വികസനകാലത്തു് അവർ മനഃപാഠമാക്കി ഇപ്പോഴും ഉരുവിട്ടുകൊണ്ടിരിയ്ക്കുന്ന ചില പഴഞ്ചൻ വാദങ്ങളുണ്ടു്. സോഷ്യലിസത്തിന്നു് ഇനിയും നാം പക്വതനേടിയിട്ടില്ല—അഥവാ, അവരിൽ ചില പണ്ഡിതന്മാർ പറയുംപോലെ, സോഷ്യലിസത്തിന്നുവേണ്ട വസ്തുനിഷ്ഠമായ സാമ്പത്തികോപാധികൾ നമ്മുടെ രാജ്യത്തു് ഇനിയും നിലവിൽവന്നിട്ടില്ല—എന്നും മററുമുള്ള വാദങ്ങളാണവ. ഒന്നാം ലോകമഹായുദ്ധം സൃഷ്ടിച്ചുകൊടുത്ത വിപ്ലവപരിതസ്ഥിതിയിൽ ഒരു ജനത എന്തുചെയ്യണം?—എന്നു സ്വയം ചോദിക്കുവാൻ അവർക്കാർക്കും തോന്നിയിട്ടില്ല. നിരാശനിറഞ്ഞ ചുററുപാടുകളിൽ എന്തുചെയ്തും സമരത്തിലിറങ്ങി നാഗരികത മുന്നോട്ടുകൊണ്ടുപോകാൻതക്ക സാഹചര്യങ്ങൾ അവർക്കു നേടിക്കൂടേ?

“സോഷ്യലിസം സാദ്ധ്യമാക്കുന്ന നിലവാരത്തിലേക്കു് ഉല്പാദനശക്തികൾ റഷ്യയിൽ വളർന്നിട്ടില്ല.” സുഖാനോവു് ഉൾപ്പെടെ

രണ്ടാം ഇൻറർനാഷനലിൻെറ എല്ലാ നായകന്മാരും പെരുമ്പറയടിക്കുന്നതും ഇതിന്മേലാണ്. അവിതർക്കിതമായ ഈ തത്വത്തെപ്പിടിച്ച് നൂറുവിധത്തിൽ അവർ ആണയിട്ടുകൊണ്ടിരിക്കുന്നു; നമ്മുടെ വിപ്ലവത്തിൻെറ നിർണ്ണായകമായ മാനദണ്ഡം അതാണെന്നു അവർ വിശ്വസിക്കുന്നു.

പശ്ചിമയൂറോപ്പിലെ എല്ലാ സുശക്തരാഷ്ട്രങ്ങളും പങ്കുചേർന്ന സാമ്രാജ്യത്വയുദ്ധത്തിലേക്ക് റഷ്യ ആകർഷിക്കപ്പെട്ടു; പൗരസ്ത്യദേശങ്ങളിൽ തുടങ്ങിക്കഴിഞ്ഞതോ തുടങ്ങാനിരിക്കുന്നതോ ആയ വിപ്ലവങ്ങൾക്ക് റഷ്യ ദൃക്സാക്ഷിയായി. "കർഷക കലാപവും" തൊഴിലാളിപ്രസ്ഥാനവും കൂട്ടിയിണക്കി സമഗ്രമായ വിപ്ലവം നടത്തുന്നതിന്നുള്ള സാധ്യത പ്രഷ്യയുടെ മുൻപിലുണ്ടെന്ന് 1856ൽ മാർക്സ് ചൂണ്ടിക്കാണിച്ച അതേ സാഹചര്യങ്ങൾ റഷ്യക്കു വന്നുചേർന്നു. അത്തരമൊരു സന്ദർഭത്തിൽ റഷ്യ എന്താണ് ചെയ്യേണ്ടിയിരുന്നതു്?

നിരാശനിറഞ്ഞ ചുററുപാടുകളിൽ കൃഷിക്കാരുടെയും തൊഴിലാളികളുടേയും പരിശ്രമങ്ങൾ പതിന്മടങ്ങ് വർദ്ധിപ്പിച്ച് പശ്ചിമയൂറോപ്യൻ രാജ്യങ്ങളുടേതിൽനിന്നു വ്യത്യസ്തമായൊരു മാർഗ്ഗത്തിൽ നാഗരികതയുടെ മൗലികസോപാനങ്ങളിലേക്കു മുന്നേറുവാൻ സന്ദർഭം ലഭിച്ചപ്പോൾ റഷ്യ ചെയ്യേണ്ടതെന്തായിരുന്നു? ലോകചരിത്രത്തിൻെറ പൊതുവികാസഗതിക്ക് അതു മാററം വരുത്തിയിട്ടുണ്ടോ? ചരിത്രത്തിൻെറ പൊതുഗതിയിൽ അകപ്പെട്ടിട്ടുള്ള രാജ്യങ്ങളിലെ അടിസ്ഥാനവർഗ്ഗങ്ങൾ തമ്മിലുള്ള അടിസ്ഥാനബന്ധങ്ങൾക്ക് അതു് മാററംവരുത്തിയിട്ടുണ്ടോ?

സോഷ്യലിസ്റ്റ് നിർമ്മാണത്തിന്നു് നിശ്ചിതമായ ഒരു സാംസ്കാരികനിലവാരം അത്യാവശ്യമാണെങ്കിൽ (ഈ നിശ്ചിതനിലവാരം എന്തെന്നു് കൃത്യമായി ആർക്കും പറഞ്ഞുകൂടാ;

പശ്ചിമയൂറോപ്പിലെ ഓരോ രാജ്യത്തും അതു് ഓരോ തരത്തി ലാണു്), ആ നിലവാരത്തിൻെറ മുന്നുപാധികൾ സൃഷ്ടിക്കുന്നുള്ള വിപ്ലവം ആദ്യമായി തുടങ്ങാനും, പിന്നീടു് സോവിയററു് വ്യവസ്ഥയുടേയും തൊഴിലാളി-കർഷക ഗവമ്മേണ്ടിൻേറയും പിൻബലത്തോടുകൂടി മററു രാജ്യങ്ങളെ കവച്ചുകടക്കാനും, എന്താണു് തടസ്സമായിട്ടുള്ളതു്?

1923, ജനവരി 16.

## II

സോഷ്യലിസത്തിന്റെ നിമ്മാണത്തിന്നു് നാഗരികത ആവശ്യമാണു് എന്നാണല്ലോ നിങ്ങൾ പറയുന്നതു്. നല്ലതുതന്നെ, അപ്പോൾ എന്തുകൊണ്ടു് നമുക്കു് ആദ്യമായി നമ്മുടെ രാജ്യത്തു നിന്നു് ഭൂവുടമകളേയും മുതലാളിമാരേയും പുറംതള്ളി നാഗരികതയ്ക്കുള്ള മുന്നുപാധികൾ സൃഷ്ടിക്കുകയും പിന്നീടു് സോഷ്യലിസ്റ്റ് നിമ്മാണത്തിൽ ഏർപ്പെടുകയും ചെയ്തുകൂടാ? ചരിത്രഗതിയിൽ അത്തരത്തിലുള്ള മാററങ്ങൾ അനനുവദനീയവും അസാദ്ധ്യവും ആണെന്നു് ഏതു ഗ്രന്ഥത്തിൽ എവിടെയാണു് നിങ്ങൾ വായിച്ചിട്ടുള്ളതു്?

"ആദ്യമായി ഗൗരവമായി യുദ്ധം നടത്തുക, എന്തു സംഭവിക്കുമെന്നു് പിന്നീടു് നോക്കാം"—നെപ്പോളിയനാണെന്നു തോന്നുന്നു, ഇതെഴുതിയിട്ടുള്ളതു്. ശരി; 1917 ഒക്ടോബറിൽ നമ്മൾ ഗൗരവമായി യുദ്ധം നടത്തി; ബ്രെസ്റ്റ് സമാധാന സന്ധി, പുതിയ സാമ്പത്തികനയം തുടങ്ങിയ വിശദാംശങ്ങൾ (ലോകചരിത്രഗതിയെ മുൻനിർത്തി നോക്കുമ്പോൾ അവ വിശ

ദാംശങ്ങൾ മാത്രമാണ്.) പിന്നീടാണ് നാം കണ്ടതു്. മൊത്ത ത്തിൽ നമ്മൾ വിജയിച്ചു എന്നതിൽ ഇപ്പോൾ സംശയമില്ല.

ഗ്രന്ഥത്തിൽ പറയുന്നതിൽനിന്നു് വ്യത്യസ്തമായ രീതി യിൽ വിപ്ലവം നടത്താമെന്നു് സ്വപ്നം കാണാൻപോലും നമ്മുടെ സുഖാന്വേഷികൾക്കു് കഴിയുന്നില്ല; വലതുപക്ഷ സോഷ്യൽ ഡെമോക്രാറ്റുകളുടെ കാര്യം പറയാനുമില്ലല്ലോ. ജന ബാഹുല്യവും സാമൂഹ്യസാഹചര്യങ്ങളിൽ വൈവിദ്ധ്യവും കൂടുത ലുള്ള പൌരസ്ത്യരാജ്യങ്ങളിലെ വിപ്ലവങ്ങൾ പലയിനത്തിലും റഷ്യൻവിപ്ലവത്തിൽനിന്നു വിഭിന്നങ്ങളായിരിയ്ക്കുമെന്നു് വിഭാ വനംചെയ്യാൻ പോലും യൂറോപ്പിലെ റഷ്യൻ ഡെമോക്രാറ്റു് ബുദ്ധിജീവികൾക്കു സാധിയ്ക്കുന്നില്ല.

കോട്സ്കിയുടെ ചിന്താഗതികൾക്കനുസരിച്ചു് എഴുതിയി ട്ടുള്ള പാഠപുസ്തകങ്ങൾ അക്കാലത്തു് പ്രയോജനം ചെയ്തിട്ടുണ്ടെ ന്നതു് നേരാണു്. എന്നാൽ പിൽക്കാലചരിത്രഗതി മുഴുവൻ അവയിൽ ദീർഘദർശനം ചെയ്തിട്ടുണ്ടെന്ന ധാരണ ഉപേക്ഷി യ്ക്കേണ്ട കാലം വൈകിയിരിയ്ക്കുന്നു. അങ്ങനെ ചെയ്യാൻ മടിയ്ക്കു ന്നവർ വിഡ്ഢികളാണു് എന്നു പറയുന്നതു് സമയോചിതമായി രിയ്ക്കും.

| | | |
|---|---|---|
| 1923 ജനവരി 17<br>പ്രവദ നമ്പ്ര് 117ൽ പ്രസിദ്ധീകരിച്ചു<br>മെയ് 30, 1923<br>ഒപ്പ്: . ലെനിൻ | } | കലക്റ്റഡ് വർക്സ്<br>വോ: 33, പേ: 476 800 |

## എണ്ണത്തിൽ കുറഞ്ഞാലും ഗുണത്തിൽ കൂടണം എന്ന ലേഖനത്തിൽനിന്നു്

നമ്മുടെ ഭരണസംവിധാനം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ തൊഴിലാളികളുടേയും കൃഷിക്കാരുടെയും പരിശോധനാഡിപ്പാർട്ടുമെൻറ് ബലപ്പാടിലും ഫലം കാണിക്കാനുള്ള വ്യഗ്രതയിലും കടന്നുചാടിക്കൂടാ എന്നാണ് എനിക്കുള്ള അഭിപ്രായം. നന്നെ കുറച്ചു സമയവും ശ്രദ്ധയും മാത്രമേ ഭരണകൂടത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഇതുവരേയും നമുക്കു വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളു. ഇനിയങ്ങോട്ട് ഭരണകൂടമാകെ പുനഃസംഘടിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതു് കാലോചിതമായിരിക്കും. ചുരുങ്ങിയതു് പശ്ചിമയൂറോപ്യൻ നിലവാരങ്ങളെങ്കിലുമുള്ള ഒരു സാംഘം പ്രവർത്തകരെ തൊഴിലാളികളുടേയും കൃഷിക്കാരുടേയും പരിശോധനാ ഡിപ്പാർട്ടുമെണ്ടിൽ പരിശീലിപ്പിച്ചെടുക്കാൻ നമുക്കു സാധിക്കണം. ഒരു സോഷ്യലിസ്റ്റ്-റിപ്പ

ബ്ലിക്കിനെസംബന്ധിച്ചേടത്തോളം ഇതു° ഇതാം മിതമായ ഒരു ലക്ഷ്യമാണ°. എന്നാൽ കഴിഞ്ഞ അഞ്ചു കൊല്ലങ്ങളിലെ നമ്മുടെ അനുഭവങ്ങൾ അവിശ്വാസവും നൈരാശ്യബോധവുമാണ° നമ്മളിൽ ഉളവാക്കിയിട്ടുള്ളതു°. തൊഴിലാളിസംസ്കാരത്തെക്കുറിച്ചു° ദീർഘമായി യാതൊരു ഗൌരവബുദ്ധിയും കൂടാതെ ആളുകൾ സംസാരിയ്ക്കുന്നതു കേൾക്കുമ്പോൾ ഈ നൈരാശ്യവും വിശ്വാസക്കുറവുമാണ° അതിന്റെ പിന്നിലുള്ളതെന്നതു° വ്യക്തമാകുന്നു. ശരിയ്ക്കും° ബൂർഷ്വാസംസ്കാരംകൊണ്ടുതന്നെ നമുക്കു തുടങ്ങാം; ആദ്യമാദ്യം ബൂർഷ്വാസംസ്കാരത്തിന്റെ പ്രാകൃതരൂപങ്ങൾകൊണ്ടു°—ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ സംസ്കാരം, അടിയാളസംസ്കാരം എന്നിവകൊണ്ടു°—നമുക്കു തൃപ്തിപ്പെടാം. സംസ്കാരകാര്യങ്ങളിൽ ബദ്ധപ്പാടും എടുത്തുചാട്ടവും വലിയ ദ്രോഹം ചെയ്യുന്നതാണ°. ചെറുപ്പക്കാരായ എഴുത്തുകാരും കമ്യൂണിസ്റ്റു°കാരും അവശ്യം മനസ്സിരുത്തേണ്ട ഒരു സംഗതിയാണിതു°.

മുൻകാലാനുഭവങ്ങളിൽ നിന്നു° നാം പഠിക്കുന്ന പാഠം ഭരണസംവിധാനം പുനഃസംഘടിപ്പിയ്ക്കുന്ന കാര്യത്തിൽ നാം സാവധാനത്തിൽ മുന്നോട്ടുപോയാൽമതി എന്നാണ°.

നമ്മുടെ ഭരണസംവിധാനത്തിന്റെ കഥ നാണംകെട്ടതും പരുങ്ങലിലാണ°. അതിന്റെ ന്യൂനതകളും തകരാറുകളും എങ്ങനെ പരിഹരിയ്ക്കാം എന്നതിനെക്കുറിച്ചു കാര്യമായി നാം ചിന്തിക്കേണ്ടതുണ്ടു°. ഈ ന്യൂനതകളുടെയും തകരാറുകളുടെയും വേരുകൾ ഭൂതകാലത്തിലാണെന്നതു° നാം മറക്കരുതു°. ആ ഭൂതകാലത്തിൽ നിന്നു തികച്ചും കരകേറുവാനും പുതിയൊരു സംസ്കാരത്തിലെത്തുവാനും നമുക്കു° ഇനിയും കഴിഞ്ഞിട്ടില്ലെന്ന വസ്തുതയും നമ്മൾ ഓർമ്മിയ്ക്കണം. പുതിയൊരു സംസ്കാരത്തിലെത്തിയിട്ടില്ല എന്നു ഞാൻ പറയുന്നതു° മനഃപൂർവ്വമാണ°. കാരണം നമ്മുടെ

സംസ്കാരത്തിൻെറയും സാമൂഹ്യജീവിതത്തിൻെറയും ശീലങ്ങളുടെയും ഭാഗമായിക്കഴിഞ്ഞതിനെ മാത്രമെ നമ്മുടെ നേട്ടമായി നമുക്കു കണക്കാക്കിക്കൂട്ടു. നമ്മുടെ സാമൂഹ്യവ്യവസ്ഥയിൽ നല്ലതായിട്ടുള്ളതെന്തോ അതു വേണ്ടതുപോലെ പഠിയ്ക്കുന്നതിന്നും മനസ്സിലാക്കുന്നതിന്നും ഉൾക്കൊള്ളുന്നതിന്നും നമുക്കു സാധിച്ചിട്ടില്ല; ധൃതിയിൽ എന്തോ ചിലതു ധരിച്ചുവെച്ചിട്ടുണ്ടെന്നല്ലാതെ അനുഭവത്തിൽക്കൂടി പരീക്ഷിച്ചറിയാനും വിലയിരുത്താനും സ്ഥിരത കൈവരുത്താനും നമുക്കു കഴിഞ്ഞിട്ടില്ല. ഒരു വിപ്ലവ കാലഘട്ടത്തിൽ സംഭവങ്ങൾ വായുവേഗത്തിൽ കുതിയ്ക്കുമ്പോൾ ഇതിങ്ങനെയല്ലാതെ ആകാനും വയ്യ. വെറും അഞ്ചുകൊല്ലത്തിനുള്ളിലാണല്ലോ സാറിസത്തിൽനിന്നു് സോവിയററുവ്യവസ്ഥയിലേയ്ക്കുള്ള പരിവർത്തനം നമ്മൾ സാധിച്ചിട്ടുള്ളതു്.

അപ്പോൾ കാര്യമായ ചിലതു ഈ വിഷയത്തിൽ നാം തുടങ്ങേണ്ടിയിരിയ്ക്കുന്നു. എടുത്തുചാട്ടത്തിലും പൊങ്ങച്ചത്തിലും നാം കുടുങ്ങിപ്പോകരുതു്, നാം എടുക്കുന്ന ഓരോ നടപടിയും അപ്പപ്പോൾ ശരിക്കും പരിശോധിച്ചറിയണം; തെററായിട്ടുള്ളതേതു്, ഉപരിപ്ലവമായിട്ടുള്ളതേതു്, എന്നു അപ്പപ്പോൾ വകതിരിച്ചറിയാൻ നമുക്കു സാധിയ്ക്കണം. ബദ്ധപ്പാടു് ഏററവും വലിയ ദ്രോഹം വരുത്തിവെയ്ക്കും. കാര്യങ്ങൾ നമുക്കറിയാം, ഒരു സോഷ്യലിസ്റ്റു് ഭരണക്രമം, ഒരു സോവിയററു ഭരണക്രമം, പടുത്തുയർത്തുന്നതിന്നുള്ള എല്ലാ കരുക്കളും നമ്മുടെ കൈവശമുണ്ടു് എന്ന ധാരണയിൽ മുന്നോട്ടുപോകുന്നതു അനത്ഥത്തിലാണു് നമ്മെ എത്തിയ്ക്കുക.

അത്തരമൊരു ഭരണക്രമം കെട്ടിപ്പടുക്കുന്നതിന്നുള്ള കരുക്കൾ നമ്മുടെ കൈവശം ആയിക്കഴിഞ്ഞിട്ടില്ല എന്നുള്ളതാണു് നേരു്. സമയത്തിൽ കേറിപ്പിടിച്ചിട്ടു കാര്യമില്ലെന്നും അതു കെട്ടിപ്പടുക്കുന്നതിന്നു ദീർഘദീർഘസംവത്സരങ്ങൾ വേണ്ടിവരുമെന്നും നാം ഓർമ്മിയ്ക്കണം.

എന്തെല്ലാം കരുക്കളാണ് അതു കെട്ടിപ്പടുക്കുന്നതിന്നായി ഇപ്പോൾ നമ്മുടെ കൈവശമുള്ളതു്? രണ്ടെണ്ണം മാത്രം. ഒന്നാമതായി സോഷ്യലിസത്തിന്നുവേണ്ടിയുള്ള സമരത്തിൽ ആമഗ്നരായിട്ടുള്ള തൊഴിലാളികൾ. ഇവരാകട്ടെ വേണ്ടത്ര വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവരല്ല. നല്ലൊരു ഭരണക്രമം നമുക്കുവേണ്ടി കെട്ടിപ്പടുക്കുവാൻ അവർക്കു മോഹമുണ്ടു്; പക്ഷെ എങ്ങനെയെന്നു അവർക്കു അറിഞ്ഞുകൂടാ. അതു കെട്ടിപ്പടുക്കുവാൻ അവർക്കു സാദ്ധ്യമല്ല. സംസ്കാരമാണ് അതിന്നത്യാവശ്യമായിട്ടുള്ളതു്; ആ സംസ്കാരത്തിലെത്തുവാൻ അവർക്കു കഴിഞ്ഞിട്ടുമില്ല. സാഹസബുദ്ധിയും, ഉശിരും, ചൊടിയും, ചുണയും മററു മാനുഷികഗുണങ്ങളുംകൊണ്ടു മാത്രം ഇവിടെ പ്രയോജനപ്പെടുകയില്ല. രണ്ടാമതായി അറിവും, വിദ്യാഭ്യാസവും, പരിശീലനവും നേടിയിട്ടുള്ളവർ നമ്മുടെ കൂട്ടത്തിലുണ്ടു്; പക്ഷെ മററുരാജ്യങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ അവരുടെ എണ്ണം തുലോം നിസ്സാരമാണ്.

ആവേശംകൊണ്ടും വ്യഗ്രതകൊണ്ടും നമ്മുടെ അറിവില്ലായ്മയ്ക്കു് പരിഹാരം കാണാം എന്നൊരു ധാരണ നമ്മുടെ ഉള്ളിൽ കടന്നുകൂടാനിടയുണ്ടെന്നു നാം മറക്കരുതു്.

നമ്മുടെ ഭരണസംവിധാനം പുനഃസംഘടിപ്പിക്കുന്നതിന്നു് നാം ഒന്നാമതായി ചെയ്യേണ്ടതു് പഠിയ്ക്കുകയാണ്, രണ്ടാമതായി ചെയ്യേണ്ടതു് പഠിയ്ക്കുകയാണ്, മൂന്നാമതായി ചെയ്യേണ്ടതും പഠിയ്ക്കുകയാണ്. പഠിയ്ക്കുന്നതു് ഉരുവിടുന്നതിന്നുവേണ്ടിയോ പകിട്ടിന്നുവേണ്ടിയോ അല്ലെന്നു് (പലപ്പോഴും അങ്ങനെ സംഭവിയ്ക്കുന്നുണ്ടെന്നു നാം തുറന്നു സമ്മതിച്ചേ തീരൂ) പ്രത്യേക നിഷ്കർഷ നമുക്കുണ്ടായിരിയ്ക്കണം. പഠിപ്പ് നമ്മുടെ

ജീവിതത്തിന്റെ ഒരു അഭേദ്യഭാഗമായി, നമ്മുടെ സാമൂഹ്യജീവിതത്തിന്റെ ഒരവശ്യഘടകമായി, വളർത്തിക്കൊണ്ടുവരാൻ നമ്മൾ യത്നിക്കണം.

എഴുതിയതു് മാർച്ച് 2, 1923
പ്രസിദ്ധീകരണം പ്രവദ നവമ്പർ 49,
മാർച്ച് 4, 1923
ഒപ്പ്: ലെനിൻ

കലക്റ്റഡ് വർക്സ്,
വോ: 33, പേ: 487 89

## എൻ. കെ. ക്രൂപ്സ്കയ ഇല്ലിച്ചിന്നു പ്രിയപ്പെട്ട പുസ്തകങ്ങൾ

ഇല്ലിച്ചിനെ എനിയ്ക്കു പരിചയപ്പെടുത്തിത്തന്ന സഖാവ്, ഇല്ല്യച്ച് ഒരു ശാസ്ത്രമനോഗതിക്കാരനാണ്, ശാസ്ത്രപുസ്തകങ്ങൾ മാത്രമെ വായിയ്ക്കാറുള്ളു, ഒററ നോവൽപോലും വായിച്ചിട്ടില്ല, ഒരിയ്ക്കലും കവിത വായിയ്ക്കാറുമില്ല എന്നൊക്കെ എന്നോട് പറഞ്ഞിരുന്നു. എന്നെ ആശ്ചര്യപ്പെടുത്തിയ ഒരു സംഗതിയാണിതു്. എൻെറ ചെറുപ്പത്തിൽ പ്രാക്തനഗ്രന്ഥങ്ങൾ ഏതാണ്ടു് മുഴുവൻ ഞാൻ വായിച്ചിരുന്നു; ലെർമോൺടോവ് എനിയ്ക്കു മനഃപാഠമായിരുന്നു; ചെർനിഷേവ്സ്കി, ലിയോടോൾസ്റ്റോയ്, ഉസ്പെൻസ്കി തുടങ്ങിയ സാഹിത്യകാരന്മാർ മിക്കവാറും എൻെറ ജീവിതത്തിൻെറ ഒരു ഭാഗമായിത്തീർന്നിരുന്നു. ഇതിലൊന്നും ലേശവും താല്പര്യമില്ലാത്ത ഒരാളാണല്ലോ ഇല്ലിച്ച് എന്നതു് എനിയ്ക്കു് അസാധാരണമായി തോന്നി.

പിന്നീട്ട് ഒന്നിച്ചു ജോലിചെയ്തു് ഇല്ലിച്ചിനെ കൂടുതൽ അടുത്തറിയുവാൻ എനിയ്ക്കു സന്ദർഭം ലഭിച്ചു. ആളുകളെ മനസ്സിലാക്കുന്നതിലും ജീവിതത്തെക്കുറിച്ചും ജനങ്ങളെക്കുറിച്ചും പഠിയ്ക്കുന്നതിലും അദ്ദേഹത്തിന്നുള്ള നിഷ്കർഷയും പാടവവും കണ്ടപ്പോൾ ജനങ്ങളുടെ ജീവിതത്തെക്കുറിച്ചു് ഒരു പുസ്തകവും ഒരിയ്ക്കലും വായിയ്ക്കാത്ത ആളുടെ പ്രതിച്ഛായ മങ്ങി ജീവിക്കുന്ന സാക്ഷാൽ ഇല്ലിച്ചു് എന്റെ മനസ്സിൽ സ്ഥലം പിടിച്ചു.

സംഭവബഹുലതകൾക്കിടയിൽ ഇക്കാര്യത്തെക്കുറിച്ചു് ഞങ്ങൾ ചർച്ചചെയ്യുകയുണ്ടായില്ല. പിൽക്കാലത്തു് നാടുകടത്തപ്പെട്ടു് സൈബീരിയയിൽ താമസിയ്ക്കുമ്പോഴാണു് എന്നെപ്പോലെ തന്നെ ഇല്ലിച്ചും പ്രാക്തനസാഹിത്യമെല്ലാം വായിച്ചിരുന്നുവെന്നും ടർജിനേവിന്റെ ഗ്രന്ഥങ്ങൾ വായിയ്ക്കുക മാത്രമല്ല വീണ്ടും വീണ്ടും വായിച്ചിരുന്നുവെന്നും എനിയ്ക്കു മനസ്സിലായതു്. പുഷ്കിന്റെയും, ലെർമോൺടോവിന്റെയും, നെക്രാസോവിന്റെയും സാഹിത്യകൃതികൾ സൈബീരിയയിലേയ്ക്കു് ഞാൻ കൂടെ കൊണ്ടുപോയിരുന്നു. ഇല്ലിച്ചു തന്റെ കിടക്കയ്ക്കരികെ ഹെഗലിന്റെ ഗ്രന്ഥങ്ങൾക്കടുത്തു് അവ അടുക്കിവച്ചു; സന്ധ്യാവേളകളിൽ പതിവായി വീണ്ടും വീണ്ടും അവയെടുത്തു് വായിയ്ക്കുകയും ചെയ്തു. പുഷ്കിന്റെ കൃതികളിലാണു് ഇല്ലിച്ചിന്നു് ഏററവുമധികം പ്രിയം തോന്നിയതു്, ഭാഷാചാതുരിയും കഥനപാടവവും മാത്രമല്ല അദ്ദേഹത്തെ ആകർഷിച്ചതു്. ഉദാഹരണത്തിന്നു്, ചെർനിഷേവ്സ്കിയുടെ "എന്താണു് ചെയ്യേണ്ടതു്" എന്ന പുസ്തകം അദ്ദേഹത്തിന്നു് വലിയ ഇഷ്ടമായിരുന്നു. അതിന്റെ അകൃത്രിമരചന വലിയൊരു കാര്യമായി അദ്ദേഹം കണ്ടില്ല. എത്ര ശ്രദ്ധയോടുകൂടിയാണു് അദ്ദേഹം ആ പുസ്തകം വായിച്ചതെന്നും അതിലെ സുന്ദരഭാഗങ്ങൾ ചികഞ്ഞെടുത്തതെന്നും കണ്ടു് ഞാനത്ഭുതപ്പെട്ടു. ചെർനിഷേവ്സ്കിയെ ഇല്ലിച്ചിന്നു് വലിയ ആദരവായിരുന്നു എന്നു് കൂട്ടത്തിൽ പറഞ്ഞു

കൊള്ളട്ടെ. തന്റെ സൈബീരിയൻ ആൽബത്തിൽ ചെർനി ഷേവ്സ്കിയുടെ രണ്ടു ഫോട്ടോകൾ ഇല്ലിച്ച് സൂക്ഷിച്ചിരുന്നു: ജനിച്ച തിയ്യതിയും മരിച്ച തിയ്യതിയും അതിലൊന്നിൽ കുറിച്ചിടുകയും ചെയ്തിരുന്നു. എമിലിസോള, റഷ്യൻസാഹിത്യകാരന്മാരായ ഹെർസൻ, പിസറോവ് എന്നിവരുടെ ഫോട്ടോകളും പ്രസ്തുത ആൽബത്തിൽ ഉണ്ടായിരുന്നു. ഒരിടയ്ക്കു് പിസറോവിന്റെ പുസ്തകങ്ങളിൽ താല്പര്യംതോന്നി അതെല്ലാം ഇല്ലിച്ച് വായിയ്ക്കുകയുണ്ടായി. ഗെഥെയുടെ "ഫാസ്റ്റ്", ഹെയ്നിയുടെ കവിതാസമാഹാരം എന്നീ രണ്ടു പുസ്തകങ്ങൾ ജർമ്മൻഭാഷയിലും സൈബീരിയയിൽ ഞങ്ങളുടെ കൈവശമുണ്ടായിരുന്നു.

പ്രവാസം കഴിഞ്ഞു് മോസ്കോവിൽനിന്നു് തിരിച്ചെത്തിയപ്പോൾ ഇല്ലിച്ച് തിയറററിൽ പോയി "ദെർ കട്സ്വെർഹെൻഷെൽ" കാണുകയുണ്ടായി. തനിയ്ക്കതു് വളരെ രസിച്ചു എന്നാണു് അതിനെപ്പററി ഇല്ലിച്ച് പിന്നീടു് പറഞ്ഞതു്.

മ്യൂണിച്ചിലായിരുന്ന കാലത്തു് ഇല്ലിച്ചിന്നു് ഏററവുമധികം ഇഷ്ടപ്പെട്ടിരുന്ന പുസ്തകങ്ങൾ ഗെർഹാർട്ടിന്റെ "ബെയ്മാമയും", പൊളെൻസിന്റെ "ബട്ടനർ ബാവറും" ആയിരുന്നു എന്നാണു് എന്റെ ഓർമ്മ. 1848-ലെ വിപ്ലവത്തെ അധികരിച്ചു് വിക്ടർ യൂഗോ എഴുതിയ "ചാററിമെൻസ്" എന്ന കൃതി വായിയ്ക്കുന്നതിൽ ഇല്ലിച്ചിന്നു് പാരീസിലെ തന്റെ രണ്ടാമത്തെ പ്രവാസകാലത്തു് വലിയ കൌതുകമായിരുന്നു. യൂഗോ പ്രസ്തുത കൃതി രചിച്ചതു് ഫ്രാൻസിന്നു് വെളിയിൽവെച്ചാണു്. കോപ്പികൾ ഫ്രാൻസിന്നുള്ളിലേയ്ക്കു് ഒളിച്ചുകടത്തിക്കൊണ്ടാണു് ആളുകൾ വായിച്ചിരുന്നതു്. വാചാടോപങ്ങൾക്കിടയിൽക്കൂടി ആ കൃതിയിൽ വിപ്ലവത്തിന്റെ വായു നമുക്കു് ശ്വസിയ്ക്കാൻ കഴിയും. പാരീസിന്റെ പരിസരങ്ങളിലുള്ള ഹോട്ടലുകളും തിയേററുകളും സന്ദർശിച്ചു് വിപ്ലവഗാനങ്ങൾ കേട്ടുകൊണ്ടിരിയ്ക്കുക

ഇല്ലിച്ചിന്നു് രസമുള്ള ഒരു കാര്യമായിരുന്നു. തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ആ പ്രദേശങ്ങളിലെ വിപ്ലവഗാനങ്ങൾ എല്ലാ ജീവിതപ്രശ്നങ്ങളേയും സ്പർശിച്ചിരുന്നു, മത്തുപിടിച്ച കൃഷിക്കാർ സഞ്ചാരിയായ ഒരു പ്രക്ഷോഭകാരിയെ ഡെപ്യൂട്ടികളുടെ ചേംബറിലേയ്ക്കു് തിരഞ്ഞെടുത്തയച്ച കഥ, കട്ടികളെ വളർത്തുന്ന രീതി, തൊഴിലില്ലായ്മയുടെ ആധിക്യം—എല്ലാം ഗാനങ്ങൾക്കു് വിഷയമായിരുന്നു. ഒരു കമ്യൂൺ നേതാവിന്റെ മകനും തൊഴിലാളികേന്ദ്രങ്ങളിൽ സുസമ്മതനും ആയിരുന്ന മോൺടിഗസ്സിന്റെ പാട്ടുകൾ ഇല്ലിച്ചിന്നു് വളരെ ഇഷ്ടമായിരുന്നു. അയാളുടെ പാട്ടുകൾക്കു് പ്രത്യയശാസ്ത്രത്തിന്റെ മേന്മ യാതൊന്നും ഉണ്ടായിരുന്നില്ല. പക്ഷേ ജീവിതസൌരഭ്യം ആ പാട്ടുകളിൽ ഊറിക്കൊണ്ടിരുന്നു; മനസ്സു് കവരുവാൻ ആ പാട്ടുകളിൽ എന്തൊക്കെയോ ഉണ്ടായിരുന്നു. പണിമുടക്കിയിരുന്ന തൊഴിലാളികളുടെ നേരെ വെടിവെയ്ക്കാൻ കൂട്ടാക്കാതിരുന്ന പതിനേഴാം പട്ടാളവിഭാഗത്തെ അഭിവാദ്യംചെയ്തുകൊണ്ടു മൊൺടിഗസ് എഴുതിയിരുന്ന പാട്ടു് ഇല്ലിച്ചു് ഹൃദിസ്ഥമാക്കുകയും ഇടയ്ക്കിടെ മൂളിക്കൊണ്ടു നടക്കുകയുംചെയ്തിരുന്നു. പാരീസിലെ റഷ്യക്കാർ നൽകിയ ഒരു സായാഹ്നസല്ക്കാരത്തിൽ ഇല്ലിച്ചും മോൺടിഗസ്സും ഗാഢമായ സംഭാഷണങ്ങളിൽ ഏർപ്പെട്ടതായി ഞാൻ കണ്ടു. സ്വഭാവത്തിലും ആശയഗതിയിലും ഇത്രയ്ക്കും വ്യത്യസ്തരായ അവർ രണ്ടുപേർ (യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ മൊൺടിഗസ് വികസനവാദികളുടെ കൂടെച്ചേരുകയാണുണ്ടായതു്) ലോകവിപ്ലവത്തെക്കുറിച്ചു സ്വപ്നംകാണുന്നതു് അസാധാരണമായ ഒരു കാഴ്ചയായിരുന്നു. എന്നാൽ പലപ്പോഴും അങ്ങനെയൊക്കെ സംഭവിക്കുന്നുണ്ടു്. തെല്ലും പരിചയമില്ലാത്ത ഒരാളെ യാത്രയ്ക്കിടയിൽ തീവണ്ടിമുറിയിൽ നിങ്ങൾ കണ്ടുമുട്ടുന്നു; തീവണ്ടിച്ചക്രങ്ങളുടെ ഘടഘടാരവങ്ങൾക്കിടയിൽ നിങ്ങൾ മുമ്പൊരിക്കലും ആരോടും പറയാത്ത

സംഗതികൾ വളരെ ഗൗരവമായി അയാളോടു പറയുന്നു; തമ്മിൽ പിരിയുന്നു, പിന്നെ കണ്ടുമുട്ടുന്നതേയില്ല. അങ്ങനെയൊന്നാണു് ഇവിടെയും സംഭവിച്ചതു്, മാത്രമല്ല, അവരുടെ സംഭാഷണം ഫ്രഞ്ചു് ഭാഷയിലായിരുന്നു; സ്വപ്നംകാണാൻ സൗകര്യം സ്വന്തം ഭാഷയിലേക്കാളധികം അന്യഭാഷയിലാണല്ലോ. ദിവസത്തിൽ രണ്ടുമൂന്നിക്കൂർ തൂപ്പുവേലയ്ക്കായി ഒരു ഫ്രഞ്ചു് സ്ത്രീ ഞങ്ങളുടെ വീട്ടിൽ വന്നുകൊണ്ടിരുന്നു. ആൽസെയിസ് പ്രദേശത്തെക്കുറിച്ചൊരു പാട്ടു് ഒരിയ്ക്കൽ അവൾ പാടുന്നതു് ഇല്ലിച്ച് കേട്ടു. ആവർത്തിച്ചു പാടാൻ ഇല്ലിച്ച് അവളോടാവശ്യപ്പെടുകയും ആ പാട്ടു് ഹൃദിസ്ഥമാക്കി ഇടക്കിടെ സ്വന്തമായി പാടിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു: പാട്ടിന്റെ പല്ലവി ഏതാണ്ടിങ്ങനെയായിരുന്നു:
"ആൽസെയിസും, ലൊറൈനും നിങ്ങൾ പെട്ടിപ്പിടിച്ചതു് ശരി, പക്ഷെ ഫ്രഞ്ചുകാരായിത്തന്നെ ഞങ്ങൾ തുടരും. ഞങ്ങളുടെ വയലുകൾ ജർമ്മൻ ആധിപത്യത്തിലായേക്കാം. പക്ഷെ ഞങ്ങളുടെ ഹൃദയങ്ങൾ ഒരിയ്ക്കലും നിങ്ങൾക്കു കീഴ്പ്പെടുകയില്ല."

ഇതെല്ലാം നടന്നതു് 1908ലാണു്. പിന്തിരിപ്പന്മാരുടെ വാഴ്ചയിൽ പാർട്ടി പരാജയപ്പെട്ടുകിടക്കുകയായിരുന്നു. പക്ഷെ വിപ്ലവവീര്യം പാർട്ടിക്കു് നഷ്ടപ്പെട്ടിരുന്നില്ല. ആ ഫ്രഞ്ചു്ഗാനം ഇല്ലിച്ചിന്റെ അന്നത്തെ മനോഗതിക്കു് തികച്ചും യോജിച്ചതായിരുന്നു.

എത്ര വികാരോജ്ജ്വലമായിട്ടാണു് ഇല്ലിച്ച് പാടിയിരുന്നതെന്നു അതു കേട്ടവർക്കുമാത്രമെ അറിയാവൂ. പാരീസിലെ ആ പ്രവാസകാലത്തെക്കുറിച്ചു വളരെ ശോകാകുലമായിട്ടാണു് ഇല്ലിച്ച് എപ്പോഴും പറഞ്ഞിട്ടുള്ളതു് ("എന്തിന്നു് ജനീവവിട്ടു് നമ്മൾ പാരീസിലേക്കു് പോയി?" എന്നു് മുമ്പു പലപ്പോഴും ചോദിക്കാറുള്ളതു് റഷ്യയിൽ തിരിച്ചെത്തിയതിന്നുശേഷവും ഇല്ലിച്ച് ആവർത്തിച്ചിരുന്നു.) ദുർഘടംപിടിച്ച അക്കാലം മുഴുവൻ—മൊൺ

ദ്യോഗസ്ഥമായി സംസാരിക്കുമ്പോഴായാലും, ആൽസേസിനെക്കുറിച്ചുള്ള ആ ഗാനം ആവേശഭരിതമായി പാടുമ്പോഴായാലും, ഉറക്കമില്ലാത്ത രാത്രികളിൽ വേർഹാൺ വായിച്ചുകിടക്കുമ്പോഴായാലും— സ്വപ്നത്തിലും മനോരാജ്യത്തിലുമാണ് ഇല്ലിച്ച് കഴിച്ചുകൂട്ടിയിരുന്നതു്.

പിൽക്കാലത്തു് യുദ്ധം തുടങ്ങിയപ്പോൾ ബാർബോസ്സെയുടെ 'ലാഫേ'എന്ന പുസ്തകം ഇല്ലിച്ചിനെ അത്യധികം ആകർഷിച്ചു. തന്റെ മനോഗതിക്കു് ഏററവുമധികം യോജിച്ച വളരെ പ്രധാനപ്പെട്ട ഒരു പുസ്തകമായിട്ടാണ് ഇല്ലിച്ച് അതിനെ കണക്കാക്കിയതു്.

നന്ന അപൂർവ്വമായേ ഇല്ലിച്ച് തിയേററർ സന്ദർശിച്ചിരുന്നുള്ളു. അത്യാവശ്യം ചിലപ്പോഴൊക്കെ പോയാൽതന്നെ കഥയിലെ കൃത്രിമത്വവും അഭിനയത്തിലെ കൊള്ളരുതായ്മകളും ഇല്ലിച്ചിനെ ശുണ്ഠിപിടിപ്പിച്ചിരുന്നു. മിക്കപ്പോഴും ആദ്യരംഗം കഴിഞ്ഞാൽ ഞങ്ങൾ മടങ്ങിപ്പോരാറാണ് പതിവു്. എന്തിന്നു് പണം പാഴാക്കുന്നു എന്നു മററു സഖാക്കൾ പലപ്പോഴും ഞങ്ങളെ കളിയാക്കാറുണ്ടു്.

ഒരവസരത്തിൽ നാടകംമുഴവൻ ഇല്ലിച്ച് ഇരുന്നുകാണുകയുണ്ടായി. 1915ൽ, ബെർണ്ണിയിൽ, ടോൾസ്റ്റോയിയുടെ "ജീവിക്കുന്ന ശവം" എന്ന നാടകമായിരുന്നു അതു് എന്നാണ് എന്റെ ഓർമ്മ. ജർമ്മൻഭാഷയിലായിരുന്നുവെങ്കിലും നാടകത്തിൽ രാജാവിന്റെ ഭാഗം അഭിനയിച്ചതു് ഒരു റഷ്യക്കാരനായിരുന്നു. ടോൾസ്റ്റോയിയുടെ മനോധർമ്മാതികച്ചും ആവിഷ്കരിക്കുവാൻ ആ നടനു കഴിഞ്ഞു. ആവേശത്തോടും രോമാഞ്ചത്തോടുംകൂടി നാടകത്തിലെ ചെറുദൃശ്യങ്ങൾപോലും ഇല്ലിച്ച് ശ്രദ്ധിച്ചു് വീക്ഷിച്ചു.

വിപ്ലവത്തിന്നശേഷം റഷ്യയിലെ പുതിയ കലാരൂപങ്ങൾ ദുർഗ്രഹങ്ങളും അന്യങ്ങളുമായിട്ടാണു് ഇല്ലിച്ചിന്ന തോന്നിയിരുന്നതു്. ഒരിക്കൽ ക്രെംലിനിൽ ചുകപ്പുസേനയിലെ ഭടന്മാൎക്കായുള്ള ഒരു കൺസർട്ടിന്നു് ഞങ്ങളെ ക്ഷണിക്കുകയുണ്ടായി. മുൻവരിയിലുള്ള സീററിൽ കൊണ്ടുചെന്നിരുത്തി. സോവിസ്കായാ എന്ന നടി പെട്ടെന്ന സ്റ്റേജിൽ പ്രത്യക്ഷപ്പെട്ടു് മയക്കോസ്കിയുടെ കാവ്യത്തിൽനിന്ന ഏതാനും വരികൾ സൎവ്വാംഗചേഷ്ടകളോടുകൂടി പാടിത്തുടങ്ങിയപ്പോൾ ഇല്ലിച്ചിന്നു് വല്ലാത്ത വല്ലായ്മ തോന്നി. ആ വരികളുടെ അൎത്ഥമൊന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല. സോവിസ്കായാ രംഗത്തുനിന്നമാറി പകരം പുതിയൊരു നടൻവന്ന ചെക്കോവിൻെറ 'ദുർവൃത്തൻ' എന്ന കാവ്യത്തിൽനിന്നു് പാടാൻതുടങ്ങിയപ്പോൾ ഇല്ലിച്ചിന്നു് ആശ്വാസമായി.

യുവജനങ്ങളുടെ കമ്യൂൺജീവിതം എങ്ങനെയിരിക്കുന്നു എന്നു് നേരിട്ടു നോക്കിക്കാണുന്നതിന്നായി ഒരു സായാഹ്നത്തിൽ ഇല്ലിച്ചു് പുറപ്പെട്ടു. ഞങ്ങളുടെ യുവസ്നേഹിതൻ വരിയ ആർമൺടു താമസിച്ചിരുന്ന കലാവിദ്യാൎത്ഥികളുടെ കമ്യൂൺ സന്ദൎശിക്കാനാണു ഞങ്ങൾ തീൎച്ചപ്പെടുത്തിയിരുന്നതു്. 1921ൽ ക്രോപോട്കിൻെറ ശവസംസ്കാരം നടന്ന ദിവസമാണു് ഈ സന്ദൎശനം ഉണ്ടായതെന്ന തോന്നുന്നു. ഭക്ഷ്യധാന്യങ്ങൾക്കു നന്നെ ക്ഷാമമായ ഒരു കൊല്ലമായിരുന്ന അതു്. എന്നിരിയ്ക്കിലും കമ്യൂണിലെ അന്തേവാസികളായ യുവജനങ്ങൾ ഉത്സാഹഭരിതരായിരുന്നു. വിരിയ്ക്കാനൊന്നുമില്ലാതെ വെറും പലകകളിന്മേലാണു് അവർ കിടന്നുറങ്ങിയിരുന്നതു്. റൊട്ടിയോ, ഉപ്പുപോലുമോ വേണ്ടത്ര അവൎക്കു കിട്ടിയിരുന്നില്ല. "എന്നാൽ ആവശ്യമുള്ളത്ര ധാന്യം ഞങ്ങൾക്കു് കിട്ടിയിട്ടുണ്ടു്" എന്നാണു് കമ്യൂണിലെ ഒരംഗം പ്രസന്നവദനനായി ഞങ്ങളോടു പറഞ്ഞതു്. ഈ ധാന്യംകൊണ്ടു് നല്ലൊരു പായസമുണ്ടാക്കി അവർ ഇല്ലിച്ചിനെ സല്ക്കരിച്ചു. ചുററും തിങ്ങിക്കൂടിയ

ബാലികാബാലന്മാരുടെ തിളങ്ങുന്ന കണ്ണുകളും പ്രസരിപ്പുള്ള മുഖഭാവങ്ങളും ഇല്ലിച്ച് നോക്കിനിന്നു. സന്തോഷംകൊണ്ടു ഇല്ലിച്ചിന്റെ മുഖം വികസിച്ചു. തങ്ങൾ വരച്ച അകൃതിമചിത്രങ്ങൾ അവർ ഇല്ലിച്ചിന്നു് കാണിച്ചു് അവയുടെ അർത്ഥം വിവരിച്ചുകൊടുത്തു. ചോദ്യംകൊണ്ടു് ഇല്ലിച്ചിനെ അവരഭിഷേകംചെയ്തു. ഇല്ലിച്ച് മന്ദഹസിച്ചു്, നേരിട്ടു് മറുപടിപറയാൻനില്ക്കാതെ അങ്ങോട്ടു ചോദിക്കാൻതുടങ്ങി. "എന്തൊക്കെയാണു് നിങ്ങൾ വായിക്കുന്നതു്? പുഷ്കിന്റെ കൃതികൾ വായിക്കാറുണ്ടോ?" ഒരാൾ മറുപടി പറഞ്ഞു: "പുഷ്കിൻ ബൂർഷ്വായല്ലെ, അതു് ഞങ്ങൾ വായിക്കാറില്ല; മയക്കോവ്സ്കിയുടെ പുസ്തകങ്ങളാണു് ഞങ്ങൾ വായിക്കുന്നതു്." ഇല്ലിച്ച് പുഞ്ചിരിച്ചു പറഞ്ഞു: "എന്റെ അഭിപ്രായത്തിൽ പുഷ്കിനാണു ഭേദം."മയക്കോവ്സ്കിയെക്കുറിച്ചു അനുകൂലമായിട്ടാണു് ഇല്ലിച്ച് പിന്നീടു് പറയാറുള്ളതു്. ചൈതന്യവും ഉത്സാഹവുംനിറഞ്ഞ ചെറുപ്പക്കാരായ ആ കലാവിദ്യാർത്ഥികൾ സ്വന്തം ആശയങ്ങൾ ആവിഷ്കരിക്കാൻ ഭാഷകിട്ടാതെ മയക്കോവിസ്കിയുടെ കവിതകളെ ആശ്രയിച്ചിരുന്നതു ആ കവിയെപ്പററി പറയുമ്പോഴെല്ലാം ഇല്ലിച്ച് ഓർമ്മിച്ചിരുന്നു. സോവ്യററ് ഉദ്യോഗസ്ഥമേധാവിത്വം വരുത്തുന്ന കാലതാമസത്തെ അപഹസിച്ചുകൊണ്ടു് മയക്കോവിസ്കി എഴുയിയിട്ടുള്ള വരികളെ ഇല്ലിച്ചും ഒരിയ്ക്കൽ പരസ്യമായി വാഴ്ത്തിപ്പറയുകയുണ്ടായി. യുദ്ധത്തെക്കുറിച്ചു് ഇലിയ എഹ്രൻബർഗ്ഗ് എഴുതിയിട്ടുള്ള നോവൽ ഇല്ലിച്ച് അക്കാലത്തു് ഏററവുമധികം ഇഷ്ടപ്പെട്ടിരുന്ന പുസ്തകങ്ങളിൽ ഒന്നാണു്. "ഷാഗിയുടെ (എഹ്രിൻബർഗ്ഗിനെ അങ്ങനെയാണു് വിളിച്ചിരുന്നതു്) ആ പുസ്തകം ഒന്നാംതരം ഒരു കലാസൃഷ്ടിയാണു" എന്നു് ഇല്ലിച്ച് അഭിമാനത്തോടുകൂടി പറഞ്ഞിരുന്നു.

ഇടയ്ക്കിടെ ഞങ്ങൾ ആർട്ട്തിയേററർ സന്ദർശിക്കാറുണ്ടു്. "പ്രളയം" എന്ന നാടകം ഇല്ലിച്ചിന്നു് വളരെയേറെ രസിച്ചു. പിറേറന്നു് ഗോർക്കിയുടെ "അടിയാഴങ്ങൾ" എന്ന നാടകവും ഞ

ങ്ങൾക്കു കാണാൻകഴിഞ്ഞു. പാർട്ടിയുടെ ലണ്ടൻകോൺഗ്രസ്സിൽ വെച്ചു് ഇല്ലിച്ചു് ഗോർക്കിയുമായി അടുത്തു പരിചയമായി. ഒരു മനുഷ്യനെന്ന നിലയിൽ ഗോർക്കി ഇല്ലിച്ചിനെ അത്യധികം ആകർഷിച്ചു. ഒരു കലാകാരനെന്ന നിലയിലും ഗോർക്കിയോടു് ഇല്ലിച്ചിന്നു് ആദരവായിരുന്നു. പെട്ടെന്നു കാര്യങ്ങൾ ഗ്രഹിച്ചു് കലയിൽ പകർത്തുവാനുള്ള ഗോർക്കിയുടെ കഴിവിനെ ഇല്ലിച്ചു് പ്രശംസിച്ചു. ഗോർക്കിയോടു് സംഗതികൾ എപ്പോഴും തുറന്നുസംസാരിക്കുക ഇല്ലിച്ചിൻെറ പതിവായിരുന്നു. ഉന്നതമായ ഒരു നിലവാരമാണു് ഗോർക്കിയുടെ കലാസൃഷ്ടികളിൽനിന്നു് ഇല്ലിച്ചു് പ്രതീക്ഷിച്ചിരുന്നതു്. എന്നാൽ "അടിയാഴത്തിലെ" അതിരുകവിഞ്ഞ അഭിനയം ഇല്ലിച്ചിന്നു വിരസമായി തോന്നി. പിന്നീടു് കുറേകാലത്തേക്കു് ഇല്ലിച്ചു് തിയേററിൽ പോകാതായി. ഞങ്ങൾ രണ്ടുപേരും പിന്നീടു് ഒരവസരത്തിൽ ചെക്കോവിൻെറ "വാനിയ അമ്മാമൻ" കാണാൻപോയി. ഇല്ലിച്ചിന്നു അതു വളരെ പിടിച്ചു. അവസാനമായി 1922ൽ, ഞങ്ങൾ ഒരു തീയററിൽ പോയതു് ഡിക്കൻസിൻെറ "അടുക്കളപ്പുറത്തെ ക്രിക്കററ്" എന്ന നോവലിൻെറ നാടകരൂപം കാണാനാണു്. ആദ്യരംഗം കണ്ടപ്പോൾതന്നെ ഇല്ലിച്ചിന്നു് അതു് വളരെ മുഷിപ്പനായി തോന്നി. കഥയുടെ മദാലസ്യത അദ്ദേഹത്തെ വെറുപ്പിച്ചു. വൃദ്ധനായ കളിക്കോപ്പനിർമ്മാതാവും അയാളുടെ അന്ധയായ മകളുംതമ്മിലുള്ള സംഭാഷണം കേട്ടപ്പോൾ ഇല്ലിച്ചു് ക്ഷമനശിച്ചു് തിയേററിൽനിന്നു് പുറത്തു കടന്നു.

അവസാനത്തെ ഏതാനും മാസങ്ങളിൽ ഇല്ലിച്ചിൻ്റെ ഇംഗിതമനുസരിച്ചു പതിവായി വൈകുന്നേരം ഞാനദ്ദേഹത്തെ നോവലുകൾ വായിച്ചുകേൾപ്പിച്ചിരുന്നു. ഷെഡ്രിൻ്റെ പുസ്തകങ്ങളും ഗോർക്കിയുടെ "എൻ്റെ സർവ്വകലാശാലകൾ" എന്ന ആത്മകഥയും ഞാനദ്ദേഹത്തിന്നു് വായിച്ചുകൊടുത്തു. കവിത വായിച്ചുകേൾ

ക്കാനും ഇല്ലിച്ചിന്നു് ഇഷ്ടമായിരുന്നു. ദെമിയാൻബെഡ്നി യുടെ അപഹാസങ്ങളെക്കാളധികം ഇതിവൃത്തകഥനം അദ്ദേഹം ഇഷ്ടപ്പെട്ടു.

കവിത വായിച്ചുകേൾക്കുന്നതിന്നിടയിൽ പലപ്പോഴും അദ്ദേഹം ജാലകം തുറന്നു പടിഞ്ഞാറു് അസ്തമയശോഭ നോക്കിക്കൊണ്ടിരിക്കും. "കമ്യൂണിസ്റ്റുകാർ ഒരിയ്ക്കലും, ഒരിയ്ക്കലും അടിമകളാവുകയില്ല" എന്നവസാനിയ്ക്കുന്ന കവിതകൾ വായിച്ചുകൊണ്ടിരുന്നതു് ഞാനിപ്പോഴും ഓർമ്മിക്കുകയാണു്. ഇല്ലിച്ചിന്നു് ഒരു പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്ന മാതിരിയാണു് ഞാൻ വായിച്ചിരുന്നതു്. വിപ്ലവത്തിന്റെ ഒരൊററ നേട്ടംപോലും ഒരുകാലത്തും ഞങ്ങൾ അടിയറവെക്കുകയില്ല....

മരിയ്ക്കുന്നതിന്നു രണ്ടുദിവസം മുൻപു് ജാക്കു്ലണ്ടന്റെ ഒരു കഥ ഞാൻ ഇല്ലിച്ചിനെ വായിച്ചുകേൾപ്പിച്ചു. "ജീവിതസ്നേഹം" എന്ന ആ പുസ്തകം ഇപ്പോഴും മേശപ്പുറത്തു് കിടക്കുകയാണു്. ഉജ്ജ്വലമായൊരു കഥയാണതു്. മനുഷ്യൻ ഒരിയ്ക്കലും കാലുകുത്തിയിട്ടില്ലാത്ത ഹിമപ്രാന്തങ്ങളിൽക്കൂടി ഒരാൾ വിശന്നു വലഞ്ഞു ഒരു നദിയുടെ പാലത്തെ ലക്ഷ്യമാക്കി നടക്കുകയാണു്. അയാളുടെ കരുത്തു മുഴുവനും അവസാനിച്ചിരിയ്ക്കുന്നു; നടക്കുകയല്ല, ഇഴയുകയാണു് അയാൾ ചെയ്യുന്നതു്. തൊട്ടുപിന്നിൽ അതുപോലെ അവശതയിലും പട്ടിണിയിലും ഒരു ചെന്നായും ഇഴഞ്ഞെത്തുന്നുണ്ടു്. ചെന്നായും മനുഷ്യനും തമ്മിൽ നടക്കുന്ന മൽപിടുത്തത്തിൽ മനുഷ്യൻ ജയിയ്ക്കുന്നു. പകുതി മരിച്ചു്, പകുതി ജയിച്ചു് അയാൾ ഉദ്ദിഷ്ടസ്ഥാനത്തെത്തുന്നു. ഈ കഥ ഇല്ലിച്ചിനെ ആവേശഭരിതനാക്കി. പിറേറന്നു് ജാക്കു്ലണ്ടന്റെ മറെറാരു കഥ വായിയ്ക്കാൻ ഇല്ലിച്ചു് എന്നോടാവശ്യപ്പെട്ടു. പക്ഷെ ജാക്കു്ലണ്ടൻ ഉജ്ജ്വലങ്ങളായ കഥകളോടൊപ്പം അതിദുർബ്ബലങ്ങളായ കഥകളും എഴുതിയിട്ടുണ്ടു്. രണ്ടാമത്തെ കഥ

തികച്ചും വ്യത്യാസപ്പെട്ട ഒന്നായിരുന്നു—ബൂർഷ്വാസദാചാരങ്ങൾ പ്രചരിപ്പിയ്ക്കുന്ന ഒരു കഥ. തന്നെ ഏല്പിച്ച ധാന്യം നല്ല വിലക്കു് വിററു മടങ്ങിയെത്താമെന്നു് കപ്പലുടമയ്ക്കു വാക്കു കൊടുത്ത കപ്പിത്താൻ വാക്കുപാലിക്കുന്നതിനിടയിൽ മൃതിയടയുന്നതാണു് കഥ. ഇല്ലിച്ചു് ചിരിച്ചു് കൈ ആട്ടിക്കൊണ്ടു് വിലക്കി.

അന്നു് അവസാനമായിട്ടാണു് ഞാൻ ഇല്ലിച്ചിനെ വായിച്ചു കേൾപ്പിച്ചതു്.

ലെനിനെപ്പററിയുള്ള അനുസ്മരണങ്ങൾ.
അദ്ദേഹത്തിൻെറ ബന്ധുക്കൾ എഴുതിയതു്.
മോസ്കോ 1956, പേജ് 201-07

## ക്ലാരാ സെറ്റ്കിൻ

### ലെനിനെക്കുറിച്ചുള്ള അനുസ്മരണകൾ

### (ഏതാനും ഭാഗങ്ങൾ)

ഞങ്ങൾ മൂന്നു സ്ത്രീകൾ കലയെക്കുറിച്ചും, വിദ്യാഭ്യാസത്തെക്കുറിച്ചും, കുട്ടികളെ വളർത്തുന്നതിനെക്കുറിച്ചും തിരക്കിട്ടു സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണ് ലെനിൻ അവിടെ വന്നതു്. ബോൾഷെവിക്കുകാർ നടത്തുന്ന അനന്യാദൃശവും ദൂരവ്യാപകവുമായ സാംസ്കാരികപ്രവർത്തനങ്ങൾ, രാജ്യത്തുടനീളം വളർന്നുകൊണ്ടിരിക്കുന്ന സർഗ്ഗാത്മകശക്തികൾ, കലാപരമായും, വിദ്യാഭ്യാസപരമായും വെട്ടിത്തുറക്കുന്ന പുതിയ പന്ഥാവുകൾ—ഇതിനെപ്പററിയെല്ലാം അത്ഭുതത്തോടും മതിപ്പോടുംകൂടി ഞാൻ സംസാരിക്കുകയായിരുന്നു. എന്നാൽ എനിക്ക് കാണാൻ സാധിച്ചേടത്തോളം കുറെയൊക്കെ തപ്പിത്തടഞ്ഞതാണ് ബോൾഷെവിക്കുകാർ

മുന്നോട്ടുപോകുന്നതെന്നും, അഭ്യൂഹങ്ങളുടെയും പരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിലാണ് മിക്ക സംഗതികളും നടക്കുന്നതെന്നും. പുതിയ കലാരൂപങ്ങളും, രീതികളും, തന്ത്രകളും കണ്ടെത്തുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ പാശ്ചാത്യമാതൃകകളും ബൂർഷ്വാനിലവാരങ്ങളും അന്ധമായി അനുകരിക്കുന്നതിനുള്ള ഒരു വാസന ചിലേടത്തൊക്കെ പ്രകടമാണെന്നും ഞാൻ പറയാതിരുന്നില്ല. ലെനിൻ വലിയ താല്പര്യത്തോടുകൂടി ഞങ്ങളുടെ സംഭാഷണങ്ങളിൽ പങ്കുചേർന്നു.

"പുതിയ ശക്തികൾ ഉണർത്തിവിട്ട് സോവിയറ്റ് റഷ്യയിൽ പുതിയൊരു കലയും സംസ്കാരവും കെട്ടിപ്പടുക്കുന്നതിനുള്ള പരിശ്രമങ്ങൾ നല്ലതാണ്. വളരെ നല്ലതാണ്. ചുഴലിക്കാറ്റിന്റെ വേഗത്തിലാണ് സംഗതികൾ നീങ്ങുന്നതെന്നു മനസ്സിലാക്കുവാൻ സാധിക്കും, ഒരുവിധത്തിൽ അതു് പ്രയോജനകരവുമാണ്. നൂറ്റാണ്ടുകളിലെ നഷ്ടങ്ങളും വിടവുകളും നമുക്കു നികത്തിയെടുക്കേണ്ടതുണ്ട്; അവ നികത്തിയെടുക്കുന്നതാണ് നമ്മുടെ പ്രധാനകർത്തവ്യം. ബദ്ധപ്പാടും ബഹളവും, പുതിയ മുദ്രാവാക്യങ്ങൾക്കുവേണ്ടിയുള്ള പരക്കംപാച്ചിൽ, ഇന്നത്തെ പ്രവണതകൾക്കും ചിന്താഗതികൾക്കുമനുസരിച്ച് ചില മുദ്രാവാക്യങ്ങൾ ജയഘോഷങ്ങളോടുകൂടി അംഗീകരിക്കുകയും നാളെ അതേ മുദ്രാവാക്യങ്ങൾ തെറ്റും വഞ്ചനയും ആണെന്നു പറഞ്ഞ് രോഷത്തോടുകൂടി നിരാകരിക്കുകയുംചെയ്യുക—ഇതെല്ലാം കുറേയൊക്കെ അനിവാര്യമാണ്.

"ചിരകാലമായി തടയപ്പെട്ട ശക്തികളെ വിപ്ലവം ഉണർത്തിവിടുന്നു; ജീവിതാന്തരാളങ്ങളിൽനിന്നു അവ ശക്തിയായി ബഹിർഗ്ഗമിക്കുന്നു. ഉദാഹരണത്തിന്ന് ആലേഖ്യം, വാസ്തുശില്പം തുടങ്ങിയ കലാകാര്യങ്ങളിൽ പഴയകാലത്ത് സാറിന്റെ കൊട്ടാ

രവും പണക്കാരുടെയും അഭിജാതരുടെയും കുടുംബങ്ങളും അവരുടെ രുചിഭേദങ്ങൾക്കനുസരിച്ചു് എന്തൊരു സ്വാധീനശക്തിയാണു് ചെലുത്തിയിരുന്നതെന്നു് ആലോചിച്ചുനോക്കുക. സ്വകാര്യസ്വത്തിന്റെ സമുദായത്തിൽ കലാസൃഷ്ടി കമ്പോളത്തെ മുൻനിർത്തിയാണു്; ഏതു് തൊഴിലുകാർക്കും തങ്ങളുടെ ചരക്കുകൾ വാങ്ങാൻ ആളുകൾ വേണമല്ലോ. കലാകാരന്മാരെ നമ്മുടെ വിപ്ലവം ഇത്തരം ചുററുപാടുകളിൽനിന്നും കെട്ടുപാടുകളിൽനിന്നും പൂർണ്ണമായും വിമോചിപ്പിച്ചിരിക്കുന്നു. വിപ്ലവം സൃഷ്ടിച്ച ഭരണകൂടം കലാകാരന്മാരെ പരിരക്ഷിക്കുന്നു. കലാസൃഷ്ടികൾ വാങ്ങിക്കുന്നു. ഏതൊരു കലാകാരനും ഇന്നു് സ്വന്തം ഭാവനക്കനുസരിച്ചു്, മറെറാന്നും നോക്കാതെ, കലാസൃഷ്ടിനടത്താനുള്ള സ്വാതന്ത്ര്യമുണ്ടു്.

“എന്നാൽ നമ്മൾ കമ്മ്യൂണിസ്റ്റുകാരാണു്; ലക്കുംലഗാനുമില്ലാതെ സംഗതികൾ തോന്നിയപടി നീങ്ങുന്നതു് നമ്മൾ കയ്യും കെട്ടി നോക്കിനിന്നുകൂടാ. നേർവഴിക്കു തിരിച്ചു് നിശ്ചിതലക്ഷ്യങ്ങളിലെത്തിക്കാൻ നമുക്കു് പ്ലാനും പദ്ധതിയുമുണ്ടായിരിക്കണം. ഇക്കാര്യത്തിൽ യാതൊന്നും ചെയ്യാൻ ഇതുവരെക്കും നമുക്കു കഴിഞ്ഞിട്ടില്ല. ഡോക്ടർ കാറൽസ്റ്റാഡ്ടുമാർ നമ്മുടെകൂട്ടത്തിലും ഉള്ളതായി എനിക്കുതോന്നുന്നു, ആലേഖ്യകലയിൽ നാം തികഞ്ഞ ബിംബവിരോധികളും പുത്തൻകൂററുകാരുമായിത്തീന്നിരിക്കുകയാണു്. പഴയതെങ്കിലും സുന്ദരമായിട്ടുള്ളതിനെ നാം നിലനിർത്തണം; അതിൽ നമുക്കു നിഷ്കർഷവേണം, സുന്ദരമായിട്ടുള്ളതിൽനിന്നു് എന്തിന്നു് നാം മുഖംതിരിക്കണം? പഴയതാണെന്ന ഒററക്കാരണംകൊണ്ടു് മേലാക്കമെത്ത ഉപയോഗത്തിന്നെടുക്കാതെ എന്തിന്നു് നാം അതു് കൈവെടിയണം? പുതിയതിനെ പുതിയതാണെന്ന ഒററക്കാരണംകൊണ്ടുമാത്രം എന്തിന്നു് നിർബ്ബന്ധമായി ആരാധിക്കണം? അതൊക്കെ തനി ഭോഷ്ക്കാണു്, അസംബന്ധമാണു്. കുറെയൊക്കെ കാപട്യം അതി

ലുണ്ടു്; പാശ്ചാത്യകലാമാതൃകകൾക്കു് അറിയാതെയുള്ള വഴങ്ങിക്കൊടുക്കലും അതിലുണ്ടു്. നമ്മൾ നല്ല വിപ്ലവകാരികളാണു്. പക്ഷെ ആധുനിക കലകളിൽ ഒട്ടും പിന്നോക്കമല്ലെന്നു് തെളിയിക്കാൻ എന്തോ ഒരു വ്യഗ്രത നമ്മെ ബാധിച്ചിരിക്കുന്നു. ഒരു 'അപരിഷ്കൃത'നെന്നു് സ്വയം പ്രഖ്യാപിക്കുവാൻ ഞാൻ ധൈര്യപ്പെടുകയാണു്. കലാവൈഭവത്തിന്റെ ഉന്നതസോപാനങ്ങളെന്നു് കീർത്തിക്കപ്പെടുന്ന എക്സ്പ്രെഷനിസം, ഫ്യൂച്ചുറിസം[73], ക്യൂബിസം മുതലായ 'ഇസങ്ങൾ' മനസ്സിലാക്കുന്നതിന്നും ആസ്വാദിക്കുന്നതിന്നും എനിക്കു എന്തോ കഴിയുന്നില്ല. അവയെക്കുറിച്ചു് യാതൊരെത്തുംപിടിയും എനിക്കില്ല; യാതൊരു സന്തുഷ്ടിയും എനിയ്ക്കവ നൽകുന്നില്ല."

സ്വയം നിയന്ത്രിക്കാനാവാതെ ഞാൻ ഇടയ്ക്കുകയറി പറഞ്ഞു, അതെതാക്കെ മനസ്സിലാക്കുന്നതിന്നും ആസ്വാദിക്കുന്നതിന്നുമുള്ള കഴിവു് എനിക്കുമില്ല എന്നു്. മുഖലാവണ്യം കലാപരമായി ചിത്രീകരിക്കുന്നതിന്നു് ഒരു മുക്കോണം വരച്ചാൽ മാത്രം മതി, കണ്ണും മൂക്കും വരക്കേണ്ട ആവശ്യമില്ല എന്ന സ്ഥിതിവന്നിരിക്കുകയാണു്; വിപ്ലവവീര്യം ചിത്രീകരിക്കുന്നതിന്നു് അവയവഭംഗി തികഞ്ഞ മനുഷ്യശരീരം വരച്ചാൽപററില്ല, കുത്തനെ രണ്ടു വരകളും അവയ്ക്കുമേൽ ഫോർക്കിന്റെ അഞ്ചു് ചെനച്ചങ്ങളും എതാനും പുള്ളികളും മാത്രംമതി എന്ന സ്ഥിതിവന്നിരിക്കുകയാണു്.

ലെനിൻ കുടുകുടെ ചിരിച്ചു.

"അതെ, പ്രിയപ്പെട്ട ക്ലാര, ഇതെതാക്കെ സഹിക്കുകയല്ലാതെ മാർഗ്ഗമില്ല. നമ്മൾ രണ്ടുപേരും പടുവൃദ്ധരായിത്തീന്നിരിക്കുകയാണു്. വിപ്ലവത്തെസംബന്ധിച്ച കാര്യങ്ങളിലെങ്കിലും മുൻപന്തിയിൽ യുവത്വത്തോടുകൂടിനില്ക്കാൻ കഴിഞ്ഞാൽ നമുക്കു സംതൃ

പ്പിയടയാം. പുത്തൻ കലയുടെ ഒപ്പമെത്തുന്നതിന്നും ഒരിക്കലും നമുക്കു സാധിക്കുകയില്ല; വഴിയേ ഇഴഞ്ഞിഴഞ്ഞുനോക്കാമെന്നു മാത്രം."

ലെനിൻ ഇങ്ങനെ തുടൎന്നു: "കലയെക്കുറിച്ചു് നമുക്കുള്ള അഭിപ്രായങ്ങൾ പക്ഷെ അത്ര പ്രധാനപ്പെട്ടതൊന്നുമല്ല. കോടിക്കണക്കിന്നു് ജനസംഖ്യയിൽ നൂറോ ആയിരമോപേർ കലയെപ്പററി എന്തു വിചാരിക്കുന്നു എന്നതും കാൎയ്യമുള്ള സംഗതിയല്ല കല ജനങ്ങളുടേതാണു്. അതിന്റെ വേരുറയ്ക്കേണ്ടതു് അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾക്കിടയിലാണു്. അതിനെ മനസ്സിലാക്കേണ്ടതും മാനിയ്ക്കേണ്ടതും ഈ ബഹുജനങ്ങളാണു്. അവരുടെ വികാരങ്ങളും വിചാരങ്ങളും ഇച്ഛാശക്തിയും ഏകീകരിയ്ക്കുന്നതിന്നും ഉയൎത്തുന്നതിന്നും അതു് സഹായിയ്ക്കണം. അവരുടെ കലാവാസനകളെ അതു പരിപോഷിപ്പിക്കുകയും ഉന്മിഷത്താക്കുകയും വേണം. തൊഴിലാളി_കർഷകബഹുജനങ്ങൾ പരുക്കൻ റൊട്ടിപോലും കിട്ടാതെ വലയുമ്പോൾ ഒരു ചെറിയ ന്യൂനപക്ഷത്തിന്നു മധുരപലഹാരങ്ങൾ നാം കൊടുക്കാമോ? എപ്പോഴും നമ്മുടെ കൺമുമ്പിൽ തൊഴിലാളികളും കൃഷിക്കാരും ഉണ്ടായിരിക്കണം:—ആലങ്കാരികമായിട്ടല്ല. അൎത്ഥവത്തായിത്തന്നെ നാം മനസ്സിലാക്കേണ്ട ഒരു സംഗതിയാണതു്. നാം ഭരണം നടത്തുന്നതും കണക്കുകൂട്ടുന്നതും എല്ലാം അവൎക്കുവേണ്ടിയാണു്. കലാസംസ്കാരമണ്ഡലങ്ങളെക്കുറിച്ചും വാസ്തവം ഇതുതന്നെയാണു്.

"ജനങ്ങൾ കലയോടും കല ജനങ്ങളോടും കൂടുതൽ അടുക്കണമെങ്കിൽ വിദ്യാഭ്യാസത്തിന്റേയും സംസ്കാരത്തിന്റേയും പൊതുനിലവാരങ്ങൾ ഉയൎത്തിയേ പററൂ. ഇക്കാൎയ്യത്തിൽ നമ്മുടെ യഥാൎത്ഥനില എന്താണു്? ഞങ്ങൾ അധികാരത്തിൽവന്നശേഷം ഇവിടെ ഉണ്ടായിട്ടുള്ള വമ്പിച്ച സാംസ്കാരികപുരോഗതിയെപ്പററി നിങ്ങൾ ശ്ലാഘിക്കുകയുണ്ടായി. കുറേയൊക്കെ ഇക്കാൎയ്യ

ത്തിൽ ഞങ്ങൾ ചെയ്തിട്ടുണ്ടെന്നു് മേനിപറയാതെതന്നെ ഞങ്ങൾക്കു് അവകാശപ്പെടാം. എല്ലാ രാജ്യങ്ങളിലുമുള്ള മെൻഷവിക്കുകളും നിങ്ങളുടെ കോടതിസ്സാരിയും ആരോപിക്കുന്നതുപോലെ, 'തലകൊയ്യുക' മാത്രമല്ല ഞങ്ങൾ ചെയ്തിട്ടുള്ളതു്: നിരവധി തലകൾക്കു് ഞങ്ങൾ വെളിവുമുണ്ടാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ടു്. 'നിരവധി' എന്നു പറയുന്നതു് ഭൂതകാലത്തെ അപേക്ഷിച്ചാണു്, അന്നു അധികാരത്തിലിരുന്ന വർഗ്ഗങ്ങളുടേയും കൂട്ടുകെട്ടുകളുടേയും പാതകങ്ങളെ അപേക്ഷിച്ചാണു്. അളവററ ദാഹമാണു് വിദ്യാഭ്യാസത്തിന്നും സംസ്കാരത്തിന്നും വേണ്ടി തൊഴിലാളി-കർഷകജനങ്ങളിൽ ഞങ്ങൾ ഉളവാക്കിയിട്ടുള്ളതു്. പെട്രോഗ്രാഡും, മോസ്കോ തുടങ്ങിയ വ്യവസായകേന്ദ്രങ്ങൾക്കുമാത്രമല്ല, വിദൂരഗ്രാമപ്രദേശങ്ങൾക്കും ഇതു് ബാധകമാണു്. അതേയവസരത്തിൽ കടുത്ത ദാരിദ്ര്യത്തിൽ പട്ടിണിക്കാരായി ഞങ്ങൾ കഴിയുകയാണു്. അനക്ഷരതക്കെതിരായി ശക്തിയായ സമരം ഞങ്ങൾ നടത്തുന്നുണ്ടെന്നതു് ശരിയാണു്. ചെറുതും വലുതുമായ ഗ്രാമങ്ങളിലും നഗരങ്ങളിലും വായനശാലകളും ഗ്രന്ഥാലയങ്ങളും ഞങ്ങൾ സ്ഥാപിക്കുന്നുണ്ടു്. നാനാതരത്തിലുള്ള പരിശീലനക്ലാസ്സുകൾക്കും ഞങ്ങൾ ഏർപ്പാടുചെയ്യുന്നുണ്ടു്. നല്ലനല്ല കലാദൃശ്യങ്ങളും കൺസർട്ടുകളും ഞങ്ങൾ സംഘടിപ്പിക്കുന്നുണ്ടു്; തീവണ്ടിമുറികളിൽ വിദ്യാഭ്യാസപ്രദർശനങ്ങൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിലേക്കും ഞങ്ങളയയ്ക്കുന്നുണ്ടു്. പക്ഷെ എന്റെ ചോദ്യം ഞാനാവർത്തിക്കുകയാണു്: പ്രാഥമികവിദ്യാഭ്യാസവും പ്രാകൃതസംസ്കാരംപോലും ഇല്ലാത്ത കോടിക്കണക്കിന്നു ജനങ്ങളുള്ള ഒരു രാജ്യത്തു് ഇതുകൊണ്ടൊക്കെ എന്താകുവാനാണു്? മോസ്കോവിലെ ഒന്നാംകിട തിയേററുകൾ സന്ദർശിച്ചു കലാപ്രകടനങ്ങൾ ആസ്വദിച്ചു് ഇന്നൊരു പതിനായിരം പേരും നാളെ മറെറാരു പതിനായിരംപേരും ആനന്ദനിർവൃതിയടയുന്നുണ്ടാവാം. അതേസമയത്തു് ദശലക്ഷക്കണക്കിന്നു് ജനങ്ങൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സ്വന്തം പേരെഴുതുന്നതിന്നോ

എല്ലുന്നതിന്നോ കഴിവില്ലാതെ, ഭൂമി ഉരുണ്ടതാണ്, പരന്നതല്ല എന്നു മനസ്സിലാക്കാതെ, ലോകത്തെ ഭരിയ്ക്കുന്നതു് പൊതു നിയമങ്ങളാണ്; യക്ഷികളോ, മാന്ത്രികരോ, സ്വർഗ്ഗപിതാവോ അല്ല, എന്നൊന്നും ധരിയ്ക്കാതെ, ആവക പ്രാഥമികവിജ്ഞാനങ്ങൾ ആർജ്ജിക്കുന്നതിനുവേണ്ടി പാടുപെട്ടു് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്."

"സഖാവ് ലെനിൻ, അനക്ഷരതയെപ്പററി അത്രയെല്ലാന്നും വ്യാകലപ്പെടാനില്ല.", ഞാൻ ഇടയ്ക്കുകയറി പറഞ്ഞു. "ചില സംഗതികളിൽ വിപ്ലവത്തിന്നു് എളുപ്പംകൂട്ടുകയാണ് അതു് ചെയ്തിട്ടുള്ളതു്. മുതലാളിത്തത്തിൻെറ ആശയങ്ങൾ തൊഴിലാളികളുടേയും കൃഷിക്കാരുടേയും തലച്ചോറുകൾക്കുള്ളിൽ കുത്തിക്കേററാൻ അവർക്ക് അതുകൊണ്ടു് സാധിച്ചില്ല. നിങ്ങളുടെ പ്രചരണപ്രക്ഷോഭങ്ങൾക്കു് പുതുമണ്ണാണ് ഇന്നു ലഭിച്ചിട്ടുള്ളതു്. കാടു് വെട്ടിത്തെളിയിയ്ക്കാനില്ലാത്ത പുതുമണ്ണിൽ വിതയ്ക്കാനും കൊയ്യാനും എളുപ്പംകൂടുമല്ലോ."

"അതു് ശരിയാണ്", ലെനിൻ പ്രതിവചിച്ചു. "ഓതിരിന്നുള്ളിൽ, കൃത്യമായി പറഞ്ഞാൽ ഒരു നിശ്ചിതകാലഘട്ടം വരേയ്ക്കും, അതു ശരിയായിരുന്നു. പഴയ ഭരണക്രമം നശിപ്പിച്ചു അധികാരത്തിലെത്താൻ സമരം നടത്തിയ അവസരത്തിൽ അനക്ഷരതകൊണ്ടു കുഴപ്പമില്ലായിരുന്നു. എന്നാൽ നശിപ്പിയ്ക്കുന്നതിന്നുവേണ്ടിമാത്രം നമ്മൾ നശിപ്പിയ്ക്കുകയാണോ? നമ്മൾ നശിപ്പിയ്ക്കുന്നതു് കൂടുതൽ നല്ല ഒന്നു സൃഷ്ടിയ്ക്കാൻ വേണ്ടിയാണ്. പുനഃസംഘടനാ പ്രവർത്തനവും അനക്ഷരതയും ഒത്തുപോവുകില്ല; അവതമ്മിൽ യാതൊരു പൊരുത്തവുമില്ല. സ്വാതന്ത്ര്യം സാക്ഷാത്കരിയ്ക്കണമെങ്കിൽ തൊഴിലാളികൾ അത്തരം പുനഃസംഘടന നിർവ്വഹിയ്ക്കണമെന്നു് മാർക്സ് പറഞ്ഞിട്ടുണ്ടു്; അതിനോടു് 'കൃഷിക്കാരും' എന്നു് കൂട്ടിച്ചേർക്കാൻ ഞാനാഗ്രഹിയ്ക്കുന്നു. നമ്മുടെ

സോവിയററുവ്യവസ്ഥ ഈ പുനഃസംഘടനാപ്രവൎത്തനത്തിന്നും തികച്ചും സഹായകമാണു്. അദ്ധ്വാനിയ്ക്കുന്ന സാധാരണ ജനങ്ങൾ ആയിരക്കണക്കിന്നു ഇന്നു് ഈ പുനഃസംഘടന എങ്ങനെ നിൎവ്വഹിയ്ക്കാമെന്നു ഒട്ടനവധി സോവിയററുകളിലും സോവിയററു സ്ഥാപനങ്ങളിലും പഠിച്ചുവരികയാണു്. നിങ്ങളുടെനാട്ടിൽ പറയുംപോലെ, ചോരയും നീരുമുള്ള യുവതീയുവാക്കളാണു് അങ്ങനെ പഠിയ്ക്കുന്നതു്. അവരിൽ ഭൂരിപക്ഷവും പഴയഭരണത്തിൽ ജനിച്ചു വളൎന്നവരാണു്. വിദ്യാഭ്യാസത്തിന്നോ സംസ്കാരത്തിന്നോ അവൎക്കു് യാതൊരു സൌകൎയ്യവുമുണ്ടായിരുന്നില്ല. ജ്ഞാനസമ്പാദനത്തിന്നുവേണ്ടി ഇന്നവർ ഉഴറുകയാണു്. കൂടുതൽ കൂടുതൽ സ്ത്രീപുരുഷന്മാരെ സോവിയററു പ്രവൎത്തനങ്ങളിലേയ്ക്കു കൊണ്ടുവരുന്നതിന്നും പ്രായോഗികവും സിദ്ധാന്തപരവും ആയ വിദ്യാഭ്യാസം ചുരുങ്ങിയതോതിലെങ്കിലും അവൎക്കു് നൽകുന്നതിന്നും ഞങ്ങൾ ദൃഢപ്രതിജ്ഞ ചെയ്തിരിക്കയാണു്. എന്നിരിയ്ക്കിലും വേണ്ടത്ര ആളുകളെ സൎഗ്ഗാത്മകനേതൃത്വം നൽകുന്നതിന്നു് കെല്പുള്ളവരായി കിട്ടാനില്ലാതെ ഞങ്ങൾ വിഷമിയ്ക്കുന്നുണ്ടു്. പഴയ ഉദ്യോഗസ്ഥന്മാർ പലരെയും നിയമിത്തുന്നതിന്നു് ഞങ്ങൾ നിർബ്ബന്ധിതരായിത്തീൎന്നിരിയ്ക്കുകയാണു്. തൽഫലമായി ഉദ്യോഗസ്ഥമേധാവിത്വം ഇവിടെ തലപൊക്കിയിട്ടുമുണ്ടു്. ഞാനതിനെ അങ്ങേയററം വെറുക്കുന്ന ആളാണു്, യാതൊരു ഉദ്യോഗസ്ഥനെയും പ്രത്യേകം ചൂണ്ടിക്കൊണ്ടു് ഞാനിതു പറയുന്നതല്ല. അവർ സമൎത്ഥന്മാരാകാം. ഞാൻ വെറുക്കുന്നതു ആ സമ്പ്രദായത്തെയാണു്. അടിമുടി മരവിപ്പിയ്ക്കുന്നതും ദുഷിപ്പിയ്ക്കുന്നതും ആയ ഒരു സമ്പ്രദായമാണതു്. ജനങ്ങൾക്ക വിപുലമായതോതിൽ വിദ്യാഭ്യാസവും പരിശീലനവും നല്കുക—ഉദ്യോഗസ്ഥമേധാവിത്വത്തെ ജയിയ്ക്കുന്നതിന്നും അവസാനിപ്പിയ്ക്കുന്നതിന്നും നിൎണ്ണായകമായ മാൎഗ്ഗം അതുമാത്രമാണു്.

"ഭാവിയിലേയ്ക്കുള്ള നമ്മുടെ കാഴ്ചപ്പാടു് എന്താണു്? തൊഴി

ഖാലിയുവാക്കൾക്കാ കർഷകയുവാക്കൾക്കും പഠിയ്ക്കുന്നതിന്നും സംസ്കാരം ഉൾക്കൊള്ളുന്നതിന്നും വേണ്ടി പല നടപടികളും നമ്മൾ എടുത്തിട്ടുണ്ടു്; ഒട്ടുവളരെ ഒന്നാന്തരം സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുമുണ്ടു്. ഇവിടെയും നമ്മെ അലട്ടുന്നതു് അതേ പ്രശ്നമാണു്; ഇത്രയധികം ജനസംഖ്യയുള്ള ഒരു രാജ്യത്തു് ഇതു കൊണ്ടൊക്കെ എന്താകുവാനാണു്.? പ്രാഥമികസ്കൂളുകളും കിന്റർ ഗാർട്ടനുകളും ശിശുസംരക്ഷണാലയങ്ങളും വേണ്ടത്ര സ്ഥാപിയ്ക്കുവാൻ നമുക്കു് കഴിയുന്നില്ല എന്നതാണു് കൂടുതൽ പരിതാപകരമായ സംഗതി. തക്കതായ വിദ്യാഭ്യാസവും, സംരക്ഷണവും ഇല്ലാതെയാണു് നമ്മുടെ രാജ്യത്തു ദശലക്ഷക്കണക്കിനു ശിശുക്കൾ കൗമാരത്തിലേക്കു വളർന്നുവരുന്നതു്. സ്വന്തം പിതാക്കളെയും, പിതാമഹന്മാരെയുംപോലെ വിദ്യാവിഹീനരും സാംസ്കാരശൂന്യരും ആയി അവർ തുടരുന്നു. എന്തുമാത്രം പ്രതിഭയും ബുദ്ധിവൈഭവവും അതിൻഫലമായി നഷ്ടപ്പെട്ടില്ല? ജ്ഞാനതൃഷ്ണ എന്തുമാത്രം ചവിട്ടിമെതിയ്ക്കപ്പെട്ടിട്ടില്ല! വരുന്ന തലമുറയുടെ ഭാഗധേയത്തെ മുൻനിർത്തിനോക്കുമ്പോൾ ഇതു് അക്ഷന്തവ്യമായ ഒരപരാധം തന്നെയാണു്. ഒരു കമ്യൂണിസ്റ്റു് സമുദായമായി രൂപാന്തരപ്പെടേണ്ടുന്ന സോവിയററുരാഷ്ട്രത്തിന്റെ സമ്പത്തു് അപഹരിയ്ക്കപ്പെടുന്നു എന്നാണതിന്റെ അർത്ഥം. ആപത്തുനിറഞ്ഞ ഒരവസ്ഥാവിശേഷമാണിതു്."

സ്വതേ ശാന്തമായി സംസാരിയ്ക്കുന്ന ലെനിന്റെ വാക്കുകൾ അപ്പോൾ രോഷംകൊണ്ടു് ഇടറിയിരുന്നു.

"തികച്ചും ഒരു പ്രക്ഷോഭപ്രസംഗമാണു് ഞങ്ങൾ മൂന്നു പേരോടായി അദ്ദേഹം ചെയ്തതു്. ഈ പ്രശ്നം എത്ര മേൽ അദ്ദേഹത്തിന്റെ മനസ്സിൽ തട്ടിയിരിയ്ക്കുന്നു എന്നും ഞാൻ വിസ്മരിച്ചുപോയി." ആരാണെന്നു് എനിയ്ക്കു് ഓർമ്മയില്ല, ഞങ്ങളുടെ കൂട്ടത്തിലൊരാൾ ആയിടയ്ക്കു് കലയുടേയും സംസ്കാ

രത്തിൻേറയും രംഗത്തുണ്ടായ ഏററവും നെറികെട്ട ചില സംഭവങ്ങളെക്കുറിച്ചു പറയുകയുണ്ടായി; അന്നത്തെ സ്ഥിതിഗതികളുടെ സവിശേഷതയാണവയെന്നു് അവരഭിപ്രായപ്പെട്ടു.

അക്ഷമനായി ലെനിൻ പറഞ്ഞു:—

"അതെല്ലാം ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. റൊട്ടികൊടുത്തും, കൗതുകദൃശ്യങ്ങൾ—സർക്കസ്സും മററും—കാണിച്ചും ഇന്നത്തെ വിഷമതകൾ തരണംചെയ്യാമെന്നു പലരും ആത്മാർത്ഥമായി വിശ്വസിക്കുന്നുണ്ടെന്നു് എനിക്കറിയാം. തീർച്ചയായും റൊട്ടി വിതരണം ചെയ്യണം. കൗതുകദൃശ്യങ്ങളും കാണിച്ചുകൊള്ളട്ടെ. ഞാനതിന്നു് എതിരല്ല. എന്നാൽ സർക്കസ്സും മററും മേത്തരം കലയല്ലെന്നു് നാം മറക്കരുതു്. രസിപ്പിക്കുന്ന ചില കാഴ്ചകളായി മാത്രമേ ഞാനവയെ കണക്കാക്കുന്നുള്ളു. നമ്മുടെ തൊഴിലാളികൾക്കും കൃഷിക്കാർക്കും റോമിലെ പണ്ടത്തെ പിച്ച തൊഴിലാളികളുമായി യാതൊരു സാമ്യവുമില്ലെന്ന സംഗതിയും നാം വിസ്മരിക്കരുതു്. അവർ സ്റ്റേററിന്റെ ചിലവിൽ കഴിയുന്നവരല്ല; നേരെമറിച്ചു് സ്വന്തം പ്രയത്നംകൊണ്ടു് സ്റ്റേററിനെ നിലനിർത്തുന്നവരാണു്. വിപ്ലവം "നടത്തിയതു്" അവരാണു്. സ്വന്തം ചോരകൊടുത്തും വിവരിക്കാനാവാത്ത ത്യാഗങ്ങൾ സഹിച്ചും ലക്ഷ്യത്തിലെത്തിയവരാണു് അവർ. തീർച്ചയായും നമ്മുടെ തൊഴിലാളികളും കൃഷിക്കാരും കൗതുകദൃശ്യങ്ങളിൽ കവിഞ്ഞ ചിലതു് അർഹിക്കുന്നുണ്ടു്. മികച്ച കലയ്ക്കുതന്നെ അവർ അർഹരാണു്. ഏററവും വ്യാപകമായ തോതിൽ പൊതുവിദ്യാഭ്യാസത്തിന്നും പരിശീലനത്തിന്നും നാം മുൻഗണന നൽകുന്നതു് അതുകൊണ്ടാണു്. അങ്ങനെയാണു് നാം യഥാർത്ഥസംസ്കാരത്തിന്നുള്ള അടിത്തറ പാകുന്നതു്. ഭക്ഷ്യക്ഷാമം പരിഹരിക്കേണ്ടതും അതിന്നത്യാവശ്യമാണു്. തികച്ചും പുതിയ, മഹത്തായ, കമ്യൂണിസ്റ്റ് കല ഈ അടിത്തറയിൽ വളർന്നുവരണം; ഉള്ളടക്കത്തിന്നനുസരിച്ചു് രൂപങ്ങളും ആ കലയ്ക്കു്

കൈവരുന്നതാണ്. വളരെ പ്രധാനപ്പെട്ട മഹത്തായ കത്തവ്യങ്ങളാണ് നമ്മുടെ ബുദ്ധിജീവികൾക്ക് ഈ രംഗത്ത് നിവ്വഹിക്കാനുള്ളതു്. ഈ കത്തവ്യങ്ങൾ നിവ്വഹിച്ചും മനസ്സിലാക്കിയും മാത്രമാണ് തൊഴിലാളിവിപ്ലവത്തോടുള്ള തങ്ങളുടെ കടപ്പാടു് തീക്കവാൻ നമ്മുടെ ബുദ്ധിജീവികൾക്ക കഴിയുന്നതു്. കമ്യൂണിസ്റ്റ് വിജ്ഞാപനത്തിൽ അതിഭംഗിയായി വിവരിച്ചിട്ടുള്ളതുപോലെ, "ദൂഷിച്ച ജീവിതസാഹചയ്യങ്ങളിൽനിന്ന് മഹിമയുടെ വിശാലതയിലേയ്ക്കുള്ള കവാടങ്ങൾ ബുദ്ധിജീവികൾക്ക തുറന്നുകൊടുത്തിട്ടുള്ളതും തൊഴിലാളിവിപ്ലവമാണ്," രാത്രി വളരെ വൈകുന്നതുവരേക്കും പല കായ്യങ്ങളെക്കുറിച്ചും ഞങ്ങളന്ന് സംസാരിച്ചു. എന്നാൽ അതിൽവെച്ചെല്ലാം എന്റെ ഓമ്മയിൽ മുന്തിനില്ക്കുന്നതു് കല, സംസ്കാരം, പൊതുവിദ്യാഭ്യാസം, കുട്ടികളെ വളത്തൽ എന്നിവയെ പരാമശിച്ച് ലെനിൻ അന്ന് നടത്തിയ അഭിപ്രായപ്രകടനങ്ങളാണ്.

Z Z Z

മാർക്സിന്റെ വ്യാപകമായ അത്ഥത്തിൽ ബഹുജനങ്ങളെ മനസ്സിലാക്കിയ ലെനിൻ അവരുടെ സവ്വതോമുഖമായ സാംസ്കാരികവികസനത്തിന്ന് വമ്പിച്ച പ്രാധാന്യമാണ് കല്പിച്ചതു്. വിപ്ലവത്തിന്റെ ഏററവും വലിയ നേട്ടം അതാണെന്നും, കമ്യൂണിസം നിലവിൽ വരുമെന്നതിന്ന് ഉറപ്പു നല്കുന്നതും അതാണെന്നും, അദ്ദേഹം വിശ്വസിച്ചു.

ഒരിയ്ക്കൽ എന്നോടദ്ദേഹം ഇങ്ങനെ പറയുകയുണ്ടായി: "ഒക്ടോബർ വിപ്ലവം മഹത്തായ തോതിൽ ഒരു സാംസ്കാരിക വിപ്ലവത്തിന്നുള്ള വഴി വെട്ടിത്തുറന്നിരിയ്ക്കുകയാണ്. തുടങ്ങിക്കഴിഞ്ഞ സാമ്പത്തികവിപ്ലവത്തിന്റെ അടിസ്ഥാനത്തിലും അതിനോടു് അഭേദ്യമായി ബന്ധപ്പെട്ടുമാണ് ഈ സാംസ്കാരികവിപ്ലവം നടക്കാൻ പോകുന്നതു്. ആലോചിച്ചുനോക്കു:

നാനാ ദേശീയവിഭാഗങ്ങളിലും വംശങ്ങളിലും പെട്ടവരും വിവിധ സാംസ്കാരികനിലവാരങ്ങളിൽ ഉള്ളവരും ആയ ദശലക്ഷക്കണക്കിന്നു് സ്ത്രീപുരുഷന്മാർ പുതിയൊരു ജീവിതത്തിലേയ്ക്കു് നീങ്ങിക്കൊണ്ടിരിയ്ക്കുകയാണു്. അതിശ്രേഷ്ഠമായ ഒരു കടമയാണു് സോവിയററു് ഗവമ്മെണ്ടിൻെറ മുന്നിലുള്ളതു്. നീണ്ട നൂററാണ്ടുകളിലെ സാംസ്കാരികവിടവു് ഏതാനും സംവത്സരങ്ങൾക്കുള്ളിൽ, ചുരുക്കം ദശാബ്ദങ്ങൾക്കുള്ളിൽ അതിന്നു് നികത്തേണ്ടതായിട്ടുണ്ടു്. സോവിയററു് ഗവമ്മെണ്ടു് നേരിട്ടു നടത്തുന്ന ഏജൻസികൾക്കും സ്ഥാപനങ്ങൾക്കും പുറമെ ശാസ്ത്രകാരന്മാരും, കലാകാരന്മാരും, അദ്ധ്യാപകന്മാരും സ്വന്തമായി നടത്തുന്ന നിരവധി സൊസൈററികളും സംഘടനകളും സാംസ്കാരികപ്രവത്തനങ്ങളിൽ ഏപ്പെട്ടിട്ടുണ്ടു്. വ്യവസായകേന്ദ്രങ്ങളിലുള്ള ട്രേഡ്യൂനിയനുകളും ഗ്രാമപ്രദേശങ്ങളിലെ സഹകരണസ്ഥാപനങ്ങളും വിപുലമായ തോതിൽ .സാംസ്കാരികപ്രവത്തനങ്ങൾ നടത്തുന്നുണ്ടു്. നമ്മുടെ പാർട്ടി സജീവമായി പ്രവത്തിയ്ക്കുന്നതു് സവ്വത്ര കാണാവുന്നതാണു്. കുറേയേറെ സംഗതികൾ നടന്നുകൊണ്ടിരിയ്ക്കുന്നുണ്ടു്. മുമ്പുള്ളതിനെ അപേക്ഷിച്ചു് നമ്മുടെ വിജയങ്ങൾ മഹത്താണു്, പക്ഷെ ഇനിയും ചെയ്തുതീക്കാനുള്ളതിനെക്കുറിച്ചു് ഓക്കുമ്പോൾ അവ തുച്ഛവുമാണു്. നമ്മുടെ സാംസ്കാരികവിപ്ലവം ഹരിശ്രീ കുറിച്ചിട്ടേയുള്ളു."

ബോൾഷോയു് തീയററിൽ അന്നു് നടന്നുകൊണ്ടിരുന്ന ഒരൊന്നാംതരം ബാലേയെ സന്ദർഭവശാൽ പരാമശിച്ചുകൊണ്ടു് ലെനിൻ ഇങ്ങനെ പറഞ്ഞു:

"മുമ്പു് അവർ വിചാരിച്ചിരുന്നതുപോലെ നമ്മൾ ബോൾഷവിക്കുകൾ അത്ര മോശപ്പെട്ട അപരിഷ്കൃതരൊന്നുമല്ലെന്നു് നമ്മുടെ ബാലേയും, തീയററും, ഓപ്പെറായും—ആലേഖ്യത്തിലും വാസ്തുശില്പത്തിലും ഉള്ള ഏററവും നൂതനസങ്കേതങ്ങളെക്കുറിച്ചു്

നമ്മൾ നടത്തുന്ന പ്രദർശനങ്ങളും—വിദേശത്തുള്ളവരെ ബോദ്ധ്യപ്പെടുത്തിക്കൊണ്ടിരിയ്ക്കുകയാണ്. നമ്മുടെ സമുദായത്തിലെ ഔന്നത്യശകലാപ്രകർഷങ്ങളുടെ പ്രാധാന്യത്തെ ഞാൻ നിഷേധിയ്ക്കുന്നില്ല. അവയുടെ അന്തസ്സത്തയെ ഞാൻ കുറച്ചുകാണുന്നുമില്ല. എന്നാൽ ഒരു കലാപ്രദർശനത്തിലെ ഏററവും മികച്ച ദൃശ്യം കാണുമ്പോഴത്തേക്കാളേറെ സന്തുഷ്ടി വിദൂരഗ്രാമങ്ങളിൽ രണ്ടോ മൂന്നോ പ്രാഥമികസ്കൂളുകൾ തുടങ്ങുമ്പോഴാണ് എനിക്കുണ്ടാകുന്നതെന്ന് ഞാൻ തുറന്നു സമ്മതിക്കുന്നു. ബഹുജനങ്ങളുടെ പൊതു സാംസ്കാരികനിലവാരങ്ങൾ ഉയർത്തുന്നതിൽക്കൂടി മാത്രമാണ് സോവിയററ് കലയേയും, ശാസ്ത്രത്തെയും, സാങ്കേതിക വിജ്ഞാനത്തേയും വികസിപ്പിക്കുന്ന കരുത്തുററ അനന്തശക്തികൾ പരിശീലിപ്പിച്ചെടുക്കുന്നതിനുവേണ്ട ഉറച്ച അടിത്തറ പണിയാൻ നമുക്ക് സാധിക്കുന്നതു്. സംസ്കാരം ആർജ്ജിക്കുന്നതിന്നും അതു രാജ്യത്തുടനീളം വ്യാപിപ്പിക്കുന്നതിന്നും നമുക്കുള്ള അഭിനിവേശം അനന്യസാധാരണമാണ്. പലതിലും നമ്മൾ പരീക്ഷണങ്ങൾ നടത്തുകയാണെന്നു സമ്മതിച്ചേതീരൂ. ഗൗരവപ്പെട്ട സംഗതികൾക്കിടയിൽ ആവശ്യമില്ലാത്തതും പക്വത പ്രാപിക്കാത്തതും ആളും അർത്ഥവും അനാവശ്യമായി ചിലവഴിക്കുന്നതും ആയ പലതും നടക്കുന്നുണ്ട്. പ്രകൃതിയിലെന്നപോലെ സമുദായത്തിലും സൃഷ്ടികർമ്മങ്ങൾക്ക് വലിയ പാഴ്ച്ചിലവുകൾ ആവശ്യമായി വരുന്നുണ്ട്. തൊഴിലാളികൾ രാഷ്ട്രീയാധികാരം പിടിച്ചെടുത്തതിനെത്തുടർന്ന് സാംസ്കാരികവിപ്ലവത്തിന്നുവേണ്ട അവശ്യോപാധി—ബഹുജനങ്ങളുടെ ഉണർവ്വും സംസ്കാരത്തിന്നുവേണ്ടിയുള്ള അവരുടെ ദാഹവും—നമ്മുടെ രാജ്യത്തു് ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. പുതിയ സാമൂഹ്യവ്യവസ്ഥ സൃഷ്ടിച്ച, അതിനെ സൃഷ്ടിക്കുന്ന, പുതിയ ആളുകൾ വളർന്നുകൊണ്ടിരിക്കുകയാണ്."

ക്ലാരാസെട്കിൻ മൈ റികലക്ഷൻസ്
ഓഫ് ലെനിൻ, മോസ്ക്കോ 1956, പേ: 17–28, 90–91

എം. വി. ലൂനാചാർസ്കി

# ലെനിനും കലകളും

കലകളെക്കുറിച്ചു് മനസ്സിരുത്തി പഠിയ്ക്കുന്നതിന്നും മനസ്സിലാക്കുന്നതിന്നും വേണ്ടത്ര സമയം ലെനിന്നു് ഒരിയ്ക്കലും തന്റെ പ്രവൃത്തിബാഹുല്യങ്ങൾക്കിടയിൽ കിട്ടിയിരുന്നില്ല. അല്പജ്ഞതയേയും പൊങ്ങച്ചത്തേയും അങ്ങേയററം വെറുത്തിരുന്ന അദ്ദേഹം കലകളെക്കുറിച്ചു് ആധികാരികമായി യാതൊന്നും എഴുതിയിട്ടുമില്ല. എന്നിരിയ്ക്കിലും വ്യക്തമായ ഇഷ്ടാനിഷ്ടങ്ങൾ അദ്ദേഹത്തിന്നു് ആ വിഷയത്തിലുണ്ടായിരുന്നു. റഷ്യയിലെ പ്രാക്തന ഗ്രന്ഥങ്ങളെ അദ്ദേഹം ഇഷ്ടപ്പെട്ടു; സാഹിത്യത്തിലും നാടകത്തിലും ആലേഖ്യത്തിലും റിയലിസത്തോടായിരുന്ന അദ്ദേഹത്തിന്നു് ആഭിമുഖ്യം.

1905_ലെ വിപ്ലവകാലത്തു് ഒരു രാത്രി ഡി. ഐം. ലെസ്ചെൻകോവിന്റെ വീട്ടിൽ അദ്ദേഹത്തിന്നു് കഴിച്ചുകൂട്ടേണ്ട

തായിവന്നു. ലെസ്ചെൻകോ ലോകത്തിലെ ഉത്തമഗ്രന്ഥങ്ങളുടെയെല്ലാം നാക്ഫസ്സ്പതിപ്പുകൾ സൂക്ഷിച്ചിട്ടുള്ള ആളായിരുന്നു. പിറേറന്നു കാലത്തു് വ്ളാദിമീർഇല്ലിച്ച് എന്നോടിങ്ങനെ പറഞ്ഞു: "കലയുടെ ചരിത്രം എത്രമേൽ ആകർഷകമാണെന്നോ! ഒരു മാർക്സിസ്റ്റിന്നു് പിടിപ്പതു് പണി ഇവിടെ ചെയ്യാനുണ്ടു്! രാവിലെവരെ എനിയ്ക്കു് ഉറങ്ങാൻ കഴിഞ്ഞില്ല; ആ പുസ്തകങ്ങൾ ഒന്നൊന്നായി ഞാൻ മറിച്ചുനോക്കിക്കൊണ്ടിരുന്നു. ഇതുവരെ മാത്രമല്ല ഇനിയും കലയിൽ ശ്രദ്ധിയ്ക്കുവാൻ എനിയ്ക്കു സമയമില്ലല്ലോ എന്നു് ഞാൻ ഖേദിയ്ക്കുകയാണു്" വ്ളാഡിമിർ ഇല്ലിച്ചിന്റെ ആ വാക്കുകൾ വ്യക്തമായി ഞാനിന്നും ഓർമ്മിയ്ക്കുന്നുണ്ടു്.

വിപ്ലവത്തിന്നുശേഷം പലേ കലാമത്സരങ്ങൾ സംബന്ധിച്ചു എനിയ്ക്കദ്ദേഹത്തെ കണ്ടു് സംസാരിയ്ക്കേണ്ടിവന്നിട്ടുണ്ടു്. ഒരിയ്ക്കൽ അദ്ദേഹം എന്നെ വിളിച്ചു് ഞങ്ങൾ രണ്ടു പേരുംകൂടി സ്മാരകചിഹ്നങ്ങളുടെ ഒരു പ്രദർശനം കാണാൻപോയി. സേവിയർ പള്ളിയ്ക്കു സമീപം അലക്സാണ്ടർ 3-ാമന്റെ പ്രതിമ അതിന്റെ മനോഹരമണ്ഡപത്തിൽനിന്നു് വലിച്ചു നീക്കം ചെയ്തിരുന്നതിന്നുപകരം മറെറാന്നു് ഞങ്ങൾക്കു് തിരഞ്ഞെടുക്കാനുണ്ടായിരുന്നു. അവിടെ കണ്ട ഡിസൈനുകളെല്ലാം വ്ളാദിമിർ ഇല്ലിച്ച് സൂസൂക്ഷ്മം പരിശോധിച്ചു. പക്ഷെ അവയിലൊന്നിലും അദ്ദേഹത്തിന്നു് തൃപ്തിതോന്നിയില്ല. ഫ്യൂച്ചറിസ്റ്റ് മാതൃകയിലുള്ള ഒരു ഡിസൈൻ അദ്ദേഹത്തെ പ്രത്യേകം ആകർഷിച്ചതുപോലെ തോന്നി. അതിനെപ്പററി അഭിപ്രായം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതിതാണു്: 'എനിയ്ക്കു് ആ വിഷയത്തിൽ യാതൊരു പിടിപാടുമില്ല, ലൂനാചാർസ്കിയോടു ചോദിക്കൂ." കൊള്ളാവുന്ന ഒററ ഡിസൈൻ പോലും അവിടെയില്ലെന്നു് ഞാൻ പറഞ്ഞപ്പോൾ അദ്ദേഹത്തിന്നു് ബഹുസന്തോഷമായി. "ആ ഫ്യൂച്ചറിസ്റ്റ് ബീഭത്സതകളിൽ

എതെങ്കിലും ഒന്നു് നിങ്ങൾ നിർദ്ദേശിയ്ക്കുമോ എന്നു് ഞാൻ വല്ലാതെ ഭയപ്പെട്ടിരുന്നു" എന്നദ്ദേഹം കൂട്ടിച്ചേർത്തു.

പിന്നീടൊരിയ്ക്കൽ കാറൽ മാർക്സിന്നു് ഒരു സ്മാരകത്തെക്കുറിച്ചു് ഞങ്ങൾ ആലോചിയ്ക്കുകയായിരുന്നു. പ്രശസ്ത പ്രതിമാശില്പി എം. തന്റെ ഡിസൈൻ അംഗീ കരിച്ചു കിട്ടാൻ വളരെ വാശിയോടുകൂടി വാദിച്ചു. കാറൽമാർക്സു്—നാലു് ഗജവീരന്മാരുടെ പിന്തുണയോടുകൂടി" എന്ന ശീർഷകത്തിൽ ഒരു മാതൃകയാണു് എം. സമർപ്പിച്ചിരുന്നതു്. വ്ളാദിമിർ ഇല്ലിച്ചു് ഉൾപ്പെടെ ഞങ്ങൾക്കെല്ലാവർക്കും ഇതു് തികച്ചും അസാധാരണമായ ഒരു സങ്കേതവും സങ്കല്പവുമായിട്ടാണു് തോന്നിയതു്. ശില്പി തന്റെ മാതൃക മൂന്നു പ്രാവശ്യം മാററി വരച്ചു. പ്രഥമസ്ഥാനം മറെറാരാൾക്കു് പോകുന്നതു് ആ സഖാവിന്നു് സഹിയ്ക്കാൻ വയ്യായിരുന്നു. ഒടുവിൽ എന്റെ അദ്ധ്യക്ഷതയിലുള്ള ജൂറി ആ മാതൃക നിരസിയ്ക്കുകയും, സഖാവു് അല്യൂഷിന്റെ നേതൃത്വത്തിൽ തയ്യാറാക്കപ്പെട്ട ഒരു ഡിസൈൻ അംഗീകരിയ്ക്കുകയുംചെയ്തപ്പോൾ സഖാവു് എം. അതൃപ്തനായി വ്ളാദിമിർഇല്ലിച്ചിന്റെ മുമ്പാകെ അപ്പീൽ ബോധിപ്പിച്ചു. വ്ളാദിമിർ ഇല്ലിച്ചു് ആ അപ്പീൽ കാര്യമായെടുക്കുകയും വീണ്ടും ഒരു ജൂറി സംഘടിപ്പിച്ചു് പുനരാലോചിയ്ക്കണമെന്നു് എന്നോടു് നിർദ്ദേശിക്കുകയുംചെയ്തു. സഖാവു് എമ്മും സഖാവു് അല്യൂഷിനും സമർപ്പിച്ച രണ്ടു് ഡിസയിനുകളും താൻ നേരിട്ടുവന്നു് പരിശോധിയ്ക്കാമെന്നും വ്ളാദിമിർ ഇല്ലിച്ചു് അറിയിച്ചു. അങ്ങനെ പരിശോധിച്ചതിൽ സഖാവു് അല്യൂഷിന്റേതു് അംഗീകരിയ്ക്കപ്പെടുകയും എമ്മിന്റേതു് നിരസിയ്ക്കപ്പെടുകയുമാണു് അവസാനമായി ഉണ്ടായതു്.

അക്കൊല്ലം മെയ്ദിനത്തിന്നു് അല്യൂഷിന്റെ സംഘക്കാർ കാറൽമാർക്സിന്റെ പ്രതിമ സ്ഥാപിയ്ക്കേണ്ട സ്ഥലത്തു് തങ്ങളുടെ

ഒരു ചെറിയ മോഡൽ നിർമ്മിച്ചു. വ്ളാദിമിർ ഇല്ലിച്ച് സ്ഥലത്തു വന്നു് ചുററും നടന്നു് എല്ലാം നിഷ്കർഷയോടുകൂടി പരിശോധിച്ചു. പ്രതിമയ്ക്കു് എന്തു വലുപ്പം വരുമെന്നും മററും എന്നോടും അന്വേഷിച്ചു. ഒടുവിൽ തന്റെ അനുമതി നൽകിക്കൊണ്ടു് വ്ളാദിമിർ ഇല്ലിച്ച് എന്നോടായി ഇങ്ങനെ പറഞ്ഞു: "അനൊട്ടലി വാസ്സലവിച്ചു്, തലമുടിയുടെ കായ്യത്തിൽ പ്രത്യേകം ശ്രദ്ധിയ്ക്കാൻ കലാകാരന്മാരോടു് പറയണം. കാറൽ മാർക്സിന്റെ പല ചിത്രങ്ങളിലും മുടിയ്ക്കു് എന്തോ പന്തികേടുള്ളതായിട്ടാണു് കാണുന്നതു്. അതിവിടെ പററാതിരിയ്ക്കാൻ സൂക്ഷിയ്ക്കണം."

1918-ൽ വ്ളാദിമിർ ഇല്ലിച്ച് എന്നെ വിളിച്ചു കലയെ പ്രചരണപ്രക്ഷോഭങ്ങൾക്കായി ഉപയോഗിയ്ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു് സംസാരിയ്ക്കുകയുണ്ടായി. ഈക്കാര്യത്തിൽ രണ്ടു പ്ലാനുകൾ അദ്ദേഹത്തിനുണ്ടായിരുന്നു. അതിലൊന്നു് കെട്ടിടങ്ങളിന്മേലും വേലികളിന്മേലും മററു പോസ്റ്ററുകൾ താല്ക്കാലികമായി ഒട്ടിയ്ക്കുന്നതിന്നു പകരം സ്ഥിരമായി വിപ്ലവമുദ്രാവാക്യങ്ങൾ കൊത്തിയിടണമെന്നതായിരുന്നു. അങ്ങനെ കൊത്തിയിടേണ്ട ഏതാനും മുദ്രാവാക്യങ്ങൾ അപ്പോൾതന്നെ അദ്ദേഹം പറയുകയുണ്ടായി.

മഹാന്മാരായ വിപ്ലവകാരികളുടെ പ്ലാസ്റ്റർ പ്രതിമകൾ പെട്രോഗ്രാഡിലും, മോസ്കോവിലും വ്യാപകമായ തോതിൽ സ്ഥാപിയ്ക്കുന്നതിന്നുള്ളതായിരുന്നു രണ്ടാമത്തെ പ്ലാൻ. രണ്ടു നഗരങ്ങളും ലെനിന്റെ ഈ അഭിപ്രായഗതി അംഗീകരിച്ചു. ഓരോ പ്രതിമ അനാച്ഛാദനം ചെയ്യുമ്പോഴും ആ വിപ്ലവകാരിയുടെ ജീവചരിത്രം വിശദീകരിയ്ക്കുന്ന ഒരു പ്രസംഗമുണ്ടായിരിയ്ക്കണമെന്നും ഓരോ പ്രതിമയുടെയും പീഠത്തിന്മേൽ ജീവചരിത്രസംഗ്രഹം കൊത്തിയിടണമെന്നും തീരുമാനിയ്ക്കപ്പെട്ടു. "പ്രതിമാപ്രചരണം" എന്നാണു് വ്ളാദിമിർ ഇല്ലിച്ച് ഇതിന്നു പേരിട്ടതു്.

പെട്രോഗ്രാഡിൽ ഈ "പ്രതിമാപ്രചരണം" ഒരു വിജയമായിരുന്നു. ഷെർവുഡ് നിർമ്മിച്ച "റാഡിസ്ചേവിൻെറ" പ്രതിമയാണ് പെട്രോഗ്രാഡിൽ ആദ്യമായി അനാച്ഛാദനംചെയ്യപ്പെട്ടതു്. അതിൻെറ ഒരു പകപ്പ് മോസ്കോവിലും സ്ഥാപിക്കപ്പെട്ടു. നിർഭാഗ്യത്തിനു പെട്രോഗ്രാഡിലെ പ്രതിമ പൊട്ടിത്തകൎന്നു പോയിരിക്കുന്നു. അതു് പുനഃസ്ഥാപിക്കപ്പെടുകയുണ്ടായില്ല. ഗുണംകറഞ്ഞ പ്ലാസ്റ്ററുകൾകൊണ്ടു നിർമ്മിച്ച പെട്രോഗ്രാഡ് പ്രതിമകൾ പലതും നശിച്ചുപോയിരിക്കുകയാണ്. അവയിൽ ചിലതു് —വിശേഷിച്ചും ഗാരിബാൾഡി, ഷെച്ചൻകോ, ദോബ്രോലിബോവ്, ഹെർസൺ മുതലായവരുടേതു്— മെത്തരം കലാസൃഷ്ടികൾ ആയിരുന്നു എന്നാണ് എൻെറ ഓർമ്മ. എന്നാൽ ഇടതുപക്ഷകലാകാരന്മാർ നിർമ്മിച്ച ചില പ്രതിമകൾ തീരെ കൊള്ളരുതാത്തവയായിരുന്നു. ഉദാഹരണത്തിന്നു് ക്യൂബിസമാതൃകയിൽ പെറോസ്കയയുടെ പ്രതിമ അനാച്ഛാദനംചെയ്തപ്പോൾ കാണികൾ അന്ധാളിച്ചുനിന്നുപോയി. ചെർനിഷേവ്സ്കിയുടെ പ്രതിമയും വളരെ കൃത്രിമമായിരുന്നു എന്നാണ് എൻെറ ഓർമ്മ. എന്നാൽ ലാസലേ * യുടെ പ്രതിമ എല്ലാംകൊണ്ടും മികച്ച ഒന്നായിരുന്നു. നഗരത്തിലെ ഡ്യൂമാകെട്ടിടത്തിന്നുമ്പിൽ ഇന്നും അതു കാണാവുന്നതാണ്. ** പിന്നീടു് ആ പ്രതിമ ഓടിൽ വാർത്തിട്ടുണ്ടെന്നു് തോന്നുന്നു. കാറൽമാർക്സ് നില്ക്കുന്ന രൂപത്തിൽ മെററ്വിയേവ് നിർമ്മിച്ച പ്രതിമയും വിശേഷപ്പെട്ട ഒന്നായിരുന്നു. നിർഭാഗ്യവശാൽ അതു് പൊട്ടിപ്പോയി. തൽസ്ഥാനത്തു് (സ്മോൾനിയ്ക്കടുത്തു്) ഇപ്പോൾ സ്ഥാപിതമായിട്ടുള്ള ഓട്ടുപ്രതിമയ്ക്കു് മാററ്വിയേവിൻെറ പ്ലാസ്റ്റർ പ്രതിമയുടെ വൈശിഷ്ട്യങ്ങൾ ഉള്ളതായി തോന്നുന്നില്ല.

---

* By zelit- A· L· (The Sculptor was Sinaisky and not zelit as mistakenly written by Lunacharsky—Ed)

** ഈ സ്മരണകൾ 1924ൽ എഴുതിയതാണ്.—Ed

വ്ളാദിമിർ ഇല്ലിച്ച് മോസ്കോവിലാണല്ലോ താമസിച്ചിരുന്നതു്. അവിടെ നിർമ്മിക്കപ്പെട്ട പ്ലാസ്റ്റർ പ്രതിമകൾ താരതമ്യേന ഗുണം കുറഞ്ഞവയും വ്ളാദിമിർ ഇല്ലിച്ചിന്നു തീരെ ഇഷ്ടപ്പെടാത്തവയും ആയിരുന്നു. നല്ല പ്രതിമകളെന്നു പറയാൻ തന്നെ കുറച്ചുമാത്രമെ മോസ്കോവിലുണ്ടായിരുന്നുള്ളു. കൂട്ടത്തിൽ നല്ലതു് കവിനിക്കിട്ടിന്റെ സ്മാരണസ്തൂപമായിരുന്നു. ഈ പ്രതിമകളെ വ്ളാദിമിർ ഇല്ലിച്ച് സൂക്ഷ്മമായി പരിശോധിച്ചുവോ എന്നെനിക്കറിഞ്ഞുകൂടാ; പക്ഷെ പ്രതിമാപ്രചരണംകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ലെന്നു വളരെ അസംതൃപ്തനായി ഒരിക്കലദ്ദേഹം എന്നോടു പറയുകയുണ്ടായി. മറിച്ചുള്ള അനുഭവം പെട്രോഗ്രാഡിലുണ്ടെന്നു ഞാൻ സൂചിപ്പിച്ചപ്പോൾ ബോദ്ധ്യമാവാത്ത മട്ടിൽ വ്ളാദിമിർ ഇല്ലിച്ച് എന്നോടു ചോദിച്ചു: "പ്രതിഭാസമ്പന്നർ മുഴവൻ ലെനിൻഗ്രാഡിലും പ്രതിഭയില്ലാത്തവർ മുഴവൻ മോസ്കോവിലും ആണെന്നാണോ നിങ്ങൾ പറയുന്നതു്?" അസാധാരണമായ ഈ അന്തരത്തിന്റെ കാരണം വിവരിച്ചുകൊടുക്കുവാൻ എനിക്കു കഴിഞ്ഞില്ല.

കോണെൻകോവിന്റെ സ്മാരകഫലകത്തെക്കുറിച്ചും വ്ളാദിമിർ ഇല്ലിച്ചിന്നു് ലേശവും തൃപ്തിയായിരുന്നില്ല. കോണെൻകോവിന്നുതന്നെ തന്റെ കലാസൃഷ്ടിയിൽ തൃപ്തിതോന്നിയിരുന്നില്ലെന്നു് വളരെ ഫലിതത്തിൽ അദ്ദേഹം എന്നോടു് പറയുകയുണ്ടായിട്ടുണ്ടു്.

ഖാൽട്ടുറിന്റെ ഛായാപടം വരച്ചതു് കലാകാരൻ ആൾട്ട്മാൻ വ്ളാദിമിർഇല്ലിച്ചിന്നു് ഒരിയ്ക്കൽ സമ്മാനിക്കുകയുണ്ടായി. അദ്ദേഹത്തിന്നു ഇതു വളരെ ഇഷ്ടപ്പെട്ടു. അതു് ഒരു ഫ്യൂച്ചറിസ്റ്റ് മാതൃകയല്ലേ എന്നു പിന്നീടു അദ്ദേഹം എന്നോടു ചോദിക്കുകയുണ്ടായി. ഫ്യൂച്ചറിസത്തിന്നു പൊതുവിൽ അദ്ദേഹം അനുകൂലമല്ലായിരുന്നു. ടെക്കനിക്കൽ സ്റ്റുഡിയോ വിദ്യാർത്ഥികൾ

താമസിച്ചിരുന്ന ഹോസ്റ്റലിൽ വ്ളാദിമിർ ഇല്ലിച്ച് ഒരിക്കൽ നഡേഷ്ഡാകോൺസ്റ്റാന്റിനോവ്നാ ഒരുമിച്ചു വരികയുണ്ടായി. അവിടത്തെ വിദ്യാർത്ഥികളുമായി സംഭാഷണംനടത്തിയ അവസരത്തിൽ ഞാൻ സന്നിഹിതനല്ലായിരുന്നു. "ഇടതുപക്ഷ"ക്കാരായ ആ കലാവിദ്യാർത്ഥികൾ പല പ്രധാനപ്പെട്ട പ്രശ്നങ്ങളും ഉന്നയിച്ചു എന്നാണ് പിന്നീടെനിക്കു അറിയാൻകഴിഞ്ഞതു്. നേരംപോക്കിൽ ആ വിദ്യാർത്ഥികളെ നേരിയമട്ടിൽ കളിയാക്കിക്കൊണ്ടു് ചില മറുപടികൾ അദ്ദേഹം പറഞ്ഞുവെങ്കിലും കലാവിഷയങ്ങളെക്കുറിച്ചു ആധികാരികമായി ചർച്ചനടത്താനുള്ള കഴിവ് തനിയ്ക്കില്ലെന്നു അവരോടദ്ദേഹം തുറന്നുപറയുകയുണ്ടായി. രസികന്മാരായ ആ ചെറുപ്പക്കാരെ കമ്യൂണിസ്റ്റ് അഭിപ്രായഗതിക്കാരായിക്കണ്ടതിൽ വ്ളാദിമിർ ഇല്ലിച്ചിന്നു് വലിയ സന്തോഷംതോന്നി.

തന്റെ ജീവിതത്തിലെ അവസാനദശയിൽ കലാകാര്യങ്ങളിൽ വ്യാപരിക്കുന്നതിന്നു് വ്ളാദിമിർ ഇല്ലിച്ചിന്നു് തെല്ലും സമയം കിട്ടിയിരുന്നില്ല. നാടകങ്ങളിലായിരുന്നു അദ്ദേഹത്തിന്നു താല്പര്യം; നാടകവേദികൾ പലപ്പോഴും അദ്ദേഹം സന്ദർശിക്കുകയും ചെയ്തിരുന്നു. ആർട്ട് തിയേററുകളെക്കുറിച്ചു് അദ്ദേഹത്തിന്നു വലിയ മതിപ്പായിരുന്നു.

വ്ളാദിമിർഇല്ലിച്ചിന്നു് സംഗീതത്തിൽ പ്രിയമായിരുന്നു. ചിലപ്പോഴൊക്കെ എന്റെ വീട്ടിൽ നല്ല കൺസർട്ടുകൾ നടത്താറുണ്ടു്. ചാലിയാപിൻ, മെയ്ചാക്ക്, റോമനോവ്സ്കി, സ്ടാഡിവേറിയസ്, കൃസേവെററ്സ്കി തുടങ്ങിയ പ്രശസ്ത ഗായകർ അവയിൽ പങ്കെടുക്കാറുമുണ്ടു്. വ്ളാദിമിർഇല്ലിച്ചിനെ ഞാൻ പതിവായി ക്ഷണിച്ചിരുന്നുവെങ്കിലും മിക്കപ്പോഴും അദ്ദേഹത്തിന്നു സമയം കിട്ടാറില്ല. ഒരിയ്ക്കലദ്ദേഹം എന്നോടു് ഇങ്ങനെ തുറന്നു പറയുകയുണ്ടായി: "പാട്ടു് കേട്ടുകൊണ്ടിരിക്കുന്നതു്

മന്തുററിആറു്

എനിയ്ക്കു രസമാണ്; പക്ഷേ എന്തുകൊണ്ടാണെന്നറിഞ്ഞുകൂടാ, പലപ്പോഴും അതെന്നെ അസ്വസ്ഥചിത്തനാക്കുന്നു." ഒരു സ്നേഹിതന്റെ വീട്ടിൽ സുപ്രസിദ്ധ പിയാനിസ്റ്റ് റോമനോവ്സ്കിയുടെ പാട്ടുകച്ചേരിയ്ക്കു വ്ളാദിമീർ ഇല്ലിച്ചിനെ കൂട്ടിക്കൊണ്ടു പോയ സഖാവ് ത്സിറുപ എന്നോടു് പറഞ്ഞതു് പാട്ടു് അദ്ദേഹത്തിന്നു് വളരെ രസിച്ചുവെന്നും എന്തുകൊണ്ടോ, അദ്ദേഹം അസ്വസ്ഥചിത്തനായി കാണപ്പെട്ടു എന്നും ആണ്.

ബോൾഷോയ് തീയേററിന്റെ നടത്തിപ്പ്ചിലവ് താരതമ്യേന കുറവാണെന്നു് വ്ളാദിമീർഇല്ലിച്ചിനെ ബോദ്ധ്യപ്പെടുത്താൻ പല തവണ എനിയ്ക്കു പരിശ്രമിക്കേണ്ടിവന്നിട്ടുണ്ടു്. പക്ഷേ, അദ്ദേഹത്തിന്റെ നിർബ്ബന്ധം ഹേതുവായി സംഖ്യ വെട്ടിക്കുറയ്ക്കേണ്ടതായിത്തന്നെ വന്നു. രണ്ടു സംഗതികളാണ് ഇതിന്നദ്ദേഹത്തെ പ്രേരിപ്പിച്ചതു്. അതിലൊന്നു് അപ്പോൾതന്നെ അദ്ദേഹം വിശദീകരിച്ചു: "വില്ലേജുകളിൽ സാധാരണ പ്രാഥമിക സ്കൂളുകൾപോലും നടത്താൻ കഴിവില്ലാതെ വിഷമിക്കുന്ന നാം ഇത്രയൊക്കെ കേമമായ നിലയിൽ ബോൾഷോയ് തീയേറർ നടത്തുന്നതു് ഉചിതമല്ല." മറേറ സംഗതി അദ്ദേഹം വിശദീകരിച്ചതു് ഒരു യോഗത്തിൽ ബോൾഷോയ് തീയേററിനെപ്പററിയുള്ള അദ്ദേഹത്തിന്റെ ആക്ഷേപങ്ങൾക്കു് ഞാൻ മറുപടി പറയുകയും ആ തീയേററിന്റെ കലാപ്രാധാന്യത്തെപ്പററി പ്രത്യേകം ഊന്നുകയും ചെയ്തപ്പോഴാണ്. കണ്ണു വെട്ടിച്ചുകൊണ്ടു് നർമ്മബോധത്തോടുകൂടി അദ്ദേഹം പറഞ്ഞു: "എന്തൊക്കെ പറഞ്ഞാലും തനി നിലപ്രഭുക്കളുടെ സംസ്കാരത്തെയാണ് അതു് പ്രതിനിധാനം ചെയ്യുന്നതു്, ഈ പരമാർത്ഥം ആക്കേങ്കിലും നിഷേധിയ്ക്കാനാകുമോ?"

പഴയ സംസ്കാരത്തോടു് മുഴുക്കെ വ്ളാദിമീർ ഇല്ലിച്ചിന്നു് വിരോധമായിരുന്നു എന്നു് ഇതിനർത്ഥമില്ല. ബോൾഷോയ്

ാപ്പേറായുടെ ആർഭാടാടോപവും കൊട്ടാരച്ഛായയും ആണു് അതു് നിഖപ്രഭുക്കളുടേതെന്നു് വിശേഷിപ്പിയ്ക്കാൻ വ്ളാദിമിർ ഇല്ലിച്ചിനെ പ്രേരിപ്പിച്ചതു്. റഷ്യയുടെ പഴയ സംസ്കാരത്തോടു്. വിശേഷിച്ചും (പെറെഡ്വിഷ്നികി* ഉൾപ്പെടെ) റഷ്യൻ റിയാലിസത്തോടു്, അദ്ദേഹത്തിന്നു് വലിയ മതിപ്പായിരുന്നു.

വ്ളാദിമിർ ഇല്ലിച്ചിനെക്കുറിച്ചു് എനിയ്ക്കോർമ്മയുള്ള വസ്തുസ്ഥിതിവിവരങ്ങളാണു് ഞാനിവിടെ നൽകിയിട്ടുള്ളതു്. കലാപരമായ തന്റെ ഇഷ്ടാനിഷ്ടങ്ങളിൽനിന്നു് പൊതുതത്വങ്ങൾ യാതൊന്നും വ്ളാദിമിർ ഇല്ലിച്ചു് ആവിഷ്കരിയ്ക്കുകയുണ്ടായിട്ടില്ലെന്നു് ഞാൻ ആവർത്തിച്ചുപറഞ്ഞുകൊള്ളട്ടെ.

കലാകാര്യങ്ങളെ സംബന്ധിച്ചു് സെൻട്രൽ കമ്മിററി തയ്യാറാക്കിയ കത്തു് പ്രസ്തുത കാര്യങ്ങളിൽ താല്പര്യമുള്ള സഖാക്കളുടെ ഓർമ്മയിലുണ്ടായിരിയ്ക്കും. ഫ്യൂച്ചറിസത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു കത്തായിരുന്നു അതു്.72 അതിന്റെ വിശദവിവരങ്ങളൊന്നും എനിയ്ക്കറിഞ്ഞുകൂടാ; എന്നാൽ ആ കത്തു് തയ്യാറാക്കുന്നതിൽ വ്ളാദിമിർ ഇല്ലിച്ചിന്നൊരു പങ്കുണ്ടായിരുന്നു എന്നു ഞാൻ വിചാരിയ്ക്കുന്നു. അക്കാലത്തു് ഞാൻ ഫ്യൂച്ചറിസത്തിന്റെ ഒരു ആരാധകനോ, അനുകൂലിയെങ്കിലുമോ ആണെന്നാണു് വ്ളാദിമിർ ഇല്ലിച്ചു് ധരിച്ചിരുന്നതു്. അക്കാരണാൽകൊണ്ടാവാം, പ്രസ്തുത കത്തു് തയ്യാറാക്കുന്നതിന്നുമുമ്പു് അതിനെപ്പററി എന്നോടദ്ദേഹം ആലോചിയ്ക്കുകയുണ്ടായില്ല. എന്റെ

---

* 1870ൽ സ്ഥാപിതമായ റഷ്യൻ പ്രോഗ്രസ്സീവ് ഡെമോക്രാററിക് സൊസൈററിയുമായി ബന്ധപ്പെട്ട കലാകാരന്മാർക്കും ശില്പികൾക്കും നൽകിയിരുന്ന പേരാണിതു്. (Association of Travelling Art exhibitions") പ്രസ്തുത സൊസൈററി ആദ്യം സെൻറ് പീറേറഴ്സ് ബർഗ്ഗിലും പിന്നീടു് മററു നഗരങ്ങളിലുമായി ഒട്ടാകെ 48 പ്രദർശനങ്ങൾ നടത്തുകയുണ്ടായിട്ടുണ്ടു്. 1922 വരെ ആ സൊസൈററി നിലനിന്നു.—Ed

നിലപാടു് തിരുത്തുവാൻ പ്രസ്തുത കത്തു് ഉപകരിയ്ക്കുമെന്നു് അദ്ദേഹം വിചാരിച്ചിരിയ്ക്കണം.

പ്രോളിത്തു്-കൾട്ടിന്റെ കാര്യത്തിലും എന്നിൽനിന്നും തീകച്ചും വിഭിന്നങ്ങളായ അഭിപ്രായങ്ങളാണു് വ്ളാദിമിർ ഇല്ലിച്ചിന്നു് ഉണ്ടായിരുന്നതു്. ഒരിയ്ക്കൽ അദ്ദേഹം എന്നെ മുഖത്തുനോക്കി ശകാരിക്കുകപോലും ചെയ്തിട്ടുണ്ടു്. തൊഴിലാളി കൾക്കിടയിൽനിന്നു് എഴുത്തുകാരെയും ചിത്രപ്പണിക്കാരെയും പരിശീലിപ്പിച്ചെടുക്കുന്നതിൽ തൊഴിലാളിസംഘടനകൾക്കുള്ള പ്രാധാന്യത്തെ ഒരിയ്ക്കലും അദ്ദേഹം നിഷേധിച്ചിട്ടില്ലെന്നു് ഇവിടെ വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. പൊതുവിൽ ഒരു "തൊഴിലാളിശാസ്ത്രവും" പൂർണ്ണമായ ഒരു "തൊഴിലാളിസംസ്കാരവും" രൂപപ്പെടുത്തുവാൻ പ്രോളിത്തു്-കൾട്ടു് ശ്രമിച്ചേക്കുമെന്നതായിരുന്നു അദ്ദേഹത്തിന്റെ ഭയം. അതിന്നായി ശ്രമിക്കുന്നതു്, ഒന്നാമതായി അകാലികവും അപ്രായോഗികവുമാണു്; രണ്ടാമതായി, നിലവിലുള്ള ശാസ്ത്രവും സംസ്കാരവും പഠിക്കുന്നതിൽനിന്നും ഉൾക്കൊള്ളുന്നതിൽനിന്നും തൊഴിലാളിജനങ്ങളെ പ്രലോഭനീയങ്ങളായ ഈ നൂതനാശയങ്ങൾ തടഞ്ഞുനിർത്തിയേക്കും; മൂന്നാമതായി പ്രോളിത്തു്-കൾട്ടിൽ ചില രാഷ്ട്രീയ വ്യതിയാനങ്ങൾ തലപൊക്കുമെന്നു് ന്യായമായും സംശയിക്കാൻ അദ്ദേഹത്തിന്നു് കാരണവുമുണ്ടായിരുന്നു. അക്കാലത്തു് പ്രോളിത്തു്-കൾട്ടിൽ എ. എ. ബോഗ്ദനോവു് വഹിച്ചിരുന്ന പ്രധാനപങ്കു് അദ്ദേഹത്തിന്നു് ഒട്ടും അഭിമതമായിരുന്നില്ല.

പ്രോളിത്തു്-കൾട്ടു് വിദ്യാഭ്യാസത്തിന്നായുള്ള ജനകീയ കമ്മിസാറിയത്തിന്റെ നേതൃത്വം അംഗീകരിച്ചു് പ്രവർത്തിക്കേണ്ട ഒരു സംഘടനയാണെന്നും കമ്മിസാറിയത്തിന്റെ കീഴിലുള്ള ഒരു സ്ഥാപനം മാത്രമാണെന്നും ഞാൻ തറപ്പിച്ചു പറയണമെന്നു് പ്രോളിത്തു്-കൾട്ടിന്റെ കോൺഗ്രസ്സു് 1920-ൽ സമ്മേ

ളിച്ചപ്പോൾ വ്ളാദിമിർ ഇല്ലിച്ച് എന്നോടാജ്ഞാപിച്ചു. ചുരുക്കത്തിൽ പ്രോളിത്ത്-കൾട്ടിനെ സോവിയററ് സ്റ്റേററിനോടും പാർട്ടിയോടുതന്നെയും കൂടുതൽ അടുപ്പിക്കുന്നതിനാണ് വ്ളാദിമിർ ഇല്ലിച്ച് ആഗ്രഹിച്ചിരുന്നതു്. മിക്കവാറും ഒഴിഞ്ഞുമാറുന്നതും അനുരഞ്ജാത്മകവുമായ ഒരു പ്രസംഗമാണ് പ്രസ്തുത കോൺഗ്രസ്സിൽ ഞാൻ ചെയ്തതു്. എൻെറ പ്രസംഗം തനി വഴവഴപ്പനായിപ്പോയി എന്നു് വ്ളാദിമിർ ഇല്ലിച്ചിനെ ആരോ ധരിപ്പിക്കുകയും ചെയ്തു. അദ്ദേഹം എന്നെ വിളിച്ച് കണക്കിനു് ശകാരിച്ചുവിട്ടു. ലെനിൻെറ നിർദ്ദേശങ്ങൾക്കനുസാരമായി പ്രോളിത്ത് കൾട്ട് പിന്നീട് പുനഃസംഘടിപ്പിക്കപ്പെട്ടു.

വിപ്ലവത്തിൻെറ കാലത്തു് റഷ്യയിൽ കലയിലും സാഹിത്യത്തിലും ഉയർന്നുവന്ന പുതിയ പ്രവണതകളും രൂപങ്ങളും ലെനിൻെറ ശ്രദ്ധയെ അധികവും ആകർഷിക്കുകയുണ്ടായില്ല. അതിനൊന്നും വേണ്ടത്ര സമയം അദ്ദേഹത്തിനു കിട്ടിയിരുന്നില്ല. എന്നിരിക്കിലും മയക്കോസ്കിയുടെ "നൂററിയമ്പതു് മില്യൺ" അദ്ദേഹം തെല്ലും ഇഷ്ടപ്പെട്ടില്ലെന്നു് എനിക്കു പറയാൻകഴിയും. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അതു് വളരെ കൃത്രിമമായിരുന്നു.* സോവിയററ് സാഹിത്യത്തിൽ പില്ക്കാലത്തുണ്ടായ വിപ്ലവപരമായ മുന്നേററത്തെക്കുറിച്ചും അതിനു കൈവന്ന പക്വതയെക്കുറിച്ചും അഭിപ്രായം പറയാൻ ലെനിനു് സമയവും സൗകര്യവും ഉണ്ടാകാതെ പോയതിൽ ഖേദിക്കുകയേ നിർവ്വാഹമുള്ളൂ.

സിനിമയിൽ എന്തു താല്പര്യമാണ് ലെനിനു് ഉണ്ടായിരുന്നതു് എന്നു എല്ലാവർക്കും അറിയാവുന്ന കാര്യമാണ്.

എ. വി. ലൂനാചാർസ്കി,
ലെനിൻെറ റികലക്ഷൻസ് പാർട്ടിസാത്
(റഷ്യൻപതിപ്പ്) 1933, പേ: 46_51

---

* അതേ മയക്കോസ്കി "ചുകപ്പുനാട"യെക്കുറിച്ചു എഴുതിയ ഒരു ലഘുകവിത ലെനിൻ വളരെയധികം ഇഷ്ടപ്പെടുകയും അതിലെ ചില വരികൾ ഇടക്കിടെ പാടിക്കൊണ്ടിരിക്കുകയും ചെയ്തിരുന്നു—A.L

ഞങ്ങളുടെ എക്സ്പിരിമെന്റൽ തിയേററുകളുടെ പുതുമയും വിപ്ലവപരതയും കണക്കിലെടുത്തു് അവയ്ക്കു പണം അനുവദിക്കണമെന്ന ഒരു സ്വകാര്യസംഭാഷണത്തിൽ ഞാൻ ലെനിനോടു ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം മറുപടിപറഞ്ഞതു് ഇങ്ങനെയാണു്: "ഇന്നത്തെ വിഷമഘട്ടം തീരുന്നതുവരെയ്ക്കും പുതിയ എക്സ്പിരിമെന്റൽ തിയേററുകൾ സ്വന്തം ഉത്സാഹത്തെയും കഴിവിനെയുംതന്നെ ആശ്രയിച്ചു നില്ക്കണം. നമ്മുടെ കലാസ്തംഭങ്ങളും പഴയ കലാകേന്ദ്രങ്ങളും തകരാതെ കഴിയ്ക്കാനാണു് എല്ലാ കഴിവുകളും നമ്മളിപ്പോൾ വിനിയോഗിയ്ക്കേണ്ടതു്. അവയെ തകരാനനുവദിച്ചാൽ തൊഴിലാളിവർഗ്ഗം നമുക്കു ഒരു കാലത്തും മാപ്പുതരികയില്ല." കലാമൂല്യങ്ങളുടെ അന്യാദൃശ ഭണ്ഡാഗാരങ്ങളായ മ്യൂസിയങ്ങൾ കേടുപാടുകൂടാതെ സൂക്ഷിക്കുക, നമ്മുടെ വിദഗ്ദ്ധന്മാർ പട്ടിണിമൂലം അന്യരാജ്യങ്ങളിലേക്കു് ഓടിപ്പോകാത്തവിധം അവരെ സഹായിക്കുക—മറെറല്ലാററിനെക്കാളുമുപരി ഇതിന്നു രണ്ടിന്നും മുൻഗണന നല്കണമെന്നതായിരുന്നു ലെനിന്റെ നിലപാടു്. എക്സ്'പിരിമെന്റൽ തിയേററുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്നു സ്വല്പം കാലതാമസംവന്നാലും അതൊരു പാപമാവില്ലെന്നു അദ്ദേഹം വിശ്വസിച്ചു.

സംസ്കാരത്തേയും കലയേയുംപററി ലെനിൻ
(ലേഖനങ്ങളുടെ സമ്പാദനം) ഇസോഗിസ്
(റഷ്യൻപതിപ്പ്) 1938 പേ: 310

z z z

....1918-ൽ പ്രോലിത്ത്-കൾട്ട്അംഗങ്ങൾ അലക്സാൺടിൻസ്കി തീയേററിന്നെതിരായി വലിയൊരാക്രമണം തൊടുത്തുവിട്ടു. പ്രസ്തുത സംഘടനയുമായി അടുത്തു ബന്ധപ്പെട്ടുകൊണ്ടാണു് ഞാൻ പ്രവത്തിച്ചിരുന്നതു്. "പിന്തിരിപ്പൻ കലയുടെ ആ ജീവനാളത്തെ" തല്ലിക്കെടുത്തണമെന്നു് പ്രോലിത്ത്-

കൾട്ടു് അംഗങ്ങൾ നിർബ്ബന്ധിച്ചു തുടങ്ങിയപ്പോൾ ഞാൻ അന്ധാ-
ളിച്ചു് വ്ളാദിമിർ ഇല്ലിച്ചിൻെറ ഉപദേശം തേടുന്നതിന്നാഗ്രഹിച്ചു.

സംഗതികൾ നേരിട്ടു് ചെന്നു് പറയുന്നതിന്നുതന്നെ ഞാൻ
തീരുമാനിച്ചു.

....കൃത്യമായ തിയ്യതി ഓർമ്മയില്ല, 1918-19ലാണെന്നു്
തീർച്ച. ഞാൻ വ്ളാദിമിർ ഇല്ലിച്ചിൻെറ ആഫീസിൽപോയി
അദ്ദേഹവുമായി സംസാരിച്ചു. രാജ്യത്തു് മികച്ച തീയേററുകൾ
നിലനിർത്തുന്നതിന്നും സംരക്ഷിയ്ക്കുന്നതിന്നും ഞാൻ ഉറച്ചിരിയ്ക്കുക-
യാണെന്നു് അദ്ദേഹത്തെ അറിയിച്ചു. "പഴഞ്ചൻ രീതിയിലാണു്
അവയിന്നും പ്രവർത്തിയ്ക്കുന്നതു്; പക്ഷെ എല്ലാ വൃത്തികേടുകളും
കഴിയുംവേഗം ഞങ്ങളവസാനിപ്പിയ്ക്കും" ഞാൻ കൂട്ടിച്ചേർത്തു.
"ധാരാളമാളുകൾ, വിശേഷിച്ചും തൊഴിലാളികൾ, പതിവായി
ഈ തിയേററുകൾ സന്ദർശിയ്ക്കുന്നുണ്ടു്. ഈ പ്രേക്ഷകരും കാല-
ത്തിൻെറ മാററവും ഏററവും പഴഞ്ചൻ തീയേററുകളിൽകൂടി
മാററം വരുത്തുമെന്നതിന്നു് സംശയമില്ല. ആ മാററത്തിന്നു്
കാലതാമസം പിടിയ്ക്കുമെന്നും ഞാൻ വിചാരിയ്ക്കുന്നില്ല. എന്റെ
അഭിപ്രായത്തിൻ പഴയ തീയേററുകൾ പെട്ടെന്നു് അടച്ചിടു-
ന്നതു് അവിവേകമാണു്; പകരം പുതിയവ സ്ഥാപിയ്ക്കുവാൻ
നമുക്കു് മാർഗ്ഗമൊന്നുമായിട്ടില്ല. പെട്ടെന്നങ്ങനെ പുതിയവ
സ്ഥാപിയ്ക്കുമെന്നതു് നമ്മുടെ കലാപാരമ്പര്യത്തിൽതന്നെ വലി-
യൊരു വിടവുണ്ടാക്കും. വിപ്ലവത്തെത്തുടന്നു് അടുത്ത ഭാവിയിൽ
നമ്മുടെ സംഗീതത്തിൽ സോഷ്യലിസത്തിന്നും തൊഴിലാളിവർഗ്ഗ-
ത്തിന്നും യോജിച്ച പല മാററങ്ങളും വരുമെന്നതു് തീർച്ചയാണു്.
പക്ഷെ അക്കാരണത്താൽ പഴയ സംഗീതവിദ്യാലയങ്ങളും
കൺസർവേറററികളും അടച്ചിടുന്നതും പഴയ ഫ്യൂഡൽ-ബൂർഷ്വാ
സംഗീതോപകരണങ്ങളും സംഗീതപാഠങ്ങളും കൈവെടിയു-
ന്നതും ആലോചിയ്ക്കാൻപോലും വയ്യാത്ത കാര്യങ്ങളാണു്."

മുന്നൂററിപന്ത്രണ്ടു്

എനിയ്ക്കു പറയാനുള്ളതെല്ലാം വ്ളാദിമിർ ഇല്ലിച്ച് ശ്രദ്ധിച്ചുകേട്ടു. നമുക്ക് തുടരുവാനുള്ള മാർഗ്ഗം അതാണെന്നു് അദ്ദേഹം അംഗീകരിച്ചു. എന്നാൽ വിപ്ലവത്തിന്റെ ആഘാതത്തിൽ പൊട്ടിപ്പുറപ്പെടുന്ന പുതിയ പ്രവണതകളെ അനുകൂലിയ്ക്കേണ്ട ചുമതലയുമുണ്ടെന്നും അദ്ദേഹം എന്നെ ഓർമ്മപ്പെടുത്തി. "ഈ പ്രവണതകൾ തുടക്കത്തിൽ വളരെ ദുർബ്ബലങ്ങളായി തോന്നിയേയ്ക്കാം. കലാമൂല്യങ്ങളുടെ മാനദണ്ഡംവെച്ചുമാത്രം അവ നോക്കിയാൽപോരാ. അങ്ങനെ മാത്രം നോക്കിയാൽ പുതിയ വസ്തു് പക്വതയും പാരമ്പര്യവും നേടിക്കഴിഞ്ഞ പഴയവയെ അതിജീവിച്ചു വളരുവാൻ കഴിയുകയില്ല. പഴയതിൽ മാററം വരുത്താനും പുതിയവ വളർത്താനും സഹായിയ്ക്കുന്ന വിധത്തിൽ ഈ പ്രക്രിയയെ നാം മുമ്പോട്ടുകൊണ്ടുപോകണം."

അക്കാര്യത്തിൽ തികച്ചും ശ്രദ്ധിയ്ക്കാമെന്നു വ്ളാദിമിർ ഇല്ലിച്ചിന്നു് ഉറപ്പു കൊടുത്തുകൊണ്ടു് ഞാനിങ്ങനെ തുടർന്നു: "ഭ്രാന്തന്മാരും കിറുക്കന്മാരും വളരെ പേർ നമ്മുടെ കൂട്ടത്തിൽ ചേർന്നു നമ്മുടെ സംഘടന ഉപയോഗപ്പെടുത്തി വശക്കേടുകളുണ്ടാക്കാൻ ശ്രമിയ്ക്കുന്നുണ്ടു്, അതു് നാം സൂക്ഷിയ്ക്കണം. അവരെ അതിന്നനുവദിച്ചുകൂടാ."

ഇതിന്നു വ്ളാദിമിർ ഇല്ലിച്ച് പറഞ്ഞ മറുപടി അതേ വാക്കുകളിൽ എന്റെ ഓർമ്മയിലുള്ളതു് ഞാനിവിടെ പകർത്തുകയാണു്: "ഭ്രാന്തന്മാരെക്കുറിച്ചും, കിറുക്കന്മാരെക്കുറിച്ചും നിങ്ങൾ പറഞ്ഞതു് അക്ഷരംപ്രതി ശരിയാണു്. അധികാരം പിടിച്ചെടുത്ത ഒരു വർഗ്ഗം, ബുദ്ധിജീവികൾ വേണ്ടത്ര വളർന്നുകഴിഞ്ഞിട്ടില്ലാത്ത ഒരു വർഗ്ഗം. കരുതലോടുകൂടി പ്രവർത്തിയ്ക്കുന്നില്ലെങ്കിൽ ഈ ഭ്രാന്തന്മാരുടേയും കിറുക്കന്മാരുടേയും വലയിൽ തീർച്ചയായും കുടുങ്ങിപ്പോകും. ആപത്തു് യഥാകാലം മനസ്സിലാക്കുന്നതിന്നുപോലും അവർക്കു കഴിഞ്ഞിട്ടില്ലെന്നു് വരും."

സാംഗതികർ ഞാനിങ്ങനെ സമാപിപ്പിച്ചു: "പഴയ കവകളിൽ കൊള്ളാവുന്നതു മുഴവൻ നാം സംരക്ഷിയ്ക്കണം. കലകളെന്നു പറയുമ്പോൾ മ്യൂസിയത്തിലെ അവശിഷ്ടങ്ങളെയല്ല സംഗീതം, സാഹിത്യം, തീയേററർ തുടങ്ങിയ ജീവത്തായ കലകളെയാണ് നാം ഉദ്ദേശിക്കുന്നതു്. പുതിയ ആവശ്യങ്ങൾ നിറവേററുന്നതിന്നു തക്കവണ്ണം ക്രമത്തിനു അവയെ നാം വളർത്തിക്കൊണ്ടു വരണം. പുതിയ പ്രവണതകളെ വിവേകത്തോടു കൂടി കൈകാര്യംചെയ്യണം. ആക്രമിച്ച് സ്ഥാനമുറപ്പിയ്ക്കാനല്ല സ്വന്തം കഴിവുകൊണ്ടു് അംഗീകാരം നേടുവാനാണ് നാം അവരെ അനുവദിയ്ക്കേണ്ടതു്. അക്കാര്യത്തിൽ എല്ലാ സഹായവും നാം അവയ്ക്കു ചെയ്തുകൊടുക്കുകയുംവേണം."

ലെനിൻെറ മറുപടി ഇപ്രകാരമായിരുന്നു: "നിങ്ങൾ പറഞ്ഞതാണ് ശരി. ഇനി പ്രസംഗങ്ങൾ വഴിയായും ലേഖനങ്ങൾ വഴിയായും കാര്യങ്ങൾ കലാപ്രേമികൾക്കും ബഹുജനങ്ങൾക്കു് പൊതുവിലും നിങ്ങൾ വിവരിച്ചുകൊടുക്കണം."

"നിങ്ങളുടെ അഭിപ്രായമാണിതെന്നു് എനിക്കു് പ്രചരിപ്പിയ്ക്കാമോ?"

"പാടില്ല; കലാവിഷയങ്ങളിൽ യാതൊരു വൈദഗ്ധ്യവും എനിയ്ക്കു് അവകാശപ്പെട്ടുകൂടാ. നിങ്ങൾ ജനകീയ കമ്മിസാറാണ്; ആ നിലയിൽ തികച്ചും ആധികാരിതവം ഉള്ള ആളുമാണ്."

ഇതോടുകൂടി ഞങ്ങളുടെ സംഭാഷണമവസാനിച്ചു.

എ. വി. ലുനാചാർസ്കി: "അലക്സാൻടിസ്കി തിയേററർ ശതാബ്ദിക്കുവേണ്ടി"—കോൺസ്റ്റാൻറിൻ ഡെർസാവിൻെറ അലക്സാൻടിസ്കി തിയേറററിൻെറ കാലഘട്ടം എന്ന പുസ്തകം, ലങ്കിക്കൽ (റഷ്യൻ പതിപ്പ്) 1932, പേ: 9–11.

x x x

സാംസ്കാരികവിപ്ലവത്തിന്നു് വലിയ പ്രാധാന്യമാണു് ലെനിൻ കല്പിച്ചിരുന്നതെന്നു് അറിഞ്ഞുകൂടാത്തവർ വല്ലവരുമുണ്ടോ? ഒക്ടോബർ വിപ്ലവത്തിന്നുശേഷം അദ്ദേഹം ആവർത്തിച്ചാവർത്തിച്ച പറഞ്ഞിട്ടുള്ള ഒരു സംഗതിയാണിതു്. പൊതുവിദ്യാഭ്യാസത്തിൻെറ വിവിധ ശാഖകളെക്കുറിച്ചു ചർച്ച് നടന്നിട്ടുള്ള എല്ലാ കോൺഗ്രസ്സുകളിലും അദ്ദേഹം ഇതിനെപ്പററി പറഞ്ഞിട്ടുണ്ടു്. യങ്ങ്കമ്യൂണിസ്റ്റ് ലീഗിൻെറ സമ്മേളനത്തിൽ അദ്ദേഹം ചെയ്ത സുപ്രസിദ്ധ പ്രസംഗത്തിൻെറ വിഷയംതന്നെ ഇതായിരുന്നു. വിപ്ലവത്തിൻെറ കലാപരമായ കടമകളെപ്പററി നിരവധി ലേഖനങ്ങളിൽ വീണ്ടും വീണ്ടും അദ്ദേഹം ഓർമ്മിപ്പിച്ചിട്ടുണ്ടു്. സ്വന്തം കയ്യക്ഷരത്തിൽ അവസാനമായി എഴുതിയിട്ടുള്ളതിലും ഈ വിഷയത്തിന്നുതന്നെയാണു് പ്രാധാന്യം നല്കിയിട്ടുള്ളതു്.

രാഷ്ട്രീയവും സാമ്പത്തികവുമായ രംഗങ്ങളിൽ വിജയം നേടിക്കഴിഞ്ഞതിന്നുശേഷം—മാർക്സ് വിവരിച്ചതരത്തിൽ, പരിശീലനഘട്ടംകഴിഞ്ഞു മനുഷ്യൻ യഥാർത്ഥത്തിൽ തനിയ്ക്കർഹതപ്പെട്ട സുഭഗസുന്ദരമായ ജീവിതത്തിൽ പ്രവേശിക്കുന്ന കാലത്തു്—സോഷ്യലിസ്റ്റ് സംസ്കാരം എന്തെല്ലാം രൂപങ്ങൾ കൈക്കൊള്ളും എന്നതിലായിരുന്നില്ല ലെനിന്നു് താല്പര്യം.

"ദിവാസ്വപ്നങ്ങളു"ടെ ആവശ്യത്തെ അദ്ദേഹം നിഷേധിക്കുന്നില്ല; പക്ഷെ യാതൊരു പ്രായോഗിക പ്രസക്തിയുമില്ലാത്ത ഭാവനാവ്യായാമങ്ങൾക്കു് അദ്ദേഹം പ്രോത്സാഹനം നല്കിയിരുന്നില്ല. വിദൂരഭാവിയെസ്സംബന്ധിക്കുന്ന എന്തിനെക്കുറിച്ചും ആരെങ്കിലും ചോദിച്ചാൽ അദ്ദേഹം പുഞ്ചിരിച്ചുകൊണ്ടു് ഇങ്ങനെ മറുപടി പറയുക പതിവായിരുന്നു: "വിദൂരഭാവിയിലെ ആളുകൾ വളരെ സമർത്ഥന്മാരായിരിക്കുമെന്നു് നിങ്ങൾക്കറിയാം. അവരുടെ പ്രശ്നങ്ങളെയെല്ലാം വളരെ ഭംഗിയായനിലയിൽ അവർ പരിഹരിക്കുകയുംചെയ്യും. ഇന്നത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്നു് ഞാനും

നിങ്ങളുമല്ലാതെ മററാരുമില്ലല്ലോ; അതുകൊണ്ടു നമുക്കിപ്പോൾ ആ വക കായ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിയ്ക്കാം."

രാഷ്ട്രീയവും സാമ്പത്തികവും ആയ നേട്ടങ്ങൾക്കു മകുടം ചാത്തുന്നതിന്നു സംസ്കാരം വേണം എന്ന നിലയ്ക്കുള്ള ലെനിൻ കായ്യങ്ങൾ കണ്ടിരുന്നതു്. ഭൂമുഖത്തു ഒരു വർഗ്ഗരഹിതസമുദായം സ്ഥാപിക്കുന്നതിന്നാവേണ്ട ക്ലേശങ്ങളും ത്യാഗങ്ങളും സഹിയ്ക്കാൻ ജനങ്ങൾക്കു പ്രചോദനം നല്കുന്നതു് സോഷ്യലിസ്റ്റ്സംസ്കാരവും സോഷ്യലിസ്റ്റ് ജീവിതരീതിയും ആണെന്നു് അദ്ദേഹം മനസ്സിലാക്കാതിരുന്നിട്ടല്ല.

രാഷ്ട്രീയനേട്ടങ്ങൾ ഉറപ്പിക്കുക, നമ്മുടെ രാജ്യത്തു് ഒരു സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുക, സമഗ്രമായ ഒരു സോഷ്യലിസ്റ്റ്സംസ്കാരത്തിന്നു മുന്നുപാധികൾ സൃഷ്ടിക്കുക— ഈ ലക്ഷ്യങ്ങൾക്കുപകരിക്കുന്ന ഒരു സംസ്കാരത്തിലാണു് ലെനിൻ ആദ്യമായും ശ്രദ്ധപതിപ്പിച്ചതു്.

പൂണ്ണവികാസംപ്രാപിച്ച ഒരു ബൂർഷ്വാസംസ്കാരം നമ്മുടെ രാജ്യത്തു് ഉണ്ടായിരുന്നുവെങ്കിൽ സാർഭരണത്തിന്നു അറുതിവരുത്തിയശേഷം കൂടുതൽ വേഗത്തിലും എളുപ്പത്തിലും മുന്നോട്ടുപോകുവാൻ നമുക്കു കഴിയുമായിരുന്നു എന്നു് ലെനിൻ പലപ്പോഴും ഊന്നിപ്പറയാറുള്ള ഒരു സംഗതിയാണു്.

ബൂർഷ്വാ സംസ്കാരം വികാസംപ്രാപിച്ചിട്ടുള്ള പശ്ചിമയൂറോപ്യൻരാജ്യങ്ങളിലെ തൊഴിലാളികൾക്കു് വിപ്ലവത്തിന്നുശേഷം കൂടുതൽ വേഗത്തിലും എളുപ്പത്തിലും സോഷ്യലിസത്തിലെത്താൻ കഴിയുമെന്നും അദ്ദേഹം പറയാറുണ്ടു്.

ഒക്ടോബർവിപ്ലവത്തിൽ വിജയംനേടുന്നതുവരേക്കും ഇരുൾനിറഞ്ഞ ഏഷ്യാററിക്കു് പരിതസ്ഥിതികളിലാണു് നമ്മൾ ക-

ഴിഞ്ഞുകൂടിയിരുന്നതു്. അവയിൽനിന്നു പൂൎണ്ണമായും കരകേറുവാൻ നമുക്കിനിയും സാധിച്ചിട്ടില്ല. ഈ വസ്തുതയാണു് സോഷ്യലിസത്തിലേക്കു് മുന്നേറുന്നതിന്നുള്ള പന്ഥാവിൽ നമുക്കുള്ള പ്രധാന തടസ്സമെന്നു് ലെനിൻ മനസ്സിലാക്കിയിരുന്നു.

അതുകൊണ്ടു് വ്യവസായവൽക്കരണം നാം ത്വരിതപ്പെടുത്തണം; വ്യവസായവൽക്കരണത്തിൽകൂടിമാത്രമേ സോഷ്യലിസ്റ്റു് നിൎമ്മാണത്തിന്നാവശ്യമായ സാമ്പത്തിക - സാംസ്കാരികനിലവാരങ്ങൾ സൃഷ്ടിക്കാൻ കഴിയുകയുള്ളു; അവ സൃഷ്ടിക്കുന്നില്ലെങ്കിലോ, സോഷ്യലിസം വെറും ഒരു മോഹനസ്വപ്നമായിമാത്രം അവശേഷിക്കും.

നാട്ടിൻപുറങ്ങളിലെ നമ്മുടെ സാമ്പത്തികനയങ്ങൾ പരിശോധിക്കുമ്പോഴാണു് ഇതിന്റെ പ്രാധാന്യം തികച്ചും നമുക്കു് ബോധ്യപ്പെടുന്നതു്. വമ്പിച്ച സാമ്പത്തികപരിവൎത്തനങ്ങൾകൂടാതെ സോഷ്യലിസ്റ്റു് സമ്പദ്ഘടനയും സോഷ്യലിസ്റ്റു്ജീവിതരീതികളും നാട്ടിൻപുറങ്ങളിൽ കൈവരുത്തുക സാധ്യമല്ല.

സംസ്കാരത്തിന്റെ പ്രാഥമികരൂപത്തിലും വ്ളാദിമിർഇല്ലിച്ചിന്നു് വലിയ ശ്രദ്ധയായിരുന്നു.

ലെനിൻ സംസ്കാരത്തിന്റെ അന്തകനായിരുന്നു എന്ന ലളിതവും ഉപരിപ്ലവവും ആയ നിഗമനത്തിലാണു് ഇതിൽനിന്നെല്ലാം ഒരാൾ എത്തിച്ചേരുന്നതെങ്കിൽ അതു് വമ്പിച്ചൊരു തെററായിരിക്കും.

"സോവിയററധികാരം + വിദ്യുച്ഛക്തി = ബഹുജന സംസ്കാരം" എന്നല്ലേ ലെനിൻ പറഞ്ഞിരുന്നതു് എന്നു് ചിലർ ചോദിച്ചേയ്ക്കും.

ശരിയാണു്; ലെനിനങ്ങനെ പറഞ്ഞിരുന്നു. പക്ഷെ ലെനിൻ യഥാൎത്ഥത്തിൽ സംസ്കാരത്തിന്റെ അന്തകനായിരുന്നു

മുന്നൂററിപതിനേഴു്

വെങ്കിൽ അദ്ദേഹം പറയുമായിരുന്നതു് ഇങ്ങനെയാണു്: “ആദ്യം സാക്ഷരത്വം, പിന്നീടു് വിദ്യുച്ഛക്തി, പിന്നീടു് ക്രമത്തിൽ സ്വാതന്ത്ര്യം, സംസ്കാരം, പൊതുവിൽ സോവിയററ് അധികാരം”.

അങ്ങനെയദ്ദേഹം പറഞ്ഞില്ലെന്നുമാത്രമല്ല, അങ്ങനെ പറഞ്ഞിരുന്നവരോടു് കയർത്തും ക്ഷോഭിച്ചും വലിയൊരു സമരം തന്നെ നടത്തിക്കൊണ്ടുമിരുന്നു.

സോവിയററ് അധികാരം പിടിച്ചെടുത്തതിന്നുശേഷംമാത്രം സാക്ഷരത്വത്തിന്നും വൈദ്യുതീകരണത്തിന്നും ഇത്രയധികം പ്രാധാന്യം ലെനിൻ കല്പിച്ചതിന്നു് എന്താണു് കാരണം?

വൈദ്യുതീകരണത്തെസംബന്ധിച്ചു് വ്യക്തമായും അതിന്റെ കാരണം അതു് ബൂർഷ്വാ വൈദ്യുതീകരണം അല്ലെന്നതുതന്നെയാണു്. വിപ്ലവം വിജയിച്ചഘട്ടത്തിൽ റഷ്യയിൽ വൈദ്യുതീകരണവും തൽഫലമായുള്ള നേട്ടങ്ങളും ഉണ്ടായിരുന്നുവെങ്കിൽ ഒരുവിധത്തിൽ അതു് ഗുണകരമാകുമായിരുന്നു എന്നാൽ തികച്ചും വ്യത്യസ്തമായ അർത്ഥത്തിലാണു് ആ വൈദ്യുതീകരണത്തെ നമ്മൾ മനസ്സിലാക്കേണ്ടതു്. ബൂർഷ്വാസിയുടെ ഭരണത്തിൽ വിദ്യുച്ഛക്തി മനുഷ്യനെ മനുഷ്യൻ ചൂഷണംചെയ്യുന്നതു് ശക്തിപ്പെടുത്താനുള്ള ഒരുപാധിയാണു്; ചില സാഹചര്യങ്ങളിൽ ബൂർഷ്വാ ഭരണത്തെ നിലയുറപ്പിക്കുന്നതിന്നുള്ള ഒരു ഉപാധിയായും അതനുഭവപ്പെടുന്നു.

വിപ്ലവത്തിന്നുമുൻപു് ബഹുജനങ്ങൾക്കു ലഭിക്കുന്ന വിദ്യാഭ്യാസവും മിക്കവാറും ഇതേതരത്തിൽതന്നെയാണു്. വിപ്ലവം വിജയിക്കുന്നഘട്ടത്തിൽ ജനങ്ങൾക്കെല്ലാം അക്ഷരജ്ഞാനമുണ്ടായിരുന്നുവെങ്കിൽ അതൊരുവിധത്തിലും മോശപ്പെട്ട ഒരു സംഗതിയാകുമായിരുന്നില്ല. എന്നിരിക്കിലും ബൂർഷ്വാസിയുടെ ആഭി

മുഖ്യത്തിലുള്ള അക്ഷരജ്ഞാനവും നമ്മളുദ്ദേശിക്കുന്ന അക്ഷരജ്ഞാനവും തികച്ചും വിഭിന്നങ്ങളാണു്. ബൂർഷ്വാസി തൊഴിലാളികൾക്കും കൃഷിക്കാൎക്കും വിദ്യാഭ്യാസം നൽകുന്നതു് കൂടുതൽ തീവ്രമായി അവരെ ചൂഷണംചെയ്യുന്നതിന്നും യാഥാൎത്ഥ്യം അവരിൽനിന്നു് മറച്ചുവെക്കുന്നതിന്നുമാണു്. യാഥാൎത്ഥ്യങ്ങൾ ബഹുജനങ്ങളിൽനിന്നു് മറച്ചുവെക്കുന്നതിന്നു് പുരോഹിതന്മാരുമായി ഒത്തുചേൎന്നു് മെൻഷവിക്കുകൾ ഒട്ടാകെ വിജയപ്രദമായി (ആ വിജയം താല്ക്കാലികമാണെങ്കിൽകൂടി) അക്ഷരാഭ്യാസത്തെ ഉപയോഗപ്പെടുത്തുന്നതായി നാം കാണുന്നുണ്ടു്.

ഒക്ടോബർ വിപ്ലവത്തിന്നുശേഷം സംസ്കാരത്തേയും പ്രാഥമികമായ അക്ഷരജ്ഞാനത്തേയും പുതിയൊരൎത്ഥത്തിൽ, വ്യത്യസ്തമായൊരു പശ്ചാത്തലത്തിൽ, ആണു് വ്ലാദിമിർ ഇല്ലിച്ചു് വീക്ഷിച്ചിരുന്നതു്.

ജാലവിദ്യക്കാരന്റെ പീലിക്കെട്ടിൽനിന്നെന്നപോലെ പുതിയൊരു തൊഴിലാളിസംസ്കാരം എളുപ്പത്തിൽ വാൎത്തെടുത്തു് തൊഴിലാളികൾക്കും കൃഷിക്കാൎക്കും സമ്മാനിച്ചുകളയാം — ആ പുതിയ സംസ്കാരത്തിൽ അക്ഷരമാല മുതൽ തീവണ്ടി എഞ്ചിൻ വരെ സകലതും പഴയതിൽനിന്നു് വ്യത്യസ്തമായിരിക്കും — എന്നും മറ്റും വിചാരിക്കുന്ന ദിവാസ്വപ്നക്കാരേയും ധൃതഗതിക്കാരേയും അദ്ദേഹം കണക്കിന്നു കളിയാക്കിയിട്ടുണ്ടു്.

അവരുടെ പുതിയ അക്ഷരങ്ങൾ വായിക്കുവാൻ പറ്റുന്നവയാണു്, പുതിയ തീവണ്ടി എഞ്ചിനുകളിൽ ഉദ്ദിഷ്ടസ്ഥാനത്തു് നമ്മെ കൊണ്ടുചെന്നെത്തിക്കും, പുതിയ തോക്കുകൾ ശത്രുക്കളുടെ തോക്കുകളോടു് കിടപിടിക്കും — എന്നൊന്നും യാതൊരുറപ്പും അവർ നല്കുന്നുമില്ല.

ഞാൻ വിവരിച്ചതുപോലുള്ള അൎത്ഥശൂന്യമായ ഭാവനാവിലാസങ്ങൾ വ്ലാദിമിർ ഇല്ലിച്ചിനെ ചൊടിപ്പിച്ചതിലും ശുണ്ഠി പിടിപ്പിച്ചതിലും എന്താണത്ഭുതം?

മുന്തററ് ഫത്തോൻഫത്തു്

ബൂർഷ്വാസംസ്കാരവും ബൂർഷ്വാസിയുടെ സാങ്കേതികവിജ്ഞാനവും മനസ്സിരുത്തി പഠിച്ച് അതിൽനിന്നു് നമുക്കാവശ്യമായിട്ടുള്ളതു്—പുതിയ സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കാൻ അത്യന്താപേക്ഷിതമായിട്ടുള്ളതു്—ചികഞ്ഞെടുക്കാൻ വളരെയേറെ ക്ലേശിക്കേണ്ടതും പണിയെടുക്കേണ്ടതും ഉണ്ടെന്നു അദ്ദേഹം ദൃഢമായി വിശ്വസിച്ചു.

അതേസമയം നമുക്കാവശ്യമായിട്ടുള്ളതെല്ലാം ബൂർഷ്വാസിയിൽനിന്നു് പഠിക്കാം എന്ന ധാരണയും അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. നമുക്കു് സ്വന്തമായ ആശയങ്ങളും ലക്ഷ്യങ്ങളുമുണ്ടെന്നും, അവയെ ബൂർഷ്വാസി ശപിക്കുകയും വെറുക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നുണ്ടെന്നും, അദ്ദേഹത്തിന്നു് വ്യക്തമായി അറിയാമായിരുന്നു. നമുക്കു് സ്വന്തമായ വർഗ്ഗസത്യങ്ങളുണ്ടു്—ലോകത്തോടും വിജ്ഞാനത്തോടും ചരിത്രത്തോടും വർത്തമാനത്തോടും ഭാവിയോടും പുതിയ സമീപനങ്ങളുണ്ടു്—എന്നദ്ദേഹത്തിന്നറിയാമായിരുന്നു.

ഈ നിലപാടിൽനിന്നുകൊണ്ടു് ലെനിൻ എപ്പോഴും ഊന്നിപ്പറഞ്ഞിരുന്നതു് സോവിയററു് വ്യവസ്ഥയിൽ ഒരു കുട്ടിയും അവൻെറ അമ്മയും ആദ്യക്ഷരങ്ങൾ പഠിക്കുന്നതും, പ്രായപൂർത്തിയെത്തിയവർ എഴുതാനും വായിയ്ക്കാനും പഠിക്കുന്നതും, പുതിയൊരാശയും ലക്ഷ്യവും ഉള്ളിൽവെച്ചും പുതിയൊരു മാർഗ്ഗത്തെ ലാക്കാക്കിയും ആണെന്നാണു്.

മാത്രമല്ല, നമ്മുടെ സ്കൂൾ വിദ്യാഭ്യാസവും സ്വയംവിദ്യാഭ്യാസവും പുതിയ രീതികളിൽ ആയിരിക്കണമെന്നും ലെനിൻ നമ്മെ പഠിപ്പിച്ചു. ഈ പുതിയ രീതികൾ ബൂർഷ്വാസിയുടെ കാപട്യങ്ങളും വഞ്ചനകളും അറിഞ്ഞോ അറിയാതെയോ ഉള്ള മുൻവിധികളും അബദ്ധങ്ങളും ഒഴിവാക്കിക്കൊണ്ടുള്ളതായിരിരിക്കണം. ബൂർഷ്വാസിയെപ്പോലെ പുസ്തകങ്ങളിൽനിന്നു് പഠി

ജ്ജന്നതുകൊണ്ടുമാത്രം നമുക്ക തൃപ്പിപ്പെട്ടക്കൂടാ. ദൈനംദിനസോഷ്യലിസ്റ്റ് അനുഭവങ്ങളുമായി നമ്മുടെ വിദ്യാഭ്യാസം അഭേദ്യമായി ബന്ധപ്പെട്ടിരിക്കണം.

"പഠിച്ചുകൊണ്ട് അദ്ധ്വാനിയ്ക്കുക; അദ്ധ്വാനിച്ചുകൊണ്ട് പഠിയ്ക്കുക" എന്നു് പുരോഗമനാശയക്കാരനായ ഒരു ബൂർഷ്വാ അദ്ധ്യാപകനും പറയാവുന്നതാണു്. പക്ഷെ ലെനിൻ പറയുന്ന അദ്ധ്വാനം തികച്ചും വ്യത്യസ്തമാണു്. സോഷ്യലിസ്റ്റ് രീതിയിലുള്ള പ്രവർത്തനത്തെയാണു് അദ്ദേഹം വിവക്ഷിക്കുന്നതു്; ഒക്ടോബർ വിപ്ലവത്തിനുശേഷം സോവിയററു് യൂണിയനിൽ പഠിപ്പും സോഷ്യലിസ്റ്റ് പ്രവർത്തനവും അഭേദ്യമായി ബന്ധപ്പെട്ടാണിരിയ്ക്കുന്നതു്.

അക്ഷരജ്ഞാനം വർദ്ധിപ്പിക്കാതെ, വിദ്യാഭ്യാസം മെച്ചപ്പെടുത്താതെ, നമ്മുടെ രാഷ്ട്രീയസംവിധാനത്തെ തൊഴിലാളികളുടേയും കൃഷിക്കാരുടേയും ഉയന്ന സാമൂഹ്യബോധവുമായി ഇണക്കിച്ചേർക്കുക സാദ്ധ്യമേയല്ല.

അക്ഷരജ്ഞാനം വർദ്ധിക്കുകയും, വിദ്യാഭ്യാസം വികസിക്കുകയും ചെയ്യല്ലാതെ വ്യവസായങ്ങൾ അതിവേഗത്തിൽ വളത്തുന്നതിന്നോ, ഇന്നത്തെ നാട്ടിൻപുറങ്ങളെ ഒന്നാംതരം കൂട്ടകൃഷിപ്രദേശങ്ങളായി രൂപാന്തരപ്പെടുത്തുന്നതിന്നോ, സാദ്ധ്യമല്ല.

എന്നാൽ നമ്മുടെ അക്ഷരാഭ്യാസവും പഠിപ്പും. ഒരു നിമിഷത്തേയ്ക്കുപോലും, നമ്മുടെ രാഷ്ട്രീയസമരങ്ങളിൽനിന്നും സാമ്പത്തികസമരങ്ങളിൽനിന്നും വ്യവസായവൽക്കരണത്തിൽനിന്നും കൂട്ടായ്മപ്രവർത്തനങ്ങളിൽനിന്നും ഒററതിരിഞ്ഞാവാൻ അനുവദിച്ചുകൂടാ. അങ്ങനെ അനുവദിക്കുന്നതു് ഭീമമായ തെററായിരിയ്ക്കും.

മുന്നൂററിഇരുപത്തിഒന്നു്

വിപ്ലവം വിജയിച്ച് ആദ്യമാസങ്ങളിൽ ലെനിൻ പറഞ്ഞുതുടങ്ങിയതാണിതു്; ഇന്നും അതു് അന്വത്ഥമാണു്.

കാലം മുന്നോട്ടുകതിക്കുകയാണു്. ക്രമംകത്തികൊണ്ടുള്ള കാലപ്രവാഹത്തിലാണു് നമ്മൾ ജീവിക്കുന്നതു്. ഈ കാലപ്രവാഹത്തിൽ നമ്മുടെ യാതൊരു തത്വവും തകന്നുപോയിട്ടില്ല; അതിന്റെ ഗതിവിഗതികൾ പുതിയ പ്രശ്നങ്ങളെ മുന്നോട്ടുവെക്കുകയും പഴയ പ്രശ്നങ്ങളെ പുതിയ രൂപങ്ങളിൽ അവതരിപ്പിക്കുകയുംചെയ്യുന്നു എന്നുമാത്രം.

സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വിവിധ സാംസ്കാരികവശങ്ങളെക്കുറിച്ച് ലെനിൻ നമ്മെ പഠിപ്പിച്ചിട്ടുള്ള തത്വങ്ങളിൽ ഏതെല്ലാമാണു് ഇന്നത്തെ കാലഘട്ടത്തിൽ പ്രാമുഖ്യത്തിലുള്ളതു്; ഏതെല്ലാമാണു് ഇന്നു് സവ്വപ്രാധാന്യമാജ്ജിച്ചിട്ടുള്ളതു്, എന്നു ചോദിച്ചാൽ മുഖ്യമായും രണ്ടെണ്ണം എന്നാണു് മറുപടി പറയാനുള്ളതു്. പ്രവത്തകന്മാരുടെ പ്രശ്നം, സാംസ്കാരികമണ്ഡലത്തിൽ വഗ്ഗസമരത്തിന്റെ രൂക്ഷത—ഇതു് രണ്ടുമാണു് ഇന്നു നമ്മെ അഭിമുഖീകരിക്കുന്ന ഏററവും പ്രധാനപ്പെട്ട പ്രശ്നങ്ങൾ.

പ്രവത്തകന്മാരുടെ പ്രശ്നത്തെക്കുറിച്ച് ലെനിൻ ഊന്നിപ്പറയാത്ത ഏതെങ്കിലും കാലം ഉണ്ടായിട്ടുണ്ടോ? പഴയ പ്രവത്തകരെ ശ്രദ്ധിച്ച് പുതിയവരെ പരിശീലിപ്പിച്ചെടുക്കുന്നതിൽ അവരെ എങ്ങനെ ഉപയോഗപ്പെടുത്താമെന്നു് അദ്ദേഹത്തിന്റെ നാവിൽനിന്നുതന്നെ എത്രയോ തവണ നമ്മൾ കേട്ടിട്ടുള്ളതല്ലേ? തൊഴിലാളികളുടെയും കൃഷിക്കാരുടേയും യുവജനങ്ങൾക്കുവേണ്ടി ഹൈസ്കൂളുകളുൾപ്പെടെ കഴിയുന്നത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉടനടി തുറക്കണമെന്നും അദ്ധ്വാനിക്കുന്ന വഗ്ഗങ്ങളിൽനിന്നും ബുദ്ധിജീവികളെ എണ്ണത്തിലും ഗുണത്തിലും അതിവേഗത്തിൽ

പരിശീലിപ്പിച്ചെടുക്കണമെന്നും, എത്രയോ തവണ അദ്ദേഹം നമ്മോടു് പറഞ്ഞിട്ടുള്ളതല്ലേ? അങ്ങനെ പരിശീലിപ്പിച്ചെടുക്കുന്ന പ്രവർത്തകന്മാർ പൊങ്ങച്ചക്കാരായിരിക്കരുതു്. ബൂർഷ്വാ വലയങ്ങളിൽ കുടുങ്ങിപ്പോകരുതു്, അദ്ധ്വാനിക്കുന്ന വർഗ്ഗങ്ങളുടെ ചോരയും നീരും ഉൾക്കൊള്ളുന്നവരായിരിക്കണം, പൊതുജന സേവനത്തിലും ആത്മാർപ്പണത്തിലും മററുള്ളവർക്കു് മാതൃകകളായിരിക്കണം—ഈ വക എല്ലാ കാര്യങ്ങളിലും നമ്മൾ പ്രത്യേകം ശ്രദ്ധിക്കണമെന്നു എത്രയോ തവണ അദ്ദേഹം നമ്മെ ഗുണദോഷിച്ചിട്ടുള്ളതല്ലേ?

ഇതെല്ലാം ലെനിൻ നമ്മോടു് പറഞ്ഞിട്ടുള്ളതാണു്.

പക്ഷെ കാലം കാത്തു നില്ക്കുന്നില്ല. നമ്മുടെ നിർമ്മാണം വിപുലമായ തോതിൽ വർദ്ധിച്ചിരിക്കുന്നു; നമ്മുടെ വ്യവസായങ്ങളും സാങ്കേതികരീതികളും വളരെയേറെ മെച്ചപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ നമ്മെ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം മനുഷ്യൻ സാങ്കേതികപുരോഗതിയുടെ പിന്നിലാകാതെ കഴിയ്ക്കലാണു്. യന്ത്രങ്ങളുടെയും സാങ്കേതിക സംവിധാനങ്ങളുടെയും ഒപ്പമെത്താൻ അവനെ സഹായിക്കലാണു്. തന്റെ "സഹായി"യാകേണ്ടുന്ന യന്ത്രത്തെ വകതിരിവോടുകൂടി നിയന്ത്രിക്കാനുള്ള വൈദഗ്ദ്ധ്യമില്ലാതെ ക്ലേശിച്ചു വിഷമിക്കുന്ന അപരിഷ്കൃതനായി മനുഷ്യൻ നിന്നുകൂടാ.

പ്രവർത്തകന്മാരെക്കുറിച്ചു് സെൻട്രൽ കമ്മിററിയുടെ കഴിഞ്ഞ പ്ലീനറി സമ്മേളനം അംഗീകരിച്ച പ്രമേയം ലെനിന്റെ ആശയങ്ങൾ തികച്ചും ഉൾക്കൊള്ളുന്നുണ്ടു്. സെൻട്രൽ കമ്മിററി ഇത്ര ധീരമായും കൃത്യമായും നിർദ്ദേശിച്ചു തന്നിട്ടുള്ള ഈ ബൃഹത്തായ കടമ നിർദ്ദിഷ്ട കാലയളവിൽ ചെയ്തുതീർക്കുന്നതിനു് സംഘാടകന്മാരുടെയും പ്രൊഫസർമാരുടെയും യുവജനങ്ങളുടെയും ഭഗീരഥയത്നം വേണ്ടിവരുമെന്നു വിശേഷിച്ചു് പറയേണ്ടതില്ല.

സാംസ്കാരികരംഗത്തും (നിത്യജീവിതത്തിലും) ശത്രുവിൻെറ കരുത്തും മികച്ചതാണു്, കൗശലവും സാമർത്ഥ്യവും വാശിയും കൂടുതലാണു്, എന്നു് ലെനിൻ നമുക്കു് മുന്നറിയിപ്പു് നല്കിയിട്ടുണ്ടു്.

നാം യുദ്ധത്തിൽ ഏർപ്പെട്ട കാലമുണ്ടായിരുന്നു. യുദ്ധം ചെയ്യില്ലെന്നു ഇപ്പോഴും നമുക്കു് വ്രതമില്ല. എന്നാൽ മുമ്പെപ്പോഴത്തേക്കാളുമധികം ഇപ്പോൾ നമ്മുടെ കടമ സാംസ്കാരിക രംഗത്തുനിന്നു് ശത്രുവിനെ തുരത്തുകയാണു്. സാംസ്കാരിക രംഗത്തു് മർമ്മസ്ഥാനങ്ങളിൽ കേറിക്കൂടിയാൽ പോരാ, ആ രംഗത്തെ വ്യാപകമായി ശത്രുവിൻെറ അധീനത്തിൽനിന്നു് മോചിപ്പിയ്ക്കുകതന്നെ വേണം.

നമ്മുടെ രാജ്യത്തു് ധനികകൃഷിക്കാർക്കു് ചുററും നാനാതരക്കാരും അണിചേർന്നിരിയ്ക്കുകയാണു്. യൂറോപ്യൻ പ്രസിദ്ധി നേടിയിട്ടുള്ള ചില വൈജ്ഞാനികന്മാർ, ജ്ഞാനവൃദ്ധന്മാർ, കലാസത്യത്തിൻെറ പേരിൽ നമ്മുടെ മേൽ ചളിവാരിയെറിയുന്ന മഞ്ഞക്കാമല പിടിച്ച ഗ്രന്ഥകാരന്മാർ, തഞ്ചത്തിൽ ജൂതവിദ്വേഷം പ്രചരിപ്പിയ്ക്കുന്ന അദ്ധ്യാപകന്മാർ, ഉടുതുണിപോലും വിററു് മദ്യപിച്ചു തെരുവുതെണ്ടി പുലഭ്യം പറഞ്ഞു നടക്കുന്നവർ—ഇവരെല്ലാം അക്കൂട്ടത്തിൽ പെടും. ഇക്കൂട്ടരെല്ലാം സ്വന്തം നിലയുറപ്പിയ്ക്കുന്നതിന്നായി തങ്ങളാലാവുന്നതു മുഴുവൻ ചെയ്തുകൊണ്ടിരിയ്ക്കുകയാണു്, ശങ്കിച്ചുനില്ക്കുന്ന ഇടത്തരം കൃഷിക്കാരെയും ബോദ്ധ്യം വരാത്ത സാങ്കേതിക ജീവനക്കാരേയും മനസ്സുറയ്ക്കാത്ത യുവജനങ്ങളേയും വശപ്പെടുത്തി പാട്ടിലാക്കാൻ സാഹസപ്പെടുകയാണു്.

ഒററ നോട്ടത്തിൽ നിങ്ങൾ മുന്നിൽ കാണുന്നതു് നീലയോ പീതമോ ആയ ഒരു ചിത്രമായിരിയ്ക്കും. എന്നാൽ സൂക്ഷ്മമായി പരിശോധിച്ചാൽ അതിലുള്ളതു് തൊഴിലാളിവിരുദ്ധ സംസ്കാര

ത്തിൻെറ വിഷം വമിയ്ക്കുന്ന വീർപ്പുമുട്ടിക്കുന്ന പുകയാണെന്നു് നിങ്ങൾക്കു ബോദ്ധ്യപ്പെടുന്നതാണു്.

അങ്ങേയററത്തെ ജാഗരൂകത ഇവിടെ ആവശ്യമായിരിയ്ക്കുന്നു. വെട്ടിമുറിക്കാൻ മാത്രമല്ല ഏച്ചുകൂട്ടി ശരിപ്പെടുത്താനും നമുക്കു് കഴിവുണ്ടായിരിക്കണം. ഒരു വിധത്തിലുള്ള പാഴ്ചിലവും നമ്മൾ വരുത്തിക്കൂടാ. വിഷബാധയേററ ഏതേതവയവങ്ങൾ അറുത്തുകളയണം, ഏതേതു് ചികിത്സിച്ചു ശരിപ്പെടുത്തണം എന്നു വകതിരിച്ചു പറയാൻ നമുക്കു സാധിയ്ക്കണം. നിങ്ങൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ചിലതെല്ലാം തല്ക്കാലത്തേയ്ക്കു നിലനിൽക്കേണ്ടിവരും; പുതിയതൊന്നു കണ്ടുകിട്ടുന്നതുവരെ മററു മാർഗ്ഗമില്ല. ആരെ അനുകൂലിക്കണം, ആരെ തിരുത്തണം, ആരെ ശകാരിക്കണം എന്നതിനെക്കുറിച്ചെല്ലാം വ്യക്തമായ ധാരണ നമുക്കുണ്ടായിരിക്കണം.

മാർക്സിസത്തിൻെറ താത്വികരംഗത്തും പ്രായോഗികരംഗത്തും ഉള്ള എല്ലാ സൃഷ്ട്യാത്മകപ്രവർത്തനങ്ങളിലും—സാമൂഹ്യശാസ്ത്രങ്ങൾ, പ്രകൃതിശാസ്ത്രങ്ങൾ, അദ്ധ്യാപനശാസ്ത്രത്തിൻെറ ആശയപരവും പ്രായോഗികവുമായ വശങ്ങൾ, കലാനിരൂപണം, സർവ്വോപരി, അതിവേഗത്തിൽ വളർന്നുവരുന്ന ബഹുജനങ്ങളെ വശപ്പെടുത്തുമാറു് നമ്മുടെ കലാനിർമ്മാണങ്ങൾക്കു മിഴിവും ആശയപ്പൊരുത്തവും—ഇതിലെല്ലാം എപ്പോഴും നാം ജാഗ്രതയും കരുതലും ഉള്ളവരായിരിയ്ക്കണം.

വിദൂരമല്ലാത്ത ഭാവിയിൽ നമ്മുടെ നിർമ്മാണത്തിൽ നമ്മൾ എത്തുമെന്നു് വ്ളാദിമിർ ഇല്ലിച്ചു് പ്രായോഗികാവേശത്തോടുകൂടി സ്വപ്നം കണ്ടുകൊണ്ടിരുന്ന അവിസ്മരണീയസന്ദർഭം ഇതാ, സമാഗതമായിക്കഴിഞ്ഞിരിയ്ക്കുന്നു. ലോകം കണ്ടിട്ടുള്ളതിൽവെച്ചു് ഏററവും മഹാനായ വിപ്ലവകാരിക്കു് ആ സ്വപ്നം തൻെറ ജീവിതത്തിൽ സാക്ഷാത്കരിച്ചുകാണാൻ കഴിഞ്ഞില്ല.

നമ്മുടെ സോഷ്യലിസ്റ്റ് നഗരങ്ങൾ നാം നിർമ്മിച്ചുതുടങ്ങിയിരിയ്ക്കുകയാണ്! നമ്മുടെ കാർഷികനഗരങ്ങളും നാം നിർമ്മിച്ചു തുടങ്ങിയിരിയ്ക്കുന്നു! ആദാമിൻെറ പിടിയിൽനിന്നു വിട്ടും പുതിയ മനുഷ്യരായി ജീവിക്കാൻ തക്ക നൂതനസാഹചര്യങ്ങൾ നമ്മുടെ രാജ്യത്തു നാം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്.

വിപ്ലവസമരങ്ങളിൽക്കൂടി ചുററുപാടുകളിൽ മാററംവരുത്തുന്ന തൊഴിലാളിവർഗ്ഗം അതേ പ്രക്രിയയിൽ സ്വയം മാറുകയും ചെയ്യുന്നു, എന്നാണ് മാർക്സും ലെനിനും പഠിപ്പിച്ചിട്ടുള്ളതു്.

തൊഴിലാളിവർഗ്ഗം ചുററുപാടുകൾ പലതും മാററിക്കഴിഞ്ഞിട്ടുണ്ടു്. പലപ്രകാരത്തിലും അതു് സ്വയം മാറിയിട്ടുമുണ്ടു്. യഥാർത്ഥമായ സോഷ്യലിസ്റ്റ് ജീവിതരീതി ചിട്ടയായും ക്രമമായും കെട്ടിപ്പടുക്കുന്നതിന്നുള്ള പക്വത അതു് നേടിക്കഴിഞ്ഞിരിയ്ക്കുന്നു.

എന്തുമാത്രം ചാരിതാർത്ഥ്യം നമ്മുടെ നേതാവിന്നു ഇതു് നല്കുമായിരുന്നു! ഒന്നു നമ്മൾ സമ്മതിച്ചേ തീരു: നമ്മുടെ ഓരോ പുതിയ സോഷ്യലിസ്റ്റ് നഗരത്തിൻെറയും പ്രധാനശില്പി, സോഷ്യലിസ്റ്റ് സംസ്കാരത്തിൻെറ സങ്കാശശില്പി, എന്നുമെന്നും ലെനിനായിരിയ്ക്കും—വ്ളാദിമിർ ഇല്ല്യിച്ച് ലെനിൻ.

എ. വി. ലൂനാചാർസ്കി
''സംസ്കാരത്തെപ്പററി ലെനിൻ''
പ്രവദ. ജനവരി 21, 1930

# കുറിപ്പുകൾ

1. നരോദ്നിക്ക്(Narodnik): 1870 കാലത്തു് റഷ്യയിൽ ആവിർഭവിച്ച "നരോദ്നിസം" എന്ന രാഷ്ട്രീയാഭിപ്രായഗതിയുടെ അനുയായി. മുതലാളിത്തം റഷ്യയിൽ ഒരു യാദൃച്ഛികപ്രതിഭാസം മാത്രമാണെന്നു് നരോദ്നിക്കുകൾ വാദിച്ചു; വിപ്ലവപ്രസ്ഥാനത്തിൽ തൊഴിലാളിവർഗ്ഗത്തിനുള്ള നേതൃത്വപരമായ പങ്കിനെ അവർ നിഷേധിക്കുകയും ചെയ്തു. കൃഷിക്കാരെ മുഖ്യവിപ്ലവശക്തിയായും വില്ലേജ് കമ്മ്യൂണിനെ ഭാവി സോഷ്യലിസ്റ്റ് സമുദായത്തിന്റെ അടിസ്ഥാനഘടകമായും അവർ കണക്കാക്കി. അവരുടെ സോഷ്യലിസത്തിന്നു് ശാസ്ത്രീയ സോഷ്യലിസവുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. സാമൂഹ്യവികാസത്തിന്റെ വസ്തുനിഷ്ഠനിയമങ്ങളെ അവർ അവഗണിച്ചു.

ചരിത്രത്തിന്റെ വികാസത്തിൽ വർഗ്ഗസമരം വഹിക്കുന്ന പങ്കിനെപ്പററി തെററായ ധാരണകളാണു് അവർക്കുണ്ടായിരുന്നതു്. അവരുടെ അഭിപ്രായത്തിൽ ചരിത്രം സൃഷ്ടിക്കുന്നതു് ഉന്നതരായ വ്യക്തികളാണു്: "ജനക്കൂട്ടം" "നേതാക്കളെ" അനുഗമിക്കുകമാത്രം ചെയ്യുന്നു. സ്സാറിസത്തിന്നെതിരായുള്ള സമരത്തിൽ ഭീകരപ്രവത്തനത്തെയാണു് അവർ അവലംബിച്ചതു്.

2. ഡിസൈപ്പിൾസ് (The disciples): 1890 കാലത്തു് മാർക്സിൻേറയും എംഗത്സിൻേറയും അനുയായികളെ ഈ പദംകൊണ്ടാണു് വിവക്ഷിച്ചിരുന്നതു്.

3. വെഖി (Vekhi): 1909 വസന്തത്തിൽ മോസ്കോവിൽ പ്രതിവിപ്ലവകാരികളായ ലിബറൽ മുതലാളിമാരുടെ പ്രധാന പ്രതിനിധികൾ ചേന്നു് പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖന സമാഹാരത്തിൻെറ പേരാണിതു്. എൻ. എ. ബർദയേവു്, എസ്. എൻ. ബൾഗക്കോവു്, എം. ഒ ഹെർസു് ചെൻസോൺ, എ. എസ്. ഇസ്ഗോയേവു്, ബി. എ. കിസ്ത്യാക്കോവ്സ്കി, പി. ബി. സ്ട്രുവേ, എസ്. എൽ. ഫ്രാൻകു്—എന്നിവരായിരുന്നു ലേഖന കത്താക്കളിൽ പ്രധാനികൾ. ഇവർ തങ്ങളുടെ ലേഖനങ്ങളിൽ റഷ്യയിലെ വിമോചനപ്രസ്ഥാനത്തിൻെറ ജനാധിപത്യപാരമ്പര്യങ്ങളെ—വി. ജി. ബെലിൻസ്കി, എൻ. എ. ദൊബ്രോലൃബോവു്, എ. ജി. ചെർണിഷേവ്സ്കി, ഡി. ഐ. പിസറേവു് തുടങ്ങിയ നേതാക്കളുടെ പ്രവത്തനങ്ങളേയും അഭിപ്രായങ്ങളേയും—അപഹസിച്ചു തള്ളി. 1905ലെ വിപ്ലവപ്രസ്ഥാനത്തെ അവർ ശക്തിയായി ആക്ഷേപിച്ചു: 'മുതലാളിവഗ്ഗത്തെ ജനരോഷ'ത്തിൽനിന്നു തോക്കുകളും ജയിലുകളും ഉപയോഗിച്ചു് രക്ഷിച്ചതിന്നു് അവർ സ്സാറിസ്റ്റു് ഗവമ്മേണ്ടിനോടു് കൃതജ്ഞത പ്രദശിപ്പിക്കുകയും ചെയ്തു.

4. കാഡറുകൾ (Cadets): റഷ്യയിൽ രാജവാഴ്ചയെ അനുകൂലിച്ചിരുന്ന ലിബറൽ മുതലാളിമാരുടെ പ്രധാന രാഷ്ട്രീയപ്പാട്ടിയായിരുന്ന കോൺസ്റ്റിറ്റ്യൂഷനൽ ഡെമോക്രാററിക്കു് പാർട്ടിയിലെ മെമ്പർമാർ. 1905 ഒക്ടോബറിലാണു് ഈ പാർട്ടി സ്ഥാപിതമായതു്: മുതലാളിമാരേയും ഭൂപ്രമാണികളേയും മുതലാളിവഗ്ഗത്തിലെ ബുദ്ധിജീവികളേയും അതു് പ്രതിനിധാനംചെയ്തു.

ജനങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ പാർട്ടി എന്ന പേരു് കൈക്കൊണ്ടു അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെ പ്രലോഭിപ്പിക്കുന്നതിന്നു അവർ പരിശ്രമിച്ചു. നിയമവിധേയമായ രാജവാഴ്ചയിൽ കവിഞ്ഞ യാതൊന്നും യഥാർത്ഥത്തിൽ അവർ ആവശ്യപ്പെട്ടിരുന്നില്ല.

ഒന്നാം ലോക മഹായുദ്ധക്കാലത്തു് (1914-18) സ്സാറിസ്റ്റ് ഗവമ്മേണ്ടിന്റെ വികസന ദുർമ്മോഹപരമായ വിദേശനയത്തെ അവർ സജീവമായി അനുകൂലിച്ചു. 1917 ഫെബ്രുവരിയിൽ ബൂർഷ്വാ ജനാധിപത്യവിപ്ലവം പൊട്ടിപ്പുറപ്പെട്ടപ്പോൾ രാജവാഴ്ചയെ രക്ഷിക്കുന്നതിന്നു് അവർ ആവുന്നതും പരിശ്രമിച്ചു. 1917 ഒക്ടോബറിൽ സോഷ്യലിസ്റ്റ് വിപ്ലവം വിജയിച്ചതിനെത്തുടന്നു് അവർ സോവിയററ് ഭരണത്തിന്റെ ജന്മശത്രുക്കളായി പ്രവത്തിച്ചു. പ്രതിവിപ്ലവകാരികളുടെ സായുധ സമരങ്ങളേയും വിദേശകോയ്മകളുടെ ഇടപെടലുകളേയും എല്ലാവിധത്തിലും അവർ സഹായിക്കുകയുംചെയ്തു.

5. മോസ്ക്കോവ്സ്കിയെ വെഡോമൊസ്കി (Moskovskyi Vedomosky—Moscow Recorder): 1756ൽ പ്രസിദ്ധീകരണം ആരംഭിച്ച ഒരു ദിനപത്രമാണിതു്. 1860നു ശേഷം ആ പത്രം റഷ്യയിലെ ഏററവും പ്രതിലോമകാരികളായ ഭൂവുടമകളുടേയും പുരോഹിതന്മാരുടേയും ജിഹ്വയായി വത്തിച്ചു. 1905ൽ അതു് ബ്ലാക്ക് ഹൺഡ്റഡ്സിന്റെ പത്രമായി. 1917 ഒക്ടോബറിൽ സോഷ്യലിസ്റ്റ് വിപ്ലവം വിജയിച്ചതിനെത്തുടന്നു് ആ പത്രം നിരോധിക്കപ്പെട്ടു.

6. "സുഹൃത്തുക്കളുമായി നടന്ന കത്തിടപാടുകളിലെ ചില ഭാഗങ്ങൾ" എന്ന പുസ്തകം ഗോഗോൾ പ്രസിദ്ധപ്പെടുത്തിയതിനെത്തുടന്നു് 1847 ജൂലായിൽ ആണു് ബെലിൻസ്കി ഈ കത്തു്

സാർസംബ്രണിൽ പ്രസിദ്ധപ്പെടുത്തിയതു്. അധികാരപ്രമത്തമായ ഫ്യൂഡൽ വ്യവസ്ഥയെ പ്രകീർത്തിച്ചതിന്നു് ബലിൻസ്കി ഗോഗോളിനെ അധിക്ഷേപിച്ചു.

7. ഡൂമ (The State Duma): 1905-7ലെ വിപ്ലവത്തെത്തുടൎന്നു സാറിസ്റ്റു് ഗവൺമെണ്ടു് ഏൎപ്പെടുത്തിയ ജനപ്രതിനിധിസഭ, നിയമനിർമ്മാണസഭ എന്നാണു് പറഞ്ഞിരുന്നതെങ്കിലും യഥാർത്ഥത്തിൽ അതിന്നു് അധികാരമൊന്നുമുണ്ടായിരുന്നില്ല. സാർവ്വത്രികമായ വോട്ടവകാശമോ നേരിട്ടുള്ള തിരഞ്ഞെടുപ്പോ അല്ലായിരുന്നു. റഷ്യക്കാരല്ലാത്ത ദേശീയ ജനവിഭാഗങ്ങളുടെ വോട്ടവകാശം വളരെയേറെ പരിമിതപ്പെടുത്തിയിരുന്നു. ഭൂരിഭാഗം തൊഴിലാളികൾക്കും കൃഷിക്കാൎക്കും വോട്ടവകാശമുണ്ടായിരുന്നില്ല.

1906 ഏപ്രിൽ–ജൂലായിലും 1907 ഫെബ്രുവരി–ജൂണിലും വിളിച്ചുകൂട്ടിയ ഒന്നും രണ്ടും ഡൂമകളെ സ്സാറിസ്റ്റു് ഗവൺമെണ്ടു് പിരിച്ചുവിട്ടു. 1907-12ലെ മൂന്നാം ഡൂമയിലും 1912-17ലെ നാലാം ഡൂമയിലും സ്സാറിസ്റ്റു് സ്വേച്ഛാധിപത്യത്തിൻെറ അനുകൂലികൾക്കാണു് ഭൂരിപക്ഷം ഉണ്ടായിരുന്നതു്.

8. ട്രൂഡോവിക്കുകൾ (The Trudovik Group) : ഡൂമകൾക്കുള്ളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു പെററി–ബൂർഷ്വാ ജനാധിപത്യ ഗ്രൂപ്പ്. നരോദ്നിക അഭിപ്രായഗതിക്കാരായ കൃഷിക്കാരെയും ബുദ്ധിജീവികളെയും ആണു് അവർ പ്രതിനിധീകരിച്ചിരുന്നതു്. ഒന്നാം ഡൂമയിലേക്കു് തിരഞ്ഞെടുക്കപ്പെട്ട കർഷക ഡപ്യൂട്ടിമാർ ചേൎന്നു് 1906 ഏപ്രിലിൽ ആണു് ഈ ഗ്രൂപ്പ് ആദ്യമായി സ്ഥാപിക്കപ്പെട്ടതു്. കാഡററുകളുടേയും സോഷ്യൽ ഡെമോക്രാററുകളുടേയും ഭാഗത്തേക്കു് ട്രൂഡോവിക്കുകൾ ചാഞ്ചാടിക്കൊണ്ടിരുന്നു.

9. "നാലിന തിരഞ്ഞെടുപ്പു വ്യവസ്ഥ" (The Four point Electoral System): എല്ലാവക്കും വോട്ട്, തുല്യാവകാശങ്ങൾ, നേരിട്ടുള്ള തിരഞ്ഞെടുപ്പ്, രഹസ്യ ബാലററ്—എന്നീ നാലു് ജനാധിപത്യാവശ്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള തിരഞ്ഞെടുപ്പു വ്യവസ്ഥ.

10. നൊവോയെ വ്രെമ്യാ (Novoye Vremya — New Times): 1868 മുതൽ 1917വരെ സെൻറ് പിറേറഴ്സ്ബർഗ്ഗിൽ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന ഒരു ദിനപത്രം. ലിബറൽ അഭിപ്രായഗതിയോടുകൂടിയാണു് അതു് തുടങ്ങിയതെങ്കിലും 1876ൽ എ. എസ്. സുവോറിൻ പത്രാധിപത്യം ഏറെറടുത്തതിനെത്തുടന്നു്, അതു പ്രഭുക്കളുടേയും ഉദ്യോഗസ്ഥമേധാവികളുടേയും ജിഹ്വയായിത്തീൻ. 1905നുശേഷം ബ്ലാക്കു് ഹൺഡ്രഡ്സ് ആ പത്രം കയ്യടക്കി.

11. ജൂൺ 3-ാംനുത്തെ ഭരണഘടന (The June 3 Constitution): 1907ൽ രണ്ടാം ഡ്യൂമയെ പിരിച്ചുവിട്ട അവസരത്തിൽ സ്സാറിസ്റ്റു് ഗവമ്മേണ്ടു് പുറപ്പെടുവിച്ച തിരഞ്ഞെടുപ്പു നിയമം. ഡ്യൂമയുടെ അനുമതികൂടാതെ യാതൊരു നിയമവും പാസ്സാക്കാനുള്ള അധികാരം സ്സാറിസ്റ്റു് ഗവമ്മേണ്ടിന്നില്ലെന്നു് 1905 ഒക്ടോബർ 17-ാംനുയിലെ മാനിഫെസ്റ്റോവിലും 1906-ലെ മൗലികനിയമത്തിലും അംഗീകരിക്കപ്പെട്ട തത്വത്തിൻെറ പരസ്യമായ ഒരു ലംഘനമായിരുന്നു ഇതു്.

പുതിയ തിരഞ്ഞെടുപ്പുനിയമം ഭൂവുടമകൾക്കും വ്യാപാരികൾക്കും വ്യവസായികൾക്കും ഡ്യൂമയിൽ കൂടുതൽ പ്രാതിനിധ്യം നല്കി; തൊഴിലാളികൾക്കും കൃഷിക്കാക്കും അനുവദിച്ചിരുന്ന കുറഞ്ഞ പ്രാതിനിധ്യത്തെ അതു വീണ്ടും വെട്ടിച്ചുരുക്കുകയുംചെയ്തു. റഷ്യയിലെ ഏഷ്യൻപ്രദേശങ്ങൾക്കുള്ള പ്രാതിനിധ്യം അതു മുമ്പ

ത്തേക്കാൾ പരിമിതപ്പെടുത്തി. പോളണ്ടിലേയും കോക്കസ്സസ്സി ലേയും ജനങ്ങൾക്കുള്ള പ്രാതിനിധ്യം പകുതിപ്പെടുത്തുകയുംചെയ്തു. പുതിയ നിയമമനുസരിച്ചു് തിരഞ്ഞെടുക്കപ്പെട്ടു് 1907 നവമ്പ റിൽ സമ്മേളിച്ച മൂന്നാംഡ്യൂമ ഒരു ബ്ലാക്ക-ഹൺഡ്രഡ്ഡ് ഒക്ടോ ബറിററ്സ് സ്ഥാപനമായിരുന്നു.

12. "മാന്യരെ, നിങ്ങൾ സ്വത്തു സമ്പാദിക്കണം; അപ്പോൾ നിങ്ങൾക്കു് വോട്ടവകാശവും ലഭിയ്ക്കും"—ഈ വാക്കുകൾ 1840 മുതൽ 1848വരെ ഫ്രഞ്ചു പ്രധാനമന്ത്രിയായിരുന്ന ഗ്വാസോട്ടു് സ്വത്തടിസ്ഥാനത്തിലുള്ള വോട്ടവകാശയോഗ്യതകളിൽ അയവു വരുത്തണമെന്നു് ആവശ്യപ്പെട്ടവരോടു് മറുപടിയായിപ്പറഞ്ഞ താണു്. "സ്റ്റേററു് ആലംബമാക്കുന്നതു് ശക്തരേയും ആരോഗ്യ വാന്മാരേയുമാണു്; അംഗവികലരേയും മദ്യപാനികളേയുമല്ല"— പി. എ. സ്റ്റോളിപിൻെറ സൂക്തികളാണിവ.

13. 1905 ഒക്ടോബറിൽ നടന്ന അഖില റഷ്യൻ രാഷ്ട്രീയ പ്പണിമുടക്കത്തിൻെറ ആഘാതത്തിൽ സ്സാർ ചക്രവർത്തി ആ മാസം 17-ാംനു പുറപ്പെടുവിച്ച വിജ്ഞാപനത്തെയാണു് ഇതു് സൂചിപ്പിക്കുന്നതു്. വിപ്ലവശക്തികൾ വഴങ്ങിക്കൊണ്ടു് പുറപ്പെ ടുവിച്ച ഈ വിജ്ഞാപനത്തിൽ ജനങ്ങൾക്കു് സിവിൽ സ്വാത ന്ത്ര്യങ്ങളും ഒരു നിയമനിർമ്മാണസഭയും അനുവദിച്ചിരുന്നു. വി പ്ലവശക്തികളെ ഭിന്നിപ്പിയ്ക്കാനും അഖില റഷ്യൻ പണിമുടക്കു് പരാജയപ്പെടുത്താനും സാവകാശം ലഭിയ്ക്കുന്നതിനുവേണ്ടി സ്സാറിസ്റ്റു് ഗവൺമേണ്ടു് പ്രയോഗിച്ച ഒരു തന്ത്രമായിരുന്നു ഇതു്. സ്വേച്ഛാഭരണക്കൂടത്തിൻെറ ഈ രാഷ്ട്രീയപ്പോരു് ബോൾഷെ വിക്കുകാർ തുറന്നു കാട്ടി.

14. ഒക്ടോബ്രിസ്റ്റുകൾ (Octobrists): 1905 ഒക്ടോബർ 17-ാംനു സ്സാർ ചക്രവർത്തി പുറപ്പെടുവിച്ച വിജ്ഞാപനത്തെത്തു

ടൻ് റഷ്യയിൽ സ്ഥാപിതമായ ഒക്ടോബർ 17_യൂണിയനിലെ അംഗങ്ങൾ. വൻകിട മുതലാളിമാരുടേയും മുതലാളിത്തരീതിയിൽ കൃഷിചെയ്തിരുന്ന സമ്പന്നരായ ഭൂവുടമകളുടേയും താല്പര്യങ്ങളെ പ്രതിനിധീകരിക്കുന്ന ഒരു പ്രതിവിപ്ലവപ്പാർട്ടിയായിരുന്നു അതു്. സ്സാറിസ്റ്റ് ഗവമ്മേണ്ടിന്റെ ആഭ്യന്തരനയങ്ങളേയും വിദേശനയങ്ങളേയും ഒക്ടോബറിസ്റ്റുകൾ പൂണ്ണമായി പിന്താങ്ങി.

15. 1905 ആഗസ്റ്റ് 6 (19)_ാംനു ഡ്യൂമ സ്ഥാപിച്ചുകൊണ്ടുള്ള സ്സാർ ചക്രവത്തിയുടെ വിളംബരം പുറത്തുവന്നു. ഇതിന്നുവേണ്ടി നിയമങ്ങൾ തയ്യാറാക്കാൻ ചുമതലപ്പെടുത്തപ്പെട്ടിരുന്ന ആഭ്യന്തരകാര്യമന്ത്രി എ. ജി. ബുളിജിന്റെ പേരു് അനുസ്മരിച്ചുകൊണ്ടു് ഒന്നാം ഡ്യൂമയെ ബുളിജിൻ ഡ്യൂമയെന്നാണു് വിളിച്ചിരുന്നതു്. ബുളിജിന്റെ നിയമമനുസരിച്ചു് ഡ്യൂമയ്ക്കു് യാതൊരു നിയമനിമ്മാണാധികാരവും ഉണ്ടായിരുന്നില്ല; ഉപദേശകരുടെനിലയ്ക്കു് കാര്യങ്ങൾ ചച്ചചെയ്യാനുള്ള അധികാരം മാത്രമാണു് അവക്കുണ്ടായിരുന്നതു്. ബുളിജിൻ ഡ്യൂമയെ സജീവമായി ബഹിഷ്കരിക്കുന്നതിന്നു് ബോൾഷെവിക്കുകൾ തൊഴിലാളികൾക്കും കൃഷിക്കാക്കും ആഹ്വാനം നല്കി. തുടൻ് ഒക്ടോബറിൽ നടന്ന രാഷ്ട്രീയപ്പണിമുടക്കത്തിന്റെയും വിപ്ലവമുന്നേററത്തിന്റെയും ഫലമായി ഒന്നാം ഡ്യൂമ വിളിച്ചുകൂട്ടാൻതന്നെ കഴിഞ്ഞില്ല.

16. ഒരു സംഘം ഡ്യൂമ മെമ്പർമാർ ബ്രിട്ടൻ സന്ദശിച്ചതിനെയാണു് ഇതു് സൂചിപ്പിക്കുന്നതു്. ലണ്ടനിലെ ലോർഡ് മേയർ പ്രസ്തുത സംഘത്തിന്നു നല്കിയ ഒരു വിരുന്നുസല്ക്കാരത്തിൽ സംഘം മെമ്പറും കാഡററ് പാർട്ടി നേതാവുമായ പി. എൻ. മിലൂക്കോവ് ഇങ്ങനെ പ്രഖ്യാപിച്ചു: "ബജററിന്റെമേൽ നിയന്ത്രണാധികാരമുള്ള ഒരു നിയമനിമ്മാണസഭ റഷ്യയിൽ നിലനില്ക്കുന്നേടത്തോളം കാലം പ്രതിപക്ഷം നിയമവി

ധേയമായി പ്രവർത്തിക്കുന്ന ഒരു പ്രതിപക്ഷമായിരിക്കും: മററു വിധത്തിൽ ചക്രവർത്തിതിരുമേനിയെ എതിർക്കുകയില്ല.

17. ഒട്സോവിസം (Otzovism) : "തിരിച്ചുവിളിക്കുക" എന്നർത്ഥം വരുന്ന "ഒട്സോവത്" എന്ന റഷ്യൻ പദത്തിന്റെ തത്ഭവമാണിതു്. 1908ൽ ബോൾഷെവിക് പ്രസ്ഥാനത്തിൽ ഇത്തരം അവസരവാദപരമായ ഒരു പ്രവണത പ്രത്യക്ഷപ്പെടുകയുണ്ടായി. മൂന്നാം ഡ്യൂമയിൽനിന്നു് സോഷ്യൽ ഡമോക്രാററു് ഡെപ്യൂട്ടിമാരെ തിരിച്ചുവിളിക്കണമെന്നും നിയമവിധേയ പ്രവർത്തനങ്ങൾ യാതൊന്നും പാടില്ലെന്നും വിപ്ലവശൈലികൾ മുഴക്കിക്കൊണ്ടു് ഓട്സോവിസ്റ്റുകൾ വാദിച്ചു. പ്രതിവിപ്ലവത്തിന്റെ കാലത്തു് നിയമവിധേയപ്രവർത്തനങ്ങൾ സാദ്ധ്യമല്ല എന്നതായിരുന്നു അവരുടെ നിലപാടു്. ഡ്യൂമ, ട്രേഡ്യൂണിയനുകൾ സഹകരണസംഘങ്ങൾ തുടങ്ങിയ നിയമവിധേയ സംഘടനകളിൽ ഒന്നുംതന്നെ പ്രവർത്തിക്കാൻ അവർ കൂട്ടാക്കിയില്ല. അവരുടെ ഈ നയം പാർട്ടിയെ ബഹുജനങ്ങളിൽനിന്നു അകററാനും പുതിയൊരു മുന്നേററത്തിന്നു തയ്യാറെടുക്കുന്നതിൽ തടസ്സങ്ങൾ സൃഷ്ടിക്കാനും മാത്രമാണു് ഉപകരിച്ചതു്. ആ നിലയിൽ അവർ പാർട്ടിക്കു് വലിയ ദ്രോഹം ചെയ്തു.

18 ബ്ലാക്കു് ഹൺഡ്രഡ്സ് (Black Hundreds): വിപ്ലവകാരികളെ നേരിടുന്നതിന്നു സ്സാറിസ്റ്റു് ഗവമ്മെണ്ടു് സംഘടിപ്പിച്ച രാജഭക്തഗുണ്ടാസംഘങ്ങൾ. വിപ്ലവനേതാക്കളെ അവർ കൊലപ്പെടുത്തുകയും ബുദ്ധിജീവികളുടെനേരെ ആക്രമണങ്ങൾ നടത്തുകയും ജൂതന്മാർക്കെതിരായി കലാപങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

19. മൂന്നാം ഡ്യൂമ (1907–12) യെ ആണു് ഇതു് സൂചിപ്പിക്കുന്നതു്.

20 മാഖിസ്റ്റുകൾ (Machists): 19-ാം നൂററാണ്ടിന്റെ അവസാനത്തിലും 20-ാം നൂററാണ്ടിന്റെ ആദ്യത്തിലും പശ്ചിമ യൂറോപ്പിൽ പ്രചാരത്തിലുണ്ടായിരുന്ന ഒരു പിന്തിരിപ്പൻ-ദാർശനികപ്രവണതയാണിതു്. ഏർണസ്റ്റ് മാഖ് എന്ന ആസ്ത്രിയൻ ഊർജ്ജതന്ത്രജ്ഞനും റിച്ചാർഡ് അവനേരിയസ് എന്ന ജർമ്മൻ ദാർശനികനുംചേർന്ന് ആവിഷ്കരിച്ച ഒരു വാദഗതിയാണിതു്. ആദ്ധ്യാത്മികമാർഗ്ഗത്തെ എതിർക്കുന്നുവെന്നും പ്രകൃതിശാസ്ത്രങ്ങളെയാണു് ആലംബമാക്കുന്നതു് എന്നും അവകാശപ്പെട്ടുകൊണ്ടു് മാഖിസം ശാസ്ത്രത്തിന്റെ മറപിടിച്ചു് തൊഴിലാളിവർഗ്ഗത്തെ വഴിപിഴപ്പിച്ചു. റഷ്യയിൽ പ്രതിവിപ്ലവത്തിന്റെ കാലത്തു് ഏതാനും സോഷ്യൽ ഡമോക്രാററ് ബുദ്ധിജീവികൾ ഈ ചിന്താഗതിക്കു് വിധേയരായി. എൻ. വലെന്റിനോവ്, പി. യുഷ്കെവിച്ചു് തുടങ്ങിയ മെൻഷെവിക ബുദ്ധിജീവികളാണു് അതു് ഏററവുമധികം പ്രചരിപ്പിച്ചതു്. ചില ബോൾഷെവിക്ക് സാഹിത്യകാരന്മാരും (വി. ബസാറോവ്, എ. ബോഗ്ഡനോവ് മുതൽ പേർ) മാഖിസ്റ്റു നിലപാട് കൈക്കൊള്ളുകയുണ്ടായി. മാർക്സിസത്തെ വികസിപ്പിക്കുന്നതിന്റെ പേരിൽ മാർക്സിസത്തിലെ മൗലികസിദ്ധാന്തങ്ങളെ തിരുത്തിയെഴുതാനാണു് മാഖിസ്റ്റുകൾ പരിശ്രമിച്ചതു്. "ഭൗതികവാദവും അനുഭവൈകവിമർശനവും" എന്ന തന്റെ ഗ്രന്ഥത്തിൽ ലെനിൻ മാഖിസത്തിന്റെ പിന്തിരിപ്പൻ സ്വഭാവത്തെ തികച്ചും വ്യക്തമാക്കി. പുതിയ പരിതസ്ഥിതികളിൽ വൈരുദ്ധ്യാധിഷ്ഠിതവും ചരിത്രപരവുമായ ഭൗതികവാദത്തിന്റെ പ്രാധാന്യത്തെ വിശദീകരിച്ചുകൊണ്ടു് ലെനിൻ മാർക്സിസത്തെ എല്ലാതരം തിരുത്തൽവാദികളിൽ നിന്നും രക്ഷിച്ചു.

21. വിപ്പിരിയോഡിക്ക് ഗ്രൂപ്പ് (Vperyod Group): 1909 ഡിസമ്പറിൽ എ. ബൊഗ്ഡനോവും ജി. അലക്സിൻസ്കിയും ചേർന്നു് പാർട്ടിക്കെതിരായി സംഘടിപ്പിച്ച ഒരു ഗ്രൂപ്പാ

ണിതു്. 'വിപ്പീരിയോഡ്' (മുന്നോട്ട്) എന്ന പേരിൽ ഒരു പത്രവും ഈ ഗ്രൂപ്പ് പ്രസിദ്ധപ്പെടുത്തിയിരുന്നു. തൊഴിലാളികൾക്കിടയിൽ യാതൊരു സ്വാധീനവും നേടാൻ സാധിക്കാത്തതുകൊണ്ടു് പ്രസ്തുത ഗ്രൂപ്പ് 1913-14 കൊല്ലങ്ങളിൽ ക്രമത്തിൽ ശിഥിലീഭവിച്ചു. 1917 ഫെബ്രുവരിയിലെ ബൂർഷ്വാ-ജനാധിപത്യവിപ്ലവത്തോടുകൂടിയാണു് ഈ ഗ്രൂപ്പ് നാമാവശേഷമായതു്.

22. റസ്കയാമിസൻ (റഷ്യൻ തോട്ട്- Russian thought) 1880 മുതൽ 1918വരെ മോസ്കോയിൽനിന്നു പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന ഒരു രാഷ്ട്രീയ സാഹിത്യമാസിക. 1905വരെ നരോദ്നിക്കു് അഭിപ്രായഗതിയെയാണു അതു പ്രചരിപ്പിച്ചുകൊണ്ടിരുന്നതു്. 1905ലെ വിപ്ലവത്തിനുശേഷം അതു കോൺസ്റ്റിററ്യൂഷണൽ ഡമോക്രാററിക് പാർട്ടിയുടെ പത്രമായിത്തീൻ. പ്യോട്ടർ സ്രൂവെ ആയിരുന്നു അതിൻെറ പത്രാധിപർ. ദേശീയത്വത്തെയും പൗരോഹിത്യത്തെയും മററും പ്രതിനിധാനം ചെയ്തുകൊണ്ടു പത്രം വൻകിട ഭൂവുടമകൾക്കനുകൂലമായി വാദിച്ചു.

23. "സന്തുഷ്ടിയോടുകൂടി റഷ്യയിൽ ആൎക്ക് ജീവിക്കാൻ കഴിയും" എന്ന നെക്രാസോവിൻെറ കാവ്യത്തിൽ നിന്നാണു ലെനിൻ ഇതു് ഉദ്ധരിച്ചു ചേൎക്കുന്നതു്.

24 "'അങ്ങനെ ആയിക്കൂടാ' എന്ന കവിത എനിക്കയച്ചുതന്ന അജ്ഞാതസുഹൃത്തിന്നു" എന്ന നെക്രാസോവിൻെറ കവിതയിൽനിന്നാണു ലെനിൻ ഇതു ഉദ്ധരിക്കുന്നതു്.

25. "ദി ലിബറൽ" എന്ന പേരിൽ അപഹാസരൂപത്തിൽ സാൽട്ടിക്കോവ്-ഷെഡ്രിൻ എഴുതിയിട്ടുള്ള യക്ഷിക്കഥയിലെ ഒരു ശൈലിയാണിതു്.

26. നിയോ-കാൻറിയാനിസം (Neo-Kantianism) കാൻറിൻെറ ചിന്താഗതികളെ പുനരുജ്ജീവിപ്പിക്കുന്നതിൻെറ പേരിൽ ആദ്ധ്യാത്മികമാർഗ്ഗത്തെ പ്രകീർത്തിച്ചുകൊണ്ടുള്ള ബൂർഷ്വാവാദഗതി.

27. മാർക്സിൻെറ 30-ാം ചരമവാർഷികം സംബന്ധിച്ചു ലെനിൻ എഴുതിയ ഒരു ലേഖനമാണിതു്.

28. ഫ്രെഡറിക് എംഗൽസ് എഴുതിയിട്ടുള്ള "ലുഡ്‌വിഗ് ഫ്യൂയർബൊാക്കും ജർമ്മൻ ക്ലാസിക്കൽ ദർശനങ്ങളുടെ അന്ത്യവും", "ആൻറി ഡ്യൂഹ്‌റിംഗ്" എന്നീ കൃതികളും മാർക്സും എംഗൽസും ചേർന്നെഴുതിയിട്ടുള്ള കമ്മ്യൂണിസ്റ്റു മാനിഫെസ്റ്റോവും നോക്കുക.

29. ബണ്ടിസ്റ്റ് (Bundist): 1897 ൽ ലിത്വാനിയയിലെയും പോളണ്ടിലെയും റഷ്യയിലെയും ജൂതത്തൊഴിലാളികൾ സംഘടിപ്പിച്ച യൂനിയൻെറ ചുരുക്കപ്പേരാണിതു്. റഷ്യയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ കൈവേലക്കാരായ ജൂതരുടെ ഒരു സംഘടനയായിരുന്നു ഇതു്. റഷ്യൻ തൊഴിലാളിപ്രസ്ഥാനത്തിൽ ദേശീയതയും വിഭജനവാദവും ആദ്യമായി കൊണ്ടുവന്നതും ബണ്ടിസ്റ്റുകളാണു്. 1921 മാർച്ചിൽ സർവ്വസമ്മതമായി ബണ്ടുസംഘടന പിരിച്ചുവിടപ്പെട്ടു.

30. കൗൺസിൽ ഓഫ് ദി യുണൈറ്റഡ് നോബിലിറ്റി (Council of the united nobility): 1906 മേയ് മുതൽ 1907 ഒക്ടോബർവരെ റഷ്യയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പിന്തിരിപ്പൻ പ്രഭുസംഘടന. സാർചക്രവർത്തിയുടെ സ്വേച്ഛാഭരണവും പ്രഭുക്കളുടെ പ്രത്യേകാവകാശങ്ങളും സംരക്ഷിക്കുക എന്നതായിരുന്നു ഈ സംഘടനയുടെ ഉദ്ദേശം

31. ഡിസംബ്രിസ്റ്റുകൾ (Decembrists): 1825ഡിസംബറിൽ സാർ ഭരണത്തിന്നെതിരായി കലാപം നടത്തിയ പ്രഭുകടുംബക്കാർ. സാർചക്രവർത്തിയുടെ പട്ടാളം കലാപത്തെ അടിച്ചമർത്തി; കലാപകാരികളെ തൂക്കിക്കൊല്ലുകയോ സൈബീരിയയിലേക്ക നാടുകടത്തുകയോ ചെയ്തു.

32. കോമണേഴ്സ് (commoners· Raznochintsi) പട്ടണങ്ങളിലെ ചെറുകിട മുതലാളിമാർ, വ്യാപാരികൾ, പുരോഹിതന്മാർ, കൃഷിക്കാർ എന്നീ വിഭാഗങ്ങളിൽനിന്നു വന്ന (പ്രഭുവംശജരല്ലാത്ത) ബുദ്ധിജീവികൾ.

33. ചെർണിഷെവ്സ്കിയുടെ 'ദി പ്രോലോഗ്' എന്ന നോവലിൽനിന്നു ഉദ്ധരിച്ചിട്ടുള്ളതു്.

34. എഫ്. എംഗൽസിന്റെ "ഫ്ളൂക്ച്ലിംഗ്സ് ലിറ്ററേച്ചർ" നോക്കുക.

35 ലാസല്ലെ എന്ന ജർമ്മൻ പെററിബൂർഷ്വാ സോഷ്യലിസ്റ്റിന്റെ അനുയായികൾക്ക മാർക്സും എംഗൽസും കൊടുത്ത പേരാണിതു്. പ്രഷ്യയിലെ രാജവാഴ്ചയുടെ സഹായത്തോടുകൂടി സോഷ്യലിസം നടപ്പാക്കാമെന്നാണ് അവർ പ്രചരിപ്പിച്ചിരുന്നതു്. ചില പരിഷ്കാരങ്ങൾ നടപ്പിൽ വരുത്താം എന്നു് ഭരണാധികാരി ബിസ്മാർക്ക് നൽകിയ വാഗ്ദാനത്തെ തുടൎന്നു രാജാക്കൾക്കും പ്രഭുക്കൾക്കും എതിരായുള്ള സമരം ലാസല്ലേയിസ്റ്റുകൾ നിൎത്തിവെച്ചു. തൊഴിലാളിവൎഗ്ഗതാല്പര്യങ്ങളെ ഇത്തരത്തിൽ വഞ്ചിച്ചതിന്നു മാർക്സും എംഗൽസും അവരെ നിശിതമായി വിമർശിച്ചു.

36. ജങ്കേഴ്സ് (Junkers): പ്രഷ്യയിലെ നിലപ്രഭുക്കൾ.

37. 1914-18ലെ ഒന്നാം ലോകമഹായുദ്ധത്തെയാണ് ഇതു സൂചിപ്പിക്കുന്നതു്.

38. "1806-7ൽ വീരമൃത്യുവരിച്ച ജർമ്മൻ ദേശഭക്തരുടെ സ്മരണക്കു്" എന്ന ശീർഷകത്തിലുള്ള ബോർക്കീമിന്റെ ലഘുലേഖയ്ക്കു 1887ഡിസംബർ 15-ാംനു എംഗൽസ് എഴുതിയ ആമുഖത്തെയാണ് ലെനിൻ ഇവിടെ വിശദീകരിക്കുന്നതു്.

39 "കാർഷികപ്രശ്നം-ഫ്രാൻസിലും ജർമ്മനിയിലും" എന്ന എഫ്. എംഗൽസിന്റെ ഗ്രന്ഥം നോക്കുക (Marx and Engels Selected Works Vol. 1. Moscow 1962, pp. 435)

40. കാറൽമാർക്സിന്റെ "ഫ്രാൻസിലെ ആഭ്യന്തരയുദ്ധം" എന്ന ഗ്രന്ഥം നോക്കുക. (Marx and Engels—Selected works Vol. 1. Moscow. pp 520–21)

41. "കാർഷികപ്രശ്നം—ഫ്രാൻസിലും ജർമ്മനിയിലും" എന്ന എഫ്. എംഗൽസിന്റെ ഗ്രന്ഥം നോക്കുക. (Marx and Engels Selected works. Vol II Moscow. 1962p433)

42. 1918മാർച്ചിൽ ബ്രെസ്റ്റ്-ലിറേറാവ്സ്കിൽ വെച്ചു സോവിയററുറഷ്യയും ജർമ്മനിയും തമ്മിൽ ഒപ്പുവെച്ച സമാധാന സന്ധിയാണിതു്. ഇതിലെ വ്യവസ്ഥകൾ സോവിയററു റഷ്യയ്ക്കു അങ്ങേയററം ദോഷകരമായിരുന്നു. സാർഗവമ്മെണ്ടിന്റെ പട്ടാള ശക്തി നശിച്ചിരുന്നതുകൊണ്ടും ചുവപ്പുസേന ശക്തിപ്പെട്ടിട്ടില്ലാതിരുന്നതുകൊണ്ടും ഇത്തരമൊരു സന്ധിയിൽ ഒപ്പുവെക്കാൻ സോവിയററുഗവമ്മെണ്ടു നിർബ്ബന്ധിതമായി. റഷ്യയിൽ തുടർന്നുണ്ടായ പ്രതിവിപ്ലവത്തെയും ആഭ്യന്തരസമരത്തെയും നേരിടുന്നതിന്നു തക്ക സമരസന്നാഹങ്ങൾ കൂട്ടുവാൻ സ്വല്പം സാവകാശം ഈ സന്ധി സോവ്യററുഗവമ്മെണ്ടിന്നു നൽകി എന്നതു ഒരു

മെച്ചമായിരുന്നു. 1918 നവംബറിൽ ജർമ്മനിയിലുണ്ടായ വിപ്ലവത്തെ തുടർന്ന് ബ്രെസ്റ്റ്-ലിറേറാവ്സ്ക് സമാധാനസന്ധി അസാധുവായി പ്രഖ്യാപിക്കപ്പെട്ടു.

43. മെൻഷെവിക്കുകൾ:- റഷ്യൻ സോഷ്യൽ ഡമക്രാററിക്ക് പ്രസ്ഥാനത്തിലെ അവസരവാദപരമായ ഒരു പ്രവണത.

1903-ൽ റഷ്യൻ സോഷ്യൽ ഡമോക്രാററിക്ക് ലേബർ പാർട്ടിയുടെ കേന്ദ്രക്കമ്മിററികളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ ലെനിൻെറ നേതൃത്വത്തിലുള്ള റവലൂഷണറി സോഷ്യൽ-ഡമോക്രാററുകൾക്കു ഭൂരിപക്ഷം കിട്ടി. (ഭൂരിപക്ഷം എന്നർത്ഥം വരുന്ന ബോൾഷിൻസ്റ്റോവ് എന്ന റഷ്യൻ പദത്തിന്റെ തത്ഭവമാണ് ബോൾഷെവിക്ക്). അവസരവാദികൾ ന്യൂനപക്ഷമായിത്തീന്നു. (ന്യൂനപക്ഷം എന്നർത്ഥം വരുന്ന മെൻഷിൻസ്റ്റോവ് എന്ന റഷ്യൻ പദത്തിന്റെ തത്ഭവമാണ് മെൻഷെവിക്ക്). 1905-07ലെ വിപ്ലവത്തിൽ തൊഴിലാളി-കർഷക സഖ്യത്തെയും തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വത്തെയും മെൻഷെവിക്കുകൾ എതിർത്തു; ലിബറൽ മുതലാളിമാരുമായി സഹകരിക്കണമെന്നും വിപ്ലവത്തിൽ അവരുടെ നേതൃത്വം അംഗീകരിക്കണമെന്നും അവർ ശഠിച്ചു. പ്രതിവിപ്ലവത്തിൻെറ കാലത്ത് മെൻഷെവിക്കുകൾ പിരിച്ചുവിടൽ വാദികളായി മാറി. നിയമവിരുദ്ധമായ വിപ്ലവപ്പാർട്ടിയെ പിരിച്ചുവിടണമെന്നവർ വാദിച്ചു. 1917 ഫെബ്രുവരിയിൽ ബൂർഷ്വാ ജനാധിപത്യവിപ്ലവത്തിൻെറ വിജയത്തെത്തുടർന്നുണ്ടായ താല്ക്കാലിക ബൂർഷ്വാ ഗവമ്മേണ്ടിൽ മെൻഷെവിക്കുകൾ പങ്കുചേന്നു. ആ ഗവരമ്മണ്ടിൻെറ എല്ലാ സാമ്രാജ്യത്വനയങ്ങളേയും അനുകൂലിച്ചു. സോഷ്യലിസ്റ്റ് വിപ്ലവത്തിനുവേണ്ടി അക്കാലത്തു നടന്നുവന്ന എല്ലാ ഒരുക്കങ്ങളേയും അവർ ശക്തിയായി എതിർത്തു ഒക്ടോബർ സോഷ്യലിസ്റ്റു വിപ്ലവത്തിനുശേഷം മെൻഷെവിക്കുകൾ പരസ്യമായി പ്രതിവിപ്ലവ

ത്തിൻെറ ഭാഗത്തുനിന്നു. സോവിയററ് ഗവമ്മേണ്ടിനെ മറി ച്ചിടാനുള്ള എല്ലാ കലാപങ്ങളിലും ഗൂഢതന്ത്രങ്ങളിലും അവർ സജീവമായി പങ്കുകൊണ്ടു.

സോഷ്യലിസ്റ്റ് റവലൂഷനറികൾ:— 1901 അവസാന ത്തിലും 1902 ആദ്യത്തിലുമായി വിവിധ നാരോദ്നിക്കു ഗ്രൂപ്പുകൾ യോജിച്ചു സ്ഥാപിച്ച പെററി-ബൂർഷ്വാ പാർട്ടിയിലെ അംഗങ്ങൾ. തൊഴിലാളികളും ചെറുകിട മുതലാളിമാരും തമ്മി ലുള്ള വർഗ്ഗവ്യത്യാസങ്ങളും ദരിദ്ര കൃഷിക്കാരും ധനിക കൃഷി ക്കാരും തമ്മിലുള്ള വർഗ്ഗവൈരുദ്ധ്യങ്ങളും അവർ അംഗീകരിച്ചില്ല; വിപ്ലവപ്രസ്ഥാനത്തിൽ തൊഴിലാളിവർഗ്ഗത്തിൻെറ മുന്നണിപ്പങ്കും അവർ സ്വീകരിച്ചില്ല. 1917 ഫെബ്രുവരിയിലെ ബൂർഷ്വാ-ജനാധിപത്യവിപ്ലവത്തെത്തുടന്ന് അധികാരത്തിൽവന്ന താല്ക്കാ ലിക ബൂർഷ്വാ ഗവമ്മേണ്ടിൻെറ എല്ലാ പ്രതിവിപ്ലവനയങ്ങ ളെയും സോഷ്യലിസ്റ്റ് റവലൂഷനറികൾ പിന്താങ്ങി. കെറൻസ്കി, ആവ്കസെൻറിയെവ്, ചെർണോവ് എന്നീ സോഷ്യലിസ്റ്റു റവലൂഷനറി നേതാക്കൾ പ്രസ്തുത ഗവമ്മേണ്ടിൽ അംഗങ്ങളായി രുന്നു.

1917 നവമ്പർ അവസാനത്തിൽ സോഷ്യലിസ്റ്റു റവലൂഷ നറി പാർട്ടിയിലെ ഇടതുപക്ഷം ഒരു സ്വതന്ത്രപാർട്ടിയായി വേർതിരിഞ്ഞു. കൃഷിക്കാർക്കിടയിൽ തങ്ങളുടെ സ്വാധീനശക്തി നിലനിർത്തുവാൻവേണ്ടി ഈ ഇടതുപക്ഷക്കാർ സോവിയററ് അധികാരത്തെ ഔപചാരികമായി അംഗീകരിക്കുകയും ബോൾ ഷെവിക്കുകാരുമായി ഒരൊത്തുതീർപ്പിൽ എത്തുകയും ഉണ്ടായി. എന്നാൽ ഏറെത്താമസിയാതെ സോവിയററുഗവമ്മേണ്ടിന്നെതി രായി അവർ സമരം തുടങ്ങി.

ആഭ്യന്തരയുദ്ധത്തിൻേറയും വിദേശരാജ്യങ്ങളുടെ സൈനി കാക്രമണത്തിൻേറയുംകാലത്തു് സോഷ്യലിസ്റ്റ് റവലൂഷനറികൾ

സജീവമായി പ്രതിവിപ്ലവകാരികളുടെ ഭാഗത്തുചേൎന്നു. സോവിയററ് ഗവമ്മെണ്ടിന്നെതിരായുള്ള എല്ലാ കലാപങ്ങളിലും ഗൂഢാലോചനകളിലും അട്ടിമറികളിലും പങ്കുകൊണ്ടു. കമ്മ്യൂണിസ്റ്റ് നേതാക്കൾക്കെതിരായി ഭീകരപ്രവൎത്തനങ്ങൾ അവർ അഴിച്ചുവിട്ടു. ആഭ്യന്തരയുദ്ധം അവസാനിച്ചതിന്നുശേഷവും സോഷ്യലിസ്റ്റു റവലൂഷനറികൾ റഷ്യക്കുള്ളിലും പുറത്തും സോവിയററു ഗവമ്മെണ്ടിന്നെതിരായുള്ള പ്രവൎത്തനങ്ങൾ തുടൎന്നുവന്നു.

44. സ്പാർട്ടസിസ്റ്റുകൾ (Spartascists): ജൎമ്മനിയിലെ ഇടതുപക്ഷ സോഷ്യൽ ഡെമോക്രാററുകളുടെ വിപ്ലവസംഘടനയിലെ അംഗങ്ങൾ. ഒന്നാം ലോകമഹായുദ്ധത്തിന്റെ ആദ്യത്തിൽ കാൾലീബ്ക്നെററ്, റോസ ലക്സംബെൎഗ്ഗ്, ഫ്രാൻസ് മെഹ്റിംഗ്, ക്ലാരസെററ്കിൻ, ജൂലിയററ് മാർഷ്ലെവ്സ്കി, ലിയോൺ ജോഗിക്കെസ്, വില്യംപീക്ക് എന്നീ നേതാക്കൾ ചേൎന്ന് സ്ഥാപിച്ചതാണ് സ്പാർട്ടക്കസ് ഗ്രൂപ്പ്. യുദ്ധത്തിന്റെ സാമ്രാജ്യത്വസ്വഭാവത്തെ തുറന്നു കാണിക്കുന്നതിലും ജനങ്ങൾക്കിടയിൽ വിപ്ലവപ്രചരണം നടത്തുന്നതിലും സ്പാർട്ടസിസ്റ്റുകൾ വ്യാപൃതരായി. സോഷ്യൽ-ഡെമോക്രാററുനേതാക്കളുടെ വഞ്ചനയെ അവർ തുറന്നുകാണിച്ചു.

1917 ഏപ്രിൽമാസത്തിൽ അവർ ജൎമ്മനിയിലെ സെൻട്രിസ്റ്റു സോഷ്യൽ ഡെമോക്രാററിക്ക് പാർട്ടിയിൽ ഒരു സ്വതന്ത്രഘടകമായി ചേൎന്നു. 1918 നവംബറിൽ ജൎമ്മനിയിൽ വിപ്ലവത്തിന്റെ സന്ദൎഭത്തിൽ അവർ സ്വന്തമായി സ്പാർട്ടക്കസ്ലീഗ് സ്ഥാപിക്കുകയും ഡിസംബർ 14ാംനു സ്വന്തം പരിപാടി പ്രസിദ്ധപ്പെടുത്തി സെൻട്രിസ്റ്റ് സ്വതന്ത്രന്മാരിൽനിന്നു വേർപിരിയുകയും ചെയ്തു. സ്പാർട്ടക്കസ്ലീഗിന്റെ ഉദ്ഘാടനസമ്മേളനം 1918 ഡിസംബർ 30ാംനു- മുതൽ 1919 ജനുവരി 1 കൂടി ചേൎന്നതിൽ വെച്ചാണ് ജൎമ്മനിയിൽ കമ്മ്യൂണിസ്റ്റ്പാർട്ടി രൂപീകൃതമായതു്.

45. നൊവായഴിസിൻ പക്ഷക്കാർ (The Novaya-zhizin people): 1917 ഏപ്രിൽ മുതൽ 1918 ജൂലായ്‌വരെ പെട്രോഗ്രാഡിൽനിന്നു് പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന "നൊവായഴിസിൻ" (നവജീവൻ) എന്ന പത്രവുമായി ബന്ധപ്പെട്ട മെൻഷെവിക്ക് ഗ്രൂപ്പ്. ഈ ഗ്രൂപ്പിലെ മിക്കപേരും മാർട്ടോവിന്റെ അനുയായികളായിരുന്നു. സാർവ്വദേശീയവാദികൾ എന്നാണു അവർ സ്വയം വിളിച്ചിരുന്നതു്. ബോൾഷെവിക് പാർട്ടിയിൽചേർന്ന ചുരുക്കം പേരൊഴികെ മററല്ലാവരും ഒക്ടോബർ സോഷ്യലിസ്റ്റു് വിപ്ലവത്തെ എതിർക്കുകയാണുണ്ടായതു്.

46. 'പ്രോളിററ്‌കൾട്ട്" സംഘടന തൊഴിലാളി സംസ്കാരത്തിന്റെ പേരിൽ മാർക്സിസത്തിന്നെതിരായി പ്രചരിപ്പിച്ച അഭിപ്രായഗതികളെയാണു് ലെനിൻ ഇവിടെ സൂചിപ്പിക്കുന്നതു്. 1917 സപ്തംബറിൽ എ. എം. ബോഗ്‌ദനോവിന്റെ നേതൃത്വത്തിൽ ഒരു സ്വതന്ത്രതൊഴിലാളി സംഘടനയായിട്ടാണു പ്രോളിററ്‌കൾട്ട് രൂപംകൊണ്ടതു്. ഒക്ടോബർ വിപ്ലവത്തെ ത്തുടൎന്നു് തൊഴിലാളിവൎഗ്ഗത്തിന്റെ സ്റ്റേററ് നിലവിൽ വന്നതിന്നുശേഷവും ഒരു "സ്വതന്ത്ര" സംഘടന എന്ന നിലപാടിൽ തന്നെ പ്രോളിററ്‌കൾട്ട് ഉറച്ചുനിന്നു. ബൂർഷ്വാ ബുദ്ധിജീവികൾക്ക് പ്രസ്തുത സംഘടനയിൽ കടന്നുകൂടാനും ആധിപത്യം ചെലുത്താനും ഇതു അവസരം നൽകി. പാരമ്പര്യ സംസ്കാരത്തെ മുഴുവൻ പ്രോളിററ്‌കൾട്ട് നിരാകരിച്ചു; ബഹുജനങ്ങൾക്കിടയിലുള്ള എല്ലാ സാംസ്കാരികപ്രവൎത്തനങ്ങളിൽനിന്നും വിദ്യാഭ്യാസപ്രവൎത്തനങ്ങളിൽനിന്നും അവർ അകന്നുമാറി; മററുകൾക്കുള്ളിലിരുന്നു് ഒരു നൂതനതൊഴിലാളിസംസ്കാരം പടുത്തുയൎത്തുവാനാണു് അവർ മുതിഞ്ഞതു്. മാർക്സിസത്തെ വാക്കിൽ അംഗീകരിച്ചിരുന്നുവെങ്കിലും ബോഗ്‌ദനോവ് ശാസ്ത്രത്തിൽ ആദ്ധ്യാത്മികമാൎഗ്ഗത്തെയും മാഖിസത്തെയുമാണു് ആലംബമാക്കിയിരുന്നതു്. പ്രോളിത്‌_കൾട്ട് കെട്ടുറപ്പോ ആശ

ഐയക്യമോ ഉള്ള ഒരു സംഘടനയായിരുന്നില്ല. ബൂർഷ്വാ ബുദ്ധിജീവികളാണ് നേതൃത്വം വഹിച്ചിരുന്നതെങ്കിലും സോവിയററ് രാഷ്ട്രത്തെ സാംസ്കാരികമായി വികസിപ്പിക്കാൻ അത്യധികം വെമ്പൽപൂണ്ട യുവ തൊഴിലാളികൾ പലരും അതിലംഗങ്ങളായിരുന്നു.

1919ലാണ് പ്രോളിത്-കൾട് ഏററവുമധികം സജീവമായി പ്രവർത്തിച്ചത്. 1920നുശേഷം അതിന്റെ പ്രവർത്തനം ക്രമത്തിൽ മന്ദീഭവിക്കുകയും 1932ൽ നിശ്ശേഷം നിലച്ചുപോവുകയുംചെയ്തു തൊഴിലാളിസംസ്കാരത്തെക്കുറിച്ചു താൻ തയ്യാറാക്കിയ കരടുപ്രമേയത്തിലും നിരവധി ലേഖനങ്ങളിലും ലെനിൻ പ്രോളിത്-കൾട്ടിന്റെ തെററായ ചിന്താഗതികളെ നിശിതമായി വിമർശിച്ചു.

47. "അക്ഷരജ്ഞാനമുള്ളവരെ അണിനിരത്താനും സോവിയററ് വ്യവസ്ഥക്കുവേണ്ടി പ്രചരണം നടത്താനും" സോവിയററു മന്ത്രിസഭ 1918 ഡിസംബർ 10-ാംനു പാസ്സാക്കിയതും 'ഇസ്‌വെസ്റ്റിയ'യിൽ (V T s L K No. 272) പ്രസിദ്ധപ്പെടുത്തിയതുമായ തീരുമാനത്തെയാണ് ഇവിടെ കുറിക്കുന്നത്. അക്ഷരജ്ഞാനമുള്ളവരെ മുഴുവൻ രജിസ്റ്റർ ചെയ്യുക, അവരിൽ പ്രസംഗിക്കാൻ കഴിവുള്ളവരെ തിരഞ്ഞെടുത്ത് ഗ്രൂപ്പുകളായി സംഘടിപ്പിക്കുക, ഗവമ്മേണ്ട് എടുക്കുന്ന നടപടികളെക്കുറിച്ചു, അക്ഷരജ്ഞാനമില്ലാത്തവരെ ധരിപ്പിക്കുവാനും ബഹുജനങ്ങളുടെ രാഷ്ട്രീയവിദ്യാഭ്യാസം നിവ്വഹിക്കുവാനും പ്രസ്തുത ഗ്രൂപ്പുകളെ നിയോഗിക്കുക— ഇതൊക്കെയായിരുന്നു പ്രസ്തുത തീരുമാനത്തിന്റെ ഉദ്ദേശങ്ങൾ.

48. പല ചാരസംഘങ്ങളും ഉപജാപങ്ങളും ഒത്തൊരുമിച്ചു നാഷണൽ സെന്റർ എന്നൊരു സംഘടനയുണ്ടാക്കി പെട്രോഗ്രാഡ് നഗരത്തെ ഒററിക്കൊടുക്കുവാൻ നടത്തിയ ഗൂഢോദ്യമത്തെയാണു ലെനിൻ ഇവിടെ സൂചിപ്പിക്കുന്നത്. ഉപജാപക്കാർ 1919 ജൂൺ

13-ാംനു ആദ്യയാമങ്ങളിൽ ക്രാൻസായ ഗോക്ക്, സെരായലോഷദ്, ഓബ്റുസീവ് എന്നീ കോട്ടകളിൽ കലാപം തുടങ്ങി. പെട്രോഗ്രാഡിലേക്കുള്ള പ്രധാന പ്രവേശനദ്വാരമായ ക്രാൻസായ ഗോക്ക് കോട്ട കീഴടക്കി, ക്രോൺസ്റ്റാഡ്ട് പ്രതിരോധനിരകളെ ക്ഷീണിപ്പിച്ച് അങ്ങനെ മററു മുന്നണി വിഭാഗങ്ങൾക്ക് പെട്രോഗ്രാഡ് നഗരം തുറന്നുകൊടുക്കാമെന്നാണ് അവർ കരുതിയിരുന്നത്. ജൂൺ 16-ാംനു കാലത്ത് കലാപക്കാർ അമ്പേ പരാജയപ്പെടുത്തപ്പെട്ടു

49. ഒന്നാം ലോകമഹായുദ്ധകാലത്ത് നിലച്ചുപോയ ഒന്നാം ഇന്റർനാഷണലിന്റെ സ്ഥാനത്ത് നിലവിൽവന്ന രണ്ടാം (ബെർണി) ഇന്റർനാഷണലിനെയാണ് ഇതു സൂചിപ്പിക്കുന്നത്. പശ്ചിമ യൂറോപ്പിലെ സോഷ്യലിസ്റ്റ് പാർട്ടി നേതാക്കൾ 1919 ഫെബ്രുവരിയിൽ ബെർണിയിൽ സമ്മേളിച്ചാണ് രണ്ടാം ഇന്റർനാഷണൽ സ്ഥാപിച്ചത്. സാർവ്വദേശീയ മുതലാളിവർഗ്ഗത്തിന്റെ ദാസ്യപ്പണിയാണ് യഥാർത്ഥത്തിൽ രണ്ടാം ഇന്റർനാഷണൽ ചെയ്തത്.

50. സഡോവാ യുദ്ധം പ്രഷ്യയും ആസ്ത്രിയയും തമ്മിൽ നടന്ന അവസാനത്തെ യുദ്ധമായിരുന്നു. 1866 ജൂൺ 3-ാംനു ഇപ്പോഴത്തെ ചെക്കോസ്ലോവാക്ക്യയിലെ സഡോവാഗ്രാമത്തിൽ വെച്ചാണ് പ്രസ്തുത യുദ്ധം നടന്നത്. പ്രഷ്യയുടെ പരിപൂർണ്ണ വിജയത്തിലും ആസ്ത്രിയയുടെ പരാജയത്തിലുമാണ് ഈ യുദ്ധം കലാശിച്ചത്.

51. ഈ പാർട്ടി പരിപാടി അംഗീകരിച്ചത് റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി (ബി) യുടെ എട്ടാം കോൺഗ്രസ്സിൽ വെച്ചാണ്.

52. കാറൽ മാർക്സിന്റെ 'മൂലധനം' ഒന്നാം വാല്യം (മോസ്കോ, 1959) പേജ് 302 നോക്കുക.

53 എല്ലാ ഉപഭോക്തൃ സഹകരണസംഘങ്ങളെയും സംയോജിപ്പിച്ചു് 'കൺസ്യൂമേഴ്സ് കമ്മ്യൂൺ' എന്ന പേരിൽ ഒരു സംയുക്ത സംഘടനയുണ്ടാക്കിക്കൊണ്ടു് ജനകീയ കമ്മിസാർമാരുടെ കൗൺസിൽ 1919 മാർച്ച് 16-ാംനു ഒരു ഉത്തരവു പുറപ്പെടുവിച്ചു. 'കൺസ്യൂമേഴ്സ് കമ്മ്യൂൺ' എന്ന പദപ്രയോഗം ചില ജില്ലകളിൽ തെററിദ്ധാരണകൾക്കും ദുർവ്യാഖ്യാനങ്ങൾക്കും ഇടനൽകി. ഇതു പരിഹരിക്കാനായി അഖില റഷ്യൻ സെൻട്രൽ എക്സിക്യൂട്ടീവ് കമ്മിററി ഉത്തരവിൻെറ ഉള്ളടക്കം നിലനിർത്തുകയും അതേസമയം സംഘടനയുടെ പേര് 'കമ്മ്യൂൺ' എന്നതു മാററി 'സൊസൈററി' എന്നാക്കുകയും ചെയ്തു. സൊസൈററി എന്നതു് ജനങ്ങൾക്കു് പരിചയമുള്ള ഒരു പേരായിരുന്നു.

54. ഈ കുറിപ്പുകളിൽ 46-ാം നമ്പർ നോക്കുക.

55. 1920 ഒക്ടോബർ 5 മുതൽ 12 വരെ മോസ്കോവിൽ സമ്മേളിച്ച ഒന്നാം അഖില റഷ്യൻ പ്രോലെത്-കൾട് കോൺഗ്രസ്സിലേക്കുവേണ്ടിയാണു് തൊഴിലാളി സംസ്കാരത്തെക്കുറിച്ചുള്ള കരടുപ്രമേയം ലെനിൻ തയ്യാറാക്കിയതു്.

56. 1920 ഒക്ടോബർ 9-ാംനു പൊളിററിക്കൽ ബ്യൂറോവിൻെറ യോഗത്തിൽവെച്ചാണു് ലെനിൻ ഈ രേഖ തയാറാക്കിയതു്; പ്രസ്തുത യോഗം പ്രോലിത്-കൾട് കോൺഗ്രസ്സിലേക്കു് തൊഴിലാളി സംസ്കാരത്തെക്കുറിച്ചുള്ള ഒരു പ്രമേയത്തെപ്പററി ചർച്ചചെയ്യുകയായിരുന്നു. ഒക്ടോബർ 8-ാംനു താൻ തയ്യാറാക്കിയ കരടുപ്രമേയത്തിലെ പ്രധാന നിഗമനങ്ങളെല്ലാം ഈ രേഖയിൽ ലെനിൻ ഉൾക്കൊള്ളിച്ചിരുന്നു.

57. ഗുബേർണിയ-ഉയേഴ്ദ് വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറുകളിലെ രാഷ്ട്രീയ വിദ്യാഭ്യാസപ്രവർത്തകരുടെ അഖില

റഷ്യൻ കോൺഫറൻസ് 1920 നവംബർ 2 മുതൽ 8വരെ മോസ്കോയിൽ സമ്മേളിച്ചു. രാഷ്ട്രീയ വിദ്യാഭ്യാസത്തിന്നു വേണ്ടിയുള്ള മുഖ്യ കമ്മിററിയുടെ നിയമനമായിരുന്നു സമ്മേളനത്തിലെ പ്രധാന ചർച്ചാവിഷയം. എം. വി. ലൂനചാർച്ച്സ്കി ചെയ്ത ഉൽഘാടനപ്രസംഗത്തിൽ രാഷ്ട്രീയ വിദ്യാഭ്യാസപ്രവർത്തനത്തെ പൊതുവിൽ പരാമർശിച്ചു. "രാഷ്ട്രീയ വിദ്യാഭ്യാസത്തിന്നു വേണ്ടിയുള്ള മുഖ്യകമ്മിററിക്കു് ഒരു താല്ക്കാലിക പ്രവർത്തനപരിപാടി." എന്നൊരു റിപ്പോർട്ട N. K. ക്രൂപ്സ്കായയും പ്രാദേശിക വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറുകൾ സംഘടിപ്പിക്കുന്നതിനെപ്പററി ഒരു റിപ്പോർട്ടു് വൈ. എ. ലിട്കെൻസും സമ്മേളനത്തിൽ സമർപ്പിച്ചു. സമ്മേളനത്തിൻെറ രണ്ടാംദിവസം ക്രൂപ്സ്കായയുടെ റിപ്പോർട്ടിനെ തുടർന്നാണു് ലെനിൻ സംസാരിച്ചതു്.

58. റിപ്പബ്ലിക്കിലെ രാഷ്ട്രീയ വിദ്യാഭ്യാസത്തിന്നായുള്ള മുഖ്യ കമ്മററിയെക്കുറിച്ചും, ലെനിൻെറ നിർദ്ദേശമനുസരിച്ചും, ജനകീയ കമ്മിസ്സാർമാരുടെ കൗൺസിൽ പുറപ്പെടുവിച്ച ഉത്തരവിൽ 1920 നവംബർ 12-ാംനു ലെനിൻ ഒപ്പുവെച്ചു; 1920 നവംബർ 23-ാംനുത്തെ ഇസ്വെസ്റ്റിയയിൽ അതു് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

59. 1918 ജനവരി 5-ാംനു സോവ്യററ് ഗവമ്മെണ്ടു് ജനപ്രതിനിധിസഭ വിളിച്ചുകൂട്ടി. ഈ സഭയിലേക്കുള്ള തിരഞ്ഞെടുപ്പു് ഒക്ടോബർ സോഷ്യലിസ്റ്റു വിപ്ലവത്തിന്നു മുൻപുതന്നെ നടന്നിരുന്നു. മെൻഷെവിക്കുകളും സോഷ്യലിസ്റ്റു റവലൂഷണറികളും കോൺസ്റ്റിററ്യൂഷണൽ ഡമോക്രാററുകളും അധികാരത്തിലിരുന്ന കാലത്തു് നടന്ന തിരഞ്ഞെടുപ്പിൽ അക്കൂട്ടർക്കാണു് കവിഞ്ഞ പ്രാതിനിധ്യം ഉണ്ടായിരുന്നതു്. കാലം മാറി സോവ്യററ് അധികാരം നിലവിൽ വന്നതോടുകൂടി ഭൂരിപക്ഷഹിതം ജന

പ്രതിനിധിസഭയിൽ പ്രതിഫലിക്കാതായി. ആ സഭയിലെ മെൻഷെവിക്ക് കൂട്ടാളികൾ ധനികകൃഷിക്കാരുടേയും മുതലാളിമാരുടേയും താല്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുകയും ബോൾഷെവിക്കുകാർ കൊണ്ടുവന്ന പുരോഗമനപരമായ എല്ലാ തീരുമാനങ്ങളേയും ഉത്തരവുകളേയും എതിർക്കുകയും ചെയ്തു. അദ്ധ്വാനിക്കുന്നവരും ചൂഷിതരും ആയ ജനങ്ങളുടെ അവകാശപ്രഖ്യാപനത്തെക്കുറിച്ച് ബോൾഷെവിക്കുകാർ അവതരിപ്പിച്ച പ്രമേയത്തെപ്പററി പര്യാലോചിക്കാൻ ജനപ്രതിനിധിസഭ കൂട്ടാക്കിയില്ല. സമാധാനത്തെക്കുറിച്ചും നിലമുടമയെക്കുറിച്ചും സോവ്യററുകൾക്ക അധികാരം കൈമാറുന്നതിനെക്കുറിച്ചും സോവ്യററുകളുടെ രണ്ടാം കോൺഗ്രസ്സ് കൈക്കൊണ്ട തീരുമാനങ്ങളും ജനപ്രതിനിധിസഭ അംഗീകരിച്ചില്ല.

ജനങ്ങളുടെ അവകാശപ്രഖ്യാപനം ബോൾഷെവിക്കുകാർ ജനപ്രതിനിധിസഭയിൽ വായിക്കുകയും ജനങ്ങളുടെ താല്പര്യങ്ങൾക്ക് ഗണന ലഭിക്കുകയില്ലെന്നു തെളിവായപ്പോൾ അവർ സഭവിട്ടിറങ്ങിപ്പോരികയും ചെയ്തു. 1918 ജനവരി 6-ാംനു അഖില റഷ്യൻ സെൻട്രൽ എക്സിക്യൂട്ടീവ് കമ്മിററിയുടെ ഉത്തരവനുസരിച്ച് ജനപ്രതിനിധിസഭ പിരിച്ചുവിടപ്പെട്ടു.

60. ജനങ്ങളുടെ വിപ്ലവസമ്മർദ്ദത്തിന്റെ ഫലമായി സെൻട്രിസ്റ്റ് സോഷ്യലിസ്റ്റു പാർട്ടികൾ രണ്ടാം ഇൻറർനാഷണൽ വിട്ട് സോഷ്യലിസ്റ്റു പാർട്ടികളുടെ ഇൻറർനാഷണൽ അസോസിയേഷൻ എന്ന പേരിൽ ഒരു പുതിയ സംഘടന രൂപീകരിച്ചു. 1921 ഫെബ്രുവരിയിൽ വിയന്നാസമ്മേളനത്തിൽ വെച്ചാണ് ഈ സംഘടന രൂപീകൃതമായതു്. "രണ്ടര ഇൻറർനാഷണൽ" എന്ന പേരിൽ അറിയപ്പെടുന്ന ഈ സംഘടന വാക്കുകളിൽ രണ്ടാം ഇൻറർനാഷണലിനെ വിമർശിച്ചിരുന്നവെങ്കിലും ഫലത്തിൽ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ താല്പര്യങ്ങൾക്ക് വിപ

രീതമായിട്ടുള്ള ഒരു നിലപാടാണ് [എല്ലാ പ്രധാനകാര്യങ്ങളിലും കൈക്കൊണ്ടിരുന്നതു്. കമ്യൂണിസ്റ്റുകാരുടെ വർദ്ധിച്ചുവരുന്ന സ്വാധീനശക്തിക്കെതിരായി തങ്ങളുടെ സംഘടനയെ അവർ ഉപയോഗപ്പെടുത്തി. 1923 മേയ്മാസത്തിൽ രണ്ടാം ഇൻറർനാഷനലും രണ്ടര ഇൻറർനാഷനലും യോജിച്ചു് സോഷ്യലിസ്റ്റുലേബർ ഇൻറർനാഷനൽ സ്ഥാപിച്ചു.

61. രണ്ടാം ഇൻറർനാഷനൽ 1889_ൽ സോഷ്യലിസ്റ്റ് പാർട്ടികൾ സ്ഥാപിച്ച സാർവദേശീയസംഘടന. 1914ൽ ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതിനെ തുടന്ന് രണ്ടാം ഇൻറർനാഷണലിൻെറ നേതാക്കൾ തൊഴിലാളിവർഗ്ഗത്തിൻെറ താല്പര്യങ്ങൾ വഞ്ചിച്ചു, സാമ്രാജ്യത്വ ഗവമ്മെണ്ടുകളുമായി കൂട്ടുചേന്നു, ഇതു് രണ്ടാം ഇൻറർനാഷണലിൻെറ അധഃപ്പതനത്തിനു് കാരണമായി. അതിലെ ഇടതുപക്ഷപാട്ടികളും ഗ്രൂപ്പുകളും 1919_ൽ മോസ്കോവിൽ സ്ഥാപിക്കപ്പെട്ട കമ്മ്യൂണിസ്റ്റു (മൂന്നാം) ഇൻറർനാഷണലിൽ ചേന്നു. 1919_ൽ സ്വിററ്സർലണ്ടിൽ ബെർണിയിൽ ചേന്ന സമ്മേളനത്തിൽവെച്ചു രണ്ടാം ഇൻറർനാഷണൽ പുനസ്ഥാപിക്കപ്പെട്ടു. സോഷ്യലിസ്റ്റുപ്രസ്ഥാനത്തിലെ അവസരവാദികളായ വലതുപക്ഷപാർട്ടികൾ മാത്രമാണ് അതിൽ ചേന്നതു്.

62. പുതിയ സാമ്പത്തികനയം (The New Economic Policy—N. E. P.): മുതലാളിത്തത്തിൽനിന്നു സോഷ്യലിസത്തിലേക്കുള്ള പരിവത്തനഘട്ടത്തിൽ തൊഴിലാളിഭരണകൂടം അനുവത്തിക്കുന്ന സാമ്പത്തികനയം. അതിനെ "പുതിയതു്" എന്നു പറയുന്നതു് ആഭ്യന്തരയുദ്ധത്തിൻെറയും വിദേശാക്രമണങ്ങളുടെ ഇടപെടലിൻെറയും കാലഘട്ടത്തിൽ (1918-20) സോവിയററ് ഗവമ്മെണ്ടു അനുവത്തിച്ചുവന്ന "യുദ്ധ കമ്മ്യൂണിസ"ത്തോടു് താരതമ്യപ്പെടുത്തിക്കൊണ്ടാണു്. യുദ്ധസാഹചര്യങ്ങളിൽ അനി

വായ്പമായിത്തീൻ "യുദ്ധ കമ്മ്യൂണിസം" ഉല്പാദനത്തേയും വിതരണത്തെയും അങ്ങേയററം കേന്ദ്രീകരിച്ചു: സ്വതന്ത്രവ്യാപാരം നിരോധിച്ചു: കൃഷിക്കാരിൽ മിച്ചമുള്ള ധാന്യമെല്ലാം ഗവമ്മേണ്ടു് നിർബ്ബന്ധമായി സംഭരിക്കുകയും ചെയ്തു.

ആഭ്യന്തരയുദ്ധവും വിദേശകൊയ്മകളുടെ ഇടപെടലും അവസാനിച്ചതിനെത്തുടൎന്നു് പുതിയ സാമ്പത്തികനയം നടപ്പിലാക്കപ്പെട്ടു. പണം_ചരക്കു് ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ സോഷ്യലിസ്റ്റു് വ്യവസായത്തേയും ചെറുകിട കാർഷികവ്യവസ്ഥയേയും കൂട്ടിയിണക്കി എന്നതായിരുന്നു ആ നയത്തിന്റെ ഒരു ഫലം. മിച്ചധാന്യം നിർബ്ബന്ധമായി സംഭരിക്കുന്നതു് നിത്തി കൃഷിക്കാരിൽനിന്നു നികുതി മാത്രം ധാന്യമായി ഈടാക്കിത്തുടങ്ങി. ബാക്കി ധാന്യം മുഴവൻ കമ്പോളത്തിൽ വില്ക്കാനും ആവശ്യമുള്ള സാധനങ്ങൾ വാങ്ങിക്കാനും അതു് കൃഷിക്കാൎക്കു് സൗകര്യങ്ങൾ നല്കി.

പുതിയ സാമ്പത്തികനയത്തിൽ ചില പരിമിതികൾക്കുള്ളിൽ മുതലാളിത്തബന്ധങ്ങൾ അനുവദിച്ചിരുന്നു. എന്നാൽ ദേശീയ സമ്പദ്വ്യവസ്ഥയുടെ മൎമ്മസ്ഥാനങ്ങളെല്ലാം തൊഴിലാളി ഭരണകൂടത്തിന്റെ നിയന്ത്രണത്തിൽതന്നെയായിരുന്നു. ഉല്പാദനശക്തികൾ വികസിപ്പിക്കുക. കൃഷി അഭിവൃദ്ധിപ്പെടുത്തുക. സോഷ്യലിസത്തിന്നാവേണ്ട മുന്നുപാധികൾ സൃഷ്ടിക്കുക—ഇതൊക്കെയായിരുന്നു പുതിയ സാമ്പത്തികനയത്തിന്റെ ലക്ഷ്യങ്ങൾ.

63. പൊഡ്സ്നാമെനം മാർക്സിസ്മ (മാർക്സിസത്തിന്റെ കൊടിക്കീഴിൽ): ഭൗതികവാദവും നിരീശ്വരത്വവും പ്രചരിപ്പിക്കുകയും പൗരോഹിത്യത്തിന്റെ വൈതാളികന്മാരെ എതിൎക്കുകയും ചെയ്തിരുന്ന ഒരു പത്രമാസിക. 1922 ജനവരി മുതൽ 1944 ജൂൺ വരെ മാസികയായിട്ടാണു് ഇതു് മോസ്കോവിൽ

നിന്നു പ്രസിദ്ധപ്പെടുത്തിയിരുന്നതു്. (1933 മുതൽ 35 വരെ രണ്ടു മാസത്തിലൊരിക്കലേ പ്രസിദ്ധപ്പെടുത്തിയിരുന്നുള്ളു)

64. എഫ്. ഏംഗൽസിന്റെ ഫ്ളച്ച്ട്ളിംഗ്സ് ലിററേച്ചർ നോക്കുക.

65. ഇക്കൊണോമിസ്റ്റ് (Economist): 1921 ഡിസമ്പർ മുതൽ 1922 ജൂൺ വരെ പെട്രോഗ്രാഡിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു പത്രം. സോവ്യററ് വിരോധികളായ എഞ്ചിനീയർമാരും സാങ്കേതിക വിദഗ്ദ്ധന്മാരും മുൻ വ്യവസായ ഉടമകളുംചേർന്ന് സ്ഥാപിച്ച ഒരു ടെക്കനിക്കൽ സൊസൈററിയാണ് ഇതു് പ്രസിദ്ധപ്പെടുത്തിയിരുന്നതു്. "വൈററ് ഗാർഡുകളുടെ പ്രത്യക്ഷകേന്ദ്രം" എന്നാണ് ലെനിൻ ഈ പത്രത്തെ വിശേഷിപ്പിച്ചിരുന്നതു്.

66. "ആശയമുന്നണി"യെപ്പററി പ്രോളിത്-കൾട്ട്സംഘടനയുടെ ചെയർമാൻ വി. എഫ്. പ്ലെട്ന്യോവ് 1922 സപ്തമ്പർ 27-ാംനുയിലത്തെ 'പ്രവദ'യിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു ലേഖനത്തേയാണ് ഇതു് സൂചിപ്പിക്കുന്നതു്.

67. "ഇടതുപക്ഷ ബാലിശത്വം: ഒരു പെററിബൂർഷ്വാ മനോബുദ്ധി" എന്ന ലേഖനത്തെയാണ് ലെനിൻ അനുസ്മരിക്കുന്നതു് (See Collected Works, Vol-27).

68. ഇടതു കമ്മ്യൂണിസ്റ്റുകൾ (Left Communists): റഷ്യൻ കമ്മ്യൂണിസ്റ്റു പാർട്ടി (ബി) യിലെ ഒരു അവസരവാദി ഗ്രൂപ്പ്. ബുഖാറിൻ ആയിരുന്നു ഇതിന്റെ നേതാവ്. 1918 ആദ്യത്തിൽ ബ്രെസ്റ്റ് സമാധാനസന്ധിയെപ്പററി പാർട്ടി ആലോ

ഷിച്ചിരുന്ന കാലത്താണ് ഈ ഗ്രൂപ്പ് ആദ്യമായി പ്രത്യക്ഷപ്പെട്ടതു്. യാതൊരു സൈനികശക്തിയും ഇല്ലാതിരുന്ന സോവ്യററ് റിപ്പബ്ലിക്ക് സാമ്രാജ്യത്വജർമ്മനിയുമായി യുദ്ധം തുടരണമെന്നാണ് വിപ്ലവവൈശേചികം മുഴക്കിക്കൊണ്ടു് ഈ ഗ്രൂപ്പ് അന്നു വാദിച്ചതു്. സോവ്യററ് അധികാരത്തിനു് ആപത്തണയ്ക്കുന്ന ഒരു സാഹസിക നയമായിരുന്ന അതു്. തൊഴിലച്ചടക്കം ഏർപ്പെടുത്തുന്നതിനേയും ബൂർഷ്വാ വിദഗ്ധന്മാരുടെ സഹകരണം തേടുന്നതിനേയും അതേപോലെ ഈ ഗ്രൂപ്പ് എതിർത്തു. ലെനിന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അവരുടെ തെററായ നയങ്ങളെ നിശ്ശേഷം പരാജയപ്പെടുത്തി.

69. "ഫ്രാൻസിലെ ആഭ്യന്തരയുദ്ധം" എന്ന ഗ്രന്ഥത്തിൽ പാരീസ് കമ്മ്യൂണിനെപ്പററി "അയവേറിയ ഒരു രാഷ്ട്രീയരൂപം" എന്നു് മാർക്സ് വിവരിച്ചിട്ടുള്ളതിനേയും (See Marx and F. Engels, Selected Works, Vol-1, Moscow, 1962 P P. 473–90) പാരീസുകാരുടെ "അയവേറിയ നയങ്ങളെ" ശ്ലാഘിച്ചുകൊണ്ടു് 1871 ഏപ്രിൽ 12-ാംനു ലുഡ്‌വിഗ് ക്രൂഗൽമാന് മാർക്സ് എഴുതിയ കത്തിനേയും (See K. Marx and F. Engels, Selected Works Vol-11, Moscow, 1962, P. P. 463—64) ആണ് ഇവിടെ സൂചിപ്പിക്കുന്നതു്.

70. 1856 ഏപ്രിൽ 16-ാംനു മാർക്സ് എംഗൽസിന്നയച്ച കത്തിലെ താഴെ പറയുന്ന ഭാഗമാണ് ലെനിൻ അനുസ്മരിക്കുന്നതു്: "ജർമ്മനിയിൽ എല്ലാം ആശ്രയിച്ചുനില്ക്കുന്നതു് തൊഴിലാളിവിപ്ലവത്തെ കർഷകയുദ്ധത്തിന്റെ ഒരു രണ്ടാംനിര സഹായിക്കുമോ എന്നതിനെയാണ്. അങ്ങനെ സംഭവിച്ചാൽ ബഹു കേമമായി" (See K Marx and F. Engels, Selected Correspondance, Moscow, 1965, P. 92)

71. സോവ്യററ് അധികാരത്തിന്റെ ആദ്യഘട്ടത്തിൽ സ്ഥാപിതമായ—'സ്റ്റേററ് കൺട്രോൾ കമ്മിസ്സാറിയത്' പുനഃസംഘടിപ്പിച്ചുകൊണ്ട് 1920 ഫെബ്രുവരിയിൽ ലെനിന്റെ നേതൃത്വത്തിൽ ഏർപ്പെടുത്തിയതാണ് 'തൊഴിലാളി-കർഷക ഇൻസ്പെക്ഷൻ'.

72. പ്രോളിത്-കൾട്ടിനെക്കുറിച്ച് ആർ. സി. പി. സെൻട്രൽ കമ്മിററിയുടെ കത്ത് 1920 ഡിസംബർ 1-ാംനു-ത്തെ 'പ്രവദ'യിൽ പ്രസിദ്ധീകരിച്ചിരുന്നു.

---

03216 K2
MADRAS UNIVERSITY LIBRARY
MAR 2003

MUL
345352

